Popular Science Series No. 7. CHILD PSYCHOLOGY

# ശിശുഹൃദയം

മേക്കൊല്ല,

എൻ. പരമേശ്വരൻപിള്ള, എം. എ.

UNIVERSITY OF TRAVANCORE,
TRIVANDRUM.

*Travancore University Series No. 16.*

UNIVERSITY OF KERALA TRIVANDRUM

# ശിശുഹൃദയം

(ശിശുമനശ്ശാസ്ത്രവും ശിശുസംരക്ഷണവും)

6222

ഗ്രന്ഥകർത്താ

മേക്കൊല്ല,

എൻ. പരമേശ്വരൻ പിള്ള, എം. എ.

BR. NATIONAL BOOK STALL SPCS LTD. TRIVANDRUM

തിരുവിതാംകൂർ സർവ്വകലാശാല,

പ്രസിദ്ധീകരണവകുപ്പ്, തിരുവനന്തപുരം.

1123]　　1947　　[വില രൂ. 2

PRINTED AT THE
MODERN PRESS, TRIVANDRUM
AND
PUBLISHED BY
THE SUPERINTENDENT OF PUBLICATIONS
UNIVERSITY OF TRAVANCORE.

*Rights Reserved.*

*1st Edition Copies 1000)* *(September 1947-*

ശ്രീകൃഷ്ണവിലാസംഗ്രന്ഥശാല
മലയിൻകീഴ്.

## സമൎപ്പണം

അച്ഛനമ്മമാൎക്കും ഗുരുക്കന്മാൎക്കും

# പ്രസ്താവന

---

തിരുവിതാംകൂർ സർവകലാശാലയിൽ നിന്നും കൈരളിയുടെ പരിപോഷണാർത്ഥം, വിശ്വസാഹിത്യ പരമ്പര, സാങ്കേതിക നിഘണ്ടുക്കൾ, ലഘുശാസ്ത്രപരമ്പര, ജീവചരിത്ര പരമ്പര എന്നിങ്ങനെ ചില പദ്ധതികളാണ് പ്രധാനമായി സ്വീകരിച്ചിട്ടുള്ളത്. അവയിൽ "ശിശുഹൃദയം" ലഘുശാസ്ത്രപരമ്പരയിൽ ഉൾപ്പെടുന്നു. സാമാന്യജനങ്ങൾക്ക് ശാസ്ത്രീയതത്വങ്ങൾ അനായാസേന സുഗ്രഹമാകത്തക്കവണ്ണം കഴിയുന്നതും സാങ്കേതികശബ്ദങ്ങൾ ഉപേക്ഷിച്ചാണ് പ്രസ്തുത ഗ്രന്ഥപരമ്പര രചിക്കപ്പെടുന്നത്. ഇതിനുമുമ്പ് ലഘുശാസ്ത്രപരമ്പരയിൽ സമുദായശാസ്ത്രം, വൈദ്യുതീ വിലാസം, ആരോഗ്യ മാർഗ്ഗങ്ങൾ, മാനുഷോദയം, ആകാശസഞ്ചാരം, പരിണാമം എന്നിത്രയും ഗ്രന്ഥങ്ങൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

സാധാരണ ജനങ്ങൾക്ക് അത്യന്തം ഉപയോഗപ്രദമായ ലഘുശാസ്ത്രപരമ്പരയിൽ ഉൾപ്പെടുത്താൻ യോഗ്യമാണെന്നു കണ്ടു് സർവകലാശാലയിൽ നിന്നു ഗ്രന്ഥകർത്താവിനോടു പകർപ്പവകാശം വാങ്ങിയാണു 'ശിശുഹൃദയം' പ്രസിദ്ധീകരിക്കുന്നത്. പ്രസ്തുത ഗ്രന്ഥം അതിന്റെ ഉദ്ദേശ്യം സാമാന്യമായിട്ടെങ്കിലും സഫലമാക്കുമെന്നു വിശ്വസിക്കുന്നു.

**Superintendent,**
**Department of Publications**
TRIVANDRUM.

# മുഖവുര

1116 (M. E.) ൽ, തിരുവിതാംകൂർ സർവ്വകലാശാലയുടെ ആഭിമുഖ്യത്തിൽ, അദ്ധ്യാപകന്മാരെ ഉദ്ദേശിച്ച് നടത്തപ്പെട്ട വെക്കേഷൻ ക്ലാസ്സിൽ പങ്കുകൊള്ളുവാൻ ഇടയായപ്പോഴാണ് ആദ്യമായി മനശ്ശാസ്ത്രപരമായ കാര്യങ്ങളിലുള്ള താൽപര്യം എന്നിലുണർന്നതു്. അതിനുശേഷം ഒരു സ്നേഹിതനോടു മനശ്ശാസ്ത്രപരമായ ഏതെങ്കിലും ഒരു ഗ്രന്ഥം വായിക്കാൻ തരണമെന്ന് ആവശ്യപ്പെട്ടപ്പോൾ അദ്ദേഹം 'Educational Reformers' എന്ന യൂറോപ്യവിദ്യാഭ്യാസപ്രവർത്തകന്മാരുടെ ജീവചരിത്രപരമായ ഒരു വിശിഷ്ടഗ്രന്ഥമാണ് എനിക്കു നൽകിയതു്. ആ പുസ്തകത്തിന് എന്നെ ഗാഢമായി സ്പർശിക്കുവാൻ സാധിച്ചു. തുടന്ന്, Jame's "Talks to Teachers", Glover's "Know your own Mind" Fraser's "Psychology and Education" തുടങ്ങിയ ചില ഉത്തമഗ്രന്ഥങ്ങൾ വായിക്കുന്നതിനും വിജ്ഞാനപ്രദങ്ങളും രസകരങ്ങളുമായ സംഗതികൾ നോട്ടുബുക്കിൽ കുറിക്കുന്നതിനും ഇടയായി. എന്നാൽ ഇവയെ ആസ്പദമാക്കി ഒരു ഗ്രന്ഥം രചിക്കണമെന്നുള്ള ഉദ്ദേശ്യമേ എനിക്കുണ്ടായിരുന്നില്ല. വിദ്യാലയസംബന്ധമായ അദ്ധ്യാപകസദസ്സുകളിൽ ചിലപ്പോൾ പ്രസംഗങ്ങൾ നടത്തുന്നതിന് ഉപകരിക്കുമെന്ന വിചാരം മാത്രമേ എനിക്കുണ്ടായിരുന്നുള്ളു. കഴിഞ്ഞ വർഷത്തിൽ മദിരാശി സർവ്വകലാ

ശാലയുടെ വിജ്ഞാപനം കണ്ടതോടുകൂടിയാണ് നോട്ടുകളെ വിപുലപ്പെടുത്തി ഒരു ഗ്രന്ഥമാക്കിത്തീക്കാമെന്നുള്ള ആഗ്രഹം എന്നിൽ അങ്കുരിച്ചതു്. പെട്ടെന്നു് ശിശുമനശ്ശാസ്ത്രപരമായ പല ഉത്തമഗ്രന്ഥങ്ങളും വായിച്ചുതീക്കുകയും അവയിൽനിന്നു് ഗ്രഹിക്കാവുന്നിടത്തോളം സംഗതികൾ സ്വീകരിച്ചു് സാമാന്യം വലിയ തോതിലുള്ള ഒരു ഭാഷാഗ്രന്ഥംതന്നെ രചിക്കുകയും ചെയ്തു. ഒന്നുരണ്ടു സ്നേഹിതന്മാർ വായിച്ചു കേട്ടപ്പോൾ ഭാഷയും ആശയങ്ങളും വളരെ ലഘൂപ്പെടുത്തണമെന്നും സാങ്കേതികപദങ്ങൾ കുറയ്ക്കണമെന്നും ആവശ്യപ്പെട്ടു. പെട്ടന്നു വരുത്താവുന്ന വ്യത്യാസങ്ങളെല്ലാം വരുത്തി, മിക്കവാറും തിടുക്കത്തിൽ തന്നെ പരിഷ്കരിച്ചു് പുറത്തുവിടുന്ന ഈ ഗ്രന്ഥത്തിൽ പല പ്രമാദങ്ങളും അനൌചിത്യങ്ങളും സ്ഥാനം പിടിച്ചിരിക്കാൻ എളുപ്പമുണ്ടു്. അതെല്ലാം മാന്യമഹാശയന്മാർ സദയം ക്ഷമിക്കുമാറാകണം.

ഈ ഗ്രന്ഥരചനയിൽ എനിക്കു കടപ്പാടുള്ള പാശ്ചാത്യഗ്രന്ഥകാരന്മാർ അനവധിയാണു്. പലരുടെ നാമധേയങ്ങളും അവിടവിടെത്തന്നെ കൃതജ്ഞതാപൂർവ്വം രേഖപ്പെടുത്തിയിട്ടുണ്ടു്. എന്നാൽ ഒരു ഗ്രന്ഥകാരനേയോ ഒരു ഗ്രന്ഥത്തേയോ ഒരു വിഷയത്തിലും ഞാൻ പൂർണ്ണമായി സ്വീകരിച്ചിട്ടില്ല; ആരേയും അനുകരിക്കാൻ ഉദ്യമിച്ചിട്ടുമില്ല. പല അഭിപ്രായങ്ങളും പരിഗണിച്ചിട്ടു് അവയിൽനിന്നു് എനിക്കു യുക്തതരമായി തോന്നിയിട്ടുള്ള തത്വങ്ങൾ പ്രതിപാദിക്കുവാനാണു് പ്രായേണ ശ്രമിച്ചിട്ടുള്ളതു്. പല മാസികകളോടും എനിക്കു കട

പ്പാട്ടുണ്ട്. 'The Educational Review'; 'Modern Review'; 'South Indian Teacher'; 'Teaching' 'The Scholar'; 'The Theosophist' തുടങ്ങിയ പ്രശസ്ത മാസികകളിൽ നിന്നു് പല അഭിപ്രായങ്ങളും ഞാൻ സ്വീകരിച്ചിട്ടുണ്ട്. പേരുകൾ അധികം പറയണ്ട എന്നു വിചാരിച്ചാണു് പല മഹാന്മാരുടേയും നാമധേയങ്ങൾ വിട്ടുകളഞ്ഞിട്ടുള്ളതു്. ഇമ്മാതിരി ശാസ്ത്രഗ്രന്ഥങ്ങൾ ഗവേഷണങ്ങൾ നടത്തിയിട്ടു് രചിക്കുവാനുള്ള സൗകര്യങ്ങൾ നമുക്കില്ലാത്തതിനാൽ ഗ്രന്ഥപഠനംകൊണ്ടേ അതു് സാദ്ധ്യമാകയുള്ളു എന്നുള്ള തത്വം മനസ്സിൽ വച്ചുകൊണ്ടു് ഇതിനെ നിരൂപണം ചെയ്യണമെന്നുള്ള അപേക്ഷയോടുകൂടി വിദ്വജ്ജനസമക്ഷം സമർപ്പിച്ചുകൊള്ളുന്നു.

ഈ ഗ്രന്ഥത്തിൻെറ പകർപ്പവകാശം സദയം സ്വീകരിച്ചു് എന്നെ പ്രോത്സാഹിപ്പിക്കുവാൻ സന്നദ്ധരായ തിരുവിതാംകൂർ സർവ്വകലാശാലാധികൃതന്മാരോടു് എനിക്കുള്ള കൃതകേതരമായ കൃതജ്ഞതകൂടി ഇവിടെ ഞാൻ രേഖപ്പെടുത്തിക്കൊള്ളട്ടെ.

ഒരു ശിശുവിൻെറ ജീവിതമെങ്കിലും ധന്യതരമാക്കുവാൻ പ്രചോദിപ്പിക്കുന്നതിനു് ഈ ഗ്രന്ഥത്തിനു് സാധിക്കുമെങ്കിൽ എൻെറ പ്രയത്നം സഫലമായി.

ഗ്രന്ഥകർത്താ.

# വിഷയാനുക്രമണിക.


| | | | Pages |
|---|---|---|---|
| അദ്ധ്യായം | 1 | പ്രായമായവരും ശിശുക്കളും | 1—11 |
| ,, | 2 | ശിശു എവിടെനിന്നു് | 11—16 |
| ,, | 3 | മനസ്സ്—ബോധമനസ്സ് | 17—21 |
| ,, | 4 | ഉപബോധമനസ്സ് | 22—29 |
| ,, | 5 | മസ്തിഷ്കം | 30—35 |
| ,, | 6 | പ്രജ്ഞാധമനീവ്യവസ്ഥ | 35—40 |
| ,, | 7 | ശാസ്ത്രീയഗവേഷണസമ്പ്രദായങ്ങളും ആധുനികമനശ്ശാസ്ത്രവും | 41—47 |
| ,, | 8 | പാരമ്പര്യം | 47—51 |
| ,, | 9 | പരിതഃസ്ഥിതികൾ | 51—57 |
| ,, | 10 | പാരമ്പര്യവും പരിതഃസ്ഥിതികളും | 57—66 |
| ,, | 11 | ജനനസമയത്തെ മാനസികസമ്പത്തു് | 66—72 |
| ,, | 12 | ശിശുക്കളുടെ ഇന്ദ്രിയശക്തിയും ഇന്ദ്രിയവേദനവും | 72—78 |
| ,, | 13 | ശിശുക്കളുടെ വസ്തുബോധം | 78—88 |
| ,, | 14 | ഇന്ദ്രിയശിക്ഷണം | 89—93 |
| ,, | 15 | ഫ്രബലിന്റേയും മാണ്ടിസോറിയുടേയും പ്രസ്ഥാനങ്ങൾ | 94—102 |
| ,, | 16 | സ്മരണ | 103—110 |

| | | | |
|---|---|---|---|
| അദ്ധ്യായം | 17 | ഓർമ്മയുടെ വികസനം | 111—116 |
| ,, | 18 | ഭാവന | 117—227 |
| ,, | 19 | ഭാവനാനിയന്ത്രണം | 128—186 |
| ,, | 20 | ശിശുക്കളുടെ ഭാഷണം | 136—140 |
| ,, | 21 | ഭാഷണത്തിൽനിന്നു് ശിശുമനസ്സ് | 141—148 |
| ,, | 22 | ഭാഷണനിയന്ത്രണം | 149—154 |
| ,, | 23 | ശിശുവിൻെറ ചിന്താസ്വരൂപം | 155—164 |
| ,, | 24 | ചിന്താവികസനം i നിരീക്ഷണസാമർത്ഥ്യം | 165—170 |
| ,, | 25 | ,, ii വിജ്ഞാനസമ്പാദനം | 170—173 |
| ,, | 26 | ,, iii യുക്ത്യുത്തേജനം | 174—184 |
| ,, | 27 | ശിശുവിൻെറ വികാരശക്തി | 185—189 |
| ,, | 28 | സഹജവാസനകൾ | 190—197 |
| ,, | 29 | ശിശുക്കളുടെ ശീലങ്ങൾ | 198—212 |
| ,, | 30 | ലൈംഗികവാസന | 212—223 |
| ,, | 31 | ശീലനിയന്ത്രണം | 224—242 |
| ,, | 32 | ലൈംഗികവാസനാനിയന്ത്രണം | 243—258 |
| ,, | 33 | ഉപബോധനം | 259—268 |
| ,, | 34 | ഏകാഗ്രതാപരിശീലനം | 269—274 |
| ,, | 35 | ശിശുവിന്റെ ഇച്ഛാശക്തി | 274—280 |
| ,, | 36 | ശിശുവിൻെറ ശ്രദ്ധ | 280—288 |
| ,, | 73 | താൽപര്യം | 288—293 |

| | | |
|---|---|---|
| അദ്ധ്യായം38 | ശിശുവും കളിയും | 294—305 |
| ,, 39 | ശിശുവിൻെറ സ്വഭാവം | 306—316 |
| ,, 40 | സ്വഭാവസംസ്കരണം | 316—332 |
| ,, 41 | വിദ്യാഭ്യാസം | 333—344 |


---

ഈ ഗ്രന്ഥത്തിൽ 'ശിശു'പദം ഏകദേശം 14 വയസ്സുവരെയുള്ള ആൺകുട്ടികളേയും പന്ത്രണ്ടു വയസ്സുവരെയുള്ള പെൺകുട്ടികളേയും ഉപലക്ഷിക്കുന്നു. "അവൻ" എന്ന സർവനാമത്തിന് പ്രത്യേകവിവക്ഷ ഇല്ലാത്തിടത്തെല്ലാം ആൺകുട്ടികളേയും പെൺകുട്ടികളേയും ഒന്നുപോലെ ഉൾപ്പെടുത്തിയാണ് അർത്ഥകല്പന ചെയ്തിട്ടുള്ളത്.

# ശിശുഹൃദയം

6222

"സ്വന്തസന്താനങ്ങളുടെ എന്നപോലെ അന്യശിശുക്കളുടേയും
ഉത്തമസംരക്ഷണത്തിൽ മനസ്സു പതിപ്പിക്കുന്നതു
പോലെ ഒരു മനുഷ്യന് മഹനീയവും
ദിവ്യവുമായ ധർമ്മം വേറൊന്നില്ല."

സോക്രട്ടീസ്.

## അദ്ധ്യായം ൧

4339

## പ്രായമായവരും ശിശുക്കളും

പ്രായമായവരും ശിശുക്കളും--എന്തൊരന്തരമാണു് അവർ തമ്മിലുള്ളതു്! ആകൃതിയിലെന്നപോലെ പ്രകൃതിയിലും അവർ അതീവ വിഭിന്നരാകുന്നു; എങ്കിലും അവർ തമ്മിലുള്ള ബന്ധം എത്ര അപരിഹാര്യമാണു്! അച്ഛനമ്മമാരും മക്കളും—ഇത്ര അനവദ്യവും അമൃതമധുരവുമായ ബന്ധം മറ്റേതാണു് ലോകത്തുള്ളതു്? ഗുരുവും ശിഷ്യന്മാരും—എത്ര മഹനീയവും ശ്രേയസ്കരവുമായ ഒരു ബന്ധമാണതു്! ഏതു രൂപത്തിൽ പ്രത്യക്ഷപ്പെട്ടാലും പ്രായമായവരും ശിശുക്കളും തമ്മിലുള്ള ബന്ധം സുപ്രധാനവും സുമോഹനവുമാകുന്നു. അതിപുരാതനകാലം മുതൽ തന്നെ പരിഷ്കൃതജനസമുദായങ്ങളെല്ലാം ഈ ബന്ധത്തിന്റെ ഉത്തരവാദിത്വവും മഹത്വവും മനസ്സി

ലോക്കുകയും അതനുസരിച്ച് പ്രവൎത്തിക്കയും ചെയ്തിരുന്നു എന്നുള്ളതിനു് മാനവചരിത്രത്തിലെ ഏതു് അദ്ധ്യായവും അനിഷേധ്യമായ സാക്ഷ്യം വഹിക്കുന്നുണ്ടു്. പാശ്ചാത്യരെന്നോ പൌരസ്ത്യരെന്നോ ഉള്ള വ്യത്യാസം ഇക്കാൎയ്യത്തിലില്ല. ഭാരതീയർ അന്യൂനമായ ശ്രദ്ധയാണു് ഇതിൽ പതിപ്പിച്ചിരുന്നതു്. മനുസ്മൃതി, ഗൌതമപ്രഭൃതികളായ മഹൎഷിമാരുടെ ധൎമ്മസൂത്രങ്ങൾ, വേദവിധികൾ ഇവയെല്ലാം ഇതിലേയ്ക്കു് ഒന്നാംതരം തെളിവുകളാണു്. പാശ്ചാത്യരിൽ കേൾവികേട്ട പൌരാണികാചാൎയ്യന്മാരായ സോക്രട്ടീസ്, പ്ളേറേറാ തുടങ്ങി അൎവ്വാചീനരായ റൂസോ, ഫ്രബൽ, മാണ്ടിസോറി പ്രമുഖർവരെയുള്ള മഹതീമഹാന്മാരുടെ മഹനീയ സംരംഭങ്ങളുടെ ചരിത്രം പ്രായമായവൎക്കു ശിശുക്കളുമായുള്ള ബന്ധം എത്രത്തോളം ശ്രദ്ധേയമാണെന്നുള്ളതിനു് മതിയായ ലക്ഷ്യങ്ങളായിത്തന്നെ പരിലസിക്കുന്നു.

ഇങ്ങനെ പ്രാചീനപണ്ഡിതന്മാർ ശിശുവിനേയും ശിശുമനസ്സിനേയും സശ്രദ്ധം നിരീക്ഷിക്കുകയും അവയെ കുറിച്ചു് പല അഭിപ്രായങ്ങളും പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും അവയെല്ലാംമനുഷ്യമനസ്സിനെക്കുറിച്ചുള്ള ചില അഭ്യൂഹങ്ങളെമാത്രം അടിസ്ഥാനമാക്കിയുള്ളവയാണെന്നും ശാസ്ത്രമെന്ന പേരിനെ അവ അൎഹിക്കുന്നില്ലെന്നുമാണു് ആധുനിക ശാസ്ത്രകാരന്മാരുടെ അഭിപ്രായം. മാത്രമല്ല, ഓരോകാലത്തും ദേശത്തും അപ്പോഴപ്പോൾ പ്രചാരത്തിലിരുന്ന ആചാരങ്ങളേയും നൈതികവും ആദ്ധ്യാത്മി

കവുമായ അഭിപ്രായഗതികളെയും ആധാരമാക്കിയാണു് ഈ വക നിരീക്ഷണങ്ങളും മററും നടത്തപ്പെട്ടിരുന്നതു്. ഉദാഹരണമായി 'ജന്മാന്തര'ങ്ങളിൽ അടിയുറച്ചു വിശ്വാസമുള്ള ഭാരതീയാചാര്യന്മാർ, ആദ്ധ്യാത്മികമായ ഉയർച്ചയ്ക്കുപാധിയായ ഇന്ദ്രിയനിഗ്രഹവും ധ്യാനനിഷ്ഠമായ ജീവിതവും മഹത്തമമായി കരുതിയതിന്റെ ഫലമായി, ആയതിലേയ്ക്കു് പര്യാപ്തമായ ശിശുസംരക്ഷണവും വിദ്യാഭ്യാസസമ്പ്രദായവും വിധിച്ചു. ജനസ്വാതന്ത്ര്യഭരണാസക്തരായിരുന്ന പുരാതന യവനരും റോമകരും പൌരാവകാശങ്ങൾ പുലർത്തിക്കൊണ്ടുപോകുവാൻ പ്രാപ്തമായ മനഃസ്ഥിതി ശിശുക്കളിൽ ഉദ്ദീപിപ്പിക്കത്തക്ക സംരക്ഷണവും ശിക്ഷണവുമാണു് ലക്ഷ്യമാക്കിയിരുന്നതു്. ക്രിസ്തുമതത്തിനു് പ്രചാരം വന്നതോടുകൂടി അഭിപ്രായഗതി പാടെ വ്യത്യാസപ്പെടുന്നതു കാണാം. ഇടക്കാലത്തു് യൂറോപ്പിൽ മതപ്രചരണത്തിനു് വേണ്ട സ്വാധീനശക്തി സമ്പാദിക്കാൻ ശ്രമിച്ച ജസ്യൂട്ട് പുരോഹിതന്മാരുടെ ചിന്താഗതി ഇതിനെ സ്പഷ്ടമാക്കുന്നുണ്ടു്. ഈശ്വരരഹസ്യത്തിൽനിന്നു് മനുഷ്യനു നേരിട്ടു നൽകപ്പെടുന്ന ദിവ്യസമ്പത്താണു് ശിശുവെന്നും, അന്യൂനമായ ദയവും സ്നേഹവും അവനെ വളർത്തുന്നതിലും പഠിപ്പിക്കുന്നതിലും പ്രായമായവർക്കുണ്ടായിരിക്കേണ്ടതാണെന്നും അവർ വാദിച്ചിരുന്നു. ഇങ്ങനെ ഏതെങ്കിലും അഭ്യൂഹങ്ങളോ ആദർശങ്ങളോ അവലംബമാക്കിക്കൊണ്ടു് പ്രസ്താവിക്കപ്പെടുന്ന അഭിപ്രായങ്ങൾ പൂർണ്ണമായും ശരിയായിരിക്കാനിടയില്ലെന്നു പറയുന്നതു് അയുക്തമല്ലല്ലോ.

എന്നാൽ പൗരാണിക പണ്ഡിതന്മാരുടെ അഭിപ്രായങ്ങളെല്ലാം അശാസ്ത്രീയങ്ങളും ആധുനികരുടേതെല്ലാം ശാസ്ത്രസമ്മതങ്ങളുമാണെന്ന് ശഠിക്കുന്നതു് ശരിയാണെന്ന് തോന്നുന്നില്ല. പൗരാണിക ഭാരതീയരുടെ യോഗസൂത്രങ്ങളിലും സ്മൃതികളിലും മററും കാണുന്ന മനശ്ശാസ്ത്രനൈപുണ്യത്തിൻെറ വെട്ടത്തെങ്ങും ആധുനിക മനശ്ശാസ്ത്രകാരന്മാരിൽ അഗ്രേസരരായ പാശ്ചാത്യർക്കു അടുക്കുവാൻ കഴിഞ്ഞിട്ടില്ലെന്നു് അവയെക്കുറിച്ച് ഏകദേശജ്ഞാനമുള്ളവർക്കു പോലും ധൈര്യപൂർവ്വം അഭിപ്രായപ്പെടാൻ കഴിയുന്നുണ്ടു്. ബീജാണുകസിദ്ധാന്തം (Embryology) മനസ്സും ഇന്ദ്രിയങ്ങളുമായുള്ള ബന്ധം, വികാരോൽപത്തി, മനോനിയന്ത്രണം തുടങ്ങിയ വിവിധ വിഷയങ്ങളെക്കുറിച്ച് ആധുനിക പാശ്ചാത്യപണ്ഡിതന്മാരെ അനാവരപ്പിക്കുന്ന സിദ്ധാന്തങ്ങളാണു് ഇവിടെ സ്ഥാപിതമായിട്ടുള്ളതു്. എന്നാൽ പരീക്ഷണങ്ങൾ കൊണ്ടു് കണ്ടോ കേട്ടോ ബോദ്ധ്യമാകാൻ കഴിയാത്ത സകലതും അപ്രായോഗികവും അശാസ്ത്രീയവുമാണെന്നു് പറയുന്നതു് (ഒരുകണക്കിനു് ന്യായീകരിക്കാവുന്നതാണെങ്കിലും മറെറാരുകണക്കിനു്) സങ്കുചിതവീക്ഷണത്തിൻെറ ഫലമാണെന്നുതന്നെ പറയേണ്ടിവരുന്നു.

പല പ്രശസ്ത പാശ്ചാത്യപണ്ഡിതന്മാരും അബദ്ധപ്രസ്താവനകൾ പലതും പുറപ്പെടുവിച്ചിട്ടുള്ളതു് കണ്ടിട്ടായിരിക്കണം ഇങ്ങനെ ഒരഭിപ്രായം പ്രചരിച്ചിട്ടുള്ളതു്. ശ്രദ്ധേയമായ ഒന്നുരണ്ടുദാഹരണങ്ങൾ പറയാം. 17-ാം ശതകത്തിൻെറ അന്ത്യഘട്ടത്തിൽ ജീവിച്ചിരുന്ന

"ജാൺലാക്ക്" എന്ന ആഗ്ലേയപണ്ഡിതൻ, 'ഒരു ശിശുവിന്റെ മനസ്സ് ജനനസമയത്തു് വെള്ളക്കടലാസുപോലെ ശുദ്ധശൂന്യമാണെന്നും രക്ഷാകർത്താക്കൾക്കും അദ്ധ്യാപകന്മാർക്കും അതിൽ സ്വേച്ഛപോലെ എന്തും എഴുതി പ്രവർത്തിക്കുവാൻ കഴിയുന്നതുകൊണ്ടു് അതിനെ അവരുടെ ഇഷ്ടവും സാമർത്ഥ്യവും അനുസരിച്ചു് വ്യത്യാസപ്പെടുത്താ'മെന്നും സിദ്ധാന്തിച്ചിരുന്നു. ഈ അഭിപ്രായം യൂറോപ്പിന്റെ പല മൂലകളിലും എത്രത്തോളം അനുചിതഫലങ്ങൾ പ്രദാനം ചെയ്തുകൊണ്ടാണു് അടുത്ത കാലംവരെ പ്രചരിച്ചിരുന്നതെന്നു് കണക്കാക്കാവുന്നതല്ല. റൂസോ, പെസ്റ്റലോസി, ഹെർബാർട്ടു് തുടങ്ങിയ പല പ്രശസ്തപണ്ഡിതന്മാരേയും ഈ അഭിപ്രായം വഴിതെററിച്ചിട്ടുള്ളതു കാണാം. പ്രസിദ്ധ ജർമ്മൻ ശാസ്ത്രകാരനായ ഹെർബാർട്ടു് "സകല ശിശുക്കളുടേയും മനസ്സ് ജനനസമയത്തു് തുല്യാവസ്ഥയിലാണു്" എന്നു് വാദിച്ചതു് ഈ 'വെള്ളക്കടലാസുസിദ്ധാന്ത'ത്തെ ആസ്പദമാക്കിത്തന്നെ ആയിരിക്കണം. ഈ വാദവും അബദ്ധമാണെന്നു് ശാസ്ത്രകാരന്മാർക്കു് ഇന്നു് ബോധ്യമായിട്ടുണ്ടു്. ഇപ്രകാരമുള്ള പല അബദ്ധ പ്രസ്താവനകളും കണ്ടിട്ടുതന്നെയായിരിക്കണം പ്രാചീനമായ അഭിപ്രായങ്ങളെല്ലാം സ്വീകാര്യങ്ങളല്ലെന്നു് ആധുനിക ശാസ്ത്രകാരന്മാർ വാദിക്കുന്നതു്.

ഏതായിരുന്നാലും ശിശുവിനേയും ശിശുമനസ്സിനേയും കുറിച്ചു് പല നിരീക്ഷണങ്ങളും പാശ്ചാത്യ

പണ്ഡിതന്മാർ ഏറിയകാലമായി നടത്തി വരുന്നുണ്ടെന്നുള്ളതിന്ന് മതിയായ തെളിവുകൾ ധാരാളമുണ്ട്. ശിശു പരമായ പ്രശ്നങ്ങളെ സരസമായി പ്രതിപാദിക്കുന്ന നിരവധി നോവലുകളും മററു പലമാതിരി കാവ്യങ്ങളും എല്ലാ യൂറോപ്യ ഭാഷകളിലും ഉണ്ടായിട്ടുണ്ട്. സാധു ശിശുക്കൾക്കു അനുഭവിക്കേണ്ടിവരുന്ന വിഷമങ്ങളേയും ദുരിതങ്ങളേയും വിവരിച്ചു് അവരിൽ അനുകമ്പ ജനിപ്പിക്കുവാനും അവരുടെ നില നന്നാക്കുവാനും ശ്രമിച്ചിട്ടുള്ള ഡിക്കൻസ്, യൂഗോ, (Dickens; Hugo) തുടങ്ങിയ ആഖ്യായികാകാരന്മാരുടെ നാമധേയങ്ങൾ ഒരിക്കലും വിസ്മരിക്കത്തക്കവയല്ല. ശാസ്ത്രീയമായ പ്രവണത കാണിക്കുന്ന ചില വിശിഷ്ടഗ്രന്ഥങ്ങളും ഇക്കൂട്ടത്തിൽ ഉണ്ടായിട്ടുണ്ട്. പ്രേയർ (Preyer) എന്ന ജർമ്മൻ പണ്ഡിതൻെറ 1882-ൽ ആവിർഭവിച്ച 'ശിശുമനസ്സ്' എന്ന ജീവചരിത്രരൂപത്തിലുള്ള പ്രബന്ധം പ്രസ്താവ്യമാകുന്നു. ആ മഹാൻ സ്വപുത്രൻെറ ജനനം തുടങ്ങിയുള്ള വളച്ച് മൂന്നു വർഷം നിരന്തരമായി നിരീക്ഷിച്ചു് വിവരിച്ചിട്ടുള്ളതാണു് പ്രസ്തുത ഗ്രന്ഥം. ശിശുവിനെ സംബന്ധിക്കുന്ന പല പ്രശ്നങ്ങളും സരസമായി ഇതിൽ പ്രതിപാദിച്ചിരിക്കുന്നു. ജർമ്മനിയിലും മററു പല യൂറോപ്യൻ രാജ്യങ്ങളിലും ഇതിനു പല അനുകരണങ്ങളും ഉണ്ടാകയും തന്മൂലം ശിശുക്കളുടെ നേർക്കുള്ള താല്പര്യം വർദ്ധിക്കുന്നതിന്നിടയാകയും ചെയ്തു.

പത്തൊമ്പതാം ശതകത്തിൻെറ അന്ത്യഘട്ടത്തിൽ 'സ്റ്റാൻലി ഹാൾ' എന്ന മഹാൻ സമാരംഭിച്ച ശിശുപഠന

പ്രസ്ഥാന' (Child Study Movement) ത്തിന്റെ കാര്യം പ്രത്യേകം പ്രസ്താവ്യമാണു്. അതു് ശാസ്ത്ര പരിധികളുള്ളിൽ പ്രവേശിക്കുന്നതായിട്ടാണു് പരിഗണിക്കപ്പെട്ടിട്ടുള്ളതു്. ഹാളിന്റെ ആഭിമുഖ്യത്തിൽ പരിശീലനം സിദ്ധിച്ച അദ്ധ്യാപകന്മാർ പല പ്രായത്തിലും പരിതഃസ്ഥിതികളിലുമുള്ള അനവധി കുട്ടികളോടു് പല മാതിരി ചോദ്യങ്ങൾ ചോദിക്കുകയും, ഉത്തരങ്ങൾ രേഖപ്പെടുത്തി, താരതമ്യപഠനം നടത്തുകയും, സാമാന്യതത്വങ്ങൾ ഗ്രഹിക്കുകയും ചെയ്തു. സാധാരണ വിഷയങ്ങളെ പുരസ്കരിച്ചുള്ള ചോദ്യങ്ങൾ മുഖേനയാണു് പരീക്ഷണങ്ങൾ ആരംഭിച്ചിരുന്നതു്. "നിന്റെ വാരിയെല്ലുകൾ എവിടെ?" "നീ ഒരാടിനെ കണ്ടിട്ടുണ്ടോ?" "ഒരു കല്ലാശാരി പണിചെയ്യുന്നതു് നീ കണ്ടിട്ടുണ്ടോ?" ഇമ്മാതിരി ലഘുവായ ചോദ്യങ്ങൾക്കു ഉത്തരം കിട്ടിക്കഴിയുമ്പോൾ ക്രമീകൃതമായ ചോദ്യപരമ്പരകൾ തുടർന്നു പോന്നു. പാരമ്പര്യം, പ്രായം, പരിതഃസ്ഥിതികൾ തുടങ്ങിയ ഉപാധികൾ മൂലം ഉത്തരങ്ങളിൽ പ്രത്യക്ഷപ്പെട്ട വ്യത്യാസങ്ങൾ വളരെ വിജ്ഞാനപ്രദമായിരുന്നു. ഈ പ്രസ്ഥാനംകൊണ്ടു് ശിശുപരമായ പ്രശ്നങ്ങളിൽ പൊതുജനങ്ങളുടെ താല്പര്യം ഉദ്ദീപിതമായി. ആധുനിക ശാസ്ത്രീയവീക്ഷണകോണം അവലംബിച്ചുകൊണ്ടുള്ള ശിശുഹൃദയ ഗ്രഹണ സമ്പ്രദായം സ്ഥാപിക്കുവാൻ തൽപ്രവർത്തകന്മാർക്കു സാധിക്കയും ചെയ്തു.

ഇതിനെ തുടർന്നു, പലവിധപരീക്ഷണ സമ്പ്രദായങ്ങളും ഗവേഷണ പ്രസ്ഥാനങ്ങളും പല ഐറോപ്യ

രാജ്യങ്ങളിലും അമേരിക്കൻ സംസ്ഥാനങ്ങളിലും സംസ്ഥാപിതമായി. ശിശുക്കളുടെ സഹജവാസനകൾ, ശീലങ്ങൾ, ചിന്താസ്വരൂപം, സംഭാഷണവികസനം, പാരമ്പര്യവും പരിതഃസ്ഥിതികളുംമൂലമുണ്ടാകുന്ന വ്യത്യാസങ്ങൾ തുടങ്ങിയ പല വിഷയങ്ങളിലും ഗവേഷണങ്ങൾ നടത്തപ്പെട്ടു. ആകെക്കൂടി നോക്കുന്നതായാൽ 'ശാസ്ത്രയുഗ'മെന്നു പ്രശസ്തമായിത്തീൎന്നിട്ടുള്ള 19-ം 20-ം ശതാബ്ദങ്ങളിൽ പാശ്ചാത്യലോകത്തു് പൊതുവെ സംഭവിച്ചിട്ടുള്ള ശാസ്ത്രീയ പുരോഗതിയും തൽഫലമായുണ്ടായ ചിന്താപരിവൎത്തനവും പ്രായമായവൎക്ക ശിശുക്കളുടെ നേൎക്കുള്ള മനോഭാവത്തെ പാടെ വ്യത്യാസപ്പെടുത്തിയിട്ടുണ്ടെന്നു് കാണാം. 'ശിശുവാണു് മനുഷ്യന്റെ പിതാവു്' എന്ന കവിപ്രോക്തമായ തത്ത്വം ശാസ്ത്രീയമായ ഗവേഷണങ്ങൾ മൂഖേന വ്യക്തമാക്കപ്പെട്ടതോടുകൂടി ശിശുവിന്റെ നേൎക്കുള്ള മനുഷ്യന്റെ ശ്രദ്ധയും താല്പര്യവും അനേകമടങ്ങു് വൎദ്ധിക്കുന്നതിനിടയായി. അവന്റെ ശാരീരികവും മാനസികവുമായ വിശേഷവിധികളെല്ലാം പഠിക്കുക, അവന്റെ ബാഹ്യവും ആന്തരവുമായ ആവശ്യങ്ങൾ നിറവേററുക, സമുദായത്തിലും രാഷ്ട്രത്തിലും ശരിയായ സ്ഥാനം അവനു കല്പിക്കുക, എന്നുവേണ്ട അവന്റെ ജീവചരിത്രത്തിൽ ഒരു നവീനാദ്ധ്യായം തന്നെ സമാരംഭിക്കുവാൻ വേണ്ട സമുദ്യമങ്ങൾ ഇന്നു് പരിഷ്കൃത ജനസമുദായങ്ങളെല്ലാം ചെയ്തുവരുന്നു. ഈ ശതാബ്ദം തന്നെ "ശിശുശതാബ്ദം" എന്നാണു് വിളിക്കപ്പെട്ടിരിക്കുന്നതു്. ശിശുക്കൾക്കു നൽകപ്പെട്ടിരിക്കുന്ന ഉന്നത സ്ഥാനം ഇതു

തന്നെ വ്യക്തമാക്കുന്നു. പ്രശസ്തശിശുഹൃദയവിജ്ഞയായ 'ഡോക്ടർ മേരിയാ മാണ്ടിസോറി'യുടെ ഏതദ്വിഷയക മായ അഭിപ്രായം ഏററവും ആദരണീയമാണു്. ആ മഹതി പറയുന്നു:

"മാനവസമുദായത്തിൻെറ പുനസ്സംഘടനയെക്കുറിച്ചു് പര്യാലോചിക്കുന്നതിനും ആയതിലേയ്ക്കു് പരിശ്രമിക്കുന്നതിനുമായി ലോകത്തിൻെറ നാനാഭാഗങ്ങളിലും ഇന്നു് നിരവധി സംഘടനകളും സമ്മേളനങ്ങളും പ്രവർത്തിച്ചുവരുന്നുണ്ടല്ലോ. എന്നാൽ നേരുപകുതിഭാഗത്തെ (ശിശുക്കളെ) വിഗണിച്ചിട്ടു് പുരോഗമിക്കുവാൻ ഉദ്യമിക്കുന്ന ഏതൊരു സമുദായമാണു്, വിജയശ്രീലാളിതമാകുന്നതു്? ശിഖരങ്ങളെമാത്രം നനച്ചു് പാദപത്തിനു് പുഷ്ടി വരുത്തുവാൻ ഒരുമ്പെടുന്നവരുടെ ഉദ്യമങ്ങൾ എങ്ങനെ കലാശിക്കുമെന്നു് പറയേണ്ടതില്ലല്ലോ. പ്രായപൂർത്തിയായ മനുഷ്യൻ ഒരു ശിശുവിൻെറ പരിണതരൂപമാണെന്നുള്ളതു് തീർച്ചയല്ലേ? അങ്ങനെ 'മനുഷ്യസ്രഷ്ടാ'വായ ശിശുവിൻെറ പരിചരണം പരിശുദ്ധമായില്ലെങ്കിൽ, അവൻെറ പരിഷ്കരണമാർഗ്ഗങ്ങൾ നിഷ്കൃഷ്ടിതമായില്ലെങ്കിൽ, മനുഷ്യന്റെ നില നന്നാക്കുവാനുള്ള യത്നങ്ങളെല്ലാം നിഷ്ഫലമാകുമെന്നുള്ളതു് നിസ്സന്ദേഹമല്ലേ? അതിപ്രധാനമായ ആ അർദ്ധാംശത്തെ വിസ്മരിച്ചിട്ടു് രൂപവൽക്കരിച്ചിട്ടുള്ള സംഘടനകൾ മൂലമല്ലേ നമുക്കിന്നു് കഠിനവും ഭയങ്കരവുമായ ഒരു ലോകത്തെ എതിരിടേണ്ടി വന്നിരിക്കുന്നതു്? ഇതു് അപരിഹാര്യമായ ഒരു പതനമാ

ണെന്നു് പലരും ഉത്തരം പറഞ്ഞേക്കാം! എന്നാൽ, അ പരിഹാര്യമായി എന്തെങ്കിലും ലോകത്തുണ്ടോ?

"മനുഷ്യരാശിയുടെ ഉപേക്ഷിക്കപ്പെട്ട ഈ അർദ്ധ വിഭാഗത്തിനു്—ബാലത്വത്തിനു്—തീർച്ചയായും ഇത രാർദ്ധവിഭാഗത്തെ ഉദ്ധരിക്കാൻ സാധിക്കുന്നതാണു്."

ഇങ്ങനെ ഇന്നു് പരിഷ്കൃതലോകം മുഴുവനും തങ്ങ ളുടെ സമുദ്ധാരകരായി കരുതിയിരിക്കുന്നതു്—ഇല്ലെങ്കിൽ കരുതേണ്ടതു്—ശിശുക്കളെ ആകുന്നു. പ്രായമായവരും ശിശുക്കളുമായുള്ള അപരിഹാര്യബന്ധം ഇന്നു് അതിന്റെ ഉച്ചകോടിയെ പ്രാപിച്ചിരിക്കയാണു്. ഉത്തമനിയന്ത്രണ ത്തിനു് വിധേയരായി വളർത്തപ്പെടുന്ന ബാലികാബാല ന്മാരാൽ സൃഷ്ടമാകുന്ന ഒരു നവയുഗം ലോകത്തു് സമാഗ തമാവുകയുമെന്നും അതു് മനുഷ്യരാശിയെ സമുദ്ധരിക്കു വാൻ പര്യാപ്തമാവുകയുമെന്നും നമുക്കു് സാനന്ദം പ്രതീ ക്ഷിക്കാം.

ഇത്ര മഹനീയമായ സ്ഥാനമുള്ള ശിശുക്കളെ സൂ ക്ഷ്മമായി മനസ്സിലാക്കേണ്ടതു്—അവരെ അഭിയുക്തമായ വിധം വളർത്തേണ്ടതു്—എല്ലാ മാതാപിതാക്കന്മാരുടേയും ഗുരുക്കന്മാരുടേയും കടമയാകുന്നു. ഇതിലേയ്ക്കു് ശിശുഹൃദ യത്തെക്കുറിച്ചുള്ള ശാസ്ത്രീയവിജ്ഞാനം അനിവാര്യമാ ണു്. ശിശുമനസ്സിനുള്ള വിശേഷവിധികൾ എന്തെല്ലാം? എന്തെല്ലാമാണു് ശിശുവിന്റെ ആവശ്യങ്ങൾ? എങ്ങ നെയെല്ലാമാണു് അവനെ നിയന്ത്രിക്കേണ്ടതു്? ഇതൊ ക്കെയാണു് ചിന്തനീയവിഷയങ്ങൾ. പ്രസ്തുത വിഷയ ത്തിലേയ്ക്കു് പ്രവേശിക്കുന്നതിനുമുമ്പായി 'ഒരു ശിശു

വിൻെറ ആവിർഭാവം എവിടെനിന്നു്?' എന്നുള്ള രസാവഹമായ പ്രശ്നം നമുക്കോന്നു പരിഗണിക്കേണ്ടിയിരിക്കുന്നു. അസ്ഥിഭാരത്തിൻെറ സ്വഭാവം നോക്കാതെ ഒരു സൗധത്തിൻെറ വില നിർണ്ണയിയ്ക്കുന്നതു് യുക്തമല്ലല്ലോ.

---

## അദ്ധ്യായം ൨.

---

## ശിശു എവിടെ നിന്നു്?

മഹാകവി 'ടെനിസൺ' ഒരു ചെറുപുഷ്പത്തെ വീക്ഷിച്ചുകൊണ്ടു്. ഇപ്രകാരം പാടി:

"മതിലിൻെറ വിടവിൽ വിടിരുന്ന ചെറുപൂവേ! നിന്നെ ഞാൻ വിടവിനുള്ളിൽനിന്നു് സമൂലം പറിച്ചെടുത്തു് വേരോടും സകലതോടുംകൂടി എൻെറ കൈയ്യുകളിൽ പിടിയ്ക്കുന്നു. ചെറിയ പുഷ്പമെ! വേരോടും മററു സകലതോടും കൂടിയ നീ എന്താണെന്നു് മനസ്സിലാക്കുവാൻ കഴിഞ്ഞിരുന്നു എങ്കിൽ എനിക്കു ഈശ്വരനും മനുഷ്യനും എന്താണെന്നു് തീർച്ചയായും അറിയാൻ സാധിക്കുമായിരുന്നു."

ഒരു ശിശുവിൻെറ കാര്യവും ഇതിൽ നിന്നു് ഒട്ടും വ്യത്യസ്തമല്ല. അവൻ എന്താണെന്നോ അവൻെറ ആവിർഭാവം എവിടെനിന്നാണെന്നോ തീർച്ചപ്പെടുത്തിപ്പറവാൻ ഏതു ശാസ്ത്രകാരനുതന്നെ സാധിക്കും?!

മാതാപിതാക്കന്മാർ സംഭവിപ്പിക്കുന്ന ഒരു ശരീരം മാത്രമല്ല ശിശു എന്നു സമ്മതിക്കാൻ ആർക്കും മടി കാണുമെന്നു തോന്നുന്നില്ല. ഡാക്ടർ മാണ്ടിസോറി പറയുന്നപോലെ "ഒരു ശിശു അവൻെറ അപ്പനമ്മമാരുടെ സന്താനമാണെന്നു പറയുമ്പോൾ പരമാർത്ഥത്തിൽ നാം ഒരംശംമാത്രമേ പറയുന്നുള്ളു. എന്തെന്നാൽ അപ്പനും അമ്മയും എന്താണു് ചെയ്തിട്ടുള്ളതു്? അവർ ചെയ്തിട്ടുള്ളതു് ഏതാനും റാത്തൽ മാംസം അവനു നൽകുക എന്നുള്ളതു മാത്രമാണു്." അതിനപ്പുറം യുക്തിക്കും ചിന്തയ്ക്കും അതീതമാണു്. ആഴമേറിയ ആ ആഴിത്തടത്തിൽ മനശ്ശാസ്ത്രകാരൻ ഇറങ്ങേണ്ട ആവശ്യമില്ല. എങ്കിലും വല്ല വിശിഷ്ടതങ്ങളും കണ്ടുകിട്ടിയേക്കുമെന്നു് വിചാരിച്ചു് ഏതു ഗംഭീരസാഗരത്തിലും മുങ്ങുവാൻ ധീരനായ മനുഷ്യൻ സദാ സന്നദ്ധനാണു്.

ശിശു എവിടെനിന്നു് ആവിർഭവിക്കുന്നു? അത്യത്ഭുതമായ ആ ജീവചൈതന്യത്തിൻെറ ഉത്ഭവസ്ഥാനം എവിടമാണു്?

"ഈശ്വരൻ മനുഷ്യനു് നേരിട്ടു നൽകുന്നതും മാതാപിതാക്കന്മാർ സംഭവിപ്പിക്കുന്ന ഒരു ശരീരമണിയുന്നതുമായ ആത്മാവാണു് ശിശു" എന്ന വിശ്വാസം പാശ്ചാത്യലോകത്തു് സുപ്രചാരം സിദ്ധിച്ചിട്ടുള്ളതാണു്. പ്രശസ്തരായ പല ചിന്തകരേയും ഈ വിശ്വാസം ഗാഢമായി സ്പർശിച്ചിരുന്നതു കാണാം. ജാൺലാക്കിൻെറ വെള്ളക്കടലാസ്സ് സിദ്ധാന്തത്തിൻെറ പിന്നണിയിൽ ഈ വിശ്വാസത്തിൻെറ നിഴലാട്ടമാണു് നമുക്കു ദർശിക്കാൻ

കഴിയുന്നതു്. ഇക്കാലത്തെ വിദ്യാഭ്യാസപ്രവൎത്തകരിൽ അഗ്രഗണ്യനായ റൂസോ, "ഈശ്വരഹസ്തത്തിൽനിന്നു് മോചിപ്പിക്കപ്പെട്ടപ്പോൾ പരിശുദ്ധനായിരിക്കുന്നവൻ മനുഷ്യസവിധത്തിലെത്തിക്കഴിയുമ്പോൾ പങ്കിലനായി ത്തീരുന്നു" എന്നു് അഭിപ്രായപ്പെട്ടതും ഈ അഭിപ്രായത്തിലടങ്ങിയ തത്ത്വത്തെ അദ്ദേഹത്തിന്റെ പ്രവൎത്തനങ്ങൾക്കു ആധാരമാക്കിയതും ഈ വിശ്വാസത്തിന്റെ പ്രചോദനത്താൽ തന്നെയാണു്. ഹെർബർട്ടിന്റെ തുല്യാവസ്ഥാവാദത്തെ പ്രേരിപ്പിച്ചതും ഇതുതന്നെയായിരിക്കണം. എമേർസൺ എന്ന മഹാകവി "ശൈശവം ശാശ്വതമായ ഈശ്വരത്വം തന്നെയാണു്. അധഃപതിതമായ മനുഷ്യസമുദായത്തെ ആകൎഷിച്ചു് സ്വൎഗ്ഗത്തേയ്ക്കുയൎത്തുവാനാണു് അതു് വീണ്ടും വീണ്ടും സ്വൎഗ്ഗത്തുനിന്നു് ആവിർഭവിക്കുന്നതു്" എന്നു് അഭിപ്രായപ്പെട്ടതും ഇതിനെത്തന്നെ ഓൎമ്മപ്പെടുത്തുന്നു. ഇന്നും പാശ്ചാത്യരാജ്യങ്ങളിലെ പല കോണുകളിലും ഈ വിശ്വാസം പ്രചരിച്ചുകൊണ്ടിരിക്കുന്നുണ്ടു്.

രസാവഹമായ മറെറാരഭിപ്രായം പൗരസ്ത്യരുടെ പുനൎജ്ജന്മവാദത്തിൽ അടങ്ങിയിട്ടുള്ളതാകുന്നു. ഓരോ മനുഷ്യന്റേയും ജീവാത്മാവു്—(അതു് അനന്തകാലത്തിനുമുമ്പു് ഈശ്വരനിൽനിന്നു പുറപ്പെട്ടു് സംസാരയാത്ര തുടൎന്നുകൊണ്ടിരിക്കുന്നതാണു്.)—അവനവൻ ചെയ്യുന്ന സദസത്കൎമ്മങ്ങളുടെ ഫലത്തിനനുസരിച്ചു് നൽകപ്പെടുന്ന പരിതഃസ്ഥിതികളിൽ നിരവധി ജന്മങ്ങൾ ഭൂമിയിൽ ജനിക്കുകയും, ഓരോ ജന്മത്തിലും നാനാവിധവിജ്ഞാന

ങ്ങളും അഭിരുചികളും തദനുസാരമായ ആന്തരശക്തികളും സമ്പാദിക്കയും ചെയ്യുന്നു എന്നും, സർവ്വേശ്വരൻ സകലർക്കും നൽകി അനുഗ്രഹിച്ചിട്ടുള്ള സ്വതന്ത്രമായ ഇച്ഛാശക്തിയുടെ പ്രയോഗത്താൽ സ്വയമേവ ഉയരുവാനോ താഴുവാനോ ഒരു വ്യക്തിക്കു കഴിയുന്നതാണെന്നും, ഇക്കാരണങ്ങളാൽ ഒരു ശിശുവിന്റെ ശരീരവും മനസ്സും അവൻ സ്വന്തചിന്തകളും സ്വപ്രവൃത്തികളും മൂലം പൂർവ്വജന്മങ്ങളിൽ സമാർജ്ജിച്ചിട്ടുള്ള പുണ്യപാപങ്ങളുടേയും നന്മതിന്മകളുടേയും പ്രതിഫലമായും പ്രതിഫലനമായും അവന് ലഭിക്കുന്നതാണെന്നുമാണ് ഇതിലെ പ്രധാന തത്വം. ഒരു ശിശുവിൽ ജനനസമയത്തുതന്നെ പലവിധ വാസനാവിശേഷങ്ങളും മററു മാനസികവിഭവങ്ങളും വിലയമാന്നിരിക്കുന്നുണ്ട്. ഓരോ ശിശുവിനും ഓരോ പ്രത്യേകസ്വഭാവവിശേഷങ്ങൾ കാണുന്നതിനും, കായികവും മാനസികവുമായ വൈചിത്ര്യങ്ങളും അത്ഭുതങ്ങളും പ്രകടമാകുന്നതിനു കാരണം മനുഷ്യാത്മാവിന്റെ ഈ വിശേഷവിധി തന്നെയാണ്. ചിലപ്പോൾ ചില ഇളം പൈതങ്ങളിൽ കുടികൊള്ളുന്ന ജീവാത്മാക്കൾ അവരുടെ മാതാപിതാക്കന്മാരുടേയും ഗുരുക്കന്മാരുടേയും ജീവാത്മാക്കളെക്കാൾ അനേകമടങ്ങ് മേന്മയും മഹത്വവും പല പൂർവ്വജന്മങ്ങളിലായി സമ്പാദിച്ചിരിക്കാനും ഇടയുണ്ട്.

ഈ ശതാബ്ദത്തിലെ പ്രമുഖചിന്തകരിൽ പ്രഥമഗണനീയരായ ശ്രീ ആനിബസൻറ് മദാമ്മയും അവരുടെ സഹപ്രവത്തകനായിരുന്ന ദിവ്യശ്രീ ബിഷപ്പ്

ലെഡ്ബീററർ ധാരയും ഈ പുനർജ്ജന്മസിദ്ധാന്തത്തെ സബഹുമാനം സ്വീകരിച്ചു് പ്രചരിപ്പിക്കുവാൻ ഉദ്യുക്തമിച്ചിരുന്നു എന്നുള്ളതു് പ്രസ്താവ്യമാണു്.

ശിശുവിന്റെ ആവിർഭാവത്തെക്കുറിച്ചുള്ള മററാരഭിപ്രായം പാരമ്പര്യവാദക്കാരുടേതാണു്. 'ചാറൽസ് ഡാർവ്വിൻ' എന്ന ആംഗ്ലേയ പണ്ഡിതൻ സ്ഥാപിച്ചിട്ടുള്ള 'പരിണാമസിദ്ധാന്തം' സുപ്രസിദ്ധമാണല്ലോ. സകല ജീവജാലങ്ങളും പരിതഃസ്ഥിതികൾക്കനുസരിച്ചു് ആകൃതിയിലും പ്രകൃതിയിലും നിരന്തരമായി പരിണമിച്ചു (വ്യത്യാസപ്പെട്ടു)കൊണ്ടിരിക്കയാണെന്നും, നരന്റെ പൂർവ്വപിതാമഹനായി കരുതാവുന്നതു് വാനരനെയാണെന്നുമാണു് അദ്ദേഹം സമർത്ഥിച്ചിട്ടുള്ളതു്. അപ്പോൾ മനുഷ്യനു് അതിവിദൂരഭൂതകാലത്തിനുള്ളിലേക്കു് കടന്നുപോകുന്ന സുദീർഘമായ ഒരു പാരമ്പര്യമുള്ളതായി വന്നുചേരുന്നു. ഇങ്ങനെ അനേകതലമുറകളിലായി പ്രവർത്തിച്ചു വരുന്ന പാരമ്പര്യനിയമങ്ങൾ അനുസരിച്ചു ജനിച്ചിട്ടുള്ള രണ്ടു വ്യക്തികളുടെ—മാതാവിന്റേയും പിതാവിന്റേയും—രക്താണുക്കൾ സിരാസമൂഹങ്ങൾ, മസ്തിഷ്കം മുതലായ പല ശാരീരിക ഘടകങ്ങളുടേയും സ്വഭാവത്തിനു് അധീനനായി ആവിർഭവിക്കുന്ന ഒരു ചൈതന്യവിശേഷമാണു് ശിശു എന്നാണു് പാരമ്പര്യവാദക്കാരുടെ അഭിപ്രായം. ഇക്കൂട്ടർ നടത്തുന്ന ഗവേഷണങ്ങളുടേയും മററും വിവരണം അടുത്തൊരദ്ധ്യായത്തിൽ ചേർക്കുന്നതിനാൽ ഇവിടെ ഇത്രയുംകൊണ്ടു് ചുരുക്കുന്നു.

ശിശുവിൻെറ ആവിർഭാവത്തെക്കുറിച്ചുള്ള ഈ അഭിപ്രായങ്ങളെല്ലാം ഭൗതിക ശാസ്ത്രങ്ങൾക്ക ഒരു പരിമിതി ഉണ്ടെന്നുള്ള സംഗതിയാണ് നമ്മെ ഓർമ്മിപ്പിക്കുന്നതു്. ശാസ്ത്രീയ ചക്രവാളത്തിനപ്പുറം ഒരു അജ്ഞാതലോകമുണ്ടു്. സാധാരണ മനുഷ്യബുദ്ധിക്ക അപ്രാപ്യമാണ് അവിടം എന്നു് സമാധാനപ്പെടാനേ തരമുള്ളു. അങ്ങോട്ടേയ്ക്കു് കടന്നു് കുഴങ്ങാതിരിക്കുന്നതാണു് ഔചിത്യം.

മാത്രമല്ല, ശിശുമനശ്ശാസ്ത്രത്തിൽ, ജനനശേഷമുള്ള സംഗതികളാണെല്ലാം നമുക്കു് ചിന്തനീയമായിട്ടുള്ളതു്. അതിൽ ആധുനിക മനശ്ശാസ്ത്രജ്ഞന്മാരുടെ നേട്ടങ്ങൾ എന്തെല്ലാമാണെന്നു് നമുക്ക പരിശോധിക്കാം. എന്നാൽ മനസ്സിനെക്കുറിച്ചും അതിൻെറ സ്വഭാവവിശേഷങ്ങളെക്കുറിച്ചും ശാസ്ത്രകാരന്മാർക്ക ഗ്രഹിക്കാൻ കഴിഞ്ഞിട്ടുള്ള തത്വങ്ങളുടെ ഒരു സാമാന്യവിവരണം നല്കാതെ ഇതു് സാദ്ധ്യമാകുന്നതല്ല.

## അദ്ധ്യായം ൩

L-339

---

# മനസ്സ്—ബോധമനസ്സ്
## (Conscious Mind)

"ഒരു മനുഷ്യന്റെ സകല ചിന്തകളുടേയും വികാരങ്ങളുടേയും വിജ്ഞാനങ്ങളുടേയും സമാഹാരകേന്ദ്രമാണു് മനസ്സ്" എന്നുള്ള നിർവ്വചനം പല പണ്ഡിതന്മാരും സ്വീകരിച്ചിട്ടുള്ളതാണു്. 'ചിന്ത' എന്ന നിർവ്വചനപദത്തിൽ ഇച്ഛ, ഓർമ്മ, ഭാവന തുടങ്ങിയ മാനസികശക്തികൾ കൂടി ഉൾപ്പെടുന്നു. "ജനനം തുടങ്ങി മരണംവരെ മനുഷ്യനിൽ പ്രകടമാകുന്ന പ്രജ്ഞാശക്തിതന്നെയാണു് മനസ്സ്" എന്നതു് മറെറാരു നിർവ്വചനമാണു്.

മനസ്സ് ഒരു വസ്തു അല്ലെന്നും, നേരെമറിച്ചു് അതു് ഒരു പ്രവർത്തനമാണെന്നുമുള്ളതു് സ്പഷ്ടമാകുന്നു. സദാ ചലിച്ചുകൊണ്ടും വ്യത്യാസപ്പെട്ടുകൊണ്ടുമിരിക്കുന്ന ഒരു അത്ഭുതപ്രവർത്തനമാണതു്. നിരന്തരമായി പ്രവഹിച്ചുകൊണ്ടിരിക്കുന്ന അതിന്റെ ഗതിയെ ഒരു നിമിഷത്തേക്കു നിങ്ങൾ തടഞ്ഞു നോക്കുക. പെട്ടെന്നു് അതു വഴിമാറി മറെറാരു സരണിയിൽകൂടി പായുന്നതു കാണാം. അങ്ങനെ തടയാൻ ശ്രമിച്ചില്ലെങ്കിൽതന്നെയും അതു് സദാ ചഞ്ചലിച്ചുകൊണ്ടിരിക്കാനാണു് ഇഷ്ടപ്പെടുന്നതു്. 'ഞാൻ എന്തോ വിചാരിച്ചുകൊണ്ടിരുന്നല്ലോ! അതെന്തായിരുന്നു?

ഛേദയ് അതു പൊയ്യോയല്ലോ!' ഇപ്രകാരമുള്ള മാനസികാനുഭവങ്ങൾ ദൈനന്ദിനജീവിതത്തിൽ പലപ്പോഴും എല്ലാപേർക്കും ഉണ്ടാകാറുണ്ട്.

അനേകായിരം വിചാരങ്ങളും നാനാവിധവികാരങ്ങളും മനസ്സിൽ കടന്നുകൂടുകയും, തങ്ങുകയും, പോകുകയും ചെയ്തുകൊണ്ടിരിക്കുന്നു എന്നു വരികിലും അവയിൽ ഏതെങ്കിലും ഒന്നിന് എപ്പോഴും മററുള്ളവയെക്കാൾ പ്രാമാണ്യം ഉണ്ടായിരിക്കുന്നതാണ്. ഈ പ്രധാന ചിന്ത അല്ലെങ്കിൽ വികാരം മററുള്ളവയെയെല്ലാംകീഴമർത്തിക്കൊണ്ടെന്നപോലെയാണ് വിഹരിക്കുന്നതു്. ഉദാഹരണമായി ഇതു് എഴുതിക്കൊണ്ടിരിക്കുമ്പോൾ എന്റെ മനസ്സ് ഈ വിഷയത്തിൽ തന്നെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. പെട്ടെന്ന് എന്റെ മകൾ അടുത്ത മുറിയിൽ നിന്ന് ഉച്ചത്തിൽ കരയുന്ന ശബ്ദം ഞാൻ കേൾക്കാനിടയായി. എന്റെ ചിന്ത മുഴവനും അങ്ങോട്ടായിക്കഴിഞ്ഞു. അവൾ കരയുന്നതിന്റെ കാരണം മനസ്സിലാക്കി, അവളെ സമാധാനപ്പെടുത്തിക്കഴിയുന്നവരെയും അക്കാര്യത്തിലാണ് മനസ്സിന് പ്രാമാണ്യമുള്ളതു്. അതുകഴിഞ്ഞു് വീണ്ടും മനസ്സ് ലേഖനകൃത്യത്തിലേയ്ക്കു തിരിയുകയും പിരിഞ്ഞുപോയ ഭാഗവുമായി ബന്ധിച്ച് പ്രവർത്തനം തുടരുകയും ചെയ്യുന്നു.

മനസ്സിനെ ഒരു ഇന്ദ്രിയമായിട്ട് ചില പ്രാചീന ഭാരതീയാചാര്യന്മാർ പരിഗണിക്കുന്നു. അഞ്ചു ജ്ഞാനേന്ദ്രിയങ്ങളും, അഞ്ചു കർമ്മേന്ദ്രിയങ്ങളും മനസ്സും കൂടി

ച്ചേൻ് പതിനൊന്നിന്ദ്രിയങ്ങളുള്ളതായിട്ടാണ് അവരുടെ അഭിപ്രായം.

"ഏകാദശം മനോജ്ഞേയം
സ്വഗുണേനോഭയാത്മകം" എന്ന സ്മൃതി വാക്യത്തിൽ നിന്ന് ജ്ഞാനേന്ദ്രിയങ്ങളുടേയും കർമ്മേന്ദ്രിയങ്ങളുടേയും സ്വഭാവം മനസ്സിനുണ്ടെന്ന് അവർ ഗ്രഹിച്ചിരുന്നെന്നു കാണാം. "യോഗദർശനം" എന്ന വിശിഷ്ട മനശ്ശാസ്ത്രം രചിച്ചിട്ടുള്ള പതഞ്ജലിമഹർഷി മനസ്സിനെക്കുറിച്ചു നടത്തിയിട്ടുള്ള പഠനം അതിഗഹനമാകുന്നു. ശാരീരികമായ രോഗം, മനഃക്ലേശം, സന്ദേഹം തുടങ്ങിയുള്ള കാരണങ്ങളാലാണ് മനസ്സ് ചലിച്ചുകൊണ്ടിരിക്കുന്നതെന്നും, പ്രാണായാമം, ധ്യാനം തുടങ്ങിയ പല മാർഗ്ഗങ്ങളാലും ചിത്തവൃത്തിനിരോധനം ചെയ്യാവുന്നതാണെന്നും, തൽഫലമായി ഭൂതഭാവിജ്ഞാനം, സർവ്വഭാഷാ പരിജ്ഞാനം, പൈദാഹവിജയം, കൂടുവിട്ട് കൂടുമാററം തുടങ്ങിയ അത്ഭുതസിദ്ധികൾ സമ്പാദിക്കാമെന്നും മനുഷ്യന് അതിമാനുഷത്വം പ്രാപിക്കുവാൻ മനോനിഗ്രഹം പോലെ മററായ മാർഗ്ഗവുമില്ലെന്നുമാണ് അദ്ദേഹത്തിൻെറ ഈ ഗ്രന്ഥം പഠിപ്പിക്കുന്നത്. മനസ്സിൻെറ സ്വഭാവം, മനസ്സ് വിജ്ഞാനം സമ്പാദിക്കുന്ന സമ്പ്രദായം, ശരീരവും മനസ്സുമായുള്ള ബന്ധം, മനോനിയന്ത്രണമാർഗ്ഗങ്ങൾ തുടങ്ങിയ ഗംഭീരവിഷയങ്ങൾ സമാധിപാദം എന്ന പ്രഥമാധ്യായത്തിൽ അത്ഭുതാവഹമായ പ്രഗത്ഭതയോടും പ്രായോഗികതയോടുംകൂടി അദ്ദേഹം വിവരിക്കുന്നുണ്ട്. പക്ഷെ അദ്ദേഹത്തിൻെറ ഉന്നമല്ല

ഇന്നത്തെ ശാസ്ത്രകാരന്മാരുടെ ഉന്നമെന്ന് നാം സദാ ഓർക്കേണ്ടതാണ്. ഭാരതീയരുടെ ഉപനിഷത്തുകളിലും മനസ്സിനെക്കുറിച്ചുള്ള പല വിശിഷ്ടതത്ത്വങ്ങളും പ്രതിപാദിച്ചിട്ടുണ്ട്. സദാ ചലിച്ചുകൊണ്ടിരിക്കുന്നതും സ്വാധീനപ്പെടുത്താൻ വിഷമമുള്ളതുമായ അതിനെ അഭ്യാസം കൊണ്ടും വൈരാഗ്യംകൊണ്ടും ജയിക്കുന്നതുപോലെ മഹത്തായ മറെറാരു സിദ്ധിയും മനുഷ്യന് ലഭിക്കാനില്ലെന്നുള്ളതാണ് അവയുടെ എല്ലാം ലക്ഷ്യം.

"ചിത്തമാം പെരിയ വൈരി കീഴമ-
ന്നത്തൽ തീന്ന യമിതന്നെ ഭാഗ്യവാൻ?"

ഈ ആദർശം ഭൗതികമായ ഉൽക്കർഷത്തിൻെറ ഉച്ചകോടിയെ ഉന്നമാക്കിനില്ക്കുന്ന പാശ്ചാത്യശാസ്ത്രകാരന്മാർ വിഗണിക്കുമെന്നുള്ളത് നിസ്സംശയമാണല്ലോ.

പ്രഫസർ നൺ (Nunn) മനസ്സിൻെറ ശക്തികളെ മൂന്നായി തരംതിരിച്ചിട്ടുണ്ട്. അവ:

i സ്വീകരണശക്തി (Horme)
ii സംരക്ഷണശക്തി (Mneme)
iii സംയോജനശക്തി (Cohesion)

ഈ ശക്തിയുടെ സഹായത്താൽ നാനാവിധവിജ്ഞാനങ്ങൾ സമ്പാദിച്ച് സ്വായത്തമാക്കുവാൻ മനസ്സ സദാ നിരതമായിരിക്കുന്നു. ഇങ്ങനെ മനസ്സുകൊണ്ടു നമുക്കു ചുററുപാടുകളെക്കുറിച്ചു ബോധമുണ്ടാകുന്നതിനാൽ അതിനെ പ്രജ്ഞ എന്നും വ്യവഹരിക്കാവുന്നതാണ്.

മനസ്സിന് ബോധാവസ്ഥ എന്നും ഉപബോധാവസ്ഥ എന്നും രണ്ടു് അവസ്ഥകൾ (Conscious and Sub-

Conscious States) കല്പിക്കാവുന്നതാണ്. ബോധാവസ്ഥയെ ജാഗ്രദവസ്ഥ എന്നും വിളിക്കാം. ജാഗ്രദവസ്ഥയെ മൂന്നു പ്രത്യേകഘടകങ്ങളായി അപഗ്രഥിക്കാവുന്നതാണ്.

i ബോധം (ജ്ഞാനം) (Cognition-Knowing)

ii വികാരം (affection—feeling)

iii ഇച്ഛ (volition-willing)

വിദേശത്തു വസിച്ചിരുന്ന ഒരു സ്നേഹിതൻ മരിച്ചുപോയതായി എനിയ്ക്കൊരു കമ്പി കിട്ടുന്നു. ഉടൻതന്നെ ആ വിഷയത്തെക്കുറിച്ചുള്ള ബോധം അല്ലെങ്കിൽ ജ്ഞാനം എനിക്കുണ്ടായിക്കഴിഞ്ഞു. അതിനെ തുടൎന്ന് സങ്കടവും അയാളുടെ ബന്ധുക്കളോട്ട് അനുകമ്പയും, എന്റെ മനസ്സിൽ ഉദിക്കുന്നുണ്ട്. ഈ വികാരങ്ങളെ അന്യരെ അറിയിക്കുകയോ പരേതന്റെ ബന്ധുക്കൾക്കു അനുശോചനസന്ദേശം അയയ്ക്കുകയോ ചെയ്യുന്നതു് എന്റെ ഇച്ഛയുടെ പ്രേരണയിലാണ്. ഈ ബോധവികാരേച്ഛകൾ മനസ്സിന്റെ മാററിക്കളയാൻ കഴിയാത്ത ഗുണങ്ങളാണ്.

ഉപബോധാവസ്ഥ മനസ്സിന്റെ ബോധാവസ്ഥയുടെ പിന്നണിയിൽ സ്ഥിതിചെയ്യുന്ന ഒരു നിഗൂഢമനോമണ്ഡലത്തിന്റെ പ്രവൎത്തനഫലമാകുന്നു. ആധുനികമനശ്ശാസ്ത്രത്തിൽ വളരെ പ്രാധാന്യമർഹിക്കുന്ന ഉപബോധമനസ്സിനെക്കുറിച്ചു് ഏകദേശജ്ഞാനമെങ്കിലും സമ്പാദിക്കേണ്ടതു് അത്യന്താപേക്ഷിതമാണ്.

## അദ്ധ്യായം ൪

---

### ഉപബോധമനസ്സ് (Sub Conscious Mind.)

നമ്മുടെ പ്രജ്ഞയിൽ എത്തുപെടാതെ, ബോധമനസ്സിനാൽ അമർത്തപ്പെട്ടോ, അല്ലെങ്കിൽ ബോധമനസ്സിനെ നമ്മുടെ അറിവോ സമ്മതമോ കൂടാതെ പ്രചോദിപ്പിച്ചുകൊണ്ടോ നിലകൊള്ളുന്ന ഒരു സൂക്ഷ്മമനോമണ്ഡലം നമ്മുക്കുള്ളതിനെയാണ് ഉപബോധമനസ്സ് എന്നു വിളിച്ചുവരുന്നത്. ബോധമനസ്സിന്റെ പിന്നണിയിൽ നില്ക്കുന്നതുകൊണ്ട് ഇതിനെ ഉപബോധമനസ്സ് എന്നു വിളിക്കുന്നു.

ആസ്ട്രിയാക്കാരനായ ഫ്രായിഡ് (Sigmund Freud) എന്ന ശാസ്ത്രകാരനാണു് ഉപബോധമനസ്സിൻെറ ഉപജ്ഞാതാവ്. അപസ്മാരരോഗത്തിൻെറ നിദാനങ്ങൾ അപഗ്രഥിച്ചു പഠിച്ചപ്പോളാണ് ബോധമനോമണ്ഡലത്തിൻെറ പിന്നിൽ ലീനമായിരിക്കുന്ന ഇതിൻെറ സാന്നിധ്യം അദ്ദേഹത്തിനു മനസ്സിലായതു്. അനന്തചിന്തകളുടേയും അവിരളവികാരങ്ങളുടേയും ആകാരമാണിതെന്നു് അദ്ദേഹം സമർത്ഥിച്ചു. ജാഗ്രദ് സുഷുപ്തികളെന്നോ, ദിനരാത്രങ്ങളെന്നോ ഭേദം കൂടാതെ നിരന്തരമായും നിരന്തരായമായും ജനനം തുടങ്ങി മരണം വരെ ഇതു് പ്രവർത്തനം തുടൎന്നുകൊണ്ടിരിക്കയാണു്. ഒരു വ്യക്തിയുടെ സ്വഭാവത്തിൻേറയും ചിന്താഗതികളുടേയും സൂക്ഷ്മസ്വരൂപം ഗ്രഹിക്കണമെങ്കിൽ ബോധ-

മനസ്സിലുള്ളതിനെക്കാൾ ഉപബോധമനസ്സിലുള്ള ആശയങ്ങളെ അപഗ്രഥിച്ച് മനസ്സിലാക്കേണ്ടതാകുന്നു.

ഫ്രായിഡിൻെറ പ്രധാനശിഷ്യനായ യുങ്ങിൻെറ (Jung) വിശദീകരണത്തിൽ ഉപബോധമനസ്സാണ് നമ്മുടെ സ്വപ്നങ്ങളുടെ ആവാസകേന്ദ്രമെന്നുകൂടി വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. ഉപബോധമനസ്സിൻെറ ഭാഷയാണ് സ്വപ്നമെന്ന് ഇദ്ദേഹം അഭിപ്രായപ്പെടുന്നു.

എമിലേ ക്രൂവേ (Emile Coue') എന്ന ശാസ്ത്രകാരൻ ഭാവനാശക്തിക്കു നിദാനമായിരിക്കുന്നതു് ഉപബോധമനസ്സാണെന്ന് സമർത്ഥിച്ചിരിക്കുന്നു. ബോധമനസ്സിൽനിന്ന് ജനിക്കുന്ന ഇച്ഛാശക്തിയെക്കാൾ ഉപബോധമനസ്സിൽനിന്നു ജനിക്കുന്ന ഭാവനാശക്തിക്കു നമ്മിൽ കൂടുതൽ സ്വാധീനശക്തിയുണ്ടെന്നാണ് അദ്ദേഹത്തിൻെറ അഭിപ്രായം. ഇച്ഛാശക്തിയും ഭാവനാശക്തിയും കൂടി എപ്പോളെങ്കിലും മല്ലിടാനിടയായി എന്നുവരട്ടേ; ജയിക്കുന്നതു് തീർച്ചയായും ഭാവനാശക്തിതന്നെയായിരിക്കും. മദ്യപനായ ഒരാൾ ഇച്ഛാശക്തികൊണ്ടു് മദ്യസേവ നിറുത്തണമെന്ന് തീരുമാനിക്കുമ്പോൾ ഭാവനാശക്തി ആവിർഭവിക്കയാണെങ്കിൽ മദ്യത്തിൻെറ മോഹനവശങ്ങളെല്ലാം മനംമയക്കത്തക്കവിധം ചിത്രീകരിച്ച് അയാളെ മദ്യത്തിലേക്കു വശീകരിച്ചുകൊണ്ടുപോകുന്നതായിരിക്കും. നമ്മുടെ സകല ചിന്തകളുടേയും ഉറവ ഉപബോധമനസ്സാണെന്നും കായികവും മാനസികവുമായ സകല പ്രവർത്തനങ്ങൾക്കും നിദാനം ഭാവനയാണെന്നും അഭിപ്രായപ്പെടുന്നതിൽ ക്രൂവേയ്ക്കു് യാതൊരു സംശയവുമില്ല.

ഉപബോധമനസ്സിന്റെ പ്രവൎത്തനം ഒരു മനോഹരമായ ഉപമകൊണ്ടു് വ്യക്തമാക്കപ്പെട്ടിട്ടുണ്ടു്. സമുദ്രത്തിൽ അതിവേഗത്തിൽ പാഞ്ഞുകൊണ്ടിരിക്കുന്ന ഹിമപൎവ്വതങ്ങൾ ഉണ്ടു്. അവയുടെ ഭൂരിഭാഗവും ജലനിരപ്പിനടിയിലാണു് സ്ഥിതിചെയ്യുന്നതു്. അവിടെയുള്ള ജലപ്രവാഹശക്തിയാണു് അവയുടെ പാച്ചിലിനു കാരണം. ജലനിരപ്പിനു മുകളിലുള്ള പ്രചണ്ഡവാതങ്ങളെ തീരെ വകവയ്ക്കാതെ ഈ തുഷാരഗിരികൾ, അതിവേഗത്തിൽ പാഞ്ഞുപോകുന്നതു കാണുമ്പോൾ ബാഹ്യദൃഷ്ടിയ്ക്കു് വലിയ അത്ഭുതം തോന്നിയേക്കാം. എന്നാൽ ഇവയുടെ പ്രധാനഭാഗം ജലനിരപ്പിനടിയിലാണെന്നും, ജലപ്രവാഹശക്തി ഇവയെ പിടികൂടിയിരിക്കയാണെന്നും ബോധ്യമാകുന്നതോടുകൂടി ഈ അത്ഭുതം നിശ്ശേഷം അസ്തമിച്ചുപോകുന്നതാണു്. ചില മനുഷ്യരുടെ പെരുമാററങ്ങളുടെ കാൎയ്യവും ഇതുപോലെ തന്നെയാകുന്നു. ബാഹ്യമായി എത്ര തന്നെ പരിശോധിച്ചാലും ഒരു തുമ്പും കിട്ടാൻകഴിയാത്ത ചില പൂൎവ്വാപരവൈരുദ്ധ്യങ്ങളും വിചിത്രവൃത്തികളും നമ്മെ അമ്പരപ്പിച്ചേക്കാം. ചിലരുടെ ചിലപ്പോളത്തെ പെരുമാററങ്ങൾ ഒന്നുകൊണ്ടും നമുക്കു ന്യായീകരിക്കാൻ കഴിയാതെ വന്നേക്കാം. അവരുടെ ഉപബോധമനസ്സിൽ ലീനമായിരിക്കുന്ന വിചാരവികാരങ്ങളുടെ പ്രചോദനമാണു് ഇതിനെല്ലാം യഥാൎത്ഥകാരണമെന്നു് മനസ്സിലാകുന്നതുവരെ അവരേയോ അവരുടെ പ്രവൎത്തനങ്ങളേയോ നമുക്കു മനസ്സിലാക്കുവാൻ കഴിയുന്നതല്ല.

ഉപബോധമനസ്സ് സദാ ജാഗ്രത്തായിരിക്കുന്നു എന്നുള്ളതു് എളുപ്പത്തിൽ വ്യക്തമാക്കാം. സ്വപ്നാടനം എ

ന്ന രോഗം ബാധിച്ചിട്ടുള്ളവർ ഗാഢനിദ്രാമദ്ധ്യത്തിൽ നല്ല ഉണർവുള്ളവരെപ്പോലെ എണീററു്, പരസഹായം കൂടാതെ പലയിടത്തും നടക്കുക, ആശയപുഷ്ടിയോടെ സംസാരിക്കുക തുടങ്ങിയ പല പ്രവൃത്തികളും അത്ഭുതജനകമാംവണ്ണം ചെയ്യാറുണ്ടു്. ഉണർന്നുകഴിയുമ്പോൾ മിയ്ക്കവാറും അവയൊന്നും തന്നെ അവർ ഓക്കാറില്ല. ബോധത്തിൻെറ പിന്നണിയിൽ നില്ക്കുന്ന ഒരു ശക്തിയാണു് അവരെ നിദ്രാവസരത്തിൽ നിയന്ത്രിച്ചിരുന്നതെന്നുള്ളതു് തീർച്ചയാണല്ലോ. മദ്യപന്മാർ ബോധം കെടുമ്പോൾ കാട്ടിക്കൂട്ടുന്ന ഗോഷ്ടികളും അസംബന്ധങ്ങളും കടുംകൈകളും മററും ലഹരിമാറി, കാര്യമറിയുമ്പോൾ അവരുടെ തന്നെ അവജ്ഞയ്ക്കും പശ്ചാത്താപത്തിനും ഭയത്തിനും പലപ്പോഴും കാരണമായിത്തീരുന്നുണ്ടു്. കാമക്രോധാദിവികാരങ്ങളുടെ മൂർച്ഛയിൽ ചെയ്തുപോകുന്ന പല സാഹസകൃത്യങ്ങളും മലിനവൃത്തികളും വികാരങ്ങൾ മാറി ശാന്തരായിത്തീരുമ്പോൾ നമ്മുടെ അത്ഭുതത്തിനോ, നിന്ദയ്ക്കോ വിഷമത്തിനോ വിഷയമായിത്തീരുന്നതു് ഒട്ടും അസാധാരണമല്ല. ബോധമനസ്സിൻെറ അറിവോ സമ്മതമോ കൂടാതെ നാം പലതും പ്രവർത്തിക്കാറുണ്ടെന്നുള്ളതിനു് ഇവയെല്ലാം മതിയായ ദൃഷ്ടാന്തങ്ങളാകുന്നു. അങ്ങനെയുള്ള സന്ദർഭങ്ങളിൽ ഉപബോധമനസ്സാണു് സകലതും നിന്ദ്രമായി സമീക്ഷിച്ചുകൊണ്ടിരിക്കുന്നതെന്നാണു് ശാസ്ത്രജ്ഞമതം.

ഉപബോധമനസ്സു് ഏററവും ഊർജ്ജസ്വലമായിരിക്കുന്നതു നാം ഉറങ്ങുമ്പോളാണു്. ബോധമനസ്സു് വിശ്ര

മിക്കുമ്പോൾ ഉപബോധമനസ്സിന് കൂടുതൽ അവസരവും പ്രവർത്തനസ്വാതന്ത്ര്യവും ലഭിക്കുന്നു. പ്രഫസർ നൺ മനസ്സിന്റെ ശക്തികളെ മൂന്നായി തരംതിരിച്ചതിൽ സംയോജനശക്തി എന്നൊന്നുകൂടി ഉൾപ്പെടുത്തിയിട്ടുണ്ടല്ലോ. ബോധമനസ്സിന് സ്വീകരണശക്തിമൂലവും സംരക്ഷണശക്തിമൂലവും ലഭിക്കുന്ന അനുഭവങ്ങളെ ഉറക്കത്തിൽ സംയോജിപ്പിക്കുന്ന ഉപബോധമനസ്സിന്റെ പ്രവർത്തനത്തെയാണ് അദ്ദേഹം സംയോജനശക്തി എന്ന് വ്യവഹരിച്ചിട്ടുള്ളതു്.

ഉപബോധമനസ്സിന് ഉറക്കത്തിൽ എത്ര ഉജ്ജ്വലമായ പ്രവർത്തനമാണുള്ളതെന്നു് താഴെ പറയുന്ന ദൃഷ്ടാന്തങ്ങൾ വ്യക്തമാക്കും.

ഒരു പ്രത്യേകദിവസം രാവിലെ പതിവിൽനിന്നു് നേരത്തേ എണീക്കണമെങ്കിൽ നാം ഉറങ്ങുന്നതിന്നു് അല്പംമുമ്പ് ഉണരേണ്ട സമയം മനസ്സിൽ ഉറപ്പിച്ചുകൊണ്ടുകിടന്നാൽ മിക്കവാറും ആ സമയത്തിനു തന്നെ ഉണരുന്നതാണു്.

വലിയ ഇടിയോ കൊടുങ്കാറ്റോ മറ്റോ ഉണ്ടായാൽ പോലും അറിയാതെ ബോധം കെട്ടുറങ്ങുന്ന മാതാവ്, അവളുടെ ഓമനക്കുഞ്ഞു് ഒന്നു ഞരങ്ങിയാൽ—വിശേഷിച്ചും അവൻ രോഗബാധിതനാണെങ്കിൽ—ഉടൻ ചാടി എണീററിരുന്നു് ശുശ്രൂഷിക്കുന്നതാണു്.

ചില വിഷമപ്രശ്നങ്ങൾക്കു് ഉത്തരം കിട്ടാതെ കിടന്നുറങ്ങുന്നവർക്കു പലപ്പോഴും ഉണരുമ്പോൾ ശരിയായ

ഉത്തരം തോന്നിയിരിക്കും. ചിലപ്പോൾ സ്വപ്നരൂപത്തിലായിരിക്കും സമാധാനം ലഭിക്കുന്നതു്.

കവികൾക്കു പലപ്പോഴും മനോഹരാശയങ്ങളും മധുരപദങ്ങളും ലഭിക്കുന്നതു് സുഷുപ്ത്യവസ്ഥയിലാണു്.

കാമവികാരപരിതപ്തരായിരിക്കുന്നവർക്കു സ്ത്രീസംഗം കൂടാതെ തന്നെ ഉറക്കത്തിൽ രേതഃസ്ഖലനം ഉണ്ടാകുന്നു. കാമമൂർച്ഛയിലാണല്ലോ രേതസ്സ് ബഹിർഗമിക്കുന്നതു്.

ഉപബോധമനസ്സിൻെറ പ്രഭോദനം സ്വീകരിച്ചാണു് ബോധമനസ്സ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതെങ്കിലും, ഉപബോധമനസ്സിനെ ഗാഢമായി സ്പർശിക്കുന്നതിനും, വ്യതിചലിപ്പിക്കുന്നതിനും രൂപപരിവർത്തനം ചെയ്യുന്നതിനുമുള്ള കെല്പ് ബോധമനസ്സിനുണ്ടു്. ബോധമനസ്സിനെ മനഃപൂർവ്വമായി പീഡിപ്പിച്ചു് നാം ചെയ്യാൻ ആരംഭിക്കുന്ന പല പ്രവൃത്തികളും കാലക്രമേണ ബോധമനസ്സിൻെറ പീഡനലേശവും കൂടാതെതന്നെ ചെയ്യാൻ കഴിയുന്നതു് സർവസാധാരണമായ അനുഭവമാകുന്നു. ശീലങ്ങളെല്ലാം ഇങ്ങനെയാണു് രൂപവൽകൃതമാകുന്നതു്. ബോധമനസ്സിൻെറ ആവർത്തിച്ചുള്ള പ്രവർത്തനങ്ങൾ ഉപബോധമനസ്സിനെ സ്പർശിക്കുകയും ക്രമേണ ഉപബോധമനസ്സിൻെറ സ്വഭാവാംശമായിത്തീരുകയും ചെയ്യുന്നു. ചിലപ്പോൾ സമുദായമര്യാദകൾ മൂലമോ മററു വല്ല കാരണങ്ങളാലോ നാം പലവിധ വികാരങ്ങളേയും വിചാരങ്ങളേയും ആശകളേയും അടക്കുവാനോ മറയ്ക്കുവാനോ നിർബ്ബന്ധിതരാകാറുണ്ടു്. അവയെല്ലാം ഉപബോധമന

സ്സിൽ തങ്ങി നില്ക്കുകയും പലപ്പോഴും സ്വപ്നരൂപത്തിൽ ബഹിർഗ്ഗമിക്കയും ചെയ്യുന്നു. ഉപബോധനങ്ങൾക്ക് (Suggestions) ഉപബോധമനസ്സിനെ നേരിട്ടു തന്നെ സ്പർശിക്കാനുള്ള ശക്തിയുണ്ടെന്നാണ് കണ്ടിരിക്കുന്നത്. ബാല്യകാലത്തു ലഭിക്കുന്ന പലവിധം ഉപബോധനങ്ങൾ മൂലം ഒരു വ്യക്തി നന്മയിലേയ്ക്കോ തിന്മയിലേയ്ക്കോ തിരിഞ്ഞുപോകുവാൻ ഇടയാകുന്നു. അസാധാരണമായ സ്വഭാവവിശേഷങ്ങൾ രൂപവൽക്കരിക്കുന്നതും ഇവയുടെ ശക്തിയാലാണ്. വിലക്ഷണമായ സ്വഭാവവിശേഷങ്ങൾ പ്രകടിപ്പിക്കുന്നവരുടെ സ്വപ്നങ്ങൾ പരിശോധിക്കുകയും അവരുടെ മനസ്സിനെ അപഗ്രഥിച്ച് പഠിക്കുകയും ചെയ്യേണ്ടതാണ്. തൽഫലമായി പലവിധ മാനസിക രോഗങ്ങളുടെ പോലും നിദാനം കണ്ടുപിടിക്കുവാനും അവയെ ഭേദമാക്കുവാനും നിഷ്പ്രയാസം സാധിക്കും. ഉപബോധമനസ്സിനെ വേണ്ടവിധം പരിശീലിപ്പിക്കുന്ന വിദ്യാഭ്യാസസമ്പ്രദായംകൊണ്ട് ശിശുക്കളെ ഉത്തമശീലസമ്പന്നരാക്കാമെന്നുമാത്രമല്ല മാനസിക ശക്തികൾ അവരിൽ അഭിവൃദ്ധമാക്കുവാൻ കഴികയും ചെയ്യുമെന്നാണ് ക്രൂവേ തുടങ്ങിയ പണ്ഡിതന്മാരുടെ അഭിപ്രായം. ഉപബോധമനസ്സിനു നേരിട്ടുതന്നെ ശിക്ഷണം നൽകുവാൻ പര്യാപ്തമായ ആത്മോപബോധനം (Auto Suggestion) എന്ന ക്രൂവേയുടെ സമ്പ്രദായം പ്രചാരത്തിൽ വന്നുകൊണ്ടിരിക്കയാണ്. 'Self Mastery Through Auto—Suggestion' (ആത്മോപബോധനം മുഖേന ആത്മവിജയം) തുടങ്ങിയ ക്രൂവേയുടെ പ്രബന്ധ

ങ്ങൾ ഈ വിഷയത്തെ ഏറ്റവും രസകരമായ വിധം പ്രതിപാദിച്ചു കാണുന്നു.

ഉപബോധമനസ്സത്വം ഗ്രഹിപ്പാൻ കഴിഞ്ഞതുകൊണ്ടു് ശിശുസംരക്ഷണത്തിലും വിദ്യാഭ്യാസത്തിലും ഒരു സമൂലപരിവൎത്തനം തന്നെ വരുത്താൻ സാധിയ്ക്കുന്നതാണു്. അദ്ധ്യാപകനും രക്ഷകൎത്താക്കൾക്കും ശിശുക്കളുടെ മനസ്സു് പരിപൂൎണ്ണമായി ഗ്രഹിക്കാൻ കഴിയുന്നതു് എത്രത്തോളം ശീലനിയന്ത്രണത്തിനും ഉത്തമശിക്ഷണത്തിനും സഹായമാകുമെന്നു് പറയേണ്ടതില്ലല്ലോ. വിശേഷിച്ചും വിഷമപാത്രങ്ങളുടെ കാൎയ്യത്തിൽ ഇതിനുള്ള സ്ഥാനം അനല്പമാണു്. ഈ വിഷയത്തെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ ശീലനിയന്ത്രണം വിവരിക്കുമ്പോൾ പ്രതിപാദിക്കുന്നുണ്ടു്.

മാനസികമായ അവയവങ്ങളേയും അവയുടെ പ്രവൎത്തനസമ്പ്രദായത്തേയും കുറിച്ചുകൂടി ചിന്തിക്കാം.

# അദ്ധ്യായം ൩

## മസ്തിഷ്കം

മാനസികമായ അവയവം—അല്ലെങ്കിൽ മനസ്സുമായി കൂടുതൽ ബന്ധമുള്ള അവയവം—മസ്തിഷ്കം (തലച്ചോറ്) ആണെന്നു് സകല ശാസ്ത്രകാരന്മാരും സമ്മതിക്കുന്നു. ബാഹ്യലോകവുമായി മനസ്സിടപെടുന്നതു് മസ്തിഷ്കവും, പ്രജ്ഞാധമനികളും (nerves) ഇന്ദ്രിയങ്ങളും മുഖേനയാണെന്നു് അവർ പല പരീക്ഷണങ്ങളുംകൊണ്ടു് സ്പഷ്ടമാക്കിയിരിക്കുന്നു.

തലയോട്ടിനകത്തു് ക്ഷാരവർണ്ണത്തിൽ സ്ഥിതിചെയ്യുന്ന മസ്തിഷ്കത്തിന്റെ ഘടനയും പ്രവർത്തനവും അത്യത്ഭുതാവഹമാണു്. നിരവധി പ്രജ്ഞാതന്തുസമൂഹങ്ങളും പ്രജ്ഞാകോശങ്ങളും (nerve- fibres and nerve cells = പ്രജ്ഞയെ ശരീരത്തിന്റെ ഒരു ഭാഗത്തുനിന്നു് മറെറാരു ഭാഗത്തേക്കു വഹിച്ചുകൊണ്ടുപോകുന്ന അതിസൂക്ഷ്മമായ അറകളും) നിരനിരയായി നിരത്തി നിറച്ചിരിക്കുന്ന ഈ അവയവത്തെ അനേകായിരം പ്രജ്ഞാകോശങ്ങളാലും ധമനികളാലും നിർമ്മിക്കപ്പെട്ടിട്ടുള്ള ഒരു പുറംമൂടികൊണ്ടു് പൊതിഞ്ഞിരിക്കുന്നു. ഈ ആവരണത്തിലെ പ്രജ്ഞാകോശങ്ങളിൽ ചിലതിനു് എങ്ങനെയെങ്കിലും ഒരു സ്പന്ദനം (ചലനം) ഉണ്ടായെങ്കിൽ മാത്രമേ നമുക്കു് ഒരു ചിന്തയോ, വികാരമോ, ഇച്ഛയോ, ഓർമ്മയോ

മറെറന്തെങ്കിലും മാനസികവ്യാപാരമോ ഉണ്ടാകയുള്ളു. അതായത്തു് നമുക്കു് ഒരു ചിന്തയോ വികാരമോ മറേറാ ഉണ്ടാകുമ്പോൾ തലച്ചോറിന്റെ കഞ്ചുകത്തിലും തുടന്നു് തലച്ചോറിനകത്തും പ്രത്യേക കേന്ദ്രങ്ങളിലുള്ള പ്രജ്ഞാകോശങ്ങളിലും ധമനികളിലും അതിസൂക്ഷ്മമായ സ്പന്ദനങ്ങൾ ഉണ്ടാകുന്നതാണു്.

തലച്ചോറിനകത്തും പുറംമൂടിയിലും പ്രജ്ഞാകോശങ്ങളും ധമനികളും പല പല സംഘങ്ങളായിട്ടാണു് സ്ഥാപിതമായിരിക്കുന്നതു്. ശരീരത്തിന്റെ നാനാഅവയവങ്ങളിൽ നിന്നുവരുന്ന പ്രജ്ഞാധമനികൾ ഇവയിൽ ഓരോ പ്രത്യേക വിഭാഗവുമായി ഘടിപ്പിക്കപ്പെട്ടിരിക്കുന്നു. സ്പർശനപ്രജ്ഞയെ വഹിക്കുന്ന ധമനികൾ സ്പർശനചോദനങ്ങൾ സ്വീകരിക്കുന്നതിനു് പ്രത്യേക ശക്തിയുള്ള തലച്ചോറിന്റെ അംശവുമായിട്ടാണു് യോജിപ്പിക്കപ്പെട്ടിട്ടുള്ളതു്. അതുപോലെ ശ്രവണേന്ദ്രിയചോദനത്തെ സ്വീകരിക്കുന്ന ശ്രവണകേന്ദ്രവും, കാഴ്ചകളെ ഗ്രഹിക്കുന്ന വീക്ഷണകേന്ദ്രവും, രുചിഭേദങ്ങൾ വിവേചിച്ചറിയുന്ന രസഗ്രഹണകേന്ദ്രവും മസ്തിഷ്കത്തിലുണ്ടു്. ഈ സ്വീകരണകേന്ദ്രങ്ങൾക്കു പുറമേ ശരീരത്തിന്റെ നാനാഭാഗങ്ങളിലേക്കും സന്ദേശങ്ങൾ അയക്കുന്നതിലേക്കു പ്രത്യേകം പ്രത്യേകം പ്രക്ഷേപണകേന്ദ്രങ്ങളും അവിടെയുണ്ടു്. എല്ലാ സ്വീകരണകേന്ദ്രങ്ങളേയും പ്രക്ഷേപണ കേന്ദ്രങ്ങളേയും പരസ്പരം യോജിപ്പിച്ചുകൊണ്ടും ആവശ്യമുള്ളിടത്തോളം ചിന്താദികളെ ഒരു കേന്ദ്രത്തിൽ നിന്നു് മറെറാന്നിലേക്കു സംക്രമിപ്പിച്ചുകൊണ്ടും സ്ഥിതിചെയ്യുന്ന പരസ്സഹസ്രം ഘടനാധമനികൾ സദാ പ്രവർത്ത

നക്ഷത്രങ്ങളായിരിക്കുന്നു. ഇവയ്ക്കുപുറമെ സ്മരണകേന്ദ്രം ഭാവനാകേന്ദ്രം യുക്തികേന്ദ്രം തുടങ്ങിയ പല കേന്ദ്രങ്ങൾ കൂടി തലച്ചോറിനകത്തുണ്ടു്. ഇങ്ങനെ വിഭിന്ന സ്വഭാവമുള്ള അസംഖ്യം പ്രജ്ഞാകോശങ്ങളെ അനേകായിരം അതിസൂക്ഷ്മമായ പ്രജ്ഞാതന്തുക്കൾകൊണ്ടു ഘടിപ്പിച്ചു് സൃഷ്ടിച്ചിരിക്കുന്ന അത്ഭുതാശ്ചര്യകരമായ മസ്തിഷ്കമാണു് മനസ്സിന്റെ പ്രധാനമായ അവയവം.

ഏതെങ്കിലും കാരണത്താൽ ഒരു വ്യക്തിയുടെ തലച്ചോറു് ക്ഷീണിച്ചുപോകുകയാണെങ്കിൽ അയാൾ മന്ദമനസ്കനായി പരിണമിക്കുന്നു. തലച്ചോറിന്റെ ക്ഷീണം വിശ്രമംകൊണ്ടോ വ്യായാമംകൊണ്ടോ മറേറാ മാററുകയാണെങ്കിൽ അയാൾ ദ്രുതമനസ്കനാകും. തേയില, പുകയില തുടങ്ങിയ ലഹരിസാധനങ്ങളുപയോഗിച്ചാൽ തലച്ചോറിലേയ്ക്കു കൂടുതൽ രക്തപ്രവാഹമുണ്ടാകയും മാനസികപ്രവൎത്തനങ്ങൾക്കു താൽകാലികമായ കൂടുതൽ ഉണർവ്വ് ഉണ്ടാകുകയും ചെയ്യാറുണ്ടു്. തലച്ചോറിൽ ബലമായി അടിപററിയാൽ ഉടൻ ബോധക്ഷയമുണ്ടാകുന്നു. മുറിവേററാലും അങ്ങനെതന്നെ ജ്വരബാധിതരുടെ തലച്ചോറിൽ അധികമായിരക്തപ്രവാഹമുണ്ടാകുമ്പോളാണു് പിച്ചു് പറവാൻ ആരംഭിക്കുന്നതു്. മൃഗങ്ങളുടെ തലച്ചോറു് ശസ്ത്രക്രിയകൊണ്ടു മാററുകയും മറിയ്ക്കുകയും മററും ചെയ്തുനോക്കിയതിൽ ഗണനീയമായ സ്വഭാവവ്യത്യാസങ്ങൾ ശാസ്ത്രകാരന്മാൎക്കു കാണാൻ കഴിഞ്ഞിട്ടുണ്ടു്. ഒരു തവളയുടെ തലച്ചോറു മാററിയപ്പോൾ

ഉണ്ടായ അവസ്ഥാന്തരത്തെ ഒരു ശാസ്ത്രകാരൻ ഇപ്ര
കാരം വിവരിച്ചിരിക്കുന്നു:—

"പ്രകൃത്യാ ഉള്ള ബാഹ്യഭാവത്തിന്ന് വലിയ വ്യത്യാസമൊന്നും അതു പ്രകടിപ്പിച്ചില്ല. മലത്തിയിട്ടപ്പോൾ അതു് തിരിഞ്ഞു് ശരിയായി ഇരുന്നു. കാലിൽ നുള്ളിയപ്പോൾ അതു തട്ടത്തുചാടി. വെള്ളത്തിലിട്ടപ്പോൾ നീന്തി, കരയിൽ ചെന്നുകയറി, അനങ്ങാതെ ഇരുന്നു. മുതുകിൽ അടിച്ചപ്പോൾ ഉച്ചത്തിൽ നിലവിളിച്ചു. വെള്ളത്തിൽ ഇട്ടിട്ടു് ക്രമേണ വെള്ളത്തിൻെറ ചൂടു വർദ്ധിപ്പിച്ചപ്പോൾ രക്ഷപ്പെടാൻ ശ്രമങ്ങൾ അതു നടത്തി. ഏതെങ്കിലും പ്രേരണ കൂടാതെ അതിന്ന് അനങ്ങാൻ കഴിവുമായിരുന്നില്ല. സ്വാഭാവികമായ പ്രവൎത്തനങ്ങളെല്ലാം നിലച്ചു പോയിരുന്നു. സ്വയമേവ ഭക്ഷണം കഴിച്ചില്ലെന്നു മാത്രമല്ല, ചാകുന്നതുവരെയ്ക്കും അനങ്ങാതെ ഇരിക്കമാത്രമേ ചെയ്തുമുള്ളൂ."

ഉപരിജന്തുക്കളായ പൂച്ച, പട്ടി, കുരങ്ങു മുതലായ ജന്തുക്കളിലും ഇതുപോലുള്ള പരീക്ഷണങ്ങൾ നടത്തിനോക്കിയതിൽ ഫലങ്ങൾക്കു വലിയ വ്യത്യാസമൊന്നും കാണ്മാൻ കഴിഞ്ഞിട്ടില്ല. തലച്ചോറിലെ ഭാഷണസ്ഥാനത്തു് മുറിവോ, ചതവോ മറേറാ പററുകയാണെങ്കിൽ സംഭാഷണശക്തി നശിച്ചുപോകുന്നതാണു്. ചുണ്ടും നാക്കും മററു ഭാഷണാവയവങ്ങളും സ്വാധീനത്തിലിരിക്കുമെന്നു മാത്രമല്ല ശബ്ദങ്ങൾ പുറപ്പെടുവിക്കാനും ആ വ്യക്തിക്കു കഴിയുമെന്നുവരികിലും ആ ശബ്ദങ്ങളെ യോജിപ്പിച്ചു് ആശയങ്ങൾ പ്രകടിപ്പിക്കത്തക്ക ഭാഷ പ്രയോഗിക്കുവാനോ, എഴുതു

വാനോ, വായിക്കുവാനോ അയാൾക്ക് സാധിക്കുന്നതല്ല. 'ആഷ്‌വെ' എന്ന ഭിഷഗ്വരനാണ് ഇങ്ങനെ അഭിപ്രായപ്പെട്ടിട്ടുള്ളതു്. തലച്ചോറിലെ ഭാഷണസ്ഥാനത്തു് പേനാക്കത്തികൊണ്ടു് മുറിവേററ ഒരുവൻ ക്രമേണ വചനശക്തിയില്ലാതെ മൂകാവസ്ഥ പ്രാപിച്ചതു് തൻെറ അറിവിൽ പെട്ടിട്ടുണ്ടെന്നു് സാഹിത്യപഞ്ചാനനൻ പി. കെ. അവർകൾ രേഖപ്പെടുത്തിയിട്ടുണ്ടെന്നുള്ളതും പ്രസ്താവ്യമാണ്. തലച്ചോറിനും മനസ്സിനും തമ്മിലുള്ള ബന്ധം കാണിക്കുവാൻ ഒട്ടേറെ ഉദാഹരണങ്ങൾ ശാസ്ത്രകാരന്മാർ എടുത്തുകാണിക്കുന്നുണ്ടു്.

മുകൾഭാഗത്തു് അനവധി ചുരുളു (ചുളുക്കു)കളോടുകൂടിയ രണ്ടുഖണ്ഡങ്ങൾ അടുത്തടുത്തിരിക്കുന്ന ആകൃതിയാണ തലച്ചോറിനുള്ളതു്. ചാരനിറം കൂടുതലുള്ളതു് ഈ ചുളുക്കുകൾക്കാണ്. ഇച്ഛ, ഓർമ്മ, ബുദ്ധി, വികാരം തുടങ്ങിയ മനസ്സിൻെറ ഉപരിശക്തികളുടെയെല്ലാം ഇരിപ്പിടം ഈ ചുളുക്കുകളെന്നാണ് ശാസ്ത്രജ്ഞമതം. ഇവയിൽ ഓരോ ശക്തിയുടേയും കേന്ദ്രം ഇന്നിന്നിടമാണെന്നു് കണ്ടുപിടിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്നു് ശാസ്ത്രകാരന്മാർ അഭിമാനിക്കുന്നു. നമുക്കു് അവ‌ താന്തരം ഇവിടെ വിവരിക്കേണ്ട ആവശ്യമില്ല.

തലച്ചോറിനെ ശരീരത്തിൻെറ നാനാഭാഗങ്ങളുമായി ഘടിപ്പിക്കുന്ന പ്രജ്ഞാതന്തുമനികളേയും മനസ്സിൻെറ അവയവങ്ങളായി പരിഗണിക്കേണ്ടതാണെന്നു് പറഞ്ഞുവല്ലോ. മനസ്സിനു് ശരീരവുമായുള്ള ബന്ധത്തിനു് പ്രധാനാസ്പദ

മായ ഇവയ്ക്കു് തലച്ചോറിനെക്കാൾ പ്രാധാന്യമുണ്ടെന്നു പോലും ചിലർക്കു് അഭിപ്രായമുണ്ടു്.

---

## അദ്ധ്യായം ൩.

## പ്രജ്ഞാധമനിവ്യവസ്ഥ

പ്രജ്ഞാധമനിവ്യവസ്ഥയുടെ ഘടന മസ്തിഷ്കത്തിന്റേതിനേക്കാൾ ആശ്ചര്യജനകമാണു്. തലച്ചോറിൽനിന്നു പുറപ്പെട്ടു് ശരീരമാസകലം വ്യാപിക്കുന്ന ഈ സിരാവ്യവസ്ഥമൂലമാണു് മാനസികപ്രവർത്തനങ്ങൾ സാദ്ധ്യമാകുന്നതു്. മനഃശക്തികളെ വികസിപ്പിക്കുവാനും സുസമർത്ഥമാക്കുവാനും പ്രജ്ഞാസിരകളെ പരിശീലിപ്പിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യേണ്ടതാണെന്നു് ഇന്നു് പല പാശ്ചാത്യപണ്ഡിതന്മാരും അഭിപ്രായപ്പെട്ടുതുടങ്ങിയിട്ടുണ്ടു്. എന്നാൽ ഈ തത്വം അനേക ശതവർഷങ്ങൾക്കു മുമ്പു തന്നെ ഭാരതീയാചാര്യന്മാർ മനസ്സിലാക്കിയിരുന്നു എന്നു പറഞ്ഞുകഴിഞ്ഞുവല്ലോ. പ്രാണായാമ പരിശീലനത്തിന്റെ പ്രധാനോദ്ദേശ്യം മറ്റൊന്നുമായിരുന്നില്ല. ഇഡാപിംഗലകളുടേയും സുഷുമ്നാനാഡിയുടേയും വികസനത്തോടുകൂടിയ യോഗാഭ്യാസത്തിന്റെ ഫലമായി സകലവിധ വിജ്ഞാനങ്ങളും സമ്പാദിക്കാമെന്നു് പതഞ്ജലിപ്രമുഖന്മാർ ഉൽ

ഘോഷിച്ചതിനെ അനുസ്മരിപ്പിക്കത്തക്കവിധം ആധുനികശാസ്ത്രകാരന്മാരിൽ പ്രമാണികൾകൂടി മാനസികപ്രവർത്തനങ്ങളെല്ലാം സുസമർത്ഥമാകണമെങ്കിൽ പ്രഗത്ഭമായ പ്രജ്ഞാധമനിവ്യവസ്ഥയ്ക്കു് വിധേയമായിരിക്കേണ്ടതാണെന്നു് സിദ്ധാന്തിക്കുന്നതു കേൾക്കുമ്പോൾ പുസ്തകവായനയും രചനയും കണക്കും ഭൂമിശാസ്ത്രവും മററുംകൊണ്ടു് കുട്ടികളുടെ മാനസികശക്തികളെ വികസിപ്പിക്കാൻ ഉററുശ്രമിച്ചുകൊണ്ടിരിക്കുന്ന വിദ്യാഭ്യാസപ്രവർത്തകന്മാർ ഒന്നു് തിരിഞ്ഞുനിന്നു് അല്പം ആലോചിച്ചിട്ടു് പോകേണ്ടതല്ലേ?

ചിലർക്കു് ജന്മസിദ്ധമായിത്തന്നെ സുസമർത്ഥമായ സിരാവ്യവസ്ഥ ഉണ്ടായിരിക്കുന്നതാണു്. പാരമ്പര്യമായിരിക്കണം ഇതിനു ഹേതു എന്നാണു് ശാസ്ത്രകാരന്മാർ പറയുന്നതു്. മിയ്ക്കവാറും ശാരീരികമായ ആരോഗ്യത്തേയും ഓജസ്സിനേയും അനുസരിച്ചാണു് പ്രജ്ഞാസിരകളുടെ പ്രഗത്ഭത പ്രകടമാകാറുള്ളതു്.

പ്രജ്ഞാധമനികൾ തലച്ചോറിന്റെ തുടർച്ചയാണെന്നാണു് ചിലരുടെ അഭിപ്രായം. തലച്ചോറിന്റെ അടിവശത്തുനിന്നു് പുറപ്പെട്ടു്, ഒന്നിനു മുകളിൽ ഒന്നായി ഘടിപ്പിച്ചിരിക്കുന്ന ഇരുപത്തിനാലു മുതുകെല്ലുകളിൽ ഓരോന്നിന്റേയും മദ്ധ്യത്തുള്ള ദ്വാരത്തിൽകൂടി ആസനപ്രദേശംവരെ എത്തുന്ന പ്രധാന ധമനി (സുഷുമ്ന)യിൽ നിന്നാണു് ശരീരത്തിന്റെ നാനാഭാഗങ്ങളിലേക്കും ശാഖകളും ഉപശാഖകളും പിരിഞ്ഞുപോകുന്നതു്. അതുകൊണ്ടു് ഈ അഭിപ്രായം തെററല്ല

പ്രജ്ഞാധമനികൾ അനേകകോടി പ്രജ്ഞാകോശങ്ങൾകൊണ്ടാണു് നിർമ്മിക്കപ്പെട്ടിരിക്കുന്നതെന്നു് ശാസ്ത്രകാരന്മാക്കു കണ്ടുപിടിക്കാൻ കഴിഞ്ഞിട്ടുണ്ടു്. അതിസൂക്ഷ്മദർശിനികൊണ്ടുമാത്രം കാണാവുന്ന ഓരോ കോശവും ജീവനുള്ള ഓരോ പ്രത്യേക അണുകമാണു്. അതു് പല രൂപത്തിലുമുണ്ടു്. സ്തംഭാകൃതിയിലും, സൂച്യഗ്രസ്തംഭംപോലെയും, ത്രികോണാകൃതിയിലും ചിലപ്പോൾ പ്രത്യേക ആകൃതിയൊന്നുംകൂടാതേയുമാണു് അവ കാണപ്പെടുന്നതു്. മദ്ധ്യഭാഗം കൂടുതൽ കട്ടിയായിരിക്കും. ഈ കോശങ്ങളുടെ പ്രധാനജോലി നമ്മുടെ മാനസികപ്രവൎത്തനങ്ങൾക്കു് ആവശ്യമുള്ള പ്രജ്ഞാശക്തി നിർമ്മിക്കുകയാകുന്നു. ചിന്താതാന്തനായിരിക്കുന്ന ഒരാളിന്റെ പ്രജ്ഞാകോശങ്ങൾ ചുളുങ്ങിയിരിക്കുക സാധാരണമാണു്. അയാൾ വിശ്രമിച്ചു കഴിയുമ്പോൾ അവ വികസിക്കുന്നു. ഇപ്രകാരമുള്ള ആയിരം കോടിയിൽ പരം പ്രജ്ഞാകോശങ്ങൾ ഒരു മനുഷ്യശരീരത്തിലുണ്ടു്.

പ്രജ്ഞാധമനികളുടെ സ്വരൂപം, സ്വഭാവം നിറം, തൂക്കം, സ്ഥാനം തുടങ്ങിയ പല സംഗതികളെക്കുറിച്ചും ശാസ്ത്രകാരന്മാർ സൂക്ഷ്മമായ പഠനങ്ങൾ നടത്തിയിട്ടുണ്ടു്. മനശ്ശാസ്ത്രവിദ്യാൎത്ഥികൾ അവയെല്ലാം ഗ്രഹിച്ചിരിക്കേണ്ടതാണു്. ശിശുമനശ്ശാസ്ത്രത്തിൽ അത്യാവശ്യമായ ഒന്നുരണ്ടു സംഗതികൾകൂടി മാത്രമേ ഇവിടെ വിവരിക്കുന്നുള്ളു.

പ്രജ്ഞാധമനികളും പ്രജ്ഞാകോശങ്ങളും പരസ്പരം ഘടിപ്പിച്ചിരിക്കുന്ന സമ്പ്രദായം ശ്രദ്ധേയമാണു്. പ്രജ്ഞാതന്തുക്കൾ (ഞരമ്പുനാരുകൾ) രണ്ടുവിധത്തി

ലുണ്ട്. നീളം കുറഞ്ഞു്, വൃക്ഷാകൃതിയിൽ ശാഖോപശാഖകളായി പിരിയുന്നവയും, നീളത്തിൽ പാഞ്ഞു് ശരീരത്തിൻെറ നാനാ അവയവങ്ങളിലും ചെന്നുചേരുന്നവയും. ഇവയുടെ അററങ്ങൾ ബ്രഷ്പോലെ അനേകം ചെറുനാരുകളായി പിരിഞ്ഞോ പ്ളേററുപോലെ പരന്നോ കാണപ്പെടുന്നു. ഒരു പ്രജ്ഞാകോശം മറെറാന്നിനോട്ട് ഘടിക്കുന്നതു് ഈ ചെറുനാരുകളുടെ സാന്നിധ്യത്താലാകുന്നു. അവ പരസ്പരം സ്പർശിക്കുന്നുണ്ടെന്നല്ലാതെ അവയുടെ വളച്ച് ഒന്നിച്ചല്ല. ഈ പ്രജ്ഞാകോശസന്ധികളെ 'Synapse' സിനാപ്സ് എന്നു വിളിക്കുന്നു. ഇവ പ്രജ്ഞയുടെ പ്രവാഹത്തിനു് ഒരു തടസ്സമാണു് നൽകുന്നതു്; എങ്കിലും ഒരിക്കൽ അവയിൽ കൂടി ഒരു പ്രവാഹമുണ്ടായിക്കഴിഞ്ഞാൽ, അതേ മാതിരി പ്രവാഹങ്ങളെ കടത്തിവിടുവാനുള്ള വൈമനസ്യം അവയ്ക്കു് ക്രമേണ കുറയുകയും, ഇങ്ങനെ പല പ്രാവശ്യമായിക്കഴിയുമ്പോൾ അവയെയാതൊരു തടസ്സവും കൂടാതെ കടന്നുപൊയ്ക്കൊള്ളുവാൻ അനുവദിക്കയും ചെയ്യുന്നതാണു്. എന്നാൽ വിഭിന്നസ്വഭാവമുള്ള പ്രജ്ഞാപ്രവാഹങ്ങളെ സ്വാഗതം ചെയ്യുവാൻ അവ തീരെ ഇഷ്ടപ്പെടുന്നില്ല. ഈ സ്വഭാവവിശേഷമാണു് ഓരോ ശീലങ്ങൾ ബാല്യത്തിൽ ഉറപ്പിക്കുന്നതിനു് കാരണമായിരിക്കുന്നതു്. ബാല്യത്തിൽ ദൃഢീകൃതമാകുന്ന ശീലങ്ങൾ മാററാൻ വിഷമമായിരിക്കുന്നപോലെതന്നെ പ്രായമായാൽ പുതിയ ശീലങ്ങൾ രൂപവൽക്കരിക്കുവാൻ വിഷമമായിരിക്കുന്നതും പ്രജ്ഞാകോശസന്ധികളുടെ ഈ അത്ഭുതസ്വഭാവത്താലാകുന്നു.

 L. 339

ഒരു മഹാബുദ്ധിശാലിയുടേയും ഒരു സാധാരണക്കാരന്റേയും പ്രജ്ഞാകോശങ്ങൾക്കും ധമനികൾക്കും എണ്ണത്തിൽ വലിയ വ്യത്യാസമൊന്നും വരാനിടയില്ല. സാധാരണക്കാരിൽ എല്ലാകോശങ്ങളും വികാസവും പക്വതയും പ്രാപിക്കുന്നില്ലെന്നു മാത്രമേ ഉള്ളു. ശിശുക്കളുടെ കാര്യത്തിലും ഇതുപോലെതന്നെയാണ്. പ്രായമാകുന്തോറും വികസിച്ചു് പരിപക്വമാകുന്ന സകല പ്രജ്ഞാകോശങ്ങളുടേയും ബീജങ്ങൾ അവരിൽ ലയിച്ചിട്ടുണ്ട്. പ്രജ്ഞാധമനിവ്യവസ്ഥയുടെ വളർച്ച മററു ശാരീരികാവയവങ്ങളുടെ വളർച്ചയെ അപേക്ഷിച്ചു് ഏററവും ദ്രുതഗതിയിലാണ്. അഞ്ചുവയസ്സാകുമ്പോൾ പൂർണ്ണവികാസത്തിലുണ്ടാകാവുന്ന ഘന(ത്തുക്ക)ത്തിന്റെ നാലിൽ ഒന്നായിരിക്കുന്നതു് ആറാം വയസ്സിൽ പത്തിലൊൻപതായി വർദ്ധിക്കുന്നു. ഇങ്ങനെ ഘനം വർദ്ധിക്കുന്നുണ്ടെങ്കിലും പ്രജ്ഞാതന്തുക്കൾ വേണ്ടപോലെ വികസിതമാകുന്നില്ല; പരസ്പരബന്ധങ്ങളും സുഘടിതമാകുന്നില്ല. അതുകൊണ്ടാണ് ശിശുക്കളുടെ മാനസികപ്രവർത്തനങ്ങൾ സൂക്ഷ്മവും സമർത്ഥവുമാകാതിരിക്കുന്നതു്.

പ്രജ്ഞാധമനിവ്യവസ്ഥയുടെ സംരക്ഷണത്തിലും വികസനത്തിലും അന്യൂനമായ ശ്രദ്ധ പതിപ്പിക്കേണ്ടതു് അപരിത്യാജ്യമാണ്. പ്രജ്ഞാധമനികൾ ജ്ഞാനേന്ദ്രിയങ്ങളും കർമ്മേന്ദ്രിയങ്ങളുമായി ഘടിപ്പിക്കപ്പെട്ടിട്ടുള്ളവയാകയാൽ ഐന്ദ്രികമായ അഭ്യസനംകൊണ്ടു് അവയെ സുസമർത്ഥമാക്കാമെന്നു വരുന്നു. ശരീരശുദ്ധിയും ആരോഗ്യപരിപാലനവും ഇതിലേക്ക് അത്യന്താപേക്ഷി-

തമാണ്. വ്യായാമം, വിശിഷ്യ ശ്വാസനിയന്ത്രണപരമായ വ്യായാമം ആരോഗ്യവും ഓജസ്സും വർദ്ധിപ്പിക്കുകയും ധമനിവ്യവസ്ഥയെ ശക്തിപ്പെടുത്തുകയും ചെയ്യും. പ്രാണായാമം ഭാരതീയരുടെ പൈതൃകമായ സ്വത്താണെന്നുള്ളതു് നമുക്കു് അഭിമാനജനകമാണ്. മഹായുദ്ധങ്ങൾക്കിടയിൽ—യുദ്ധഭൂമിയിലെ രക്തച്ചൊരിച്ചിലിനിടയിൽ വച്ചുപോലും—പ്രാണായാമവും സന്ധ്യാവന്ദനവും ചെയ്യാനുള്ള സന്ദർഭങ്ങൾ അനുവദിച്ചുകൊടുത്തിരുന്നതായി നമ്മുടെ ഇതിഹാസഗ്രന്ഥങ്ങൾ ഉൽഘോഷിക്കുന്നു. ആധുനിക പാശ്ചാത്യപണ്ഡിതന്മാരുടെ പ്രശംസയ്ക്കും സ്വീകരണത്തിനുംകൂടി പാത്രമായിത്തീൎന്നിട്ടുള്ള പ്രാണായാമത്തിന് ശിശുക്കളുടെ വിദ്യാഭ്യാസകരിക്കലത്തിൽ ശരിയായ സ്ഥാനം നൽകാതരിക്കുന്നതു് ആത്മഹത്യാപരമായ ഒരു പാതകമാണെന്നു പറയുന്നതുപോലും അത്യുക്തിയാകയില്ല.

ആധുനികപണ്ഡിതന്മാർ മനസ്സിനെ സംബന്ധിച്ചുനടത്തുന്ന ശാസ്ത്രീയഗവേഷണങ്ങളുടെ സ്വഭാവത്തേയും തന്മൂലമുണ്ടായിട്ടുള്ള ആധുനികമനശ്ശാസ്ത്രത്തിന്റെ സ്വരൂപത്തേയുംകുറിച്ചുകൂടി രണ്ടുവാക്കു പറയേണ്ടതായിട്ടുണ്ടു്.

അദ്ധ്യായം ൧

---

## ശാസ്ത്രീയഗവേഷണ സമ്പ്രദായങ്ങളും ആധുനിക മനശ്ശാസ്ത്രവും

മനസ്സിനെ സംബന്ധിക്കുന്ന തത്വങ്ങൾ ഗ്രഹിക്കുവാൻ രണ്ടു പ്രധാന മാർഗ്ഗങ്ങളാണുള്ളതു്. ഒന്നാമത്തേതു് ഒരാൾ തൻെറ മനസ്സിൻെറ സ്വഭാവം തന്നത്താൻ പരിശോധിച്ചു നോക്കുന്നതാകുന്നു; രണ്ടാമത്തേതു് അന്യരുടെ മനസ്സിനെ സൂക്ഷിച്ചു പഠിച്ചു് തത്വങ്ങൾ ഗ്രഹിക്കുവാൻ ശ്രമിക്കുന്നതാണു്.

ഇവയിൽ ആത്മപരിശോധനയ്ക്കു് നമ്മുടെ മനസ്സിനെ മനസ്സിലേയ്ക്കു് തന്നെ തിരിക്കേണ്ടിവരുന്നു. അപ്പോൾ മനസ്സിൻെറ ഒരു ഭാഗം പരിശോധിക്കുന്നതിനു് മറെറാരു ഭാഗത്തെ പരിശോധകമാക്കണം അങ്ങനെ വരുമ്പോൾ പരിശോധകമായിരിക്കുന്ന അംശത്തിനു് സ്വയം പരിശോധിക്കാൻ കഴിയുന്നതല്ലല്ലോ. മാത്രമല്ല പരിശോധിക്കുന്ന വ്യക്തികളുടെ സ്വഭാവഗതി അനുസരിച്ചു് ഗ്രഹിക്കുന്ന തത്വങ്ങൾക്കു വ്യത്യാസവും കാണപ്പെടും. ഇക്കാരണങ്ങളാൽ സ്വയം പരിശോധനാമാർഗ്ഗം സൂക്ഷ്മഫലപ്രദമല്ല എന്നു വരുന്നു.

പരമനഃപരിശോധനയ്ക്കു് പല മാർഗ്ഗങ്ങളും ശാസ്ത്രകാരന്മാർ സ്ഥാപിച്ചിട്ടുണ്ടു്. ശരീരവും മനസ്സുംകൂടി യോജിപ്പിച്ചു് മാനസികതത്വങ്ങൾ ഗ്രഹിക്കുവാനുള്ള ശ്രമങ്ങൾ പ്രസ്താവയോഗ്യങ്ങളാണു്. ഇതിലേക്കായി മാംസ

പേശികൾ, ബാഹ്യവും ആന്തരവുമായ മാംസപിണ്ഡങ്ങൾ (Glands), നാഡീസമൂഹങ്ങൾ, പ്രജ്ഞാധമനികൾ ഹൃദയമസ്തിഷ്കാദികളായ ആന്തരാവയവങ്ങൾ, ബാഹ്യേന്ദ്രിയങ്ങൾ ഇവയെല്ലാം സുസൂക്ഷ്മമായി പരിശോധിച്ച് പഠിച്ച് അവയ്ക്ക് മനസ്സുമായുള്ള ബന്ധം കണ്ടുപിടിക്കുവാനാണ് ഉദ്യമിച്ചുവരുന്നത്. ഈ പ്രസ്ഥാനക്കാർ മനശ്ശാസ്ത്രത്തെ ഒരു സുനിശ്ചിതശാസ്ത്രമാക്കിത്തീർക്കുവാൻ തങ്ങൾക്കു സാധിച്ചിട്ടുണ്ടെന്ന് സാഭിമാനം അവകാശപ്പെടുന്നു. പല യന്ത്രങ്ങളും ഉപകരണങ്ങളും ഇതിലേയ്ക്കായി അവർ നിർമ്മിച്ചിട്ടുണ്ട്. ക്രോണോഗ്രാഫ്, സ്റ്റോബോസ്കോപ്പ്, സൂഡോപ്റ്ററിക്സ്, ആംഗോമീററർ തുടങ്ങിയ യന്ത്രവിശേഷങ്ങളുടെ സഹായത്താൽ ശരീരത്തിൻെറ നാനാഭാഗങ്ങളിൽനിന്ന് മസ്തിഷ്കത്തിലേയ്ക്ക് ഒരു ചിന്ത സഞ്ചരിക്കുന്നതിന് ഒരു സെക്കൻഡിൻെറ എത്രയിലൊരുഭാഗം സമയമാണ് ആവശ്യമെന്നും, ചിന്തയുടെ ഗതിവേഗം എന്താണെന്നും, ചിന്താശക്തിയുടെ സ്വഭാവം ഓരോരുത്തരിലും ശാരീരികമായ ഏതേതംശങ്ങളേയും ഏതേതു മാതിരി ഭക്ഷണങ്ങളേയും ആരോഗ്യാവസ്ഥകളേയും സുഖാസുഖങ്ങളേയും ആസ്പദിച്ചിരിക്കുന്നു എന്നും മററും അതിസൂക്ഷ്മമായ കണക്കുകൾ അനേകായിരം പരീക്ഷണങ്ങൾക്കു ശേഷം അവർക്ക് എടുക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

മനസ്സിനെ അപഗ്രഥിച്ചുപഠിക്കുന്നതാണ് മറെറാരു സമ്പ്രദായം. മനസ്സിനെ അതിൻെറ അംശങ്ങളായ ചിന്തകൾ, വികാരങ്ങൾ, ഇച്ഛകൾ തുടങ്ങിയ പല അംശങ്ങ

ങ്ങളായി അപഗ്രഥിച്ച് ഓരോന്നിൻേറയും സ്വഭാവ വിശേഷങ്ങൾ ഗവേഷണങ്ങൾകൊണ്ട് മനസ്സിലാക്കുന്ന താണ് ഈ സമ്പ്രദായക്കാരുടെ ലക്ഷ്യം. മാനസികരോഗികളുടെ ചികിത്സാകേന്ദ്രങ്ങളിൽവച്ചു നടത്തപ്പെടുന്ന ഗവേഷണങ്ങൾ ഇക്കൂട്ടത്തിൽ വളരെ പ്രാധാന്യമർഹിക്കുന്നു. ചുഴലി, അപസ്മാരം, ഉന്മാദം തുടങ്ങിയ രോഗങ്ങളുടേയും രോഗബാധിതരുടേയും ചരിത്രം പഠിക്കുവാൻ ചെയ്യുന്ന ശ്രമങ്ങളിൽനിന്ന് ചില ബാല്യകാലാനുഭവങ്ങൾക്ക് ഒരു ജീവിതത്തെ എങ്ങനെയെല്ലാം ബാധിക്കുവാനും വ്യതിചലിപ്പിക്കുവാനും സാധിക്കുമെന്ന് വ്യക്തമാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഫ്രായിഡ്, യുങ്, ആഡ്ലർ തുടങ്ങിയ പ്രശസ്ത ശാസ്ത്രകാരന്മാരുടെ പേരുകൾ അപഗ്രാഥകരുടെ കൂട്ടത്തിൽ പ്രഥമഗണനീയങ്ങളാകുന്നു. ഉപബോധമനസ്സിൻെറ സാന്നിധ്യവും പ്രാധാന്യവും സ്ഥാപിക്കാൻ കഴിഞ്ഞതു് ഇക്കൂട്ടർക്കാണെന്നുള്ളതു് സ്മരണീയമാണ്. അപഗ്രഥനംകൊണ്ട് അനവധി ശിശുക്കളെ (പ്രായമായവരേയും) ഗണനീയമായ ആപത്തുകളിൽനിന്ന് രക്ഷിക്കുവാനും അവരുടെ സ്വഭാവത്തിനും ജീവിതത്തിനും പരിവർത്തനം വരുത്തുവാനും സാധിച്ചിട്ടുണ്ട്.

അപഗ്രഥനത്തോട് വളരെ സാദൃശ്യമുള്ളതാണ് ഉദ്ഗ്രഥനം. ഈ സമ്പ്രദായക്കാർ മനസ്സിനെ അംശീകരിക്കുവാൻ വിസമ്മതിക്കുന്നു. അവരിൽ ഒട്ടും അപ്രധാനനല്ലാത്ത ഹെർബാർട്ട് മനസ്സിൻെറ സ്വഭാവം വിവരിച്ചിട്ടുള്ളതു് പരിശോധിച്ചാൽ അവരുടെ സമ്പ്ര

ദായത്തിൽ അടങ്ങിയിരിക്കുന്ന തത്ത്വം എളുപ്പം മനസ്സിലാക്കാം. "പുറമേ നിന്നുള്ള സ്പന്ദനങ്ങളോ പ്രതിഫലനങ്ങളോ കൊണ്ട് വ്യതിചലിക്കുവാൻ മനസ്സിന് വളരെ മടിയാണ്; എങ്കിലും അത് അങ്ങനെ വ്യതിചലിക്കാതിരിക്കുന്നില്ല; മാത്രമല്ല, ഒരിക്കൽ വ്യതിചലിച്ചുകഴിഞ്ഞാൽ അതിനു പൂർവ്വാവസ്ഥയിലേക്കു മടങ്ങുവാൻ വലിയ വൈമനസ്യവുമാണ്. പുറമേ നിന്നുണ്ടാകുന്ന പ്രതിഫലനങ്ങളുടെനേർക്ക് പ്രത്യാഘാതം ചെയ്യാനുള്ള ശക്തിയും അതിനുണ്ട്. ഈ സ്വഭാവവിശേഷങ്ങളെല്ലാം മനസ്സിന്റെ ഏതെങ്കിലും ഒരു അംശത്തിനോ വകുപ്പിനോ ഉള്ള പ്രത്യേകതയല്ല. മനസ്സിന് അങ്ങനെ ഒരു വിഭജനം കല്പിക്കാവുന്നതല്ല; പല സ്വഭാവവിശേഷങ്ങളുള്ള ഒന്ന്, എന്നല്ലാതെ 'പലതു്' ആയി അതിനെ വിഭജിക്കുന്നതു് ശരിയല്ല." ഉദ്ഗ്രാഹകർ മനസ്സിന്റെ സ്വഭാവവിശേഷങ്ങളെല്ലാം പ്രത്യേകം പ്രത്യേകമായി പരിശോധിച്ച്, അവയെ മനസ്സുമായി ഘടിപ്പിച്ച്, മനസ്സിന്റെ സ്വഭാവം ഗ്രഹിക്കുന്നതാണ് ശരിയായ മാർഗ്ഗമെന്നു വിചാരിക്കുന്നു എന്നുള്ളതു് ഈ വിവരണം സ്പഷ്ടമാക്കുന്നു. യാഥാർത്ഥ്യമാലോചിച്ചാൽ ഈ രണ്ടു സമ്പ്രദായങ്ങളും തമ്മിൽ വലിയ വ്യത്യാസമൊന്നുമില്ല. അപഗ്രാഹകൻ അവരുടെ ഏകകം (Unit) ആയിട്ട് ഒരു വലിയ വസ്തുവായ മനസ്സിനെ സ്വീകരിച്ച് അതിനെ അംശീകരിച്ച് അതിന്റെ സ്വഭാവം മനസ്സിലാക്കുന്നു. ഉദ്ഗ്രാഹകരാകട്ടെ, ചെറിയ വസ്തുക്കളായ ചിന്താ

ദികളെ ഏകകമായി സ്വീകരിച്ചു്, അവയെ പരിശോധിക്കുകയും മനസ്സുമായി ഘടിപ്പിക്കുകയും ചെയ്തു് മനസ്സിൻെറ സ്വഭാവം ഗ്രഹിക്കാൻ ശ്രമിക്കുന്നു. കാൎയ്യത്തിൽ രണ്ടും ഒന്നുതന്നെയാണു്.

ആത്മോപബോധനപ്രസ്ഥാനക്കാരുടെ(Auto-Suggestionists of the French School of Applied Psychology) സമ്പ്രദായത്തെക്കുറിച്ചു് സൂചിപ്പിച്ചുകഴിഞ്ഞിട്ടുണ്ടു്. അപഗ്രഥനത്തിനോട്ട് വളരെ അടുപ്പമുള്ള ഈ പ്രസ്ഥാനം പ്രാബല്യത്തിൽ വന്നുകൊണ്ടിരിക്കുന്നു. മനശ്ശാസ്ത്രതത്വങ്ങളെ പ്രായോഗികമാക്കുവാനും ദൈനന്ദിനജീവിതവുമായി പൊരുത്തപ്പെടുത്തുവാനുമാണു് ഇവർ ഉദ്യമിക്കുന്നതു്. ശിശുക്കളുടെ ജീവിതം ഉപബോധമനസ്സിനു നൽകുന്ന ശരിയായ പരിശീലനം കൊണ്ടു് പരിശുദ്ധവും ഉൽകൃഷ്ടവുമാക്കാമെന്നു് ഇവർ ദൃഢമായി വിശ്വസിക്കുന്നു.

മാസ്മരവിദ്യ, സ്വാപവിദ്യ (Mesmerism Hypnotism) തുടങ്ങിയ അത്ഭുതസമ്പ്രദായങ്ങൾ കൊണ്ടുംമനസ്സിന്റെ ഗഹനതലങ്ങളിലേക്കു പ്രവേശിക്കുവാനുംസൂക്ഷ്മസ്വഭാവം ഗ്രഹിക്കുവാനും പലരും ഉദ്യമിച്ചുവരുന്നുണ്ടു്. സ്വയംസ്വാപന, (Auto-Hypnosis) വിദ്യയ്ക്കു എമലേക്കുവേ, അബ്രാമൗസ്കി (Professor Abramousky of Warsaw Institute)തുടങ്ങിയ മഹാപണ്ഡിതന്മാർ വിദ്യാഭ്യാസപരമായും സാംസ്കാരികമായും വലിയ വിലയും മഹത്വവുമാണു് കല്പിച്ചിട്ടുള്ളതു്. ഇമ്മാതിരി അത്ഭുതവിദ്യകൾചിലരുടെ ആക്ഷേപത്തിനു് പാത്ര

മായിട്ടുണ്ടെന്നു വരുകിലും ക്രമേണ അവയും ശാസ്ത്രകാരന്മാരെ സ്വാധീനപ്പെടുത്തിവരുന്നുണ്ട്.

ശിശുമനസ്സിന്റെ സൂക്ഷ്മസ്വഭാവം ഗ്രഹിക്കുവാൻ പലവിധ പരീക്ഷണസമ്പ്രദായങ്ങളും ഇന്ന് ശാസ്ത്രകാരന്മാർ സ്വീകരിച്ചുവരുന്നു. ലെനിൻഗ്രാഡ്, ജിനീവാ, വാർസാ തുടങ്ങിയ പല കേന്ദ്രങ്ങളിലും ശിശുക്കളെ ജനനം തുടങ്ങി അതിസൂക്ഷ്മമായി പരിശോധിക്കുവാൻ വേണ്ട സൗകര്യങ്ങൾ ചെയ്തിട്ടുണ്ട്. കൂട്ടമായും ഒററയായുമുള്ള അവരുടെ പെരുമാററങ്ങൾ പരസ്യമായും രഹസ്യമായും പരിശോധിക്കുക, ചോദ്യോത്തരങ്ങൾ മുഖേന അവരുടെ മനോഗതി അവധാരണം ചെയ്യുക, പലവിധത്തിലുമുള്ള അന്വേഷണങ്ങൾ അവരെ സംബന്ധിച്ചു നടത്തുക, തുടങ്ങിയ പല സമ്പ്രദായങ്ങളും അനുഷ്ഠിച്ചുവരുന്നു. എങ്ങനെയെങ്കിലും ശിശുഹൃദയത്തിലെ ഏററവും മങ്ങിയ നിഴലുകൾപോലും ഗ്രഹിക്കുവാൻ ശ്രമിക്കുകയാണ് ശാസ്ത്രകാരന്മാരുടെ ഉന്നം. "അതു മനസ്സാക്ഷിയെ നിലനിറുത്തി നാം നിർവ്വഹിക്കേണ്ട കർത്തവ്യമാണ്" എന്ന് ഡാക്ടർ മാണ്ടിസോറി അഭിപ്രായപ്പെടുന്നതിനോട് വിയോജിക്കുന്നവർ ആരും കാണുമെന്നു തോന്നുന്നില്ല.

ഇത്രയൊക്കെ ബുദ്ധിമുട്ടുന്നുണ്ടെന്നു വരുകിലും പാശ്ചാത്യരുടെ മനശാസ്ത്രം പൂർണ്ണതയിൽ എത്തിയിട്ടില്ലെന്നു തന്നെ പറയേണ്ടിയിരിക്കുന്നു. പല സുപ്രധാന സംഗതികളും ഇനിയും അജ്ഞാതമായിരിക്കുന്നതേ ഉള്ളു. ഗവേഷണങ്ങളും പരീക്ഷണങ്ങളും മുറയ്ക്ക് അക്ഷീണമായി നടത്തിക്കൊണ്ടിരിക്കുന്ന അവരുടെ ഉത്സാഹവും പരിശ്രമവും അപ്രതിമമെന്നു തന്നെ പറയാവുന്നതാണ്.

അടുത്തതായി ഒരു ശിശുവിൻെറ മാനസികസമ്പത്തിൻെറ സ്വഭാവമാണു് പരിഗണിക്കേണ്ടതു്. എന്നാൽ "ശിശുഹൃദയപരിഗണനയിൽ ഒട്ടും അപ്രധാനമല്ലാത്ത ഒരു ഘടകം" എന്നു് ഒരു മഹാൻ അഭിപ്രായപ്പെട്ടിട്ടുള്ള 'പാരമ്പര്യ'ത്തെക്കുറിച്ചു് ചിന്തിക്കാതെ ആയതിലേക്കു് ഒരുങ്ങുന്നതു് യുക്തമായിരിക്കയില്ല.

---

## അദ്ധ്യായം വ്വ

---

## പാരമ്പര്യം

മാതാപിതാക്കന്മാരുടേയോ മററു പൂർവ്വികരുടേയോ ആകൃതിപ്രകൃതികൾ സന്താനപരമ്പരയിൽ പകർന്നു കാണുന്നതിനെയാണു് പാരമ്പര്യം എന്ന പദംകൊണ്ടു് വിവക്ഷിക്കപ്പെടുന്നതു്.

അച്ഛനമ്മമാരുടെ കായികലക്ഷണങ്ങൾ സന്താനങ്ങളിൽ സംക്രമിച്ചു കാണുന്നതു് സാധാരണമാകുന്നു. മുഖാകൃതി—വിശിഷ്യ കണ്ണും മൂക്കും അധരപ്രദേശവും—കൈകാലുകളുടെ രൂപം, ശബ്ദം, സംഭാഷണരീതി, നടപ്പ് തുടങ്ങിയ പല സംഗതികളിലും ഗണനീയമായ സാമ്യം കണ്ടുവരുന്നുണ്ടു്. ഇങ്ങനെ ബാഹ്യലക്ഷണങ്ങൾ പകരുന്നപോലെ ആന്തരമായ സ്വഭാവവിശേഷങ്ങളും പകരുന്നുണ്ടോ? ഭക്ഷണസംബന്ധമായ രുചി, കലാപരമായ വാസനകൾ, സ്വഭാവഗുണങ്ങൾ, ശീലങ്ങൾ, ബുദ്ധിശക്തി തുടങ്ങിയ പല കാര്യങ്ങളിലും ശിശുക്കൾ

മാതാപിതാക്കന്മാരേയും ചിലപ്പോൾ മററു പൂർവ്വികരേയും അനുസരിക്കാറുള്ളതു് പാരമ്പര്യത്താലോ, അതല്ല പരിതഃസ്ഥിതികളുടെ പ്രേരണമൂലമോ?

രസകരമായ പല ഗവേഷണങ്ങളും ഈ വിഷയത്തിൽ നടത്തപ്പെട്ടിട്ടുണ്ടു്. മെൻഡൽ എന്ന ആസ്ത്രിയൻ പുരോഹിതൻ പല ചെടികളിലും ജന്തുക്കളിലും പാരമ്പര്യഫലമായുണ്ടാകുന്ന സാമ്യവ്യത്യാസങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളതു് ശ്രദ്ധേയമാണു്. പൊങ്ങൻ പയർച്ചെടികളേയും കുറുവൻപയർച്ചെടികളേയും അദ്ദേഹം ഒട്ടൽ സമ്പ്രദായം കൊണ്ടു് കൃത്രിമമായി യോജിപ്പിച്ചു. ഒട്ടുചെടികളിൽ നിന്നുണ്ടായ വിത്തുകളെല്ലാം ആദ്യത്തെ തലമുറയിൽ പൊങ്ങൻ പയറുകളെയാണ് ജനിപ്പിച്ചതു്. ഇവയെ അദ്ദേഹം വീണ്ടും ഒട്ടിനോക്കിയതിൽ അടുത്ത തലമുറയിൽ മൂന്നു പൊങ്ങനു് ഒരു കുറുവൻ വീതം പ്രത്യക്ഷപ്പെട്ടു. അതിനടുത്ത തലമുറയിൽ കുറുവന്മാരിൽനിന്നു് കുറുവന്മാർ മാത്രമേ ആവിർഭവിച്ചുള്ളൂ. മൂന്നു പൊങ്ങന്മാരിൽ ഒരുവൻ ശുദ്ധബീജനായി നിന്നുകൊണ്ടു് പൊങ്ങന്മാരെ മാത്രം ജനിപ്പിച്ചു് മററു രണ്ടുപേരും അടുത്ത തലമുറകളിൽ മൂന്നും ഒന്നും വീതമുള്ള ക്രമത്തിനു് സപഗുണവും പരഗുണവും (പൊക്കക്കൂടുതലും പൊക്കക്കുറവും) ഉള്ള ചെടികളെ ഉല്പാദിപ്പിച്ചു പോന്നു. പലവിധം മുയലുകളിലും അദ്ദേഹം പരീക്ഷണങ്ങൾ നടത്തി നോക്കി. അവയിലും ഇതേമാതിരി ഫലം തന്നെ അദ്ദേഹത്തിനു കാണ്മാൻ സാധിച്ചു. പല തലമുറകൾ കഴിഞ്ഞാലും 'തായ് സ്വഭാവം' തകരാറു പററാതെ പരിരക്ഷിക്കപ്പെടുമെന്നാണു് ഈ പരീക്ഷണങ്ങൾ സ്പഷ്ടമാക്കിയതു്.

മനുഷ്യരുടെ കാര്യത്തിലും ഇതേ തത്വം തന്നെ
യാണു് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതെന്നു് 'ഗാൾട്ടൺ'
എന്ന ഗവേഷകൻ വ്യക്തമാക്കി. 'ജൂക്ക്',' 'കാല്ലികാക്ക്'
എന്ന രണ്ടു കുടുംബങ്ങളുടെ പാരമ്പര്യമാണു് ഗവേഷ
ണവിഷയമായതു്. 1720-ാമാണ്ടിനോടടുത്തു് ന്യൂയാ
ർക്കിൽ താമസിച്ചിരുന്ന മടിയനും മദ്യപനുമായ ഒരു മുക്കു
വനായിരുന്നു ജൂക്ക്. അയാളുടെ സന്താനപരമ്പരയിൽ
പെട്ട 1200 പേരിൽ 1040 പേരുടെ ജീവചരിത്രം ഗവേ
ഷകന്മാർ കണ്ടുപിടിച്ചു. അവരിൽ 300 പേർ ശൈശ
വത്തിൽ തന്നെ മരിച്ചിരുന്നു; 310 പേർ ഭിക്ഷുഗൃഹത്തി
ലാണു് ജീവിച്ചിരുന്നതു്; 440 പേർ പലവിധം രോഗിക
ളായിരുന്നു; 130 പേർ കുററങ്ങൾ ചെയ്തതിനു് ശിക്ഷിക്ക
പ്പെട്ടിരുന്നു; 60 പേർ മോഷ്ടാക്കളും 7 പേർ കൊലപാത
കികളും ആയിരുന്നു; അവരിൽ 20 പേർമാത്രമേ ഏതെ
ങ്കിലും തൊഴിൽ വശമാക്കിയിരുന്നുള്ളൂ; അതിൽ പത്തു
പേർ ജയിലുകളിൽനിന്നാണു് അവ പഠിച്ചിരുന്നതു്.
കാല്ലികാക്ക് കുടുംബത്തിന്റെ ചരിത്രം രണ്ടു ശാഖയിലാ
യിട്ടാണു്. ഒരു നല്ല കുടുംബത്തിൽപെട്ട മാർട്ടിൻ എ
ന്ന ഇംഗ്ലീഷ്കാരനു് മനശ്ശക്തികുറവുള്ള ഒരു പെൺ
കുട്ടിയുമായി നീതിരഹിതമായ ബന്ധമുണ്ടായി. തൽഫല
മായുണ്ടായ സന്താനപരമ്പരയിൽ 480 പേരുടെ ചരിത്രം
ഗ്രഹിക്കാൻ കഴിഞ്ഞിട്ടുണ്ടു്. മാർട്ടിൻ പില്ക്കാലത്തു്
നല്ല ആഭിജാത്യമുള്ള ഒരു കുടുംബത്തിൽ നിന്നു് ഒരു
പെൺകുട്ടിയെ വിവാഹം ചെയ്തു. ഈ ശാഖയിലെ
469 പേരുടെ ജീവചരിത്രവും മനസ്സിലാക്കാൻ സാധിച്ചു.

ആദ്യശാഖയിൽപെട്ട 143 പേർ മാനസികശക്തികൾ വളരെ കുറവുള്ളവരായിരുന്നു. മിക്കപേരും കുപ്രസിദ്ധജീവിതമാണു് നയിച്ചിരുന്നതു്. 43 പേൎക്കു മാത്രമേ വേണ്ടിടത്തോളം ബുദ്ധിശക്തി ഉണ്ടായിരുന്നുള്ളു. ദ്വിതീയശാഖയിൽപെട്ട എല്ലാപേരുംതന്നെ നല്ല ബുദ്ധിശാലികളായിരുന്നു. മിക്കപേരും ഡാക്ടർമാർ, അഭിഭാഷകന്മാർ, ജഡ്ജിമാർ, അദ്ധ്യാപകന്മാർ തുടങ്ങിയ മാന്യമായ തൊഴിൽക്കാരിൽ മുമ്പരായിരുന്നു. ഈ ഗവേഷണങ്ങൾ നമ്മുടെ മാനസികശക്തികളും സ്വഭാവവിശേഷങ്ങളുമെല്ലാം ജനനത്തിനു മുമ്പുതന്നെ മിക്കവാറും തീരുമാനിക്കപ്പെട്ടിരുന്നുണ്ടെന്നുള്ളതിനു് മതിയായ തെളിവുകളാണെന്നാണു് മെൻഡലിന്റേയും ഗാൾട്ടന്റേയും അനുയായികളുടെ സിദ്ധാന്തം. ഇതിനെ സമർത്ഥിക്കുന്നതിലേക്കായി അച്ഛനമ്മമാരുടെ ബീജാണ്ഡങ്ങളുടെ സ്വഭാവം, അവയുടെ സംയോജനസമ്പ്രദായം, അനന്തരമുണ്ടാകുന്ന വളർച്ചയും പരിണാമവും തുടങ്ങിയ പല സംഗതികളും സൂക്ഷ്മമായി പഠിക്കുകയും ജീവശ്ശക്തി വഹിക്കുന്ന പരമാണുക്കൾ മൗലികമായ സ്വഭാവവിശേഷങ്ങളെ മാറിപ്പോകാതെ സംരക്ഷിക്കുവാൻ ശ്രമിക്കുന്നുണ്ടെന്നു വ്യക്തമാക്കുകയും ചെയ്തിട്ടുണ്ടു്. കൃത്രിമമായി ഉൽപാദിപ്പിക്കപ്പെടുന്ന ചെടികളിലും ജന്തുക്കളിലും ഇന്നിന്ന സ്വഭാവവിശേഷങ്ങൾ കാണുമെന്നു് മുൻകൂട്ടി പറയാൻ സാധിക്കുന്നപോലെ, മനുഷ്യരിലും മാതാപിതാക്കന്മാരുടെ മാനസികവിഭവങ്ങളും മററും സൂക്ഷ്മമായി പഠിച്ചാൽ സന്താനങ്ങളുടെ സ്വഭാവങ്ങൾ നിഷ്പ്രയാസം പ്രവചനം ചെ

ശ്യാൻ സാധിക്കുമെന്നാണ് പാരമ്പര്യവാദക്കാരുടെ ബലമായ വിശ്വാസം.

അപ്പോൾ, "ഒരേ മാതാപിതാക്കന്മാരുടെ സന്താനങ്ങൾക്ക് സ്വഭാവത്തിനും ബുദ്ധിശക്തിക്കും മററു മാനസിക വിഭവങ്ങൾക്കും അന്തരം—ചിലപ്പോൾ ആശ്ചര്യജനകമായ അകൽച്ചയോടുകൂടി—പ്രത്യക്ഷപ്പെടുന്നതെന്താണു്?" എന്നൊരു ന്യായമായ പ്രശ്നം ഉൽഭവിക്കുന്നു.

"പരിതഃസ്ഥിതികളുടെ ശക്തിമൂലം" എന്നാണു് ഉത്തരം.

ഈ പരിതഃസ്ഥിതികൾ നമുക്ക് എന്താണെന്നു പരിശോധിക്കാം.

---

## അദ്ധ്യായം ൯.

---

# പരിതഃസ്ഥിതികൾ

പരിതഃസ്ഥിതികൾ എന്നു പറയുന്നതിൽ മാതാപിതാക്കന്മാരുടെ സംയോഗസമയം തുടങ്ങി ശിശുവിനു് പ്രായപൂർത്തിയാകുന്നതുവരെയുള്ളതുമുള്ള പല സംഗതികളും ഉൾപ്പെടുന്നു. അവയിൽ പ്രധാനം മാതാപിതാക്കന്മാർക്ക് സംയോഗസമയത്തുള്ള മനഃസ്ഥിതി, അതിനു പ്രേരകമായിരിക്കുന്ന ചുററുപാടുകൾ, ഗർഭിണിയായ സ്ത്രീയുടെ ബാഹ്യവും ആഭ്യന്തരവുമായ അവസ്ഥകൾ, പ്രസവസമയത്തുണ്ടാകുന്ന വിഘ്നങ്ങൾ, മററു വിഷമങ്ങൾ, അന

ന്തരം ശിശുവിന് നേരിടേണ്ടിവരുന്ന കാലദേശാവസ്ഥകൾ, സംരക്ഷണസമ്പ്രദായങ്ങൾ, വിദ്യാഭ്യാസരീതികൾ ഇവയാണ്. ഇവയെല്ലാം ശിശുവിനെ എങ്ങനെ ബാധിക്കുമെന്ന് മനസ്സിലാക്കുവാൻ പല ഗവേഷണങ്ങളും നടത്തപ്പെട്ടിട്ടുണ്ട്. തൽഫലമായി ശിശുമനശ്ശാസ്ത്രത്തിലും ശിശുസംരക്ഷണത്തിലും ശ്രദ്ധേയമായ പല സംഗതികളും മനസ്സിലാക്കുവാൻ സാധിച്ചിട്ടുണ്ട്.

സംയോഗസമയത്ത് മനഃശുദ്ധിയും, ഈശ്വരവിശ്വാസവും പരസ്പരം പരിപാവനമായ പ്രേമവും മാതാപിതാക്കന്മാർക്കുണ്ടായിരുന്നാൽ ജനിക്കുന്ന സന്താനങ്ങൾ സൽഗുണസമ്പന്നരായിരിക്കും. നേരെമറിച്ച് മൂക്കോളം മദ്യസേവചെയ്തുകൊണ്ടും, മലിനവികാരപരവശരായും, പ്രേമരഹിതരായും പെരുമാറുന്നവരും അനീതികരമായ ബന്ധങ്ങളിൽ ഉൾപ്പെടുന്നവരുമായ സ്ത്രീപുരുഷന്മാർക്ക് നീചസന്താനങ്ങൾ ഉണ്ടാകാനേ ഇടയുള്ളൂ. ഒരു കുടുംബത്തിൽ മാതാപിതാക്കന്മാർ യോജിപ്പായിരുന്നപ്പോൾ അവർക്കുണ്ടായ ആദ്യത്തെ മൂന്നു കുട്ടികളും ശാന്തരും സൽസ്വഭാവികളുമായിരുന്നതായും കുടുംബസംബന്ധമായ ശണ്ഠകൾ മൂലം അവർ അസുഖത്തിൽ ഇരുന്ന കാലത്ത് ജനിച്ച നാലാമത്തെ പുത്രൻ കുബുദ്ധിയും ക്രൂരനുമായി പരിണമിച്ചതായും ഈ ഗ്രന്ഥകാരന് അറിവുണ്ട്. ധൃതരാഷ്ട്രപാണ്ഡുവിദുരന്മാരുടെ ഉത്ഭവത്തെക്കുറിച്ചുള്ള പുരാണകഥ സ്മരണീയമാണ്.

കുതിര തുടങ്ങിയ ജന്തുക്കളെ 'തടപ്പി'ക്കുന്ന സമയത്ത് സംയോഗം ചെയ്യുന്ന ഇണയെക്കാൾ മുൻവശത്തു

 L·339

പ്രദൎശിപ്പിക്കപ്പെടുന്ന ആൺജന്തുവിൻെറ വൎണ്ണാദിഭാവങ്ങളാണ് ശിശുക്കളിൽ പ്രത്യക്ഷപ്പെടാറുള്ളതു്.

ഗൎഭിണിയുടെ ഭക്ഷണചിന്താദികൾക്ക ശിശുവിനെ ബാധിക്കുവാൻ വലിയ ശക്തിയുണ്ടു്. അവൾ ന്യൂനഭക്ഷണത്തിന്ന വിധേയയാണെങ്കിൽ ശിശുവിന്ന് ശരിയായ ശാരീരികവളൎച്ചയുണ്ടാകയില്ല. അവൻെറ പ്രജ്ഞാധമനികൾ ക്ഷീണിച്ചുപോകുകയും തന്മൂലം മാനസികശക്തികൾക്ക ക്ഷയമുണ്ടാകുകയും ചെയ്യും. തീക്ഷ്ണവികാരങ്ങൾ ഗൎഭിണിയ്ക്കുണ്ടായാൽ അവ ഗൎഭാശയത്തെ വിഷമകരമായ വിധത്തിൽ സങ്കോചിപ്പിക്കുകയും ഗൎഭസ്ഥിതനായ ശിശുവിന്ന ലഭിക്കേണ്ട പോഷകങ്ങൾക്ക വ്യത്യാസം വരുത്തുകയും ചെയ്യുന്നതാണ്. അതുകൊണ്ടും ശിശുവിൻെറ വളൎച്ചയ്ക്കും മാനസികശക്തികൾക്കും ന്യൂനത സംഭവിക്കും.

ഗൎഭിണികൾക്കുണ്ടാകുന്ന തീക്ഷ്ണവികാരങ്ങളുടേയും വിഷമചിന്തകളുടേയും ശക്തി ശിശുക്കളെ ബാധിക്കുന്നതിന്ന് പല ഉദാഹരണങ്ങളും പറയാവുന്നതാണു്. ഒരു ഗൎഭിണി, തൻെറ ഭൎത്താവു് അയൽക്കാരിയായ ഒരു സ്ത്രീയിൽ അനുരക്തനാണെന്നറിഞ്ഞു. ആ അയൽക്കാരിയുടെ മകളുടെ ഛായ സൎവ്വാംഗങ്ങളിലും ഒത്തിരുന്ന ഒരു ശിശുവിനെയാണ് ആ സ്ത്രീ പ്രസവിച്ചതു്. ഇതു് രേഖപ്പെടുത്തിയിട്ടുള്ളതു് ചാറത്സ് ഡാൎവ്വിനാണ്. ലീ ബാൾട്ടു് എന്ന മഹാൻ മറെറാരു ഉദാഹരണം വിവരിച്ചിരിക്കുന്നു. ഒരു ഗ്രാമീണവനിത ഗൎഭിണിയായിരുന്നപ്പോൾ അവൾ പ്രസവിക്കുന്ന ശിശു ആ ഗ്രാമക്ഷേത്ര

ത്തിലെ പ്രതിമപോലെ ആയേക്കുമോ എന്നു് അകാരണമായി ഭയപ്പെട്ടു. കുഞ്ഞു ജനിച്ചപ്പോൾ പ്രതിമയുടെ ആകൃതിയിൽനിന്നു് അല്പവും വ്യത്യാസമില്ലായിരുന്നു. വളരുംതോറും പ്രതിമയുടെ അസൽ പ്രതിച്ഛായയായി പരിണമിക്കുകയും ചെയ്തു.

മാതാപിതാക്കന്മാരിൽ ഒരാൾ ക്ഷയം, പ്രമേഹം അർബുദം (Cancer) തുടങ്ങിയ ദീർഘകാലരോഗങ്ങൾക്കു് ഇരയായിട്ടുണ്ടെങ്കിൽ ശിശുവിനു ശാരീരികവും മാനസികവുമായ ക്ഷീണം സംഭവിക്കുമെന്നാണു് ഭിഷഗ്വരമതം. മദ്യപാനത്താലോ, ഈയം ഭാവഹം തുടങ്ങിയ വിഷദ്രവ്യങ്ങൾ വല്ലവിധത്തിലും രക്തത്തിൽ കലരാൻ ഇടയാകുന്നതുകൊണ്ടോ മാതാപിതാക്കന്മാർക്കു രക്തദൂഷ്യമോ നാഡീക്ഷയമോ സംഭവിച്ചിട്ടുണ്ടെങ്കിലും ഫലം മേല്പടിതന്നെ. പകർച്ചവ്യാധികൾ അച്ഛനമ്മമാരിൽനിന്നു് കുട്ടികളെ നേരിട്ടു ബാധിക്കുന്നതും ഒട്ടും അപൂർവമല്ല. ഉപസർഗ്ഗകമേഹം (gonorrhea) എന്ന ജനനേന്ദ്രിയരോഗം മാതൃഗുഹ്യത്തിൽ നിന്നുതന്നെ ശിശുവിലേക്കു പകരാവുന്നതാണു്. തൽഫലമായി ശിശുവിനെ പലവിധം നയനരോഗങ്ങൾ ബാധിക്കാനും ചിലപ്പോൾ ശാശ്വതമായ അന്ധതയിലേക്കുതന്നെ നയിക്കാനും ഇടയുണ്ടു്. പറങ്കിപ്പുണ്ണു് (syphilis) എന്ന ഭയങ്കര രോഗം ശിശുക്കളിൽ പകർന്നശേഷം, അനേകവർഷങ്ങൾ അകത്തു് അടങ്ങിയിരുന്നിട്ടു്, അവസരംനോക്കി ശരീരത്തിന്റെ നാനാഭാഗങ്ങളിലായി ആക്രമണം നടത്താൻ ആരംഭിക്കുന്നതു് അസാധാരണമല്ല. ഇമ്മാതിരി പകരുന്ന വ്യാധി

കൾ ബാധിച്ചിട്ടുള്ളവർ വിവാഹത്തിനു മുമ്പുതന്നെ ഭിഷഗ്വരസഹായം അപേക്ഷിക്കേണ്ടതാണ്. അതു മാനവസമുദായത്തോടുള്ള അവരുടെ കടമമാത്രമാകുന്നു.

ചില രോഗങ്ങൾ കുടുംബപാരമ്പര്യവഴിയ്ക്കു് ഉണ്ടാകുന്നവയാണെന്നു് പലരും വിശ്വസിച്ചുവരുന്നു. ചുഴലി, അപസ്മാരം, ഭ്രാന്തു് മുതലായ മാനസികരോഗങ്ങളും, കുഷ്ഠം, ക്ഷയം, അർബുദം, പറങ്കിപ്പുണ്ണു് മുതലായ ദീർഘകാലരോഗങ്ങളും ഇക്കൂട്ടത്തിൽ പെട്ടവയാണു്. മാനസികരോഗങ്ങളെക്കുറിച്ചുള്ള ഈ വിശ്വാസം തീരെ അടിസ്ഥാനരഹിതമല്ല. മാതാവിന്റേയോ പിതാവിന്റേയോ നാഡീക്ഷയം സന്താനങ്ങളിലും സംക്രമിക്കുന്നതിന്റെ ഫലമായി തൽസംബന്ധമായ രോഗങ്ങളും പ്രകടമാകാവുന്നതാണു്. എന്നാൽ കുഷ്ഠാദികളായ പകർച്ചവ്യാധികളുള്ള മാതാപിതാക്കന്മാരിൽ നിന്നു് കുട്ടികളെ ആദ്യമേ തന്നെ അകററിക്കളഞ്ഞാൽ രോഗബാധയിൽനിന്നു് അവരെ രക്ഷിക്കാമെന്നു് ശാസ്ത്രകാരന്മാർ വ്യക്തമാക്കിയിട്ടുണ്ടു്. എങ്കിലും കുഷ്ഠം, പറങ്കിപ്പുണ്ണു് മുതലായ ഭയങ്കരക്ഷസ്സുകൾ ശിശുക്കളുടെ ജീവിതത്തെ അകളങ്കിതമായി പുരോഗമിക്കുവാൻ അനുവദിക്കയില്ലെന്നുള്ളതു് തീർച്ചയാണു്. അകററിക്കളഞ്ഞാൽ നേരിട്ടു പകരുകയില്ലെങ്കിലും ബീജാണുകത്തിന്റെ ശക്തിയേയും ശുദ്ധിയേയും അവ ക്ഷയിപ്പിച്ചുകളഞ്ഞിട്ടുള്ളതിനാൽ, രോഗങ്ങളെ എതിർത്തുനില്ക്കാനുള്ള കെല്പു് ശരീരത്തിനു് കുറയുകയും, അവസരമുണ്ടാകുമ്പോൾ പെട്ടെന്നു് ബാധിക്കത്തക്ക ചായ്‌വു് സൃഷ്ടിക്കയും ചെയ്യുന്നു. ഈ ശക്തി

ക്കറവും ചായ്‌വും ചിലപ്പോൾ രണ്ടു മൂന്നു തലമുറവരെ പ്പോലും കാത്തിരുന്നിട്ടു്, തരംനോക്കി ഇരയെ പിടികൂടി പീഡിപ്പിക്കുമെന്നു് ഗവേഷണങ്ങൾ വ്യക്തമാക്കിയിട്ടുണ്ടു്.

ജനനത്തിന്റെ മുമ്പുതന്നെ ചില അന്തർമാംസപിണ്ഡങ്ങളിൽ (internal glands) രസാധിക്യമോ രസഹാനിയോ സംഭവിച്ചേക്കാവുന്നതാണു്. ഉദാഹരണമായി കണ്ഠനാളപിണ്ഡം (thyroid gland=കൊടിമാതുളം Adam's apple എന്നുവിളിക്കപ്പെടുന്ന ഭാഗം) പ്രവൎത്തനശൂന്യമായിരിക്കയാണെങ്കിൽ ആ വ്യക്തി ശുദ്ധമറയനായി പരിണമിക്കുന്നതാണു്. എന്നാൽ, ശസ്ത്രക്രിയകൊണ്ടു് അതിന്റെ പ്രവൎത്തനം ശരിപ്പെടുത്തുകയാണെങ്കിൽ ശുദ്ധമറയനാകുമായിരുന്ന ഒരുവനെ ബുദ്ധിശാലിയാക്കുവാൻ കഴിയുമെന്നാണു് ശാസ്ത്രകാരന്മാരുടെ അഭിപ്രായം.

പ്രസവസമയത്തു് ശിശുവിന്നു് സംഭവിച്ചേക്കാവുന്ന മർദ്ദനങ്ങൾ, ഘട്ടനങ്ങൾ, പതനങ്ങൾ, ശസ്ത്രജന്യമായ ക്ഷതങ്ങൾ ഇവയെല്ലാം ശരീരത്തേയും മനസ്സിനേയും ബാധിക്കാവുന്നവയാണു്. കായികവൈകല്യങ്ങൾ വല്ലതും സംഭവിക്കുകയാണെങ്കിൽ അവ, മാനസികക്ഷീണത്തിന്നു് നിദാനമാകുമെന്നുള്ളതു് തീൎച്ചയാണല്ലോ. ആദ്യഘട്ടങ്ങളിൽ നിസ്സാരമായി തോന്നുന്ന ഇവ പക്ഷവാതം തുടങ്ങിയ ഭയങ്കരസിരാരോഗങ്ങൾക്കുപോലും കാരണമാക്കിയിട്ടുണ്ടെന്നാണു് ഡാക്ടർമാരുടെ അഭിപ്രായം.

ജനനാനന്തരപരിതഃസ്ഥിതികൾക്കു്—അതായതു്, വളരുന്ന അന്തരീക്ഷം, വിദ്യാഭ്യാസസമ്പ്രദായങ്ങൾ, മാതാപിതാക്കന്മാരുടെ ശ്രദ്ധ തുടങ്ങിയവയ്ക്കു്—പാരമ്പര്യ

ജന്യമായ സ്വഭാവവിശേഷങ്ങളെ വളരെ വ്യത്യാസപ്പെടുത്തുവാൻ സാധിക്കുമെന്നും ചിലപ്പോൾ സമൂലപരിവർത്തനംതന്നെ സംഭാവ്യമാണെന്നും, അതുകൊണ്ട് പാരമ്പര്യവാദംതന്നെ അബദ്ധമാണെന്നും പരിതഃസ്ഥിതികൾ മൂലം ഒരു വ്യക്തി സൃഷ്ടമാകുന്നു എന്നല്ലാതെ പൂർവ്വികരുടെ സ്വഭാവാദികൾ സന്താനങ്ങളിൽ പകരുമെന്നു പറയുന്നതു് യുക്തമല്ലെന്നും ചില പണ്ഡിതന്മാർക്കു് അഭിപ്രായമുണ്ടു്. ഈ അഭിപ്രായത്തിന്റെ ഗുണദോഷങ്ങൾ പരിശോധിക്കുന്നതിലേയ്ക്കായി പാരമ്പര്യത്തേയും പരിതഃസ്ഥിതികളേയും താരതമ്യപ്പെടുത്തി നടത്തിയിട്ടുള്ള ഗവേഷണങ്ങളും സ്ഥാപിച്ചിട്ടുള്ള തത്വങ്ങളും ചിന്തനീയങ്ങളാണു്.

---

## അദ്ധ്യായം ൧൦.

---

### പാരമ്പര്യവും പരിതഃസ്ഥിതികളും

ഒരു ശിശുവിന്റെ ബുദ്ധിശക്തിയും മററു മാനസികവിഭവങ്ങളും പാരമ്പര്യജമാണെന്നു് ഒരു കൂട്ടരും, പരിതഃസ്ഥിതികളാണു് അവയെ രൂപവൽക്കരിക്കുന്നതെന്നു് മറെറാരു കൂട്ടരും തമ്മിലുണ്ടായ തർക്കം തീർക്കുവാനായി ഒരേ പരിതഃസ്ഥിതിയിൽ വളരുന്ന സഹോദരീസഹോദരന്മാർ, പലമാതിരി തൊഴിൽക്കാരുടെ സന്താനങ്ങൾ, പല സാമുദായികനിലകളിലുമുള്ള ശിശുക്കൾ, ഇവർ പരിശോധിക്കപ്പെടുകയും അവരുടെ മാനസികവിഭവങ്ങൾ ചില മാത്ര

ഭണ്ഡങ്ങൾ ആസ്പദമാക്കി അളന്നുനോക്കപ്പെട്ടുകയും ചെയ്യുത്തിൽ കണ്ട ഫലങ്ങളാണു് ഇവിടെ പ്രതിപാദിക്കപ്പെട്ടുന്നതു്.

ഒരേ പരിതഃസ്ഥിതിയിൽ തന്നെ വളരുന്ന സഹോദരീസഹോദരന്മാരിൽ 75 ശതമാനത്തിനും ബുദ്ധിശക്തിയുടെ കാര്യത്തിൽ ഗണനീയമായ വ്യത്യാസങ്ങളൊന്നും കാണ്മാൻ കഴിഞ്ഞില്ല. ഈ 75-ൽ 25-നും മിയ്യൂവാറും വ്യത്യാസം ഒന്നുംതന്നെ ഇല്ലായിരുന്നു. ഒരു കുടുംബത്തിലെ ഇളയകുട്ടികൾക്കു മൂത്തവരുടെ സാഹചര്യാനുകൂല്യം ലഭിക്കുന്നതുകൊണ്ടു് അവർ കൂടുതൽ മാനസിക വിഭവങ്ങളുള്ളവരായിരിക്കേണ്ടതാണെങ്കിലും മിയ്യൂ സന്ദർഭങ്ങളിലും അങ്ങനെ കാണ്മാനിടയായിട്ടില്ല. ചില കുടുംബങ്ങളിൽ (വളരെ അപൂർവ്വമായിമാത്രം) ഒന്നോ രണ്ടോ കുട്ടികൾ അവിടെയുള്ള മററു കുട്ടികളെ അപേക്ഷിച്ചു് അതിബുദ്ധിമാന്മാരോ അല്ലെങ്കിൽ ഏററവും ബുദ്ധി ശൂന്യന്മാരോ ആയികാണപ്പെട്ടിട്ടുണ്ടു്. സംരക്ഷണസംഗതികളിൽ സമാനമായ ശ്രദ്ധയും താൽപര്യവും പതിപ്പിച്ചിരുന്നിട്ടും ഈ വലിയ അന്തരം പ്രത്യക്ഷപ്പെട്ടതു് ആശ്ചര്യകരം തന്നെയാണു്.

മാതാപിതാക്കന്മാരുടെ സാമുദായികനിലയും തലമുറകളായി അനുഷ്ഠിച്ചുവരുന്ന തൊഴിലുകളും ശിശുക്കളുടെ മാനസികവിഭവങ്ങളെ സാരമായി സ്പർശിക്കുമെന്നാണു് സ്പഷ്ടമാകുന്നതു്. പ്രൊഫസറന്മാർ, ജഡ്ജിമാർ, എൻജിനീയറന്മാർ, അഭിഭാഷകന്മാർ മുതലായി ബുദ്ധിശക്തി നിരന്തരമായി ഉപയോഗിക്കേണ്ടിവരുന്നവരും സാ-

മുദായികമായ ഔന്നത്യം അനുഭവിക്കുന്നവരുമായ ഉദ്യോഗസ്ഥന്മാരുടേയോ തൊഴിൽക്കാരുടേയോ സന്താനങ്ങൾക്കുള്ള മാനസികവിഭവങ്ങൾ, ബുദ്ധിശക്തി ഉപയോഗിക്കേണ്ടാത്തവരും സാമുദായികമായി താണനിലയിൽ ജീവിക്കുന്നവരുമായ പ്യൂൺമാർ, അരിവയ്പുകാർ, കച്ചവടക്കാർ, ക്ഷുരകന്മാർ, ഇടയന്മാർ തുടങ്ങിയ ജോലിക്കാരുടേയും തൊഴിൽക്കാരുടേയും സന്താനങ്ങളുടേതിനെക്കാൾ അനവധി മടങ്ങ് കൂടുതലായിട്ടാണു് പ്രത്യക്ഷപ്പെട്ടതു്. എന്നാൽ ഇക്കൂട്ടത്തിലും ആശ്ചര്യജനകമായ പല വ്യത്യസ്തങ്ങളും കാണ്മാൻ കഴിഞ്ഞിട്ടുണ്ടു്.

ഒരു കുടുംബത്തിലുള്ള ഇളയ കുട്ടികൾക്കു കണ്ടും കേട്ടും പഠിക്കുന്നതിനുള്ള അനുകൂല പരിതഃസ്ഥിതികൾ മൂത്തകുട്ടികളെക്കാൾ ഉണ്ടെങ്കിലും അവർ കൂടുതൽ പ്രാപ്തിയൊന്നും പ്രകടിപ്പിക്കുന്നില്ലെന്നുള്ളതു് പാരമ്പര്യത്തിന്റെ ശക്തിയെയാണു് സ്ഫുടമാക്കുന്നതു്. എന്നാൽ പരിതഃസ്ഥിതികൾക്കു ശിശുക്കളെ ബാധിക്കുവാൻ തീരെ ശക്തിയില്ലെന്നു ശഠിക്കുന്നതു് ശരിയായിരിക്കയില്ല. അങ്ങനെയാണെങ്കിൽ സകലവിധ വിദ്യാഭ്യാസങ്ങളും നിരുപയോഗവും നിരർത്ഥകവുമായല്ലേ പരിണമിക്കയുള്ളു. ബാല്യത്തിന്റെ ആദിമഘട്ടങ്ങളിൽ—വിദ്യാലയങ്ങളിലേയ്ക്കു് അയയ്ക്കപ്പെടുന്ന അഞ്ചോ ആറോ വയസ്സുവരെ—കുട്ടികളിൽ കാണുന്ന ബുദ്ധിപരമായ അന്തരങ്ങൾ വിദ്യാലയജീവിതത്തിൽ ക്രമേണ കുറഞ്ഞു കുറഞ്ഞുവരുന്നതായിട്ടാണു് ഗവേഷകന്മാർക്കു കാണ്മാൻ കഴിഞ്ഞിട്ടുള്ളതു്. വിദ്യാഭ്യാസപരമായ ഐകരൂപ്യവും സമാന

പരിതഃസ്ഥിതികളുടെപ്രഭാവമായിരിക്കണം ഇതിന്റെ ഹേതു. എന്നാൽ ഏകദേശം 14 വയസ്സായിക്കഴിയുമ്പോൾ ബുദ്ധിശക്തിയേയോ സ്വഭാവഗുണങ്ങളേയോ വ്യതിചലിപ്പിക്കാൻ കഴിയുന്നതല്ലാത്ത പ്രായേണ പര്യവസാനിച്ചുപോകുന്നുണ്ട്. ചുററുപാടുകളുടെ ശക്തിയാൽ മറഞ്ഞുനിന്നിരുന്ന പല പാരമ്പര്യപ്രവണതകളും സ്വഭാവവിശേഷങ്ങളും പുനരാവിർഭവിക്കയും ചെയ്യുന്നു. പരിതഃസ്ഥിതികൾക്ക് വ്യത്യാസപ്പെടുത്താവുന്ന ഒരു പരമപരിധി ഉണ്ടെന്നല്ലാതെ, പാടേ രൂപാന്തരപ്പെടുത്തുവാൻ വളരെ അപൂർവ്വമായി മാത്രമേ കഴികയുള്ളു. രോഗികളായ മാതാപിതാക്കന്മാരിൽനിന്ന് ബലഹീനമായ ഒരു ശരീരം ലഭിക്കുന്ന ശിശുവിന് ശരിയായ ഭക്ഷണം, വ്യായാമം തുടങ്ങിയ ശരീരസംരക്ഷണനിയമങ്ങൾ അനുസരിക്കുന്നതുകൊണ്ട് ആരോഗ്യസ്ഥിതി പരിപാലിക്കുവാനും സാമാന്യം ശക്തമായ ഒരു ശരീരം പുലർത്തിക്കൊണ്ടുപോകാനും കഴിയുമെങ്കിലും ഒരു സാൻഡോയോ, ഗാമായോ, ആകാമെന്ന് പ്രത്യാശിക്കാവുന്നതല്ലല്ലോ. അതുപോലെതന്നെ ബീജഗുണപ്രഭാവത്താൽ (പാരമ്പര്യം മൂലം) നല്ലപൊക്കം സിദ്ധിക്കേണ്ട ഒരു കുട്ടി ഗർഭസ്ഥിതനായിരിക്കുമ്പോഴോ, ബാല്യത്തിലോ സമുചിതമായ ശരീരപോഷണസൗകര്യങ്ങൾ (ഭക്ഷണാദികൾ) ലഭിക്കാതെ പോയാൽ ഹ്രസ്വകായനായി വളർന്നുവരികയാണെങ്കിൽ അത്ഭുതപ്പെടാനുമില്ല. കായികമായ ഈ തത്വങ്ങൾതന്നെ മാനസികസംഗതികളിലും പ്രത്യക്ഷപ്പെടാവുന്നതാണ്. അപ്പൻ മഹാപണ്ഡിതനാണെന്നു വിചാരിച്ച് മകനെ അക്ഷരാഭ്യാസം ചെയ്യി

ക്കാതെ ഉപേക്ഷിച്ചാലുള്ള ഫലം എന്തായിരിക്കും? മൂഢബുദ്ധികളുടെ മക്കളെ പഠിപ്പിച്ചുനോക്കിയവരും ഈ അഭിപ്രായത്തോട്ട് യോജിക്കാതിരിക്കയില്ല. മാതാപിതാക്കന്മാരുടെ അണ്ഡബീജാണുകങ്ങൾക്ക് ശിശുവിൻെറ തലച്ചോറിനും പ്രജ്ഞാധമനികൾക്കും മററുമുള്ള വളർച്ചയേയും ശക്തിവികാസത്തേയും ഒരു പരമപരിധിക്കപ്പുറം വിടാതിരിക്കത്തക്ക പ്രത്യേക പ്രഗത്ഭതയുണ്ട്. അതിതീക്ഷ്ണമായ ഉദ്യമത്തിൻെറ ഫലമായി ഈ പരിധിയെ ഭേദിക്കാൻ കഴിയാതിരിക്കുന്നില്ല. എങ്കിലും പ്രായേണ ആ പരിധിക്കുള്ളിൽനിന്ന് വികസിക്കാമെന്നല്ലാതെ അതിനപ്പുറത്തേക്കു കടക്കുക വിഷമമാണ്.

മാതാപിതാക്കന്മാരിൽനിന്ന് സന്താനങ്ങളിലേക്കു പകരുന്ന കായമനോഗുണങ്ങളുടെ സ്വഭാവത്തെക്കുറിച്ചും ഗവേഷണങ്ങൾ നടത്തപ്പെട്ടിട്ടുണ്ട്. പട്ടി, പൂച്ച, ആട് തുടങ്ങിയ ഗൃഹ്യജന്തുക്കളിൽ പ്രകൃതിസാധാരണമായ സ്വഭാവങ്ങളിൽ കവിഞ്ഞുള്ള വിശേഷവിധികൾ അഭ്യസനവും ശിക്ഷണവും കൊണ്ട് ആവിഷ്കരിച്ചിരുന്നാലും സന്താനങ്ങളിൽ അവ ഒരിക്കലും പകരുക പതിവില്ല മാതാപിതാക്കന്മാരുടെ സംസർഗ്ഗത്തിൽനിന്ന് അവയെ ആദ്യമേതന്നെ അകററിക്കളഞ്ഞാൽ വർഗ്ഗസാധാരണമായ സ്വഭാവങ്ങൾ മാത്രമേ അവ പ്രദർശിപ്പിക്കയുള്ളു. ഇതുപോലെ മനുഷ്യരിലും കൃത്രിമസമ്പാദിതമായ സ്വഭാവവിശേഷങ്ങളൊന്നും സന്താനങ്ങളിലേയ്ക്കു പകരാനിടയില്ല. കായികമായ കൃത്രിമസമ്പാദ്യങ്ങളൊന്നും സന്താനങ്ങളിലേക്ക് പകരുക പതിവില്ലല്ലോ. അനേ

ൾം തലമുറകളായി കുടുമ ധരിക്കുന്നവരുടേയോ മുഖം ക്ഷൌരംചെയ്യുന്നവരുടേയോ സന്താനങ്ങൾ മുടിയുടെ വളർച്ചയിൽ യാതൊരു വ്യത്യാസവും കൂടാതെയാണു് ജനിക്കാറുള്ളതു്. ഛേദനകർമ്മം പൌരാണികകാലംമുതൽ അനുഷ്ഠിക്കുന്ന ജൂതന്മാരുടെ സന്താനങ്ങൾ ചർമ്മരഹിതരായി ജനിക്കുന്നില്ല. അച്ഛനമ്മമാരുടെ അംഗവൈകല്യങ്ങളോ അപകടം കൊണ്ടോ മറ്റോ പററുന്ന ശാരീരികങ്ങളായ ന്യൂനതകളോ മക്കളിൽ സംക്രമിക്കയും പതിവില്ല. കൃത്രിമമായി വികസിപ്പിക്കുന്ന മാനസികസംഗതികളുടെ കാര്യത്തിലും ഇതുതന്നെയായിരിക്കണം നിയമം. അച്ഛൻ പണ്ഡിതനായിരിക്കേ, മക്കൾ പാമരരായിരിക്കാവുന്നതാണു്. അതിൽ യാതൊരത്ഭുതത്തിനും അവകാശമില്ല. എന്നാൽ മാതാപിതാക്കന്മാരുടെ ജന്മസിദ്ധമായ വാസനകളും പ്രവണതകളും സംക്രമിക്കുന്നവയാകുന്നു. അനേക തലമുറകളായി സംഗീത സാഹിത്യാദി കലകളിൽ ജന്മസിദ്ധമായ വാസനയുള്ള അംഗങ്ങൾമാത്രം (അപൂർവം ചില വ്യത്യസ്തതകളൊഴികെ) ജനിക്കുന്ന ചില കുടുംബങ്ങൾ ലോകത്തിൻെറ നാനാഭാഗങ്ങളിലും കണ്ടുവരാറുണ്ടു്. ഇതു് ഒരു കാലത്തു് ആ കുടുംബത്തിലുള്ള ഏതാനും അംഗങ്ങളുടെ തീക്ഷ്ണമായ പരിശ്രമത്തിന്റെ ഫലമാണെന്നാണു് മെൻഡലിയന്മാരുടെ (മെൻഡലിന്റെ അനുയായികളുടെ) വാദം. മെൻഡൽ ഏതാനും വെള്ളെലികളെ പരിശീലിപ്പിച്ച പരീക്ഷണം പ്രസ്താവ്യമാണു്. ആദ്യത്തെ തലമുറയിൽ ഏകദേശം മുന്നൂറോളം ചൂളങ്ങൾ വിളിക്കുന്ന

തിൻെറ ഫലമായി മാത്രമെ ഭക്ഷണം സ്വീകരിക്കുവാൻ വരുന്നതിന്ന് അവയെ പരിശീലിപ്പിക്കുവാൻ അദ്ദേഹത്തിന്ന കഴിഞ്ഞുള്ളു. എന്നാൽ ആ വെള്ളെലികളുടെ അടുത്ത തലമുറയിലുള്ള സന്താനങ്ങൾക്ക് അതിൻെറ ഏകദേശം പകുതി ചൂളവിളികൾ കൊണ്ടുതന്നെ പരിശീലനം സിദ്ധിച്ചു. ഒരു തലമുറകൂടി കഴിഞ്ഞപ്പോൾ ചൂളവിളികളുടെ ആവശ്യം വളരെ കുറഞ്ഞു. നാലഞ്ചു തലമുറകൂടി കഴിഞ്ഞപ്പോൾ എട്ടുപത്തു ചൂളവിളികൾ കൊണ്ടുമാത്രം അവരെ പരിശീലിപ്പിക്കാറായി. ആദികാലത്തു് തീക്ഷ്ണമായ പരിശ്രമംകൊണ്ടു് ഒരു കുടുംബത്തിലുള്ള ചില വ്യക്തികൾ അഭ്യസിക്കുന്ന സംഗതികൾ അടുത്തുള്ള തലമുറകളിലും തുടരുവാൻ ഇടവരുന്നതിനാലാണ് കുടുംബപരമായ അഭിരുചികളും വാസനകളും ആവിർഭവിക്കുന്നതെന്നു് ഇതിൽ നിന്നു സിദ്ധിക്കുന്നു.

ചില കുടുംബങ്ങളിൽ ചിലപ്പോൾ അവിടെയുള്ള മററംഗങ്ങളിൽനിന്നു് അത്ഭുതജനകമായ വ്യത്യസ്തത പ്രകടിപ്പിക്കുന്ന ചില ശിശുക്കൾ പ്രത്യക്ഷപ്പെടാറുണ്ടു്. ഒരു കുടുംബത്തിലോ, രണ്ടു കുടുംബങ്ങളിലോ (മാതാവിൻേറയും പിതാവിൻേറയും) അനേകം തലമുറകളിലായുണ്ടായിട്ടുള്ള പല വ്യക്തികളുടെ കായികലക്ഷണങ്ങളും മാനസിക വിശേഷവിധികളും അസാധാരണമായ തോതിൽ കലന്നു്, പുതിയതും അത്ഭുതകരവുമായ കായികമാനസിക സ്വഭാവങ്ങൾ സമ്മിശ്രമായ ഒരു വ്യക്തിയെ ജനിപ്പിക്കാവുന്നതാണെന്നാണു് ചാറത്സ്ഡാർവ്വിൻ തുടങ്ങിയ പണ്ഡിതവരേണ്യന്മാരുടെ അഭിപ്രായം. ചിലർ ചെയ്യുന്ന

പോലെ അവരെ ശങ്കാദൃഷ്ടിയോടെ വീക്ഷിക്കേണ്ട ആവശ്യമൊന്നുമില്ല.

ചില കുടുംബങ്ങൾക്ക് പ്രത്യേക വാസനകളും സ്വഭാവവിശേഷങ്ങളും ഉണ്ടെന്നു പറഞ്ഞപോലെതന്നെ സാമൂഹ്യമായും (ചില മതക്കാർക്കോ, വർഗ്ഗങ്ങൾക്കോ, ജാതികൾക്കോ പൊതുവെ) ചില സ്വഭാവവിശേഷങ്ങൾ പരമ്പരാഗതമായി കണ്ടുവരാറുണ്ട്. ഇൻഡ്യയിൽ അഹിംസ തുടങ്ങിയ വിശിഷ്ടധർമ്മങ്ങൾ ഏറിയകാലമായി അനുഷ്ഠിച്ചുപോരുന്ന ബ്രാഹ്മണരുടെ സന്താനങ്ങൾ ഇന്നും മാംസാഹാരത്തിലും രക്തദർശനത്തിലും ഇതരസമുദായങ്ങളെ അപേക്ഷിച്ച് അറപ്പും വെറുപ്പും പ്രകടിപ്പിച്ചുവരുന്നു. ക്രൂരതയും പീഡനങ്ങളും ദർശിക്കുവാനും അനുഭവിക്കാനുമുള്ള ശക്തി അവരിൽ പ്രായേണ കുറഞ്ഞിരിക്കുന്നതേ ഉള്ളു. ഭാരതീയചിന്തകരിൽ അഗ്രഗണ്യരായി വിലസിയിരുന്ന പിതാമഹന്മാരെ അനുസരിച്ച് അവരുടെ ബുദ്ധിശക്തിയുടെ ശരാശരിയും പ്രകർഷതയോടുകൂടിത്തന്നെയാണ് ഇന്നു പരിലസിക്കുന്നത്. നേരേമറിച്ച് മററു ചില സ്വഭാവവിശേഷങ്ങൾ ചില ജാതിക്കാരിൽ നിന്ന് വിട്ടുമാറാതെ നില നില്ക്കുന്നതിനും ധാരാളം ദൃഷ്ടാന്തങ്ങളുണ്ട്. ഇതെല്ലാം പാരമ്പര്യത്തിൻെറ മഹത്വത്തെയാണ് സ്പഷ്ടമാക്കുന്നത്.

ലോകമഹാന്മാരായി ഗണിക്കപ്പെട്ടിട്ടുള്ള അക്ബർ, നെപ്പോളിയൻ, ഡാർവിൻ തുടങ്ങിയ പല വ്യക്തികളുടെ കുടുംബചരിത്രം ചില ഗവേഷകന്മാർ പഠിച്ചതിൻെറ ഫലമായി, പല തലമുറകളായി മഹത്വം ക്രമേണ വികം

സിച്ചുവന്ന് പരമകാഷ്ഠയിൽ എത്തിച്ചേരുന്നു എന്നും, മൂർദ്ധന്യാവസ്ഥയിലെത്തിക്കഴിഞ്ഞാൽ പിന്നെ പെട്ടെന്ന് ഒരു ക്ഷയപ്രവണതയാണ് പ്രകടിതമാകുന്നതെന്നും ഒരു അഭിപ്രായം സ്ഥാപിതമായിട്ടുണ്ട്. ഇതുപോലുള്ള പല പുതിയ തത്വങ്ങളും കണ്ടുപിടിക്കുവാൻ ശാസ്ത്രകാരന്മാർ ജാഗരൂകരായിരിക്കുന്നു.

ഇപ്പറഞ്ഞതിലെല്ലാം നിന്ന് ഒരു ശിശുവിന്റെ മാനസികവിഭവങ്ങളുടെ പരിഗണനനയിൽ പാരമ്പര്യത്തിന് സമുന്നതമായ ഒരു സ്ഥാനമാണ് പല ശാസ്ത്രകാരന്മാരും നൽകിയിട്ടുള്ളതെന്ന് സ്പഷ്ടമാകുന്നുണ്ടല്ലോ. എന്നാൽ പാരമ്പര്യനിയമങ്ങൾക്കു കീഴ്പെട്ട് ഒരു വ്യക്തി ജീവിക്കണമെന്നോ പാരമ്പര്യജങ്ങളായ സ്വഭാവവിശേഷങ്ങൾ അവിമാർജ്ജിതങ്ങളാണെന്നോ ഒരു മനശ്ശാസ്ത്രകാരനും അഭിപ്രായമില്ല. നേരേമറിച്ച് ഏററവും പ്രബലമായ പാരമ്പര്യസ്വഭാവവിശേഷങ്ങളെപ്പോലും നിയന്ത്രിക്കുവാനും യുക്തമാർഗ്ഗങ്ങളിലേക്കു നയിക്കുവാനും ശാസ്ത്രീയസംരക്ഷണവിധികൾക്കു സാധിക്കുമെന്നാണ് ഏററവും ആധുനികമായ അഭിപ്രായം. "ദൈവായത്തം കുലേ ജന്മ, മദായത്തം തു പൗരുഷം" എന്ന് ഒരു ഭാരതപുരാണപുരുഷൻ അഭിപ്രായപ്പെട്ടതുപോലെ ഒരു കുടുംബത്തിൽ ജാതരാകുന്നതിനെ നിയന്ത്രിക്കുവാൻ നാം ശക്തരല്ലെങ്കിലും മഹത്വസിദ്ധിക്കു വിഘാതമായി നിലകൊള്ളുന്ന "വിധി"കളേയോ 'പാരമ്പര്യ'ങ്ങളേയോ തള്ളിമാററിയിട്ട് പുരോഗമിക്കുവാനുള്ള പ്രഗത്ഭത നമ്മിൽതന്നെ ലയിച്ചിരിക്കുന്നുണ്ടെന്നുള്ള ആനന്ദാത്മക-

മായ ആസ്തികചിന്തയേ അർവ്വാചീനമനശ്ശാസ്ത്രകാരന്മാക്കുള്ളു. ഇതാണു് ആധുനിക ശിശുമനശ്ശാസ്ത്രത്തിന്റെ അസ്ഥിഭാരമെന്നോ ശരവ്യമെന്നോ തന്നെ അഭിപ്രായപ്പെടാവുന്നതാണു്.

---

## അദ്ധ്യായം ൧൧

---

## ജനനസമയത്തുള്ള മാനസികസമ്പത്തു്.

ജനനസമയത്തു് ശിശുവിന്റെ മനസ്സിനെക്കുറിച്ചുള്ള ജാൺലാക്കിന്റെ വെള്ളക്കടലാസ്സു് സിദ്ധാന്തവും ഹെർബാർട്ടിന്റെ സമത്വവാദവും ഇന്നു് ശാസ്ത്രകാരന്മാർ സ്വീകരിക്കുന്നില്ലെന്നു് സൂചിപ്പിച്ചുകഴിഞ്ഞുവല്ലോ. നേരമറിച്ചു് പുരുഷന്റെ ബീജകോശത്തിൽ നിന്നു് ബീജാണുകം പുറപ്പെട്ടു് സ്ത്രീയോനിസ്ഥിതമായ അണ്ഡാണുകവുമായി സംയോജിക്കുന്ന ഘട്ടത്തിൽ പോലും കർമ്മകുശലമായ ഒരു മനസ്സിന്റെ സാന്നിദ്ധ്യമുണ്ടെന്നും, അതു് ഓരോ വ്യക്തിയിലും ഓരോ സ്വഭാവവിശേഷമുള്ളതാണെന്നും സമർത്ഥിക്കാനാണു് ഇന്നു് ശാസ്ത്രകാരന്മാർ ശ്രമിച്ചുവരുന്നതു്. ഗർഭസ്ഥിതനായ ശിശുവിന്റെ വളർച്ച സൂക്ഷിച്ചു പരിശോധിച്ചാൽ പ്രവർത്തനസാമർത്ഥ്യമുള്ള മനസ്സെന്നുതന്നെ പറയാവുന്ന ഒരു ശക്തിവിശേഷത്തിന്റെ പ്രചോദനം കാണാവുന്നതാണെന്നും, ഭൂജാതനാകുന്നതിനു് ഏതാനും ആഴ്ചകൾക്കുമുമ്പുതന്നെ

പല ശീലങ്ങളും കൈവശപ്പെടുത്തുവാൻ ശിശു ആരംഭിക്കുന്നുണ്ടെന്നും തെളിയിക്കുവാൻ പാക്കർ (Geoge Parker) കോങ്ക്ലിൻ(Edwin Conklin)ഹാളിങ്ഗ്വത്ത്(Hollingworth) തുടങ്ങിയ പല പ്രശസ്തശാസ്ത്രകാരന്മാരും വിജയകരമായ പല പരീക്ഷണങ്ങളും നടത്തിയിട്ടുണ്ട്. ഏതായിരുന്നാലും ജനനസമയത്ത് നമുക്ക് തിരിച്ചറിയത്തക്ക ഒരു മാനസികസമ്പത്ത് സകല ശിശുക്കൾക്കും ഉണ്ടെന്നുള്ള തത്വം ഇന്ന് സാർവ്വത്രികമായ സമ്മതി സമ്പാദിച്ചുകഴിഞ്ഞിരിക്കുന്നു.

ഈ തത്വം പൗരാണികഭാരതീയാചാര്യന്മാർ മനസ്സിലാക്കിയിരുന്നു എന്നുള്ളത് പ്രസ്താവ്യമാണ്. ഇവിടത്തെ വൈദ്യഗ്രന്ഥങ്ങളും ശാസ്ത്രങ്ങളും ഇതിഹാസാദികാവ്യഗ്രന്ഥങ്ങൾപോലും ഇതിന് സാക്ഷ്യം വഹിക്കുന്നു. ഗർഭസ്ഥിതനായ അഭിമന്യു പത്മവ്യൂഹനിർമ്മാണസമ്പ്രദായം മനസ്സിലാക്കിയ കഥ സുപ്രസിദ്ധമാണ്. പൂർവ്വജന്മങ്ങളിൽ വിശ്വസിച്ചിരുന്ന യവനന്മാരുടെ അഭിപ്രായത്തിനും ഭാരതീയമതത്തിനോടു് വളരെ സാദൃശ്യമുണ്ട്. ജനനസമത്തുതന്നെ സമർത്ഥമായ ഒരു മനസ്സ് മനുഷ്യനുണ്ടെന്നും, അതു് പൂർവ്വജന്മത്തിന്റെ സ്മരണയാണെന്നും പ്ലേറ്റോ പ്രതിപാദിച്ചു കാണുന്നു.

ജനനസമയത്ത് ശിശുവിന്ന് ഒരു മാനസികസമ്പത്തുണ്ട്; പക്ഷേ അവന്റെ ശരീരം പോലെതന്നെ ഏററവും ലഘുവായ പ്രവത്തനത്തിനു മാത്രമേ അതുകൊണ്ടു സാധ്യമാകുന്നുള്ളു. മിതവ്യയശീലയായ പ്രകൃതി അത്രയേ ഉദ്ദേശിക്കുന്നുമുള്ളു. പാരമ്പര്യജമായും മററും സിദ്ധി

കുന്ന ബുദ്ധ്യാദിശക്തികളുടെ ബീജങ്ങൾ ആ മനോകുഡ്മളത്തിൽ ലയിച്ചിരിക്കാം. പക്ഷേ ആ മനസ്സ് വികസിച്ച് അവയുടെയെല്ലാം പരിമളം പ്രസരിപ്പിക്കാനുള്ള കാലം വിദൂരതയിലെങ്ങാണ്ട് സ്ഥിതിചെയ്യുന്നതേ ഉള്ളു. തൽകാലം ഏററവും പ്രാഥമികവും അപരിഹാര്യവുമായ ആവശ്യങ്ങൾക്കു വേണ്ടി പ്രവൎത്തിക്കാനുള്ള കെല്പുമാത്രമാണ് അവൻെറ മനസ്സിനു വേണ്ടത്. അതു് അവനുണ്ടുതാനും. മാതാപിതാക്കന്മാൎക്കു പരാധീനമായ ശരീരത്തോടുകൂടി ജനിക്കുന്ന മനുഷ്യശിശുവിന് ഉചിതജ്ഞയായ പ്രകൃതി അതിൽ കൂടുതലൊന്നും അനുവദിക്കാതിരിക്കുന്നതു് ഏററവും യുക്തമാണല്ലോ.

ഒരു ഇളംപൈതലിൻെറ മാനസികഘടകങ്ങൾ ഗ്രഹിക്കുന്നതിന് അവൻെറ ചലനങ്ങൾ സൂക്ഷിച്ചുനോക്കുകയല്ലാതെ ഗത്യന്തരമില്ല. അവൻെറ കായികചലനങ്ങളെ ശാസ്ത്രീയമായി മൂന്നുവിധം തരംതിരിക്കാവുന്നതാണ്.

ഒന്നാമത്തു്—കേവലം ആഭ്യന്തരമായ ചൈതന്യവിശേഷത്തിൻെറ നിരൎഗ്ഗള പ്രകടനമായ ചലനമാണ്. എന്തു് അക്ഷീണമായ ഉത്സാഹത്തോടും ഊൎജ്ജസ്വലതയോടും കൂടിയാണ് ആ ഓമൽകരങ്ങളും പാദതളിരുകളും തെരുതെരെ കുലുക്കിക്കുടഞ്ഞു് അവൻ ഉല്ലസിക്കുന്നതു് ബാഹ്യമായ യാതൊരു കാരണവും അതിനു പ്രചോദകമല്ല. ശ്വാസനദഹനാദികൾക്കു നിരന്തരസാക്ഷിയായ ഉപബോധമനസ്സുതന്നെയായിരിക്കണം ഈ ചലനവിശേഷത്തിൻെറ നിയന്താവു്. ജനനം തുടങ്ങി ജാഗ്രത്തായി

രിക്കുന്ന ഉപബോധമനസ്സ് ഉറക്കത്തിലാണ് കൂടുതൽ ഊർജ്ജിതമുള്ളതെന്നു പറഞ്ഞുകഴിഞ്ഞിട്ടുണ്ടല്ലോ. ഉറങ്ങുന്ന ഒരു ചെറുശിശുവിന്റെ മുഖബിംബത്തിൽ പ്രകടമാകുന്ന സ്തോഭവിശേഷങ്ങളുടെ ഉത്ഭവം എവിടെ നിന്നായിരിക്കും? നിദ്രാധീനനായ അവന്റെ ലിംഗവിജൃംഭണത്തിനു ഹേതു എന്താണ്? ഉപബോധമനസ്സാണ് സകല സഹജവേഗങ്ങളേയും വാസനകളേയും വികാരങ്ങളേയും സൂക്ഷിച്ചുവച്ചിരിക്കുന്ന ഭാണ്ഡാഗാരമെന്നുള്ള ഫ്രായിഡിയന്മാരുടെ (ഫ്രായിഡിന്റെ അനുയായികളുടെ) സിദ്ധാന്തം ഈ ഘട്ടത്തിൽ സ്മരണീയമാകുന്നു.

രണ്ടാമത്തേത്—സഹജമായ (ജന്മസിദ്ധമായ) വേഗങ്ങളുടേയും വാസനകളുടേയും വികാരങ്ങളുടേയും പ്രചോദനത്താൽ ജനിക്കുന്ന ചലനങ്ങളാകുന്നു. പൈദാഹശമനത്തിനായി കരയുക, മാതൃസ്തന്യം നുകരുക, ആഹ്ലാദിച്ച് ചിരിക്കുക തുടങ്ങിയ പ്രവൃത്തനങ്ങൾ ഉദാഹരണങ്ങളാണ്. ഒന്നാമത്തേതിൽനിന്ന് ഇതിനുള്ള വ്യത്യാസം ഇതുമൂലം ചില മാനസികപ്രവൎത്തനങ്ങൾ ഉളവാകാം എന്നുള്ളതാണ്. വിശപ്പുമൂലം ഒരു ശിശുവിനു എന്തെങ്കിലും ഭക്ഷിക്കണമെന്നുള്ള ആഗ്രഹം, പ്രത്യേകഭക്ഷ്യങ്ങളിൽ ആസക്തി, അവ യഥാവസരം ലഭിക്കാതിരുന്നാലുള്ള വിഷമം, കിട്ടുന്നതിലേയ്ക്കുള്ള ശ്രമം, കിട്ടിയാലുള്ള തൃപ്തി തുടങ്ങിയ പല മാനസികപ്രവൎത്തനങ്ങളും ഉൽഭവിക്കുന്നു. എന്നാൽ ഒരു ശിശു കൈകാൽ കടയുന്നതിലോ ശ്വസിക്കുന്നതിലോ മറ്റോ ഇമ്മാതിരി മാനസികപ്രവൎത്തനങ്ങൾ കാണ്മാനിടയില്ലല്ലോ.

മൂന്നാമത്ത്—ബാഹ്യലോകത്തു നിന്നുള്ള പ്രചോദനങ്ങൾ ഇന്ദ്രിയങ്ങൾമുഖേന സ്വീകരിച്ചാൽ ഉടനടി, അനിവാര്യമായി, അവയവങ്ങൾക്കും അവയെ സംബന്ധിക്കുന്ന പ്രവൎത്തനങ്ങൾക്കുമുണ്ടാകുന്ന ചലനങ്ങളാകുന്നു. ഒരു ശിശുവിൻെറ വായിൽ ഒരു മിഠായി ഇട്ടാൽ വാനിറയെ ഉമിനീരു് ഊറുകയും വക്ത്രാവയവങ്ങൾ പ്രവൎത്തനമാരംഭിക്കയും ചെയ്യുന്നു. അല്ലെങ്കിൽ ഒരു ടാൎച്ചുലൈററ് അവൻെറ കണ്ണിൽ കൊണ്ടുചെന്നടിച്ചാൽ പെട്ടെന്നു് പക്ഷ്മങ്ങൾ കൂമ്പി, കൃഷ്ണമണികളെ മറച്ചുകളയുന്നുണ്ടു്. ഈ മാതിരി ചലനങ്ങളിൽനിന്നു് അവനു് മസ്തിഷ്കവും പ്രജ്ഞാധമനികളും ഇന്ദ്രിയങ്ങളും മുഖേന പ്രവൎത്തിക്കാൻ സമൎത്ഥമായ ഒരു മനസ്സുണ്ടെന്നാണു് തെളിയുന്നതു്. മുഖത്തു് ലൈററ് പ്രകാശിച്ചുകഴിയുമ്പോൾതന്നെ നയനേന്ദ്രിയം അതു് സ്വീകരിച്ചുകഴിയും; പ്രജ്ഞാധമനികൾ വിവരം മസ്തിഷ്കത്തെ അറിയിക്കയും പക്ഷ്മങ്ങൾ അടച്ചു് കൃഷ്ണമണികളെ രക്ഷിക്കാനുള്ള ആജ്ഞ മസ്തിഷ്കം ഉടനടി പ്രക്ഷേപിക്കയും, ആജ്ഞ അനുസരിച്ചുകഴിഞ്ഞ വിവരം ഝടിതിയിൽ വീണ്ടും മസ്തിഷ്കത്തെ അറിയിക്കയും ചെയ്യുന്നു സ്മരണകേന്ദ്രം ഈ അനുഭവങ്ങളെ രേഖപ്പെടുത്താതിരിക്കുന്നില്ല. എന്തെന്നാൽ, അസുഖകരമായ ടാൎച്ച് ലൈററ് കണ്ണിലേയ്ക്കു കൊണ്ടുചെല്ലുമ്പോൾതന്നെ (പ്രയോഗിക്കുന്നതിനുമുമ്പു്) കണ്ണു് അടച്ചുകളയാൻ അവൻ ക്രമേണ പഠിക്കുന്നുണ്ടെന്നു കാണാം. കവൎപ്പുള്ള മരുന്നുകൾ കൊടുക്കുന്ന പാത്രം കൈയ്യിലെടുക്കുന്നതു കാണുമ്പോൾ തന്നെ കുട്ടികൾ കരയാറുണ്ടു്. രണ്ടാമത്തെ

മാതിരി ചലനങ്ങളിൽ നിന്ന് ഇവയ്ക്കുള്ള വ്യത്യാസം ഇവ ആന്തരമായ പ്രവത്തനങ്ങളിലല്ല ആരംഭിക്കുന്നതെന്നും നേരെമറിച്ച് ബാഹ്യമായ വസ്തുക്കളുടേയോ ക്രിയകളുടേയോ ഫലമായി മാനസികവ്യാപാരങ്ങൾ ജനിപ്പിച്ചുകൊണ്ടാണ് ഉളവാകുന്നതെന്നും ഉള്ളതാണ്.

ഈ മൂന്നുമാതിരി ചലനങ്ങളിൽ നിന്നും ഒരു ശിശുവിൻെറ മാനസികസമ്പത്തിൽ താഴെപറയുന്ന ഘടകങ്ങൾ അടങ്ങിയിട്ടുണ്ടെന്ന് കാണാം:— i ഉപബോധമനസ്സ്. ii വികാരശക്തി. iii ഇന്ദ്രിയവേദനങ്ങൾ സ്വീകരിക്കാനുള്ള ശക്തി. iv അവയെ സംരക്ഷിക്കാനുള്ള ശക്തി (ഓർമ്മ). v ക്രിയാശക്തി (ഇച്ഛ).

പ്രഫസർ നൺ തരംതിരിച്ചിട്ടുള്ള മൂന്നുവിധം മാനസികശക്തികളും ഈ ഘടകങ്ങളിൽ പ്രകടമാകുന്നു. അതുപോലെതന്നെ, അറിയുക, വികാരാധീനമാകുക, ഇച്ഛിക്കുക എന്ന അവസ്ഥാത്രയങ്ങളും ശിശുമനസ്സിന്നുണ്ട്. അപ്പോൾ, പ്രായമായ ഒരാളിൻെറ മനസ്സിനുള്ള അംശങ്ങളെല്ലാം ഒരു ശിശുവിന്നും ഉണ്ടെന്നു വരുന്നു. എന്നാൽ പ്രാരംഭഘട്ടത്തിൽ ഇവയെല്ലാം കേവലം അങ്കുരപ്രായമായിരിക്കുന്നതേ ഉള്ളൂ. പല ഉപാധികളേയും ആശ്രയിച്ച് ഇവ പടിപടിയായി വികസിച്ചു വരുന്നതു കാണാം.

ഒരു ശിശു സ്വജീവിതത്തെ ചുററുപാടുകളുമായി ഘടിപ്പിക്കുന്നതിൽ ഒന്നാമത്തെപടി ഇന്ദ്രിയങ്ങൾ മുഖേന വസ്തുസ്ഥിതികൾ ഗ്രഹിക്കയാണല്ലോ. മനസ്സിൻെറ സ്വീകരണശക്തിയുടെ പ്രവത്തനത്താലാണ് ഇതിന്

സാധിക്കുന്നതു്. ജ്ഞാനേന്ദ്രിയങ്ങളാണു് സ്വീകരണശക്തിക്കു് ആധാരം. ശിശുക്കളുടെ ജ്ഞാനേന്ദ്രിയങ്ങളുടെ സ്വീകരണസാമൎത്ഥ്യം, തന്മൂലമുണ്ടാകുന്ന വസ്തുബോധം, അതിലുണ്ടായേയ്ക്കാവുന്ന വൈകല്യങ്ങൾ, അതിനെ സുശക്തമാക്കിത്തീൎക്കാനുള്ള മാറ്റങ്ങൾ ഇവയെല്ലാമാണു് അടുത്തതായി ചിന്തിക്കേണ്ടതു്.

---

## അദ്ധ്യായം ൧൨

---

## ശിശുക്കളുടെ ഇന്ദ്രിയശക്തിയും ഇന്ദ്രിയവേദനവും.

മനസ്സിനെ വിവരിച്ചപ്പോൾ അഞ്ചു ജ്ഞാനേന്ദ്രിയങ്ങളും അഞ്ചു കൎമ്മേന്ദ്രിയങ്ങളും ഭാരതീയാചാൎയ്യന്മാർ പരിഗണിക്കുന്നുണ്ടെന്നു് പറഞ്ഞുവല്ലോ.

"ശ്രോത്രം, ത്വക്, ചക്ഷുഷീ, ജിഹ്വാ
നാസികാ ചൈവ പഞ്ചമഃ
പായൂപസ്ഥം ഹസ്തപാദം
വാക്ചൈവ ദശമാ സ്മൃതാ ॥"

ചെവി, തൊലി, കണ്ണു്, നാക്കു്, മൂക്കു് ഇവ ജ്ഞാനേന്ദ്രിയങ്ങളും, പായു (മലവിസൎജ്ജനേന്ദ്രിയം), ഉപസ്ഥം (ജനനേന്ദ്രിയം), കൈകൾ, കാലുകൾ, വാക്കു് (സംഭാഷണേന്ദ്രിയം) ഇവ കൎമ്മേന്ദ്രിയങ്ങളുമാകുന്നു.

ആധുനികശാസ്ത്രകാരന്മാരും ജ്ഞാനേന്ദ്രിയം, കർമ്മേന്ദ്രിയം എന്നുള്ള പൊതുവിഭജനം സ്വീകരിക്കുന്നുണ്ട്. അവാന്തരവിഭാഗങ്ങൾക്കു ചില കൂട്ടിക്കുറവുകൾ വരുത്തിയിട്ടുണ്ടെന്നുള്ളതാണ് പ്രധാന വ്യത്യാസം.

ഖ്യാതമായ അഞ്ചു ജ്ഞാനേന്ദ്രിയങ്ങൾക്കു പുറമേ ചെവിയുടെ സമീപത്തിങ്ങാണ്ട് അവികാരനില (Sense of balance) ഗ്രഹിക്കുന്നതിലേയ്ക്കുള്ള ഒരു അന്തരിന്ദ്രിയം കൂടിയുണ്ടെന്നാണ് ഇവരുടെ അഭിപ്രായം. അതുപോലെ തന്നെ മാംസപേശികളുടെ ചലനങ്ങൾ ഗ്രഹിക്കുന്നതിലേയ്ക്കായി മുട്ടുകളിലും പേശികൾ എല്ലുകളുമായി ഘടിക്കുന്ന ഗ്രന്ഥികളിലും സ്ഥാപിതമായിരിക്കുന്ന പേശീചലന ഗ്രഹണേന്ദ്രിയങ്ങളും (Kinaesthetic sense) ഉണ്ടത്രെ. കണ്ണടച്ചിരിക്കുമ്പോൾ, അല്ലെങ്കിൽ രോഗബാധയാലോ മറേറാ അസ്വതന്ത്രനായിരിക്കുമ്പോൾ ആരെങ്കിലും കൈകാലുകൾ പിടിച്ചനക്കിയാൽ അവ എങ്ങോട്ടാണ് ഇളക്കപ്പെടുന്നതെന്നറിയുന്നതു് ഇവയുടെ സഹായത്താലാണ്.

ത്വഗിന്ദ്രിയശക്തിയെ മൂന്നായി തരംതിരിച്ചിരിക്കുന്നു. ചൂട്, തണുപ്പ്, സമ്മർദ്ദം ഇവയുടെ സ്പർശനജ്ഞാനമാണ് ഈ വിഭജനത്തിന് അടിസ്ഥാനം.

കർമ്മേന്ദ്രിയങ്ങളുടെ പ്രവർത്തനത്തെ ആസ്പദമാക്കി നാലു വ്യവസ്ഥകൾ തരംതിരിക്കപ്പെട്ടിട്ടുണ്ട്. i ശ്വസനം ii ദഹനം iii മാംസപേശീ പ്രവർത്തനം iv വർഗ്ഗപാലനം. ഇവമൂലം നമുക്ക് ബാഹ്യലോകത്തെക്കുറിച്ച് യാതൊരു ജ്ഞാനവും ലഭിക്കുന്നില്ല. അതുകൊണ്ട് മാനസികസംജ്ഞ

തികളിൽ ഇവയ്ക്കു് വലിയ പ്രാധാന്യമൊന്നുമില്ലെന്നു് ചിലക്കു അഭിപ്രായമുണ്ടു്. എന്നാൽ ശീലരൂപവൽക്കരണത്തിൽ ഇവയ്ക്കും ഗണനീയമായ സ്ഥാനമുണ്ടെന്നുള്ളതു് മറക്കത്തക്കതല്ല.

ജനനം തുടങ്ങി എല്ലാ ജ്ഞാനേന്ദ്രിയങ്ങളും-ശ്രവണേന്ദ്രിയം ഒഴികെ-പ്രവത്തനക്ഷമമായിരിക്കുന്നു. കണ്ണേന്ദ്രിയമദ്ധ്യത്തിൽ ജനനസമയത്തു കാണുന്ന ലായനം മാറിയിട്ടു് തൽസ്ഥാനത്തു് വായു നിറയുന്നതുവരയ്ക്കും ശഷ്കുലിയുടെ സ്വീകരണശക്തിക്കു തടസ്സമുണ്ടാകുന്നു. എങ്കിലും ഏതാനും ദിവസങ്ങൾക്കുള്ളിൽ തന്നെ അതു് പ്രയോഗസമത്ഥമായിത്തീരുന്നു. ആദ്യമായി പ്രവത്തനയോഗ്യമാകുന്നതു സ്പർശനേന്ദ്രിയമാണു്. സമ്മർദ്ദമോ, തണുപ്പോ, ചൂടോ, ക്രമാതീതമായാൽ ജനനസമയത്തുതന്നെ ശിശു കരയുന്നുണ്ടു്. തണുത്ത ജലത്തിൽ കുളിപ്പിക്കുമ്പോൾ ആദ്യദിവസംതന്നെ കുഞ്ഞുങ്ങൾ കരയുന്നു. അടുത്തതായി വികസിതമാകുന്നതു് നയനേന്ദ്രിയമാണു്. ഇരുട്ടും വെളിച്ചവും തമ്മിലുള്ള ഭേദമായിരിക്കും ആദ്യമായി മനസ്സിലാക്കുന്നതു്. പിന്നീടു സാധനങ്ങളെ തിരിച്ചറിഞ്ഞു തുടങ്ങും. അടുത്തപടി കർണ്ണേന്ദ്രിയം വികസിക്കുന്നു. വലുതും ചെറുതുമായ ശബ്ദങ്ങൾ തിരിച്ചറിയുവാനുള്ള ശക്തിയേ ആദ്യഘട്ടത്തിൽ കാണുകയുള്ളു. ക്രമേണ പ്രത്യേകശബ്ദങ്ങൾ വിവേചിച്ചറിഞ്ഞുതുടങ്ങും. ബുദ്ധിശക്തിയുള്ള കുട്ടികൾ മൂന്നാംമാസത്തിൽ മാതാവിന്റെ ശബ്ദം തിരിച്ചറിയാറുണ്ടു്. രസനേന്ദ്രിയമാണു് അടുത്തതായി വികസിക്കുന്നതു്. മൂന്നാലുമാസംവരെ നല്ല,

 L 339

കവർപ്പുള്ള കഷായങ്ങൾ അസുഖപ്രദർശനം കൂടാതെ ചില കുട്ടികൾ കുടിയ്ക്കുന്നതു കണ്ടിട്ടുണ്ട്. ഘ്രാണേന്ദ്രിയ വികസനമാണ് അവസാനമായുണ്ടാകുന്നതു്. ഒരു വയസ്സായാൽപോലും ദുർഗന്ധബോധം കൂടാതെ മലാദികളെ നിസ്സങ്കോചം സമീപിക്കുന്നതു് സാധാരണമാണ്. പാരമ്പര്യവും പരിതഃസ്ഥിതികളും അനുസരിച്ചു് ഇന്ദ്രിയങ്ങൾ വികസ്വരങ്ങളാകുന്നു എന്നു പറയുന്നതിൽ വളരെ യാഥാർത്ഥ്യമുണ്ട്.

ഇന്ദ്രിയവേദനംകൊണ്ടു മാത്രമേ നമുക്കു വസ്തുബോധം ഉണ്ടാകയുള്ളു. അടുത്തമുറിയിൽനിന്നു് ആരോ വിളിക്കുന്നു. ശബ്ദവീചികൾ എന്റെ ശ്രവണപുടത്തിൽ പതിക്കുന്നു. അതായതു് എനിക്കു ശ്രവണേന്ദ്രിയവേദനം ഉണ്ടായിക്കഴിഞ്ഞു. ഉടനടി ശഷ്കുലിയുമായി ഘടിപ്പിച്ചിട്ടുള്ള പ്രജ്ഞാധമനികൾ വിവരം മസ്തിഷ്കത്തെ അറിയിക്കുന്നു.—സ്മൃതികേന്ദ്രം പെട്ടെന്നു് പ്രവർത്തിക്കയും ആ ശബ്ദം എന്റെ സ്നേഹിതന്റേതാണെന്നു് തിരിച്ചറികയും ചെയ്യുന്നു. എനിക്കു വസ്തുബോധം ഉണ്ടായിക്കഴിഞ്ഞു.

പ്രായമായവർക്കു കേവലസ്വരൂപത്തിലുള്ള ഇന്ദ്രിയവേദനം സാദ്ധ്യമല്ല. ഇന്ദ്രിയവേദനത്തോടുചേർന്നു് ഓർമ്മയും തന്മൂലം വസ്തുബോധവും ആവിർഭവിക്കുന്നുണ്ട്. എന്നാൽ ശിശുക്കൾക്കു് (പ്രാരംഭഘട്ടങ്ങളിൽ) ഇന്ദ്രിയവേദനം മാത്രമേ ഉണ്ടാകുന്നുള്ളു. പല ഇന്ദ്രിയവേദനങ്ങളുടെ ഫലമായിട്ടാണ് അവക്കു വസ്തുബോധം ജനിക്കുന്നതു്. ഉദാഹരണമായി, ഒരു കുട്ടി പല പ്രാവശ്യമായി

ഒരു പൂച്ചയെ കാണുകയും, അതിൻെറ ശബ്ദം കേൾക്കുകയും, അതിൻെറ സ്വഭാവവിശേഷങ്ങൾ ഒന്നൊന്നായി അവൻെറ ഇന്ദ്രിയങ്ങൾക്കു ഗോചരമാകുകയും ചെയ്യുന്നതിൻെറ ഫലമായിട്ടാണ് പൂച്ചയെക്കുറിച്ചുള്ള ഒരു പൂർണ്ണവസ്തുബോധം അവനുണ്ടാകുന്നത്.

ഇന്ദ്രിയവേദനമല്ലാതെ ബാഹ്യലോകവുമായി ഇടപെടുവാൻ മററുപകരണങ്ങളൊന്നുംതന്നെ ശിശുക്കൾക്കില്ല. ബുദ്ധിവികസനത്തിനും മാനസികമായ സർവവിധോൽക്കർഷത്തിനും അടിസ്ഥാനം ശരിയായ ഇന്ദ്രിയവേദനമാണ്. ഇന്ദ്രിയങ്ങൾക്ക് ആദ്യമായി അനുഭവപ്പെടാത്ത എന്തെങ്കിലും സംഗതികൾ മനസ്സിൽ പ്രവേശിക്കാനിടയുണ്ടോ? ഇന്ദ്രിയങ്ങൾക്ക് ഏതെങ്കിലും വൈകല്യമുള്ളവരുടെ വസ്തുബോധം തീർച്ചയായും ആ വൈകല്യത്തിനനുസരിച്ച് ന്യൂനമായിരിക്കയേ ഉള്ളു. ചെവിപൊട്ടനായ ഒരു ശിശുവിന് ഒരു വേണുവിനെക്കുറിച്ചുള്ള വസ്തുബോധം എത്ര വികലമായിരിക്കുമെന്ന് ആലോചിച്ചുനോക്കുക. അതൊരു വെറും പൊള്ളയായ കോലല്ലെന്നു മനസ്സിലാക്കാൻ അവന് എത്രകാലം വേണ്ടിവരും! കുരുടരായ ശിശുക്കളെ വിദ്യ അഭ്യസിപ്പിക്കുവാൻ എന്തുമാത്രം വിഷമങ്ങളാണു് അനുഭവിക്കേണ്ടതു്? എന്നാൽ തന്നേയും അവരുടെ വസ്തുബോധം എത്രത്തോളം അസംപൂർണ്ണമായിരിക്കുമെന്നുള്ളതു് ഊഹ്യമാകുന്നു.

ഇന്ദ്രിയങ്ങൾക്കും ഇന്ദ്രിയവേദനത്തിനും ശൈശവത്തിൽ ഇത്രമാത്രം പ്രാധാന്യമുള്ളതുകൊണ്ടു് അവയുടെ

ശരിയായ പരിശീലനം നൽകേണ്ടതു് അപരിത്യാജ്യമാണു്. ഇന്ദ്രിയങ്ങൾക്കു പ്രകൃതി നൽകിയിട്ടുള്ള സൂക്ഷ്മത വർദ്ധിപ്പിക്കണമെന്നല്ല വിവക്ഷ. അതു് മിക്കവാറും സാദ്ധ്യമല്ലല്ലോ. കാഴ്ചക്കുറവുള്ള ഒരു കുട്ടിക്കു് കണ്ണാടകൊണ്ടോ, കണ്ണുമാന്ദ്യമുള്ളവനു് ഉച്ചശ്രവണികൊണ്ടോ ഗുണം കിട്ടിയേക്കാം. എന്നാൽ സാധാരണരീതിയിലുള്ള കുട്ടികൾക്കു് ദൈനന്ദിനാവശ്യങ്ങൾക്കു വേണ്ടിടത്തോളവും കൂടുതലുമായ സൂക്ഷ്മത പ്രകൃതിതന്നെ നൽകി അനുഗ്രഹിച്ചിട്ടുണ്ടു്. അതിനെ കൂടുതൽ കൂർപ്പിക്കേണ്ട ആവശ്യവുമില്ല. പിന്നെ, എന്തു മാതിരി ഇന്ദ്രിയപരിശീലനമാണു് ശിശുക്കൾക്കു നൽകേണ്ടതു്?

L339

വൈകല്യങ്ങളൊന്നുമില്ലാത്തവയും ആവശ്യത്തിൽ കവിഞ്ഞ സൂക്ഷ്മത ഉള്ളവയുമായ ഇന്ദ്രിയങ്ങൾ കൊണ്ടു് സമനുഗ്രഹീതരായ ശിശുക്കൾപോലും അവയെ വേണ്ടവിധത്തിൽ ഉപയോഗിക്കുവാൻ ഉദ്യമിക്കുന്നില്ലെന്നുള്ളതു് ശിശുക്കളുമായി ഇടപെട്ടിട്ടുള്ള ഏവരും സമ്മതിക്കും. അതിനുകാരണമോ? അവയെ വേണ്ടപോലെ ഉപയോഗിക്കുന്നതിനുള്ള താൽപര്യവും ശ്രദ്ധയും അവരുടെ മനസ്സിനില്ലെന്നുള്ളതു തന്നെ. ഈ താൽപര്യവും ശ്രദ്ധയും അവരിൽ അങ്കുരിപ്പിക്കാനുള്ള പരിശീലനമാണു് നൽകേണ്ടതു്. അതായതു് അവരുടെ മനസ്സിനു് ഇന്ദ്രിയവേദനങ്ങളെ വേണ്ടവിധം സ്വീകരിക്കുവാനും ഇന്ദ്രിയങ്ങളെ ഏററവും സമർത്ഥമായ സ്വീകരണത്തിനു് പ്രാപ്തമാക്കുവാനും പററിയ പരിശീലനം കൊടുക്കേണ്ടതാകുന്നു.

ഈ പരിശീലനസമ്പ്രദായത്തെക്കുറിച്ച് ചിന്തിക്കുന്നതിനു മുമ്പായി, ഇന്ദ്രിയവേദനംമൂലമുണ്ടാകുന്ന ശിശുക്കളുടെ വസ്തുബോധത്തിൻെറ സ്വഭാവംകൂടി മനസ്സിലാക്കിയിരിക്കേണ്ടതു് ആവശ്യമാണു്. പല ഗവേഷണങ്ങളും ഈ വിഷയത്തിൽ നടത്തപ്പെട്ടിട്ടുണ്ടു്. ജിനീവായിലെ 'റൂസോ ഇൻസ്റ്റിററ്യൂട്ടി'ൽ വച്ചു് "ജീൻപിയാജററ്" എന്ന മഹാൻ നടത്തിയിട്ടുള്ളവ പ്രശസ്തങ്ങളാകുന്നു. അദ്ദേഹത്തിൻെറ 'Judgement and Reasoning of the child' 'Language and Thought of the child' തുടങ്ങിയ പ്രബന്ധങ്ങൾ ഈ വിഷയത്തിൽ ഏററവും വിജ്ഞാനപ്രദങ്ങളാകുന്നു.

---

## അദ്ധ്യായം ൧൩

---

## ശിശുക്കളുടെ വസ്തുബോധം

ഒരു ശിശുവിൻെറ വസ്തുബോധചരിത്രത്തെ മൂന്നു ഘട്ടങ്ങളായി ഫെറൻസി (Ferenczi) എന്ന ഹംഗേറിയൻ ശാസ്ത്രകാരൻ വിഭജിച്ചിട്ടുണ്ടു്. ഒന്നാമത്തേതിനു് സർവ്വാധികാരഘട്ടമെന്നും, രണ്ടാമത്തേതിനു് ഇന്ദ്രജാലഘട്ടമെന്നും, മൂന്നാമത്തേതിനു കാര്യകാരണ നിയമഘട്ടമെന്നുമാണു് അദ്ദേഹം നാമകരണംചെയ്തിട്ടുള്ളതു്. സർവ്വസ്വവും തൻേറതായും സർവ്വവും താനായും കാണുന്ന ആദ്യഘട്ടത്തിൽ അവൻ സ്വയമേവ സർവ്വപ്രമാണിയായും സർവ്വാധികാരിയായും വിചാരിക്കുന്നുണ്ടാകണം. ജീവനുള്ള

വയേയും ജീവനില്ലാത്തവയേയും തിരിച്ചറിയാതെയും ജീവനില്ലാത്തവയ്ക്കു ഭാവനകൊണ്ടു് ജീവൻ നൽകിയും (ഉദാ: മരക്കഷണത്തെ കുഞ്ഞാക്കുക.) സ്ഥിതി ചെയ്യുന്ന ദ്വിതീയഘട്ടത്തിന്റെ ഭാവനയാണു് ഐന്ദ്രജാലികസ്ഥാനം വഹിക്കുന്നതു്. ക്രമേണ വിവേചനാശക്തി വികസിക്കുന്നതോടുകൂടി ലോകം നിയമബദ്ധമാണെന്നുള്ള ബോധം അവനുണ്ടാകയും കാര്യങ്ങളെ കാരണങ്ങളുമായി ഘടിപ്പിച്ചുകൊണ്ടുള്ള വീക്ഷണത്തിനു് അവൻ ആരംഭിക്കുകയും ചെയ്യുന്നു.

ആദ്യമായി എപ്പോളാണു് ഒരു ശിശുവിനു് ഇന്ദ്രിയവേദനം മൂലം വസ്തുബോധമുണ്ടാകുന്നതു്? ജനനനിമിഷം മുതൽ എന്നു പറയുന്നതിൽ അബദ്ധമില്ല. എന്നാൽ ആ വസ്തുബോധം വളരെ വികലമായിരിക്കാനേ ഇടയുള്ളു. വില്ല്യം ജെയിംസ് എന്ന ശാസ്ത്രകാരൻ പറയുന്നതു് ശിശുക്കളുടെ മാനസികാനുഭവങ്ങളെല്ലാം വലിയ കുഴപ്പമുള്ളതാണെന്നാണു്. അത്രത്തോളം കുഴപ്പമുള്ളതാണോ എന്നു് സംശയിക്കാതിരിക്കാൻ നിവൃത്തിയില്ല. പ്രകൃതിയ്ക്കു തീർച്ചയായും ചില ഉദ്ദേശ്യങ്ങൾ ഉണ്ടായിരിക്കണം. അവൾ ശിശുക്കളുടെ അനുഭവപരിധി സങ്കുചിതമാക്കിയിരിക്കാം; അല്ലാതെ കുഴപ്പമുള്ളതാക്കിയിരിക്കാനിടയുണ്ടോ? അവരുടെ വസ്തുബോധത്തിനു് ഒരു അൎത്ഥമോ ഉദ്ദേശ്യമോ ഇല്ലാതിരിക്കുമോ? തീർച്ചയായും അവരെ സംബന്ധിച്ചിടത്തോളം അതിനു് ഒരു അൎത്ഥവും ഉദ്ദേശ്യവും ഉണ്ടായിരിക്കണം. അവൎക്കു് ആവശ്യമായ—അവരുടെ വളർച്ചയ്ക്കു് അനുകൂലമായ—ഒരു ലോകം അവർ ആ വസ്തുബോധം

കൊണ്ടു് സൃഷ്ടിക്കുകയും ചെയ്യുന്നുണ്ടായിക്കണം. അതു് സങ്കുചിതമാകാം; എന്നല്ലാതെ കുഴപ്പമുള്ളതാകാനിടയില്ല.

മാത്രമല്ല, ആദ്യമേതന്നെ, വളരെ ചെറിയ തോതിലുള്ളതാണെങ്കിലും, വിവേചനാശക്തി അവരിൽ സ്ഥിതിചെയ്യുന്നുണ്ടു്. കൈവിരൽ ഉറുഞ്ചുന്നതും മാതാവിന്റെ സ്തനാഗ്രം ഉറുഞ്ചുന്നതും തമ്മിലുള്ള വ്യത്യാസം അറിഞ്ഞുകൂടാത്ത കുട്ടികളുണ്ടോ? വിശന്നിരിക്കുമ്പോൾ കൈവിരൽ ഉറുഞ്ചിക്കൊണ്ടുമാത്രം കിടക്കുവാൻ അവർ ഒരുക്കമല്ല. പലരുടെ സഹായവും തങ്ങൾക്കാവശ്യമുണ്ടെന്നുള്ള കാര്യം അവർക്കറിയാം. യഥാവസരം സഹായം കിട്ടാത്ത പക്ഷം അവർ ശാഠ്യത്തോടെ കരയുന്നതു് സാധാരണമാണു്. സഹായിക്കുവാൻ അടുക്കുന്നവരുടെ നിറം, സ്വരം, സ്വഭാവം തുടങ്ങിയ വിശേഷവിധികളെല്ലാം അവർ വളരെ വേഗത്തിൽ മനസ്സിലാക്കുന്നുണ്ടു്. ചിലരെ സ്നേഹിക്കാനും, ചിലരെ ദ്വേഷിക്കാനും അവർ എളുപ്പത്തിൽ പഠിക്കുന്നു. ഇതെല്ലാം വലിയ തിരിച്ചറിവോടുകൂടി അവർ ചെയ്യുന്നു എന്നല്ല വിവക്ഷ; പക്ഷേ, തീരെ തിരിച്ചറിവില്ല എന്നു പറയാൻ സാധിക്കുന്നതല്ല.

ശിശുക്കളുടെ വസ്തുബോധത്തിൽ പല ന്യൂനതകളുമുണ്ടു്. പ്രധാനമായി പറയാവുന്നതു് സൂക്ഷ്മത വളരെ കുറയുമെന്നുള്ളതാണു്. ആദ്യഘട്ടങ്ങളിൽ തരം തിരിക്കുന്നതിലും സാദൃശ്യ നിരീക്ഷണത്തിലും അവർ വളരെ അശ്രദ്ധയും അലസതയും പ്രദർശിപ്പിക്കുന്നു; അതിലേയ്ക്കുള്ള കെല്പ് അവർക്കു വേണ്ടപോലില്ലെന്നാണു് ഇതു് സ്പഷ്ടമാക്കുന്നതു്. അഞ്ചോ ആറോ മാസം പ്രായമാകുമ്പോൾ

പിതാവിനെ 'പപ്പാ' എന്നോ 'ചാച്ചാ' എന്നോ വിളിക്കാൻ പഠിക്കുന്ന കുട്ടി, കുറേക്കാലത്തേയ്ക്കു് ഏതൊരു പുരുഷനേയും—വിശിഷ്യ പിതാവിന്റെ ഏതെങ്കിലും ലക്ഷണമുള്ളവരെയെല്ലാം—അവർ പിതാവണിയുന്ന പോലുള്ള വസ്ത്രങ്ങൾ ധരിച്ചിരുന്നാലും മതി- 'പപ്പാ' എന്നോ 'ചാച്ചാ' എന്നോ വിളിക്കുക സാധാരണമാണു്. എന്നാൽ സ്ത്രീകളെ കണ്ടാൽ അങ്ങനെ തെററിവിളിക്കാറില്ല!

വസ്തുക്കളുടെ പേരുകൾ അവർ ഉച്ചരിക്കുന്നതു കേട്ടാൽ അവയുടെ ബോധം അവക്കുണ്ടെന്നു് നമുക്കു തോന്നിയേക്കാം. എന്നാൽ സർവ്വസാധാരണമായ സാധനങ്ങളെക്കുറിച്ചുപോലും അവക്ക്—മൂന്നാലു വയസ്സായ കുട്ടികൾക്കുപോലും ശരിയായ ബോധമില്ലെന്നാണ് പിയാജററിന്റെ അഭിപ്രായം. അദ്ദേഹം പല പ്രായങ്ങളിലും പല ചുററുപാടുകളിലുമുള്ള കുട്ടികളെക്കൊണ്ടു് വസ്തുക്കളുടെ ചിത്രങ്ങൾ വരപ്പിച്ചു നോക്കിയാണു് അവരുടെ വസ്തുബോധസ്വഭാവം ഗ്രഹിച്ചതു്. മൂന്നുനാലു വയസ്സുവരെ പൂർണ്ണവസ്തുക്കളെ വരയ്ക്കുന്നതിനു പകരം, ഏതെങ്കിലും ഒരംശംമാത്രം—ആ അംശം എങ്ങനെയോ അവരെ ആകർഷിച്ചിട്ടുള്ളതായിരിക്കും—വരച്ചിട്ടു് പരിപൂർണ്ണസംതൃപ്തി അവർ നേടി. മോട്ടാർവണ്ടിയുടെ പടം, ജാലനം കൊണ്ടു് നേത്രങ്ങളെ ആകർഷിച്ചിട്ടുള്ള ടൈലറുകളെ പ്രതിനിധീകരിക്കുന്ന രണ്ടു വൃത്തങ്ങളും അവ തമ്മിൽ ഘടിപ്പിക്കുന്ന ഏതാനും വരകളും മാത്രമായിരിക്കും. കോഴിയുടെ പടം വാലിന്റേയോ പൂവിന്റേയോ പ്രതിനിധികളായ ഏതാനും വരകളേ ആയിരിക്കയുള്ളു.

വസ്തുക്കളെ എത്രമാത്രം വികലമായ ശ്രദ്ധയോടുകൂടിയാണ് അവർ വീക്ഷിക്കുന്നതെന്നുള്ളതിന് ഇതു് മതിയായ തെളിവു തന്നെയാണല്ലോ.

പദപ്രയോഗം തന്നെ ഏററവും അസൂക്ഷ്മമായിട്ടാണ് കുട്ടികൾ ചെയ്യാറുള്ളതു്. വിദ്യാലയങ്ങളിൽ നാലഞ്ചുകൊല്ലം പഠിച്ചുകഴിഞ്ഞശേഷംപോലും അർത്ഥബോധംകൂടാതെ പദങ്ങൾ ഉപയോഗിക്കുന്ന കുട്ടികൾ ധാരാളമുണ്ടു്. പദങ്ങൾക്കുണ്ടാകുന്ന സൂക്ഷ്മമായ അർത്ഥവ്യത്യാസങ്ങൾ മിക്കപേരും വിഗണിച്ചുകളയുന്നു. കയറു്, നാരു്, നൂലു്, ചരടു്, വടം തുടങ്ങിയ പദങ്ങളുടെ അർത്ഥഭേദങ്ങൾ അറിഞ്ഞുകൂടാത്ത—അറിയാമെങ്കിൽ തന്നെ പ്രയോഗത്തിൽ ശ്രദ്ധിക്കാത്ത—കുട്ടികളെ ഹൈസ്കൂളിൽ പോലും കാണാം. കയറുകൊണ്ടു് പൂകെട്ടുന്നവരും, നാരുകെട്ടി പശുവിനെ മേയ്ക്കുന്നവരും ചുരുക്കമല്ല. പത്തുവയസ്സായ ഒരു കുട്ടി ഒരിക്കൽ അത്ഭുതപ്രകടനത്തോടെ "ഞാഞ്ഞുകമ്പുകൾ ഒരു വലിയ വണ്ടിയിൽവച്ചു് രണ്ടു ആനകൾകൂടി വലിച്ചോണ്ടുപോണു!" എന്നു പറയുകയുണ്ടായി. കമ്പു്, കോലു്, തടി, വടി തുടങ്ങിയ പദങ്ങളുടെ സൂക്ഷ്മവ്യത്യാസം ഗ്രഹിക്കാത്തതുകൊണ്ടാണു് ആനവണ്ടിയിൽ തടികളാണ് കയററിയിരുന്നതു് എന്നു പറയാൻ ആ കുട്ടിക്കു് സാധിക്കാത്തതു്.

പ്രായമായവർക്കു് ഇന്ദ്രിയവേദനത്തോടൊത്തു് സ്മൃതിയുംകൂടി എത്തുന്നുണ്ടെന്നും അവരുടെ വസ്തുബോധത്തിൽ സ്മൃതിയുടെ സഹായം പ്രാധാന്യം വഹിക്കുന്നു

 L. 339

ണ്ടെന്നും പറഞ്ഞുവല്ലോ. എന്നാൽ ശിശുക്കളുടെ വസ്തുബോധത്തിൽ സ്മൃതിയെക്കാൾ കൂടുതൽ ഭാവനയാണ് സഹായിയായി നിലകൊള്ളുന്നത്. യാഥാത്ഥ്യവും ഭാവനയുംകൂടി കൂട്ടിക്കുഴക്കിയാണ് അവർ വസ്തുസ്ഥിതികളെ ഗ്രഹിക്കാറ് പതിവ്. യാഥാത്ഥ്യത്തേയും ഭാവനയേയും തിരിച്ചറിയുന്നതിനോ, തിരിച്ചുപറയുന്നതിനോ അവർക്കുള്ള അപ്രാപ്തിയും അശ്രദ്ധയുംമൂലം അവർ പ്രായമായവരുടെ ദൃഷ്ടിയിൽ മിക്കപ്പോഴും അസത്യവാദികളായിത്തീരുന്നു. ഒരു വലിയ തവള കുളത്തിലേയ്ക്ക് എടുത്തുചാടുന്നത് നാലുവയസ്സോളമായ ഒരു കുട്ടി കണ്ടു. അല്പം കഴിഞ്ഞപ്പോഠം അവളുടെ രണ്ടുവയസ്സായ അനുജനെ വീട്ടിലെങ്ങും കാണാത്തതുകൊണ്ട് സംഭ്രമിച്ച് അമ്മ അന്വേഷണം നടത്തിത്തുടങ്ങി. "അനിയൻ കൊളത്തിൻെറ കരച്ചെന്ന് കൊളത്തിച്ചാടിത്താണു പോയി. അങ്ങനെ 'ർ ർ ർ' എന്ന് താണുപോയതു ഞാൻ കണ്ടു." എന്ന് യാതൊരു സങ്കോചവും കൂടാതെ ആ കുട്ടി പറയുന്നതുകേട്ട്, അമ്മ നിലവിളിക്കാനും ബഹളം കൂട്ടാനും തുടങ്ങി. അടുത്ത വീട്ടുകാരെല്ലാം ഓടിവന്നു. അക്കൂട്ടത്തിൽ ഒരു സ്ത്രീയുടെ കൈയിൽ കാണാതെപോയ കുട്ടിയുമുണ്ടായിരുന്നു. അവൻ കുളത്തിൻകരയിൽക്കൂടി ഓടി, വേലി നൂന്ന്, അടുത്ത വീട്ടിൽ ചെന്നതായിരുന്നു. കുളത്തിൻെറ വക്കിലേയ്ക്ക് അവൻ ചെല്ലുന്നതുവരെയുള്ള കാഴ്ചയെ ആ പെൺകുട്ടി കണ്ടിട്ടുണ്ടായിരുന്നുള്ളു. ബാക്കി, തവള ചാടിയ ഓമ്മകൂടി യോജിപ്പിച്ചുണ്ടാക്കിയ ഭാവനാത്മകമായ ഒരു കഥമാത്രമായിരുന്നു.

തവള കുളത്തിലേയ്ക്കു് ചാടുന്നതു് അവൾക്കു കാണിച്ചു കൊടുത്ത അദ്ധ്യാപകനായ പിതാവു് വൈകുന്നേരം സ്കൂളിൽനിന്നു വന്നു് വിവരങ്ങൾ വിശദമാക്കിയശേഷമേ അമ്മയുടെ കോപത്തിനു് ശമനമുണ്ടായുള്ളു. ഇമ്മാതിരിയുള്ള പല ഉദാഹരണങ്ങളും പറയാവുന്നതാണു്.

വസ്തുക്കളെ അംശാംശമായിട്ടല്ലാതെ ഒരുമിച്ചു് ഗ്രഹിക്കാനുള്ള ശക്തി ശിശുക്കൾക്കില്ലെന്നു് തെളിഞ്ഞിട്ടുണ്ടു്. പിയാജാറ് അവരെക്കൊണ്ടു് ചിത്രം വരപ്പിച്ച കാര്യം പറഞ്ഞുവല്ലോ. അംശാംശമായി മാത്രം വസ്തുഗ്രഹണമുണ്ടാകുന്നതിനു് ശരിയായ തെളിവു് ഏതെങ്കിലും ചിത്രങ്ങൾ വിവരിച്ചുപറയുവാൻ അവരോടു് ആവശ്യപ്പെട്ടാലും ലഭിക്കുന്നതാണു്. ഒരു തോട്ടത്തിന്റെ ചിത്രമാണു് വിവരിക്കുന്നതെന്നിരിക്കട്ടെ. ചെറിയ കുട്ടികൾ അതിലുള്ള വൃക്ഷങ്ങളും മററും എണ്ണിപ്പറയുന്നതുകൊണ്ടു് തൃപ്തരാകും. അല്പംകൂടി പ്രായമായവർ വർണ്ണനയ്ക്കു ശ്രമിച്ചേക്കും. ഒരുപടികൂടി വളർന്നവരാണെങ്കിൽ പരസ്പരബന്ധം വിവരിച്ചുകൊണ്ടു് ഉപപാദിക്കാനായിരിക്കും ഉദ്യമിക്കുന്നതു്. ഇങ്ങനെ അംശാംശമായി ഗ്രഹിച്ചു് പൂർണ്ണതയിലേക്കു പോകുന്ന ഈ വസ്തുബോധസമ്പ്രദായത്താലായിരിക്കണം ശിശുക്കളുടെ ആദ്യകാലാനുഭവങ്ങളെല്ലാം അസൂക്ഷ്മങ്ങളായിരിക്കുന്നതു്. പിതാവിന്റെ മുഖം നോക്കുന്ന ശിശു മീശമാത്രമായിരിക്കും ആദ്യം കാണുന്നതു്. അതിൽ പിന്നീടു് മീശയുള്ള ആരെ കണ്ടാലും പിതാവാണെന്നു് അവർ വിചാരിക്കയും ചെയ്യുന്നു.

സമയം, ദൂരം, വലിപ്പം തുടങ്ങിയ അളവുകൾ വളരെ വികലമായി മാത്രമേ ശിശുക്കൾക്കു ഗ്രഹിക്കാൻ

കഴിയുന്നുള്ളു. ബാല്യകാലത്ത് ഉന്നതസ്തംഭങ്ങളായിട്ടോ വിശാലമായ മുറികളായിട്ടോ തോന്നിയിട്ടുള്ളവ പിൽക്കാലത്ത് കാണുമ്പോൾ അത്ഭുതാവഹമായവിധം ആകൃതിച്ചെറുപ്പമുള്ളവയായി തോന്നുന്നത് സാധാരണമാണ്. അരഫർലാങ്ങ് പോലും ദൂരമില്ലാത്ത ഒരു ഇടവഴി അതിദീർഘമായ ഒരു പെരുവഴിയായി ബാല്ല്യകാലത്ത് തോന്നിയിരുന്നത്ത് ഈ ഗ്രന്ഥകാരൻ ഓർക്കുന്നു.

ബാഹ്യവും ആഭ്യന്തരവുമായ ചുററുപാടുകളുടെ സ്വഭാവം അനുസരിച്ച് ശിശുക്കളുടെ വസ്തുബോധത്തിനു പല വ്യത്യാസങ്ങളും സംഭവിക്കും. പ്രായമായവരുടെ കാര്യവും വ്യത്യസ്തമല്ലല്ലോ. രാത്രി, കൂററിരുട്ടത്ത്, ഘോരമായ മഴയിൽ, ഏകനായി സഞ്ചരിക്കുമ്പോൾ അതിദൂരമായി തോന്നുന്ന ഒരു ദുർഘടമാർഗ്ഗം, സ്നേഹിതരുമായി സല്ലപിച്ചുകൊണ്ടും മന്ദസമീരണനേററ് ഉല്ലസിച്ചുകൊണ്ടും സാഹസവാരിയായി സാനന്ദം നടന്നുപോകുമ്പോൾ വളരെ ദൂരക്കുറവുള്ളതായി നമുക്കാർക്കും തോന്നിപ്പോകാവുന്നതാണ്. അത്യാദർശഭാവനയാൽ അനുഗൃഹീതരായ ശിശുക്കളുടെ കാര്യം പിന്നെ പറയേണ്ടതില്ലല്ലോ. അവരുടെ വസ്തുബോധം കേന്ദ്രസ്ഥമായ വസ്തുവിനേക്കാൾ പരിതഃസ്ഥിതവസ്തുക്കളെ ആസ്പദിച്ചേ ഇരിക്കയുള്ളൂ. ആന്തരമായ പ്രേരണകൾ, വിശിഷ്യ, വിശപ്പ്, ഉറക്കം, മടി, സുഖം, ദുഃഖം തുടങ്ങിയവ അതിനെ സാരമായി ബാധിക്കും. വയറു നിറഞ്ഞിരുന്ന അവസരത്തിൽ ഒരു ശിശു ചാക്കലെററുകൊണ്ടുള്ള ഒരു മുയലിനെ അവന്റെ കളിവണ്ടിയിലെ കുതിരയായി കെട്ടി എന്നും, വിശ

പ്പുവന്നതോടുകൂടി ക്രമേണ ഓരോരോ ഭാഗമായി കടിച്ചു തിന്നിട്ടു്, കളിക്കുവാൻ ബാക്കി ഭാഗങ്ങൾകൊണ്ടു് തൃപ്തി പ്പെടുകയും ഒടുവിൽ മുഴുവനും തിന്നുതീർക്കുകയും ചെയ്തു എന്നും ഒരു ഗ്രന്ഥകാരൻ രേഖപ്പെടുത്തിക്കാണുന്നുണ്ടു്. 'സ്റ്റാൻലിഫാൾ' പട്ടണത്തിൽ ജനിച്ചു വളന്ന കുട്ടികളെ നാട്ടിൻപുറത്തേക്കും നാട്ടിൻപുറത്തെ കുട്ടികളെ പട്ടണത്തിലേക്കും മാററിത്താമസിപ്പിച്ചിട്ടു് അവരുടെ വസ്തുബോധത്തിലുണ്ടാകുന്ന വ്യത്യാസങ്ങൾ സൂക്ഷിച്ചു പഠിച്ചു് രേഖപ്പെടുത്തിയിട്ടുണ്ടു്. ചുററുപാടുകൾ വസ്തുബോധത്തെ സാരമായി ബാധിക്കുമെന്നുതന്നെയാണു് അദ്ദേഹത്തിൻേറയും അഭിപ്രായം.

ഒരു ഛായാചിത്രം വരയ്ക്കുവാൻ ഒരുമ്പെടുന്ന ഒരുവൻ അവ്യക്തമായി അനവധി വരകൾ വരയ്ക്കുകയും മായ്ക്കുകയും ചെയ്തിട്ടു് ഒടുവിൽ യുക്തമായ ഒരു സൂക്ഷ്മരേഖ വ്യക്തമായി വരയ്ക്കുന്ന പോലെ, പല അവ്യക്തവും അപൂർണ്ണവുമായ വസ്തുബോധരേഖകളിൽകൂടി വ്യക്തവും പൂർണ്ണവും സൂക്ഷ്മവുമായ വസ്തുബോധത്തിൽ ഒരു വ്യക്തി എത്തിച്ചേരുന്നതു് അഭികാമ്യമായിരിക്കുമെന്നുതന്നെ പ്രകൃതി ഉദ്ദേശിക്കുന്നുണ്ടാകണം. പടിപടിയായി വസ്തുബോധത്തിൻെറ സ്വഭാവം വികസിച്ചു വരുന്നതു കാണുമ്പോൾ മറിച്ചു ചിന്തിക്കുവാൻ കഴിയുന്നതല്ല.

ആദ്യഘട്ടങ്ങളിൽ അപഗ്രഥനസാമത്ഥ്യം അല്പവുമില്ലാതിരിക്കുന്ന ശിശുക്കൾ ക്രമേണ അതു കൈവശപ്പെടുത്തുന്നു. ഒരു മുഖത്തിൻെറ ചിത്രത്തിൽ വിട്ടുപോയിട്ടുള്ള അംശങ്ങൾ (കണ്ണോ മൂക്കോ വായോ മറേറാ) ഏതെന്നു

പറയുവാൻ ഏകദേശം മൂന്നു വയസ്സുവരെയുള്ള കുട്ടികൾ അപ്രാപ്തരാണ്. എന്നാൽ ലോകപരിചയം കൂടുംതോറും കൂടുതൽ സൂക്ഷ്മതയും അപഗ്രഥനസാമർത്ഥ്യവും അവരിൽ ആവിർഭവിക്കുന്നു. 'സർവ്വാധികാരഘട്ട'ത്തിൽ സ്വാർത്ഥതമാത്രമാണ് അവരുടെ ഉന്നം. സ്വസുഖഹാനി വരുത്തുന്ന സകലതും അവർ വെറുക്കുന്നു. മൂന്നുവയസ്സായ ഒരു പെൺകുട്ടി അവളുടെ കൊച്ചനുജത്തിയുടെ ആവിർഭാവത്തെ എത്രത്തോളം അസൂയയോടും ദ്വേഷ്യത്തോടും കൂടിയാണ് വീക്ഷിക്കുന്നതെന്നു് പരിശോധിക്കുന്നതു് വളരെ രസാവഹമാണ്. തരം കിട്ടിയാൽ ആ കൊച്ചുകുഞ്ഞിനെ കൊന്നുകളവാൻപോലും അവൾ മടിക്കയില്ല. എന്നാൽ 'ഇന്ദ്രജാലഘട്ടം' സമാഗതമാകുന്നതോടുകൂടി ഈ സ്വാർത്ഥതയ്ക്കു വലിയ കുറവുണ്ടാകുന്നു. കാവ്യമധുരമായ ഒരു ഹൃദ്യത അവരുടെ സംഭാഷണങ്ങളിലും പ്രവൃത്തികളിലും ആവിർഭവിക്കുന്നു. ഈ ഘട്ടത്തിൽ അവരുടെ വസ്തുബോധവും ഇന്ദ്രജാലംപോലെ ആകർഷകത്വമുള്ളതു തന്നെയായിരിക്കണം. ക്രമേണ കാര്യകാരണനിയമഘട്ടം വന്നുചേരുന്നതോടുകൂടി പുലരി തെളിഞ്ഞു് പകലാകുന്നപോലുള്ള വ്യത്യാസം അവരുടെ വസ്തുബോധത്തിനു സംഭവിക്കയും ചെയ്യും.

മാതാപിതാക്കന്മാരും ഗുരുക്കന്മാരും മററു 'വേണ്ടത്തക്ക'വരും ഉചിതമായ ശ്രദ്ധ പതിപ്പിച്ചില്ലെങ്കിൽ പലവിധത്തിലും തെററായ വസ്തുബോധം ശിശുക്കൾക്കുണ്ടാകുവാൻ വളരെ എളുപ്പമുണ്ട്. അതു ബാല്യത്തിൽതന്നെ ഉറച്ചുപോയാൽ മാററാൻ വലിയവിഷമവുമാണ്. പ്രായ

മായവക്കുപോലും തെററായ വസ്തുബോധങ്ങൾ ഉണ്ടാകാമെന്നും ഉണ്ടായിക്കഴിഞ്ഞാൽ അവയെ മാററാൻ വലിയ വിഷമമാണെന്നും പരീക്ഷണങ്ങൾ സ്പഷ്ടമാക്കിയിട്ടുണ്ടു്. സ്റ്റാട്ടൺ (G. M. Stratton) എന്ന ശാസ്ത്രകാരൻ സാധനങ്ങൾ തല കീഴായ്കാണത്തക്ക ഒരു കണ്ണട രണ്ടാഴ്ചക്കാലം നിരന്തരമായി ഉപയോഗിച്ചുനോക്കി. ആദ്യം അദ്ദേഹത്തിനു പല വിഷമങ്ങളും ഉണ്ടായി. പക്ഷേ, ക്രമേണ കുഴപ്പങ്ങൾ മാറുകയും യാതൊരു വിഷമവും കൂടാതെ എഴുതുക, വായിക്കുക, നടക്കുക തുടങ്ങിയ സകലപ്രവൃത്തികളും ചെയ്യാൻ സാധിക്കയും ചെയ്തു. പ്രായമായവക്കുപോലും ഇങ്ങനെയാണെങ്കിൽ ശിശുക്കളുടെ സ്ഥിതി ഊഹ്യമാണല്ലോ. അവരുടെ ഇന്ദ്രിയപരമായ ക്ഷീണങ്ങളും ന്യൂനതകളും കഴിവുള്ളിടത്തോളം പരിഹരിക്കുക, ഇന്ദ്രിയശിക്ഷണം നൽകുക, ഇവയിലെല്ലാം ആത്യന്തികമായ ശ്രദ്ധ എല്ലാ രക്ഷാകത്താക്കളും പതിപ്പിക്കേണ്ടതാണു്.

# അദ്ധ്യായം ൧൪

## ഇന്ദ്രിയശിക്ഷണം.

ഇന്ദ്രിയശിക്ഷണം എന്നു പറയുന്നതു് പഞ്ചേന്ദ്രിയങ്ങളെ വേണ്ടവിധത്തിൽ ഉപയോഗിക്കുവാൻ ശിശുക്കളെ അഭ്യസിപ്പിക്കയാണെന്നു് പറഞ്ഞുവല്ലോ. ഇന്ദ്രിയങ്ങൾക്ക് പ്രവൎത്തനപടുത വരുത്തേണ്ടതെങ്ങനെയാണെന്നു് നോക്കാം.

ആദ്യമായി വേണ്ടതു് ജന്മസിദ്ധമായ ഇന്ദ്രിയവൈകല്യങ്ങളേതെങ്കിലും ശിശുക്കളെ ബാധിച്ചിട്ടുണ്ടോ എന്നു് പരിശോധിക്കയാകുന്നു. ഇവ പലവിധത്തിലും വരാം. കണ്ണിന്റേയും ചെവിയുടേയും കാൎയ്യത്തിലാണു് വളരെ ശ്രദ്ധിക്കേണ്ടതു്. ചിലൎക്കു സാധനങ്ങൾ കണ്ണിനോടു് വളരെ അടുപ്പിച്ചാലെ കാണാൻ കഴികയുള്ളൂ. ചിലൎക്കു അകററിയാലേ കണ്ണുപററൂ. ചിലർ രാത്രി കാഴ്ചക്കാവുള്ളവരാണു്. പല മാതിരിയുള്ള കോങ്കണ്ണന്മാരുമുണ്ടു്. ഒന്നിനെ രണ്ടായിക്കാണുന്ന 'ഇരുക്കാഴ്ച'യും ചിലപ്പോൾ കാണാറുണ്ടു്. ധൃതരാഷ്ട്രന്മാരുടെ കാൎയ്യം പ്രത്യേകം പറയേണ്ടല്ലോ ചെവിയുടെ സംഗതിയിൽ 'അല്പമാന്ദ്യക്കാരൻ' തുടങ്ങി 'വദനവിഭൂഷിതമാത്രകൎണ്ണൻ' വരെയുള്ള പലപടികളിലും നിലകൊള്ളുന്ന വികലശ്രവണന്മാരുണ്ടു്. പാൎശ്വമന്ദന്മാരേയും മറന്നുകൂടാ. എന്നാൽ 'ചെകിട'ന്മാൎക്കു കുരുടന്മാരോളം അനുകമ്പ സമ്പാദിക്കാൻ കഴി

ഞ്ഞിട്ടില്ല എന്നുള്ളതു് പരിതാപകരമായ ഒരു വാസ്തവമാണു്. തിരിച്ചറിവാനുള്ള വിഷമത്താൽ വളരെക്കാലംകഴിഞ്ഞിട്ടേ ബധിരത പുറത്തറിവാൻ കഴിയുന്നുള്ളൂ. ഏതായിരുന്നാലും ഇന്ദ്രിയവൈകല്യങ്ങൾ കണ്ടുപിടിച്ചു് വേണ്ട പരിഹാരം ചെയ്യാത്തപക്ഷം പല തെററായ വസ്തുബോധങ്ങളും ശിശുക്കൾക്കുണ്ടാകുന്നതാണു്. മാനസിക വികാസത്തെ അതു് സാരമായിബാധിക്കുമെന്നുള്ളതും നിസ്സന്ദേഹമാകുന്നു. കോങ്കണ്ണന്മാക്കു് ആഴവും അകലവും വികലമായേ വീക്ഷിക്കാൻ കഴികയുള്ളു. ഭൗതികശാസ്ത്രങ്ങൾ പഠിക്കാനുള്ള അവരുടെ അപ്രാപ്തിയും തജ്ജന്യമായ മാനസികാപകഷവും വ്യക്തമാണല്ലോ. വണ്ണാന്ധത (നിറങ്ങൾ ഗ്രഹിക്കാനുള്ള അശക്തി)യുള്ള ചില കുട്ടികളുണ്ടു്. ചിത്രമെഴുത്തു്, പ്രകൃതിപാഠം, രസതന്ത്രം എന്നീ വിഷയങ്ങളിൽ അവരുടെ നില എന്തായിരിക്കും? കണ്ണിനും ചെവിയ്ക്കും മററുംകണ്ടുപിടിക്കാൻ കഴിയാത്തവിധം അല്പം മാത്രം മന്ദതയുള്ള കുട്ടികളെ സാധാരണയായി മഠയന്മാരെന്നു് തെററിദ്ധരിക്കുകയും അതനുസരിച്ചു് അവരോടു് പെരുമാറിവരികയും ചെയ്യുന്നു. ഇതു് അവരെ എത്രത്തോളം അധഃപതിപ്പിക്കുമെന്നു് പറയേണ്ടതില്ലല്ലോ.

യാതൊരു വൈകല്യവും ക്ഷീണവും ബാധിച്ചിട്ടില്ലാത്ത ഇന്ദ്രിയങ്ങളാൽ അനുഗ്രഹീതരായ ശിശുക്കൾപോലും വേണ്ടിടത്തോളം താൽപര്യം വസ്തുസ്ഥിതികളുടെ നേക്കു് അവക്കില്ലെങ്കിൽ അവയിലേയ്ക്കു ശ്രദ്ധപതിപ്പിക്കയില്ലെന്നുള്ളതു് തീച്ചയാണു്. പ്രായമായവരും ഇക്കാൎയ്യത്തിൽ ഒട്ടും വ്യത്യസ്തരല്ല. ഒരു ചിത്രകാരനെപ്പോലെ വൎണ്ണ

ങ്ങൾക്കുള്ള ഈഷദീഷൽ വ്യത്യാസങ്ങൾ നാം സൂക്ഷിച്ചു നോക്കാറുണ്ടോ? ഒരു ഭാഗവതരെപ്പോലെ സൂക്ഷ്മശബ്ദങ്ങൾ നാം ശ്രദ്ധിക്കാറുണ്ടോ? എന്നാൽ ഏതെങ്കിലും സംഗതിവശാൽ നമ്മുടെ താൽപര്യം ആ നിറങ്ങളുടേയോ ശബ്ദങ്ങളുടേയോ നേക്ക് ഉദ്ദീപിതമാകുന്നു എന്നുവരട്ടെ. അത്രകാലവും നമ്മിൽ കുടികൊണ്ടിരുന്ന അജ്ഞത വിചാരിച്ചു നാം പകച്ചുനിന്നുപോകാൻ ഇടയാകുന്നതാണു്. ഈ തത്വം മനസ്സിലാക്കിയിട്ടാണു് ഫ്രബൽ, മാണ്ടിസോറി പ്രഭൃതികൾ ശിശുക്കളുടെ ഇന്ദ്രിയപരിശീലനത്തിന്നു് പ്രഥമവും പ്രധാനവുമായി അവരുടെ താല്പര്യം ഉദ്ദീപിപ്പിക്കത്തക്ക ഉപകരണങ്ങൾ കണ്ടുപിടിച്ചിരിക്കുന്നതു്. നിറങ്ങൾ, രൂപങ്ങൾ, ശബ്ദങ്ങൾ, തുടങ്ങിയ ഇന്ദ്രിയാനുഭവങ്ങളെ ഏററവും രസകരമാകത്തക്കവണ്ണം പരിചയപ്പെടുത്തുന്നതിനും വസ്തുബോധം സുസൂക്ഷ്മമാക്കുന്നതിനും ഉപകരിക്കുന്ന ഫ്രബലിൻേറയും മണ്ടിസോറിയുടേയും പ്രസ്ഥാനങ്ങൾ രക്ഷാകർത്താക്കളും അധ്യാപകന്മാരും മനസ്സിലാക്കേണ്ടതാണെന്നുള്ളതിൽ രണ്ടു പക്ഷമുണ്ടാകാനിടയില്ല.

ഇന്ദ്രിയപരിശീലനത്തിന്നു് പല സാധനങ്ങളുമായി നേരിട്ടുള്ള പെരുമാററം അപരിഹാര്യമാണു്. സാധനങ്ങളെ കാണുക, തൊടുക, എടുക്കുക, മണപ്പിക്കുക, സ്വാദറിയുക, കേൾക്കുക, ഇവയിൽ കഴിയുന്നതെല്ലാം നേരിട്ടു ചെയ്യേണ്ടതാണു്. വാക്കുകൾ കൊണ്ടുമാത്രം ശിശുക്കളെ പഠിപ്പിക്കാമെന്നുള്ളതു് പ്രാരംഭഘട്ടത്തെ സംബന്ധിച്ചിടത്തോളം തീർച്ചയായും മിഥ്യാബോധം മാത്രമാണു്.

വാക്കുകൾ കേവലം സങ്കേതങ്ങൾ മാത്രമാണെന്നും വാക്കുകളും അവ പ്രതിനിധീകരിക്കുന്ന സാധനങ്ങളുമായി യാതൊരു ബന്ധവുമില്ലെന്നും നാം സദാ ഓർക്കേണ്ടതാകുന്നു. ഒരു കൂട്ടം മനുഷ്യർ ഒരു സാധനത്തിന് അങ്ങനെ ഒരു പേരു കൊടുത്തിരിക്കുന്നു എന്നുള്ളതിൽ കവിഞ്ഞു് വാക്കിനും സാധനത്തിനും തമ്മിൽ എന്താണു് ബന്ധം? വാക്കുകൾകൊണ്ടു് ഒരു കുരുടനു് വർണ്ണബോധം നൽകുവാൻ ആർക്കെങ്കിലും സാധിക്കുമോ? അതുപോലെതന്നെയാണു് വാക്കുകൾ മാത്രംകൊണ്ടു് ശിശുക്കളെ പഠിപ്പിക്കാനുള്ള ശ്രമവും. "വാക്കുകൾ സാധനങ്ങളുടെ പിന്നാലെ" എന്നുള്ള തത്വം ഇന്ദ്രിയപരിശീലനത്തിൽ പ്രഥമഗണനീയമാണു്. സാധനങ്ങൾ നേരിട്ടു നൽകുവാൻ സാധിക്കാതെവരുന്ന അവസരങ്ങളിൽ മാതൃകകളോ ചിത്രങ്ങളോ മറ്റോ പ്രദർശിപ്പിച്ചേതീരുകയുള്ളു. ഇല്ലാത്തപക്ഷം വാക്കുകൾ കേവലം നിരർത്ഥശബ്ദങ്ങൾ മാത്രമായിരിക്കും.

സാധനപ്രദർശനം ആവശ്യമാണെന്നു വിചാരിച്ചു് ശിശുക്കളുടെ മുറികൾ മുഴുവനും ചിത്രങ്ങളും മാതൃകകളും മററും നിരത്തുന്നതുകൊണ്ടു് യാതൊരു പ്രയോജനവും ഉണ്ടാകാനിടയില്ല. അവയെല്ലാം ശിശുക്കളുടെ ശ്രദ്ധയിൽ പെടാതിരിക്കാൻ പോലും ഇടയുണ്ടു്. നേരെമറിച്ചു്, ആ സാധനങ്ങളെത്തന്നെ ഏതെങ്കിലും ക്രമവും മുറയുമനുസരിച്ചു് കൈകാര്യം ചെയ്യുന്നതിനുള്ള ആഗ്രഹം അവരിൽ അങ്കുരിക്കത്തക്കവിധം അവരുടെ മുമ്പിൽ പ്രദർശിപ്പിച്ചാലുണ്ടാകുന്ന വ്യത്യാസം ആലോചിച്ചു നോക്കുക. പല വർണ്ണങ്ങളിലുള്ള കടലാസുകളോ, പാശികളോ, നൂ-

ല്പകളോ ഒരു ശിശുവിനു കൊണ്ടുക്കൊടുത്താൽ ആ നിറങ്ങളെല്ലാം അവൻ കണ്ടെടുക്കാം എന്നുള്ളതു് സമ്മതിക്കാം. പക്ഷെ അവയെക്കുറിച്ചുള്ള പൂർണ്ണമായ വസ്തുബോധം അവനുണ്ടായി എന്നു് പറയാവുന്നതല്ല. എന്നാൽ ആ കടലാസുകൾ കഷണിച്ചു് പല നിറങ്ങൾ ഇടകലർത്തി ഒരു തുട്ടുകളുണ്ടാക്കുവാനുള്ള താൽപര്യം അവനിൽ അങ്കുരിപ്പിക്കുയാണെങ്കിൽ എന്തൊരവസ്ഥാന്തരമാണു് സംപ്രാപ്തമാകുന്നതു്. പല നിറത്തിലുള്ള പാശികൾ ക്രമമനുസരിച്ചു കോർത്തു് മാലയുണ്ടാക്കുന്നതിലും നൂലുകളും കടലാസ്സുകളും മററും കൊണ്ടു് വിചിത്രപ്പണികൾ ചെയ്യുന്നതിലും മററും ശിശുക്കളുടെ ശ്രദ്ധയും താൽപര്യവും ബദ്ധമാകുവാൻ നിഷ്പ്രയാസം സാധിക്കാവുന്നതുമാണു്.

ജീവിതത്തിൻെറ പ്രധാനഭാഗം ശിശുക്കൾക്കുവേണ്ടി ചെലവഴിച്ചിട്ടുള്ളവരും, ശിശുഹൃദയം പഠിച്ചു് അതിനു് അനുരൂപമായ വിദ്യാഭ്യാസം അവർക്കു് പ്രദാനം ചെയ്യാൻ ഉദ്യമിച്ചിട്ടുള്ളവരുമായ ഫ്രബലിൻേറയും മാണ്ടിസോറിയുടേയും ഇന്ദ്രിയാഭ്യസനപ്രസ്ഥാനങ്ങൾ വിശ്വപ്രശസ്തങ്ങളാകുന്നു. അവയെക്കുറിച്ചുള്ള സംഗ്രഹമായ പരിജ്ഞാനമെങ്കിലും സമ്പാദിക്കേണ്ടതു് ശിശുക്കളുമായി ഇടപെടേണ്ട സകലരുടേയും കടമമാത്രമാണു്.

---

## അദ്ധ്യായം ൧൫

# ഫ്രെബലിൻെറയും മാണ്ടിസോറിയുടേയും പ്രസ്ഥാനങ്ങൾ.

പത്തൊമ്പതാംശതകത്തിൽ യൂറോപ്യവിദ്യാഭ്യാസത്തെ സമൂലപരിവത്തനം വരുത്തുവാൻ വിജയകരമായി പരിശ്രമിച്ച പ്രശസ്തനായ ജർമ്മൻ പണ്ഡിതനാണ് ഫ്രെബൽ. (Friedrich Froebel 1783—1852) ശിശുക്കളും അവരുടെ അദ്ധ്യാപകന്മാരുമായി അടുത്തു പെരുമാറി, അവക്കനുഭവിക്കേണ്ട വിഷമങ്ങളെല്ലാം നേരിട്ടുതന്നെ മനസ്സിലാക്കുവാൻ കഴിഞ്ഞ ഈ മഹാശയനാണ് ആദ്യമായി 'കിൻഡർഗാർട്ടൻ' (ശിശുക്കളുടെ ഉദ്യാനം) എന്ന ലീലാത്മകമായ വിദ്യാഭ്യാസപ്രസ്ഥാനം ആവിഷ്കരിച്ചതു്. വിദ്യാലയങ്ങളിലേയ്ക്കു് അയയ്ക്കുന്നതു വരയ്ക്കും ശിശുക്കളെ നിശ്ശേഷം അവഗണിച്ചു തള്ളിക്കളയുന്ന സമ്പ്രദായം അനാശാസ്യമാണെന്നു് അദ്ദേഹം 'മനുഷ്യൻെറ വിദ്യാഭ്യാസം' (The Education of Man) എന്ന പ്രബന്ധത്തിൽ ശക്തിയുക്തം വാദിക്കുകയും, നിസ്സാരമായ ഗൃഹജോലികൾ തുടങ്ങിയ പല വിഷയങ്ങളിലും ഏററവും കൊച്ചുകുട്ടികളെപ്പോലും സ്വാശ്രയബുദ്ധിയോടുകൂടി പെരുമാറാൻ അഭ്യസിപ്പിക്കാമെന്നു് അദ്ദേഹത്തിൻെറ പ്രസ്ഥാനംകൊണ്ടു് സ്പഷ്ടമാക്കുകയും ചെയ്തു. കുട്ടികൾക്കു് ഏററവും രസമുള്ളതായി കണ്ട കളികളെ ആ

സ്പഷ്ടമാക്കി ഒരു ക്രമീകൃതമായ വിദ്യാഭ്യാസപദ്ധതിയും അതിലേക്ക് വേണ്ട ലീലോപകരണങ്ങളും അദ്ദേഹം സൃഷ്ടിച്ചിട്ടുണ്ട്. "ഫ്രബലിൻെറ സമ്മാനങ്ങൾ" എന്നു് പ്രഖ്യാതമായ ലീലോപകരണങ്ങൾ ഓരോ പ്രായത്തിലുമുള്ള കുട്ടികൾക്കുവേണ്ടി ക്രമീകരിക്കപ്പെട്ടിട്ടുള്ള ഇന്ദ്രിയസംസ്കരണോപകരണങ്ങളാണു്. ലാഘവം കൊണ്ടു് ഏററവും താണവയാണെങ്കിലും പ്രയോജനം കൊണ്ടു് മുന്നണിയിൽ നില്ക്കുന്ന അവയിൽ ഒന്നു രണ്ടെണ്ണം ദൃഷ്ടാന്തമായി പരിശോധിക്കാം.

ഒന്നാം സമ്മാനത്തിൻെറ സ്വഭാവം നോക്കുക. ഓരോ നിറത്തിലുള്ള ആറു പന്തുകളാണു് അതിൽ അടങ്ങിയിരിക്കുന്നതു്. വർണ്ണശോഭമൂലം അവ ശിശുക്കളെ ആകർഷിക്കും. പരിചിതസാധനങ്ങളുടെ വർണ്ണവുമായി സാമ്യപ്പെടുത്തി അവയെ അവക്ക് പരിചയപ്പെടുത്തിക്കൊടുക്കാവുന്നതാണു്. പിന്നീടു് പ്രകൃതിയിലുള്ള പല വസ്തുക്കളുടേയും—പാലു്, കാക്ക, ആകാശം, ഇല, പഴം തുടങ്ങിയവയുടെ—നിറങ്ങൾ അവരെക്കൊണ്ടു തന്നെ കാണിപ്പിക്കയും പറയിപ്പിക്കയും ചെയ്യാം. ഇനി അഞ്ചും ആറും സമ്മാനങ്ങൾ പരിശോധിക്കുക. അവയിൽ മൂന്നിഞ്ചു ക്യൂബിനെ (നീളവും വീതിയും കനവും സമമായ വടിവും) 27 സമഭാഗങ്ങളായി വിഭജിച്ചിട്ടുള്ള തടിപ്പൂളുകൾ അടങ്ങിയിരിക്കുന്നു. അവയിൽ ചിലതിനെ കോണോടുകോണായും കീഴ്മേലായും പിന്നേയും ഭാഗിച്ചിട്ടുണ്ടു്. ഇവകൊണ്ടു് പല തരത്തിലും പാലങ്ങൾ, കെട്ട

ടങ്ങൾ, സ്തൂപങ്ങൾ, ഗോപുരങ്ങൾ മുതലായവയുടെ മാതൃകകൾ പണിയാനുള്ള നിർദ്ദേശങ്ങൾ നൽകപ്പെട്ടിട്ടുണ്ട്. ഈ തടിക്കഷണങ്ങളുടെ സഹായത്താൽ ഒരു കോട്ടയോ പാലമോ പണിയുവാൻ ഉദ്യമിക്കുന്ന കുട്ടിയ്ക്ക് എന്തെല്ലാം പ്രകൃതിരഹസ്യങ്ങളാണ് മനസ്സിലാക്കുവാൻ കഴിയുന്നതു്! അടിസ്ഥാനം ഉറപ്പിക്കേണ്ട ആവശ്യകത, ഒരേ സ്ഥാനത്ത് രണ്ടു സാധനങ്ങൾക്കിരിക്കാൻ കഴികയില്ലെന്നുള്ള ബോധം, അസ്ഥാനസ്ഥിതങ്ങളായ സാധനങ്ങളുടെ അർഹിഗി തുടങ്ങിയ നിരവധി തത്വങ്ങൾ അവനിൽ ഉറയ്ക്കുവാനിടയാകുന്നതാണ്. ഇങ്ങനെ ഫ്രബലിൻെറ ഇരുപതു സമ്മാനങ്ങൾക്കും ശിശുവിൻെറ ഇന്ദ്രിയങ്ങളുടെ ഗ്രഹണപാടവത്തെ സൂസൂക്ഷ്മമാക്കുവാനുള്ള കെല്പ് അനല്പമായിട്ടുണ്ട്.

ഫ്രബലിൻെറ സംപ്രദായത്തേക്കാൾ ശിശുക്കളുടെ ഇന്ദ്രിയശിക്ഷണത്തിന് പ്രശസ്തമായ പ്രസ്ഥാനമാണ് ഡാക്ടർ മാണ്ടിസോറിയുടേതു്. ശിശുക്കളുടെ—വിശിഷ്യ ബുദ്ധിശക്തിയിൽ പിന്നോക്കം നിൽക്കുന്നവരുടെ—സർവതോമുഖമായ സംസ്കാരത്തെ ലക്ഷ്യമാക്കി സൃഷ്ടിക്കപ്പെട്ടിട്ടുള്ള ഈ പ്രസ്ഥാനത്തിന് സാർവ്വത്രികമായ സ്വാഗതം ലഭിച്ചിട്ടുള്ളതുതന്നെ ഇതിൻെറ മഹത്വത്തിന് പ്രധാനലക്ഷ്യമാകുന്നു.

ഈ പ്രസ്ഥാനത്തിന് മൂന്നു പ്രധാന ഉന്നങ്ങളുണ്ട്—മാംസപേശികളുടെ വളർച്ച, ഇന്ദ്രിയവികസനം, സർവ്വതോമുഖമായ സ്വാതന്ത്ര്യം. മാംസപേശികളുടെ

വികസനത്തിന് ക്രമീകൃതമായ പല വ്യായാമങ്ങൾ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. ഇന്ദ്രിയവികസനത്തിന് മാണ്ടിസോറി നിർമ്മിച്ചിട്ടുള്ള സാമഗ്രികളെല്ലാം സ്വാതന്ത്ര്യവും നിർബ്ബാധവുമായ പുരോഗമനം പ്രദാനം ചെയ്യുവാൻ പര്യാപ്തങ്ങളാണ്. ശിശുക്കളുടെ സർവ്വതന്ത്രസ്വാതന്ത്ര്യമായ വളർച്ചയാണ് ആ മഹതിയുടെ ആദർശം "ശിശുക്കളെ മാംസപേശീവികസനത്തിൽനിന്ന് ഇന്ദ്രിയവികസനത്തിലേക്കും, ഇന്ദ്രിയപരമായ വിദ്യാഭ്യാസത്തിൽനിന്ന് സാമാന്യതത്ത്വങ്ങളിലേക്കും, സാമാന്യതത്ത്വങ്ങളിൽനിന്ന് അമൂർത്തമായ ചിന്തകളിലേക്കും, അമൂർത്തചിന്തകളിൽനിന്ന് സദാചാരത്തിലേക്കും പടിപടിയായി ഉയർത്തിക്കൊണ്ടു പോകണമെന്നുള്ളതാണ് എന്റെ ലക്ഷ്യം" എന്നാണ് അവർ അഭിപ്രായപ്പെട്ടിട്ടുള്ളത്. സ്വതന്ത്രമായ വളർച്ച ശിശുക്കൾക്കുണ്ടാകുവാൻ വേണ്ടി നിർബ്ബാധമായ പ്രവർത്തനസ്വാതന്ത്ര്യം അവർക്കു അനുവദിച്ചുകൊടുക്കുകയും പരാശ്രയം കൂടാതെ ജീവിക്കാനുള്ള കെല്പ് വിദ്യാലയജീവിതരീതികൊണ്ട് അവർക്കു സമ്പാദിച്ചുകൊടുക്കുകയും ചെയ്തിരിക്കുന്നതു് ഈ പ്രസ്ഥാനത്തിന്റെ അന്യാദൃശമായ വൈശിഷ്ട്യമാണ്.

മാണ്ടിസോറിവിദ്യാലയങ്ങളിൽ ശിശുക്കളെ ഒരിടത്ത് നിർബ്ബന്ധിച്ച് അനക്കാതിരുത്തുന്ന സമ്പ്രദായമേ ഇല്ല. അദ്ധ്യാപകന്റെ ശിക്ഷണത്തിനോ ശിക്ഷയ്ക്കോ അവർ വിധേയരാകേണ്ട. സാധാരണസ്കൂളുകളിലുള്ള മാതിരി അദ്ധ്യാപകൻ തന്നെ അവക്കില്ലെന്നു പറയാം അവരുടെ പ്രവൃത്തനങ്ങൾ സൂക്ഷിക്കുന്നതിലേയ്ക്കു, ചില

നിർദ്ദേശങ്ങൾ നല്കുന്നതിലേയ്ക്കും വേണ്ടിമാത്രം ഒരു ഡയറക്ട്രസ്—നിർവ്വാഹിക—അവിടെ ഉണ്ടായിരിക്കും. ഓരോ ശിശുവും ഉപയോഗിക്കേണ്ടതായ ഉപകരണങ്ങൾ കൊടുത്തിട്ട് അവർ വേണ്ട നിർദ്ദേശങ്ങൾ നൽകും. ശിശുക്കൾ സകലതും സ്വയമേവ പഠിച്ചുകൊള്ളേണ്ടതാണു്. അങ്ങനെ സ്വയമേവ പഠിച്ചുകൊള്ളുവാൻ പററിയവിധത്തിലാണ് ഉപകരണങ്ങളുടെ നിർമ്മാണ സമ്പ്രദായം. ഉദാഹരണമായി പല വലിപ്പത്തിലുള്ള പത്തു് വർത്തുളശലാകകൾ (ഉരുളൻ കോലുകൾ=Cylinders) അടങ്ങിയ പെട്ടിയിൽ വലിപ്പക്രമമനുസരിച്ചു് അടുക്കിയിട്ടുള്ള ശലാകകളെ ശിശുക്കൾ ക്രമപ്പെടുത്തുവാൻ ശ്രമിക്കുമ്പോൾ ഏതെങ്കിലും തെററുപാററുകയാണെങ്കിൽ അവയിൽ ഒന്നോ രണ്ടോ എണ്ണം അവശേഷിക്കുന്നതായിരിക്കും. വീണ്ടും വീണ്ടും ശ്രമിച്ചാൽ അവക്കുതന്നെ സ്വയമേവ തെററു തിരുത്തുവാൻ കഴിയുന്നതാണു്. അപ്പോൾ ശലാകകൾ അവശേഷിക്കയുമില്ല. ഇങ്ങനെ അന്യാശ്രയമെന്യേ തെററുകണ്ടുപിടിക്കുവാനും തിരുത്തുവാനും കഴിയുന്ന സ്വയംശിക്ഷണമാണു് ഈ പ്രസ്ഥാനത്തിനു് ആകർഷകമായ ഉൽകർഷം പ്രദാനംചെയ്യുന്നതു്.

ഒരു ശിശുവിനു് ഒരു കാര്യം ഒരു പ്രത്യേക ക്രമത്തിലേ പഠിക്കാവൂ എന്നു് യാതൊരു നിർബ്ബന്ധവുമില്ല. അവൻ അതു് വേണ്ടവിധം ചെയ്തില്ലെങ്കിൽ അവനെ ശിക്ഷിക്കയും പതിവില്ല. വേണ്ടിടത്തോളം മാനസികവികസനം അവനു ലഭിച്ചിട്ടില്ല എന്നു മാത്രമേ വിചാരിക്കുന്നുള്ളു. കുറച്ചുകൂടി ലഘുവായ അഭ്യാസങ്ങൾമുഖേന

അവനെ അതിലേയ്ക്കു നയിക്കുവാനായിരിക്കും യത്നിക്കുന്നതു്. ഇങ്ങനെ ക്രമപ്രവൃദ്ധമായ അഭ്യാസങ്ങൾ കൊണ്ടു് മാനസികാപകർഷമുള്ള ശിശുക്കളെപ്പോലും ഉദ്ധരിക്കയും അവരുടെ മാനസികശക്തികളെ ഉത്തേജിപ്പിക്കയും ചെയ്യാമെന്നാണു് മാണ്ടിസോറിയുടെ വാദം.

L·339

മലയിൻകീഴ്

ഈ മഹതിയുടെ ശിക്ഷണോപകരണങ്ങൾ ഘ്രാണേന്ദ്രിയത്തിനും രസനയ്ക്കും ഒഴികെ മറ്റിന്ദ്രിയങ്ങൾക്കെല്ലാം പരിശീലനം നൽകുവാൻ പര്യാപ്തമാണു്. മൂന്നു വയസ്സുമുതൽ ഏഴുവയസ്സുവരെയാണു് ഇന്ദ്രിയശിക്ഷണഘട്ടം. അപ്പോൾ ഉണ്ടാകുന്ന ഇന്ദ്രിയപരമായ അനുഭവങ്ങൾ ശാശ്വതമായ പ്രേരണാശക്തിയുള്ളവയായിരിക്കും. ആദ്യത്തെ പടി, വലിപ്പച്ചെറുപ്പത്തെക്കുറിച്ചുള്ള ബോധം ജനിപ്പിക്കയാണു്. പല വലിപ്പത്തിലുള്ള വർത്തുളശലാകകളുടെ സഹായത്താൽ പൊക്കം, കനം, തുടങ്ങിയ അളവുകൾ അവരെ ഗ്രഹിപ്പിക്കുന്നു. അടുത്തപടി, സ്പർശനഭേദങ്ങൾ വിവേചിച്ചറിയാനുള്ള കെല്പ് നൽകുകയാണു്. നല്ല തണുപ്പുള്ളതു് തുടങ്ങി പല പടികളിലായി നല്ല ചൂടുള്ളതുവരെയുള്ള വെള്ളത്തിൽ കൈമുക്കിക്കുക, പരുപരുത്തതും മൃദുലവുമായ കടലാസുകഷണങ്ങൾ പതിച്ചിട്ടുള്ള പലകകളിൽ സ്പർശിപ്പിക്കുക, തുടങ്ങിയ അഭ്യാസങ്ങളാണു് ഇതിലേക്കു നിശ്ചയിച്ചിട്ടുള്ളതു്. ഇതിനോടൊന്നിച്ചു നിറങ്ങൾ തിരിച്ചറിയാനുള്ള ശക്തിയും വികസിപ്പിക്കുന്നുണ്ടു്. മൂന്നാമത്തെ പടിയിലാണു് ശ്രവണശിക്ഷണം ആരംഭിക്കുന്നതു്. മണ്ണും കല്ലുകഷണങ്ങളും അകത്തു ഇട്ടിട്ടുള്ളതുകൊണ്ടു് പലവിധ ശബ്ദങ്ങൾ പുറപ്പെടുവി

ക്കുന്ന പെട്ടികളും പല ശബ്ദക്രമത്തിൽ നിർമ്മിച്ചിട്ടുള്ള വിസില്(ഊത്ത്)കളുംകൊണ്ടാണ് ഇക്കാര്യം നേടുന്നത്. ഈ ഘട്ടത്തിൽ ഘനത്തെക്കുറിച്ചുള്ള ബോധവും അവരിൽ വളർത്താൻ ശ്രമിക്കുന്നു. പല ആകൃതിയിലുമുള്ള സ്തംഭങ്ങളും, ശലാകകളും, ഗോളങ്ങളും മററു പലവിധ രൂപങ്ങളുംകൊണ്ട് രൂപബോധവും ഇതിനോടൊന്നിച്ചുതന്നെ ഉല്പാദിപ്പിച്ച് ഉത്തേജിപ്പിക്കപ്പെടുന്നു. നാലാമത്തെ പടിയിൽ, പലവിധ ശബ്ദങ്ങൾ പുറപ്പെടുവിക്കുന്ന 13 മണികളുടെ സഹായത്താൽ ശിശുക്കളുടെ ശ്രവണങ്ങൾക്കു സംഗീതാസ്വാദനശക്തി നൽകുവാനാണ് ഉദ്യമം. മുൻപടികളിൽചെയ്തിട്ടുള്ള അഭ്യാസങ്ങളെല്ലാം ലീലകളായി ഈ ഘട്ടത്തിൽ ആവർത്തിക്കപ്പെടുകയും ചെയ്യുന്നു.

ഈ ക്രമത്തിലുള്ള ശിക്ഷണംകൊണ്ട്, "ക്രമേണ അക്ഷരങ്ങൾ, സംഖ്യകൾ, എഴുത്ത്, വായന, വ്യാകരണം, ചിത്രമെഴുത്ത്, കൂടുതൽ പ്രയാസമുള്ള കണക്കുകൾ, പ്രകൃതിശാസ്ത്രം ഇവയൊക്കെ ശിശുക്കളെ അഭ്യസിപ്പിക്കാവുന്നതാണ്. ഓരോ പ്രത്യേക വയസ്സിലും ഓരോ പ്രത്യേക വിധത്തിലുള്ള പ്രചോദനംകൊണ്ട് ശിശുവിൻെറ സംസ്കാരം രൂപവൽക്കരിക്കാവുന്നതാണ്" എന്ന് മാണ്ടിസോറി പറഞ്ഞിട്ടുണ്ട്.

ഇന്ദ്രിയശിക്ഷണം സ്വയംപരിശീലനമായിത്തന്നെ ഇരിക്കണമെന്നാണ് ഈ ശിശുഹൃദയവിജ്ഞയുടെ അഭിപ്രായം. ഏകാന്തതയിൽവച്ച് ശിശുക്കളുടെ പരിശീലനം നടത്തേണ്ടതും അത്യാവശ്യമാണെന്ന് അവർ വിശ്വ

സിക്കുന്നു. നയനേന്ദ്രിയത്തിനു മററെല്ലാ ഇന്ദ്രിയങ്ങളേയും അപേക്ഷിച്ച് കൂടുതൽ ഗ്രഹണസാമർത്ഥ്യമുള്ളതുകൊണ്ടു വീക്ഷണപരമല്ലാത്ത അഭ്യാസങ്ങൾ ചെയ്യുമ്പോളും നയനങ്ങൾ പ്രവർത്തിച്ച് മററ ഇന്ദ്രിയങ്ങളുടെ പ്രഗത്ഭതയെ ന്യൂനപ്പെടുത്തിയേക്കാവുന്നതാണു്. അതുകൊണ്ടു് കണ്ണു കെട്ടിക്കൊണ്ടുള്ള പരിശീലനങ്ങളുടെ ആവശ്യകതയും അവർ ഉപദേശിക്കുന്നു.

സ്വാശ്രയശീലം വളർത്തുവാൻ വേണ്ടി സ്വയമേവ വസ്ത്രധാരണം ചെയ്യുക; മേശ, കട്ടിൽ തുടങ്ങിയ ഉപകരണങ്ങളും അവരവരുടെ മുറിയും തുടച്ചുവൃത്തിയാക്കുക; കുളി മുടിചീകൽ തുടങ്ങിയ ശരീരശുചീകരണങ്ങൾ തന്നത്താൻ ചെയ്യുക; പാചിക്കുക, വിളമ്പുക തുടങ്ങിയ അടുക്കളക്കാര്യങ്ങൾ ചെയ്യുക; തോട്ടക്കൃഷി ചെയ്യുക; കട്ട, ക്രൂസ തുടങ്ങിയ ഉപകരണങ്ങൾ നിർമ്മിക്കുക; മുയൽ, കോഴി തുടങ്ങിയ ജന്തുക്കളെ വളർത്തുക; ഇത്യാദി പല കൃത്യങ്ങളിലും അവരെ പരിചയിപ്പിക്കുന്നുണ്ടു്. ക്രമീകൃതമായ അഭ്യാസപരമ്പരകൊണ്ടു് സമ്പൂരിതമാക്കപ്പെടുന്ന ഈ കൃത്യശിക്ഷണപദ്ധതിയിൽ യാതൊരുവിധത്തിലുമുള്ള പീഡനമോ സങ്കടമോ ശിശുക്കൾക്കു സംഭവിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധ പതിപ്പിച്ചിട്ടുണ്ടു്. സാമുദായികമര്യാദകൾ പാലിക്കേണ്ട രീതികളും ചില അഭ്യാസങ്ങൾ മുഖേന അവരെ പഠിപ്പിച്ചു വരുന്നു.

മാണ്ടിസോറിസ്കൂളുകൾ സ്ഥാപിക്കുന്നതിനു് വലിയ ചെലവും ബുദ്ധിമുട്ടുകളുമുണ്ടു്. അതിലേക്കുള്ള ധനസ്ഥിതിയെക്കാൾ മനഃസ്ഥിതിയാണു് നമുക്കില്ലാത്തതു്. ഇന്ദ്രിയശിക്ഷണത്തിനു് വളരെ പ്രാധാന്യമുള്ളതുകൊണ്ടും, ശിശു

ക്കൾക്കു ഏറ്റവും ശ്രേഷ്ഠമായ—മിക്കപ്പോഴും അവരുടെ നരകമായ—നമ്മുടെ പ്രാഥമികവിദ്യാലയങ്ങളിൽ ഇന്ദ്രിയശിക്ഷണത്തിനു യാതൊന്നും ചെയ്യുവരായ്കയാലും സദുദ്ദേശ്യമുള്ള രക്ഷാകർത്താക്കൾ ഗൃഹത്തിൽവച്ചുതന്നെ അതിലേയ്ക്കുവേണ്ടതു് പ്രവർത്തിക്കേണ്ടതാണ്. കഴിയുമെന്നുള്ളവർ ഫ്രബലിന്റെ സമ്മാനങ്ങളോ മാണ്ടിസോറിയുടെ ഉപകരണങ്ങളോ വാങ്ങിക്കുകയും അവരുടെ സമ്പ്രദായങ്ങൾ പഠിച്ചിട്ടു് അവയെ ശിശുക്കളിൽ പ്രയോഗിക്കയും ചെയ്യണം. അവ വാങ്ങാൻ കഴിവില്ലാത്തവർ പല നിറത്തിലും ആകൃതിയിലുമുള്ള പന്തുകൾ, തടിപ്പൂളുകൾ, കാർഡ്ബോർഡുകൾ, ചീട്ടുകൾ, കടലാസുകൊണ്ടും റബ്ബർകൊണ്ടും നിർമ്മിച്ചിട്ടുള്ള പാവകൾ മുതലായ കളിപ്പാട്ടങ്ങൾ യുക്തമായി ഉപയോഗിച്ചു് ശരിയായ വസ്തുഗ്രഹണപാടവം ശിശുക്കൾക്കുണ്ടാക്കി കൊടുക്കുവാൻ പരിശ്രമിക്കേണ്ടതാണ്.

ഇന്ദ്രിയശിക്ഷണം ശരിയായില്ലെങ്കിൽ മനസ്സിന്റെ സ്വീകരണശക്തി ന്യൂനമായിരിക്കയേ ഉള്ളൂ. സ്വീകരണശക്തി സമർത്ഥമായില്ലെങ്കിൽ വിജ്ഞാനസമ്പാദനം അപൂർണ്ണമായിരിക്കാനാണിടയുള്ളതു്. വിജ്ഞാനസമ്പാദനം അവികലമായിരുന്നെങ്കിലേ ചുററുപാടുകളെ—സ്വസമുദായത്തെ—വേണ്ടവിധം മനസ്സിലാക്കാനും സേവിക്കുവാനും ഒരു വ്യക്തിക്കു സാധിക്കയുള്ളൂ. പ്രായോചിതമായ ഇന്ദ്രിയശിക്ഷണത്തിന്റെ മഹത്ത്വം ഇതിൽനിന്നു് വ്യക്തമാണല്ലോ.

---

## അദ്ധ്യായം ൧൩

### സ്മരണ

ശിശുവിൻെറ മനസ്സിലെ സ്വീകരണശക്തിയെക്കുറിച്ചു് പ്രതിപാദിച്ചുകഴിഞ്ഞു. അടുത്തതായി സംരക്ഷണശക്തിയെയാണു് പരിഗണിക്കേണ്ടതു്.

ഇന്ദ്രിയവേദനംമൂലം ശിശുവിനുണ്ടാകുന്ന മാനസികാനുഭവങ്ങൾ സ്മൃതികേന്ദ്രം രേഖപ്പെടുത്തുമെന്നു് പറഞ്ഞുകഴിഞ്ഞിട്ടുണ്ടു്. ഇങ്ങനെ ഒരു സ്മൃതികേന്ദ്രം ഇല്ലെന്നുള്ളപക്ഷം പൂർണ്ണമായ വസ്തുബോധം സംജാതമാകുക സാദ്ധ്യമല്ല. പലസന്ദർഭങ്ങളിലുമുണ്ടാകുന്ന ഇന്ദ്രിയവേദനങ്ങൾ സംയോജിച്ചാണു് ഒരു വസ്തുവിനെക്കുറിച്ചുള്ള പൂർണ്ണബോധം ശിശുവിനുണ്ടാകുന്നതു്. ഒരു പട്ടിയെ അവൻ കാണുന്നു; പിന്നെ അതു കരയുന്നതു കേൾക്കുന്നു; അതു് ഭക്ഷിക്കുന്ന രീതി, മററു പട്ടികളോടോ ഇതരജന്തുക്കളോടോ അതിൻെറ പെരുമാററം, യജമാനസ്നേഹം തുടങ്ങിയ സ്വഭാവങ്ങൾ ഒന്നൊന്നായി അവൻ ശ്രദ്ധിക്കുന്നു; ഇവയെല്ലാം കൂടിച്ചേർന്നാണു് ഒരു പട്ടിയെക്കുറിച്ചുള്ള പൂർണ്ണവസ്തുബോധം അവനുണ്ടാകുന്നതു്. ഇവയിൽ ഓരോ അനുഭവവും ഉണ്ടായാൽ അപ്പോളപ്പോൾ തന്നെ അവൻ മറന്നുപോകുന്നപക്ഷം പൂർണ്ണവസ്തുബോധം ഉണ്ടാകുക സാദ്ധ്യമല്ലല്ലോ. അവൻെറ വസ്തുബോധവും ഇങ്ങനെ തന്നെയാണു രൂപവൽകൃതമാകുന്നതു്. പിപ്പട്ടികളെമാത്രം

കണ്ടിട്ടുള്ള ഒരു കുട്ടി ഒരു ബുൾപ്പട്ടിയെ കാണ്മാനിടയാകുമ്പോൾ പട്ടിവർഗ്ഗത്തെക്കുറിച്ചുള്ള അവൻെറ അഭിപ്രായം വളരെ വ്യത്യാസപ്പെട്ടുമെന്നുള്ളതു് തീർച്ചയല്ലേ? ട്ടെറിയർ, സ്പാനിയൽ, ബ്ലഡ്ഹൌണ്ഡ് തുടങ്ങിയ പല വിധം ശ്വാക്കളെക്കുറിച്ചും അവൻ അറിവാവോ അല്ലെങ്കിൽ അവരെയ കാണ്മാനോ സംഗതിയാകുന്നതോടുകൂടി അവനുണ്ടാകുന്ന ശ്വവർഗ്ഗബോധം പീപ്പട്ടികളെമാത്രം അറിയാമായിരുന്നപ്പോളുള്ളതിൽനിന്നു് എത്രമാത്രം വ്യത്യസ്തമാണു്! എന്നാൽ ബുൾപ്പട്ടിയെ കാണുമ്പോൾ പീപ്പട്ടിയുടെ കാര്യം അവൻ മറന്നുപോകുന്നു എന്നിരിക്കട്ടെ. അവൻെറ വർഗ്ഗബോധം എത്ര അപൂർണ്ണമായിരിക്കും! ഇങ്ങനെ മാനസികവ്യാപാരങ്ങളിൽ സ്മരണയുടെ മഹത്ത്വം സ്പഷ്ടമാണു്.

സ്മരണയിൽ മൂന്നു പ്രധാന ഘടകങ്ങൾ അടങ്ങിയിരിക്കുന്നു. ബിംബനം, ധാരണം, പ്രത്യാനയനം എന്നു് അവയെ വിളിക്കാം.

ഇന്ദ്രിയവേദനംമൂലമുണ്ടാകുന്ന അനുഭവങ്ങൾ സ്മൃതികേന്ദ്രത്തിൽ പതിയുന്നതാണ് ബിംബനം. പതിയുന്നവയെ വിട്ടുകളയാതെ സൂക്ഷിക്കുന്നതാണ് ധാരണം. ധരിച്ചിട്ടുള്ളവയെ ആവശ്യാനുസരണം ആവിർഭവിപ്പിക്കുന്നതു് പ്രത്യാനയനമാകുന്നു.

ഇന്ദ്രിയങ്ങൾക്കു ഗോചരമായിട്ടില്ലാത്ത—അതായതു് സ്മരണകേന്ദ്രത്തിൽ ബിംബനമുണ്ടായിട്ടില്ലാത്ത—വസ്തുസ്ഥിതികളെ ധാരണം ചെയ്യുവാൻ ആക്കും സാധിക്കുന്ന

തല്ല. ധാരണമുണ്ടായിട്ടില്ലെങ്കിൽ പ്രത്യാനയനവും
സാദ്ധ്യമല്ല. ഉദാഹരണമായി മാമ്പഴം കണ്ടിട്ടില്ലാത്ത
ഒരു ശിശുവിനു് അതിനെ സ്മരിക്കുവാൻ സാധിക്കുമോ?
നേരെമറിച്ചു് അതു് കാണുകയും ആസ്വദിക്കുകയും
ചെയ്തിട്ടുള്ളവനാണെന്നിരിക്കട്ടെ. മാമ്പഴം എന്നു് ഓർമ്മി
ക്കുന്നതോടുകൂടി, അതിന്റെ നിറവും, രൂപവും, മണവും,
രുചിയും എല്ലാം അവന്റെ മനസ്സിൽ ആവിർഭവിക്കുന്നു.
ഇതിനിടയാക്കുന്നതു് പല സന്ദർഭങ്ങളിലുമായി അവനു
ണ്ടായിട്ടുള്ള വസ്തുബോധത്തിന്റെ ഫലമാണു്. ഒരു കുട്ടി
മാമ്പഴം കണുക മാത്രമേ ചെയ്തിട്ടുള്ളു എങ്കിൽ അവനു്
രൂപസ്മരണമാത്രമേ ഉണ്ടാകയുള്ളു. കാണാനിടവരാതെ
ഭക്ഷിച്ചിട്ടുള്ളവനാണെങ്കിൽ അതിന്റെ മാധുര്യവും മണ
വുമായിരിക്കും അവൻ സ്മരിക്കുന്നതു്. പൂർണ്ണമായ വസ്തു
ബോധത്തിനു് അവലംബം സ്മരണയാണെന്നു പറഞ്ഞ
പോലെ പൂർണ്ണമായ വസ്തുസ്മരണയ്ക്കു് അവലംബം ശരി
യായ വസ്തുബോധമാണെന്നും പറയാം.

ബിംബനത്തിന്റെ ഫലമായി ധാരണവും പ്രത്യാനയ
നവും ഉണ്ടാകണമെന്നു് നിർബ്ബന്ധമില്ല. പല കാരണങ്ങ
ളാലും അങ്ങനെ ഉണ്ടാകാറുമില്ല. കാണുകയോ കേൾ
ക്കുകയോ ആസ്വദിക്കുകയോ ചെയ്തിട്ടുള്ള അനവധികാര്യ
ങ്ങൾ നാം ഓർക്കാതിരിക്കുന്നില്ലേ? ഗാഢമായ ശ്രദ്ധയോ
ടുകൂടി ഒരു കുട്ടി കൂട്ടരുമൊത്തു് കളിയിൽ മുഴുകിയിരിക്കെ,
മാതാവു് അവനെ ഉച്ചത്തിൽ വിളിക്കുകയും അവൻ
വിളികേൾക്കുകയുംചെയ്തു. ഒരു ജോലി ചെയ്വാൻ ആജ്ഞാ
പിച്ചിട്ടു് മാതാവു് അപ്രത്യക്ഷയായി. അവൻ കളി

സ്ഥലംവിട്ടുപോയില്ലെന്നു മാത്രമല്ല അല്പനേരം കഴിഞ്ഞ പ്പോൾ മാതാവ് അവനെ വിളിച്ചിട്ടില്ലെന്നും യാതൊന്നും ആജ്ഞാപിച്ചിട്ടില്ലെന്നും ശാഠ്യത്തോടുകൂടി നിഷേധിച്ചു കളകയും ചെയ്തു. അവൻ പറഞ്ഞതു വാസ്തവമായിരിക്കണം. പ്രായമായവക്കു പലപ്പോഴും ഇമ്മാതിരി അനുഭവങ്ങൾ ഉണ്ടാകാറുണ്ട്. ബിംബനവും ധാരണവുമുണ്ടായാലും പ്രത്യാനയനമുണ്ടാകാത്ത സന്ദർഭങ്ങൾ നിരവധിയാണ്. മനഃപൂർവ്വം ഓക്കണമെന്ന് വിചാരിച്ചുകൊണ്ടിരുന്നാലും നാം മറന്നുപോകുന്ന സംഗതികൾ കുറച്ചൊന്നുമല്ല. പ്രായമായവരുടെ സ്ഥിതി ഇങ്ങനെയാണെങ്കിൽ മാനസികശക്തികൾ അങ്കുരാവസ്ഥയിലിരിക്കുന്ന ശിശുക്കളുടെ സ്ഥിതി ഊഹ്യമാണല്ലോ.

ഓർമ്മശക്തി പലരിലും പലവിധത്തിലാണ് കാണപ്പെടുന്നതു് ഭീമമായ അന്തരം കാണുമ്പോൾ അതു് ജന്മസിദ്ധമല്ലെന്ന് പറയാതിരിക്കാൻ നിവൃത്തിയില്ല. അത്ഭുതകരമായ ഓർമ്മശക്തികൊണ്ടു് അനുഗൃഹീതരായിരുന്ന അനവധി ചരിത്രപുരുഷന്മാരുടെ കഥ സാധാരണ കേൾക്കാറുണ്ടു്. 'മിൽടൺ' എന്ന മഹാകവിയുടെ പ്രസിദ്ധകാവ്യമായ 'പാരഡൈസ്‌ലാസ്റ്റ്' (പറുദീസാനഷ്ടം) എന്ന അതിവിപുലമായ ഗ്രന്ഥം ഒരു വരിപോലും തെററാതെ കഥനം ചെയ്വാൻ കഴിവുമായിരുന്ന 'മക്കാളെ' പ്രഭുകുമാരൻെറ ഓർമ്മശക്തി പലരും എടുത്തു പറയാറുള്ളതാണ്. ഏകദേശം അഞ്ചുവഷത്തിന് മുമ്പ് തമിഴ്നാട്ടുകാരനായ 'ഗുരുസ്വാമി' എന്നൊരു കുമാരൻ (ജന്മാന്ധൻ) അത്യത്ഭുതജനകമായ ഓർമ്മശക്തി പ്രകടിപ്പി

കുന്നതു് ഈ ഗ്രന്ഥകാരൻ കാണുന്നതിനിടയായി. പത്തു സ്ഥാനം വീതമുള്ള പത്തുസംഖ്യ ഒരുമിച്ചുകൂട്ടുക, അതു പോലുള്ള സംഖ്യകൾ തമ്മിൽ ഗുണിക്കുക, ഹരിക്കുക, ഘനമൂലം കണ്ടുപിടിക്കുക, തുടങ്ങിയ ആറു് കണക്കു് ചോദ്യം ഒററപ്രാവശ്യം മാത്രം വായിക്കുന്നതു് ശ്രദ്ധിച്ചിരുന്നിട്ടു, അല്പനേരത്തെ മാനസികക്രിയകൾക്കുശേഷം, ചോദ്യങ്ങളെല്ലാം ശരിയായി ആവർത്തിച്ചിട്ടു്, ഉത്തരങ്ങൾ സഹസ്രാംശം പോലും തെററാതെ പറഞ്ഞു് ആ കണ്ണു പൊട്ടൻ കാണികളെ ആശ്ചര്യപരതന്ത്രരാക്കി. അയാൾ കൂട്ടിപ്പറഞ്ഞ സംഖ്യകളിൽ ഒന്നു് ഒരു വർഷം ബുദ്ധിമുട്ടിയാൽപോലും ചിലക്കു് ആവർത്തിക്കുവാൻ കഴികയില്ലെന്നുള്ളതു് തീർച്ചയാണു്. ഇതുപോലെ വിസ്മയജനകമായ സ്മരണയുള്ള പല വ്യക്തികളുടെയും കാര്യം പാശ്ചാത്യശാസ്ത്രകാരന്മാരും എടുത്തുകാണിച്ചിട്ടുണ്ടു്. അമ്പത്തിരണ്ടു സ്ഥാനമുള്ള ഒരു സംഖ്യ ഒററപ്രാവശ്യം മാത്രം ശ്രവിച്ച ശേഷം തെററുപററാതെ ആവർത്തിക്കാൻ കഴിയുന്ന ഒരുവനെക്കുറിച്ചു് 'ഫ്രേസർ' എന്ന പണ്ഡിതൻ പറഞ്ഞിട്ടുണ്ടു്. ഇമ്മാതിരി ഓർമ്മശക്തികളെല്ലാം ജന്മസിദ്ധമായിരിക്കാനേ ഇടയുള്ളു. അതിപ്രഗത്ഭമായ മസ്തിഷ്കവും ജ്ഞാനോധമനിവ്യവസ്ഥയും നൽകി പ്രകൃതിമാതാവു് അവരെ അനുഗ്രഹിച്ചിരിക്കണം.

നല്ല ഓർമ്മശക്തിയുള്ള ഒരാളിനു് ഏതെങ്കിലും കാരണത്താൽ (രോഗത്താലോ, ന്യൂനഭക്ഷണത്താലോ മറേറാ) ശാരീരികക്ഷീണം സംഭവിക്കുന്നു എങ്കിൽ അയാളുടെ ഓർമ്മശക്തിക്കും അതിനനുസരിച്ചു് ക്ഷയമുണ്ടാകാറുണ്ടു്.

അമിതമായി ജോലിചെയ്യുകയോ, ഭക്ഷിക്കുകയോ സുഖലാഘസരാകുകയോ ചെയ്യുന്നവൎക്കും ഓൎമ്മശക്തിക്ഷയമുണ്ടാകുന്നു. ശരിയായ വ്യായാമമില്ലാത്തവരുടേയും മാനസികപീഡകൾ അനുഭവിക്കുന്നവരുടേയും ഓൎമ്മയ്ക്കും ഹാനിതട്ടിയേക്കാം. രക്തദൂഷ്യമോ, രക്തക്കുറവോ ഏതുവിധത്തിലുണ്ടായാലും അതു് ധമനികളേയും മസ്തിഷ്കത്തേയും അവയോടൊന്നിച്ചു് സ്മരണയേയും ബാധിക്കുമെന്നുള്ള കാൎയ്യം ശിശുസംരക്ഷണത്തിൽ ശ്രദ്ധേയമായ ഒരു തത്വമാകുന്നു.

സ്മരണയുടെ സ്വഭാവം എന്താണെന്നു നോക്കാം. നമ്മുടെ മാനസികവ്യവസ്ഥയിൽ പരസ്പരാശ്രയവും ബന്ധവുമുള്ള അനവധി ആശയസംഘങ്ങൾ സംയോജിച്ചിരിക്കുന്നു. പല ഇലക്കൂട്ടങ്ങൾ ഒരു വലിയ ശിഖരത്തിൽ ഘടിപ്പിച്ചിരിക്കുന്നതിനോടു് ഇതിനെ സാദൃശ്യപ്പെടുത്താം. അതിൽ ഒരില നാം പിടിക്കുമ്പോൾ അടുത്തുള്ളവയെല്ലാം ഇളകുന്നു. അതുപോലെ ഒരു ആശയം നാം സ്മരിക്കുമ്പോൾ അതിനെ ബന്ധിക്കുന്ന മററാശയങ്ങളും ചലിക്കുന്നതാണു്. ഇപ്രകാരമുള്ള ഒരാശയത്തെ മററു് ആശയങ്ങളെ പിടിച്ചുകൊണ്ടു വരുന്നതിലേക്കുള്ള ഒരു സൂത്രമായി പരിഗണിക്കാം. നല്ല ഓർമ്മശക്തിയുള്ള ഒരാളിനു് ഇതുപോലുള്ള അനവധി സൂത്രാശയങ്ങൾ ഉണ്ടായിരിക്കും. ഒരുകാൎയ്യം നല്ലപോലെ ഓൎക്കണമെന്നുള്ള പക്ഷം സുപരിചിതമായ മററുപല കാൎയ്യങ്ങളുമായി അതിനെ സംഘടിപ്പിച്ചിരിക്കേണ്ടതു് അപരിഹാൎയ്യമാണെന്നാണു് ഇതിൽനിന്നു സിദ്ധിക്കുന്നതു്. ഇപ്രകാര

മുള്ള സംഘടന ഇല്ലെങ്കിലാണ് മറവി ഉണ്ടാകുക. ചില ചെറിയ സൂചനകൾ കിട്ടിക്കഴിയുമ്പോൾ പെട്ടെന്നു് ഏറിയ കാലമായി മറന്നു കിടക്കുന്ന കാര്യങ്ങൾ നാം ഓർക്കാറുണ്ടു്. പതിനഞ്ചുവർഷത്തിനുമുമ്പു കാളേജിൽ ഒരുമിച്ചു പഠിച്ചിരുന്ന ഒരു കൂട്ടുകാരനെ ഈയിടെ കണ്ടുമുട്ടിയപ്പോൾ എവിടെയോവച്ചു പരിചയപ്പെട്ടിട്ടുണ്ടെന്നല്ലാതെ സൂക്ഷ്മവിവരങ്ങളൊന്നും ഓർക്കാൻ കഴിഞ്ഞില്ല. ആർട്ട്സ് കാളേജ് എന്നൊരു സൂചന കിട്ടിയതോടുകൂടി പരമ്പരയാ സ്മരണകൾ ഉദിച്ചുപൊങ്ങുകയും അയാളുമായുണ്ടായിരുന്ന സകല പെരുമാററങ്ങളും ഓർക്കാനിടയാകയും ചെയ്തു. ഓർമ്മശക്തി സുസമർത്ഥമാകണമെന്നുള്ള പക്ഷം പരിചിതസംഗതികളുമായി ഓർക്കേണ്ട കാര്യങ്ങളെ ഘടിപ്പിക്കേണ്ടതു് അപരിഹാര്യമാണെന്നാണു് ശാസ്ത്രജ്ഞമതം.

ഇങ്ങനെ ചുററുപാടുകളുമായോ പരിചിതവസ്തുക്കളുമായോ സംഗതികളെ കൂട്ടിയിണക്കുന്ന സമ്പ്രദായം ശിശുക്കളുടെ സ്മരണയെ സുശക്തമാക്കുവാൻ വളരെ സഹായിക്കും. ചുററുപാടുകളുമായി ഇണക്കുന്നതിനെക്കാൾ പരിചിതവസ്തുക്കളുമായുള്ള സാദൃശ്യമോ വൈപരീത്യമോ വ്യക്തമാക്കി അവയെ സ്മരണയിൽ ദൃഢീകരിക്കുവാനുള്ള ഉദ്യമമാണു് ശക്തതരം. ഒന്നിനെ കാണുമ്പോൾ (അനുഭവിക്കുമ്പോൾ) അതുപോലുള്ള മറെറാന്നുമായി അതിനെ തുല്യപ്പെടുത്തി നോക്കാനുള്ള വാസന എല്ലാമനുഷ്യർക്കും ഉണ്ടു്. ഈ സാദൃശ്യനിരീക്ഷണവാസനയിൽ നിന്നാണു് ഭാഷയിൽ അലങ്കാരങ്ങൾ പ്രയോഗിക്കുവാനുള്ള

താൽപര്യം മനുഷ്യനുണ്ടായിട്ടുള്ളതു്. ശിശുക്കളിലും ഈ വാസന അങ്കുരഭംഗിയോടെ വിളങ്ങുന്നുണ്ടു്. അവരെ ആനന്ദിപ്പിക്കുന്ന കടങ്കഥകളിൽ പലതും ഈ സ്വഭാവഗുണമുള്ളവയാണു്. "ഞെട്ടില്ലാ വട്ടയില"; "വെള്ളിക്കിണ്ണത്തിൽ ഞാവൽപ്പഴം"; "മണ്ണിൻകീഴെ പൊന്നുരുളി" ഇത്യാദി സാദൃശ്യനിരീക്ഷണത്തിനു് ഓർമ്മയിൽ വസ്തുക്കളെ ദൃഢീകരിക്കുവാനുള്ള ശക്തി നിസ്തുലമാണു്.

മക്കാളെപ്രഭുകുമാരനെപ്പോലെ അത്ഭുതജനകമായ ഓർമ്മശക്തിയാൽ അനുഗൃഹീതരായ ശിശുക്കൾ ലോകത്തിൽ അങ്ങുമിങ്ങുമേ കാണ്മാനിടയുള്ളു. സാധാരണ കുട്ടികൾക്കു ദൈനന്ദിനാവശ്യങ്ങൾക്കു വേണ്ടിടത്തോളം ധാരണാശക്തിയും പ്രത്യാനയനശക്തിയും കണ്ടുവരാറുണ്ടു്. എങ്കിലും ഉചിതമായ ശ്രദ്ധ പതിപ്പിക്കാതിരിക്കുന്നപക്ഷം ഈ സാമാന്യശക്തികൾ വികസിക്കായില്ലെന്നു മാത്രമല്ല, വിദ്യാഭ്യാസപരമായും മററും ഭാവിയിൽ വേണ്ടിവരുന്ന ആവശ്യങ്ങൾക്കു് അപര്യാപ്തമായും പരിണമിച്ചേക്കുന്നതാണു്. അതുകൊണ്ടു് ഓർമ്മശക്തിയെ വികസിപ്പിക്കുന്നതിലേയ്ക്കായി ചില മാർഗ്ഗങ്ങളെല്ലാം സ്ഥാപിതമായിട്ടുണ്ടു്. അവയുടെ സ്വഭാവത്തെക്കുറിച്ചു് നമുക്കു ചിന്തിക്കാം.

## അദ്ധ്യായം ൧൨

---

## ഓൎമ്മയുടെ വികസനം.

ശിശുക്കളുടെ ഓർമ്മശക്തിയെ വികസിപ്പിക്കുന്ന സമ്പ്രദായങ്ങളുടെ പ്രധാന ഉന്നം അവരുടെ ശ്രദ്ധയേയും താൽപര്യത്തേയും ഓർമ്മിക്കേണ്ട സംഗതികളിലേയ്ക്കു കേന്ദ്രീകരിക്കത്തക്കവിധം പരിചിതവസ്തുക്കളുമായി യോജിപ്പിക്കുകയും ഇച്ഛാശക്തിയെ വികസിപ്പിക്കയുമാകുന്നു. ഒന്നുരണ്ടുമാൎഗ്ഗങ്ങൾ നമുക്കു പരിശോധിക്കാം.

പ്രാസമോ പദപ്രയോഗഭംഗിയോ സംഗീതസുഖമോ കൊണ്ടു് ശിശുക്കളെ ആകൎഷിക്കത്തക്കവിധം ആശയങ്ങളെ വാക്കുകളിൽ പൊതിയുന്ന സമ്പ്രദായം പലരും സ്വീകരിക്കാറുണ്ടു്. ഭൂമിശാസ്ത്രത്തിലും ചരിത്രത്തിലുമററും ശിശുക്കൾക്കു സാധാരണ ശുഷ്കമായി തോന്നുന്നയേക്കാവുന്ന പട്ടികകളും ആശയങ്ങളുമാണു് ഇങ്ങനെ ഗാനമാകുന്ന അമൃതം പുരട്ടി ആസ്വാദ്യമാക്കിത്തീൎക്കപ്പെടുന്നതു്. അൎത്ഥം കൂടി ഗ്രഹിപ്പിക്കപ്പെടുന്നപക്ഷം ഇതു് പലപ്പോഴും ഗുണകാരിയായ ഒരു മാൎഗ്ഗമായി തീൎന്നേക്കാവുന്നതാണു്.

ചില വാക്കുകളെ ആസ്പദമാക്കി ആശയങ്ങളേയും ആണ്ടുമാസം തീയതികളേയും ഓൎമ്മിപ്പിക്കുന്ന സമ്പ്രദായമാണു് മറെറാന്നു്. അക്ഷരങ്ങൾക്കും പദങ്ങൾക്കുംമററുമ

സാംഖ്യമായ വില കല്പിച്ചു് കുട്ടികളെ വിഷമിപ്പിക്കുന്ന സമ്പ്രദായം പലരും ആക്ഷേപിച്ചിട്ടുണ്ടു്. അക്ഷരങ്ങളും പദങ്ങളുംതന്നെ ഒരുമാതിരി സങ്കേതങ്ങളാണെല്ലോ. ആ സങ്കേതങ്ങൾക്കുപരി മറെറാരു സങ്കേതം ആവിഷ്കരിക്കുന്ന ഈ സമ്പ്രദായം വക്രവും വികൃതവുമാണെന്നുള്ളതു് അവിതർക്കിതമാണല്ലോ.

ക്രമപ്രവൃദ്ധമായ 'മനപ്പാഠാ'ഭ്യാസങ്ങൾ കൊണ്ടു് ഓർമ്മശക്തിയെ വികസിപ്പിക്കാവുന്നതാണ്. പക്ഷേ ആശയം ഗ്രഹിക്കാൻ കഴിയാത്ത വാക്കുകളും വാചകങ്ങളും 'കാണാതെ പഠിക്കു'വാൻ ശിശുക്കളെ നിർബന്ധിക്കുന്നതു് അനാശാസ്യമാണെന്നാണ് പല പണ്ഡിതന്മാരുടേയും അഭിപ്രായം.

എന്നാൽ ആശയം ഗ്രഹിക്കാൻ കഴിയാത്ത ചില കാര്യങ്ങളെല്ലാം ശിശുക്കളെ കാണാപ്പാഠം പഠിപ്പിക്കേണ്ടതായിട്ടുണ്ടെന്നുള്ളതു് സ്മരണീയമാണ്. ഏകദേശം ആറു വയസ്സുമുതൽ പത്തു പന്ത്രണ്ടു വയസ്സുവരെ ശിശുക്കളുടെ ഓർമ്മശക്തി ഏററവും കൂർമ്മതയോടുകൂടിയിരിക്കുന്നതിനാൽ ഗ്രഹണധാരണശക്തികൾ ഈ ഘട്ടത്തിലാണ് പാരമ്യദശയിലിരിക്കുന്നതു്. എന്നാൽ അർത്ഥം മനസ്സിലാക്കാനുള്ള ശക്തി അപ്പോൾ വേണ്ടപോലെ വികസിതമായിരിക്കയില്ല. അതുകൊണ്ടു് ഭാവിയിൽ അവരുടെ മാനസികജീവിതത്തിൻെറ അഭ്യുദയത്തിനു് അത്യന്താപേക്ഷിതമായിട്ടുള്ള പല സംഗതികളും അർത്ഥം മനസ്സിലാക്കിക്കൊണ്ടല്ലെങ്കിലും അവരെക്കൊണ്ടു് ഹൃദി

സ്ഥമാക്കിക്കുന്നതു് അഭിലഷണീയമായിരിക്കയേ ഉള്ളൂ. ഏഞ്ചുവടി, അമരകോശംപോലുള്ള പര്യായകോശങ്ങൾ, വ്യാകരണസൂത്രങ്ങൾ, പദഭംഗികൊണ്ടോ ആശയഭംഗികൊണ്ടോ ആകർഷകമായ ഉത്തമപദ്യങ്ങൾ (ഗദ്യങ്ങളുമാകാം) ഇവയെല്ലാം ഇങ്ങനെ പഠിപ്പിക്കാവുന്നതാണു്. എന്നാൽ ഇവപോലും വെറും 'തത്തമ്മ പൂച്ച പൂച്ച' മട്ടിൽ അവരെ പഠിപ്പിക്കണമെന്നില്ല. അവയുടെ ഗുണങ്ങളേയും ഭംഗികളേയും ഗ്രഹിപ്പിക്കുവാൻ കഴിവുള്ളിടത്തോളം ശ്രമിക്കേണ്ടതാണു്.

ആധുനികവിദ്യാഭ്യാസത്തിൽ ഓർമ്മശക്തിക്കു് ഗണനീയമായ സ്ഥാനമുണ്ടു്. പാഠങ്ങൾ ഹൃദിസ്ഥമാക്കാതെ കുട്ടികൾക്കു പരീക്ഷകൾ ജയിക്കാൻ കഴികയില്ലെന്നുള്ളതു് തീർച്ചയാണല്ലോ. കാണാപ്പാഠം പഠിക്കേണ്ട രീതികളെക്കുറിച്ചുകൂടി നമുക്കു ചിന്തിക്കാം.

ചില കുട്ടികൾ കേവലം പദങ്ങളുടെ ആവർത്തനം കൊണ്ടു മാത്രമാണു് കാണാതെ പഠിക്കുന്നതു്. ഒരു പദ്യമോ വാക്യമോ മററോ നൂറോ നൂററമ്പതോ പ്രാവശ്യം കിളി ചൊല്ലുംപോലെ 'മുച്ചുപിടിച്ചു'കൊണ്ടു് വായിക്കുന്നു. സ്മൃതിസ്ഥമാക്കാനുള്ള ഏററവും നീചമാർഗ്ഗം ഇതാണു്. വായനസമയത്തു് ശിശുക്കളുടെ മനസ്സു് പ്രായേണ മററു വല്ലിടത്തുമായിരിക്കും വിഹരിക്കുന്നതു്. തൽഫലമായി വെറും 'വാക്പരിചയം' മാത്രമേ അവർക്കുണ്ടാകാൻ ഇടയുള്ളൂ. അതു് മിക്കപ്പോഴും ക്ഷണഭംഗുരവുമാകുന്നു.

നേരേമറിച്ച് മനസ്സിരുത്തി, ഏകാഗ്രതയോടുകൂടി, സൂക്ഷ്മമായി ശ്രദ്ധിച്ചുകൊണ്ടുള്ള ആവത്തനത്തിൻെറ ഫലമായി സംഗതികൾ എളുപ്പത്തിൽ ഹൃദിസ്ഥമാകുമെന്നു മാത്രമല്ല, ശരിയായ പൂർവ്വാപരബന്ധങ്ങൾ സ്ഥാപിതമാകുന്നതിനാൽ നല്ലപോലെ ഉറച്ചിരുന്നുകൊള്ളുകയും ആവശ്യപ്പെടുമ്പോൾ വേണ്ട ഭാഗങ്ങൾ മാത്രം ആവിർഭവിക്കയും ചെയ്യുന്നതാണ്. ചില കുട്ടികൾക്ക് ഇങ്ങനെ മനസ്സിലാക്കാനുള്ള ശക്തി തീരെ വികസിച്ചുകാണുന്നില്ലെന്നുള്ളതു് പരിതാപകരമാകുന്നു. ഒരു വലിയ കീത്തനം ഭാഗവതർ ഒരു പ്രാവശ്യം പറഞ്ഞുകൊടുത്തു കഴിയുമ്പോൾതന്നെ കണ്ഠസ്ഥമാക്കിക്കളയുന്ന ഒരു കുട്ടിക്ക് യുക്തിപൂർവ്വമായ വിശദീകരണങ്ങളോടുകൂടി, ഒരു വാക്യം പല പ്രാവശ്യം അത്ഥവും ആശയഭംഗിയും മററും വ്യക്തമാക്കിക്കൊടുത്തിട്ടും ഹൃദിസ്ഥമാക്കാൻ കഴിയാതിരുന്നിട്ടുള്ളതു് ഈ ഗ്രന്ഥകാരനു് അനുഭവപ്പെട്ടിട്ടുണ്ടു്.

ചില കുട്ടികൾക്ക് ആശയങ്ങൾ എളുപ്പത്തിൽ ഗ്രഹിക്കാനുള്ള ശക്തിയുണ്ടു്. അതുപോലെ എളുപ്പത്തിൽ അവർ മറന്നുപോകയും ചെയ്യും. എന്നാൽ എളുപ്പം ഗ്രഹിക്കുന്നവരെല്ലാം എളുപ്പം മറക്കുന്നവരായിരിക്കണമെന്നില്ല. നേരേമറിച്ചുള്ളവർ അനവധിയുണ്ടു്. വിദ്യാലയങ്ങളിൽ കുട്ടികൾ സാധാരണ പറഞ്ഞുവരാറുള്ള ഒരു പരാതിയാണ്, 'നല്ലപോലെ പഠിച്ചതാണ് സാർ! എന്നിട്ടും മറന്നുപോയി!' എന്നു്. ശരിയായിരിക്കണം; അല്പസമയത്തിനുള്ളിൽ മറന്നുപോകുന്നതു് ചിലരുടെ ജന്മസ്വഭാവമാണ്. പക്ഷേ വളരെ അപൂർവ്വമായേ

അങ്ങനെയുള്ള കുട്ടികൾ ഉള്ളൂ. മിക്കപ്പോഴും ഉപേക്ഷയായിരിക്കും കാരണം.

ഏതായിരുന്നാലും രസകരമായ കാര്യങ്ങൾ കുട്ടികൾ എളുപ്പത്തിൽ മറന്നുകളയുന്നില്ലെന്നുള്ളതു് ശ്രദ്ധേയമാണു്. ഓർമ്മിപ്പിക്കേണ്ട സംഗതികളെ രസകരമാക്കിച്ചമച്ചാൽ മതിയാകുമല്ലോ. നീരസകരമായിട്ടുള്ളവയെ മറക്കുവാൻ അത്രം പരിശീലിപ്പിക്കണമെന്നില്ല. പ്രകൃതിദേവിതന്നെ ആ പ്രവൃത്തി ചെയ്യിച്ചുകൊണ്ടിരിക്കുന്നു. വിഷമങ്ങൾ വിസ്മരിച്ചില്ലെങ്കിൽ അവ നമ്മെ വിഴുങ്ങി വിമ്മിട്ടപ്പെടുത്തിക്കളയും. അതുകൊണ്ടു് വിസ്മൃതിയാകുന്ന വിധിശ്ശീലയാൽ അവയെ മറച്ചു് ആ കരുണാനിധി നമ്മെ അനുഗ്രഹിക്കുന്നു.

കുട്ടികളുടെ മറവി ഇല്ലാതാകുവാനുള്ള ഒരു പ്രധാനമാർഗ്ഗം വസ്തുസ്ഥിതികളുടെ പൂർവ്വാപരബന്ധം കാര്യകാരണസഹിതം വിശദമാക്കിക്കൊടുക്കുന്നതാണു്. ആശയം വിശദമാക്കിയശേഷം ഒരു പദ്യം ഹൃദിസ്ഥമാക്കുവാൻ കുട്ടികളോടു പറഞ്ഞാൽ അവക്കു് അതു് എളുപ്പത്തിൽ കഴിയുമെന്നു മാത്രമല്ല, എളുപ്പത്തിൽ മറന്നുപോകുന്നതുമല്ല. ക്ഷേത്രഗണിതം, ഭൂവിവരണം തുടങ്ങിയ ശാസ്ത്രീയവിഷയങ്ങളുടെ കാര്യത്തിലും ഈ തത്വം യഥാർത്ഥമാണു്. പരിലേഖങ്ങളുടേയും, ഭൂപടങ്ങളുടേയും, മാതൃകകളുടേയും മറവും ഉദ്ദേശ്യം തന്നെ ഇതാണല്ലോ. കേൾക്കുന്നതിനെക്കാൾ കാണുന്ന വസ്തുസ്ഥിതികളെയാണു് കുട്ടികൾ കൂടുതൽ ഓർക്കാറുള്ളതു്. ചാക്ഷുഷമായ ധമനികളാണു് ഏററവും മികച്ചവ. ഇക്കാര്യവും ഓർമ്മശക്തിയെ ഉത്തേജിപ്പിക്കുമ്പോൾ ഓർമ്മിച്ചിരിക്കേണ്ടതാണു്.

ഒരു ശിശുവിൻെറ വിജ്ഞാനത്തേയും ബുദ്ധിശക്തിയേയും അഭിവൃദ്ധമാക്കുന്നതിൽ സ്മരണയുടെ സ്ഥാനം പ്രഥമഗണനീയമാണെന്നുള്ളതിൽ സംശയിക്കാനില്ല. എന്നാൽ സ്മരണയും ബുദ്ധിശക്തിയുമായിട്ടോ, അല്ലെങ്കിൽ സ്മരണയും വിജ്ഞാനവുമായിട്ടോ ആനുപാതികമായ ബന്ധമൊന്നും കാണണമെന്നില്ല. അതായത്ത് വലിയ ഓർമ്മശക്തിയുള്ള ഒരാൾ ബുദ്ധിമാനോ ജ്ഞാനിയോ ആയിരിക്കണമെന്ന് നിർബ്ബന്ധമില്ല; പലപ്പോഴും അങ്ങനെ ആയിരിക്കാറുമില്ല; അതുപോലെതന്നെ ഒരു അസാമാന്യബുദ്ധിമാനോ ജ്ഞാനിയോ പ്രവൃദ്ധമായ ഓർമ്മശക്തിയുള്ളവനായിരിക്കണമെന്നുമില്ല. ഓർമ്മയും ബുദ്ധിയും തമ്മിൽ തെററിദ്ധരിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഓർമ്മശക്തിക്കുറവുള്ള കുട്ടികളെ ചിലർ മഠയന്മാരായി ഗണിയ്ക്കാറുണ്ട്. അങ്ങനെ ഗണിക്കുന്നതാണ് മഠത്തനം എന്നുള്ളതിൽ സംശയമില്ല.

സ്മരണയുമായി വളരെ ബന്ധമുള്ളതും ശിശുക്കളുടെ ജീവിതയന്ത്രത്തെ നയിക്കുന്ന ഒരു പ്രധാന ചക്രവുമായ ഭാവനയെക്കുറിച്ചുകൂടി ഈ ഘട്ടത്തിൽ ചിന്തിക്കേണ്ടതുണ്ട്.

## അദ്ധ്യായം ഒൻപത്

---

### ഭാവന

ഭാവനയുടെ ഉൽപത്തി ഉപബോധമനസ്സിൽനിന്നാണെന്നും, അതിന് ഇച്ഛാശക്തിയെ ജയിക്കുന്നതിലേയ്ക്കുള്ള അന്യാദൃശസാമർത്ഥ്യമുണ്ടെന്നും സൂചിപ്പിച്ചു കഴിഞ്ഞിട്ടുണ്ട്. ഉപബോധമനസ്സിൽനിന്ന് ഉദിച്ചുയരുന്ന അതിന്റെ വിഹാരരംഗം ബോധമനസ്സാണെന്നു കാണാം.

സാധാരണ ഭാവന എന്നു പറഞ്ഞുവരുന്നത് ഇന്ദ്രിയങ്ങൾക്കു പ്രത്യക്ഷത്തിൽ അനുഭവപ്പെടാതിരിക്കുന്ന വസ്തുക്കളോ, അവസ്ഥകളോ, സന്ദർഭങ്ങളോ മനസ്സിൽ ആവിർഭവിക്കുന്നതിനെയാകുന്നു. മുറിയ്ക്കകത്തിരിക്കുന്ന ഒരു കവി ഭാവനകൊണ്ട് ഒരു തോണിയാത്ര ദർശിച്ച് അതിനെ അദ്ദേഹത്തിന്റെ കവിതയ്ക്കു വിഷയമാക്കുന്നു. ഇങ്ങനെ പ്രത്യക്ഷമല്ലാത്ത വസ്ത്വാദികൾ മനസ്സിൽ ആവിർഭവിക്കുന്നതിനെയാണല്ലോ നാം സ്മരണയെന്നു വിളിച്ചുവരാറുള്ളത്! സ്മരണയ്ക്കും ഭാവനയ്ക്കും തമ്മിൽ വ്യത്യാസമൊന്നുമില്ലേ?

ഇതിനുത്തരം 'ഒരുകണക്കിനു സ്മരണ തന്നെയാണു ഭാവന' എന്നാകുന്നു. സ്മരണകൂടാതെ ഭാവന സാദ്ധ്യമല്ല; എന്നാൽ ഭാവനയെല്ലാം സ്മരണയാകണമെന്നില്ല. അതെങ്ങനെയാണെന്നു നോക്കാം.

സ്മരണയെ സൗകര്യാർത്ഥം നമുക്കു രണ്ടായിതരംതിരിക്കാം; രൂപസ്മരണ, അരൂപസ്മരണ. ഒരു മോട്ടാർവണ്ടി ഓടുന്നതിന്റേയോ, ചന്ദ്രോദയത്തിന്റേയോ, ഒരാൾ ചിരിക്കുന്നതിന്റേയോ സ്മരണ നമുക്കുണ്ടാകുമ്പോൾ അതാതുരൂപങ്ങൾ മനസ്സിലുണ്ടാകാറുണ്ടു്. ഇതാണു് രൂപസ്മരണം. എന്നാൽ, 'സത്യംപറയണം', ദുരാശ നാശഹേതുകമാണു്; ഇത്യാദി സാമാന്യതത്ത്വങ്ങൾ കാണാതെ പഠിച്ചിട്ടുള്ള ഒരു കുട്ടി അവയെ വീണ്ടും ചൊല്ലുന്ന സമയത്തു് അവന്റെ മനസ്സിൽ (ആ വാക്കുകളുടെ ലിപിരൂപമല്ലാതെ) വിശേഷിച്ചു് ഏതെങ്കിലും രൂപങ്ങളുടെ പ്രതിഫലനം ഉണ്ടാകാറുണ്ടോ? അല്ലെങ്കിൽ എഞ്ചുവടിപ്പട്ടിക ചൊല്ലുന്ന ഒരു കുട്ടിയുടെ മനഃസ്ഥിതി ആലോചിച്ചു നോക്കുക. പ്രത്യേകരൂപമൊന്നും മനസ്സിൽ ആവിർഭവിപ്പിക്കാത്ത ഇമ്മാതിരിസ്മരണകളെയാണു് അരൂപസ്മരണകൾ എന്നു് വിളിച്ചതു്. രൂപസ്മരണയാണു് ഭാവനയ്ക്കു ഹേതു; അതു് തന്നെയാണു് ഭാവന എന്നു പറയുന്നതും അബദ്ധമല്ല. സ്മരണമൂലം മനസ്സിൽ പുനർജ്ജീവിപ്പിക്കപ്പെടുന്ന രൂപങ്ങൾ പ്രധാനാസ്പദമായിരിക്കുന്നതിനാൽ പുനരുജ്ജീവനഭാവന എന്നു് അതിനെ വിളിയ്ക്കാവുന്നതാണു്.

എന്നാൽ, ഭാവന എന്നു് പറയുമ്പോൾ ഇമ്മാതിരിയുള്ള രൂപസ്മരണമാത്രമല്ല വിവക്ഷിക്കപ്പെടുന്നതു്. പഞ്ചേന്ദ്രിയങ്ങൾക്കു ഗോചരമായിട്ടില്ലാത്ത പല വസ്തുസ്ഥിതികളേയും സന്ദർഭങ്ങളേയും, ഗോചരമായിട്ടുള്ള വസ്തുപാദികളെ ആധാരമാക്കി പുതിയ രൂപത്തിലും വേഷത്തിലും സൃഷ്ടിക്കുവാനുള്ള വിശിഷ്ടവൈഭവം മനസ്സി

ണ്ടു്. ഏതെങ്കിലും ആവശ്യങ്ങളെ പുരസ്കരിച്ചോ ചിലപ്പോൾ വെറും വിനോദത്തിനവേണ്ടി മാത്രമോ ആയിരിക്കും ഇപ്രകാരമുള്ള പുനഃസൃഷ്ടിക്കു മനസ്സു സന്നദ്ധമാകുന്നതു്. ഏതായിരുന്നാലും പുനഃസൃഷ്ടിയാണു് ഇവയുടെ സ്വഭാവം. അനുഭവപ്പെട്ടിട്ടുള്ള രൂപാദികളെ കൂട്ടിയോ, കുറച്ചോ, മാററിയോ, മറിച്ചോ ആവശ്യംപോലെയും ഔചിത്യം പോലെയും യാഥാർത്ഥ്യത്തിനു വ്യത്യാസം വരുത്തുന്ന ഇവയെ സൃഷ്ടിപരഭാവനയെന്നു നാമകരണം ചെയ്തിരിക്കുന്നു. സാധാരണയായി ഭാവന എന്നു് നാം പറയുമ്പോൾ സൃഷ്ടിപരഭാവനയെയാണു് ഉദ്ദേശിക്കാറുള്ളതു്.

ഭാവനയ്ക്കു് (സൃഷ്ടിപരഭാവനയ്ക്കു) മൂന്നു വിഭാഗങ്ങൾ ശാസ്ത്രകാരന്മാർ നൽകിയിട്ടുണ്ടു്—ലോലഭാവന; യാഥാർത്ഥ്യഭാവന; ആദർശഭാവന

കേവലം സ്വപ്നപ്രായവും യുക്തിരഹിതവും ബാലിശവുമായ ശിശുഭാവനയെയാണു് ലോലഭാവന എന്നു പറയുന്നതു്. സാധാരണ ശിശുക്കൾ ആറേഴു വയസ്സുവരെ അനർഗ്ഗളവും അനിയന്ത്രിതവുമായ ലോലഭാവനകൊണ്ടു് സൃഷ്ടമായ ഒരു ലോകത്താണു് സ്വച്ഛന്ദം വിഹരിക്കാറുള്ളതു്. ലോകപരിചയമോ അറിവോ വേണ്ടപോലെ സിദ്ധിച്ചിട്ടില്ലാത്ത അവരുടെ ദൃഷ്ടിയിൽ അസംഭവ്യങ്ങൾ പലതും സംഭവ്യങ്ങളാകുന്നു. അയാഥാർത്ഥ്യങ്ങൾ യാഥാർത്ഥ്യങ്ങളായി അവർ തീരുമാനിക്കുന്നു. അവരുടെ വസ്തുബോധവും ഭാവനയും തമ്മിൽ തിരിച്ചറിയാൻപോലും വിഷമമാണു്. ഒരു തടിക്കഷണം ഒരു ജീവനുള്ള കുഞ്ഞാ

ണെന്നും ഒരു കസേര ഒരു ആനതന്നെയാണെന്നുമാണ് അവരുടെ ദൃഢമായ വിശ്വാസം. 'പൊപ്പ്പോ! പൊപ്പ്പോ!' എന്ന് കൂവിക്കൊണ്ട്, നൃത്തക്കാൽ ചവിട്ടി സ്കൂളിലേക്കു കുതിക്കുന്ന ആറു വയസ്സുള്ള ഒരു കുട്ടി, ഒരു മോട്ടാർ വാഹനത്തിലാണ് അവൻ സഞ്ചരിക്കുന്നതെന്നും, അതിൻെറ ഡ്രൈവരും, കണ്ടക്ടരും, ഹോണും ആ വാഹനംതന്നെയും അവനാണെന്നും ഭാവിക്കുന്നതു് ഒട്ടും അസ്വാഭാവികമോ അസാധാരണമോ അല്ല. മുററത്ത് കെട്ടിക്കിടക്കുന്ന മഴവെള്ളത്തിൽ

"അമ്മയ്ക്കു കേറിക്കടക്കുവാൻ പാലമൊ-
ന്നുണ്മയിൽ തീർത്തുകഴിഞ്ഞല്ലോ ഞാൻ" എന്ന്

ആനന്ദിച്ച് ആർത്ത് കൈകൊട്ടിച്ചിരിക്കുന്ന കുട്ടന്മാരെ ഏതുദിക്കിലും കാണാവുന്നതാണ്. മഹാകവി ടാഗ്രർ ഇമ്മാതിരിയുള്ള എത്ര നിസ്തുലതൂലികാചിത്രങ്ങളാണ് നിർമ്മിച്ചിട്ടുള്ളതു്. ശിശുക്കൾ ഭാവനാധിക്യം മൂലം തങ്ങളുടെ പ്രവൃത്തികളെല്ലാം പ്രായമായവരുടേതുപോലെ തന്നെയാണെന്ന് ദൃഢമായി വിശ്വസിക്കുന്നുണ്ടെന്നും അവരെ തടസ്സപ്പെടുത്തുകയോ ഉപദ്രവിക്കയോ ചെയ്യുന്നതു് അവർക്ക് യഥാർത്ഥമായസങ്കടത്തിനും പരിഭവത്തിനും ഹേതുവാണെന്നുമുള്ള മഹാകവിയുടെ അഭിപ്രായം അവയെല്ലാംതന്നെ സ്പഷ്ടമാക്കുന്നുണ്ട്. ഗ്രന്ഥകർത്താവായ പിതാവിനെ അനുകരിക്കാൻ ഒരു ശിശു ചെയ്ത ശ്രമത്തെ മാതാവ് തടസ്സപ്പെടുത്തിയപ്പോൾ അവനുണ്ടായ കണ്ടിതം ആ വിശ്വമഹാകവി വിവരിച്ചിരിക്കുന്നതു നോക്കുക:—

"***പുസ്തകങ്ങൾ ഉണ്ടാക്കുന്ന കളിയിൽ അച്ഛൻ എപ്പോഴും മുഴുകിയിരിക്കുന്നു.

"ഞാൻ എപ്പോളെങ്കിലും ഒന്നു കളിക്കാനായി അച്ഛന്റെ മുറിയിലേയ്ക്കു കടക്കുകയാണെങ്കിൽ അമ്മ ഓടിവന്നു്, 'എന്തൊരു കുസൃതിച്ചെറുക്കൻ!' എന്നു് എന്നെ വിളിക്കുന്നു.

"***അച്ഛൻ എപ്പോഴും ഇങ്ങനെ എഴുതിക്കൊണ്ടിരിക്കുന്നതിന്റെ നേരംപോക്കെന്താണു്? എന്നാൽ ഞാൻ അച്ഛന്റെ പേനയോ പെൻസിലോ എടുത്തു് അദ്ദേഹം എഴുതുന്നപോലെതന്നെ അദ്ദേഹത്തിന്റെ പുസ്തകത്തിൽ 'അ, ഇ, എ, ഉ, എന്നെഴുതുമ്പോൾ അമ്മ എന്തിനാണു് എന്നോടു കോപിക്കുന്നതു്? അച്ഛനെഴുതുമ്പോൾ ഒരക്ഷരവും അമ്മ മിണ്ടുന്നില്ലല്ലോ!

"അച്ഛൻ എത്രയോ ക്രമക്കൂനയായിട്ടു് കടലാസുകൾ നിരുപയോഗമാക്കിക്കളയുന്നതിനെ അമ്മ തീരെ സാരമാക്കുന്നില്ല. എന്നാൽ ഞാൻ ഒരൊററക്കടലാസു് ഒരു വള്ളമുണ്ടാക്കാനായെടുക്കുകയാണെങ്കിൽ ഉടൻതന്നെ 'കുഞ്ഞേ! നീ എന്തൊരുപദ്രവിയാണു്!' എന്നു് അമ്മ പറഞ്ഞുകഴിയും.*** ഇത്യാദി"

ഇമ്മാതിരി പ്രലപനങ്ങളെല്ലാം കേവലം ലോലഭാവനയുടെ ഫലമാണെന്നുള്ളതു് സ്പഷ്ടമാണു്. ലോലഭാവനമൂലമാണു് ശിശുക്കളെ അസത്യവാദികളായി ധരിക്കാനിടയാകുന്നതു്. വസ്തുബോധം വിവരിച്ചപ്പോൾ ഇക്കാര്യം വിശദമാക്കിയിട്ടുണ്ടു്.

പ്രായം കൂടുംതോറും ലോലഭാവന കുറഞ്ഞു കുറഞ്ഞു വരുന്നു. എന്നാൽ പ്രായമായശേഷവും ഇതിൻെറ ലാഞ്ഛനകൾ അവശേഷിക്കുണ്ട്. മനോരാജ്യത്തിൽ വിഹരിക്കുന്ന പ്രായമായവരെല്ലാം ഇതിൻെറ പ്രേരണയ്ക്കു വിധേയരാകുന്നു.

യാഥാർത്ഥ്യഭാവന, വാസ്തവികമായ പരിതഃസ്ഥിതികളെ ആസ്പദമാക്കിയുള്ളതാണു്. സംഭവ്യമായ സംഗതികളെക്കുറിച്ചുള്ള ചിന്തകളാണ് അതിൻെറ വിഷയം. ഏതെങ്കിലും ഒരു കാര്യം നേടണമെന്നുള്ള ഉന്നം അതിനുണ്ടു്. ആറേഴവയസ്സുവരെയുള്ള കുട്ടികളിൽ ഇതു് അങ്കുരാവസ്ഥയിലിരിക്കുന്നതേയുള്ളു. ബാല്യത്തിന്റെ മദ്ധ്യഘട്ടത്തിലാണ് ഇതു് അഭിവൃദ്ധമാകുവാൻ ആരംഭിക്കുന്നതു്. ആദ്യമാദ്യം. അനതിദൂരഭാവിയിലുള്ള സംഗതികളേ അവൎക്കു ഭാവിക്കാൻ കഴികയുള്ളൂ. "അച്ഛൻ പന്തുവാങ്ങിച്ചു തരുമ്പോൾ ഞാൻ നിനക്കുതരുകയില്ല ഞാനും ചേട്ടനുംകൂടി കളിക്കും" എന്നുപറയുന്നകുട്ടിയിൽ ഇതിൻെറ അങ്കുരംകാണാം. 'ഇന്നുവൈകുന്നേരം എന്തെല്ലാം കളിക്കണം?'; 'പാഠം പഠിക്കാതിരുന്നാൽ സാറിനോടു് എന്തു പറയണം?', 'മിഠായി വാങ്ങിക്കുമ്പോൾ ആൎക്കെല്ലാം കൊടുക്കണം?' ഇത്യാദി സമീപഭാവിയെ ബാധിക്കുന്ന ഭാവനകൾ ക്രമേണ വിദൂരഭാവിയിലേക്കും സംക്രമിക്കുന്നതുകാണാം. ബാല്യത്തിൻെറ മദ്ധ്യഘട്ടം കഴിയുന്നതുവരെ തങ്ങളുടെ പരിചയപരിധിയിലും സാദൃശ്യമേഖലയിലും ഉൾപ്പെടാത്തവയും അസംഭവ്യങ്ങളുമായ വസ്തുസ്ഥിതികളേയോ സന്ദൎഭങ്ങളേയോ ഭാവനം ചെയ്യുവാൻ ശിശുക്കൾക്കു സാധിക്കയില്ലെന്നാണു് പിയാജററ് അഭിപ്രായപ്പെടുന്നതു്. "എന്തുതൊഴിലാണു്

പ്രായമാകുമ്പോൾ നിങ്ങൾ സ്വീകരിക്കാൻ ആഗ്രഹിക്കുന്നതു്? എന്തുകൊണ്ടു്?" എന്നു് പന്ത്രണ്ടോ പതിന്നാലോ വയസ്സായ കുട്ടികളോടു ചോദിച്ചാൽപോലും ശരിയായ ഉത്തരങ്ങൾ കിട്ടാൻ വിഷമമാണു്. ഹൈസ്കൂളുകളിൽ ഐച്ഛികവിഷയങ്ങൾ തെരഞ്ഞെടുത്തു കൊള്ളുവാൻ കുട്ടികളോടു് ആവശ്യപ്പെടുമ്പോൾ അവരിൽ ഭൂരിഭാഗവും പ്രായമായവരുടെ പ്രേരണയ്ക്കു വശംവദരാകുന്നതു് സാധാരണമാകുന്നു അഥവാ അവർ തന്നെ തെരഞ്ഞെടുക്കുകയാണെങ്കിൽ തങ്ങൾക്കു സൗകര്യവും എളുപ്പവും ഉള്ളതു് നോക്കുന്നതല്ലാതെ ഗുണദോഷനിരൂപണത്തിനു് വലിയ സ്ഥാനമൊന്നും അതിൽ കാണ്മാനിടയില്ല. സ്വാതന്ത്ര്യവീക്ഷണകോണം പുരസ്കരിച്ചുള്ള നിരീക്ഷണങ്ങൾക്കേ അവർ സന്നദ്ധരും പ്രാപ്തരുമായിരിക്കയുള്ളു. എന്നാൽ പ്രായവും ലോകപരിചയവും കൂടുന്തോറും ഭാവിയെ ഭാവനചെയ്യാനുള്ള ശക്തിയും കൂടുതൽ യുക്തിപൂർവ്വമായ തീരുമാനത്തിൽ എത്തിച്ചേരാനുള്ള കെല്പും അവർ സമ്പാദിക്കുന്നുണ്ടു്.

യാഥാർത്ഥ്യഭാവനയ്ക്കു് യുക്തിപൂർവ്വമായ ചിന്തനത്തെ സഹായിക്കാനുള്ള ശക്തിയുള്ളതുകൊണ്ടു് പുതിയ കണ്ടുപിടിത്തങ്ങൾക്കുവേണ്ടി ഉദ്യമിക്കുന്ന ശാസ്ത്രകാരന്മാരേയും, കലാകാരന്മാരേയും, അദ്ധ്യാപകന്മാരേയും മററും ഗുണകരമായി ബാധിക്കുവാൻ അതിനു കഴിയുന്നു. "ഇന്നിന്നമാതിരി പ്രവർത്തിച്ചാൽ ഇന്നിന്നമാതിരി സംഭവിക്കും" എന്നു് അനുമിക്കാനുള്ള ശക്തി, ലൗകികമായ സ്ഥിതിഗതികളിൽ എന്തെങ്കിലും വ്യതിയാനങ്ങളോ പരിവർത്തനങ്ങളോ സംഭവിപ്പിക്കണമെന്നു് ഉദ്ദേശിക്കുന്ന ഏതൊരു ചിന്തകനും അത്യന്താപേക്ഷിതം തന്നെയാണല്ലോ.

യാഥാത്ഥ്യഭാവനയുടെ അവസ്ഥാന്തരമാണ് ആദർശഭാവന. വാസ്തവികമായ സംഗതികളെ ഉന്നമാക്കാതെ, കേവലം മാതൃകാപരമായ ജീവിതത്തോതുകളെയാണ് ഇതു് ലക്ഷ്യമാക്കുന്നതു്. ഇന്നിന്നമാതിരി സംഭവിച്ചാൽമനുഷ്യലോകം പുരോഗമിക്കുമെന്നുള്ള ആദർശം മുഖ്യമായി പ്രവത്തിക്കുന്നതിനാൽ പ്രായേണ ശിശുക്കളിൽ ഇതു് ഇല്ലെന്നുതന്നെ പറയാം. ബാല്യത്തിന്റെ പരിണതഘട്ടത്തിൽ വളരെ വിരളമായി മാത്രം പ്രത്യക്ഷപ്പെട്ടേക്കാം എന്നേ ഉള്ളൂ. യൗവ്വനത്തിലും അതിനുശേഷമുള്ള ജീവിതത്തിലുമാണ് ഇതിനു ശരിയായ സ്ഥാനം.

ശിശുക്കളിൽ ഭാവന ഉദ്ദീപിതമാകുന്നതിന് പല കാരണങ്ങളുമുണ്ടു്. തങ്ങളുടെ ആശകളും ഇഷ്ടാനിഷ്ടങ്ങളും പ്രവണതകളും തൃപ്തിപ്പെടുത്താനുള്ള അപര്യാപ്തതയാണ് പ്രധാന നിദാനം. അപ്രാപ്യമായ സാധനാദികളെ അവർ ഭാവനയാൽ സൃഷ്ടിച്ചു് അവയുമായി പെരുമാറി ആനന്ദിക്കുന്നു. സഹോദരങ്ങളോ സ്നേഹിതരോ സഹക്രീഡനത്തിനു ലഭിച്ചിട്ടില്ലാത്ത ഏകാന്തശിശു സ്വന്തഭാവനകൊണ്ടു് വേണ്ടിടത്തോളം കൂട്ടുകാരെ സൃഷ്ടിച്ചു് നാനാവിധ സങ്കല്പലീലകളിൽ വ്യാപൃതനാകുന്നതു് സാധാരണ കാണാവുന്ന ഒരു കാഴ്ചയാണ്. ആയതിലേക്ക് അവലംബനമായി പാവകളോ മറേറതെങ്കിലും ഉപകരണങ്ങളോ അവനു വേണമെന്നില്ല. ചുററിനും കൂട്ടുകാർ ഉള്ളതായി സങ്കല്പിച്ചിട്ടു് ഓരോരുത്തനും ഓരോ ജോലികൊടുക്കുക, ശകാരിക്കുക, ദ്വേഷ്യപ്പെടുക, തല്ലുക, സമാധാനം പറയുക മുതലങ്ങിയ പല കൃത്യങ്ങളിലും അവൻ തൽപരനാ

കുന്നു. ഓരോ പ്രായത്തിലും ഓരോ പുറപ്പാടിലും ഓരോ മാതിരി ശിശുക്കൾ ഇമ്മാതിരി ഓരോ ആവശ്യങ്ങൾ നിറവേററാൻ കഴിയാതെ വലുയുന്നതിന്റെ ഫലമായി ഇപ്രകാരമുള്ള ലോലഭാവനയ്ക്കു വിധേയരാകുന്നതു് കാണാം.

L. 339

(ലോല) ഭാവനാസാമ്രാജ്യത്തെ ഭരിയ്ക്കുന്ന മൗലിക നിയമം സ്വാതന്ത്ര്യം തന്നെയാണ്. സ്വാതന്ത്ര്യത്തെ ജീവിത യാഥാർത്ഥ്യങ്ങൾ എത്രത്തോളം തടസ്സപ്പെടുത്തുന്നുവോ അത്രത്തോളം ശക്തിയോടും ഊർജ്ജസ്വലതയോടും കൂടി ദിവാസ്വപ്നപരമ്പരകൾ ഉയിച്ചുപൊങ്ങുന്നു. ഇവ, നിരോധിക്കപ്പെട്ടിട്ടുള്ള സുഖാദികളെ സ്വപ്രഭാവത്താൽ സൃഷ്ടിച്ച് സംതൃപ്തിപൂകുവാൻ പ്രയത്നിക്കയും ചെയ്യുന്നു. പ്രകൃതിമാതാവു കരുണാപുരസ്സരം പ്രദാനംചെയ്തിട്ടുള്ള ഒരു മഹനീയാനുഗ്രഹം തന്നെയായിരിക്കണം ഇതു്. ഇളം പൈതങ്ങൾ തുടങ്ങി വടുവൃദ്ധന്മാർവരെയുള്ള സകലരിലും ഒരു രൂപത്തിലല്ലെങ്കിൽ മറെറാരു രൂപത്തിൽ ഇതു കുടികൊള്ളുന്നു. സുഖങ്ങളേയും ആശകളേയും സഫലീകരിക്കുവാൻ സഹായിക്കുന്നപോലെതന്നെ, ദുഃഖങ്ങളേയും ആശങ്കകളേയും ദൂരീകരിക്കുവാനും ഇതു് ഉപകരിക്കുന്നു.

ഇങ്ങനെ ഗുണകരമായ ഒരു ഉപകരണമായിരിക്കുന്ന ഭാവന പലപ്പോഴും ദോഷകാരണമായും പരിണമിക്കാറുണ്ടു്. സുലഭമല്ലാത്ത സുഖങ്ങൾ ഭാവനകൊണ്ടു് സൃഷ്ടിക്കുന്നപോലെതന്നെ ചിലകുട്ടികൾ സംഭവ്യമായ അസുഖങ്ങൾ സങ്കൽപിച്ച് അവ തങ്ങളെ ബാധിക്കാതിരിക്ക

ത്തക്ക സാങ്കല്പികദുർഗ്ഗങ്ങളിൽസ്വയം സ്ഥാപിതരാകുവാൻ ശ്രമിക്കുക പതിവാണു്. വിദ്യാലയങ്ങളിലേക്കു പോകുവാൻ വിസമ്മതിച്ചു് വിലങ്ങനെ നില്ക്കുന്ന ശിശുക്കൾ ഇക്കൂട്ടത്തിൽ പെടുന്നു. ചില നിസ്സാരഭയങ്ങൾ മൂലം സദസ്സുകളിലോ മനുഷ്യരുടെ വെട്ടത്തോ വരാതെകഴിച്ചു കൂട്ടുന്നവരുടെ സ്ഥിതിയും ഇതുതന്നെയാണു്. സന്മാർഗ്ഗികമോ മതപരമോ ആയ കുററങ്ങൾ തങ്ങൾ ചെയ്തുപോയിട്ടുണ്ടെന്നു വിചാരിച്ചു് തന്മൂലമുണ്ടായേക്കാവുന്ന പാപത്താൽ ഭാവനയെ വിഷമപൂരിതമാക്കി ജീവിതം നരകമാക്കിച്ചമയ്ക്കുന്ന കുട്ടികളുടെ സംഖ്യയും ഒട്ടും കുറവല്ല. അനുചിതമായ കഥകളും മതപരവും സന്മാർഗ്ഗികവുമായ സങ്കല്പിതോപദേശങ്ങളും നൽകുന്ന ദുരുപബോധങ്ങളാണു് ഇമ്മാതിരി ഭാവനകൾക്കു് കാരണമാകുന്നതു്. തങ്ങൾ എളിയവരാണെന്നുള്ള ബോധത്തിൽ നിന്നുളവാകുന്ന ഭാവനകളും ആപൽക്കരമാണു്. പ്രായേണ സാമുദായികമോ, രാഷ്ട്രീയമോ, ജാതിപരമോ, വർഗ്ഗപരമോ, വ്യക്തിപരമോ ആയ തരംതാഴ്ത്തലായിരിക്കും ഇമ്മാതിരി ഭാവനകളെ ജനിപ്പിക്കുന്നതു്. കായികമോ മാനസികമോ ആയ വൈകല്യങ്ങളെ ആസ്പദമാക്കി അദ്ധ്യാപകന്മാരും കൂട്ടുകാരും ചില കുട്ടികളെ ആക്ഷേപിക്കാറുണ്ടു്. ഇതുകൊണ്ടുണ്ടാകുന്ന എളിമത്തം ജനിപ്പിക്കുന്ന ഭാവനകളും ഒരു ജീവിതത്തെ പാടെ വ്യതിചലിപ്പിച്ചേക്കാവുന്നതാണു്. യഥാർത്ഥത്തിൽ ന്യൂനതകൾ ഒന്നുമില്ലെങ്കിലും ചില കുട്ടികളെ പ്രായമായവർ ദ്വേഷ്യംകൊണ്ടോമറേറാ 'മൂഢശിരോമണി'യെന്നോ, 'കൊള്ളരുതാത്തവനെ'ന്നോ,

അസമർത്ഥനെന്നോ അടിയ്ക്കൂടി വിളിച്ചു ശകാരിക്കാറുണ്ടു്. അശക്തമനഃസ്ഥിതിയുള്ള ശിശുക്കളെ ഇതു് ബാധിക്കുന്നതു് അതിശക്തിമത്തായിട്ടാണു്. അവരുടെ മനശ്ശാന്തി നശിപ്പിക്കുന്നതിനു പുറമേ ഇച്ഛാശക്തിയെക്കൂടി വിച്ഛേദിച്ചു കളവാൻ ഇതിനു ശക്തിയുണ്ടു്. അപസ്മാരം തുടങ്ങിയ ദാരുണമാനസികരോഗങ്ങൾപോലും ഇമ്മാതിരിയുള്ള അനാശാസ്യമായ പെരുമാററങ്ങൾ മൂലവും തജ്ജന്യമായ വിഷമഭാവനകൾ കാരണവും ജനിക്കാറുണ്ടെന്നാണു് വിദഗ്ദ്ധാഭിപ്രായം.

ബാല്യത്തിന്റെ പ്രാഥമികഘട്ടങ്ങളിൽ ഇമ്മാതിരി വിഷമഭാവനകൾക്കു ശിശുക്കൾ വിധേയരാകാനിടയില്ലെന്നുള്ളതു് ഒരു വലിയ ആശ്വാസമാണു്. മദ്ധ്യഘട്ടം തുടങ്ങി പ്രായപൂർത്തിയിലേക്കു കടക്കുന്നിടംവരെ രക്ഷകർത്താക്കന്മാർ വളരെ ജാഗ്രതയായിരിക്കേണ്ട സന്ദർഭങ്ങളാകുന്നു. ശിശുക്കളുടെ സംഭാഷണങ്ങളും ആത്മാലാപങ്ങളും ശ്രദ്ധിച്ചാൽ അവരുടെ വിഷമങ്ങൾ എളുപ്പത്തിൽ മനസ്സിലാക്കാം. വേണ്ട പരിഹാരമാർഗ്ഗങ്ങൾ കണ്ടുപിടിക്കുവാൻ പ്രായമായവർ ജാഗരൂകരാകേണ്ടതു് അത്യന്താപേക്ഷിതമാകുന്നു.

## അദ്ധ്യായം ൧൯

---

## ഭാവനാ നിയന്ത്രണം

അനിയന്ത്രിതഭാവന ഗുണകരമല്ലെന്നു മാത്രമല്ല ആപൽക്കരവും കൂടിയാണെന്നുള്ളതു് സുസ്പഷ്ടമാണല്ലോ. ഭാവന കാടുകയറാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണു്. പല നിയന്ത്രണമാൎഗ്ഗങ്ങളുമുണ്ടു്. പ്രധാനമായവ പരിഗണിക്കാം.

പ്രായാനുകൂലമായ കഥകൾ ശിശുക്കൾക്കു പറഞ്ഞുകൊടുക്കുന്നതു് ഒരു നല്ല മാൎഗ്ഗമാണെന്നാണു് പണ്ഡിതാഭിപ്രായം.

ഏററവും കൊച്ചുകുട്ടികൾക്കു പരിചിതവസ്തുക്കളുടേയോ ജന്തുക്കളുടേയോ, അച്ഛൻെറയോ അമ്മയുടേയോ ചേട്ടാനിയന്മാരുടേയോ മററോ കഥകളാണു് പററിയവ. അവയിൽ രസിക്കാത്ത കുട്ടികൾ അപൂൎവ്വമാകുന്നു. കഥ പറയുമ്പോൾ ഇടയ്ക്കിടയ്ക്കു് അവരുടെ യുക്തിയെ ഉദ്ദീപിപ്പിക്കുന്ന ചില ചോദ്യങ്ങൾ ചോദിക്കേണ്ടതു് അത്യാവശ്യമാണു്. "അപ്പോൾ അവൻ എന്തുചെയ്തു എന്നറിയാമോ?" അല്ലെങ്കിൽ, "അങ്ങനെ ചെയ്തില്ലെങ്കിൽ എന്തുപററുമെന്നറിയാമോ?" ഇത്യാദി ചോദ്യങ്ങൾ ചോദിച്ചാൽ അവർ കഥയിൽ രസിച്ചിരിക്കയാണെങ്കിൽ പല രസകരമായ ഉത്തരങ്ങളും കിട്ടുന്നതാണു്.

കുട്ടികളെ കഥകളിൽ രസമുള്ളവരാക്കിത്തീർക്കണമെങ്കിൽ ഓരോരുത്തരുടെ അഭിരുചികളേയും പ്രവണതകളേയും കാഥികന്മാർ പ്രത്യേകം പരിശോധിച്ചിരിക്കേണ്ടതാണു്. അവരുടെ വാസനയ്ക്കനുസരിച്ച കഥകൾ തെരഞ്ഞെടുത്തില്ലെങ്കിൽ ഉദ്ദിഷ്ടഫലം സിദ്ധിക്കുവാൻ പ്രയാസമാകുന്നു. ഇപ്രകാരമുള്ള കഥകൾ നമ്മുടെ ഇടയിൽ സുലഭമാണു്. ഏകദേശം മൂന്നുവയസ്സുമുതൽ ആറുവയസ്സുവരെയുള്ള കുട്ടികൾക്കു ദേവതാകഥകളിൽ രസിക്കാൻ കഴികയില്ല. അപരിചിതരായ ദേവതകളേയോ ഭൂതാദികളേയോ സങ്കല്പിക്കുവാനുള്ള കെല്പ് അവരിൽ ആവിർഭവിക്കുന്നതിന് ആറേഴുവയസ്സെങ്കിലും ആകേണ്ടതാണു്. അതിനുമുമ്പ് പരിചിതജന്തുക്കളുടേയും മററും കഥ പറഞ്ഞുകൊടുക്കുന്നതിൽ ശ്രദ്ധേയമായ ചില സംഗതികളുണ്ടു്. ജന്തുക്കളുടെ ശബ്ദങ്ങളും മററും അനുകരിച്ച് കേൾപ്പിക്കുന്നതു് അവക്കു വളരെ ഇഷ്ടമാണു്. 'ഒരു ദിവസം രാവിലെ ഒരു പൂവൻകോഴി ചിറകടിച്ചുകൂവി' എന്നു പറയുന്നതിനേക്കാൾ, 'ഒരു ചുവന്നു തടിച്ച പൂവൻകോഴി, കാലത്തെ ഉറക്കമെണീററ് നിന്നു്, 'ട്ടപ്പ് ട്ടപ്പ്നെ' ചിറകടിച്ചുകൊണ്ടു് 'ക കക്രൊ......ക്രൊ' എന്നു കഴുത്തുപൊക്കി വലിച്ചുപിടിച്ചു കൂവി' എന്നു പറഞ്ഞാൽ അവരെ ആകർഷിക്കുവാൻ അതിനു വലിയ ശക്തികാണും. പാദങ്ങളുടെ ആവർത്തനം അവർ വളരെ ഇഷ്ടപ്പെടുന്നതും ഗുണകരവുമായ ഒരു സമ്പ്രദായമാകുന്നു. ചില സുശ്രവങ്ങളും സുപരിചിതങ്ങളുമായ പാദങ്ങൾ കഥകൾക്കിടയ്ക്കു ആവർത്തിച്ചു കേട്ടില്ലെങ്കിൽ അവക്കു വലിയ നിരാശചോ-

ല്യമാണ്. നമ്മുടെ മുത്തശ്ശിമാരുടെ കഥകൾ പലതും സൂക്ഷിച്ചുനോക്കുകയാണെങ്കിൽ ഈ ഗുണങ്ങളെല്ലാം അവയ്ക്കുള്ളതായിക്കാണാം; ഒരുദാഹരണം പറയാം.

'ഒരിടത്ത് ഒരു പൊക്കശ്ശാർ ഉണ്ടായിരുന്നു. കറുത്തു തടിച്ച ഒരു മുറാളൻ. അവന് ഒരു നീണ്ടവാൽ ഉണ്ടായിരുന്നു. വാലിന്റെ അറ്റത്ത് ഒരു വലിയ മണി, 'കിണി കിണി', എന്ന് കിലുങ്ങുന്നതു് കെട്ടി. ആരു് കെട്ടി? (അമ്മ, അച്ഛൻ, ആയ എന്നെല്ലാം ഉത്തരം കിട്ടും) (എന്തിനാണെന്നും മററും ചോദ്യങ്ങൾ തുടരാം) അവന് വലിയസന്തോഷമായി. അവൻ 'കിക്കിക്കിക്കി' എന്ന് പൊട്ടിച്ചിരിച്ചു. അമ്മപറഞ്ഞു:—'മോൻ ദൂരെയെങ്ങും പോകരുതെ!' അവൻ അതു വകവച്ചില്ല. അവൻ ചിരിച്ചു ചിരിച്ചു തുള്ളിച്ചാടിക്കൊണ്ടു് മരക്കൊമ്പുകളിൽ അലഞ്ഞു നടന്നു. അവന്റെ വാലിൽ ഒരു വലിയ സൂചിമുള്ളു് കൊണ്ടുകയറി. അവന്റെ 'കിക്കിക്കിക്കി', 'കിയ്യോക്കിയോ!' എന്നു മാറി, അപ്പോൾ ആ വഴിയെ ഒരാൾ വരുന്നതു കണ്ടു. അയാളുടെ കയ്യിൽ ഒരു വലിയ കത്തി ഉണ്ടായിരുന്നു. അതാരെന്നറിയാമോ? (ആശാരി, കൊല്ലൻ, ക്ഷൗരക്കാരൻ, കശാപ്പുകാരൻ) അതു ഒരു ക്ഷുരകനായിരുന്നു. (പരിചിതനായ ഒരു ക്ഷുരകന്റെ പേരു പറഞ്ഞുകൊടുക്കാം) "പൊക്കശ്ശാരെ! താൻ എന്തിനു കരയുന്നു"? "എന്റെ വാലിലെ മുള്ളെടുത്തു തരാമോ?" ക്ഷുരകൻ മുള്ളെടുക്കുന്നതും, വാലററുപോകുന്നതും, അതു് വീണ്ടും വച്ചുപിടിപ്പിക്കാൻ സാധിക്കാത്തതുകൊണ്ടു് പകരമായി കുരങ്ങനു കത്തികൊടുക്കുന്നതും കുരങ്ങൻ മാ

യെറിയുന്ന ഏതാനും കുട്ടികൾക്കു കത്തികൊണ്ടു് മാങ്ങാ എറിയാൻ കൊടുക്കുന്നതും കത്തി, മരത്തിൽ തങ്ങിപ്പോകുന്നതും, പകരം മാമ്പഴം കിട്ടുന്നതും, പല വസ്തുമാററങ്ങളുടെഫലമായി ഒടുവിൽ അവനൊരു ചെണ്ട കിട്ടുന്നതും ചെണ്ടയുമായി അവൻ ഒരു പൊട്ടക്കിണററിൽ ചാടുന്നതും അവിടെ കിടന്നുകൊണ്ടു് സ്വാനുഭവങ്ങളെല്ലാം പാട്ടായി പാടിക്കൊണ്ടു് അവൻ ചെണ്ടയടിക്കുന്നതും” ഇമ്മാതിരിയുള്ള കഥകളിൽ ഒന്നാകുന്നു. അത്ഥമോ, ആദർശമോ, സാരമോ ഇല്ലെങ്കിലും ഒരു പ്രായത്തിലുള്ള കുട്ടികൾക്കു് ഇമ്മാതിരി കഥകൾ വളരെ ഗുണകരങ്ങളാകുന്നു. പാശ്ചാത്യഭാഷകളിൽ പലതിലും ശിശുക്കൾക്കുവേണ്ടി പ്രത്യേകതരം കടലാസ്സിൽ നാനാവർണ്ണാഞ്ചിതമായ ചിത്രങ്ങളാൽ അലംകൃതമായി അത്യാകർഷകമായ കഥകൾ പലതും അച്ചടിപ്പിക്കപ്പെടുന്നു. അവയെ അനുകരിച്ചു് നാമും ശിശുക്കൾക്കുവേണ്ടി പ്രത്യേകകഥകൾ നിർമ്മിക്കുകയും ലൈബ്രറികൾ മുഖേനയും മററും അവ അവർക്കു പ്രാപ്യമാക്കുകയും ചെയ്യേണ്ടതു് അത്യാവശ്യമാണു്. അവരുടെ അയുക്തഭാവനയെ നിയന്ത്രിക്കുവാൻ ഇവയ്ക്കുള്ള ശക്തി അത്രയ്ക്കു വലുതാണെന്നുള്ളതിൽ രണ്ടു പക്ഷമുണ്ടാകാനിടയില്ല.

ഏഴെട്ടുവയസ്സാകുന്നതോടുകൂടി കുട്ടികളുടെമട്ടു് ആകപ്പാടെ മാറുന്നു. കളിയിലുള്ള ആസക്തി വർദ്ധിക്കുകയും കഴിവിൽ കവിഞ്ഞുള്ള പ്രവൃത്തികൾ ചെയ്യുന്നു എന്നുള്ള ഭാവനയാൽ തന്നെക്കാൾ വലിയ ഒരാളാണെന്നുള്ള ഒരു ഐന്ദ്രജാലികബോധം ആവിർഭവിക്കയും ചെയ്യുന്നു. ഈ

ഘട്ടത്തിൽ ജീവിതംതന്നെ അവക്കൊരു അത്ഭുതകഥയാണ്. വിസ്മയാത്മകമായ യക്ഷികഥകളും സാധാരണ ലോകത്തു് അസാദ്ധ്യമായ ഭാവനാത്മകകഥകളുമാണ് ഈ അവസരത്തിൽ അവരെ ആകർഷിക്കുന്നതു്. എന്നാൽ, അത്ഭുതാത്മകമായ ഈമ്മാതിരി യക്ഷികഥകളെ മാണ്ടിസോറി പ്രഭൃതികൾ എതിർത്തിട്ടുണ്ടെന്നുള്ളതു് വിസ്മരിക്കത്തക്കതല്ല. യഥാർത്ഥലോകത്തുനിന്ന് ശിശുക്കളെ അകററി ജീവിതവുമായുള്ള പൊരുത്തത്തിന്ന കുറവുവരുത്തുന്നതിന്ന് ഇവ നിദാനമായേക്കുമെന്നുള്ളതാണ് അവരുടെ പ്രധാന ആക്ഷേപം. എന്നാൽ തെരഞ്ഞെടുക്കുന്ന കഥകളും പ്രതിപാദനരീതികളുംകൊണ്ടു് ഇതിന്ന് വളരെ വ്യത്യാസം വരുത്താവുന്നതാണ്. യാഥാർത്ഥ്യവും സങ്കല്പവും തമ്മിൽ കുഴക്കിക്കളയാതിരിക്കാൻ അന്യോന്യമായ ശ്രദ്ധ പതിപ്പിച്ചേ തീരുകയുള്ളൂ. "അവൻെറ ഭാവനയ്ക്കു വികാസം സിദ്ധിക്കണമെന്നുള്ളതാണു് ഉന്നം; ഭാവനയും യാഥാർത്ഥ്യവുംകൂടി കുഴയ്ക്കണമെന്നുള്ളതല്ല;" ഈ വിചാരം കാഥികക്കു് എപ്പോഴും ഉണ്ടായിരിക്കണം. ഇല്ലാത്ത പക്ഷം സാംസ്കാരികമായ പ്രയോജനങ്ങൾ സിദ്ധിക്കാതിരിക്കുന്നതിനുപുറമേ ശിശുക്കളുടെ മാനസികജീവിതത്തെ അശക്തവും അസമർത്ഥവും ആക്കുന്നതിന്ന് അതു് പര്യാപ്തമാകുന്നതാണ്.

കുറച്ചുകൂടി പ്രായമാകുമ്പോൾ യക്ഷികഥകളെ കുട്ടികൾ സ്വയമേവ വെറുക്കാൻ ആരംഭിക്കും. ശുഭകരമായ മാനസികവികസനത്തെയാണ് ഇതു് പ്രത്യക്ഷമാക്കുന്നതു്. യാഥാർത്ഥ്യവും ഭാവനയും തിരിച്ചറിവാനുള്ള ശക്തി അവക്കുണ്ടായിക്കഴിഞ്ഞു എന്നുള്ളതാണ് ഇതിൽനിന്നനുമിക്കാ-

വുന്നതു്. ജീവിതയാഥാൎത്ഥ്യത്തെ കൂടുതൽ സംബന്ധിക്കുന്ന വിചാരങ്ങളും വികാരങ്ങളും ഉൾക്കൊള്ളുന്ന കഥകളേ ഈ ഘട്ടത്തിൽ അവശിഷ്ടമായിരിക്കയുള്ളൂ. ഓരോവ്യക്തിയേയും ഓരോ ഘട്ടത്തിൽ ഏതുതരം വികാരമാണു്—എന്തെന്തു മനോഭാവമാണു്—സ്വാധീനപ്പെടുത്തിയിട്ടുള്ളതെന്നു പരിശോധിച്ചു് യുക്തമായ കഥകൾ പറഞ്ഞുകൊടുക്കുകയോ കഥാപുസ്തകങ്ങൾ വായിപ്പിക്കുകയോ ചെയ്യുവാൻ ശ്രദ്ധിക്കേണ്ടതാണു്.

ഏതായിരുന്നാലും പ്രായാനുകൂലമായ കഥകളുടെ പ്രാധാന്യം ഭാവനാനിയന്ത്രണത്തിൽ അനല്പമാണെന്നുള്ളതു് നിസ്തൎക്കമാകുന്നു.

കഥകൾ പറഞ്ഞു കൊടുക്കുകയോ വായിപ്പിക്കുകയോ ചെയ്യുന്നതിനെക്കാൾ സുശക്തമായ മറെറാരു സമ്പ്രദായമാണു് ഏതാനും ചില സൂചനകൾ നൽകിയിട്ടു് ശിശുക്കളെ കൊണ്ടു തന്നെ കഥകൾ പറയിപ്പിക്കുന്നതു്. ഏതാനും ഭാഗങ്ങൾ പറഞ്ഞുകൊടുത്തിട്ടു് ബാക്കി അവരെ കൊണ്ടു പൂരിപ്പിക്കുന്നതു് മറെറാരു മാൎഗ്ഗമാണു്. കഥാചിത്രങ്ങൾ നോക്കി കഥപറയിപ്പിക്കുക, കഥകളെ ആസ്പദിച്ചു് ചിത്രങ്ങൾ വരക്കുവാൻ നിൎദ്ദേശിക്കുക, ഏതെങ്കിലും ഒരു കഥാപാത്രം വിവരിക്കുന്നമട്ടിൽ കഥകളെ പുനൎരചന ചെയ്യിക്കുക, സംഭാഷണരൂപത്തിൽ അവയെ വ്യത്യാസപ്പെടുത്തിക്കുക തുടങ്ങിയ പല മാൎഗ്ഗങ്ങളും ഭാവനയെ ഉത്തേജിപ്പിക്കുന്നതിനു് പററിയവയാണു്. ഇവയെല്ലാം യഥാൎത്ഥവും അയഥാൎത്ഥവും തമ്മിലുള്ള തിരിച്ചറിവു് ശിശുക്കളിൽ വളൎത്തുമെന്നുള്ളതിൽ സംശ

യമില്ല. എന്നാൽ ഓരോ വ്യക്തിയുടെ സ്വഭാവവും പ്രായവും പ്രവണതകളും പരിശോധിക്കാതെ ഇപ്രകാരം ചെയ്യുന്നതുകൊണ്ട് വിശേഷിച്ച് പ്രയോജനമൊന്നും സിദ്ധിക്കയില്ലെന്നുള്ളതു് പ്രത്യേകം ഓർക്കേണ്ടതാണ്.

ചിത്രമെഴുത്ത്, കൊത്തുപണി, സാഹിത്യം തുടങ്ങിയ ലളിതകലകൾ എല്ലാം തന്നെ ഭാവനാവികാസത്തെ സഹായിക്കുന്നവയാണ്. സാഹിത്യത്തിന്റെ സ്ഥാനം നിസ്തുലമാകുന്നു. മനോഹരപദ്യങ്ങളും ഗദ്യങ്ങളും ഭാവനാത്മകമായ വിധത്തിൽ വ്യാഖ്യാനിക്കുകയും ശിശുക്കളിലുള്ള കലാപരമായ വാസനകളെ ഉദ്ദീപിപ്പിക്കുവാൻ ശ്രമിക്കുകയും ചെയ്യുന്നതു് ഇക്കാര്യത്തിൽ വളരെ ഗുണകരമാണ്. വിദ്യാലയങ്ങളിൽ സൌകര്യമുള്ള പക്ഷം വിദ്യാർത്ഥികൾ തന്നെ നടത്തുന്ന ഒരു മാസികയോ വാരികയോ ഉണ്ടായിരിക്കുന്നതു് നന്നായിരിക്കും. ഒരു നാടകസമിതി വിദ്യാർത്ഥികളുടെ പരിശീലനത്തിനായി സ്ഥാപിക്കുന്നതും ഭാവനാനിയന്ത്രണത്തിനു് സഹായകമായിരിക്കുന്നതാണ്.

വീട്ടുജോലികളിലും പ്രായോഗികമായ മററു പണികളിലും ശിശുക്കളുടെ ശ്രദ്ധ പതിപ്പിക്കുവാൻ ഇടയാക്കുന്നതും ഇക്കാര്യത്തിൽ വളരെ പ്രയോജനമുള്ളതാകുന്നു. ചെറിയ പെൺകുട്ടികളെക്കൊണ്ടു് അടുക്കള ജോലികളിൽ അമ്മയേയും മററും സഹായിപ്പിക്കുന്നതു് ജീവിതവുമായി നേരിട്ടുള്ള ഇടപാടുകളിൽ അവരെ തൽപരരാക്കുന്നതാണല്ലോ. മിക്ക കുട്ടികൾക്കും കൃഷികാര്യങ്ങളിൽ വളരെ താൽപര്യമുണ്ടു്. അവരുടെ മേൽനോട്ടത്തിൽ "ഗൃഹവള-

പ്പിനകത്തുതന്നെ ഒരുദ്യാനം നിർമ്മിക്കുന്നത് പല വിധത്തിലുമുള്ള നേട്ടങ്ങൾക്ക ഹേതുവാകാതിരിക്കയില്ല. വിദ്യാലയങ്ങളിലും ഇതിനുള്ള സൗകര്യങ്ങൾ കൈവരുത്തുവാൻ സാധിക്കുമെന്നുള്ളതിന് പല പാശ്ചാത്യരാജ്യങ്ങളും മാതൃകകളായിരിക്കുന്നു.

ഭാവനയ്ക്കു വിദ്യാഭ്യാസപരമായും സാംസ്കാരികമായുമുള്ള വില ഇന്ന് ശാസ്ത്രകാരന്മാരും സമ്മതിച്ചുകഴിഞ്ഞിരിക്കുന്നു. ചിത്രരഞ്ജകന്മാർ, ഹർമ്മ്യനിർമ്മാതാക്കൾ, എഞ്ജിനീയറന്മാർ, ഗണിതശാസ്ത്രജ്ഞന്മാർ എന്നുവേണ്ട സൗന്ദര്യാത്മകവും പ്രായോഗികവുമായ സകല ജീവിതവൃത്തികളിലും വ്യാപൃതരായിരിക്കുന്ന സഹൃദയന്മാക്കെല്ലാം ഭാവനയുടെ സഹായം അപരിത്യാജ്യമാണെന്ന് ബോധ്യമായിക്കഴിഞ്ഞിട്ടുണ്ട്. ലോകത്തുള്ള സകല സുന്ദരവസ്തുക്കളുടേയും പിന്നിൽ ഒരു സുന്ദരമായ ആശയം തീർച്ചയായും ലയിക്കുന്നുണ്ടാകും. ഒരു പുതിയ സുന്ദരമായ ആശയം ആ നിർമ്മാതാക്കളുടെ ഹൃദയത്തിൽ എവിടെ നിന്നായിരിക്കും ആവിർഭവിച്ചിട്ടുള്ളതു്?! അവക്ക് മുമ്പ് അനുഭൂതമായിട്ടില്ലാത്ത ആശയങ്ങൾ അവരിൽ കടന്നുകൂട്ടുവാൻ ഒരിക്കലും ഇടയില്ലല്ലോ. അപ്പോൾ, അതു് അവക്കു അതിനുമുമ്പ് അനുഭൂതമായിട്ടുള്ള മറേറതെങ്കിലും ആശയങ്ങളുടെ പുനർമേളനഫലം തന്നെയായിരിക്കണം. ഈ പുനർമേളനത്തിന് സഹായിക്കുന്നതു് ഭാവനയല്ലാതെ മറെറാന്താണ്? ഭാവനയുടെ മഹത്വം ചെറുതൊന്നുമല്ല. അനുനിമിഷമെന്നോണം വ്യത്യാസപ്പെട്ടുവരുന്ന പരിതഃസ്ഥിതികളുമായി യോജിച്ചുപോക

വാൻ നമുക്കു സാധിക്കുന്നതു ഭാവന ഒന്നുകൊണ്ടുമാത്രമാണു്. ഭാവനയാണു് ഭാവിദർശനത്തിനു്—പ്രവചനത്തിനു്—നമ്മെ പ്രഗത്ഭരാക്കുന്നതു്. ഭാവിദർശനംകൂടാതെ പുരോഗമനത്തിനു് ആർക്കു തന്നെ സാധിക്കും? ഇങ്ങനെ ഗുണഗണസമ്പൂർണ്ണമായ ഭാവനാലതയെ ഉചിതദോഹദങ്ങൾ നൽകി പരിപോഷിപ്പിക്കയാണെങ്കിൽ കലാദിമോഹനകുസുമങ്ങൾ അതിൽ വികസിച്ചു് പരമാനന്ദഫലങ്ങൾ പ്രദാനം ചെയ്തുകൊണ്ടു് പരിലസിക്കാനിടയാകുന്നതാണു്.

---

## അദ്ധ്യായം ൨൦

---

## ശിശുക്കളുടെ ഭാഷണം

ചിന്താസ്വരൂപം ഗ്രഹിക്കുന്നതിലേക്കുള്ള പ്രധാന ഉപകരണമാണു് ഭാഷ. ചിന്താചരിത്രത്തിന്റെ അതിപ്രധാന ഘടകമായ ഇതു് ശിശുവിൽ ആവിർഭവിക്കുന്നതും വികസിക്കുന്നതും എങ്ങനെയാണെന്നു് അതിസൂക്ഷ്മമായി പരിശോധിച്ചെങ്കിൽമാത്രമേ അവന്റെ സ്വഭാവത്തേയോ, ചിന്താസ്വരൂപത്തേയോ മാനസികങ്ങളായ മററു ഭാവങ്ങളേയോ വിഭവങ്ങളേയോ കുറിച്ചു് എന്തെങ്കിലും സുനിശ്ചിതമായി പറയുവാൻ സാധിക്കുകയുള്ളൂ.

ശിശുവിന്റെ ആദ്യഭാഷണം താപസന്തോഷാദി വികാരങ്ങളെ പ്രകടിപ്പിക്കുന്ന ചില കരച്ചിലുകളും ചിരികളും മാത്രമായിരിക്കുന്നു. ക്രമേണ അർത്ഥരഹിതമായ ഏതാനും ശബ്ദങ്ങൾ പുറപ്പെടുവിച്ചു തുടങ്ങും. ഉറക്കത്തിനുമുൻപോ ഉറക്കം കഴിഞ്ഞാലുടനെയോ ഈ ശബ്ദങ്ങൾ അനേക പ്രാവശ്യം ആവർത്തിച്ചു പറഞ്ഞ് അവൻ രസം കൊള്ളുന്നു. അടുപ്പിച്ച് ഏതാനും ദിവസങ്ങൾ ഒരേ ശബ്ദം തന്നെയായിരിക്കും ആവർത്തിക്കപ്പെടുന്നതു്. പെട്ടെന്നു് ഒന്നുമാറി മറെറാന്നാകും. അനുകരണമായിരിക്കയില്ല ഇതിന് ആസ്പദം. ബധിരരായ ശിശുക്കളും ഇങ്ങനെ ചെയ്യാറുണ്ടു്. എന്നാൽ, ചിലപ്പോൾ അനുകരണത്തിനും അവൻ വിധേയനാകാറുണ്ടു്. ശബ്ദങ്ങൾക്ക് അർത്ഥമുണ്ടെന്നു മനസ്സിലാകുന്നതുവരെ ഇതുപോലുള്ള അർത്ഥരഹിതശബ്ദങ്ങൾ അവൻ ആവർത്തിച്ചുകൊണ്ടിരിക്കുന്നു.

ആദ്യത്തെ അഞ്ചാറു മാസങ്ങളിൽ ആ, ഏ, ഓ തുടങ്ങിയ സ്വരങ്ങളാണ് ഉച്ചരിക്കാറു്. പിന്നീട്ട് മ, ച, പ തുടങ്ങിയ വ്യഞ്ജനങ്ങളും അമ്മ, മാമ, ചാച, അച്ഛ, അപ്പ, പാപ്പ തുടങ്ങിയ രണ്ടക്ഷരമുള്ള വാക്കുകളും അവൻ ആലപിക്കുന്നു. ഏതെങ്കിലും അർത്ഥബോധത്തോടുകൂടിയാണു് ഇവയെല്ലാം പ്രയോഗിക്കുന്നതെന്നു തോന്നുന്നില്ല. "അമ്മ! എന്നു വിളിച്ചുതുടങ്ങീട്ടുണ്ടു്!"; "അച്ഛാ! എന്നാണു് അവൻ ആദ്യം വിളിക്കുന്നതു്!" എന്നിങ്ങനെ ആനന്ദാഭിമാനങ്ങളോടുകൂടി ഉൽഘോഷിക്കുന്ന മാതാപിതാക്കന്മാർ ഇതോർക്കാറുണ്ടോ?! കണ്ഠനാളം രസന തുടങ്ങിയ ആന്തരശബ്ദേന്ദ്രിയങ്ങളുടെ വികസനത്താൽ അവ അയത്നകൃതവും അനർഗ്ഗളവുമായി ആവിർഭവിക്കുന്നു എന്നല്ലാ-

തെ അർത്ഥകല്പനയൊന്നും അവൻ ചെയ്യുന്നില്ലെന്നുള്ളതു് അവൻെറ വസ്തുബോധസ്വഭാവം അറിയാവുന്നവരെവരും സമ്മതിക്കുന്നതാണു്.

അടുത്തഘട്ടത്തിൽ പല പദങ്ങളും കൊഞ്ഞയായി അവൻ ഉച്ചരിച്ചുതുടങ്ങുന്നു. അനുകരണമായിരിക്കണം ഇതിനു് അവലംബം; എന്തെന്നാൽ ബധിരരായ ശിശുക്കൾ ഇങ്ങനെ ചെയ്യുന്നില്ല. ഈ ഘട്ടത്തിലും പദങ്ങളുടെ അൎത്ഥമെല്ലാം മനസ്സിലാക്കിയിട്ടാണു് അവൻ ചൊല്ലുന്നതു് എന്നുവിചാരിക്കുന്നതു് ശരിയല്ല. എന്നാൽ ചില ശിശുക്കൾ ഉച്ചരിക്കാൻ പഠിക്കുന്നതിനു മുമ്പുതന്നെ പല പദങ്ങളുടേയും അൎത്ഥം ഗ്രഹിക്കാറുണ്ടു്. 'കണ്ണു്' എന്നു് ഉച്ചരിക്കാൻ അറിഞ്ഞുകൂടാത്ത കുട്ടി, 'കണ്ണെവിടെ?' എന്നു ചോദിച്ചാൽ പെട്ടെന്നു് കണ്ണു തൊട്ടുകാണിക്കും. ബുദ്ധിശാലികളായ ചില കുട്ടികൾ ഒരു വലിയ വാക്യത്തിൻെറ അൎത്ഥംപോലും—അതിൽ ഒരു വാക്കും അവൎക്കു സംസാരിക്കാൻ അറിഞ്ഞുകൂടായിരിക്കും—ഗ്രഹിച്ചുകളയുവാൻ സമൎത്ഥരായിരിക്കുന്നുണ്ടു്. പ്രത്യേക ഘടകങ്ങൾ ഗ്രഹിക്കാതെ പൊതുവെയുള്ള സംഗതി മനസ്സിലാക്കുവാനുള്ള അത്ഭുതജനകമായ ഈ സാമൎത്ഥ്യം ഒട്ടും അപൂൎവ്വമല്ല. സഹജമായ ആന്തരജ്ഞാനവിശേഷമായിരിക്കണം ഇതിനു നിദാനം. പക്ഷേ, എല്ലാ ശിശുക്കളും ഇങ്ങനെ മനസ്സിലാക്കുന്നില്ലെന്നുള്ളതു് നിസ്സന്ദേഹമാണു്. ആദ്യഘട്ടങ്ങളിൽ യാതൊരു അൎത്ഥബോധവുംകൂടാതെ അനവധി പദങ്ങൾ തെരുതെരെ ഉച്ചരിക്കുന്ന ശിശുക്കൾ ധാരാളമുണ്ടു് പിൻകാലങ്ങളിലും ഈ ശീലം തുടരുന്നുണ്ടെന്നു പറഞ്ഞുകഴിഞ്ഞിട്ടുണ്ടല്ലോ.

വാക്കുകളുടെ ശക്തി ക്രമേണ മനസ്സിലായിക്കഴിയുന്നതോടുകൂടി ശിശുക്കൾ അവയെ ഉപയോഗിച്ച് തന്നതാവശ്യങ്ങൾ നേടുവാൻ ഉദ്യമിക്കുന്നു. ആദ്യമാദ്യം കേവലം ഒററവാക്കുകൾ കൊണ്ടാണ് കാര്യം സാധിക്കുന്നതു്. 'ആപ്പീ' എന്നു് ഒരു വാക്കു് ഒരു കുട്ടി ഉച്ചരിച്ചാൽ 'അമ്മേ എനിക്കു കാപ്പിതരൂ!' എന്നുള്ള കർശനമായ ഒരു ആജ്ഞയായിരിക്കും അതിൽ അടങ്ങിയിരിക്കുന്നതു്. ചിലപ്പോൾ 'ആപ്പി' വെള്ളത്തിന്റെ പര്യായമായിരിക്കും. ദാഹശമനത്തിനായി ചിലപ്പോൾ വെള്ളത്തിനു പകരം കാപ്പി ഉപയോഗിക്കുന്നതായിരിക്കും ഈ വ്യുൽപത്തിക്കു നിദാനം. ഇതുപോലുള്ള നിരവധി പദങ്ങൾ അവനും അവന്റെ ഉററവർക്കും മാത്രം അറിയാവുന്നതായിട്ടുണ്ടു്. പല കാരണങ്ങളേയും പുരസ്കരിച്ചാണ് പുതിയ പദങ്ങൾ സൃഷ്ടിക്കപ്പെടുന്നതു്. ചിലപ്പോൾ നിസർഗ്ഗജമായ ചില ശബ്ദങ്ങളായിരിക്കും അവയ്ക്കു് അടിസ്ഥാനം. 'ബൗവ്വൗ', പട്ടിയും, ങ്യാവൂ', പൂച്ചയും ആകുന്നതു് ഇങ്ങനെയാണ്. ചില ക്രിയകളും ശാബ്ദികമായ അടിസ്ഥാനത്തിൽ സൃഷ്ടിക്കപ്പെടാറുണ്ടു്. "ചേത്ത ഥ്പ്പ്!" എന്നൊരു കുട്ടിപറഞ്ഞതിന്റെ അത്ഥം 'ചേട്ടൻ വീണു' എന്നായിരുന്നു. വീഴുമ്പോൾ 'ഥ്പ്പ്'' എന്ന ശബ്ദം അവനെ ആകഷിച്ചതായിരിക്കണം ഇതിനു കാരണം. ചിലപ്പോൾ സാദൃശ്യനിരീക്ഷണങ്ങളുടെ ഫലമായിരിക്കും അവന്റെ പദാവലിയിൽ പലതും. ഇങ്ങനെ, പുഷ്പകേസരങ്ങൾ പൂമീശയും, ചകരി 'ഞൊഞ്ഞോമീശ'യുമാകുന്നു. ചില തത്ത്വങ്ങളേയോ പ്രവത്തനങ്ങളേയോ ഉൾക്കൊ

ള്ളുന്ന ചിഹ്നങ്ങളായിരിക്കും. ചില പദങ്ങൾ 'വാവാ ആംആം' എന്നു് ഒന്നരവയസ്സായ ഒരു കുട്ടി പറഞ്ഞതിന്റെ അർത്ഥം "കുഞ്ഞു ചോറുണ്ടു" എന്നായിരുന്നു. തൊട്ടിലിൽ കിടത്തി 'വാവാ!' എന്നു് താരാട്ടുപാടുന്നതുകൊണ്ടാണു് കുഞ്ഞിനു് 'വാവാ' എന്നു് പേർ കിട്ടിയതു്. വായിൽനിന്നു് 'അം' എന്നു് മിഴുങ്ങുവാനുള്ളതു് എന്ന അർത്ഥത്തിൽ ചോറിനു് 'ആം' എന്നു് പേർ കിട്ടി. 'അം' എന്ന ക്രിയയ്ക്കു് ഉണ്ടു എന്ന ഭൂതകാലാർത്ഥം തന്നെ പ്രായമായവർ സ്വീകരിച്ചു കൊള്ളണം. വ്യാകരണനിയമങ്ങളോ ശൈലികളോ യാതൊന്നും അവൻ വകവയ്ക്കുകയില്ല. പോകുന്നു, പോയി; ഓടുന്നു, ഓടി എന്ന ക്രമത്തിനു്, ഉണ്ണുന്നു, ഉണ്ണി; കേൾക്കുന്നു കേക്കി; ഇത്യാദി ഭൂതകാലപ്രയോഗങ്ങൾ അവൻ ഒരു കൂസലും കൂടാതെ ഉപയോഗിക്കും. അതുകേട്ടു് അനുസരിക്കാത്തവരെ അവൻ ശാഠ്യം പിടിച്ചു്, കരഞ്ഞു്, അനുസരിപ്പിക്കും. അവൻ അക്ഷരക്രമം തെററി ഉപയോഗിക്കുന്ന പദങ്ങളും, ധാരാളമുണ്ടു്. വിളക്കു്, വെക്കളായും, കണ്ണാടി കടാണ്ണിയായും രൂപാന്തരപ്പെടും. അവന്റെ ലോപനിയമപ്രകാരം പുസ്തകം, 'പൊത്ത'മായും കാമാക്ഷി, 'കാച്ചി'യായും കതക്, 'കതാ'യും പരിണമിക്കുന്നു. അന്യാദൃശമായ ഭാവനാവിലാസം പ്രകടമാക്കുന്ന ഇമ്മാതിരി പദങ്ങളും ആശയങ്ങളും സകല സഹൃദയരേയും ആനന്ദിപ്പിക്കുവാൻ അതീവ സമർത്ഥങ്ങളാണു്.

---

## അദ്ധ്യായം ൰൧

---

### ഭാഷണത്തിൽനിന്നു് ശിശുമനസ്സ്

ഭാഷയിൽ നിന്നാണല്ലോ മനസ്സിന്റെ സ്വഭാവം ഗ്രഹിക്കാൻ എളുപ്പത്തിൽ കഴിയുന്നതു്. ശിശുക്കൾ സാധാരണ ഉപയോഗിക്കാറുള്ള പദങ്ങൾ, ഓരോ പ്രായത്തിലും പരിതഃസ്ഥിതികളിലുമുള്ള ശിശുക്കളുടെ ശബ്ദകോശത്തിന്റെ വ്യാപ്തി, മൂത്തകുട്ടികളും ഇളയകുട്ടികളും തമ്മിലുണ്ടാകുന്ന വ്യത്യാസങ്ങൾ തുടങ്ങി ശിശുഭാഷാവിഷയകമായ പല പഠനങ്ങളും നടത്തപ്പെട്ടിട്ടുണ്ടു്. അവയിൽ ഏററവും പ്രധാനമായി ശിശുമനസ്സു ഗ്രഹിക്കുവാൻ സഹായിക്കുന്നവ മാത്രം നമുക്കിവിടെ ചിന്തിക്കാം.

ഒററവാക്കുകൾ പല പ്രാവശ്യം ആവത്തിച്ചുച്ചരിച്ചാണു് ശിശുക്കൾ ആദിഘട്ടങ്ങളിൽ ഭാഷ ഗ്രഹിക്കുന്നതെന്നു് പറഞ്ഞുവല്ലോ. ചിലപ്പോൾ അമ്മാതിരി വാക്കുകൾക്കു വാക്യങ്ങളുടെ ശക്തികണ്ടേക്കാമെന്നും പറഞ്ഞു. എന്നാൽ ഭാഷയുടെ ഏകകം (unit) ഒരു വാക്യമാണു്. സന്ദർഭം നോക്കുകയാണെങ്കിൽ ഒററവാക്കിനു് ഒരു ആശയം ഉൾക്കൊള്ളുവാൻ കഴിഞ്ഞെന്നുമായിരിക്കാം; എങ്കിലും മിക്കപ്പോഴും അതൊരു നിരർത്ഥകശബ്ദം മാത്രമാണു്. ഒററവാക്കുകൾ ശിശുവിനു് വസ്തുബോധമുണ്ടാകുന്നു എന്നുള്ളതിനെ കാണിക്കുന്നു. "വൗ വ്വൗ" എന്നു് ഒരു കുട്ടി

പറയുമ്പോൾ പട്ടിയെക്കുറിച്ചുള്ള വസ്തുബോധം ആംശികമായിട്ടെങ്കിലും അവനുണ്ടായിക്കഴിഞ്ഞിരിക്കയാണെന്ന് അനുമിക്കാം. എന്നാൽ 'വൗവ്വൗ ചീച്ചി' (പട്ടിചീത്ത) എന്നോ, 'വൗവ്വൗഓടി' എന്നോ പറയുകയാണെങ്കിൽ ചിന്താങ്കുരത്തിന്റെ മങ്ങിയ നിഴലാട്ടമെങ്കിലും അവനിൽ ആവിർഭവിച്ചിട്ടുണ്ടെന്ന് പറയുന്നതിൽ അബദ്ധമില്ല. 'ചീച്ചി വൗവ്വൗ ഓടി' എന്നു പറയാറാകുന്നതോടുകൂടി ഒരു പൂർണ്ണമായ ആശയത്തിന്റെ വിഭിന്നഘടകങ്ങളെ അന്യോന്യം യോജിപ്പിച്ച് ആശയവിനിമയം ചെയ്യാനുള്ള ശക്തി അവനുണ്ടായിട്ടുണ്ടെന്ന് നമുക്ക ന്യായമായി തീരുമാനിക്കാം.

പരിചിതവസ്തുക്കളുടെ നാമപദങ്ങളാണ് ശിശുക്കൾ ആദ്യമായി ഗ്രഹിക്കുന്നത്. പ്രവൃത്തികളെക്കാൾ വസ്തുക്കളും അവയുടെ ഗുണങ്ങളുമാണ് അവരെ ആകർഷിക്കുന്നതെന്ന് ഇതു് കാണിക്കുന്നു. വളരെകുറച്ചുമാത്രമേ ക്രിയാപദങ്ങൾ ഈ ഘട്ടത്തിൽ അവക്കുണ്ടായിരിക്കയുള്ളു. ദൈനന്ദിനാവശ്യത്തിന് വേണ്ട നാമങ്ങൾ സ്വായത്തമായിക്കഴിയുന്നതോടുകൂടി ക്രിയാപദങ്ങൾ കൈവശപ്പെടുത്താനാണ് അവരുടെ അടുത്ത ഉദ്യമം. നാമവിശേഷങ്ങൾ ഉൾക്കൊള്ളുന്ന ഗുണങ്ങൾ ക്രിയാവിശേഷങ്ങൾ ഉൾക്കൊള്ളുന്നവയെക്കാൾ എളുപ്പത്തിൽ അപഗ്രഥിച്ചു മനസ്സിലാക്കാവുന്നവയാകയാൽ ആദ്യമായി നാമവിശേഷണങ്ങൾ സമ്പാദിച്ചശേഷമേ ക്രിയാവിശേഷണങ്ങളിലേക്ക് അവരുടെ ശ്രദ്ധ തിരികയുള്ളു. 'ഞാൻ' 'നീ' 'ഞങ്ങൾ' 'നിങ്ങൾ' തുടങ്ങിയ സർവ്വനാമങ്ങളും 'പക്ഷേ', 'എന്നാൽ', 'എങ്കിലും'

തുടങ്ങിയ ഘടകപദങ്ങളും ഉപയോഗിക്കുന്നതോടുകൂടി കൂടുതൽ യുക്തിയും വിവേചനയും അവരുടെ ചിന്താശക്തിയ്ക്കു് ഉണ്ടായിക്കഴിഞ്ഞു എന്നു് ഊഹിക്കാം. കുറച്ചുകൂടി സൂക്ഷ്മമായ തെളിവു് അവരുടെ ചോദ്യങ്ങൾ നൽകുന്നുണ്ടെന്നും, 'എന്തിനു്?', 'എന്തുകൊണ്ടു്?', 'എങ്ങനെ?' തുടങ്ങിയ ചോദ്യങ്ങളിൽനിന്നു് അവരുടെ മാനസികവികാസത്തിന്റെ സൂക്ഷ്മത ഗ്രഹിക്കാവുന്നതാണെന്നുമാണു പിയാജാറു് തുടങ്ങിയ ശിശുഹൃദയപണ്ഡിതന്മാരുടെ അഭിപ്രായം.

ശിശുക്കളുടെ 'എന്തുകൊണ്ടു്?' അല്ലെങ്കിൽ 'എന്തിനു്?' എന്നുള്ള ചോദ്യങ്ങളെ മൂന്നിനങ്ങളായി—മൂന്നു ഘട്ടങ്ങളിലുള്ളവയായി—പിയാജറു് തരംതിരിച്ചിട്ടുണ്ടു്.

ഒന്നാമത്തേതു് വിവരണപരമായവ—വസ്തുസ്ഥിതികളുടെ പേരും, സ്വരൂപവും സ്വഭാവവും മററും ഗ്രഹിക്കാനാണു് ഈ മാതിരി ചോദ്യങ്ങൾ ശിശുക്കൾ ഉപയോഗിക്കുന്നതു്. കൊച്ചുകുട്ടികൾ ഏതെങ്കിലും നിരോധനങ്ങളുടേയോ ആജ്ഞകളുടേയോ നേക്കു് അപ്രിയം കാണിക്കാനോ അവയെ എതിർക്കാനോവേണ്ടി ഉപയോഗിക്കുന്ന 'എന്തുകൊണ്ടു്' കളും ഈ ഇനത്തിൽ പെടുന്നു.

അല്പംകൂടി പ്രായമായ കുട്ടികൾ വസ്തുസ്ഥിതികളുടേയും സംഭവങ്ങളുടേയും മററും ഉദ്ദേശ്യമോ, ഹേതുവോ, പ്രയോജനമോ അറിയണമെന്നുള്ള ആഗ്രഹത്തോടുംകൂടി ചോദിക്കുന്നവയാണു് രണ്ടാമത്തെ ഇനത്തിൽ പെടുന്നതു്. 'ചെടികൾക്കു് ഇലയുള്ളതു് എന്തുകൊണ്ടു്?' 'അ

ച്ഛൻ വലുതായിരിക്കുന്നതു് എന്തുകൊണ്ടു്?' ഇത്യാദി. ഉത്തരങ്ങൾ യുക്തിപൂർവ്വമായിരിക്കണമെന്നു്—വിശേഷിച്ചും—ആദ്യഘട്ടങ്ങളിൽ—അവക്കു് ഒട്ടുമേ നിർബന്ധമില്ല. സത്യഗ്രഹണാകാംക്ഷയേക്കാൾ അതൃപ്തമായിരിക്കണം ഈ വക ചോദ്യങ്ങൾക്കു പ്രചോദകമായിരിക്കുന്നതു്. അവക്കു മനസ്സിലാക്കാൻ കഴിയുന്ന ഉത്തരങ്ങൾകൊണ്ടു് അവർ സംതൃപ്തരാണു്. 'ചെടികൾക്കു് ഇലയുള്ളതു് വെയിൽ ഏല്ക്കാതിരിക്കാനാണു്.' അല്ലെങ്കിൽ 'ദൈവം അവയെ അവിടെ വച്ചിട്ടുള്ളതുകൊണ്ടാണു്' എന്നോ, 'അച്ഛൻ തടിച്ചിരിക്കുന്നതു് ആഫീസിൽ പോകാനായിട്ടാണു്' എന്നോ മറുപടി കിട്ടിയാൽ അവക്കു ധാരാളം മതിയാകും.

പ്രായം കൂടിവരുന്നതോടുകൂടി ആവിർഭവിക്കുന്ന നീതീകരണപരമായ "എന്തുകൊണ്ടു്?" ആണു് മൂന്നാമത്തെ ഇനത്തിൽ ഉൾപ്പെട്ടവ. ജീവിതയാഥാർത്ഥ്യങ്ങളും പ്രകൃതിരഹസ്യങ്ങളും അറിയണമെന്നുള്ള അവരുടെ ഉൽക്കടമായ ആശ ഈത്തരം ചോദ്യങ്ങൾ പ്രതിഫലിപ്പിക്കുന്നു. ചിന്താവികസനത്തിന്റെയും വിവേചനാങ്കുരത്തിന്റെയും പ്രത്യക്ഷലക്ഷണങ്ങളാണിവ. യുക്തിയുക്തമായി ചിന്തിച്ചു് ഗുണദോഷനിരൂപണം ചെയ്യാനുള്ള പ്രാപ്തി അവരിൽ സംജാതമായിരിക്കുന്നതിനാൽ അതൃപ്തികരങ്ങളായ ഉത്തരങ്ങളെ തക്കിച്ചുതിക്കുവാൻ അവർ സന്നദ്ധരാണു്. ഈ മാതിരി എന്തുകൊണ്ടുകളുടെ രൂപാന്തരമാണു് 'എങ്ങനെകൾ' "മഴ പെയ്യുന്നതെങ്ങനെ?"

"കപ്പൽ കടലിൽ സഞ്ചരിക്കുന്നതെങ്ങനെ?" തുടങ്ങിയ ചോദ്യങ്ങൾ സുസൂക്ഷ്മമായ വിജ്ഞാനം ഗ്രഹിക്കാനുള്ള ആഗ്രഹമാണ് സ്പഷ്ടമാക്കുന്നത്. സാമാന്യ ബുദ്ധിശക്തിയുള്ള ശിശുക്കൾ ഏകദേശം ഏഴെട്ടുവയസ്സാകുമ്പോൾ തന്നെ ഇമ്മാതിരി ചോദ്യങ്ങൾക്കും തക്കങ്ങൾക്കും തുനിയാറുണ്ട്.

ശിശുക്കളുടെ സംഭാഷണത്തിന്റേയും ചോദ്യങ്ങളുടേയും സ്വഭാവത്തിൽനിന്ന് അവരുടെ പ്രവണതകളും സ്വഭാവം തന്നേയും മനസ്സിലാക്കാമെന്നാണ് യുങ്ങ് എന്ന മനോപഗ്രഥനശാസ്ത്രജ്ഞന്റെ അഭിപ്രായം. ബാഹ്യമാത്രമായ താൽപര്യങ്ങൾകൊണ്ടു സംതൃപ്തരും അന്തരതത്വങ്ങൾ ഗ്രഹിക്കുവാൻ തൽപരരും എന്ന് സ്വഭാവത്തെ പുരസ്കരിച്ച് ശിശുക്കളെ രണ്ടിനമായി വിഭജിക്കാവുന്നതാണത്രെ.

ഭാഷണശക്തി ലഭിച്ചു കഴിയുന്നതോടുകൂടി സംസാരിക്കാനുള്ള ശിശുക്കളുടെ താൽപര്യം അപരിമിതമായിത്തീരുന്നു. കൂടെ സംസാരിക്കാൻ ആരെയെങ്കിലും കിട്ടിയില്ലെങ്കിൽ അവർ തന്നത്താൻ സംസാരിച്ചുകൊണ്ടിരിക്കും. എന്തെങ്കിലും പ്രവൃത്തിക്കുന്നതിനിടയിലും അവർ സ്വയമേവ സംസാരിക്കുക പതിവാണ്. പിയാജററിന്റെ അഭിപ്രായം അവർ മററുള്ളവരോടു വിശിഷ്യ മററു കുട്ടികളോട് സംസാരിക്കുന്നതും ഒരുതരം ആത്മാലാപംതന്നെന്നാകുന്നു എന്നാണ്. മിക്കവാറും കുട്ടികൾ കൂട്ടുകാരോട് ചോദ്യങ്ങൾ ചോദിക്കുമെങ്കിലും ഉത്തരത്തിന് കാത്തുനില്ക്കുക പതിവില്ല. കൂട്ടുകാരൻ

സംസാരിക്കുമ്പോൾ അവർ നിശ്ശബ്ദരായിരിക്കുന്നതു് അവന്റെ സംഭാഷണം ശ്രദ്ധിക്കാനായിരിക്കുകയില്ല. എന്തെന്നാൽ അവന്റെ സംഭാഷണംകൊണ്ടു് അല്പവും ബാധിതരാകാത്തമട്ടിൽ, പറഞ്ഞുകൊണ്ടുവന്ന വിഷയം, നിറുത്തിയ ഇടത്തു നിന്നുതന്നെ തുടർന്നു സംസാരിക്കുവാൻ അവർ മടിക്കുന്നില്ല. പല പരിശോധനകളും പിയാജറ്റ് നടത്തി. അവയുടെ ഫലമായി ശിശുക്കളുടെ കൂടുതൽ ചിന്തകളും സ്വാൎത്ഥകേന്ദ്രിതമാണെന്നു് അദ്ദേഹം സമൎത്ഥിച്ചു. "അവർ പുറത്തു പറയാതിരിക്കുന്ന ചിന്തകളെ അളക്കുവാൻ വല്ല ഉപായവുംകൂടി ഉണ്ടായിരുന്നു എങ്കിൽ അവരുടെ സ്വകാൎയ്യമാത്രപ്രസക്തിയുടെ പ്രകൃഷ്ടഭാവം നമുക്കു നല്ലപോലെ ബോദ്ധ്യമാകുമായിരുന്നു" എന്നാണു് അദ്ദേഹം അഭിപ്രായപ്പെട്ടതു്.

സംഖ്യാവാക്കുകൾ ഗ്രഹിക്കാനും അവയെ ശരിയായി ഉപയോഗിക്കുവാനും സമൎത്ഥരാകുന്നതോടുകൂടി അമൂൎത്തവസ്തുക്കളെക്കുറിച്ചു ചിന്തിക്കാനുള്ള പ്രാപ്തി അവൎക്കു സിദ്ധിച്ചു കഴിഞ്ഞു എന്നു് നമുക്കു അനുമാനിക്കാം. മൂന്നു് നാലുവയസ്സുവരെയുള്ള കുട്ടികളിൽ ഇതിലേയ്ക്കുള്ള കെല്പു് വളരെ കുറച്ചേ കാണുകയുള്ളു. സാമാന്യബുദ്ധിശക്തിയുള്ള മൂന്നുനാലുവയസ്സായ ഒരു കുട്ടിയോടു് 'നിനക്കു നാലു മുട്ടായി; നിന്റെ ചേട്ടനു് മൂന്നു മുട്ടായി; രണ്ടു പേൎക്കുംകൂടി എത്ര?' എന്നു ചോദിച്ചാൽ അവൻ 'ഏഴുമുട്ടായി' എന്നു ശരിയായി ഉത്തരം പറയും. അല്പസമയം കഴിഞ്ഞു്, 'നാലും മൂന്നുംകൂടി എത്ര?' എന്നു ചോദിച്ചാൽ പരിശീലനം വേണ്ടപോലെ സിദ്ധിച്ചിട്ടില്ലാത്ത കുട്ടി കുഴങ്ങുകയേ

ഉള്ളൂ. പക്ഷെ അതിവേഗത്തിൽ അമൂർത്തവസ്തുക്കളെക്കുറിച്ചു ചിന്തിക്കുവാൻ മിയ്ക്ക കുട്ടികളും പ്രാപ്തരാകുന്നുണ്ടെന്നുള്ളതിന്നു് സംഖ്യകൾ കൂട്ടാനും കുറയ്ക്കാനും മററും അവർ സമർത്ഥരാകുന്നതിൽനിന്നു് നമുക്കു മനസ്സിലാക്കാം.

ആദ്യഘട്ടങ്ങളിൽ വാക്കുകൾകൊണ്ടു മാത്രം—അതായത്തു് അവയെ വ്യക്തമാക്കുന്ന സാധനാദികളുടെ പ്രദർശനംകൂടാതെ- ചിന്ത തുടരേണ്ടിവന്നാൽ ശിശുക്കൾ വിഷമിക്കയേ ഉള്ളൂ എന്നാണു് തെളിഞ്ഞിട്ടുള്ളതു്. സാധനപ്രദർശനം ചിന്താസൗകര്യം അവൎക്കു നൽകുന്നു. ഏഴു വയസ്സായ ഒരു കുട്ടിയുടെ മുമ്പിൽമൂന്നു നിറങ്ങൾ പ്രദർശിപ്പിച്ചിട്ടു് അവയിൽ ഏററവും പ്രകാശമുള്ളതും മദ്ധ്യമവും പ്രകാശം തീരെ കുറഞ്ഞതും ചൂണ്ടിക്കാണിക്കാൻ ആവശ്യപ്പെട്ടാൽ അവനു് വലിയ പ്രയാസമുണ്ടായിരിക്കയില്ല. എന്നാൽ മൂന്നുകുട്ടികളുടെ സൌന്ദൎയ്യത്തെക്കുറിച്ചു്, അവരെ പ്രദർശിപ്പിക്കാതെ, "സീത രാധയെക്കാൾ സുന്ദരി, സീതയ്ക്കു ഭാമയോളം സൗന്ദൎയ്യമില്ല, ഏററവും സുന്ദരി ആരു്? (അല്ലെങ്കിൽ) മൂന്നുപേരിലും സൗന്ദര്യക്കുറവു് ആൎക്കു്?" എന്നു ചോദിച്ചാൽ പത്തുപന്ത്രണ്ടുവയസ്സുവരെയുള്ള കുട്ടികളിൽ വളരെക്കുറച്ചുപേർ മാത്രമേ ശരിയായ ഉത്തരം പറകയുള്ളൂ. വാങ്മാത്രമയമായ ഒരു മണ്ഡലത്തിൽ വ്യാപരിക്കുമ്പോൾ ഒരു അസാധാരണമായ പ്രശ്നം അഭിമുഖീകരിക്കേണ്ടിവരുന്നതായി അവൎക്കു തോന്നുകയും അതു് അവരെ കുഴപ്പത്തിലാക്കിക്കളകയും ചെയ്യും. വാക്കുകളുടെ യഥാർത്ഥമായ അർത്ഥവും സൂചനകളും മനസ്സിലാക്കി, വചോമാത്രമായ അന്തരീക്ഷത്തിൽ മനസ്സിനെ

വ്യാപരിപ്പിക്കുന്നതിനു് പത്തുപന്ത്രണ്ടു വയസ്സെങ്കിലുമാകേണ്ടതാണു്.

ഏകദേശം അഞ്ചുവയസ്സാകുമ്പോളത്തേക്കും സാമാന്യലൗകികവിഷയങ്ങളെല്ലാം വിഷമം കൂടാതെ പ്രതിപാദിക്കത്തക്ക ശബ്ദകോശവൈപുല്യവും ആശയപ്രകടനസാമർത്ഥ്യവും ശിശുക്കൾക്കുണ്ടായിരിക്കുവാൻ മാതാപിതാക്കന്മാർ ശ്രദ്ധിച്ചിരിക്കണം. ഇന്ദ്രിയവൈകല്യങ്ങളൊന്നുമില്ലാത്ത കുട്ടികളിൽ സാമാന്യമായ ശ്രദ്ധപതിപ്പിക്കുന്നതുകൊണ്ടു് ഇതു് നിഷ്പ്രയാസം സാധിക്കാവുന്നതുമാണു്. അല്ലാത്തപക്ഷം അവരോടു് ഇടപെടേണ്ടിവരുന്ന അദ്ധ്യാപകന്മാൎക്കും മററുമുണ്ടാകുന്ന വൈഷമ്യങ്ങൾ ഊഹ്യമാണല്ലോ. മററു കുട്ടികളോടു് യോജിച്ചു മുന്നോട്ടുപോകുവാൻ കഴിയാത്ത കുട്ടികൾ വിദ്യാലയജീവിതത്തെ ഭാരമായി ഗണിച്ചു്, അതിൽനിന്നു് പിന്തിരിയുവാൻ ശ്രമിക്കുന്നതു് പലപ്പോഴും ദശിക്കാവുന്ന ഒരു കാഴ്ചയാണു്. രക്ഷാകൎത്താക്കൾ ഈ വിഷയത്തിൽ ശ്രദ്ധിക്കേണ്ട കാൎയ്യങ്ങൾ എന്തെല്ലാമാണെന്നാണു് അടുത്തതായി പരിഗണിക്കേണ്ടതു്.

---

## അദ്ധ്യായം ൧൧.

## ഭാഷണനിയന്ത്രണം.

ശിശുക്കൾ അതിവേഗത്തിലാണു് പ്രായമായവരിൽ നിന്നു് പദങ്ങൾ സ്വീകരിക്കുന്നതു്. മൂത്തകുട്ടികൾ ഗൃഹത്തിലുണ്ടെങ്കിൽ അവരുടെ സ്വീകരണശക്തി ശീഘ്രതരമായി പ്രവർത്തിക്കുന്നുണ്ടാകും. സാമാന്യബുദ്ധിശക്തിയുള്ള ശിശുക്കളുടെ ശബ്ദകോശത്തിൻെറവ്യാപ്തി, നാലുനാലര വയസ്സാകുമ്പോൾതന്നെ അതിവിപുലമായിത്തീരുന്നുണ്ടു്. ശരാശരി രണ്ടായിരം വാക്കുകൾ അവക്കു് അപ്പോൾ ഉപയോഗയോഗ്യമായി ഉണ്ടായിരിക്കുമെന്നാണു് കണക്കാക്കപ്പെട്ടിട്ടുള്ളതു്. ചുററുപാടുകളും മററും മോശമായിട്ടുള്ള കുട്ടികൾപോലും ഈ ഘട്ടത്തിൽ അനേകശതം വാക്കുകൾ കൈവശപ്പെടുത്തിക്കഴിഞ്ഞിരിക്കും. ജന്മസിദ്ധമായ ബുദ്ധിശക്തി, സാമുദായികനില,—വിശിഷ്യ അവർ വളരുന്ന സമുദായത്തിനുണ്ടായിട്ടുള്ള സാംസ്കാരികമായ ഉന്നമനം— സഹജരുടെ സാന്നിധ്യം തുടങ്ങിയ പല ഉപാധികൾക്കും വിധേയമായിട്ടാണു് ശബ്ദകോശം വികസിതമായി പരിണമിക്കുന്നതു്.

ശിശുക്കളുടെ സ്വാഭാവികമായ ഭാഷണഗതിയ്ക്കു് അനിർവ്വചനീയമായ മാധുരിയും മനോഹരതയുമുണ്ടെങ്കിലും ഒരു പ്രത്യേക പ്രായം കഴിഞ്ഞാൽ പിന്നെയും

അവ്യക്തമായോ മറെറന്തെങ്കിലും ബാലിശമായ ശബ്ദരൂപപ്രകടനങ്ങളോടുകൂടിയോ അവർ സംസാരിക്കുന്നതു് ആശാസ്യമായിരിക്കയില്ല. പ്രായമായവർ ശിശുക്കളുടെ കൊഞ്ചലുകളും അബദ്ധോച്ചാരണങ്ങളും ആവർത്തിച്ചുകൊണ്ടുതന്നെ അവരോടു് സംസാരിക്കുന്നതു് ബാലിശതപത്തെ നിലനിറുത്തുവാൻ പര്യാപ്തമാണു്. അതു് അവരുടെ മാനസികവികാസത്തിനു് വിഘാതമാണെന്നുള്ളതു് നിർവ്വിവാദമാകുന്നു.

വിദ്യാലയങ്ങളിലേയ്ക്കു വരുമ്പോൾ മിയ്ക്ക കുട്ടികളും പലപദങ്ങൾ തെററായി ഉച്ചരിച്ചു് പഠിച്ചിരിക്കുന്നതുകാണാം. പ്രായമായവരുടെ അബദ്ധോച്ചാരണങ്ങൾ, അല്ലെങ്കിൽ അവ്യക്തോച്ചാരണങ്ങൾ കേട്ടു പഠിക്കുന്നതുതന്നെയാണു് ഇതിനുകാരണം. "ലജ്ജ" എന്നു് സംസാരിക്കുന്നതിലും എഴുതുന്നതിലും എത്ര തിരുത്തിയാലും ശരിപ്പെടുത്താൻ കഴിയാത്ത ഘട്ടത്തിൽ എത്തിച്ചേർന്നിട്ടുള്ള കുട്ടികൾ എത്രയോ ഉണ്ടു്. മടയൻ, പടിനം (പടിത്തം), ശ്രീ (സ്ത്രീ എന്നർത്ഥത്തിൽ), വിദ്യാബ്യാസം തുടങ്ങിയ ധാരാളം പദങ്ങൾ ഇക്കൂട്ടത്തിൽപെടുന്നു. കുട്ടികൾ കേൾക്കെ ആദ്യമേതന്നെ സ്ഫുടവും, വ്യക്തവുമായി പദങ്ങൾ ഉച്ചരിക്കുന്നതുകൊണ്ടുമാത്രമേ ഈ ന്യൂനത പരിഹരിക്കാൻകഴികയുള്ളു. അവരിൽ ഉറച്ചുപോയതു് മാററുവാൻ പെടേണ്ടപാടു്,—എന്നാലും പററാവുന്ന പരാജയം—അനുഭവസ്ഥന്മാരെല്ലാം സമ്മതിക്കുന്നതാണു്.

ശബ്ദകോശവികാസനശ്രമങ്ങളിൽ വ്യാപൃതരാകുന്നവർ ശിശുക്കളുടെ ഗ്രഹണപാടവത്തെ ക്ഷതപ്പെടു

ത്താതിരിക്കാൻ കഴിയുന്നതും ശ്രമിക്കേണ്ടതാണു്. ഗഹന തത്വങ്ങൾ ഉൾക്കൊള്ളുന്ന ഗംഭീരപദങ്ങളുടെയോ, അപരിചിതാശയങ്ങൾ അടങ്ങിയ സാധാരണ പദങ്ങളുടെപോലുമോ അർത്ഥഗ്രഹണത്തിനു് പത്തുപന്ത്രണ്ടുവയസ്സുവരെ സാധാരണ ശിശുക്കൾ അപ്രാപ്തരാകുന്നു. 'തത്തമ്മ പൂച്ച പൂച്ച പോലെ' അവർ ചില ഒച്ചകൾ പുറപ്പെടുവിക്കുന്നതു കേൾക്കുമ്പോൾ അവരോടുള്ള സഹതാപത്തേക്കാൾ അവരെ അതെല്ലാം അഭ്യസിപ്പിച്ചവരോടുള്ള പുച്ഛമാണു് മനസ്സിലുദിക്കാറുള്ളതു്. അർത്ഥം അറിഞ്ഞുകൂടാത്ത ശബ്ദങ്ങൾ ഉച്ചരിക്കുന്നപോലെ അപമാനകരമായി പരിഷ്കൃതമനുഷ്യക്കു് മറെറന്താണുള്ളതു്.

എന്നാൽ ശിശുക്കൾക്കു മനോഹര പദങ്ങൾ ഗ്രഹിക്കാനുള്ള അവസരം നൽകിക്കൂടെന്നോ അവക്കു മധുരപദാസ്വാദനശക്തി ഇല്ലെന്നോ വിചാരിക്കുന്നതു് ശരിയല്ല. പദ്യത്തിലുള്ള മനോഹരപദങ്ങൾ അവരെക്കൊണ്ടു് എളുപ്പത്തിൽ ആസ്വാദിപ്പിക്കാവുന്നതാണ്. പ്രാസാദിഭംഗികളുള്ള ഗാനങ്ങളുടേയും മനോഹരപദ്യങ്ങളുടേയും നേക്കു് അവക്കു അപ്രതിമമായ പ്രതിപത്തിയാണുള്ളതു്. കഥാപുസ്തകങ്ങൾ കുട്ടികളെ വായിച്ചുകേൾപ്പിച്ചാൽ അവയെ ആസ്വാദിക്കുവാൻ അവക്കു കഴികയില്ലെന്നുള്ള ധാരണയാൽ ചിലർ കഥകൾ പറഞ്ഞുകൊടുക്കുന്ന സമ്പ്രദായം സ്വീകരിക്കാറുണ്ടു്. വാക്യങ്ങളുടെ പ്രയോഗഭംഗിയും ലളിതപദമേളനം കൊണ്ടുളവാകുന്ന അനിർവ്വചനീയമായ ഹൃദ്യതയും അടിയുറയ്ക്കുവാനുള്ള സുവണ്ണാവസരം ശിശുക്കളിൽ നിന്നു് അകററിക്കളയുകയാണു് ഇവർ ചെയ്യു

ന്നതു്. ഈ ഘട്ടത്തിൽ ബാറി (Barrie) എന്ന ഗ്രന്ഥകാരൻെറ ടാമി (Sentimental Tonmie) യുടെ കഥ സ്മരണീയമാണ്. അന്യൂനമായ ബുദ്ധിശക്തിയാൽ അനുഗൃഹീതനായിരുന്ന ആ ബാലൻ സന്ദർഭയുക്തമായ ഒരു മനോഹരപദം തോന്നാത്തതുകൊണ്ടു് ഒരു ഉപന്യാസം എഴുതാതിരിക്കയും തന്മൂലം അവനു് സ്കാളർഷിപ്പ് ലഭിക്കാനുള്ള സുവർണ്ണാവസരം പാഴിലാകയും ചെയ്തതായിട്ടാണു് വിവരിച്ചിട്ടുള്ളതു്. ഇമ്മാതിരി മനോഭാവമുള്ള കുട്ടികളെ നമ്മുടെ ഇടയിലും ധാരാളം കാണാം. പദ്യങ്ങളിലുള്ള മനോഹരപദങ്ങൾ, ശ്രവണപ്രീണനത്തിനു വേണ്ടിയോ അതല്ല ഭാഷണേന്ദ്രിയങ്ങളുടെ സംതൃപ്പ്ണത്തിനുവേണ്ടിയോ, ആവൎത്തിച്ചു ചൊല്ലുന്ന കുട്ടികളെ പലപ്പോഴും കണ്ടുമുട്ടാനിടയായിട്ടുണ്ടു്. ആറുവയസ്സായ ഒരു പെൺകുട്ടി ഒരുമൂലയിൽ തനിയെയിരുന്നു്, 'കമലലോലകല്ലോലവിലാസിനി' എന്നൊരു സമസ്തപദം വീണ്ടുംവീണ്ടും ചൊല്ലിക്കൊണ്ടിരിക്കുന്നതു് ഒരിക്കൽ കാണുകയുണ്ടായി. അതിൽ ലയിച്ചിരുന്ന അവളോടു് "ഇതാരുപറഞ്ഞുതന്നു മോളെ" എന്നുചോദിച്ചപ്പോൾ "ക്വൂ: എനിയ്ക്കറിഞ്ഞുകൂടാ!" എന്നായിരുന്നു ഉത്തരം. കുട്ടുകാർ ആരോ എവിടെയോനിന്നു് പറക്കിയെടുത്തു് ചൊല്ലിയതു് അവൾ കേട്ടുപഠിച്ചതായിരിക്കുമെന്നു വിശ്വസിക്കുന്നു. ഏതായിരുന്നാലും മനോഹരപദങ്ങളും ഹൃദ്യമായ വാചകപ്രയോഗഭംഗികളും ആസ്വദിക്കുന്നതുകൊണ്ടുണ്ടാകുന്ന സൗന്ദൎയ്യബോധം അവരിൽ അങ്കുരിപ്പിക്കാൻ പ്രായമായവർ തുനിയുന്നതു് ഒരിക്കലും പാഴ്ശ്രമമായിരിക്കയില്ല.

ശിശുക്കൾക്കു രസിക്കത്തക്ക ഉത്തമകവിതകളോ കഥകളോ മലയാളഭാഷയിൽ വളരെ കുറച്ചേ ഉള്ളൂ എന്നുള്ളതു് പരിതാപകരമായ ഒരു പരമാർത്ഥമാണു്. പാശ്ചാത്യരാജ്യങ്ങളിൽ നിരവധി മനോഹര ചിത്രങ്ങളാൽ അലംകൃതവും, പ്രതിപാദന രീതികൊണ്ടു് ശിശുക്കളെ ഹഠാദാകർഷിക്കുവാനും അവക്കു് അനവദ്യമായ ആനന്ദവും സംസ്കാരവും പ്രദാനം ചെയ്യുവാനും പര്യാപ്തമായ നിരവധി ചെറുപുസ്തകങ്ങൾ ലക്ഷക്കണക്കിനു് പവൻ ചെലവുചെയ്തു് അച്ചടിച്ചുവരുന്നുണ്ടു്. പ്രഗത്ഭമായ ഒരു ശിശുഗ്രന്ഥശാലാ പ്രസ്ഥാനവും അവിടങ്ങളിൽ പ്രവൎത്തിച്ചുകൊണ്ടിരിക്കുന്നു. റഷ്യയിൽ ശിശുക്കൾക്കുവേണ്ടി മാത്രമുള്ള മൂവായിരത്തിൽപരം ലൈബ്രറികൾ ഉണ്ടു്. നേരേ മറിച്ചു് നമ്മുടെ ശിശുക്കളുടെ നില ആലോചിച്ചുനോക്കുക. നമ്മുടെ പ്രാഥമികവിദ്യാലയങ്ങളിലെ പാഠ്യപുസ്തകങ്ങൾമാത്രം നോക്കിയാൽ മതി; അവയുടെ താളും തരവും, കെട്ടും മട്ടും മററും ഒട്ടുംതന്നെ അഭിലഷണീയങ്ങളല്ല. അഞ്ചോ ആറോ കൂടിപ്പോയാൽ ഏഴോ വയസ്സായ ഒരു ശിശു പഠിക്കേണ്ട നമ്മുടെ ഒരു മൂന്നാംപാഠത്തിൽ നിന്നുദ്ധരിക്കുന്ന ഈ വാക്യങ്ങളുടെ സ്വഭാവം നോക്കുക.

"ലോകോപകാരത്തിനുവേണ്ടി ജീവിക്കണമെന്നു വിചാരിക്കുകയും അതനുസരിച്ചു് പ്രവൎത്തിക്കുകയും ചെയ്ത പലരുടേയും പരിശ്രമത്തിന്റെ ഫലമാണു് നാം ഇന്നു് അനുഭവിക്കുന്ന സുഖം * * *. അവർണ്ണഹിന്ദുക്കൾ ഈ സ്വാതന്ത്ര്യം നേടുന്നതിനും അതിനു് അനുകൂലമായ

പൊതുജനാഭിപ്രായം ഉണ്ടാക്കുന്നതിനും പ്രചരണവേല നടത്തിത്തുടങ്ങി. * * * ഹിന്ദുമതത്തിൻെറ അനുഷ്ഠാനം കാലത്തിൻെറ പോക്കനുസരിച്ച് മാറിക്കൊണ്ടിരുന്നുവെന്ന് തിരുമനസ്സിലേയ്ക്കു ബോദ്ധ്യമായി * * *" ഇത്യാദി.

ഇതിൽപരം ശിശുക്കളോടു് ചെയ്യാനുള്ള അന്യായം മറെറന്താണുള്ളതു്? ശിശുക്കളുടെ നേർക്ക് നമുക്കുള്ള ഈ മനോഭാവം മാറാതെ പുരോഗതി തീർച്ചയായും കൈവരുകയില്ലതന്നെ.

മനശ്ശാസ്ത്രപരമായി ഭാഷണത്തിനുള്ള പ്രാധാന്യം അപരിമിതമാണു്. മനസ്സിൻെറ പ്രവത്തനങ്ങളെ—ചിന്തകളേയും വികാരങ്ങളേയും—ഗ്രഹിക്കുവാനുള്ള ഉപകരണം ഭാഷണംപോലെ മറെറാന്നുമില്ല. ഇതു് സൂക്ഷ്മമായി ഗ്രഹിച്ചശേഷമാണു് പിയാജററ് പ്രഭൃതികൾ ശിശുക്കളുടെ ചിന്താരൂപത്തെക്കുറിച്ചു് സുനിശ്ചിതമായ അഭിപ്രായങ്ങൾ രൂപവൽക്കരിച്ചിട്ടുള്ളതു്.

## അദ്ധ്യായം ൨൩.

# ശിശുവിൻെറ ചിന്താസ്വരൂപം.

ശിശുവിൻെറ ഇന്ദ്രിയവേദനത്തേയും വസ്തുബോധത്തേയും സ്മൃതിഭാവനകളേയും ഭാഷണത്തേയും മുന്നദ്ധ്യായങ്ങളിൽ വിവരിച്ചപ്പോൾ അവൻെറ ചിന്താസ്വരൂപത്തെക്കുറിച്ചു പല സംഗതികളും പ്രതിപാദിച്ചു കഴിഞ്ഞിട്ടുണ്ടു്. അവൻെറ ഇന്ദ്രിയവേദനങ്ങളെല്ലാം മാനസികപ്രവൎത്തനങ്ങൾ, അതായതു് വികാര വിചാരങ്ങൾ ജനിപ്പിക്കുന്നതിനു് ശക്തങ്ങളാണു്. അവൻ ഒരു പൂച്ചയെ കാണുകയോ, ഒരു വേണുനാദം കേൾക്കുകയോ ഒരു റോസാപ്പൂ മണപ്പിക്കയോ ചെയ്യുമ്പോൾ പല മാനസികാനുഭവങ്ങളും അവനുണ്ടായേക്കുമെന്നുള്ളതു് തീൎച്ചയല്ലേ? അതുപോലെതന്നെ സഹജവേഗങ്ങൾ മൂലവും നാനാവിധചിന്തകൾ അവനുണ്ടാകാവുന്നതാണു്. വിശപ്പു്, ദാഹം, ക്ഷീണം ഇവ അവനെ ചിന്തിപ്പിക്കയും വികാരാധീനനാക്കുകയും ചെയ്യുന്നുണ്ടു്. ഇങ്ങനെ ജനനനിമിഷം മുതൽതന്നെ അവൻ പല മാനസികാനുഭവങ്ങൾക്കും വിധേയനാകാറുണ്ടെന്നു് വിവരിച്ചു കഴിഞ്ഞു.

എന്നാൽ "പ്രായമായ ഒരാൾ 'ചിന്തിക്കുന്നു'" എന്നു പറയുമ്പോൾ ഇപ്പറഞ്ഞമാതിരിയുള്ള മാനസികപ്രവൎത്തനങ്ങളൊന്നുമല്ല നാം ഉദ്ദേശിക്കാറുള്ളതു്. ഉദാഹരണമായി വിദ്യാഭ്യാസ പരിഷ്കരണത്തെക്കുറിച്ചു് ചിന്തിക്കുന്ന ഒരു നിയമസഭാസാമാജികൻെറ ചിന്താഗതിയുടെ

സ്വഭാവം ആലോചിച്ചു നോക്കുക. പ്രശ്നങ്ങൾക്കു സമാധാനം കണ്ടുപിടിക്കുക, ഇല്ലാത്തതായ ഒരു വസ്തുവിനേയോ അവസ്ഥയേയോ സൃഷ്ടിക്കാൻ ശ്രമിക്കുക, സാധനങ്ങളുടേയോ സന്ദർഭങ്ങളുടേയോ സ്വരൂപം, സ്വഭാവം ചുററുപാടുകളുമായുള്ള ബന്ധം, ചുററുപാടുകളിൽനിന്നു് അകന്നാലുള്ള അവയുടെ ഗുണദോഷങ്ങൾ തുടങ്ങിയ പല കാര്യങ്ങളേയും കുറിച്ചു് നിരൂപിക്കുക, എന്നുവേണ്ട താരതമ്യപഠനം, യുക്തിവാദം, സാമാന്യതത്വഗ്രഹണം തുടങ്ങിയ പല ഘട്ടങ്ങളും അതിൽ അടങ്ങിയിരിക്കുന്നതാണു്. ഇമ്മാതിരിയുള്ള ഗഹനചിന്തയ്ക്കും ഇന്ദ്രിയവേദനംമൂലം ഒരു ശിശുവിനുണ്ടാകുന്ന ചിന്താംകുരത്തിനും തമ്മിൽ പർവ്വതവും പരമാണുവും തമ്മിലുള്ള വ്യത്യാസമാണുള്ളതു്. എന്നാൽ പരമാണുവാണ് പർവ്വതത്തിനും ആസ്പദം എന്നുള്ളതു് മറക്കത്തക്കതല്ല.

വ്യാപകമായ അർത്ഥത്തിൽ പറയുമ്പോൾ 'ചിന്ത'യിൽ സകലവിധ മാനസികപ്രവർത്തനങ്ങളും ഉൾപ്പെടുന്നു. വസ്തുബോധങ്ങൾ, സ്മരണകൾ, ഭാവനകൾ, വിശ്വാസങ്ങൾ, യുക്തിവാദങ്ങൾ ഇവയെല്ലാം ജനിപ്പിക്കുന്ന മാനസിക പ്രവർത്തനങ്ങൾ ചിന്തതന്നെയാണു്. ഉദ്ദേശ്യം പ്രമാണിച്ചു്, കായികാവശ്യങ്ങൾ നിറവേററുന്ന ചിന്തകൾ, മാനസിക സമ്പാദ്യങ്ങൾ (വിജ്ഞാനം) നേടുന്ന ചിന്തകൾ എന്നൊരു സാമാന്യവിഭജനവും കല്പിക്കാം. ഇവയിൽ രണ്ടാമത്തേതാണു് മഹത്തമം. മനുഷ്യനുണ്ടായിട്ടുള്ള സകല സാംസ്കാരികാഭ്യുദയങ്ങൾക്കും ഇതാണു് ഹേതു. 'ചിന്തിക്കുന്നതിലേക്കുവേണ്ടി ചിന്തിക്കുന്ന' സ്വ

ഭാവവിശേഷം ധിഷണാസമ്പന്നനായ മനുഷ്യൻെറ ആന ന്ദജനകമായ അനുഗ്രഹമാണു്. ഒരു ശിശുവിന്നു് ഇമ്മാതിരിയുള്ള മഹത്തമമായ ചിന്താശക്തി അല്പമെങ്കിലുമുണ്ടോ? അതെങ്ങനെ അറിയാം? അതിനെ അളന്നു തിട്ടപ്പെടുത്താനുള്ള മാർഗ്ഗങ്ങൾ എന്തെല്ലാമാണു്?

ആദ്യഘട്ടങ്ങളിലുള്ള ചിന്തകളെക്കുറിച്ചു് കേവലം ചില അഭ്യൂഹങ്ങൾക്കു മാത്രമെ കഴിവുള്ളൂ അവൻെറ ചലനങ്ങളല്ലാതെ മററൊന്നും നമുക്കു ആസ്പദമാക്കാനില്ലെന്നു പറഞ്ഞു കഴിഞ്ഞു. കേവലം ഇന്ദ്രിയവേദനംമൂലമുണ്ടാകുന്ന വസ്തുബോധഘട്ടം, ഓർമ്മയും ഭാവനയും കൂടി സമ്മേളിക്കുന്ന സ്മൃതിഘട്ടം, യുക്തിയും വിവേചനയും കൂടി ആവിർഭവിക്കുന്ന യുക്തിഘട്ടം എന്നു് സൗകര്യാർത്ഥം മൂന്നു ഘട്ടങ്ങളായി അവൻെറ ചിന്താചരിത്രത്തെ വിഭജിച്ചിട്ടുമുണ്ടു്. ഈ വിഷയത്തിൽ പിയാജറും അദ്ദേഹത്തിൻെറ അനുയായികളും നടത്തിയിട്ടുള്ള ഗവേഷണങ്ങൾ ശ്രദ്ധേയങ്ങളാണു്. അദ്ദേഹത്തിൻെറ പരീക്ഷണസമ്പ്രദായങ്ങൾ പരിശോധിക്കുന്നതു് വളരെ രസകരമായിരിക്കും.

ഒരുവയസ്സിനു മേലുള്ള അനവധി കുട്ടികളെ ബോധിച്ചപോലൊക്കെ ചെയ്തുകൊള്ളുവാൻ വേണ്ട സൗകര്യങ്ങളോടുകൂടി റൂസോഇൻസ്റ്റിററ്യൂട്ടിൽ (ജിനീവാ) താമസിപ്പിച്ചാണു് പരിശോധനകൾ നടത്തിയിട്ടുള്ളതു്. അവരുടെ പ്രവൃത്തികളും സംഭാഷണവും പിയാജറു് സൂക്ഷ്മമായി പഠിച്ചു. ബാഹ്യലോകപ്രേരണകളിൽനിന്നു് വേർപെടുത്തി ഇൻസ്റ്റിററ്യൂട്ടിലെ പ്രത്യേക അന്തരീക്ഷത്തിൽ,

ശാസ്ത്രയുക്തമായ നിയന്ത്രണങ്ങൾക്കു വിധേയരായി വളൎന്നു വന്ന ശിശുക്കളായിരുന്നതിനാൽ അവരിൽനിന്നു് ലഭിച്ച തെളിവുകൾ വിശ്വാസ്യങ്ങൾ തന്നെയെന്നാണ് അഭിജ്ഞമതം.

ശിശുക്കളുടെ സംഭാഷണത്തിൽനിന്നു് പിയാജററ് രണ്ടുവിധം തെളിവുകൾ ശേഖരിച്ചു. ഒന്നാമത്തു് അവർ കൂട്ടുകാരുമായി സംസാരിക്കുന്നതു് അവരറിയാതെ ശ്രദ്ധിക്കുകയായിരുന്നു. പ്രായമായവരുടെ ചോദ്യങ്ങൾ പ്രായേണ പല സൂചനകളും ഉൾക്കൊള്ളുന്നവയും ശിശുക്കളുടെ ഉത്തരങ്ങളെ പ്രചോദിപ്പിക്കുവാനും രൂപവൽക്കരിക്കുവാനും സഹായിക്കുന്നവയുമാകയാൽ അവർ കൂട്ടുകാരുമായി ചെയ്യുന്ന സല്ലാപങ്ങൾ കൂടുതൽ വിശ്വാസ്യമായ തെളിവുകളായിരിക്കുമെന്നാണ് പരിഗണിക്കപ്പെട്ടതു്. രണ്ടാമതായി, പ്രത്യേക പരിശീലനം സിദ്ധിച്ച പ്രായമായവർ ശിശുക്കൾക്കു കഥകളോ വിവരണങ്ങളോ പറഞ്ഞുകൊടുത്തിട്ടു്, അവർ അവയെ മററു കുട്ടികൾക്കു പറഞ്ഞുകൊടുക്കുന്നതു് പരിശോധിക്കുകയായിരുന്നു. പല സാമാന്യതത്വങ്ങളും നിയമങ്ങളും പരിശോധകൎക്കു ഗ്രഹിക്കുവാനും സ്ഥാപിക്കുവാനും സാധിച്ചിട്ടുണ്ടു്.

ശിശുക്കളുടെ സ്വാൎത്ഥകേന്ദ്രിതത്വത്തെക്കുറിച്ചു് പിയാജററ് സമൎത്ഥിച്ച അഭിപ്രായം സൂചിപ്പിച്ചുകഴിഞ്ഞിട്ടുണ്ടു്. ഈ സ്വാൎത്ഥകേന്ദ്രിതത്വത്തിന്നു് അദ്ദേഹം വളരെ പ്രാധാന്യം കല്പിക്കുന്നു. കഥകളും വിവരണങ്ങളും മനസ്സിലാക്കുന്നതിലും കൂട്ടുകാൎക്കു പറഞ്ഞുകൊടുക്കുന്നതിലും ഇതേ സ്വാർത്ഥകേന്ദ്രിതത്വംതന്നെ പ്രത്യക്ഷപ്പെടുന്നുണ്ടു

ന്നാണു് അദ്ദേഹത്തിന്റെ ബലമായ അഭിപ്രായം. ഏഴും എട്ടും വയസ്സായ കുട്ടികൾപോലും പരസ്പരം സംസാരിക്കുന്ന കാര്യങ്ങൾ വളരെ വികലമായിട്ടേ മനസ്സിലാക്കുന്നുള്ളൂ. എങ്കിലും അവരുടെ ഭാവവും അഭിപ്രായവും അന്യർ പറയുന്നതെല്ലാം നല്ലപോലെ ഗ്രഹിക്കാനും വിശദീകരിക്കാനും തങ്ങൾക്കു വളരെ സാമർത്ഥ്യമുണ്ടെന്നാണു്. വിവരണം നൽകുന്ന കുട്ടികൾ ആവർത്തിച്ചു പറഞ്ഞോ മറ്റോ കാര്യം വ്യക്തമാക്കിക്കൊടുക്കാൻ തീരെ ശ്രദ്ധിക്കുന്നില്ല. അവർ പറയുന്നതെല്ലാം മററുള്ളവർ മനസ്സിലാക്കുന്നുണ്ടെന്നു് അവർ തീരുമാനിച്ചുകൊള്ളുന്നു. കേൾക്കുന്നവരുടെ അവസ്ഥയും ഇതിൽനിന്നു് ഒട്ടും മെച്ചമല്ല. എല്ലാം മനസ്സിലാകുന്നുണ്ടെന്നു് ഭാവിക്കുന്നുണ്ടെങ്കിലും, യഥാർത്ഥത്തിൽ അവർ ഒന്നും വേണ്ടപോലെ ശ്രദ്ധിച്ചു കേൾക്കുന്നില്ലെന്നു മാത്രമല്ല കേൾക്കുന്ന സംഗതികളെ തങ്ങളുടെ അഭിരുചികൾക്കും പ്രവണതകൾക്കും അനുസരിച്ചുമാത്രം സ്വാംശമാക്കിത്തീർക്കുകയും ചെയ്യുന്നു. സ്ഥിതിഗതികൾ ശരിയായി മനസ്സിലാക്കാൻ കഴിയാത്തതുകൊണ്ടു് അവക്കു യാതൊരു വിഷമവുമില്ല. അറിഞ്ഞതുമാത്രം കൊണ്ടു് അവരിൽ ഭൂരിഭാഗവും പരിപൂർണ്ണസംതൃപ്തിയുള്ള വിധേയരുമാകുന്നു. ഈ വിശേഷവിധികളെല്ലാം സ്വാർത്ഥകേന്ദ്രിത്വത്തിന്റെ പ്രകടനമാണെന്നുള്ളതു് സ്പഷ്ടമാണല്ലോ. പ്രായം കൂടുംതോറും ഇതു് ക്രമേണ കുറഞ്ഞുവരുന്നു. എട്ടൊൻപതു വയസ്സാകുന്നതോടുകൂടി ഇതു് മിക്കവാറും അസ്തമിക്കുന്നു എന്നോ അല്ലെങ്കിൽ സാമുദായികാചാരങ്ങൾ മനസ്സിലാക്കുന്നതിന്റെ ഫലമായി ഇതിനെ പുറത്തു

കാട്ടാതിരിക്കുവാൻ അവർ പഠിക്കുന്നു എന്നോ പറയാവുന്നതാണു്.

ശിശുക്കളുടെ മാനസികമായ മറെറാരു വിശേഷവിധി അവർ എന്തെങ്കിലും സംസാരിക്കയോ പ്രവൎത്തിക്കയോ ചെയ്യുമ്പോൾ തങ്ങൾ എന്താണു് ചെയ്യുന്നതെന്നു് ശരിയായ സ്വബോധം അവൎക്കുണ്ടായിരിക്കുന്നില്ല എന്നുള്ളതാണു്. മിക്കവാറും കുട്ടികൾ പുറപ്പെടുവിക്കുന്ന അഭിപ്രായങ്ങളും പരസ്പരം നടത്തുന്ന സംഭാഷണങ്ങളും കേട്ടാൽ അവയുടെ പൊരുളും പൂൎവ്വാപരബന്ധവും മനസ്സിലാക്കിക്കൊണ്ടാണു് അവർ സംസാരിക്കുന്നതെന്നു് തോന്നിപ്പോകും. യാഥാൎത്ഥ്യം നേരെമറിച്ചാണു്. യുക്തിപൂൎവ്വമായ വിശദീകരണത്തിനു് ആവശ്യപ്പെട്ടിടത്തെല്ലാം പരാജയമേ പിയാജെററിനു് ലഭിച്ചുള്ളൂ. കാര്യകാരണസഹിതം നിസ്സാര സംഗതികൾ പോലും അവർ ചിന്തിക്കാറില്ലെന്നുള്ളതു് അവർ കണക്കു ചെയ്യുന്നതുനോക്കിയാൽ എളുപ്പത്തിൽ മനസ്സിലാകും. വഴിയൊന്നും വിവരിക്കാൻ കഴിയാതെ ഉത്തരത്തിൽ എത്തിച്ചേരുന്നവർ അനവധിയാണു്. അമൂൎത്തവിഷയങ്ങൾ ചിന്തിക്കുവാൻ അവൎക്കു വിഷമം കണ്ടേയ്ക്കുമെന്നുവിചാരിച്ചു് പിയാജെററ് തീപ്പെട്ടിക്കോലുകൾ കൊടുത്തു് അവയുടെ സഹായത്താൽ അവരെക്കൊണ്ടു് കണക്കു ചെയ്യിച്ചുനോക്കിയപ്പോഴും ഫലത്തിൽ വലിയ വ്യത്യാസമൊന്നും കണ്മാൻ കഴിഞ്ഞില്ല. എന്താണു് ചെയ്യേണ്ടതെന്നറിയാതെ തപ്പിത്തടഞ്ഞു് വിഷമിച്ചു നിന്നവർ വളരെ ഉണ്ടായിരുന്നു. കുറച്ചുനേരം മാത്രം കോലുകൾ ഉപയോഗിച്ചിട്ടു് മിഴിച്ചുനിന്നവരും

കാറാവായിരുന്നില്ല. യുക്തിയും വിവേചനയും ഉപയോഗി ച്ച്യാതൊന്നിനും കഴിയാതെ വിമ്മിട്ടപ്പെടാനേ മിസ്റ്റ പേക്ഷം കഴിഞ്ഞുള്ളൂ. ഇമ്മാതിരി നിരവധി പരീക്ഷണ ങ്ങളിൽനിന്ന് ഏഴെട്ടുവയസ്സാകുന്നതുവരെ ശിശുക്കളുടെ യുക്തിയും വിവേചനയും വളരെ വികലമാണെന്നും, പര സ്പരബന്ധമില്ലാതെയും സ്വബോധരാഹിത്യത്തോടുകൂടിയും ചിന്തിക്കാനേ അവക്കു കഴികയുള്ളൂ എന്നും അദ്ദേഹം സമർത്ഥിച്ചു.

സ്വകാര്യമാത്രോദ്ദ്യതരാകയാൽ മിസ്റ്റ ശിശുക്കളും അന്യരുടെ വീക്ഷണകോണും അവലംബിച്ച് വസ്തുസ്ഥിതി കളെ നിരീക്ഷിക്കുവാൻ അസമർത്ഥരാണ്. എല്ലാം സ്വാ ത്ഥമാനദണ്ഡം കൊണ്ടുമാത്രമേ അവർ അളക്കുന്നുള്ളൂ. അ തുകൊണ്ട് അവരുടെ ചിന്തയ്ക്കുണ്ടാകുന്ന കുഴപ്പങ്ങൾ കുറ ച്ചൊന്നുമല്ല. ഇടംവലം തിരിച്ചറിഞ്ഞുകൂടാത്തവർ, ബന്ധ മില്ലാത്തിടത്ത് ബന്ധം കാണുന്നവർ, ബന്ധമുള്ളിടത്ത് ബന്ധംകാണാത്തവർ, ഗാർഹികബന്ധങ്ങൾ അറിഞ്ഞു കൂടാത്തവർ, എന്നുവേണ്ട പലവിധം കുഴപ്പക്കാരും ഗവേ ഷകദൃഷ്ടിക്കു വിഷയീഭവിച്ചിട്ടുണ്ട്. ഒരു കുട്ടി താൻ ജിനീ വാക്കാരനാണെന്നും ജിനീവാ സ്വിററ്സർ ലണ്ടിലാണെ ന്നും സമ്മതിച്ചിട്ടും താൻ ഒരു സ്വിററ്ലർലണ്ടു കാരനാ ണെന്ന് സമ്മതിച്ചില്ല. മറെറാരുവൻ തനിയ്ക്കു രണ്ടു സ ഹോദരന്മാരുണ്ടെങ്കിലും ആ സഹോദരന്മാരിൽ ഒരുവന് ഒരു സഹോദരനേ ഉള്ളൂ എന്നു ശഠിച്ചുകളഞ്ഞു. അച്ഛൻ ആഫീസിൽപോകുന്നതെന്തിനാണെന്ന് ചോദിച്ചപ്പോൾ അച്ഛൻഎന്നും അവിടെ പോകുന്നതുകൊണ്ടെന്നായിരുന്നു.

ഉത്തരം. ഈ പ്രകാരമുള്ള പല അസംബന്ധപ്രലപനങ്ങൾക്കു പുറമേ പല അന്ധവിശ്വാസങ്ങളും അവരിൽ ഉറച്ചിരിക്കുന്നതായും കാണപ്പെട്ടിട്ടുണ്ട്. ഒരു പെൺകുട്ടി ഒരു പ്രത്യേകസ്വരത്തിലും താളത്തിലും 25 വരെ എണ്ണിക്കൊണ്ടിരുന്നപ്പോൾ അവൾക്ക് ഒരു ചോദ്യത്തിന്റെ ഉത്തരം ശരിയായി പറയാൻ കഴിഞ്ഞു. അതുകൊണ്ട് ആ ക്രമത്തിൽ 25 വരെ എണ്ണിയാലെ ശരിയായ ഉത്തരങ്ങൾ എപ്പോഴും നൽകാൻ സാധിക്കയുള്ളു എന്ന് അവൾ തീരുമാനിച്ചു. നമ്മുടെ കുട്ടികളിലും ഇതുപോലുള്ള പല അന്ധവിശ്വാസങ്ങളും അടിയുറച്ചിട്ടുണ്ടെന്നു കാണാം. പത്തുവയസ്സായ ഒരു മൂഠാളൻ ഏഴുവയസ്സായ ഒരു അബലയെ ഉഗ്രമായി ഇടിച്ചുകളഞ്ഞു എന്നൊരു കേസ്സുണ്ടായി. അന്വേഷണം നടത്തിയപ്പോൾ അവളുടെ പൂർണ്ണസമ്മതപ്രകാരമാണ് ഇടിനടന്നതെന്നു തെളിഞ്ഞു. സ്കൂളിൽ പോകുന്നവഴിയ്ക്കു ഒരു നായ് മൂത്രമൊഴിക്കുന്നതു് അവൾ കണ്ടു. ആ അശുഭശകുനം മൂലം അദ്ധ്യാപകനിൽനിന്നു് അടികിട്ടിയേയ്ക്കുമെന്നു് ഭയന്ന അവൾ, അതിനു പ്രതിവിധിയായി മറ്റുകുട്ടി ഒരു ചെറിയ വേദന അനുഭവിക്കുന്നതു മതിയാകുമെന്നുള്ള വിചാരത്താൽ അടുത്തു കണ്ട മൂഠാളനോട് അവൾക്കു ഒരിടി കൊടുത്തുകൊള്ളുവാൻ അപേക്ഷിച്ചതായിരുന്നു. അവൻ കൈത്തരിപ്പു് തീരത്തക്കവണ്ണം കാച്ചിക്കളകയും ചെയ്തു. യാതൊരു യുക്തിയുമില്ലാത്ത ചിന്തകൾക്കു ശിശുക്കൾ എളുപ്പത്തിൽ വഴിപ്പെടുമെന്നുള്ളതാണ് ഇമ്മാതിരി അന്ധവിശ്വാസങ്ങൾ സ്പഷ്ടമാക്കുന്നതു്.

ഏകദേശം 7 വയസ്സിനുമേൽ 11 വയസ്സിനകമാണ് മുൻപറഞ്ഞമാതിരിയുള്ള അസംബന്ധചിന്തകളെല്ലാം മാറുന്നതിനും വസ്തുസ്ഥിതികളെക്കൂടുതൽ വിശകലനബുദ്ധിയോടും സൂക്ഷ്മാന്വേഷണാസക്തിയോടും കൂടി നിരീക്ഷിക്കുന്നതിനും ശിശുക്കൾ സമർത്ഥരാകുന്നത്. ചിന്തകളെ പുനഃപരിശോധന നടത്താനും സാമാന്യതത്വങ്ങൾ ഗ്രഹിക്കാനും ഗുണദോഷവിവേചനം ചെയ്യാനുമുള്ള ശക്തി സാമുദായികമായും വിദ്യാലയപരമായുമുള്ള പ്രേരണകൾമൂലം സംജാതമാകുന്നതുവരെ ഇമ്മാതിരി ചിന്താവൈകല്യങ്ങൾ അവരിൽ അവശേഷിക്കതന്നെ ചെയ്യും. ഗ്രഹണശക്തി കുറവുള്ള ചില ശിശുക്കളിൽ ഇവ പന്ത്രണ്ട്, പതിന്നാല് വയസ്സുവരെപ്പോലും നിലനില്ക്കുന്നുണ്ട്.

എന്നാൽ ഇപ്രകാരമുള്ള പല ചിന്താവൈകല്യങ്ങളും ശിശുക്കൾക്കുണ്ടെന്നുവരുകിലും, അവക്ക് ആദിഘട്ടങ്ങളിൽപോലും യുക്തിയും വിവേചനയും മററും തീരെ ഇല്ലെന്ന് ശഠിക്കുന്നത് ശരിയായിരിക്കയില്ല. ഉപബോധമനസ്സ് തുടങ്ങിയ അത്ഭുതമായ ശക്തിവിശേഷങ്ങൾ കൊണ്ട് സമനുഗൃഹീതനായ ശിശുവിന്റെ മാനസികമായ സൂക്ഷ്മഭാവങ്ങൾ ഗ്രഹിക്കുന്നതിലേക്കുള്ള മാർഗ്ഗങ്ങളോ ഉപകരണങ്ങളോ ശാസ്ത്രകാരന്മാക്ക് ഇനിയും ലഭിച്ചുകഴിഞ്ഞിട്ടില്ല എന്ന് സമാധാനപ്പെടുന്നതാണ് കൂടുതൽ ഉചിതമായിട്ടുള്ളത്. വളരെ ബുദ്ധിശക്തിയുള്ള ചില കുട്ടികൾ അന്യൂനമായ യുക്തിയും ഗുണദോഷവിവേചനയും അതിബാല്യത്തിൽ തന്നെ പ്രദർശിപ്പിക്കാറുണ്ടെന്നുള്ളത് സ്മരണീയമാണ്. 'ചിന്തയ്ക്കുവേണ്ടി ചിന്തിക്കുന്ന' ഉപരിചിന്താസ്വഭാവവും ചില ശിശുക്കളിൽ കാണുന്നുണ്ട്. അതു

കൊണ്ടു് ബുദ്ധിശക്തി കുറവുള്ള കുട്ടികളിലും അനുപാതി കമായ അന്തരത്തോടുകൂടി ഈ വക ഉൽകൃഷ്ടമനോഭാവങ്ങൾ ഉൾക്കൊള്ളുന്നുണ്ടെന്നു് ഊഹിക്കുന്നതിൽ വലിയ അപാകമില്ല.

സാധാരണ ശിശുക്കളിൽ കേവലം ഇന്ദ്രിയവേദനപരമായുള്ള യുക്തിചിന്തകളാണു് ആദ്യമായി അങ്കുരിക്കുന്നതെന്നു പറയാം. വസ്തുസ്ഥിതികളും സന്ദർഭങ്ങളും ജനിപ്പിക്കുന്ന വിഷമങ്ങളോടു് മല്ലിടേണ്ട ആവശ്യം അവരെ അഭിമുഖീകരിക്കുമ്പോഴാണു് ഇമ്മാതിരി യുക്തിചിന്ത അവർക്കുണ്ടാകുന്നതു്. തൊട്ടിൽകമ്പിൽ തൂക്കിയിരിക്കുന്ന രസഗോളം വർണ്ണപ്പകിട്ടുകൊണ്ടു് വശീകരിക്കുന്നുണ്ടെങ്കിലും അതിനെ എത്തിപ്പിടിക്കാൻ ശാരീരികമായ കെല്പു് തനിക്കില്ലെന്നുള്ള അവസ്ഥ ഒരു ശിശുവിനെ ഈ വിധത്തിൽ ചിന്തിപ്പിക്കാൻ പര്യാപ്തമാണു്. എല്ലാ ജ്ഞാനേന്ദ്രിയങ്ങളുടേയും കർമ്മേന്ദ്രിയങ്ങളുടേയും പ്രവൎത്തനങ്ങൾക്കു വരുന്ന തടസ്സങ്ങൾ ഈ മാതിരിയുള്ള ചിന്ത ഉദ്ദീപിപ്പിക്കുന്നവതന്നെ. പ്രായംകൂടുംതോറും കൂടുതൽ അനുഭവങ്ങൾ അവനുണ്ടാകയും വിപുലമായ തോതിൽ യുക്തിചിന്തനത്തിനു് സഹായകമായ സ്മൃതിഭാവനകൾ അവനിൽ വികസിതമാകുകയും ചെയ്യുന്നു. കേവലം വസ്തുബോധത്തിൽനിന്നു് പ്രൗഢവിഷയങ്ങളെക്കുറിച്ചുള്ള ഉപപാദനാത്മകമായ യുക്തിപ്രകടനത്തിലേയ്ക്കുള്ള ഗതിയിൽ ശിശുഹൃദയത്തിനുണ്ടാകുന്ന വ്യത്യാസങ്ങളും, വ്യത്യാസങ്ങൾ കൊണ്ടുണ്ടാകേണ്ട വികസനവും, വികസനത്തെ സഹായിക്കുന്നതിനു് പ്രായമായവർ അനുഷ്ഠിക്കേണ്ട കൎത്തവ്യങ്ങളും നാതിസംക്ഷേപവിസ്താരമായ പ്രതിപാദനം അർഹിക്കുന്ന വിഷയങ്ങളാണു്.

---

## അദ്ധ്യായം ൨൪

ശ്രീ ... വിമലാനന്ദ ഗ്രന്ഥശാല, മലയിൻകീഴ്

## ചിന്താവികസനം i. നിരീക്ഷണസാമർത്ഥ്യം

ദുർല്ലഭമായ നാനാവിധശിലകളും, ലവണങ്ങളും ലോഹങ്ങളും, മണ്ണുകളും സമാഹരിച്ചിരിക്കുന്ന ഒരു മ്യൂസിയത്തിൽ ഒരു ഭൂഗർഭശാസ്ത്രജ്ഞനും ഒരു സാധാരണക്കാരനും കാണുന്ന വ്യത്യാസങ്ങളും തോന്നുന്ന വികാരാന്തരങ്ങളും വിചാരിച്ചുനോക്കുക! കസുമിതലതികാവലികളാലും, വിചിത്രവർണ്ണാഞ്ചിതചിത്രശലഭങ്ങളാലും, വിവിധവിഹംഗമസമൂഹങ്ങളാലും, അസംഖ്യേയങ്ങളായ മൃഗസംഘാതങ്ങളാലും നിസ്തുലമോഹനമായി വിലസുന്ന ഒരു നിർജ്ജനവിപിനം ഒരു കവിയുടേയും, ഒരു പ്രകൃതിശാസ്ത്രകാരൻേറയും ഒരു നായാട്ടുകാരൻേറയും, സാധാരണക്കാരനായ ഒരു പഥികൻേറയും ഹൃദയങ്ങളിൽ എന്തെന്തു് വ്യത്യസ്തവികാരങ്ങളാണു് അങ്കുരിപ്പിക്കുന്നതു്! പ്രശസ്തഭാഗവതന്മാരുടെ ഒരു മികച്ച പാട്ടുകച്ചേരി തകത്തു്പൊടിച്ചു് 'അപ്ലാസ്' മേടിച്ചുകൊണ്ടിരുന്ന അവസരത്തിൽ സദസ്സിൻെറ മുൻവശത്തുള്ള ഒരു കസേരയിൽ ഒരു മനുഷ്യവിഗ്രഹം സുഖനിദ്രയിൽ ലയിച്ചിരിക്കുന്നതു് ഒരിക്കൽ കാണുകയുണ്ടായി. ഓരോ പ്രത്യേകവിഷയത്തിലും ഉദ്ദീപിതമാകുന്ന താൽപര്യം ഹേതുവായി തതാദൃവിഷയത്തിൽ ശ്രദ്ധയുണ്ടാകയും തന്മൂലം അതിൽ ചിന്തയും ജ്ഞാനവും വൈദഗ്ദ്ധ്യവും വർദ്ധിക്കു

കയും ഇതരയവ്യതിരിക്തമായ മാനസികാഭിവൃദ്ധി അ ക്കാൎയ്യത്തിൽ ആ വ്യക്തിയ്ക്കു സംജാതമാകുകയും ചെയ്യു ന്നു. ചിന്താവികസനത്തിനും മാനസികോൽകർഷത്തി നും പ്രധാനഹേതു താൽപൎയ്യവും ശ്രദ്ധയും ഉദ്ദീപിതമാകു കയാണെന്നുള്ളതു് മനശ്ശാസ്ത്രപരമായ ഒരു പ്രധാനത ത്ത്വമാണു്.

ശിശുക്കളുടെ താൽപൎയ്യവും ശ്രദ്ധയും ഉദ്ദീപിതമാകു ന്നതിനു പ്രധാനമായി വേണ്ടതു് സൂക്ഷ്മനിരീക്ഷണശക്തി അവരിൽ അങ്കുരിപ്പിക്കയാകുന്നു. സാംസ്കാരികമായ വലിയ പ്രാധാന്യമുള്ള ഈ നിരീക്ഷണത്തിന്റെ സ്വഭാവം സൂക്ഷ്മമായി ഗ്രഹിച്ചിരിക്കേണ്ടതാണു്.

നിരീക്ഷണം എന്നുപറയുന്നതു് ഒരു വസ്തുവിന്റെയോ സ്ഥിതിയുടെയോ, സന്ദർഭത്തിന്റെയോ നാനാവശങ്ങ ളെയും വിശദമായി ഗ്രഹിക്കത്തക്കവണ്ണം അതിനെ സൂക്ഷിച്ചു പരിശോധിക്കയാകുന്നു. വസ്തുവാദികളുടെ സക ല അംശങ്ങളിലും നിരീക്ഷകന്റെ ശ്രദ്ധ ചെന്നിരിക്കണം. എങ്കിൽമാത്രമേ നിരീക്ഷണം വൈകല്യരഹിതമാകയുള്ളൂ. സൂക്ഷ്മനിരീക്ഷണത്തിന്റെ ഫലമായിട്ടാണു് ഓരോ സംഗ തിയിലും വിദഗ്ദ്ധന്മാർ ഉണ്ടായിട്ടുള്ളതു്. തേയിലവിദ ഗ്ദ്ധൻ പലയിനം തേയിലകളിലുമുള്ള ഈഷദീഷൽ വ്യത്യാസങ്ങൾപോലും അല്പമൊന്നു സൂക്ഷിച്ചിട്ടു പറയു ന്നതു നമ്മിൽ പലരും കേട്ടിരിക്കുമല്ലോ. രത്നവിദഗ്ദ്ധ ന്മാർ, ലോഹവിദഗ്ദ്ധന്മാർ, കൈയ്യക്ഷരവിദഗ്ദ്ധന്മാർ, മനുഷ്യസ്വഭാവവിദഗ്ദ്ധന്മാർ തുടങ്ങിയ പലവിധം വിദ

ശ്ധാന്മാരുണ്ടു്. ഓരോ വിഷയത്തിലും പതിപ്പിക്കേണ്ട നിരീക്ഷണശക്തിയെ ഇവർ വികസിപ്പിച്ചിട്ടുള്ളതാണു് വൈദഗ്ദ്ധ്യത്തിനു നിദാനമെന്നുള്ളതു് സ്പഷ്ടമാണല്ലോ.

സുനിയന്ത്രിതമായ ഇന്ദ്രിയവേദനമാണു് നിരീക്ഷണം. അതുകൊണ്ടു സൂക്ഷ്മതമമായ വസ്തുബോധമുണ്ടാകുന്നു. അനന്തവിസ്തൃതമായ ബാഹ്യലോകത്തെ മനസ്സുമായി ഘടിപ്പിക്കുന്ന—ബാഹ്യലോകവിജ്ഞാനം മനസ്സിനു പ്രദാനംചെയ്യുന്ന—നിരീക്ഷണത്തിന്റെ മഹത്വം അതീവബൃഹത്താണെന്നുള്ളതിൽ സംശയിക്കാനില്ല.

ശിശുക്കൾക്കു നിരീക്ഷണസാമർത്ഥ്യം കൈവരുത്തുവാനുള്ള പ്രധാനമാർഗ്ഗം 'പ്രവർത്തിച്ചുപഠിക്കുവാൻ' അവരെ പരിചയിപ്പിക്കുന്നതാകുന്നു. 'പുസ്തകവിദ്യാഭ്യാസം കൊണ്ടുമാത്രം അവർക്കുണ്ടാകുന്ന വിജ്ഞാനം അപൂർണ്ണമായിരിക്കയേ ഉള്ളൂ. ആദിഘട്ടങ്ങളിൽ സാധനപാഠങ്ങൾക്കു വളരെ പ്രാധാന്യം നൽകണമെന്നു വിദ്യാഭ്യാസപ്രവർത്തകന്മാർ ശഠിക്കുന്നതു് ഇക്കാരണത്താലാണു്. സാധനങ്ങൾ പ്രദർശിപ്പിച്ചിട്ടു കുട്ടികളെക്കൊണ്ടു് അവയെ വിവരിക്കുവാൻ അവർ ആവശ്യപ്പെടുന്നു. നിറം, ആകൃതി, ഗുണങ്ങൾ, പരിചിതമായ ഇതരസാധനങ്ങളിൽ നിന്നുള്ള വ്യത്യാസങ്ങൾ, അവയോടുള്ള സാമ്യങ്ങൾ, ഇവയെല്ലാം അവർതന്നെ കണ്ടുപിടിച്ചു് പറയുന്നതിനു പ്രേരിപ്പിക്കേണ്ടതാണു്. വിദ്യാലയങ്ങളിൽ പ്രകൃതിപാഠത്തിനും, ഭൂമിശാസ്ത്രത്തിനും, പ്രാരംഭശാസ്ത്രപാഠങ്ങൾക്കെല്ലാററിനും തന്നെ നിരീക്ഷണശക്തിയെ വികസിപ്പിക്കാൻ കെല്പും

ണ്ടു്. പക്ഷെ വേണ്ടവിധത്തിൽ അവയെ കൈകാര്യം ചെയ്യുവാനുള്ള പ്രാപ്തിയും പരിതഃസ്ഥിതികളും അദ്ധ്യാപകന്മാരുണ്ടായിരിക്കേണ്ടതാണു്. നമ്മുടെ വിദ്യാലയങ്ങളിൽ കൊച്ചുകുട്ടികളുടെ ഭൂമിശാസ്ത്രവും ചരിത്രവും മററും പഠിപ്പിക്കുന്ന രീതി തീരെ മനശ്ശാസ്ത്രപരമായിരിക്കുന്നില്ല. നദികളുടേയും പർവ്വതങ്ങളുടേയും മററും പേരുകൾ പട്ടികകളായി എഴുതിക്കൊടുത്തു് കാണാപ്പാഠം പഠിപ്പിക്കുന്നതുപോലെ നിഷ്പ്രയോജനവും നിന്ദ്യവുമായ സമ്പ്രദായം വേറൊന്നില്ല. പർവ്വതമോ നദിയോ എന്താണെന്നു യാതൊരു ബോധവും ഇല്ലാത്ത അനവധി കുട്ടികൾ പല പർവ്വതങ്ങളുടേയും നദികളുടേയും പേരുകൾ 'ചറപറാന്നു്' പറയുവാൻ പഠിപ്പിക്കപ്പെട്ടവരായുണ്ടു്. ഇതുകൊണ്ടുള്ള പ്രയോജനമോ? നാസ്തിതന്നെ! പ്രായമായ കുട്ടികളുടെ കാര്യവും ഇതിൽനിന്നു് വളരെ വ്യത്യസ്തമല്ല. അമേരിക്കയിലേയും ആസ്ത്രേലിയയിലേയും നദീതീരങ്ങളിലുള്ള ഉൽപന്നങ്ങളും അവിടവിടങ്ങളിൽ നിന്നുള്ള കയററുമതികളും അവിടത്തെ ഇറക്കുമതികളും മററും കുട്ടികൾ കാണാപ്പാഠം പഠിക്കുന്നതിൻെറ ഔചിത്യമെന്താണു്? അതെല്ലാം ശിശുക്കൾ അറിയേണ്ട ആവശ്യമില്ലെന്നല്ല വിവക്ഷ. അമ്മാതിരി കാര്യങ്ങൾ ആവശ്യമുണ്ടാകുമ്പോൾ പെട്ടെന്നുനോക്കി മനസ്സിലാക്കാവുന്ന ഒരു 'ഡയറക്ടറി' ഗ്രന്ഥത്തിൽ ഉണ്ടായിരിക്കുന്നതുകൊണ്ടു് കാര്യം നേടാമെന്നേ ഉള്ളു. ദൈനന്ദിനജീവിതത്തിൽ അപരിഹാര്യമായ ഒട്ടനവധി ഇതരസംഗതികളിൽ ശിശുക്കളെ പ്രവീണരാക്കാനുള്ള സമയവും ശക്തിയും പാഴാക്കിക്കളയുന്നതാണു്

പരിതാപകരം. വിദ്യാഭ്യാസകരിക്കുവാം നിർമ്മിക്കുന്നവർ തങ്ങളുടെ ശൈശവത്തിൽ തോന്നിയിട്ടുള്ള അഭിരുചികളും വിഷയങ്ങളും നിശ്ശേഷം മറന്നുകളയുന്നതാണു് ഇതിനെല്ലാം അടിസ്ഥാനമെന്നുള്ളതിൽ സംശയിക്കാനില്ല.

ശിശുക്കൾക്കു നിരീക്ഷണസാമർത്ഥ്യം നൽകുവാൻ ഡാക്ടർ ആഡംസ് എന്ന പണ്ഡിതൻ ചില മാർഗ്ഗങ്ങൾ നിർദ്ദേശിച്ചിട്ടുണ്ടു്. അവയിൽ പ്രധാനം ചിത്രപ്രദർശന സമ്പ്രദായമാകുന്നു. ഒരു ചിത്രം കുട്ടികളെ കാണിച്ചു്, നല്ലപോലെ സൂക്ഷിക്കുവാൻ നിർദ്ദേശിക്കുന്നു; പിന്നീടു് അതിനെ മാററിക്കളഞ്ഞിട്ടു് അതിൽ എന്തെല്ലാം അടങ്ങിയിരുന്നു എന്നു ചോദിക്കുകയും, വീണ്ടും കാണിച്ചു്, അവർ വിട്ടുകളഞ്ഞിട്ടുള്ള അംശങ്ങളും പറഞ്ഞിട്ടുള്ള അബദ്ധങ്ങളും, ചൂണ്ടിക്കാണിച്ചു കൊടുക്കുകയും ചെയ്യുന്നു. ഈ ക്രമത്തിനു് പല ചിത്രങ്ങളും പ്രദർശിക്കപ്പെടുന്നതിന്റെ ഫലമായി നിരീക്ഷണശക്തി സുസൂക്ഷ്മമാകുമെന്നാണു് അദ്ദേഹത്തിന്റെ അഭിപ്രായം. പരിശീലനം സിദ്ധിച്ചിട്ടില്ലാത്ത പ്രായമായ ഒരു മനുഷ്യനു് വേണ്ടിവരുന്ന സമയത്തിന്റെ ഇരുപത്തിനാലിലൊന്നു് ഭാഗം സമയം കൊണ്ടു് പരിശീലനം സിദ്ധിച്ച ഒരു ശിശു വസ്തുസ്ഥിതികൾ നിരീക്ഷിക്കുവാൻ സമർത്ഥനായി കണ്ടിട്ടുണ്ടെന്നു് അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ടു്.

നിരീക്ഷണം ന്യൂനതാരഹിതവും സുസൂക്ഷ്മവുമാകണമെങ്കിൽ തദ്വിഷയകമായ പൂർവ്വവിജ്ഞാനം ശിശുക്കൾക്കുണ്ടായിരിക്കേണ്ടതാണു്. അതിലേക്കു് അവരെ കൂപമണ്ഡൂകങ്ങളായി വളരുവാൻ അനുവദിക്കാതെ, അ

വിഷയങ്ങളെക്കുറിച്ചും ശരിയായ പരിജ്ഞാനം ലഭിക്കുത്തക്ക ചുററുപാടുകൾ അവക്കുണ്ടാക്കിക്കൊടുക്കുവാൻ പ്രായമായവർ സദാ പരിശ്രമിക്കേണ്ടതാകുന്നു. ചിന്താവികസനത്തിന്നു് അപരിഹാര്യമായ ഈ വിജ്ഞാനസമ്പാദനത്തിനെക്കുറിച്ചാണു് അടുത്തതായി ചിന്തിക്കേണ്ടതു്.

---

## അദ്ധ്യായം ൨൫.

---

### ചിന്താവികസനം ii. വിജ്ഞാനസമ്പാദനം.

വിജ്ഞാനം എന്നു പറയുന്നതു് ലൗകികജീവിതത്തിന്നു് അത്യന്താപേക്ഷിതമായ വിഷയങ്ങളെക്കുറിച്ചുള്ള അറിവാകുന്നു. ഒരു ശിശുവിന്റെ വിജ്ഞാനം എത്രത്തോളം അഭിവൃദ്ധമാകുന്നുവോ അത്രത്തോളം അവന്റെ ചിന്താശക്തിയ്ക്കും മററു മാനസികവിഭവങ്ങൾക്കും വികാസം ഉണ്ടാകാതിരിക്കാൻ കഴിയുന്നതല്ല. വിജ്ഞാനം പ്രദാനം ചെയ്യേണ്ടതു് മാതാപിതാക്കന്മാരും ഗുരുക്കന്മാരുമാണല്ലോ. അവർ ആ കൃത്യം അനുഷ്ഠിക്കേണ്ടതു് എങ്ങനെയാണെന്നു് നോക്കാം.

ഒരു ശിശുവിന്നു് ഏതെങ്കിലും പുതിയ വിജ്ഞാനം നല്കേണ്ടതു് എപ്പോഴും അവന്നു് ലഭിച്ചുകഴിഞ്ഞിട്ടുള്ള പൂർവവിജ്ഞാനത്തെ പുരസ്കരിച്ചാണു്. പുതിയ ആശയങ്ങൾ ഓരോന്നും മനസ്സിൽ പ്രവേശിക്കുമ്പോൾ സാദൃശ്യം കൊണ്ടോ സാജാത്യം കൊണ്ടോ,

വൈജാത്യം കൊണ്ടോ, സാമീപ്യം കൊണ്ടോ എങ്ങനെയെങ്കിലും അതിനോട്ട് ബന്ധമുള്ള മറെറാരു പരിചിതാശയം അതിനെ സ്വീകരിക്കാൻ അവിടെ ഉണ്ടായിരിക്കേണ്ടതു് അനിവാര്യമാകുന്നു. ഇല്ലാത്തപക്ഷം പരിചിതരാരുമില്ലാത്ത ഒരു ഗൃഹത്തിൽ പ്രവേശിക്കാൻ നിർബ്ബന്ധിതനാകുന്ന ഒരാൾ അവിടെ താമസിക്കുവാൻ കഴിയാതെ അചിരേണ ബഹിഗ്ഗമിക്കുന്നപോലെ ആ പുതിയ ആശയവും പുറംപായുന്നതാണ്. അതുകൊണ്ടു് ശിശുക്കൾക്കു പുതുതായി എന്തെങ്കിലും വിജ്ഞാനം പ്രദാനം ചെയ്യുന്നതിനു മുമ്പ് അവരുടെ മാനസികവിഭവങ്ങളുടെ സ്വഭാവം എന്താണെന്നു് പരിശോധിക്കുവാൻ പ്രായമായവർ ഒരുമ്പെടേണ്ടതു് അത്യാവശ്യമാകുന്നു.

ശിശുക്കളുടെ ചിന്താവികസനത്തിനുവേണ്ടി ധാരാളം ആശയങ്ങൾ നൽകി അവരുടെ വിജ്ഞാനം പരിപുഷ്ടമാക്കേണ്ടതാണെന്നു വിചാരിച്ചു് നിരവധി ആശയപരമ്പരകൾ കുത്തിച്ചെലുത്തി അവരെ എളുപ്പത്തിൽ വിജ്ഞാനനിധികളും ഉൽകൃഷ്ടചിന്തകരുമാക്കിത്തീക്കാമെന്നു് വിചാരിക്കുന്നപോലെ അബദ്ധം മറെറാന്നുമില്ല. ഒരു പുതിയ അറിവ് ശിശുവിനു് കിട്ടിക്കഴിഞ്ഞാൽ അതു് പഴയ വിജ്ഞാനസംഭരണവുമായി യോജിച്ചു് ഒന്നാകുന്നതിനു് അല്പം കാലതാമസം കൂടിയേകഴികയുള്ളൂ. സ്വവശഗമായ 'സാധനം' തെരുവണ്ടപോലെ പരിശോധിച്ചു്, ശരിയായ സ്ഥാനം കല്പിച്ചു്, ഭണ്ഡാരത്തിന്റെ ഏതു കോണിലാണു് അതിനെ സൂക്ഷിക്കേണ്ടതെന്നു് നിശ്ചയിക്കുവാൻ മനസ്സിനു് സമയം അത്യാവശ്യമാണ്.

ഭക്ഷണത്തിൻെറ കാൎയ്യംപോലെതന്നെ വിജ്ഞാനവും ദഹിച്ച് സ്വാംശമായിത്തീരുവാനുള്ള അവസരം അനുവദിക്കാത്തപക്ഷം ആപത്തിനാണു് എളുപ്പം.

സൂക്ഷ്മനിരീക്ഷണശക്തി സമ്പാദിച്ചിരുന്നാലും, ക്രമീകൃതമായ പരിപാടി അനുസരിച്ച് ആശയപരമ്പരകരം സമാഹരിച്ചിരുന്നാലും, അവയുടെ ഫലമായി ചിന്താവികാസമോ, ഉപരിയായ മാനസികശക്തികളോ ഉണ്ടായിരിക്കണമെന്നു് നിർബ്ബന്ധമില്ല. ഉയൎന്ന ജന്തുക്കളായ പട്ടി, കുരങ്ങ് തുടങ്ങിയവയും നിരീക്ഷണശക്തി സുസമർത്ഥമായിരിക്കുന്നതിനപ്പുറമേ ചിന്ത എന്നു് വിളിക്കാവുന്ന മാനസികശക്തിയും ചിലപ്പോരം പ്രകടമാകാറുണ്ടു്. എന്നാൽ, ജന്തുസാധാരണമായ ചിന്താസമ്പ്രദായത്തിൽ നിന്നു വ്യത്യസ്തമായി കാൎയ്യകാരണസഹിതം പൂൎവാനുഭവങ്ങളെ ആസ്പദമാക്കി ഭാവിയെ ഭാവനകൊണ്ടു രൂപവൽക്കരിച്ചു ചിന്തിക്കാനുള്ള ശക്തി ബാല്യത്തിന്റെ പ്രാരംഭഘട്ടങ്ങളിൽ തന്നെ ശിശുക്കളിൽ സ്പഷ്ടമാകുന്നുണ്ടു്. ഈ ശക്തിയെ വികസിപ്പിച്ചെങ്കിൽ മാത്രമേ സൂക്ഷ്മനിരീക്ഷണത്തിൻെറയും, തൽഫലമായുണ്ടാകുന്ന വിജ്ഞാനത്തിൻേറയും പ്രയോജനങ്ങരം അവക്കു വേണ്ടവിധം സിദ്ധിക്കയുള്ളു. ഇല്ലാത്തപക്ഷം അവക്കു ലഭിക്കുന്ന അറിവെല്ലാം കേവലം ഭാരംമാത്രമായിരിക്കും. ഒരു ശവത്തിൻെറ വായിൽക്കൂടി പാൽപായസം അടിച്ചുകയററിയാലുണ്ടാകുന്ന പ്രയോജനമേ ജീവിതവുമായി പൊരുത്തമില്ലാത്തതും പ്രയോഗയോഗ്യമല്ലാത്തതുമായ വിജ്ഞാനവും നിരീക്ഷണസാമൎത്ഥ്യവും ഒരു ശിശുവിനു നൽകി

യാൽ ഉണ്ടാകയുള്ളു. വിജ്ഞനായ വിഡ്ഢിയെക്കാൾ അജ്ഞനായ നിപുണനാണു് ആപത്തൊഴിഞ്ഞവനും ഉപകാരിയുമെന്നു സദാ ഓർക്കേണ്ടതാകുന്നു.

വിജ്ഞാനം പ്രയോഗയോഗ്യമായി പരിണമിക്കണമെങ്കിൽ വിവേചന സഹായിയായി വന്നുചേരണം. ഔചിത്യമാണു് വിവേചനയുടെ പ്രധാന ഫലം. വിവേചനയ്ക്കു് അടിസ്ഥാനമായിരിക്കുന്നതു യുക്തിചിന്തനമാകുന്നു. യുക്തിയും വിവേചനയും വികസിതമായെങ്കിൽ മാത്രമേ ജീവിതപ്രശ്നങ്ങൾക്കു് ഔചിത്യപൂർവ്വമായ തീരുമാനത്തിൽ എത്തിച്ചേരുവാൻ ഒരു വ്യക്തി ശക്തനായിത്തീരുകയുള്ളു. യുക്ത്യുത്തേജനം ചിന്താവികസനത്തിലെ ഒരു പ്രധാന ഘടകമാണെന്നു് കാണാം.

## അദ്ധ്യായം ൨൩

---

### ചിന്താവികസനം iii. യുക്ത്യുത്തേജനം.

മൃഗസാധാരണമായിട്ടുള്ളതിൽ കവിഞ്ഞ ചിന്താശക്തി രണ്ടുമൂന്നുവയസ്സായ കുട്ടികളിൽപോലും കാണുന്നുണ്ടെന്നു് പറഞ്ഞുവല്ലോ. സെന്റ്ബർനാർഡ്, ബ്ലഡ് ഹൗണ്ഡ് തുടങ്ങിയ ചില വർഗ്ഗങ്ങളിൽ പെട്ട ശ്വാക്കൾ പഥികരെ മരണവക്ത്രത്തിൽനിന്നു് രക്ഷിക്കുക, കള്ളന്മാരെ കണ്ടുപിടിക്കുക, കുരുടന്മാർക്കു വഴികാണിച്ചുകൊടുക്കുക തുടങ്ങിയ വിഷമകൃത്യങ്ങൾ വിദഗ്ദ്ധരീതിയിൽ ചെയ്തുവരുന്നുണ്ടെങ്കിലും അവയ്ക്കു ശീലമൂലകമായ ചിന്താശക്തിയേ ഉള്ളൂ എന്നാണ് പണ്ഡിതമതം. വുഡ്ബേൺ (Wood burne in Human Nature and Education) എന്ന ശാസ്ത്രകാരൻ മൃഗങ്ങൾക്കും മനുഷ്യർക്കും ചിന്താവിഷയത്തിലുള്ള ഈ വ്യത്യാസത്തെ സുവ്യക്തമാക്കിയിട്ടുണ്ടു്. കുരങ്ങന്മാരും ശ്വാനന്മാരും മററും കുടിലമായ കൂടുകളിൽ നിന്നു് രക്ഷപ്രാപിക്കുവാൻ ആദ്യമാദ്യം വിഷമിക്കുമെന്നുവരികിലും പരിചയംകൊണ്ടു് എളുപ്പത്തിൽ അതിലേയ്ക്കുള്ള കെല്പു് സമ്പാദിക്കുന്നു. എന്നാൽ കൂടക്കിന്റെ സ്വഭാവത്തിൽ അല്പവ്യത്യാസം വരുത്തുകയാണെങ്കിൽ പഴയ വിഷമങ്ങളെല്ലാം അവയ്ക്കു വീണ്ടും തരണം ചെയ്യേണ്ടതായിവരും. യജമാനന്റെ ചൂളംവിളി

തെരുവിൽ കേൾക്കുന്ന മാത്രയിൽ മുറിയിൽനിന്നു് പുറത്തിറങ്ങി, തോട്ടത്തിൽക്കൂടി പാഞ്ഞു്, സാക്ഷനീക്കി വാതൽ തുറന്നു് അദ്ദേഹവുമായി യോജിക്കുന്ന ഒരു ശ്വാവുണ്ടായിരുന്നു. എന്നാൽ, സുഖജനകമായ അനുഭവങ്ങളെ അനുസ്മരിപ്പിക്കുന്ന യജമാനന്റെ ചൂളംവിളി തെരുവിൽ കേൾക്കുമ്പോൾ, ഗേററിൽക്കൂടി പുറത്തിറങ്ങിപ്പോകാൻ പല ശ്രമങ്ങളും ചെയ്ത കൂട്ടത്തിൽ യാദൃച്ഛികമായി ആ സാക്ഷനീങ്ങാനിടയായതു കണ്ടു്, ആ തത്വം അതു് മനസ്സിലാക്കുകയും താദൃശസന്ദർഭങ്ങളിലെല്ലാം അങ്ങനെ പ്രയോഗിക്കാൻ അവൻ ആരംഭിക്കയും ചെയ്തിരിക്കാനേ ഇടയുള്ളു. സാക്ഷയ്ക്കു് പകരം ഒരു ഓടാമ്പൽ ഇടുന്നപക്ഷം അതു് കുഴങ്ങും. നേരേമറിച്ചു് ഒരു ബാലനാണു് ആ സ്ഥാനത്തുള്ളതെങ്കിൽ വ്യത്യസ്തമായ അനുഭവങ്ങളായിരിക്കും ഉണ്ടാകുക. പട്ടിയുടെ ചിന്തപോലല്ല അവന്റെ ചിന്തയുടെ ഗതി. ഗേററിന്റെ ഉപയോഗം തുറക്കാനും അടയ്ക്കാനുമാണെന്നു് അവൻ അനുമിക്കും. അടച്ചാൽ പുറത്തുനിന്നു് ആരും തുറന്നുകളയാതിരിക്കാൻ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടായിരിക്കുമെന്നു് അവൻ പൂർവ്വാനുഭവങ്ങളെ ആസ്പദമാക്കി തീരുമാനിക്കും. തടസ്സത്തിന്റെ സ്വഭാവമാണു് അടുത്തതായി അവർ നോക്കുന്നതു്. സാക്ഷയാണെങ്കിൽ നീക്കുക, ഓടാമ്പലാണെങ്കിൽ വലിക്കുക, കൊളുത്താണെങ്കിൽ എടുക്കുക എന്നിങ്ങനെ സന്ദർഭാനുഗുണമായി അവൻ പ്രവർത്തിക്കയും ചെയ്യും. പഴയ അനുഭവങ്ങളെ ആസ്പദമാക്കി പുതിയ വിഷമങ്ങളെ തരണം ചെയ്യാനുള്ള ഈ ശക്തിതന്നെയാണു്

യുക്തിയെന്നു കാണാം. കാര്യങ്ങളെ കാരണവുമായി ഘടിപ്പിച്ച്, പൂർവ്വാനുഭവങ്ങളെ ആസ്പദമാക്കി, ഭാവ്യനുഭവങ്ങളെ ഭാവന ചെയ്യുന്നതാണ് ഇതിന്റെ പ്രധാന സ്വഭാവം.

യുക്തിയെ വികസിപ്പിക്കുന്നതിലേയ്ക്കു പ്രധാനമായി വേണ്ടതു് ഉചിതമായ പ്രശ്നങ്ങൾ അടങ്ങുന്ന സന്ദർഭങ്ങൾ സ്വയമേവ സമാധാനംകണ്ടുപിടിക്കത്തക്കവിധത്തിൽ ശിശുക്കളുടെ മുമ്പിൽ ആവിർഭവിപ്പിക്കയാകുന്നു. കൊച്ചുകുട്ടികളുടെ കാര്യത്തിൽ അവരുടെ കൗതുഹലത്തേയോ ജിജ്ഞാസയേയോ ഉണർത്തത്തക്ക സാധനങ്ങളുടെ പ്രദർശനം ധാരാളം മതിയാകും. ഏതുസാധനം കണ്ടാലും അവർ സൂക്ഷിച്ചുനോക്കുക പതിവാണ്. ഒരു പുതിയ മുഖം കാണുമ്പോൾ അവർ എത്ര സൂക്ഷ്മതയോടെയാണ് പരിശോധിക്കുന്നതെന്നു് ഓർക്കേണ്ടതാണ്. ഒരുപുതിയ കളിപ്പാട്ടം കിട്ടിയാൽ തിരിച്ചും മറിച്ചും നോക്കി, പൊട്ടുന്നതാണെങ്കിൽ പൊട്ടിച്ച് അതിന്റെ അകംകൂടി മനസ്സിലാക്കി അവർ സംതൃപ്തിനേടുന്നു. മാണ്ടിസോറിയുടേയും ഫ്രബലിന്റേയും ഉപകരണങ്ങളുടെ കാര്യം ഇവിടെ സ്മരണീയമാണ്. സന്ദർഭങ്ങൾക്കും അവരെ ആകർഷിക്കാൻ വലിയ ശക്തിയുണ്ടെന്നുകാണാം. ഒരുകളിപ്പാട്ടം പൊട്ടിയാൽമതി, അവർ ചിന്താധീനരാകും. പ്രായമായവർ മററു കുട്ടികളെ ദേഷ്യപ്പെടുകയോ തല്ലുകയോ ചെയ്യുമ്പോൾ ശിശുക്കളുടെ മുഖത്തെയ്ക്കൊന്നു സൂക്ഷിക്കുക. അവർ ദത്തശ്രദ്ധരായിരിക്കുന്നതു് നിങ്ങൾക്കു കാണാൻ

യുക്ത്യുത്തേജകമായ വസ്തുക്കളും സന്ദർഭങ്ങളും തെരഞ്ഞു പിടിച്ച് അവരുടെ മുമ്പിൽ ആവിർഭവിപ്പിക്കുവാൻ അന്യൂനമായ ശ്രദ്ധ മാതാപിതാക്കന്മാരും ഗുരുക്കന്മാരും പതിപ്പിക്കേണ്ടതായിട്ടുണ്ട്.

ഏഴെട്ടുവയസ്സാകുന്നതോടുകൂടി ശിശുക്കളിൽ മാനസികമായ ഒരു പരിവർത്തനം സംഭവിക്കുന്നു. ചിന്തകളെ പുനഃപരിശോധനചെയ്യാനുള്ള സാമർത്ഥ്യം ഈ ഘട്ടത്തിലാണ് ആവിർഭവിക്കുന്നതു്. സാമാന്യതത്ത്വങ്ങൾ ഗ്രഹിക്കാനും അമൂർത്ത ചിന്തകളിൽ മനസ്സിനെ വ്യാപരിപ്പിക്കാനും അവർ പ്രാപ്തരാകുന്നതു് കാണാം. ഈ ശക്തികൾ അവരിൽ അഭിവൃദ്ധമാകേണ്ടതു് യുക്ത്യുത്തേജനത്തിനു് അത്യന്താപേക്ഷിതമാണ്.

അവർ സാമാന്യതത്ത്വങ്ങൾ ഗ്രഹിക്കുന്നതെങ്ങനെയെന്നു നോക്കാം. ഏകദേശം തുല്യമായി തോന്നുന്ന വസ്തുക്കളേയോ സന്ദർഭങ്ങളേയോ യോജിപ്പിച്ചു് താരതമ്യപഠനം ചെയ്താണല്ലോ സാമാന്യതത്ത്വങ്ങൾ സാധാരണ ഗ്രഹിക്കാറുള്ളതു്. ഈ ശക്തി ശിശുക്കളിൽ അങ്കുരിച്ചുകണ്ടാൽ, പ്രായമായവർ കഴിയുന്നിടത്തോളം അതിനെ കർഷണം ചെയ്തു അഭിവൃദ്ധമാക്കുവാൻ ശ്രമിക്കേണ്ടതാണ്. വിദ്യാലയങ്ങളിൽ എത്തിക്കഴിഞ്ഞശേഷമാണ് പ്രായേണ ഇതിന്റെ ആവിർഭാവം. അവിടെ ഇതിനെ വികസിപ്പിക്കാനുള്ള സൗകര്യങ്ങൾ ധാരാളമുണ്ടുതാനും. സാമാന്യതത്ത്വങ്ങൾ മുൻകൂട്ടിപറഞ്ഞുകൊടുത്തിട്ടു് അവയെ ഉദാഹരിക്കുവാൻ സന്ദർഭങ്ങൾ പറഞ്ഞുകൊടുക്കുക; സന്ദർഭങ്ങൾ പലതും പറഞ്ഞിട്ടു് അവയിൽനിന്നു് സാമാ

ന്യതത്വങ്ങൾ ഗ്രഹിപ്പിക്കാൻ ശ്രമിക്കുക; ഇങ്ങനെ രണ്ടു മാർഗ്ഗങ്ങളാണ് ഇതിലേയ്ക്കുള്ളതു്. ഇവയിൽ ഒന്നാമത്തേതു് ഒട്ടും ആശാസ്യമല്ലെന്നാണ് പണ്ഡിതമതം. അതു് അസ്വാഭാവികമാണ്. നമ്മുടെ മനസ്സിനു് പല അനുഭവങ്ങളും ഗോചരമായതിന്റെ ഫലമായിട്ടാണു് നാം ഓരോ സാമാന്യനിയമങ്ങൾ അനുമിക്കാൻ ഇടയായിട്ടുള്ളതു്. ഒരു ഉദാഹരണം പറയാം:—

റാന്തലിലെ തിരി അധികം പൊക്കുകയാണെങ്കിൽ ചിമ്മിനി (കണ്ണാടി) പൊട്ടിപ്പോകുന്നു. ചൂടുതട്ടിയാൽ ഘനവസ്തുക്കൾ വികസിക്കുമെന്നുള്ള തത്വം നമുക്കു അതിൽ നിന്നു് അനുമാനിക്കാം.

ഒരു കോപ്പ നിറയെ വെള്ളമെടുത്തു് അതിനെ അൽപം ചൂടുപിടിപ്പിച്ചാൽ വെള്ളം കോപ്പയിൽനിന്നു് വാന്നൊഴുകിത്തുടങ്ങും. ദ്രാവകങ്ങളും ചൂടുകൊണ്ടു് വികസിക്കുന്നു.

ഒരു ഫുട്ബാളിലോ സൈക്കിൾട്യൂബിലോ നിറയെ കാററുകയററി വെയിലിൽ—അല്ലെങ്കിൽ അടുപ്പിനടുത്തു—കൊണ്ടു വച്ചാൽ ശബ്ദായമാനമായ സ്ഫോടനമാണു് അനുഭവപ്പെടുന്നതു്. വാതകങ്ങളേയും വികസിപ്പിക്കാനുള്ള ശക്തി ചൂടിനുണ്ടു്.

പദാർത്ഥം ഏതവസ്ഥയിലിരുന്നാലും ചൂടുകൊണ്ടു് വികസിക്കുമെന്നുള്ള തത്വം പല അനുഭവങ്ങളിൽനിന്നും നാം ഗ്രഹിച്ചു.

ഈ ക്രമത്തിനു അനുഭവങ്ങളിൽനിന്നു് സാമാന്യതത്വങ്ങളിലേക്കും, ഏകരൂപമായ പല സാമാന്യതത്വ

ങ്ങളിൽനിന്ന് കൂടുതൽ വ്യാപകമായ തത്വഗ്രഹണത്തിലേക്കും ശിശുക്കളുടെ മനസ്സിനെ നയിക്കേണ്ടതാകുന്നു.

അല്പം ബുദ്ധിമുട്ടിയാൽ ശിശുക്കളെക്കൊണ്ടു തന്നെ സാമാന്യ നിയമഗ്രഹണം എളുപ്പത്തിൽ ചെയ്യിക്കാവുന്നതാണ്. പക്ഷേ, അതിലേക്ക് വലിയ ക്ഷമ കൂടിയേ തീരുകയുള്ളൂ. ചില വിദ്യാലയങ്ങളിൽ ചെയ്തുവരാറുള്ള നോട്ടു പറഞ്ഞുകൊടുക്കുന്ന സമ്പ്രദായം ഇതിനു നേരെ വിപരീതമാകുന്നു. പരീക്ഷണങ്ങൾ കാണിക്കാതെ നോട്ടുപറഞ്ഞുകൊടുത്ത്, കാണാതെ പഠിപ്പിച്ച് പരീക്ഷ ജയിപ്പിക്കുന്ന അദ്ധ്യാപകന്മാർ ശിശുമനസ്സിന്റെ കൊലപാതകികളാണ്. നേരേമറിച്ച് അവരെ കൊണ്ടുതന്നെ നോട്ടുകുറിപ്പിക്കയും സാമാന്യതത്വങ്ങൾ പറയിക്കയും ചെയ്യുന്നത് എത്ര ആശാസ്യതരമായിരിക്കും. യുക്തിയെ ഉത്തേജിപ്പിക്കുവാൻ അതിസമർത്ഥമായ മാർഗ്ഗമാണിതെന്നുള്ളതിൽ പക്ഷാന്തരമുണ്ടാകാനിടയില്ല!

യുക്ത്യുത്തേജനത്തിനുള്ള മറെറാരു പ്രധാനമാർഗ്ഗം ശരിയായ തീരുമാനങ്ങളിൽ എത്തിച്ചേരാനുള്ള വൈദഗ്ധ്യം അഭ്യാസംകൊണ്ടു അവക്കു നൽകുന്നതാകുന്നു. ഒരു തീരുമാനത്തിൽ എത്തിച്ചേരുക എന്നു് പറയുമ്പോൾ തീർച്ചയായും സന്ദേഹജനകമായ ഒരു പ്രശ്നം ഉണ്ടായിരിക്കേണ്ടതു അപരിഹാര്യമാണല്ലോ. സന്ദേഹമില്ലെങ്കിൽ പെട്ടെന്നു കാര്യബോധമുണ്ടാകയും ചിന്തിക്കേണ്ട ആവശ്യമില്ലാതായിത്തീരുകയും ചെയ്യുന്നു. ആദ്യഘട്ടങ്ങളിൽ ശിശുക്കൾക്കു ഇന്ദ്രിയവേദനാപരമായ പ്രശ്നങ്ങളെ അഭിമുഖീകരിക്കേണ്ടതുള്ളൂ എന്നു പറഞ്ഞുകഴിഞ്ഞിട്ടുണ്ടു്. വെളുത്ത പൂച്ചയെമാത്രം കണ്ടിട്ടുള്ള ഒരു ശിശു കരുമ്പൂച്ചയെക്കാണുന്നു. അതൊരു പൂച്ചയാണോ

അല്ലയോ എന്നുള്ളത് അവനൊരു പ്രശ്നമാണ്. ഒരു കിരീടത്തെ ആദ്യമായിക്കാണുന്ന ഒരു ശിശുവിന് അതൊരു പൂച്ചയാണോ എന്നുള്ളത് ഒരു പ്രശ്നമായിരിക്കും. പ്രായമാകുന്തോറും പ്രശ്നങ്ങളുടെ സ്വഭാവം മാറുന്നു. ഭാവനാത്മകമായ പ്രശ്നങ്ങളെ വിവരിച്ചുകഴിഞ്ഞിട്ടുണ്ട്. വിദൂരമോ വിദേയോ അനനുഭൂതമായിട്ടില്ലാത്ത വിഷയങ്ങളേയോകുറിച്ചു ചിന്തിക്കുവാൻ ബാല്യത്തിന്റെ അന്ത്യഘട്ടംവരെ ശിശുക്കൾക്ക വിഷമമായിരിക്കയേ ഉള്ളൂ. ജീവിതവുമായി പൊരുത്തമുള്ളവയും യാഥാർത്ഥ്യത്തിൽനിന്നു അകന്നിട്ടില്ലാത്തവയുമായ പ്രശ്നങ്ങൾ ശിശുക്കളുടെ മുമ്പിൽ ആവിർഭവിപ്പിക്കേണ്ടതു് പ്രായമായവരുടെ കടമയാണ്. വിദ്യാലയങ്ങളിൽ ചരിത്രപാഠങ്ങൾക്കും സാഹിത്യത്തിനും, വിശിഷ്യ രചനയ്ക്കും ഈ കൃത്യം സമർത്ഥമായി നിർവ്വഹിക്കാം.

പ്രശ്നം പ്രത്യക്ഷമായിക്കഴിഞ്ഞാൽ സമാധാനം കണ്ടുപിടിക്കാനുള്ള ശ്രമം മനസ്സു നടത്തിത്തുടങ്ങും. സന്ദേഹത്തിനു കാരണമാക്കിയ വസ്തുസ്ഥിതികളുടെ ഗുണദോഷവശങ്ങളെ ചർച്ച ചെയ്യാനാണ് ഉദ്യമം നടക്കുന്നതു്. വിവേചന കൊണ്ടു് ആവശ്യമായ തെളിവുകളെ ശേഖരിക്കയും അല്ലാത്തവയെ ഉപേക്ഷിക്കയും ചെയ്യുന്നതിന് വളരെ തിരിച്ചറിവും, സൂക്ഷ്മതയും, നിരീക്ഷണ സാമർത്ഥ്യവും, ന്യായചാതുര്യവും സമ്പാദിച്ചിരിക്കേണ്ടതു് അത്യാവശ്യമാണ്. അഭ്യാസം കൊണ്ടല്ലാതെ ഇതു് സാദ്ധ്യവുമല്ല. അതേ മാതിരിയുള്ള സന്ദർഭങ്ങൾ അതിനു മുമ്പു് അഭിമുഖീകരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിൽ സ്വീകരിക്കേ

ണ്ട മാറ്റങ്ങളും സൂചനകളും നിർദ്ദേശങ്ങളും നിയോഗങ്ങളും മററും ഒന്നിനൊന്നിനു പുറകിലായി അതിവേഗത്തിൽ മനസ്സിൽ പാഞ്ഞുകയറും. അടുക്കും മുറയുമൊന്നുമില്ലാതെ തള്ളിക്കയറുന്ന ഇവയെ ക്രമപ്പെടുത്തി സ്വീകാര്യമാക്കുന്നതു് ഭാവനയും വിവേചനയും കൂടിയാണു്. തീരുമാനമുണ്ടാകുന്നവരെയും—അതു് തൃപ്തികരമാണെന്നു് വ്യക്തിക്കു ബോധ്യമാകുന്നതു വരെയും—(അതു് ശരിയായിരിക്കണമെന്നില്ല)—ഇമ്മാതിരി വാദപ്രതിവാദങ്ങൾ മനസ്സിൽ നടക്കുന്നതാണു്. ഹാർവി കാർ (Harvy Carr) എന്ന പണ്ഡിതൻ പല പരീക്ഷണങ്ങളും നടത്തിയിട്ടു് അഭിപ്രായപ്പെടുന്നതു്, "ശിശുക്കൾ ഏതെങ്കിലും ഒരു തീരുമാനത്തിൽ എത്തിച്ചേരുന്നതു് പ്രായേണ ആകസ്മികമായിട്ടാണെന്നും, ഏതെങ്കിലും ക്രമമനുസരിച്ചോ ഐകരൂപ്യത്തോടുകൂടിയോ അല്ല അവർ പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നതെന്നും അവക്കു സമാധാനം ഏതു വിധത്തിൽ എന്തുസമയത്തിനുള്ളിൽ കിട്ടുമെന്നു മുൻകൂട്ടി പറയുവാൻ സാധിക്കുന്നതല്ലെന്നു"മാകുന്നു.

ലോകപരിചയം നേരിട്ടോ ഗ്രന്ഥപാരായണം കൊണ്ടോ സംസിദ്ധമാകുന്നതോടുകൂടി സമുചിതസമാധാനങ്ങളിൽ എത്തിച്ചേരുവാൻ വേണ്ട പ്രാപ്തി ശിശുക്കൾക്കുണ്ടാകുന്നു പ്രായമായവർ ശ്രദ്ധിക്കേണ്ട ഒരു പ്രധാന കാര്യം തങ്ങൾ ഒരിക്കലും തെററു പററാത്ത സർവ്വജ്ഞരാണെന്നു് ഭാവിയ്ക്കാതേയും അപ്രകാരമൊരു ബോധം ശിശുക്കളിൽ ഉറയ്ക്കാൻ, അവസരം ഉണ്ടാക്കാതേയും ഇരിക്കുവാൻ ശ്രമിക്കുന്നതാകുന്നു. കുട്ടികൾ ചോദ്യം കൂടാതെ

സകലതും കണ്ണടച്ചു വിശ്വസിക്കുകയും അനുസരിക്കയും ചെയ്തുകൊള്ളണമെന്നുള്ള പൗരാണികനിർദ്ദേശം സംശയങ്ങൾകൊണ്ടും ചോദ്യങ്ങൾകൊണ്ടും ശിശുക്കളുടെ മനസ്സ് വളരണമെന്നുള്ള ആദർശം സ്വീകരിച്ചിരിക്കുന്ന ഈ ശാസ്ത്രയുഗത്തിന് തീരെ ചേരുന്നതല്ല. മാതാപിതാക്കന്മാരുടേയും ഗുരുക്കന്മാരുടേയും അഭിപ്രായങ്ങളും നിശ്ചയങ്ങളും സംശയിക്കാനും ചോദ്യം ചെയ്യാനും പാടുള്ളവയല്ലെന്ന് നിരന്തരമായി ചിന്തിക്കുന്നതിൻെറ ഫലമായി സ്വാഭിപ്രായങ്ങളും നിശ്ചയങ്ങളും അതുപോലെ വ്യതിചലിപ്പിക്കാൻ പാടില്ലാത്തവയായിരിക്കണമെന്നുള്ള ഒരു ദുശ്ശാഠ്യമനോഭാവം അവൎക്കുണ്ടായേക്കാവുന്നതാണ്. മർക്കടമുഷ്ടികളും കീറാമുട്ടികളുമായി, യാഥാസ്ഥിതികത്വത്തിൻെറ പൈശാചികമായ പിടിയിൽനിന്ന് ഇഞ്ചുപോലും മുമ്പോട്ടുനങ്ങുവാൻ കെല്പില്ലാത്തവരായി, സജ്ജനനിന്ദ്യരായി ജീവിക്കുന്ന മിക്കവ്യക്തികളുടേയും ചരിത്രം പരിശോധിച്ചാൽ ഇമ്മാതിരിയുള്ള മാതാപിതാക്കന്മാരുടേയും ഗുരുക്കന്മാരുടേയും ദുഷ്പ്രേരണ പിന്നണിയിൽ നിലകൊള്ളുന്നതു് കാണാവുന്നതായിരിക്കും എന്നാൽ നാലഞ്ചുവയസ്സുവരെ അതായതു് സ്വതന്ത്രചിന്താശക്തി ശിശുക്കളിൽ അങ്കുരിച്ചിട്ടില്ലെന്ന് ബോധ്യമാകുന്നതുവരെ, മാതാപിതാക്കന്മാരുടെ സർവ്വജ്ഞഭാവം അവലംബിക്കുന്നതിൽ വലിയ ദോഷമൊന്നും പററാനില്ല. വിവേചനയും യുക്തിയും ആവിർഭവിച്ചശേഷവും ആ ധാരണ പുലർത്താനുള്ള ശ്രമമാണ് അയുക്തം. അതുകൊണ്ടു് മറെറാരു വലിയ ദൂഷ്യം കൂടി പററിയേക്കാൻ എളുപ്പമുണ്ടെന്നാണ് അനുഭവസ്ഥ

ന്മാരുടെ അഭിപ്രായം. മാതാപിതാക്കന്മാർ ഒന്നുകൊണ്ടും പിഴയ്ക്കാത്തവരാണെന്നുള്ള ദൃഢബോധത്തോടുകൂടി അവരുടെ മാനസികശക്തികളെത്തന്നെ ആശ്രയിക്കുന്ന കുട്ടികളുടെ സ്വാശ്രയശക്തി പലപ്പോഴും നശിച്ചുപോകുന്നു. തൽഫലമായി കുറച്ചുകാലം കഴിയുമ്പോൾ മാതാപിതാക്കന്മാർക്ക് അബദ്ധം പിണയുന്നതു് അനുഭവംകൊണ്ടു് ബോദ്ധ്യമായാലും തങ്ങളിലുറച്ചിട്ടുള്ള അന്യാഭിപ്രായാവലംബനത്തിന്റെ പ്രേരണയാൽ, സർവ്വജ്ഞത്വം ഭാവിച്ചു ഞെളിയുന്ന മറെറാരു കൃട്ടരായ ഗുരുക്കന്മാരിലോ ഗ്രന്ഥകാരന്മാരിലോ വിശ്വാസത്തെ അവർ സമർപ്പിക്കുകയും അവരുടെ വലയിൽ പെട്ടു് പലപ്പോഴും ആപൽക്കരമായ അഭിപ്രായങ്ങൾ രൂപവൽക്കരിക്കുന്നതിനു് ഇടയാകുകയും ചെയ്യാറുണ്ടു്. ഇങ്ങനെ ചിന്താപാരതന്ത്ര്യം വളർത്തുന്ന ശൂന്യമനോഭാവത്തെ മാതാപിതാക്കന്മാർ നിശ്ശേഷം ഉപേക്ഷിക്കേണ്ടതാണു്. അധികാരത്തിനെക്കാൾ സത്യത്തെ ബഹുമാനിക്കുന്നവരായി ശിശുക്കൾ വളർന്നു വരണമെന്നു് ആഗ്രഹിക്കുന്ന മാതാപിതാക്കന്മാർ യാതൊരു മടിയും വൈമനസ്യവും കൂടാതെ സ്വന്തം പോരായ്മകളും അബദ്ധങ്ങളും അവരോടു തുറന്നു പറയുവാൻ സന്നദ്ധരാകതന്നെ വേണം. ഏതാദൃശാവസരങ്ങളെ പാഴിലാക്കാതിരിക്കുവാൻ ബുദ്ധിശാലികളായ പ്രായമായവർ മനഃപൂർവ്വം ചിന്തിക്കേണ്ടതാകുന്നു.

ഇങ്ങനെ ശിശുക്കളുടെ നിരീക്ഷണസാമർത്ഥ്യത്തെ സൂക്ഷ്മമാക്കിയും, പ്രായോചിതമായ വിജ്ഞാനം ശാസ്ത്രയുക്തമായ മാർഗ്ഗങ്ങൾ മുഖേന പ്രദാനംചെയ്തും, യുക്തിയെ

ഉത്തേജിപ്പിച്ചും ചിന്താശക്തിയെ വികസ്വരവും ഭാസുരവുമാക്കുവാൻ പ്രായമായവർ ഉത്തരോത്തരം പ്രയത്നിക്കേണ്ടതാകുന്നു.

എന്നാൽ ചിന്താശക്തിയെ വഴിപിഴപ്പിക്കുന്ന മറെറാരു സമുജ്ജ്വലശക്തി മനുഷ്യമനസ്സിൽ കുടികൊള്ളുന്നുണ്ടു്. ചിന്തയേയും ബുദ്ധിയേയും വിജ്ഞാനത്തേയും എല്ലാം വ്യതിചലിപ്പിക്കാൻ അതു് പ്രഗത്ഭമാണു്. മതിഗതികളെല്ലാം സ്വാധീനമാക്കുവാനുള്ള സാമർത്ഥ്യം അതിനു അന്യാദൃശമായുണ്ടു്. ചിന്തയുടെ ജനകപദവിപോലും നൽകപ്പെട്ടിട്ടുള്ള അതു് വികാരശക്തിയല്ലാതെ മറെറാന്നുമല്ല. ശിശുമനസ്സിലുള്ള വികാരശക്തിയുടെ സ്വഭാവംകൂടി പരിഗണിച്ചെങ്കിലേ അവൻെറ മനസ്സിനെക്കുറിച്ചുള്ള പരിഗണന പൂർത്തിയാകയുള്ളൂ.

---

## അദ്ധ്യായം ൨൦

# ശിശുവിൻെറ വികാരശക്തി.

മനസ്സിൻെറ സ്വഭാവം വിവരിച്ചപ്പോൾ ബോധം, വികാരം, ഇച്ഛ എന്നു മൂന്നു ഗുണങ്ങൾ മനസ്സിനുള്ളതായി പറഞ്ഞുവല്ലോ. ഏതെങ്കിലും ബോധത്തിൻേറയോ ഇച്ഛയുടേയോ ഫലമായി മനസ്സിനുണ്ടാകുന്ന ഭാവഭേദമാണു് വികാരമെന്നു് വിളിക്കപ്പെടുന്നതു്. ഏതുവിചാരത്തിൻേറയും പിന്നിൽ ഒരു വികാരം ഉണ്ടായിരിക്കണം എന്നുള്ളതു് ഒഴിച്ചുകൂടാത്തതാണു്. വിചാരം ഉത്ഭവിക്കുന്നതുതന്നെ വികാരോല്പത്തിക്കു ശേഷമാണെന്നാണു് ചിലരുടെ അഭിപ്രായം. സ്നേഹിതൻ മരിച്ചു എന്ന വാർത്ത അറിഞ്ഞാലുടൻ ഒരാളിൻെറ മനസ്സിൽ വികാരമാണു് ഉണ്ടാകുന്നതെന്നും തൽഫലമായി വിചാരങ്ങൾ ജനിക്കുന്നു എന്നുമാണു് ഇവരുടെ വാദം. ത്ക്കവിഷയമായ ഇതു് ഇവിടെ കൂടുതൽ ചിന്തിക്കേണ്ട ആവശ്യമില്ല. വികാരത്തിൻെറ ശക്തിപ്രഭാവം അപ്രതിമമാണെന്നു് എല്ലാവരും അഭിപ്രായപ്പെടുന്നു. മനസ്സിൽ നിരന്തരമായി വികാരങ്ങൾ പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കയാണു്. വിചാരത്തിനും ഇച്ഛയ്ക്കും വേണ്ട ശക്തി പ്രദാനംചെയ്യുന്നതു് ഇവതന്നെയാകുന്നു. മനുഷ്യനുണ്ടായിട്ടുള്ള സകല സാംസ്കാരികമായ ഉയർച്ചകൾക്കും നിദാനം വികാരശക്തിയാണെന്നാണു് പണ്ഡിതന്മാരുടെ ഐകകണ്ഠ്യമായ അഭിപ്രായം.

വികാരങ്ങളെ പൊതുവെ രണ്ടായി വിഭജിക്കാം. സുഖകരങ്ങൾ; ദുഃഖകരങ്ങൾ എന്ന്. ഏററവും മൗലികമായ വികാരങ്ങൾ സുഖവും ദുഃഖവുമാണ്. അവയെ വീണ്ടും വിഭജിക്കാൻ കഴിയുന്നതല്ല. പലവിധത്തിലും പല പടിയിലുമുള്ള സുഖങ്ങളും ദുഃഖങ്ങളുമുണ്ടാകാം. എന്നാൽ സുഖം അല്ലെങ്കിൽ ദുഃഖം എന്ന മാനസികാവസ്ഥയെ വീണ്ടും പല ഘടകങ്ങളായി അപഗ്രഥിക്കാവുന്നതല്ല.

വികാരങ്ങൾ പലതും ജനനംതുടങ്ങിത്തന്നെ പ്രത്യക്ഷപ്പെടുന്നുണ്ടെന്ന് സൂചിപ്പിച്ചിട്ടുണ്ട്. എല്ലാ വികാരങ്ങളുടേയും ബീജങ്ങൾ ശിശുക്കളിലുണ്ട്. എന്നാൽ സ്വാർത്ഥമാത്രതല്പരരായ അവരിൽ സ്വാർത്ഥവികാരങ്ങൾ മാത്രമേ ആദ്യഘട്ടങ്ങളിൽ വികസിക്കുകയുള്ളൂ. തനിക്കു സുഖമുണ്ടാകണമെന്നും ദുഃഖങ്ങൾ ഇല്ലാതാകണമെന്നുമുള്ള വിചാരം അവരുടെ സകലപ്രവർത്തനങ്ങളേയും പ്രചോദിപ്പിക്കുന്നു. അന്യർ എങ്ങനെ വിഷമിച്ചാലും വേണ്ടുകില്ല; അവർക്കതു നോട്ടമേ ഇല്ല. 'തൻകാര്യം പൊൻകാര്യം' എന്നതാണ് അവരുടെ നയം. ഈ മനോഭാവം ഏററവും ആപൽക്കരംതന്നെയാണല്ലോ. ഇതു മാററി നിസ്വാർത്ഥത അവരിൽ ആവിഷ്കരിക്കാനാണ് പ്രായമായവർ പരിശ്രമിക്കേണ്ടതു്.

വികാരങ്ങളിൽ മിക്കവയും സഹജങ്ങളാണെന്നുവരികിലും അവസരം കിട്ടിയാൽ മാത്രമേ അവ വികസിച്ചു് വളരുന്നുള്ളു. അതുവരെ മസ്തിഷ്കത്തിലും പ്രജ്ഞാധമനികളിലുമുള്ള സ്വസ്ഥാനങ്ങളിൽ അവ മറഞ്ഞിരുന്നുകൊള്ളുന്നു. പ്രായമായവരിൽ വിചാരങ്ങളാണ് അവയെ

ഇളക്കിവിടുന്നതു്. ദുഷിച്ച വികാരങ്ങളെല്ലാം ദുഷിച്ചവിചാരങ്ങളുടെ ഫലമായിട്ടാണുണ്ടാകുന്നതു്. ദുർവികാരങ്ങളെ നിയന്ത്രിക്കണമെങ്കിൽ ദുഷ്ചിന്തകളെ നിയന്ത്രിച്ചാൽമതി. ആ വിഷയത്തിൽനിന്നു് ചിന്താഗതിയെ അകററുക; ശ്രദ്ധയെ ഇതരപന്ഥാവിലേയ്ക്കു തിരിയ്ക്കുക; ഉത്തമ ചിന്തകൾ ആവിഷ്കരിക്കുക; ഈ വഴിയല്ലാതെ വികാരനിയന്ത്രണത്തിന്നു് വേറെ മാർഗ്ഗങ്ങളൊന്നും ഉള്ളതായി അറിയുന്നില്ല. ഇതെല്ലാം എളുപ്പത്തിൽ പറഞ്ഞുകഴിഞ്ഞു. പക്ഷെ, പ്രവൃത്തിപഥത്തിൽ കൊണ്ടുവരാൻ ഒട്ടും എളുപ്പമില്ല. ഊർജ്ജസ്വലമായ ഇച്ഛാശക്തിയാണു് അതിന്നു് അത്യന്താപേക്ഷിതം. വലത്തുകരണത്തിലടിച്ചാൽ ഇടത്തുകരണവും കാണിച്ചുകൊടുക്കണമെന്നുള്ള ക്രിസ്തുദേവൻെറ നിയമംപോലെ കോപവികാരനിയന്ത്രണത്തിന്നു് പാററിയ ഉപദേശം മറെറന്താണുള്ളതു്? എങ്കിലും അതുപോലെ പ്രവൃത്തിപഥത്തിൽ കൊണ്ടുവരാവുന്ന മറേറതെങ്കിലും ആദർശമുണ്ടോ എന്നു സംശയമാണു്. ക്രിസ്തുവിനെപ്പോലുള്ള ജിതേന്ദ്രിയന്മാർക്കു അതു സാധിക്കുമായിരിക്കാം. സാധാരണക്കാർക്കു അസാദ്ധ്യമെന്നുതന്നെ പറയേണ്ടിയിരിക്കുന്നു. വികാരങ്ങളെക്കുറിച്ചു് നാം ചിന്തിക്കാനാരംഭിച്ചാൽമതി, അവ പെട്ടെന്നു് വളൎന്നുകിളൎന്നുകൊള്ളും. ചിന്തയാണു് അവയുടെ വളം.

'ധ്യായതേ വിഷയാൻ പുംസഃ
സംഗസ്തേഷൂപജായതേ
സംഗാൽ സംജായതേ കാമഃ
കാമാൽ ക്രോധോഽഭിജായതേ'

എന്ന ഉപനിഷദ്വചനം ഈ തത്ത്വത്തെ എത്ര ഭംഗിയായിട്ടാണ് വിശദമാക്കുന്നത്. 'മനുഷ്യൻ ഏതെങ്കിലും വിഷയങ്ങളെക്കുറിച്ച് ചിന്തിക്കുന്നതിന്റെ ഫലമായി അവയിൽ സംഗം ജനിക്കുന്നു. സംഗത്തിൽനിന്നാണ് കാമം ഉണ്ടാകുന്നത്. കാമം ക്രോധത്തിന് ഹേതുവാകുന്നു' ചിന്തകൊണ്ടു് വികാരങ്ങളെ ജനിപ്പിക്കാൻ കഴിയുന്നപോലെ ചിന്തകൊണ്ടു് അവയെ ജയിക്കാനും കഴിയുന്നു.

ശിശുക്കളിലാകട്ടെ, ഓരോ പ്രത്യേക പരിതഃസ്ഥിതികളുടെ പ്രചോദനത്താലാണ് ഓരോ വികാരവും ആവിർഭവിക്കുവാനും വികസിക്കുവാനും ശീലമായി രൂപപരിവർത്തനം സംഭവിക്കുവാനും ഇടയാകുന്നത്. ഉദാഹരണമായി അസാധാരണവും വികൃതവുമായ ഒരു രൂപം ദർശിക്കാനിടയാകുന്ന ഒരു കുട്ടിയിൽ ഭയവികാരം അങ്കുരിക്കുന്നതിനിടയാകുന്നു. രൂപം അപ്രത്യക്ഷമാകുമ്പോൾ അവന്റെ ഭയം മാറിപ്പോകും. എന്നാൽ ഭീഷണിപ്പെടുത്തുന്ന പല അനുഭവങ്ങളും ഉണ്ടാകുന്നതിന്റെ ഫലമായി ഒരു ശിശു ഭയശീലനായി തീർന്നേക്കാവുന്നതാണ്. അതായതു് ഭീഷാജനകമായ രൂപങ്ങളുടെ അഭാവത്തിലും, അകാരണമായും അവൻ ഭയം പ്രകടിപ്പിക്കുന്ന സ്വഭാവമുള്ളവനായേക്കാം. (പ്രായമായവരും ഇമ്മാതിരി വികാരശീലന്മാരായിപരിണമിക്കാറുണ്ട്. ഉദാഹരണമായി ചില കാമികളെ പറയാം. ഇക്കൂട്ടർ കാമജനകമായ വ്യക്തികളുടെ അസാന്നിധ്യത്തിലും വികാരപരവശരായിത്തീരുന്നു. അവർ ചുററുപാടുകളുണ്ടാക്കാൻ പെട്ടന്ന പാട്ടുകൾ വിസ്ത

യനീയങ്ങളാണു്. ഇങ്ങനെ വികാരങ്ങളുടെ അടിമകളായി വികാരശീലരായി പരിണമിക്കുന്നവക്കു അവയുടെ ബലിഷ്ഠമുഷ്ടിയിൽനിന്നു് മോചനം ലഭിക്കാൻ വലിയ ബുദ്ധിമുട്ടുണ്ടു്. ശിശുക്കളെ സൂക്ഷ്മമായി പരിശോധിച്ചു്, അവർ വികാരങ്ങളുടെ ഇരകളായി പരിണമിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതു് പ്രായമായവരുടെ കത്തവ്യമാണു്.

ഉത്തമ വികാരങ്ങൾ അവരിൽ വളത്തുവാനും ശ്രമിക്കണം. സ്നേഹം, കരുണം, തുടങ്ങിയ വികാരങ്ങൾക്കു സ്വഭാവരൂപവൽക്കരണത്തിൽ മഹനീയമായ സ്ഥാനമാണുള്ളതെന്നകാര്യം വിസ്മരിക്കത്തക്കതല്ല.

വികാരങ്ങളുടെ മൂലബീജങ്ങളായി ചില സഹജവാസനകളുണ്ടെന്നു് കാണാം. ഈ സഹജവാസനകളുടെ സ്വഭാവം പരിശോധിക്കാതെ ഈ വിഷയത്തെക്കുറിച്ചു് കൂടുതൽ ചിന്തിക്കാവുന്നതല്ല.

L 339

---

## അദ്ധ്യായം ൨൮

## സഹജവാസനകൾ.

അശിക്ഷിതമായും അകൃത്രിമമായും ശിശുക്കളിൽ പ്രകടമാകുന്നവയും നൈസർഗ്ഗികവികാരങ്ങൾക്കു കാരണമാകുന്നവയുമായ സഹജ പ്രകൃതിവിശേഷങ്ങളെയാണ് സഹജ വാസനകൾ എന്നു വിളിക്കപ്പെടുന്നതു്. ഉദാഹരണം—ലൈംഗികവാസന. ഇതു് ഇച്ഛാശക്തിയ്ക്കു് അനധീനമായി ആവിർഭവിക്കയും (പ്രായേണ) ഇച്ഛാശക്തികൊണ്ടു് നിയന്ത്രിക്കാൻ വിഷമമായിരിക്കയും ചെയ്യുന്നു. ചുററുപാടുകളുടെ പ്രേരണകൊണ്ടു് ഇതിനെ മാററിക്കളവാൻ കഴിയുന്നതല്ല. സ്നേഹം, ദേഷ്യം, കാമം, അസൂയതുടങ്ങിയ പല വികാരങ്ങളേയും ഇതു് ജനിപ്പിക്കുന്നുണ്ടു്. ഉപബോധമനസ്സിന്റെ ഗഹനതയിൽ നിന്നുതന്നെയായിരിക്കണം സഹജവാസനകളെല്ലാം ഉദിച്ചുയർന്നുവരുന്നതു്.

സഹജവാസനകളെ ആഭ്യന്തരബീജങ്ങൾ എന്നും ബാഹ്യബീജങ്ങൾ എന്നും രണ്ടായി തരം തിരിക്കാം.

ആഭ്യന്തരമായ പ്രചോദനങ്ങൾ മൂലം ആവിർഭവിക്കുന്നവയാണ് ആഭ്യന്തരബീജങ്ങൾ. സുഖങ്ങൾ ലഭിക്കുന്നതിലേക്കും ലഭിച്ചാൽതുടരുന്നതിലേക്കും ചെയ്യുന്ന പ്രയത്നങ്ങൾക്കു നിദാനം ഈ ഇനത്തിൽ പെട്ട വാസനകളാണ്. ഉദാഹരണം, പൈദാഹശമനവാസന, ലൈം

ഗികവാസന. ബാഹ്യമായ പ്രേരണയൊന്നുമില്ലെങ്കിലും ഇവ യഥാകാലം ഉത്ഭവിക്കുന്നു. ഭക്ഷ്യപാനീയങ്ങൾ ലഭിച്ചില്ലെങ്കിലും വിശപ്പും ദാഹവും ഉണ്ടാകുന്നുണ്ട്. ലൈംഗികവാസനയുടെ സ്വഭാവവും ഇതുതന്നെയാണ്. സുഖം സമ്പാദിക്കണമെന്നുള്ളതാണ് ഈയിനം വാസനകളുടെ സ്വഭാവം; അതുകൊണ്ട് സുഖാന്വേഷണവാസനകൾ എന്നും ഇവയെ വിളിക്കാറുണ്ട്.

ബാഹ്യമായ വസ്തുക്കളോ സന്ദർഭങ്ങളോ ജനിപ്പിക്കുന്നവയും അവയുടെനേക്ക് പ്രത്യാഘാതശക്തിയുള്ളവയുമായ സഹജവാസനകളാണ് ബാഹ്യബീജങ്ങൾ. ഉദാഹരണം, ഭീഷണിപ്പെടുത്തുന്ന ഒരു വസ്തുവോ സന്ദർഭമോ ദർശിക്കുന്ന മാത്രയിൽ ഭയവികാരം ഉളവാകുകയും അതോടൊന്നിച്ച് ആ വസ്തുവിൽനിന്നോ സന്ദർഭത്തിൽനിന്നോ ഓടിരക്ഷപ്പെടാനോ അല്ലെങ്കിൽ എതിർക്കാനോ ഉദ്യമിക്കയും ചെയ്യുന്നു. ഈയിനം സഹജവാസനകളുടെ ഫലമായുണ്ടാകുന്ന വികാരങ്ങളുടെ നേക്കുപ്രത്യാഘാതം പ്രകടിതമാകുന്നതിനാൽ ഇവയെ പ്രത്യാഘാതവാസനകൾ എന്നും വിളിക്കാറുണ്ട്.

സഹജവാസനകളെന്ന് പ്രഥമവീക്ഷണത്തിൽ തോന്നുന്നപലതും സഹജമല്ലെന്നും കൃത്രിമസമ്പാദിതമാണെന്നും സൂക്ഷ്മപരിശോധനയിൽ വ്യക്തമാകും. ജനനംമുതൽ ചുററുപാടുകളിൽനിന്നുള്ള പലപ്രേരണകളും ശിശുക്കൾക്കുണ്ടാകയും അവ അവരെബലമായിബാധിക്കുകയും സഹജവാസനകളെ എളുപ്പത്തിൽ കൃത്രിമാംശങ്ങളുമായി കലർത്തി തിരിച്ചറിവാൻ കഴിയാത്തവിധം സമ്മിശ്രമാക്കിത്തീർക്കുകയും ചെയ്യുമെന്നാണ് ജെയിംസ്തുടങ്ങിയ ശാസ്ത്രകാ

രന്മാരുടെ അഭിപ്രായം. 'ഭയം' ഉദാഹരണമാണ്. ശൈശവത്തിന്റെ ആദ്യഘട്ടങ്ങളിൽ ശിശുക്കൾക്കു യാതൊരു ഭയവും കാൺകയില്ല. ക്രമേണ ഇരുട്ടിൽ ഭയം, ജന്തുക്കളിൽഭയം, "പൂച്ചി" ഉമ്മാക്കാൻ" തുടങ്ങിയ വാക്കുകളിൽ ഭയം മുതലായ പല ഭയങ്ങളും ആവിർഭവിക്കുന്നുണ്ടു്. ഇവയെല്ലാം കൃത്രിമോല്പാദിതങ്ങളാണെന്നുള്ളതു് തീർച്ചയാണു്. നിയന്ത്രിതമായ ചുററുപാടുകളിൽ ജീവിക്കുന്ന കുട്ടികളെ ഈ വിധത്തിലുള്ള യാതൊരു ഭയവും ബാധിച്ചു കാൺന്നില്ല. അച്ഛനമ്മമാരോടുള്ള സ്നേഹം മറെറാരുദാഹരണമാണു്. ഇതു് ജന്മസിദ്ധമാണെന്നു് പ്രഥമവീക്ഷണത്തിൽ തോന്നിയേക്കാം. എന്നാൽ ജനനനിമിഷത്തിൽ തന്നെ മാതാപിതാക്കന്മാരിൽ നിന്നു് ശിശുക്കളെ അകററിത്താമസിപ്പിക്കാനിടയാകുന്ന ചില സന്ദർഭങ്ങൾ ഉണ്ടാകാറുണ്ടു്. ഏതാനും വർഷങ്ങൾ കഴിഞ്ഞു് മാതാവോ പിതാവോ അവരുമായി സമാഗമിക്കാനിടയാമ്പോൾ, കൃത്രിമമായ കഥകളോ മറേറാ കൊണ്ടു് അവരിൽ ജനകജനനിമാരോടുള്ള സ്നേഹം ആരെങ്കിലും ആവേശിപ്പിച്ചിട്ടില്ലാത്തപക്ഷം അവർ സ്നേഹവിരഹിതരായി മാത്രമേ കാണപ്പെടുകയുള്ളൂ. അനുഭവപ്പെട്ടിട്ടുള്ള ഒരു ദൃഷ്ടാന്തം പറയാം.

ആഢ്യകുലജാതയായ ഒരു ഹിന്ദുവിദ്യാർത്ഥിനി ഒരു സഹപാഠിയുടെ വലയിൽപെട്ടു് ഗർഭിണിയായിത്തീൎന്നു. മാനഭംഗം ഭയന്ന മാതാപിതാക്കന്മാർ ദൂരദേശത്തൊരിടത്തു് അവളെ കൊണ്ടുപോയി ക്രിസ്ത്യാനിയായ ഒരു മിഡ്‌വൈഫിന്റെ ഗൃഹത്തിൽ താമസിപ്പിച്ചു. പ്രസവശേഷം

ശിശുവിനെ ഒരു നല്ല തുകയുമൊത്ത് മിഡ്‌വൈഫിനു സമ്മാനിച്ചിട്ട് അവർ യാത്രയായി. അചിരേണ ഒരു ആഢ്യഹിന്ദുയുവാവുമായി ആ യുവതി വിവാഹിതയായി. ആറുവർഷത്തോളം കഴിഞ്ഞിട്ടും അവർക്കു സന്താനലാഭമുണ്ടായില്ല. കാകവന്ധ്യയായ ആ സ്ത്രീയ്ക്കു സ്വപുത്രനെ ഒന്നു കണ്ടാൽകൊള്ളാമെന്നുള്ള അതിമോഹംമൂലം, ഭർത്താവ് വിദേശയാത്രയ്ക്കു പോയിരുന്ന അവസരം നോക്കി ചില ബന്ധുക്കളുമൊത്ത് യാത്രചെയ്ത് മിഡ്‌വൈഫിന്റെ ഗൃഹത്തിൽചെന്നു. മാതാവിന്റെ കാര്യമൊന്നും അറിയാതെ വളൎന്നുവന്ന 'ജോണിന്' കേവലം ഒരു അപരിചിതയുടെ നേൎക്കുള്ള മനോഭാവം മാത്രമേ വിദേശവേഷമണിഞ്ഞും അപരിചിതഭാഷ സംസാരിച്ചുകൊണ്ടും പ്രത്യക്ഷപ്പെട്ട ആ സ്ത്രീയുടെ നേൎക്ക് ഉണ്ടായുള്ളു. അവളുടെ സ്നേഹമസൃണമായ ചുംബനങ്ങളെല്ലാം കേവലം ശൈത്യഭാവത്തോടുകൂടി മാത്രമാണ് അവൻ സ്വീകരിച്ചതു്. 'കോന്തേ!'' 'മോനേ!'' എന്നൊക്കെ വാത്സല്യപൂൎവ്വം മനമഴിഞ്ഞു് ആ മാതാവ് സംബോധന ചെയ്തതെല്ലാം അവന് അനിഷ്ടകരവും അസുഖജനകവും മാത്രമായിരുന്നു എന്നാണ് ആ മിഡ്‌വൈഫ് തന്നെ പറഞ്ഞറിഞ്ഞതു്. പ്രായമായി മാതാവിന്റെ യഥാർത്ഥ്യങ്ങൾ ഗ്രഹിക്കാനുള്ള കെല്പും ഉണ്ടായിക്കഴിയുമ്പോൾ ജോൺ ആ മാതാവിനെ സ്നേഹത്തോടുകൂടിയോ, അതല്ല നിന്ദാപുരസ്സരമോ വീക്ഷിക്കുന്നതെന്നു കണ്ടറിയേണ്ടതായിത്തന്നെ ഇരിക്കുന്നു.

സഹജവേഗങ്ങളുടേയും അവയുടെ ഫലമായുണ്ടാകുന്ന വികാരങ്ങളുടേയും സ്വഭാവം മനസ്സിലാക്കുവാൻ

പല പരിശോധനകളും നടത്തപ്പെട്ടിട്ടുണ്ട്. ജനനസമയത്തോ അല്ലെങ്കിൽ ജനനശേഷം ചുററുപാടുകളിൽ നിന്നു് പഠിക്കുവാനുള്ള സൗകര്യങ്ങൾ ലഭിക്കുന്നതിനു മുമ്പോ പ്രത്യക്ഷപ്പെടുന്ന വാസനകളെ മനസ്സിലാക്കുവാൻ ശരിയായ നിയന്ത്രണത്തിനു് വിധേയരാക്കി ശിശുക്കളെ വളർത്തേണ്ടതു് അത്യാവശ്യമാകുന്നു. ഇതിലേയ്ക്കായി പാശ്ചാത്യരാജ്യങ്ങളിൽ പല സ്ഥാപനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ടു്. ലെനിൻഗ്രാഡിലെ മസ്തിഷ്കഗവേഷണശാല ഇക്കൂട്ടത്തിൽ വളരെ പ്രശസ്തമാണു്. ഗവേഷണാർത്ഥം പ്രസവാശുപത്രികളിൽനിന്നു് മാതാക്കളേയും ശിശുക്കളേയും കൊണ്ടുപോയി രണ്ടുവർഷം തുടർച്ചയായി അവിടെത്തന്നെ താമസിപ്പിക്കാറുണ്ടു്. സഹജവാസനകളെക്കുറിച്ചു് വിജ്ഞേയമായ പല തത്വങ്ങളും ഗ്രഹിക്കുവാൻ കഴിഞ്ഞിട്ടുണ്ടു്. അവയെ തരംതിരിയ്ക്കുവാനും അവയെ നിയന്ത്രിക്കാനുള്ള മാർഗ്ഗങ്ങൾ കണ്ടുപിടിക്കുവാനും പലരും ശ്രമിച്ചിട്ടുമുണ്ടു്. സൗകര്യാർത്ഥം ഒരു വിഭജനം താഴെ ചേർക്കുന്നു. അഞ്ചു സംഘാതങ്ങളായി അവയെ തരംതിരിച്ചിരിക്കയാണു്.

i ശരീരസംരക്ഷണവാസന—ഇന്ദ്രിയങ്ങളെ പ്രവർത്തനക്ഷമമായി സൂക്ഷിക്കുന്നതിലേക്കും അവയ്ക്കു് ആപത്തുണ്ടാകാതെ സൂക്ഷിക്കുന്നതിലേക്കും ജനനം മുതൽ ശിശുക്കൾ തൽപരരാകുന്നു. വേദനകളിൽനിന്നു് ഒഴിയാനും വേദന ഉണ്ടായേക്കുമോ എന്നു് ഭയപ്പെടാനും ഇടയാകുന്നതു് ഈ വാസന മൂലമാണു്. കാണുന്നവയെല്ലാം പിടിക്കുക, കൈയിൽ കിട്ടുന്ന സാധനങ്ങൾ കടിക്കുക, സൗകര്യമുണ്ടെ

ങ്കിൽ അവയെ വായിലിടുക, കമഴാനും ഇഴയാനും, നട ക്കാനും മററും ഉദ്യമിക്കുക തുടങ്ങിയ ചില പ്രവൃത്തികൾ ചെയ്യുന്നതും ഈ വാസനകൊണ്ടാകുന്നു.

ii അനുകരണവാസന—പ്രായമായവരെ സൂക്ഷി ച്ചുനോക്കുക, അവർ ചെയ്യുന്നപോലൊക്കെ ചെയ്യുനോ ക്കുക, കളികളിൽ വ്യാപൃതരാകുക, ഒരിക്കൽ ചെയ്യുന്നതു കൊണ്ടു് തൃപ്തരാകാതെ വീണ്ടും വീണ്ടും ചെയ്യുക, അന്യ രുടെ വികാരങ്ങളും അവയുടെ പ്രകടനസമ്പ്രദായങ്ങളും തങ്ങളിലേയ്ക്കു പകർത്തി അവയെ സ്വന്തസ്വഭാവാംശങ്ങ ളാക്കിത്തീർക്കുക തുടങ്ങിയ പ്രവൃത്തികളുടെ ഉൽപത്തി ഈ വാസനയിൽ നിന്നാണ്.

iii അഹന്താവാസന—അല്പാനിഷ്ടത്തിൽ കരയു ക, ശാഠ്യം പിടിക്കുക, നല്ല വാക്കുകൊണ്ടു് സമാധാന പ്പെടുക, സ്വപ്രഭാവം പ്രവൃത്തികൾ കൊണ്ടും (വചന ശക്തി ലഭിച്ചുകഴിഞ്ഞാൽ) വാക്കുകൊണ്ടും പ്രദർശിപ്പി ക്കുക, കൂട്ടുകാരെ എതിർക്കുകയും അവരോടു് ശണ്ഠകൂട്ടു കയും ചെയ്യുക, പ്രായമായവരുടെ ഉപദേശത്തിനും നല്ല വാക്കുകൾക്കും കീഴടങ്ങുക തുടങ്ങിയ പ്രവർത്തനങ്ങളാണു് ഈ വാസനയുടെ ഫലം.

iv പ്രേമവാസന—അടുത്തുപെരുമാറുന്നവരോടു് സ്നേഹം പ്രദർശിപ്പിക്കുക, ഇഷ്ടഭാവമുള്ളവരെ തുടർച്ച യായി കാണാൻ ആഗ്രഹിക്കുക, അവരുടെ കയ്യിൽ നിന്നു് പോകാൻ മടിക്കുക, കൂട്ടുകൂടാൻ ശ്രമിക്കുക, പ്രത്യേക കേന്ദ്രങ്ങളിൽ തലോടിയാൽ പുഞ്ചിരിക്കുകയോ പൊട്ടിച്ചിരിക്കയോ ചെയ്യുക, ആന്തരപ്രചോദനത്താൽ

ജനനേന്ദ്രിയത്തിന്റെ സ്പന്ദനമോ ജൃംഭണമോ ഉണ്ടാകുക, ഇത്യാദി അനുഭവങ്ങളാണ് ഈ വാസനയുടെ ഫലം.

V ജ്ഞാനവാസന—ആരേയും എന്തിനേയും തുറിച്ചു നോക്കുക, എല്ലാററിലും കൗതുകം പ്രകടിപ്പിക്കുക, സംസാരിക്കാൻ തുടങ്ങിയാൽ എപ്പോഴും ചോദ്യങ്ങൾ ചോദിക്കുക, രഹസ്യകേന്ദ്രങ്ങളിൽ ഒളിഞ്ഞുനോക്കുക മുതലായവയാണ് ഇതിൻെറ ഫലം.

സഹജവാസനകളേയും അവമൂലമുണ്ടാകുന്ന ചേഷ്ടിതങ്ങളേയും (വികാരങ്ങളേയും) തമ്മിൽകൂട്ടിക്കുഴക്കിക്കളയുന്നതിൻെറ ഫലമായി പല അഭിപ്രായവ്യത്യാസങ്ങളും ഇക്കാര്യത്തിലുണ്ടായിട്ടുണ്ട്. ചിലർ പക്ഷിമൃഗാദികളെ പരിശോധിച്ച് അവ പ്രകടിപ്പിക്കുന്ന സഹജസ്വഭാവങ്ങളെ ആസ്പദമാക്കി മനുഷ്യരുടെ കാര്യത്തിലും അഭിപ്രായങ്ങൾ രൂപവൽക്കരിക്കുകയും, തന്മൂലം പല വലിയ പ്രമാദങ്ങൾക്കു വിധേയരാകുകയും ചെയ്തിട്ടുണ്ട്. ഒരുദാഹരണം പറയാം. ജാൺവാട്സൺ എന്ന പണ്ഡിതൻ ഒരു കുളക്കോഴിയെ ജനനം മുതൽ മാററിതിരിച്ചു വളർത്തി. സ്വവർഗ്ഗീയരിൽനിന്ന് യാതൊന്നും പഠിക്കാനുള്ള അവസരം അതിനു നൽകിയില്ല. എന്നാൽ അതിനെ കുളത്തിൽ വിട്ടപ്പോൾ ആദ്യോദ്യമത്തിൽതന്നെ അതു് മററു കുളക്കോഴികളെപ്പോലെ വിജയകരമായി മീൻപിടിച്ചതു് അദ്ദേഹത്തിന് കാണ്മാൻകഴിഞ്ഞു. പട്ടികളും കന്നുകാലികളും മററും യാതൊരു പരിശീലനവും കൂടാതെതന്നെ നീന്തുന്നതു് അദ്ദേഹം സൂക്ഷിച്ചു. ഇവയെല്ലാം സഹജവാസനയാലാണെന്നുള്ളതു് തീർച്ചയാണല്ലോ. ഇതിനെ ആസ്പദ

മാക്കി മനുഷ്യശിശുക്കളേയും അദ്ദേഹം പരിശോധിക്കയും സ്വവർഗ്ഗീയരുടെ യാതൊരു വിധത്തിലുള്ള പ്രേരണയും കൂടാതെ പ്രത്യക്ഷപ്പെടുന്ന വാസനകൾ മനുഷ്യശിശുക്കളിലും പലതുമുണ്ടെന്നും അവയെ ഭയവാസന, കോപവാസന, പ്രേമവാസന എന്നു് മൂന്നായി തരംതിരിക്കാം എന്നും അദ്ദേഹം അഭിപ്രായപ്പെടുകയും ചെയ്തു. എന്നാൽ മനുഷ്യശിശുക്കളുടെ—ജന്തുക്കളെക്കാൾ കൂടുതൽ വ്യാമിശ്രമായ മാനസികഘടനയുള്ള ജീവികളുടെ—സഹജവാസനകളെ തൽഫലമായുണ്ടാകുന്ന ചേഷ്ടിതങ്ങളെ പുരസ്കരിച്ചു് പരിഗണിച്ചുകൂടന്നാണു് ശാസ്ത്രജ്ഞമതം. മനുഷ്യന്റെ വികാരങ്ങളുടേയും വിചാരങ്ങളുടേയും ഇച്ഛയുടേയും ശക്തിപ്രഭാവം മൂലം ജന്മസിദ്ധവാസനകളുടെ ഫലമായുണ്ടാകുന്ന ചേഷ്ടിതങ്ങളെ—ശീലങ്ങളെ—നിയന്ത്രിക്കാനും രൂപപരിവർത്തനം ചെയ്യുവാനും സാധിക്കുമെന്നു് അവർക്കു് കണ്ടുപിടിക്കാൻ കഴിഞ്ഞിട്ടുള്ളതിന്റെ പ്രാധാന്യം അനല്പമാണെന്നുള്ളതു് നിസ്സംശയമാകുന്നു. എന്തെന്നാൽ, ശിശുക്കളുടെ ശീലങ്ങളെ നിയന്ത്രിക്കുവാനും അവയ്ക്കു് യുക്തംപോലെ രൂപപരിവർത്തനം നൽകുവാനും സാധിക്കുമെന്നു് വന്നിട്ടുള്ളപോലെ ശിശുസംരക്ഷണത്തിനു പര്യാപ്തമായ സമ്പ്രദായങ്ങൾ മറെറാന്നും തന്നെ കണ്ടുപിടിക്കാൻ കഴിഞ്ഞിട്ടില്ലെന്നു സധൈര്യം പറയാവുന്നതാണു്. സഹജവാസനാനിയന്ത്രണംകൊണ്ടു് ശീലങ്ങളെ നിയന്ത്രിക്കേണ്ടതെങ്ങനെയാണെന്നു് വിവരിക്കുന്നതിനു മുമ്പു് ശിശുക്കളിൽ സാധാരണ കണ്ടുവരുന്ന ശീലവിശേഷങ്ങളുടെ സ്വഭാവത്തെക്കുറിച്ചു് ചിന്തിച്ചിരിക്കേണ്ടതാണു്.

---

## അദ്ധ്യായം ൨൯

# ശിശുക്കളുടെ ശീലങ്ങൾ

'ചെറുപ്പകാലങ്ങളിലുള്ള ശീലം

മറക്കുമോ മാനുഷനുള്ള കാലം' എന്നു് പാടിയതിൽ നമ്പ്യാരാശാൻ ഒരു വിശിഷ്ടമായ മനശ്ശാസ്ത്രതത്വമാണു് പ്രതിപാദിച്ചിട്ടുള്ളതു്. നല്ലതായിരുന്നാലും ചീത്തയായിരുന്നാലും ബാല്യത്തിൽ ദൃഢീകൃതമാകുന്ന ശീലങ്ങൾ മാററിക്കളവാൻ വലിയ വിഷമമാണു്. പ്രജ്ഞാധമനികളുടെ സ്വഭാവം വിവരിച്ചപ്പോൾ 'സിനാപ്സ്' എന്ന സിരാസന്ധികളുടെ പ്രജ്ഞാപ്രവാഹസമ്പ്രദായം വിവരിച്ചിട്ടുണ്ടല്ലോ. പ്രജ്ഞാപ്രവാഹത്തിനു് ആദ്യം തടസ്സമായിരിക്കുന്ന അവ ക്രമേണ പരിചിതമായ പ്രജ്ഞയുടെ പ്രവാഹത്തിനു് അനുകൂലമാർഗ്ഗങ്ങളായി നിലകൊള്ളുമെന്നുമാത്രമല്ല അപരിചിതമായ പ്രജ്ഞാപ്രവാഹത്തെ അവയിൽ കൂടെ ഗമിക്കുവാൻ അനുവദിക്കുന്നതുമല്ല. ഇതുകൊണ്ടാണു് ആദ്യത്തെ പ്രാവശ്യം നാം പ്രയാസപ്പെട്ടു ചെയ്യുന്ന ഒരുകാര്യം പിന്നീടു് കൂടുതൽകൂടുതൽ എളുപ്പമായി നമുക്കു ചെയ്യാൻ കഴിയുന്നതു്. കുറച്ചധികം പ്രാവശ്യം ചെയ്തുകഴിയുമ്പോൾ പിന്നെ യത്നംകൂടാതേയും കേവലം യാന്ത്രികമായും അതു്

നമുക്കു ചെയ്യാൻ കഴിയുന്നു. ക്രമേണ മിക്കവാറും ബോധ ലേശം കൂടാതെതന്നെ ചെയ്യാറാകുന്ന ഒരു ഘട്ടം സമാഗതമാകുന്നുണ്ട്. അപ്പോൾ അതൊരു ഉറച്ച ശീലമായി പരിണമിച്ചു കഴിഞ്ഞിരിക്കുന്നു എന്നു് പറയാവുന്നതാണ്.

ഇങ്ങനെ രൂപവൽകൃതമാകുന്ന ശീലങ്ങൾക്കു് ജീവിതത്തിൽ അനല്പമായ പ്രാധാന്യമാണുള്ളതു്. ദൈനന്ദിന ജീവിതത്തിൽ എത്രയെത്ര കൃത്യങ്ങളാണു് നമുക്കു ആവർത്തിക്കേണ്ടതായിട്ടുള്ളതു്! അവ ഓരോന്നും ചെയ്യാനാരംഭിക്കുമ്പോൾ നമുക്കു് എന്നും ഒരേവിധത്തിലുള്ള ശ്രദ്ധയും ഏകാഗ്രതയും ബോധവും ആവശ്യമാണെന്നുള്ളപക്ഷം ദൈനന്ദിനകൃത്യങ്ങൾക്കു വേണ്ടി മാത്രം ജീവിക്കാനേ നമുക്കു കഴികയുള്ളു. അതുകൊണ്ടു് ഉദാരയും ഉചിതജ്ഞയുമായ പ്രകൃതി ആവർത്തനംകൊണ്ടു് ദൃഢീകൃതമാകുന്ന പ്രവൃത്തികൾക്കു ആധാരമായ മനോഭാവത്തെ ആവശ്യപ്പെടുമ്പോൾ അനായാസകമായി ആവിർഭവിക്കത്തക്കവിധം മനുഷ്യരിൽ സംസ്ഥാപിച്ചിരിക്കുന്നു. ശീലിച്ചുറച്ചിട്ടുള്ള ഭാവവൃത്തികളെല്ലാം അയത്നകൃതമായി ആവിർഭവിച്ചു് അവയുടെ കൃത്യങ്ങൾ മുറയ്ക്കു നടത്തിക്കൊള്ളുമെന്നുള്ള ധൈര്യത്തിൽ നമുക്കു പുതിയതും കൂടുതൽ പ്രയോജനകരവുമായ കാര്യങ്ങളിൽ മനസ്സിനെ വ്യാപരിപ്പിക്കാൻ കഴിയുന്നതാണ്. നമ്മുടെ നിത്യകൃത്യങ്ങളിൽ ഭൂരിഭാഗവും ഇങ്ങനെ ശീലങ്ങളായി രൂപാന്തരപ്പെട്ടിട്ടുള്ളവയാണെന്നു് കാണാം.

നല്ല ശീലങ്ങൾ ഒരു ശിശുവിൽ ഉറയ്ക്കാനിടയാകുന്നതു് അച്ഛനമ്മമാരുടെ ഭാഗ്യമെന്നേപറയാനുള്ളൂ. എന്നാൽ നിർഭാഗ്യവശാൽ പലപ്പോഴും അച്ഛനമ്മമാരുടെ അറിവിൽപെടാതെ, അനാശാസ്യരായ പരിചാരകർ, ധാത്രികൾ, കൂട്ടുകാർ തുടങ്ങിയവർ മുഖേന പല ദുശ്ശീലങ്ങളും കുട്ടികൾ കരസ്ഥമാക്കാറുണ്ടു്. അജ്ഞരായ അച്ഛനമ്മമാരും അറിഞ്ഞും അറിയാതെയും പ്രവർത്തിക്കുന്ന അബദ്ധങ്ങൾ ചെറുതൊന്നുമല്ല. അദ്ധ്യാപകന്മാർക്കും പലപ്പോഴും ഇതിൽ വലിയ പങ്കുണ്ടു്. ശിശുക്കളിൽ സാധാരണ കണ്ടുവരുന്ന ദുശ്ശീലങ്ങളുടെ ഉൽപത്തിയേയും ഫലങ്ങളേയും അവരിൽ ആവിഷ്ക്കരിക്കേണ്ട ഉത്തമ ശീലങ്ങളുടെ സ്വഭാവത്തേയും കുറിച്ചു് നമുക്കു ചിന്തിക്കാം.

ആദ്യമായി ആഹാരപരമായ ദുശ്ശീലങ്ങൾ നോക്കാം. "എന്തൊരാർത്തി?!" "എന്തൊരു തുറപ്പു്!" "എന്തുവിശപ്പു്?!" ഇത്യാദി പല ആക്രോശങ്ങൾ അകത്തെ കെട്ടുകളിൽ സാധാരണ മുഴങ്ങാറുണ്ടു്. ഇവയുടെ യഥാർത്ഥകാരണക്കാർ തങ്ങൾതന്നെയാണെന്നുള്ളതു് അമ്മമാരോ ധാത്രികളോ ഓർക്കുന്നില്ല എന്നുള്ളതാണു് പരിതാപകരം. അമിതവും അഹിതവുമായ ആഹാരങ്ങൾ കൊടുത്തു് ശിശുക്കളെ "തുറപ്പിച്ചും" രോഗികളാക്കി നശിപ്പിച്ചും കളയുന്നതു് അവരല്ലാതെ മററാരാണു്? ഭക്ഷണം നൽകുന്നതിനു മുമ്പു് ശരിയായ വിശപ്പു് ശിശുക്കൾക്കുണ്ടെന്നു് നല്ലപോലെ ബോദ്ധ്യമാകേണ്ടതു് അത്യാവശ്യമാകുന്നു. എന്തെന്നാൽ അവരുടെ വിശപ്പു് മിക്കപ്പോഴും കൃത്രിമം മാത്രമാണു്. ഭക്ഷ്യപദാർത്ഥങ്ങളുടെ-വിശിഷ്യ, രുചികരമായവയുടെ വീക്ഷണമാത്രത്താൽ അവർ വിശന്നു് പരവശരാകുന്ന

ു് ഒട്ടും അസാധാരണമല്ല. നല്ല പലഹാരങ്ങൾ വല്ലതും വീട്ടിൽസൂക്ഷിച്ചു വച്ചിട്ടുണ്ടെന്നറിഞ്ഞാൽ അവരെ അടിയ്ക്കടി വിശപ്പും ക്ഷീണവും പീഡിപ്പിച്ചുകൊണ്ടിരിക്കും. എന്നാൽ, ഈ തത്ത്വം മനസ്സിലാക്കാതെ മനസ്സിലാക്കിയാലും സാരമാക്കാതെ അവരെ അനുനയിപ്പിക്കാൻ ഒരുങ്ങുന്ന വാത്സല്യനിധികളുടെ സംഖ്യ ചെറുതൊന്നുമല്ല. ഫലം, വൈദ്യരുടെ യോഗകാലമെന്നു പറഞ്ഞാൽമതി.

ചില നല്ല അമ്മമാർ കുഞ്ഞുങ്ങൾക്കു "ഇടപ്പണ്ട" ങ്ങൾ കൊടുക്കാൻ അതീവ തൽപരരാണ്. ക്ലിപ്തസമയങ്ങൾക്കിടയ്ക്കു്, വല്ലപ്പോഴുമൊക്കെ, കേവലം നിസ്സാരമായ "രണ്ടിതൾ ഓറഞ്ച്" "ഒരു ചെറിയ ബിസ്കറ്റ്", "രണ്ടു സ്പൂൺ പാല്" മാത്രമായിരിക്കും നൽകപ്പെടുന്നതു്. കുഞ്ഞുങ്ങളുടെ ദേഹം നന്നായിക്കാണണമെന്നുള്ള സദുദ്ദേശ്യമേ ആ സാധുമാതാവിനുള്ളൂ. എന്നാൽ ഈ വക ഇടപ്പണ്ടങ്ങൾ വരുത്തുന്ന അനർത്ഥങ്ങളോ! അഗ്നിമാന്ദ്യം, പൊതുവേ അനാരോഗ്യം, പ്രായേണ അല്പായുസ്സ്, ആയുർദൈർഘ്യമുണ്ടെങ്കിൽ കൂടക്കൂടെ വല്ലതും ചവച്ചുകൊണ്ടിരിക്കണമെന്നുള്ള ദുശ്ശീലം. സ്നേഹത്തിനും ആരോഗ്യനിയമങ്ങൾക്കും തമ്മിൽ യാതൊരു ബന്ധവുമില്ലെന്നുള്ളതു് ഇക്കൂട്ടർ സദാ സ്മരിക്കേണ്ടതാണ്.

വിസർജ്ജനം, നിദ്ര തുടങ്ങിയ നിസർഗ്ഗവേഗങ്ങൾക്കു നിശ്ചിതസമയങ്ങൾ കല്പിക്കേണ്ടതാണെന്നുള്ള കാര്യം സാധാരണമായി എവർക്കും അറിയാവുന്നതുതന്നെയാണ്. എങ്കിലും അതിനെ പ്രായോഗികമാക്കുവാൻ വളരെ കുറച്ചു പേരെ ബുദ്ധിമുട്ടാറുള്ളൂ. ഇതിൻെറ ഫല

മാണ് ഉറക്കത്തിൽ മെത്തകളും വസ്ത്രാദികളും മലമൂത്രപങ്കിലമാക്കുന്ന ബാലികാബാലന്മാരുടെ വിപുലമായ സംഖ്യ. എന്നാൽ വീടുകളിൽ ഉണ്ടാകുന്ന ഉപദ്രവം ഒരു കണക്കിന് സാരമില്ല. കാരണഭൂതന്മാരെയാണല്ലോ കാര്യം ബാധിക്കുന്നത്. എന്നാൽ, പ്രാഥമികവിദ്യാലയങ്ങളിലെ അദ്ധ്യാപകന്മാർ ചകരിയും വെള്ളവും കരുതിയിരുന്നേതീരുകയുള്ളൂ എന്നു വരുന്നതു് എന്തൊരു പെരുംദുരിതമാണ്! ക്ലാസ്സുകളിൽനിന്നു് വയററു വേദനയെന്നു പറഞ്ഞുകൊണ്ടു് കക്കൂസുകളിലേക്ക് ഓടുന്ന കുട്ടികൾ അനവധിയാണു്. കുട്ടിയുടെ വയററുവേദന എന്നു കേൾക്കുമ്പോൾ തന്നെ അദ്ധ്യാപകനു ഭയമാണു്. വേഗം കുട്ടിയെ പുറത്തേക്കു ഓടിച്ചേക്കും. സമ്മാനവുംകൊടുത്തു് പായിക്കുന്നവരും കുറവല്ല. മാതാപിതാക്കന്മാരുടെ നിഷ്കൃഷ്ക്കുറവാണു് ഇതിനെല്ലാം ഹേതുവെന്നുള്ളതിൽ സംശയിക്കാനുണ്ടോ?

ഉറക്കം തൂങ്ങുന്ന കുട്ടികളുടെ സ്ഥിതി ഇതിനെക്കാൾ കഷ്ടമാണു്. രാത്രിയിലെ ഉറക്കക്കുറവോ ക്ഷീണമോ ആയിരിക്കയില്ല പലപ്പോഴും ഇതിനു കാരണം. ശീലത്തിൻെറ ശക്തിക്കു് അവർ വഴങ്ങുന്നതാണു്. എന്നാൽ അഞ്ചുവയസ്സുവരെയുള്ള കുട്ടികൾക്കു് ഉച്ചയുറക്കം അല്പാല്പം ആവശ്യമാണെന്നും ക്രമേണ ആ ശീലത്തെ വ്യത്യാസപ്പെടുത്തേണ്ടതാണെന്നുമുള്ള സംഗതി നിദ്രാശീലനിയന്ത്രണത്തിൽ സ്മർത്തവ്യമാകുന്നു.

ക്ലിപ്ത സമയങ്ങളിൽ ഇന്നിന്ന കൃത്യങ്ങൾ അനുഷ്ഠിക്കേണ്ടതാണെന്നുള്ള നിഷ്ഠകൊണ്ടുമാത്രമേ ഇമ്മാതിരി ശീലങ്ങൾ രൂപവൽകരിക്കാൻ സാധിക്കയുള്ളൂ. ആശ്രമാസമാകാത്ത കുട്ടികൾ പോലും പരിശീലിപ്പിക്കുന്നപക്ഷം എടുത്തു പിടിച്ചാൽ മാത്രമേ മലമൂത്രങ്ങൾ വിസർജ്ജിക്കയുള്ളൂ എന്നുള്ളതു് സിസ്സംശയമാണു്. പ്രായം കൂടുംതോറും സമയനിഷ്ഠയിൽ വളരെ ശ്രദ്ധ പതിപ്പിക്കയും സമയമഹത്ത്വം പറഞ്ഞു് ബോദ്ധ്യപ്പെടുത്തിക്കൊടുക്കുകയും വേണം. അക്ഷരാഭ്യാസം കഴിഞ്ഞു്, വായിച്ചറിയാനുള്ള കെല്പു് സിദ്ധിക്കുന്നതോടുകൂടി, ഒരു ടൈംടേബിൾ നിർമ്മിച്ചു് അതിൻപ്രകാരം ദിനകൃത്യങ്ങളെല്ലാം ചെയ്യുവാൻ അവരെ പ്രേരിപ്പിക്കുന്നതു് വളരെ നന്നു്.

അശുചിത്വം സാധാരണ കുട്ടികളിൽ കണ്ടുവരുന്ന ഒരു ദുശ്ശീലമാണു്. ദുർഗന്ധമയമായ വസ്ത്രങ്ങളും, പൊടി ചെളികൾ പുരണ്ട കൈകാലുകളും നാസാമലപ്രസരത്താൽ ബീഭത്സമായ മുഖവും കാരണം ആരിലും അറപ്പും വെറുപ്പും ജനിപ്പിക്കുന്ന ശിശുക്കളുടെ അവസ്ഥ എത്ര ശോചനീയമാണു്. വൃത്തികേടാണു് അനാരോഗ്യത്തിനു് പ്രധാനഹേതു. വൃത്തികെട്ട ശരീരം വൃത്തികെട്ട മനസ്സിനേയും സൃഷ്ടിക്കുന്നു. അല്പം പ്രായമായിക്കഴിയുമ്പോൾ വൃത്തികേടായി നടക്കുന്ന കുട്ടികളാണു് മുഷ്ടിമൈഥുനം തുടങ്ങിയ ആത്മദൂഷണങ്ങൾക്കു പാത്രങ്ങളായിത്തീരാറുള്ളതു്. കുളിച്ചു വെള്ള വസ്ത്രങ്ങളും ധരിച്ചിരിക്കുമ്പോൾ ശാന്തതയും ആനന്ദവും മനസ്സിനുണ്ടാകുന്നതും, നേരേമറിച്ചു് മലിനഗാത്രവും വൃത്തി

കെട്ട വസ്തുക്കളുംമൂലം കോപവും ക്രൂരതയും ആവിർഭവിക്കുന്നതും നിത്യാനുഭവത്തിൽ കാണാവുന്നതാണ്. ശൗചബോധം ശൈശവത്തിൽ തന്നെ ഉറയ്ക്കാത്തപക്ഷം പില്ക്കാലത്ത് അതു് കൈവരുത്തുവാൻ വളരെ വിഷമവുമാകുന്നു. സംസ്കാരത്തിന്റെ ഒരു പ്രധാനഘടകമായ സൗന്ദര്യബോധം ജനിപ്പിക്കുന്നതിൽ ശൗചത്തിനുള്ള സ്ഥാനം അദ്വിതീയമാണു്.

മിക്ക കുട്ടികളിലും ആരംഭംമുതൽതന്നെ കാണുന്ന ഒരു ദുശ്ശീലമാണ് കോപം. അഹന്താവ്യസനയുടെ ഫലമായ ഇതിന്റെ പ്രകടനസമ്പ്രദായങ്ങളെല്ലാം പ്രായമായവരിൽനിന്ന് സമ്പാദിക്കുന്നതാണു്. ദുർമ്മുഖം, ഭീഷണി, ശകാരം, ആക്ഷേപം, ശണ്ഠ, തമ്മിൽതല്ല് തുടങ്ങിയ പ്രത്യക്ഷപ്രകടനങ്ങളും, ഭയം കൊണ്ടോ മറ്റോ പ്രത്യക്ഷപ്രകടനം സാദ്ധ്യമല്ലാതെ വരുമ്പോൾ പറയുന്നപോലെ അനുസരിക്കാതിരിക്ക, നിഷേധഭാവത്തോടെ പെരുമാറുക, വീടു വിട്ട് ഓടിക്കളയുക തുടങ്ങിയ പല പരോക്ഷപ്രകടനങ്ങളും ഇതു് അവലംബിക്കാറുണ്ടു്. ഇതര വേഗങ്ങളേയോ വികാരങ്ങളേയോ എതിർക്കുകയോ തടസ്സപ്പെടുത്തുകയോ ചെയ്യുമ്പോളാണു് ഇതിന്റെ ആവിർഭാവം. ആദ്യവികാരം എത്രത്തോളം ശക്തമാണോ അത്രത്തോളം ഉഗ്രതയോടുകൂടിയതായിരിക്കും അതിന്റെ എതിർപ്പു മൂലം ജനിക്കുന്ന കോപവും. മാതാപിതാക്കന്മാരുടേയും മററും കോപപ്രകടനസമ്പ്രദായങ്ങളെല്ലാം അനുകരണവാസനാശക്തിയാൽ ശിശുക്കൾ

എളുപ്പം സ്വായത്തമാക്കുന്നുണ്ട്. ഏററവും അസംസ്കൃതരൂപത്തിലുള്ള ബീഭത്സകോപം ശൈശവത്തിൻെറ ആദിഘട്ടങ്ങളിലാണു് പ്രകടിതമാകുന്നതു്. സമുദായമര്യാദകൾ മനസ്സിലാക്കി വികാരങ്ങളെ മറയ്ക്കാനുള്ള കൗശലങ്ങൾ കൈവശപ്പെടുത്തുന്നതിൻെറ ഫലമായി പ്രാകൃതരൂപം മാറിയേയ്ക്കുമെങ്കിലും അനന്തരജീവിതത്തിൽ സർവ്വോഗ്രതകളോടും കൂടി അതു് പുനരാവിർഭവിച്ചു് വാർദ്ധക്യത്തിൽപോലും ചില വ്യക്തികളെ ബീഭത്സരാക്കിത്തീർക്കാറുണ്ടു്. മനശ്ശക്തിയും മനസ്സാന്നിധ്യവുമുള്ള ചില വ്യക്തികളിൽ കോപവും തജ്ജന്യമായ മാനസികവൃത്തികളും ആശാസ്യവും അപരിത്യാജ്യവുമാണെന്നും, അതുകൊണ്ടു് അതിനെ നിശ്ശേഷം നിർമാർജ്ജനം ചെയ്തുകളവാൻ പാടില്ലെന്നും ചിലക്കു് അഭിപ്രായമുണ്ടു്. ഉത്തമസരണികളിലേയ്ക്കു തിരിച്ചു വിട്ടാൽ ദുർഘടങ്ങൾ തരണം ചെയ്വാനുള്ള മനക്കരുത്തായും നേതാക്കന്മാർക്കു വിഹിതമായ തൻേറടവും കാര്യശേഷിയുമായും അതിനെ രൂപാന്തരപ്പെടുത്തുവാൻ കഴിയുമെന്നാണു് ഇവരുടെ വാദം.

അഹന്താവാസനയിൽനിന്നു ജനിക്കുന്ന മറെറാരു ദുശ്ശീലമാണു് വാശി. ദുശ്ശീലമെന്നു പറയുന്നതു് അതിൻെറ നല്ല വശത്തെ വിസ്മരിച്ചിട്ടല്ല. ചീത്തയായ സകലതിനും ഒരു നല്ല വശംകൂടി കാണും. പിശാചിനുപോലും ഒരു ഗുണവശമുണ്ടു്; അവൻെറ ആവശ്യവും ലോകത്തിനു് അനുപേക്ഷണീയമാണു്: ഇല്ലെങ്കിൽ

പരമകാരുണികനായ സർവ്വേശ്വരൻ അവനെ പൊല്ലവാഴി ക്കയില്ല. വാശി പോലെ ഏററവും ഗുണകാരിയായ ഒരു നല്ലവശവും അത്രത്തോളം തന്നെ ദോഷകാരിയായ ചീത്ത വശവുമുള്ള ശീലം മറെറാന്നില്ല. സ്വകീയ മായ പ്രഭാവപ്രകടനമാണ് അതിന്റെ സ്വഭാവം. തന്റെ ഇഷ്ടംതന്നെ നടക്കണമെന്നുള്ള നിർബന്ധ ത്തോടുകൂടി ശിശുക്കൾ അമ്മമാരെ എതൃത്തുനില്ക്കുന്നതു് സാധാരണ കാണാവുന്ന രസകരമായ ഒരു കാഴ്ച്ചയാണു്. വളരെ നയവും അതിയായ അനുകമ്പയും ഇമ്മാതിരി എതിർപ്പുകളെ നേരിടുന്നതിൽ പ്രായമായവർ പ്രകടി പ്പിക്കേണ്ടതാണ്. സ്വപക്ഷമാണു് ജയിക്കേണ്ടതെന്നു മാതാവുകൂടി വാശിപിടിക്കയാണെങ്കിൽ സ്ഥിതിഗതികൾ വളരെ വഷളാകാതെ എളുപ്പമുള്ളു. തൽക്കാലവിജയം മാതാവിനു് സിദ്ധിച്ചാലും ഉദ്ദീപിതമായ വാശിയും വിരോ ധവും ശിശുക്കളുടെ ഹൃദയാന്തർഭാഗത്തു് അവശേഷിക്കു കയും തങ്ങളിൽനിന്നു് പിടിച്ചുപറിച്ചെടുത്ത വിജയ ത്തിൽ വിദ്വേഷവും അടിച്ചേൽപ്പിച്ച പരാജയത്തിൽ പരിഭവവുംമൂലം പക വീട്ടണമെന്നുള്ള ദൃഢനിശ്ചയം അവരിൽ ഉൽഭൂതമാകുകയും ചെയ്യും. ഭാവിയിലും അ തേമാതിരി സന്ദർഭങ്ങൾ ആവർത്തിക്കാനിടയാകുന്നതു് കേവലം സ്വാഭാവികമായ പരിണാമം മാത്രമാണു്. നേരെ മറിച്ചു് അല്പമാത്രം ക്ഷമ പ്രായമായവർ സ്വീക രിച്ചാൽ അവരെക്കൊണ്ടു് സ്വന്ത തെററു് മനസ്സിലാ ക്കാനും അതിനു സാധിച്ചില്ലെങ്കിലും ശാന്തതയിലേക്കു

സൗമ്യതയിലേക്കും അവരെ സാവധാനം നയിക്കുവാനും തീർച്ചയായും സാധിക്കാവുന്നതാണു്. എതിർവാശിയും പീഡനവും കൊണ്ടു് അവർക്കു തമ്മിലുള്ള സ്നേഹത്തിനും വിശ്വാസത്തിനും ഉടവുതട്ടിക്കാൻ മാത്രമേ കഴികയുള്ളൂ. ശിശുക്കളുടെ വാശിയിലാണു് സ്ഥിരോത്സാഹത്തിന്റേയും ആദ്ധ്യാത്മികവൈരാഗ്യത്തിന്റേയും ബീജങ്ങൾ ലയിച്ചിരിക്കുന്ന തെന്നകാരണത്താൽ അതിനെ അടിച്ചമർത്തിക്കളയുന്നതു് ശരിയല്ലെന്നു തന്നെ സധൈര്യം അഭിപ്രായപ്പെടാവുന്നതാണു്. ഇതു ഉത്തമസരണികളിലേക്കു് തിരിച്ചുവിടേണ്ട ഒരു ശീലമാകുന്നു.

അഹന്താവാസനയുടെ മറെറാരു പ്രകടനരൂപമാണു് ഔദ്ധത്യം. അന്യരുടെ ശ്രദ്ധ തങ്ങളിൽ പതിപ്പിക്കപ്പെടണമെന്നുള്ള ആഗ്രഹം ആദ്യഘട്ടം തുടങ്ങി ശിശുക്കൾക്കുണ്ടു്. ചില ഓമനക്കുട്ടന്മാർ രുചികരമായ ഭക്ഷ്യങ്ങൾ തങ്ങൾക്കു വേണമെന്നു് അതിയായ ആഗ്രഹമുണ്ടെന്നു വരുകിലും അവ വേണ്ടെന്നു ശഠിച്ചുകൊണ്ടു് നില്ക്കാറുള്ളതു് സാധാരണമാണു്. ഒടുവിൽ അമ്മയുടേയോ മറേറാ നിർബ്ബന്ധം സഹിക്കവഹിയാതെ ഭക്ഷിക്കുകയാണെന്നമട്ടിലാണു് അവർ അവയെ സ്വീകരിക്കുന്നതു്. ചിലപ്പോൾ യാതൊരു യോഗ്യതയുമില്ലാത്ത കുട്ടികൾപോലും പരപ്രശംസ കാംക്ഷിക്കുന്നതു കാണാം. മിടുക്കനാണെന്നും യോഗ്യനാണെന്നും മററുമുള്ള മുഖസ്തുതി അവർക്കു വലിയ ഇഷ്ടമാണു്. നാലഞ്ചുവയസ്സുവരെ—ചിലരിൽ കൂടുതൽ കാലം ഇതു നിലനില്ക്കും—പൊള്ളത്തം പറവാൻ അവർക്കു യാതൊരു മടിയുമില്ല. സ്വപ്രഭാവം പ്രകടിപ്പിക്കാനുള്ള ഈ ആകാംക്ഷ ശരിക്കു് നിയന്ത്രിക്കപ്പെ

ടാത്തപക്ഷം പരനിന്ദയ്ക്കു് പാത്രമായിത്തീരാനല്ലാതെ ഒരു ഒന്നാംതരം ഉപകരണം ശിശുക്കളുടെ കൈവശം വിട്ടുകൊടുക്കുക മാത്രമാണു് മാതാപിതാക്കന്മാർ ചെയ്യുന്നതു്. എന്നാൽ യശഃകാംക്ഷയ്ക്കും മററും ഒരു നല്ലവശമുണ്ടെന്നുള്ളതു് ഇതിൻെറ നിയന്ത്രണത്തിൽ മറക്കത്തക്കതല്ല.

ഔദ്ധത്യത്തിന്റെ നേരേ വിപരീതഭാവമാണു് എളിമത്തം അല്ലെങ്കിൽ അതിവിനയശീലം. രക്ഷാകർത്താക്കളുടെ കർക്കശവും കർശനവുമായ പെരുമാററമാണു് ഇതിന്റെ പ്രധാനഹേതു. തങ്ങൾ ഏററവും എളിയവരും, അയോഗ്യരും, നിസ്സാരരും, നിരുപയോഗരുമാണെന്നുള്ള മനോഭാവം കുട്ടികളിൽ ജനിപ്പിക്കുകമാത്രമാണു് ഈ പെരുമാററത്തിൻെറ ഫലം. വിനയവും ക്ഷമയും മററും ഈ മനോഭാവത്തിൻെറ സഹകാരികളായ ഉത്തമഗുണങ്ങളാണെന്നു വരുകിലും അതിവിനയം മൂലമുണ്ടാകുന്ന "ഭവ്യ" ഭാവവും മൗനവും ഒച്ചയടപ്പും "കുച്ച"വും മററും ചില ശിശുക്കളിൽ അസഹ്യവും നിന്ദ്യവുമായ നിലയിൽ എത്തുന്നുണ്ടു്. ചിലപ്പോൾ സാമുദായികമായും മററുമുള്ള തരം താഴ്ത്തലിൻെറ ഫലമായും ഈ മനോഭാവം സൃഷ്ടമായേക്കാം. ചില കുട്ടികളിൽ കായികമായോ മാനസികമായോ കാണുന്ന ന്യൂനതകളെ ആസ്പദമാക്കിയുള്ള അന്യാക്ഷേപങ്ങളായിരിക്കും ഇതു് ജനിപ്പിക്കുന്നതു്. ഏതായിരുന്നാലും മാനസികക്ഷീണത്തിനും വിഷാദാത്മകത്വത്തിനും നാസ്തികത്വത്തിനുപോലും പ്രേരകമായേക്കാവുന്ന ഈ മനോഭാവം കുട്ടികളിൽ കടന്നുകൂടാതിരിക്കുവാൻ കഴിയുന്നതും ഉദ്യമിക്കേണ്ടതാണു്.

ഭയം മററൊരു ദുശ്ശീലമാകുന്നു. ഭയവികാരം സഹജമല്ലെന്നും കൃത്രിമോൽപാദിതമാണെന്നും ചില ശാസ്ത്രകാരന്മാക്ക് അഭിപ്രായമുണ്ടെന്നു് പറഞ്ഞു കഴിഞ്ഞു. എന്നാൽ മററു ചിലരുടെ അഭിപ്രായത്തിൽ അവലംബം മാററുന്നതുകൊണ്ടു് വീഴണേക്കുമെന്നുള്ള ഭയവും ശ്വാസംമുട്ടിപ്പോകുമെന്നുള്ള ഭയവും പെട്ടെന്നുണ്ടാകുന്ന ശബ്ദം ജനിപ്പിക്കുന്ന ഭയവും സഹജമായിരിക്കണമെന്നു കാണുന്നു. വില്യം ജെയിംസ് പറയുന്നതു് കുട്ടികൾക്കെല്ലാം അപരിചിതരായ ജനങ്ങളോടും ജന്തുക്കളോടും സഹജഭയമുണ്ടെന്നാണു്. സ്വകുടുംബത്തിലുള്ള ആളോടും ഇണങ്ങിപ്പെരുമാറുന്ന കുട്ടികൾ അപരിചിത ദർശനത്തിൽ ക്ഷുബ്ധരാകുന്നതു കണ്ടിട്ടായിരിക്കണം അദ്ദേഹം ഇപ്രകാരം അഭിപ്രായപ്പെട്ടിട്ടുള്ളതു്. എന്നാൽ, അപരിചിതരോടു് ഇണങ്ങിപ്പെരുമാറുന്ന കുട്ടികൾ ധാരാളമുണ്ടെന്നുള്ളതു് മറക്കത്തക്കതല്ല. അതുപോലെ തന്നെ സർപ്പം തുടങ്ങിയ ഭയങ്കര ജന്തുക്കളെപ്പോലും ചില കൊച്ചുകുട്ടികൾ നിർഭയം കടന്നു പിടിക്കാറുള്ളതും സ്മരണീയമാണു്. അതുകൊണ്ടു് ഭാശീലം കൃത്രിമമായി സമ്പാദിച്ചിട്ടുള്ളതാകാനല്ലേ എളുപ്പം? ഉൽപത്തി എവിടെനിന്നായിരുന്നാലും ശരി, നാനാവിധ ഭയങ്ങളോടുകൂടി ജീവിക്കുന്ന അനവധി കുട്ടികളെ (പ്രായമായവരേയും) കാണാവുന്നതാണു്. ഇടിമിന്നൽഭയം, രോഗഭയം (രോഗം തന്നിലുണ്ടെന്നോ അല്ലെങ്കിൽ ബാധിച്ചേക്കുമെന്നോ ഉള്ള ഭയം) പ്രേതഭയം, പാപഭയം, മരണഭയം തുടങ്ങിയ പലവിധ ഭയങ്ങൾക്കും ഇരകളായി ജീവിതം നരകമാക്കിത്തീക്കുന്ന നിരവധി

ആളുകൾ ലോകത്തുണ്ട്. മാതാപിതാക്കന്മാരുടേയും മററു പ്രായമായവരുടേയും കരുതലില്ലാത്ത വാക്കുകളും ഭാവഭേദങ്ങളും നൽകുന്ന ഉപബോധനങ്ങളും സൂചനകളുമാണ് ഈ ഭയശീലത്തിന് യഥാർത്ഥകാരണം. ഇമ്മാതിരി അകാരണവും നിന്ദ്യവുമായ ഭയഭാരങ്ങൾ പേറിക്കൊണ്ട് ജീവിതയാത്ര തുടരുന്നവരുടെ സകല പ്രവൃത്തികളും തല തിരിഞ്ഞോ, പിരി അയഞ്ഞോ, തകിടം മറിഞ്ഞോ മാത്രമേ ഇരിക്കയുള്ളു എന്നുള്ളതു മൂന്നുതരമാണ്.

അസത്യമാണ് മറെറാരു ഭയങ്കരദുശ്ശീലം. കള്ളം പ്രവർത്തിക്കുന്നവരെക്കാൾ കൂടുതലാണ് കള്ളം പറയുന്ന വർ. ഭാവനാധിക്യത്താൽ ശിശുക്കൾ കള്ളം പറയാറുണ്ടെന്ന് സൂചിപ്പിച്ചിട്ടുണ്ട്. ഭാവനാനിയന്ത്രണം കൊണ്ട് ഇമ്മാതിരി അസത്യവാദികളെ ശരിപ്പെടുത്താവുന്നതാണ്. എന്നാൽ മററു പല കാരണങ്ങളാലും ശിശുക്കൾ അസത്യം പറഞ്ഞുവരാറുണ്ട്. പ്രായമായവരുടെ പെരുമാററത്തെക്കുറിച്ചുള്ള ഭയമാണ് ഇവയിൽ പ്രധാനമായതു്. കുററങ്ങൾ ചെയ്തുപോയതു് അവരറിയുമ്പോൾ കഠിനശിക്ഷ ലഭിച്ചേക്കുമെന്നുള്ള വിചാരത്താൽ അവയെ മറയ്ക്കാൻ വേണ്ടി കുട്ടികൾ കള്ളം പറഞ്ഞുതുടങ്ങും. ഒരിക്കൽ വിജയം കിട്ടിക്കഴിഞ്ഞാൽ പിന്നെ ആവർത്തിക്കാൻ അവക്ക് ഒരു മടിയും കാണുകയില്ല. ക്രമേണ ആവശ്യമുള്ളിടത്തും ഇല്ലാത്തിടത്തും കള്ളങ്ങൾ പറഞ്ഞു തുടങ്ങും കള്ളം പറഞ്ഞില്ലെങ്കിൽ വലിയ അസുഖമുള്ള ചില ആളുകളുണ്ട്. ചതിക്കണമെന്നോ ദ്രോഹിക്കണമെന്നോ ഉള്ള വിചാരം അവക്ക് ലേശമില്ല. പക്ഷേ, കുട്ടി

രയോ കുറച്ചോ പരിഹരിക്കാൻ കഴികയില്ല. ഞാനൊരു പുളുതട്ടിവിട്ടു!' എന്നു് ചിലർ സാനന്ദം ഘോഷിക്കാറുണ്ടു്. അവർ സജ്ജനനിന്ദ്യനാണെന്നുള്ളതു് അവർ ഓർക്കുന്നില്ല. പക്ഷെ, എല്ലാ കള്ളന്മാരും ഇക്കൂട്ടത്തിൽ പെട്ടവരല്ല. മനഃപൂർവ്വം ദ്രോഹിക്കാനും സ്വാർത്ഥപരമായ സംഗതികൾ നേടാനുമായി കള്ളം പറയുകയും പ്രവർത്തിക്കയും ചെയ്യുന്ന യഥാർത്ഥകള്ളന്മാരും കള്ളികളും ധാരാളമുണ്ടു്. ചില കുട്ടികൾ, പ്രായമായവർ കള്ളം പറയുന്നതും ചെയ്യുന്നതും കേട്ടും കണ്ടും പഠിക്കുന്നു. ഇവരോടെല്ലാം വളരെ നയപൂർവ്വം പെരുമാറാത്തപക്ഷം യാതൊരു വിധത്തിലും നന്നാക്കാൻ കഴിയാത്ത വിധത്തിൽ അവർ കാലക്രമേണ എത്തിച്ചേരുന്നതാണു്.

സ്വാർത്ഥത, ക്രൂരത;—വിശിഷ്യാ, ജന്തുക്കളോടു്—അവിശ്വാസം, അന്ധവിശ്വാസം, അലസത, അസൂയ തുടങ്ങിയ പല ദുശ്ശീലങ്ങളും ശരിയായ നിയന്ത്രണമില്ലാത്തപക്ഷം ശിശുക്കളിൽ വേരൂന്നി വളൎന്നു് ഉന്മൂലനം ചെയ്യാൻ ഒന്നുകൊണ്ടും കഴിയാത്ത ഘട്ടത്തിൽ ആയിത്തീരുക സാധാരണമാണു്. ഇവയെല്ലാററിനേയുംകാൾ ഭയങ്കരമായ ഫലങ്ങൾക്കു നിദാനമായിരിക്കുന്ന ലൈംഗികമായ പല ദുശ്ശീലങ്ങളും അതിബാല്യത്തിൽ തന്നെ ശിശുക്കൾ വശമാക്കാനിടയുണ്ടു്. കൊച്ചുകുട്ടികൾക്കു ലൈംഗികബോധം ഇല്ലെന്നുള്ള തെററിദ്ധാരണമൂലം അവരുടെ മുമ്പിൽവെച്ചു് പ്രായമായവർ അനാശാസ്യമായി സംസാരിക്കുകയും പെരുമാറുകയും ചെയ്യുന്നതുകൊണ്ടു ദുർഘടങ്ങൾ വർദ്ധിക്കുന്നു.

ഇതുപോലെ ആപൽക്കരമായ ദുശ്ശീലങ്ങൾ വേറെ ഇല്ലാത്തതിനാലും പല തെററിദ്ധാരണകൾക്കും ഇതു കാരണമായിട്ടുള്ളതുകൊണ്ടും സവിസ്തരമായ പരിഗണനയ്ക്കു ഇതു പാത്രമാകേണ്ടതാണു്.

---

## അദ്ധ്യായം ൩൦

---

## ലൈംഗികവാസന

ലൈംഗികവാസന ഒരു സഹജവാസനയാണു്. ജനനനിമിഷംതുടങ്ങി അതു പ്രകടമാകുന്നു. ആൺകുട്ടികളുടെ ലിംഗം ഉറക്കത്തിൽ വിജൃംഭിതമാകുന്നതു ഇതിന്റെ പ്രചോദനത്താലാണു്; ഉപബോധമനസ്സാണു് ഇതിന്റെ അടിഉറവു; ഇങ്ങനെയൊക്കെയാണു് ഫ്രായിഡിയന്മാരുടെ അഭിപ്രായം.

ഫ്രായിഡു് ഒരു പടികൂടിക്കടന്ന ഒരു അഭിപ്രായമാണു് സ്ഥാപിച്ചിട്ടുള്ളതു്. ആൺകുട്ടികൾ അമ്മയേയും പെൺകുട്ടികൾ അച്ഛനേയും കാമനകലർന്ന ഒരു മനോഭാവത്തോടുകൂടിയാണു് ആരംഭം മുതൽ വീക്ഷിക്കുന്നതെന്നും ലൈംഗികമായ അസൂയയോടുകൂടിമാത്രമേ എല്ലാ കുട്ടികളും അച്ഛനമ്മമാരുടെ സല്ലാപങ്ങളേയും അടുത്തുള്ള മററു പെരുമാററങ്ങളേയും വീക്ഷിക്കുന്നുള്ളു എന്നും അദ്ദേഹം ബലമായി വിശ്വസിക്കുന്നു. മാത്രമല്ല അച്ഛനമ്മമാരുടെ പുത്രീപുത്രന്മാരോടുള്ള സ്നേഹത്തിനും ലൈംഗികമായ പ്രേമമാണു് അടിസ്ഥാനമായിരിക്കുന്നതെന്നാണു് അദ്ദേഹത്തിന്റെ സിദ്ധാന്തം.

ഈ സിദ്ധാന്തം പലരുടെ എതിർപ്പിനും പാത്രമായിട്ടുണ്ട്. പ്രായമായവരോടെ മനോഭാവം ശിശുക്കളിലും ആരോപിയ്ക്കുന്നതിന്റെ ഫലമാണ് ഇങ്ങനെ ഒരഭിപ്രായം ഉണ്ടായിട്ടുള്ളതെന്നാണ് വാട്സന്റെ തക്കം. "ഏറിയ കാലമായുള്ള കാമവികാരപരിചയത്തിന്റെ ഫലമായി പ്രായമായവരിൽ ശിശുക്കളോടുള്ള വാത്സല്യാദി മൃദുലവികാരങ്ങളോട് കാമനകൂടി കലരുന്നുണ്ട്. സ്ത്രീകൾക്ക് ആൺകുട്ടികളോടും പുരുഷന്മാൎക്ക് പെൺകുട്ടികളോടുമുള്ള വാത്സല്യക്കൂടുതലിന് ഇതുതന്നെയാണ് കാരണം. വിശിഷ്യ, ലൈംഗികമായ സംതൃപ്തി വേണ്ടിടത്തോളം നേടിയിട്ടില്ലാത്ത മാതാപിതാക്കന്മാരാണെങ്കിൽ അവരുടെ കാമപ്രചോദനത്തിന് എളുപ്പത്തിൽ വഴിപ്പെട്ടേയ്ക്കാവുന്നതാണ്. തന്മൂലം അവൎക്ക് സന്താനങ്ങളോടുള്ള സ്നേഹത്തിൽ കാമനകൂടി കലരുമെന്ന് നമുക്ക് ന്യായമായി പ്രതീക്ഷിക്കാം. എന്നാൽ മാതാവിന് ആൺമക്കളോടും പിതാവിന് പെൺമക്കളോടുമുള്ള സ്നേഹത്തിന്റെ അടിസ്ഥാനംതന്നെ കാമനയാണെന്നുള്ള ഫ്രായിഡിന്റെ സിദ്ധാന്തം കുറച്ചു കടന്നുപോയതാണ്. മൃദുലതരമായ വാത്സല്യാദികളാണ് പ്രധാനവികാരങ്ങളെന്ന് നമുക്ക് തീൎത്തു പറയാം." ഇങ്ങനെ ഫ്രായിഡിന്റെ സിദ്ധാന്തത്തെ വാട്സൺ ഒന്നു സ്വരം താഴ്ത്തി പറയുക മാത്രമാണ് ചെയ്യുന്നതു്.

മററു ചില ശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം നാം സാധാരണ മനസ്സിലാക്കിവരുന്ന രീതിയിലുള്ള ലൈംഗികാസക്തിയല്ല ശിശുക്കൾക്ക മാതാപിതാക്കന്മാരോടുള്ളതെ

ന്നാണു്. പുരുഷന്മാരിൽ കാമനയുടെ പ്രകടലക്ഷണമായ ലിംഗവിജൃംഭണം ആൺകുട്ടികൾക്കു മാതാവിനോടുള്ള പെരുമാററത്തിൽ സാധാരണ ദർശിക്കാറില്ല. ആന്തരമായ വല്ല മൃദുലസ്പന്ദനങ്ങളും ഉണ്ടായേക്കാമെന്നുവരുകിലും അവ പുറത്തുവന്നു് ജനനേന്ദ്രിയത്തെ ഇളക്കുവാനുള്ള ശക്തിയുള്ളവയായിരിക്കുന്നില്ല. അതുകൊണ്ടു് അവയെ അഗണ്യകോടിയിൽ തള്ളിക്കളയാവുന്നതാണു്. എന്നാൽ ചില മാതാപിതാക്കന്മാർ ശിശുക്കളുടെ ഗുഹ്യദേശത്തു് തലോടുകയും ചുംബിക്കയും മററും ചെയ്യുവരാറുണ്ടു്. ഇമ്മാതിരി ലാളനകൾ ചിലപ്പോൾ അനുചിതഫലങ്ങൾ പ്രദാനംചെയ്യുന്നു എങ്കിൽ അതിലത്ഭുതപ്പെടാനില്ല. അമിതലാളനയും അനിയന്ത്രിതസ്നേഹവും ജനിപ്പിക്കുന്ന കായികവും മാനസികവുമായ 'അടുപ്പ്'ങ്ങൾ പ്രായംകൂടുന്തോറും മായ്ക്കാനോ, മറയ്ക്കാനോ, കുറയ്ക്കാനോ കഴിയാതെ ചിലപ്പോൾ അനാശാസ്യബന്ധങ്ങൾക്കുപോലും ഇടയാക്കിയേക്കാവുന്നതാണു്. യൗവനം അടുക്കുന്നതോടുകൂടി ലൈംഗികാസക്തി അനിവാര്യവും അതിശക്തിമത്തുമായി പരിണമിക്കുമ്പോൾ, ഇങ്ങനെ വളർന്നിട്ടുള്ള കുട്ടികൾ മാതാപിതാക്കന്മാരെ (ചുററുപാടുകൾ അനുകൂലമാണെങ്കിൽ) കാമവികാരവേഗത്തോടുകൂടി വീക്ഷിക്കുന്നതു് സ്ഥിതിഗതികളുടെ ഏററവും സ്വാഭാവികമായ ഒരു പരിണാമം മാത്രമാകുന്നു. എന്നാൽ എല്ലാ ശിശുക്കളിലും എല്ലാവിധം ചുററുപാടുകളിലും സകല മാതാപിതാക്കന്മാരിലും ഇമ്മാതിരി അനാശാസ്യമായ തോതിലുള്ള കാമന കാണുമെന്നു് ശഠിക്കുന്നതു് ശരിയാണെന്നു് തോന്നുന്നില്ല.

എന്നാൽ ശിശുക്കളിൽ സഹജമായ കാമം ഇല്ലെന്നു് ആർക്കും തന്നെ അഭിപ്രായമില്ല. ഉഗ്രമായ കാമവേഗത്തോടുകൂടി ശൈശവത്തിന്റെ ആദിഘട്ടങ്ങളിൽ തന്നെ ആൺപെൺകുട്ടികൾ പരസ്പരം ലിംഗസ്പർശനം, ചുംബനം, ഹസ്തമൈഥുനം തുടങ്ങിയവ ചെയ്തു വരാറുണ്ടു്. ആറാം മാസത്തിനുമുമ്പുതന്നെ ഹസ്തമൈഥുനത്തിനു് ഉദ്യമിച്ചിട്ടുള്ള ശിശുക്കളെക്കുറിച്ചു് വിശ്വാസയോഗ്യമായ തെളിവുകൾ ഗവേഷകന്മാർക്ക് ലഭിച്ചിട്ടുണ്ടു്. സംഭാഷണശക്തി കിട്ടിക്കഴിഞ്ഞാൽ പലപ്പോഴും ലൈംഗികാസക്തിയോടുകൂടി കുട്ടികൾ സംസാരിക്കുന്നതു് കേൾക്കാവുന്നതാണു്. സമുദായമര്യാദകൾ മനസ്സിലാക്കി അന്യരിൽനിന്നു് പ്രാകൃതികവികാരങ്ങൾ മറയ്ക്കാൻ പഠിക്കുന്നതുവരെ പ്രായമായവരോടും കുട്ടികൾ കാമപരമായ കാര്യങ്ങളെക്കുറിച്ചു് തുറന്നു സംസാരിക്കാറുണ്ടു്. രണ്ടുവയസ്സായ ഒരു പെൺകുട്ടിയെ ഒരിക്കൽ അയൽക്കാരനായ ഒരു ചെറുപ്പക്കാരൻ, 'കുഞ്ഞന്താ കോണകമുടുക്കാത്തതു്? മോശംതന്നെ' എന്നാക്ഷേപിച്ചപ്പോൾ ആ ശിശു പെട്ടെന്നു് ഒരു ശൃംഗാരച്ചിരിയോടും അസാധാരണമായ മുഖഭാവത്തോടുംകൂടി അയാളെ സമീപിച്ചു്, "മാമാ" വാവേടെ (കുഞ്ഞിന്റെ=എന്റെ) ച്ചീച്ചീൽ (ഗുഹ്യത്തിൽ) ഒരുമ്മം വൈ (ഒരു ചുംബനം തരു) എന്നു് പറയുകയും അയാളുടെ മടിയിൽ ചാടിക്കയറി ഗുഹ്യദേശം അയാൾക്കു ചുംബിക്കുന്നതിനു് എത്തത്തക്കവണ്ണം പൊക്കിക്കൊടുക്കാൻ ശ്രമിക്കുകയും ചെയ്യുന്നതു് കാണുകയുണ്ടായി. ഒരാൺകുട്ടി സമവയസ്കയായ ഒരു പെൺ-

കുട്ടിയുമായി, പായ്ചുരുട്ടി ഉണ്ടാക്കിയിരുന്ന ഒരു കളിപ്പുരയ്ക്കുകത്തുകയറി, വളരെനേരമായിട്ടും പുറത്തുവരാത്തതുകൊണ്ടു് ഒളിഞ്ഞു നോക്കിയപ്പോൾ ആൺകുട്ടി മുട്ടുകുത്തികിടന്നുകൊണ്ടു് 'അമ്മേടെ കൂടെ പറയാതെ!' എന്നു് പറയുകയും വികാരാവേശത്തോടുകൂടി അവളുടെ ഗുഹ്യത്തിൽ ഇറുക്കിച്ചുംബിക്കയും ചെയ്യുന്നതും അവൾ സുഖാധിക്യത്തോടെ അവനെ സ്വീകരിച്ചുകൊണ്ടു് നിന്നുകൊടുക്കുന്നതും കാണ്മാൻ കഴിഞ്ഞു എന്നു് വിശ്വാസ്യനായ ഒരു സ്നേഹിതൻ പറയുന്നു. ഇതെല്ലാം മാതാപിതാക്കന്മാരറിയാതെ അവരെ കണ്ടു പഠിച്ചതാകാം. എങ്കിലും അവരെ തന്മയത്വത്തോടുകൂടി അഭിനയിക്കത്തക്ക വികാരാധിക്യമില്ലെങ്കിൽ അതുപോലെ ചെയ്വാനുള്ള പ്രാപ്തി ശിശുക്കൾക്കുണ്ടാകുന്നതല്ല.

പുരുഷനിൽ ശുക്ലാരംഭവും സ്ത്രീയിൽ ആർത്തവാഗമനവും മുതലേ കാമന ആവിർഭവിക്കയുള്ളു എന്നുള്ള ചിലരുടെ ധാരണയ്ക്കു് അടിസ്ഥാനമൊന്നും തന്നെ ഇല്ല. കാമന ജന്മസിദ്ധമാണെന്നു് ഫ്രായ്ഡിനു മുമ്പുതന്നെ പല പണ്ഡിതന്മാരും പ്രഖ്യാപനം ചെയ്തിട്ടുണ്ടു്. ഡാക്ടർ സാൽഫോർഡു് ബെൻ 1902-ൽ-അതായതു് ഫ്രായ്ഡ് ലൈംഗികസിദ്ധാന്തം പ്രഖ്യാപനം ചെയ്യുന്നതിനു് മൂന്നു വർഷം മുമ്പു്—സകല ശിശുക്കളിലും കാമനയുണ്ടെന്നു് വിശദമാക്കിയിട്ടുണ്ടു്; അണ്ഡകോശങ്ങളിലും ശുക്ലകോശങ്ങളിലുമുണ്ടാകുന്ന 'ഹാർമോൺസ്' എന്ന അന്തർനീരുകളാണു് കാമജനകമായിരിക്കുന്നതെന്നും അവ ജനനംമുതൽതുടങ്ങി ശരീരത്തിൽ പ്രകടമാകുന്നുണ്ടെന്നുമാണു് 'ഹാ

'വു്ലോക്ക്' എന്ന പ്രശസ്തപണ്ഡിതൻെറ അഭിപ്രായം. 'ആൎചപോർട്ട്', എന്ന ശാസ്ത്രകാരൻെറ അഭിപ്രായത്തിൽ ലിംഗസ്പൎശനമോ ദൎശനമോ കൂടാതെതന്നെ ജന്മസിദ്ധമായ കായികവും മാനസികവുമായ പ്രവൎത്തകളാൽ കാമന ഉളവാകുമെന്നും ആൺപെൺകുട്ടികൾക്ക പരസ്പരം ദൎശനത്താൽ മാത്രമല്ല അതു് ജനിക്കുന്നതെന്നും കാണുന്നു. പരസ്പരദൎശനജന്യമായ കാമം, കണ്ടും കേട്ടും വായിച്ചും ലഭിക്കുന്ന പരിശീലനത്തിൻെറ ഫലം മാത്രമാണെന്നാണു് ഇദ്ദേഹത്തിൻെറ വാദം. ഇങ്ങനെ, കാമന സഹജമാണെന്നുള്ളതിലും ജനനംതുടങ്ങി അതു് പലരൂപത്തിലും പ്രകടമാകുന്നുണ്ടെന്നുള്ളതിലും ശാസ്ത്രജ്ഞന്മാർ പൊതുവെ യോജിക്കുന്നുണ്ടെന്നു കാണാം.

കാമന ജനിപ്പിക്കുന്ന അനൎത്ഥങ്ങൾ അനവധിയാകുന്നു. മുഷ്ടിമൈഥുനം, മുഖസുരതം തുടങ്ങിയ നീചകൃത്യങ്ങൾക്ക ശിശുക്കളെ പ്രേരിപ്പിക്കുന്നതു് ഇതുതന്നെയാണല്ലോ. എങ്ങനെയെങ്കിലും ഒരിക്കൽ രുചിപിടിച്ചു കഴിഞ്ഞാൽ പിന്നെ ആത്മദൂഷണം ഉപേക്ഷിച്ചുകളവാൻ വിഷമമാണു്. രേതസ്സും രജസ്സും ആവിൎഭവിക്കുന്നതിനുള്ള കാലമാകുന്നതിനു മുമ്പുതന്നെ ആരംഭിക്കുന്ന ഇമ്മാതിരി ദുൎന്നടപടികളുടെ ഫലമായി ഓജസ്സും പ്രസരിപ്പും നശിച്ചു്, കണ്ണും കവിളും കുഴിഞ്ഞു താണു്, കഴുത്തുനെട്ടുകി, തോളിലും നെഞ്ചിലും എല്ലുകൾ ഉന്തി, വികൃതഗാത്രരും ആരോഗ്യശൂന്യരും വിവാഹത്തിനു് അയോഗ്യരുമായി വളൎന്നു വരുന്ന ബാലികാബാലന്മാരുടെ സംഖ്യ പരിതാപകരമാംവണ്ണം വലിയൊരു ശതമാനമായിട്ടാണു് കാണു

പ്പെടുന്നതു് വിദ്യാൎത്ഥികളിൽ ഭൂരിഭാഗവും അവൎക്കു് അത്യന്താപേക്ഷിതമായ സഹായശക്തി, ഏകാഗ്രത, ശ്രദ്ധ, ഓൎമ്മ തുടങ്ങിയ മാനസികഗുണങ്ങൾ നശിച്ചവരായി കാണപ്പെടുന്നതിനുള്ള കാരണവും മറെറാന്നുമല്ല. ദുഷിച്ച കൂട്ടുകാരുടെ സൂചനകളും പ്രേരണകളും ഉൽബോധനങ്ങളും ഉപബോധനങ്ങളും മൂലം ദൂഷണങ്ങൾക്കു വിഷയീഭൂതരാകാത്ത വിദ്യാൎത്ഥികൾ വളരെ ചുരുക്കമാണു്. അടിയ്ക്കടി വിളുത്തു് വരുന്നവരും, പരീക്ഷയിൽ പരാജയം പതിവായി വരിയ്ക്കുന്നവരുമായ കുട്ടികളെ അടുത്തുപരിശോധിച്ചാൽ ഇതിന്റെ പരമാൎത്ഥം എളുപ്പത്തിൽ ബോധ്യമാകുന്നതാണു്.

കാമനയുടെ ഫലമായിട്ടാണു് മററു കുററങ്ങളും കുട്ടികൾ ചെയ്യാൻ പ്രേരിതരാകുന്നതു്. പല ദൃഷ്ടാന്തങ്ങളും ശാസ്ത്രകാരന്മാരുടെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടു്. ശിശുക്കളുടെ അപരാധനിദാനങ്ങൾ അന്വേഷിച്ചു പിടിച്ചിട്ടുള്ള ഗവേഷകന്മാരിൽ അദ്വിതീയസ്ഥാനം അൎഹിക്കുന്ന ഡാക്ടർ വില്യം ഹീലി (Dr. William Healy in "Mental conflicts and Misconduct') ഉദ്ധരിച്ചിട്ടുള്ള രണ്ടുദാഹരണങ്ങൾ താഴെ ചേൎക്കുന്നു.

ആബ്നർ എന്ന ബാലൻ 12-ാമത്തെ വയസ്സിൽ ഒന്നുകൊണ്ടും നന്നാക്കുവാൻ സാധിക്കാത്ത ഒരു പെരുംകള്ളനായി പരിണമിച്ചിരുന്നു. എന്തു കണ്ടാലും അവൻ മോഷ്ടിക്കുക പതിവായി. മോഷണം കഴിഞ്ഞാലുടൻ അവൻ പശ്ചാത്താപഭരിതനാകും. പെൺപിള്ളരുമായി മലിനമായ പല ലൈംഗികഇടപാടുകളിലും അവൻ ഉൾപ്പെട്ടു-

ഈ ദുഃസ്വഭാവങ്ങളെല്ലാം കേവലം 6-ാം വയസ്സിലാണു് അവനിൽ അങ്കുരിച്ചതു്. പെൺപിള്ളേർക്കു അവൻ 'അതു്' ചെയ്യുന്നാമെന്നു് ആഗ്രഹമുണ്ടെന്നു് അവനു് ഒരു സ്വപ്നംപോലെ തോന്നിയിരുന്നുവത്രേ. ഉറക്കത്തിൽ അവനു് എപ്പോഴും അതുതന്നെ ഓർമ്മയായിരുന്നു. എന്നാൽ അവൻ എന്തിനാണു് 'അതു്' ചെയ്യുന്നതെന്നു് അവനു തന്നെ മനസ്സിലായിരുന്നില്ല. അവന്റെ സ്വപ്നങ്ങളുടെ വിഷയവും അതുതന്നെയായിരുന്നു. അവന്റെ ഗാർഹികജീവിതം വളരെ അസുഖകരമായിരുന്നു. ചിററപ്പനോട്ടു് അവൻ മിക്കപ്പോഴും വഴക്കുകൂടിവന്നു. അധികാരികളുടെ കയ്യിൽ പിടികിട്ടി, പരിശോധനയ്ക്കുവിധേയനായശേഷം അവൻ സ്വയമേവ പരിഷ്കരിക്കുവാൻ പല വഴികളും നോക്കി. പക്ഷേ, പരാജയമേ അവനെ അഭിമുഖീകരിച്ചുള്ളൂ. രണ്ടുവർഷത്തെ നിരന്തരമായ തോൽവിക്കുശേഷം ഹതാശനായി പരിണമിച്ച അവൻ 14-ാമത്തെ വയസ്സിൽ സ്വന്തമുറിയ്ക്കകത്തു് ഗ്യാസ്കുഴൽ തുറന്നുവിട്ടു് ആത്മഹത്യചെയ്തുകളഞ്ഞു.

ഡഗ്ലാസ് ഡ്വാറൻറു് സാമാന്യം നല്ല കുടുംബത്തിൽ ജനിച്ച ബുദ്ധിശാലിയായ ഒരു ബാലനായിരുന്നു. 12-ാംവയസ്സിൽ അവനൊരു വലിയ മോഷ്ടാവായിത്തീർന്നിരുന്നു എന്നു മാത്രമല്ല രഹസ്യമായി വീട്ടുവിട്ടോടിപ്പോയ്ക്കളകയും ചെയ്തു. 10-ാംവയസ്സിൽ ഒരു മില്ലാഫീസിൽ വച്ചു് ഏതാനും ആൺകുട്ടികോംകൂടിനിന്നു് പെൺപിള്ളേരുമായുള്ള മലിനസമ്പർക്കങ്ങൾ വർണ്ണിക്കുന്നതു് അവൻ കേൾക്കുകയുണ്ടായി. ആ കൂട്ടത്തിലൊരുവൻ അവിടത്തെ

പണപ്പെട്ടിയിൽനിന്ന് കുറെ കട്ടെടുക്കുന്നതും അവൻ കണ്ടു. അന്നുതുടങ്ങിയാണ് അവൻ മോഷണം ആരംഭിച്ചത്. എന്തിനാണ് അങ്ങനെ ചെയ്തതെന്ന് ചോദിച്ചിട്ട് അവന് ഉത്തരമൊന്നുമുണ്ടായിരുന്നില്ല. ഏതെങ്കിലും സാധനം കണ്ടുകഴിയുമ്പോൾ അതു് എടുത്തേതീരു എന്ന് അവനുതോന്നും, ഉടൻ എടുത്തുകഴികയും ചെയ്യും. കാലമാകുംമുമ്പുതന്നെ എത്തിച്ചേർന്നിരുന്ന പ്രായപൂർത്തി മൂലം അവൻ ക്ഷുബ്ധനായിരുന്നു. മിക്കപ്പോഴും ഹസ്തമൈഥുനം ചെയ്യാറുണ്ടായിരുന്നു എന്ന് അവൻ സമ്മതിച്ചു. അവന് അസുഖകരമായ ഉറക്കമേ പതിവായുണ്ടായിരുന്നുള്ളു. ഹസ്തമൈഥുനത്തെക്കുറിച്ച് പ്രതിപാദിച്ചുകൊണ്ടിരിക്കേ അവൻ പെട്ടെന്ന് വിളിച്ചുപറഞ്ഞു. "അതാണുകക്കാനുള്ള ചിന്ത എന്നിൽ ജനിപ്പിക്കുന്നതു്" മെത്തയിൽ കിടക്കുമ്പോൾ പല ചിത്രങ്ങളും അവന്റെ മനസ്സിൽ ഉദിച്ചിരുന്നു. പെൺപിള്ളേരുടേയും അരയാടകളുടേയും കാലുറകളുടേയും മററും ചിത്രങ്ങളായിരുന്നു അവ. ഒരു കൂട്ടുകാരൻ പെൺപിള്ളേരുടെ തുടയുടെ ഭംഗിയെക്കുറിച്ചും അവയുടെ ചിത്രങ്ങളെക്കുറിച്ചും അവനോടു് സംസാരിച്ചിരുന്നു. അന്നുതൊട്ട് അവൻ മാസികകളിലുള്ള പരസ്യങ്ങളിലോ മറോറാ പെൺപിള്ളേരുടെ കാലുകളുടെ പടം കാണുമോ എന്ന് പരിശോധിക്കുക പതിവായിരുന്നു. കൂട്ടുകാരൻ വിവരിച്ചമാതിരിയുള്ള ഒരു പെണ്ണുമായി പാടത്തുകൊണ്ടുവച്ച് അനാശാസ്യമായ ഒരു ഇടപാട് അവനുണ്ടാകുന്നതിനും ഇടയായി. അതും ക്രൂരക്രൂരടെ അവൻ ഓക്കാറുണ്ടായിരുന്നു. എന്തെങ്കിലും

കണ്ടാൽ മോഷ്ടിച്ചില്ലെങ്കിൽ വലിയ ക്ഷോഭവും അസമാധാനവും അവനെ ബാധിച്ചുപോന്നു. മോഷ്ടിച്ചു കഴിയുമ്പോൾ വലിയ ആശ്വാസമാണ് അവന്ന് ലഭിച്ചിരുന്നതു്. "ആത്മദൂഷണം ചെയ്യാനുള്ള ആഗ്രഹം ആവേശിക്കുമ്പോളുണ്ടാകുന്നക്ഷോഭം അതു് ചെയ്തുകഴിയുമ്പോൾ അവസാനിക്കുന്നതിനു തുല്യമായിരുന്നു അതു്" എന്നാണ് ഗൗരവസ്വരത്തിൽ, ആത്മാർത്ഥത സ്ഫുരിക്കുന്ന മുഖഭാവത്തോടെ അവൻ വിളിച്ചുപറഞ്ഞതു്.

കാമന മൗലികവും സഹജവുമായ ഒരു .വികാരമാണെങ്കിലും പരിതഃസ്ഥിതികളാണ് അതിന്ന് അനാശാസ്യമായ പ്രചോദനം നൽകിക്കൊണ്ടിരിക്കുന്നതെന്നു് മനോപഗ്രഥനശാസ്ത്രകാരന്മാരുടെ പരിശ്രമങ്ങൾ സ്പഷ്ടമാക്കിയിട്ടുണ്ടു്. 'എല്ലി" (Elly) എന്നൊരു പെൺകുട്ടിയ്ക്കു് അപസ്മാരരോഗലക്ഷണങ്ങൾ കാണുകയാൽ അവളെ പരിശോധിക്കുന്നതിനിടയായി. 12½ വയസ്സായ അവൾക്കു് അസാധാരണമായ ശാരീരകവളർച്ചയുണ്ടായിരുന്നു. മുഖംകണ്ടാൽതന്നെ കുസൃതിയാണെന്നുതോന്നും. വസ്ത്രാദ്യാഡംബരങ്ങളിലും ആൺകുട്ടികളിലും മാത്രമേ അവൾ ശ്രദ്ധ പതിപ്പിച്ചിരുന്നുള്ളു, പഠിത്തത്തിൽ പിന്നോക്കമെന്നുമാത്രമല്ല, സ്കൂളിൽ പലപ്പോഴും ചെന്നുചേർന്നിരുന്നുമില്ല. ആൺകുട്ടികളെകണ്ടുമുട്ടുവാൻ അവൾ പല സങ്കേതങ്ങളും നിശ്ചയിച്ചിരുന്നു. അസ്ഥിരമായ അവളുടെ പ്രേമം പലരിലും മാറിമാറി പതിച്ചു. ചിലപ്പോൾ ഒന്നിൽകൂടുതൽ ആൺകുട്ടികളുമായി അവൾ ഏകകാലത്തുതന്നെ ഇടപാടുകൾ നടത്തിപ്പോന്നു. സുരതസുഖം അവൾ ആസ്വദിച്ചിരുന്നില്ല; ഒരിക്കൽ അതിനിടയായാൽ അവളൊരു വേശ്യ

യായിത്തീരുമെന്ന ബലമായ സംശയം ജനിപ്പിക്കത്തക്കതായിരുന്നു അവളുടെ സകല ഭാവങ്ങളും.

പരിശോധനയിൽ അവരം ഒമ്പതുവയസ്സുവരെ വളരെ അച്ചടക്കവും നാണവുമുള്ള പെൺകുട്ടിയായിരുന്നു എന്നു തെളിഞ്ഞു. അവളെ ബാല്യത്തിൻെറ ആദിഘട്ടത്തിൽ വൃത്തിയായിരിക്കുന്നതിൽ അതിശ്രദ്ധ പതിപ്പിക്കുവാൻ പഠിപ്പിച്ചിരുന്നു. കഴുകുന്നതിനും തുടയ്ക്കുന്നതിനും നിരന്തരനിർബ്ബന്ധിതയായിരുന്നതിനാൽ വൃത്തികേടായിരിക്കുന്നതു് അവരംക്കു ഭയജനകമായിരുന്നു. അവളുടെ സ്വാതന്ത്ര്യം ഇല്ലാതാക്കുന്നതിനുള്ള ശ്രമങ്ങളൊന്നുംതന്നെ നടത്തപ്പെട്ടിരുന്നില്ല വൃത്തികേടായിരിക്കയാണെങ്കിൽ ആരും അവളെ സ്നേഹിക്കുകയില്ലെന്നുള്ള ഒരു ദൃഢബോധം അവളിൽ അങ്കുരിച്ചിരുന്നു ഈ ഭയംമൂലം അവരം അടിയ്ക്കടി ദേഹശുദ്ധി വരുത്താനായി കഴുകലും തുടയ്ക്കലും നടത്തിവന്നു. എല്ലാം ശരിയായോ എന്നു പരിശോധിക്കാൻ കണ്ണാടിയുടെ മുമ്പിൽ പല മണിക്കൂറുകളാണു് അവരംക്കു കഴിക്കേണ്ടി വന്നതു്. ഒരു പുതിയ 'ഡ്രസ്' അണിയുവാൻ സാധിക്കാത്തപക്ഷം അവരംക്കു വലിയ ഈർഷ്യ തോന്നിയിരുന്നു കൂട്ടുകാരുടെ വസ്ത്രം മാററി വൃത്തികേടുമൂലമുണ്ടാകുന്ന അസ്വാസ്ഥ്യം മാററാൻ അവരം ശ്രമിച്ചു. അവളെ അന്യർ സ്നേഹിക്കുകയും മാനിക്കുകയും ചെയ്യുന്നുണ്ടെന്നു സ്വയം ബോദ്ധ്യപ്പെടുത്തുവാൻ അവരംക്കു് ആൺകുട്ടികളുടെ സഹവാസം ആവശ്യമായിത്തീൎന്നു. ഈ വിഷയത്തിലുള്ള അവളുടെ ഉൽക്കണ്ഠ അവളെ ക്ഷിപ്രവികാരിയാക്കി. ആളുകരം പറയുന്നതെല്ലാം അവളെ കുററപ്പെടുത്തുന്ന വിമർശനങ്ങളായി അവരം കരുതി. അപ്രകാരമുള്ള ആളുകളിൽ നിന്നും ചിലപ്പോരം സ്കൂളിൽനിന്നും

ഒഴിഞ്ഞുമാറി നില്ക്കാൻ അവൾ ശ്രമിച്ചു. ആ സമയത്ത് അവളുടെ പ്രേമത്തിന്ന് ഭാജനമായിരിക്കുന്ന ആൺകുട്ടിയേയും അവൾ വിഷമിപ്പിക്ക പതിവായിരുന്നു. പക്ഷേ, കബളിപ്പിക്കലിന്ന പാത്രമായിരിക്കുന്ന കുട്ടിയുടെ പക അവൾ ഭയന്നു. അവനെ എതിക്കുവാൻ ശക്തനായ മറെറാരുവൻെറ പ്രേമം സമാർജ്ജിക്കാനാണ് ഏതദൃശ ഘട്ടങ്ങളിൽ അവൾ മുതിന്നിരുന്നതു്. ഇങ്ങനെ പല കുട്ടികളേയും അവൾ സ്വാധീനപ്പെടുത്താൻ ശ്രമിച്ചു. സ്കൂളിൽ ടീച്ചർ അനുചിതമായി പെരുമാറുന്നുണ്ടെന്ന ശങ്കമൂലമാണ് അവൾ അവിടെ പോകുന്നതിന്നും പഠിക്കുന്നതിന്നും അനാസ്ഥ പ്രകടിപ്പിച്ചതു് ആൺകുട്ടികളെ അവൾ, കബളിപ്പിച്ചതു് ഉൽക്കണ്ഠ മൂലമാണെന്നും തെളിഞ്ഞു.

പുറമേ നോക്കിയാൽ മലിനമായ കാമത്തിന്ന് വിധേയയാണെന്ന് തോന്നിപ്പിച്ചിരുന്ന ആ പെൺകുട്ടിയുടെ പരിതഃസ്ഥിതികൾ മാററി വേണ്ട പ്രതിവിധികൾ ചെയ്തപ്പോൾ അസാധാരണത്വം മാറി അവൾ അവികലമായ സ്വഭാവമുള്ളവളായി പരിണമിച്ചു. ഇതു് രേഖപ്പെടുത്തിയിട്ടുള്ളതു് മെലിററ ഷെമിഡിബെർഗ (Melitta Schemideberg in 'The New Era' of March 1933 ആണ്.

അനർത്ഥകരമായ കാമനയുടെ അനിഷ്ടപ്രവർത്തനങ്ങൾ തടയുവാനും നിയന്ത്രിക്കുവാനും പ്രായമായവർ ദത്തശ്രദ്ധരായിരിക്കേണ്ടതു് അത്യന്താപേക്ഷിതമാകുന്നു. അനുവർത്തിക്കേണ്ട നയങ്ങളും പെരുമാറേണ്ട രീതികളും വിദഗ്ദ്ധന്മാർ പ്രതിപാദിച്ചിട്ടുള്ളതു് ശീലനിയന്ത്രണവിവരണത്തിൽ നൽകുന്നുണ്ടു്.

## അദ്ധ്യായം നൂറ

---

## ശീലനിയന്ത്രണം

സഹജവാസനകളുടെ നിയന്ത്രണവും രൂപപരിവർത്തനവും സാദ്ധ്യമാണെന്നു് പറഞ്ഞുവല്ലോ. സഹജവാസനകളുടെ അധിഷ്ഠാനത്തിലാണ് ശീലങ്ങൾ രൂപവൽകൃതമാകുന്നതെന്നും സൂചിപ്പിച്ചുകഴിഞ്ഞു. അപ്പോൾ ശീലങ്ങളെ നിയന്ത്രിക്കുവാനും രൂപപരിവർത്തനം ചെയ്യുവാനും സാധിക്കുമെന്നുള്ളതു് സ്പഷ്ടമാണല്ലോ. ഈ വിഷയം സംബന്ധിച്ചു് ശ്രദ്ധേയമായ പല പരീക്ഷണങ്ങളും നടത്തി പ്രശസ്തനായി തീൎന്നിട്ടുള്ളതു് പവ്ലോവ് (Pavlov) എന്ന റഷ്യൻ ശാസ്ത്രജ്ഞനാണ്. അദ്ദേഹത്തിൻെറ ശിഷ്യരായ ക്രാസ് നോഗോർസ്കി (Krasnogorski) ഐവാനോവ് സ്മോളൻസ്കി (Ivanov Smolenski) എന്ന മഹാശയന്മാരുടെ നാമധേയങ്ങളും പ്രസ്താവ്യമാണു്. ഇവർ നടത്തിയിട്ടുള്ള പരീക്ഷണങ്ങളിൽ ചിലവ ശീലനിയന്ത്രണത്തിൻെറ സ്വഭാവം മനസ്സിലാക്കുവാൻ താഴെ നൽകുന്നു.

ഒരു പട്ടിയുടെ വായിൽ ഒരു ഇറച്ചിക്കഷണം ഇട്ടാൽ സഹജവേഗത്തിൻെറ പ്രേരണയാൽ ഉടൻതന്നെ വായിൽ ഉമിനീരു നിറയും. പവ്ലോവ് ഇറച്ചിക്കഷണം

കൊടുക്കുന്നതിനോട് യോജിച്ച് പ്രത്യേകസ്വരത്തിലുള്ള ഒരു മണിയടികൂടി പ്രകടിപ്പിച്ചു. ഏതാനും പ്രാവശ്യം ഈ പ്രകടനം തുടർന്നപ്പോൾ, ഭക്ഷണസാധനം കൊടുക്കുന്നില്ലെങ്കിലും പരിശീലിപ്പിച്ചിട്ടുള്ള പ്രത്യേകസ്വരം കേൾക്കുന്ന മാത്രയിൽതന്നെ പട്ടിയുടെ വായിൽ ഉമിനീര് നിറയുകയും ഭക്ഷണസാധനം വായിലുള്ളപോലെതന്നെ അത് ചവയ്ക്കാനും മററും ആരംഭിക്കുകയും ചെയ്തു. ശബ്ദത്തിനുപകരം നിറങ്ങളോ മണങ്ങളോ അദ്ദേഹം പ്രകടിപ്പിച്ചു പരീക്ഷണം നടത്തിയിട്ടും ഫലത്തിൽ വ്യത്യാസമുണ്ടായില്ല. എന്നാൽ കൃത്രിമോദ്ദീപകങ്ങളായ ശബ്ദാദികളുടെ പ്രകടനരീതിയിലും തോതിലും മററും വ്യത്യാസം വരുത്തിനോക്കിയപ്പോൾ സഹജവേഗങ്ങൾ (ഉമിനീര്, ചവയ്ക്കൽ തുടങ്ങിയവ) പ്രത്യക്ഷപ്പെട്ടില്ല.

ചില നായ്ക്കളുടെ തൊലിയ്ക്കകത്ത് കറുപ്പിൻസത്ത് ഇൻജക്ററ് ചെയ്യപ്പെട്ടു. ഉടനെ വായിൽ നിന്ന് ഉമിനീർപ്രവാഹവും ഛർദ്ദിയും ഉണ്ടാകയും അവററ ഉറങ്ങിപ്പോകുന്നതിനിടയാകയും ചെയ്തു. അഞ്ചാറുദിവസം ഇത് ആവർത്തിച്ചപ്പോൾ ഇൻജക്ഷനുമുമ്പ് ആവശ്യമായ രോമക്ഷൗരവും സ്പിരിട്ടുപുരട്ടലും കഴിഞ്ഞു സിറിഞ്ജ് എടുത്തുകഴിയുമ്പോൾതന്നെ ഉമിനീർപ്രവാഹവും ഛർദ്ദിയും നിദ്രയും ആവിർഭവിച്ചു.

കണ്ണുമൂടിക്കെട്ടിക്കളഞ്ഞിട്ട് ശിശുക്കൾക്ക മണിഅടിച്ചുകൊണ്ടോ ഒരു ബ്രഷ് ശരീരത്തിലെവിടെയെങ്കിലും സ്പർശിച്ചുകൊണ്ടോ ചാക്കലററുകൾ കൊടുത്തു. ഏതാനം പ്രാവശ്യങ്ങൾ ആവർത്തിച്ചുകഴിഞ്ഞതിശേഷം ചാക്കലെ

ററുകൾ കൊടുക്കാതെ മണിയടിച്ചുനോക്കിയിട്ടും കുട്ടികൾ വാ തുറക്കുകയും ഉമിനീര് നിറയുക തുടങ്ങിയ ലക്ഷണങ്ങൾ സ്പഷ്ടമാക്കുകയും ചെയ്തു.

പവ്‌ലോവിനെ അനുകരിച്ച് വാട്സൺ പല പരീക്ഷണങ്ങളും നടത്തി. ഒരു കുട്ടിയുടെ ചെവിയുടെ സമീപം ഒരു ഉരുക്കുകമ്പിയിൽ ഉച്ചത്തിൽ ഒരടി അടിയ്ക്കുമ്പോൾ കുട്ടി പേടിച്ചു ഞെട്ടിവിറച്ചുകൊണ്ട് കരയാൻ ആരംഭിക്കും. ഇതു് പല പ്രാവശ്യം ആവർത്തിക്കുമ്പോൾ ആ പേടി അവനിൽ ദൃഢീകരിക്കുന്നു. ആകർഷകമായ ഏതെങ്കിലും കളിക്കോപ്പ് ഒരു ശിശുവിനെ കാണിച്ചാൽ അവൻ കൈനീട്ടി അതിനെ പിടിക്കാൻ ഉദ്യമിക്കുമല്ലോ. എന്നാൽ ആ കളിപ്പാട്ടം നീട്ടിക്കൊണ്ടു തന്നെ ഭയജനകമാക്കിത്തീർത്തിട്ടുള്ള ആ ശബ്ദം കൂടി പ്രകടിപ്പിക്കുകയാണെങ്കിൽ അവൻ കൈ വലിച്ചു മാററിക്കളയുകയും ഭയലക്ഷണങ്ങൾ പ്രദർശിപ്പിക്കുകയും ചെയ്യുന്നതാണ്. ഇതു് ഏതാനും പ്രാവശ്യം ആവർത്തിച്ചാൽ ആ കളിപ്പാട്ടം ശബ്ദപ്രകടനം കൂടാതെ തന്നെ ഭയപ്രദമായി പരിണമിക്കുന്നതായിരിക്കും. കുറച്ചു കഴിഞ്ഞു് ആ കളിപ്പാട്ടത്തിനോടൊത്തു് മധുരസാധനങ്ങൾ പല പ്രാവശ്യം ഭക്ഷിപ്പാൻ കൊടുത്തതോടുകൂടി അവൻ്റെ ഭയം അസ്തമിക്കയും സന്തോഷപൂർവ്വം കളിപ്പാട്ടത്തിൽ അവൻ വീണ്ടും പിടിക്കാൻ ആരംഭിക്കയും ചെയ്തു.

ഇമ്മാതിരി പല പരീക്ഷണങ്ങളിൽ നിന്നു് കൃത്രിമമായി സകല സഹജവാസനകളേയും വികാരങ്ങളേയും ഉണർത്തുകയും പുലർത്തുകയും ചെയ്യാമെ

ന്നും, ബാഹ്യങ്ങളെന്നു പറയാവുന്ന ലാലാപിണ്ഡങ്ങളോ സ്വേദപിണ്ഡങ്ങളോ മാത്രമല്ല, ആന്തരമായ കണ്ഠനാളപിണ്ഡം, മലമൂത്രാശയങ്ങൾ, ബീജാണ്ഡകോശങ്ങൾ മുതലായവയുടെ പ്രവൎത്തനം പോലും കൃത്രിമോദ്ദീപനങ്ങൾക്കു വിധേയമാക്കാവുന്നതാണെന്നും ശാസ്ത്രകാരന്മാൎക്കു സ്പഷ്ടമായി. കായികപ്രവൎത്തനങ്ങൾ പോലെതന്നെ മാനസികമായ സകല ഭാവവിശേഷങ്ങളും നിയന്ത്രണത്തിനു വിധേയമാക്കാമെന്നു ബോധ്യമായതു് ശിശുസംരക്ഷണത്തിൽ ഒരു പരിവൎത്തനത്തിനുതന്നെ ഇടയാക്കിത്തീൎത്തിട്ടുണ്ടു്.

ദൈനന്ദിനവൃത്തികൾ പരിശോധിച്ചാലും ഈ തത്വം സ്പഷ്ടമാകുന്നതാണു്. ഒരു ശിശുവിനു് മൂന്നു മണിക്കൂർ ഇടവിട്ടു് തുടർച്ചയായി ഏതാനും ദിവസങ്ങൾ ഭക്ഷണം കൊടുത്തുനോക്കുക, ക്ലിപ്തസമയത്തിനു് അവൻ ഉണൎന്നു് ഭക്ഷണം ലഭിക്കുന്നതുവരെ കരയുന്നതു് നിങ്ങൾക്കു് അത്ഭുതജനകമായിരിക്കും. പ്രായമായവൎക്കു് ഊണു കഴിക്കാൻ അല്പം നേരം വൈകിപ്പോയാലുണ്ടാകുന്ന ശുണ്ഠിയും ദേഷ്യവും താരതമ്യാൎഹമാണു്. പതിവു സമയമാകുമ്പോൾ ആന്തരാവയവങ്ങൾക്കു് ഒരു സ്പന്ദനവും ക്ഷോഭവും ഉണ്ടാകുന്നു. ഭക്ഷണം ചെന്നല്ലാതെ ഇതു് നില്ക്കുകയില്ല; ശാന്തിയും സമാധാനവും ഉണ്ടാകയുമില്ല. ഭയം, സ്നേഹം, ദേഷ്യം തുടങ്ങിയ വികാരങ്ങളുടെ ഉൽപത്തിയും നിദാനം ശീലങ്ങൾ തന്നെയാണെന്നു കാണാം. നിരന്തരമായി വെളിച്ചത്തിൽ പരിശീലിക്കുകയും ഇരുട്ടിനെക്കുറിച്ചുള്ള ഭയസൂചകമായ അഭിപ്രായങ്ങളും പെരുമാറ

ങ്ങളും പ്രായമായവരിൽനിന്ന് മനസ്സിലാക്കുകയും ചെയ്യുന്ന ഒരു കുട്ടിക്ക് ഇരുട്ടിൽ ഭയം തോന്നുന്നതു് കേവലം സ്വാഭാവികമല്ലേ? പൈദാഹശമനം വരുത്തുന്ന മധുരമായ മുലപ്പാലു് നൽകിയും മധുരതരമായ താലോലങ്ങൾ കൊണ്ടു് സദാ പരിലാളിച്ചും വളർത്തുന്ന മാതാവിനോടു് സ്നേഹവും, വിപരീതമായ പെരുമാററങ്ങൾ കാണിക്കുന്നവരോടു്, മാതാവിൻെറ പെരുമാററത്തിൽനിന്നു് അവർ എത്രത്തോളം അകലുന്നുവോ അത്രത്തോളം അന്തരത്തോടുകൂടിയ ദ്വേഷവും ഉദ്ദീപിതമാകുകയും, ദൃഢീകൃതമാകുന്നതിൻെറ ഫലമായി ജന്മസിദ്ധമാണെന്നു് തോന്നത്തക്ക ശക്തിയോടുകൂടി നിലകൊള്ളുകയും ചെയ്യുന്നു.

ഉറച്ചുപോയ ശീലങ്ങൾ മാററി പുതിയ ശീലങ്ങൾ സ്ഥാപിക്കുവാൻ വലിയ വിഷമമാണെന്നു് പറഞ്ഞുകഴിഞ്ഞിട്ടുണ്ടല്ലോ. പക്ഷേ അങ്ങനെ മാറേണ്ടതു് ആവശ്യമാകുന്നു. അതുകൊണ്ടു് കുറച്ചു വിഷമിച്ചാലും സാരമില്ല; അതിൻെറ ഫലം അതിമഹനീയമാണു്.

ഒന്നാമതായി വേണ്ടതു് ശീലത്തിൻെറ അടിസ്ഥാനമെന്താണെന്നു് പരിശോധിക്കുകയാകുന്നു. മിക്കപ്പോഴും ബലവത്തായ അടിസ്ഥാനങ്ങളൊന്നുമില്ലാത്ത പല ശീലങ്ങളും കാണാൻ കഴിയുന്നതാണു്. അവയെ മാററിക്കളെവാൻ വളരെ ബുദ്ധിമുട്ടേണ്ടിവരുകയില്ല. ചില കുട്ടികൾ നല്ല രുചികരമായ ഭക്ഷണസാധനങ്ങളുടെ നേർക്കു വെറുപ്പുകാണിക്കുന്നതു് നാം കാണാറുണ്ടല്ലോ. ആദ്യമായി ആ ഭക്ഷണം അവർക്കു നൽകിയിട്ടുള്ള സന്ദർഭം കണ്ടുപിടിക്കുകയാണെങ്കിൽ ഈ വെറുപ്പിൻെറ കാരണം വ്യക്ത

മാകുന്നതാണ്. ഒരു ഭക്ഷ്യ അസഹനീയമായ മൂടോട്ടക്രു ടിയായിരിക്കും അതു് അവക്കു നൽകപ്പെട്ടിട്ടുള്ളതു്, അല്ലെങ്കിൽ കൂടുതൽ രസകരങ്ങളായ ഏതോ പ്രവൎത്തന ങ്ങളെ തടസ്സപ്പെടുത്തിക്കൊണ്ടായിരിക്കണം അതു് കൊടുക്കുവാൻ ഉദ്യമിച്ചിട്ടുള്ളതു്. കൂടുതൽ രുചികരമായ ഭക്ഷ്യങ്ങൾക്കിടയ്ക്കോ അവയ്ക്കു ശേഷമോ നൽകിയിരു ന്നാലും ഫലം മേല്പടിതന്നെയായിരിക്കുകയേയുള്ളൂ. സങ്കട പ്പെട്ടോ, ക്ഷോഭിച്ചോ ഇരിക്കുമ്പോൾ നൽകുന്നതും മറിച്ചു വരാനിടയില്ല. ഇതൊന്നും മനസ്സിലാക്കാതെ അവന്റെ വെറുപ്പിനു പാത്രമായിട്ടുള്ള ഭക്ഷണസാധനം വീണ്ടും നൽകുവാൻ ശ്രമിക്കുന്നതിലുണ്ടാകുന്ന പരാജയത്തിൽ കുണ്ഠിതപ്പെടാനുണ്ടോ? വളരെ നയത്തിലും കൗശലത്തിലും അവനിൽ ഉറച്ചിട്ടുള്ള ദുശ്ശീലത്തെ അകററിക്കളയേണ്ട താണ്. അസുഖകരമായ അനുഭവങ്ങൾ മറക്കാൻ ആവ ശ്യമുള്ള ഏതാനും ദിവസങ്ങൾവരെ കാത്തിരുന്നിട്ട്, അവനു് ഏററവും പ്രിയമുള്ള ഒരു പാത്രത്തിൽ, മൂടു് നല്ല പാകമായും, ഉചിതമായ അവസരം നോക്കിയും, പൂൎവ്വസൂചനകൾ യാതൊന്നും കൂടാതേയും, വാത്സല്യമസൃ ണമായ ലാളനകളോടുകൂടിയും അതു് നൽകപ്പെടുന്ന പക്ഷം സ്ഥാപിതമായിരുന്ന വൈരസ്യം തീൎച്ചയായും മാറിപ്പോകുന്നതാണു്. ഇങ്ങനെ ഏതാനും പ്രാവശ്യങ്ങൾ ആവൎത്തിച്ചുകഴിയുമ്പോൾ പഴയശീലം നിശ്ശേഷം മാറി പുതിയശീലം സുസ്ഥാപിതമാകുന്നതായിരിക്കും.

ഭയാദികളായ ശക്തതരശീലങ്ങളെപ്പോലും വിപ രീതമനോഭാവം ഉദ്ദീപിപ്പിക്കുന്ന അവസരങ്ങളുടെ

ആവൎത്തനംകൊണ്ടു് അകററാമെന്നാണു് തെളിഞ്ഞിട്ടുള്ളതു്. ഭയോൽപാദകമായി ശിശുവിനു് തോന്നിയിട്ടുള്ള വസ്തുക്കളേയും സന്ദർഭങ്ങളേയും പ്രായമായവർ ഭയജനകങ്ങളല്ലെന്ന മട്ടിൽ അവർ കാണത്തക്കവണ്ണം അഭിമുഖീകരിക്കേണ്ടതാണു്. പിന്നീടു് അവയെക്കുറിച്ചു് നിർഭയഭാവത്തിൽ സംസാരിക്കയും നിസ്സാരഭാവത്തിൽ ചിരിക്കുകയും ചെയ്യണം. ശിശുവിൻെറ നേക്കു ചിരിക്കുകയോ ആക്ഷേപിക്കയോ ചെയ്യണമെന്നല്ല വിവക്ഷ. അതുപോലെ അപകടം മറെറാന്നുമില്ല. അവനെക്കൊണ്ടുകൂടി ചിരിപ്പിച്ചു് ഭയം അകററത്തക്ക ഒരു മനോഭാവം സൃഷ്ടിക്കുകയാണു് വേണ്ടതു്. വളരെ മുൻകരുതലോടുകൂടി—വേണ്ട വിശദീകരണങ്ങളും അനുകൂലപരിതഃസ്ഥിതികളും സ്ഥാപിച്ചുകഴിഞ്ഞശേഷം—ഭയജനകമായ വസ്തുവിനെയോ സന്ദർഭത്തെയോ അവനെക്കൊണ്ടു് അഭിമുഖീകരിപ്പിക്കുന്നതും ഉചിതമായിരിക്കും. പക്ഷേ, ആദ്യപരീക്ഷണത്തിൽ തോൽവി പിണയാതിരിക്കത്തക്ക പരിതഃസ്ഥിതികളെല്ലാം സൃഷ്ടിച്ചിരിക്കേണ്ടതു് അത്യന്താപേക്ഷിതമാണു്. അതിൽ വിജയം സിദ്ധിച്ചുകഴിഞ്ഞാൽ ആവൎത്തനം കൊണ്ടു് ദൃഢീകരണം സാധിക്കയും ചെയ്യാം.

പക്ഷേ, വേരുറച്ചുപോയ ഭയത്തെ ഉന്മൂലനം ചെയ്യാൻ വളരെ വിഷമമുണ്ടെന്നാണു് പവ്‌ലോവ് പ്രഭൃതികളുടെ അഭിപ്രായം. ശക്തതരമായ ഹിപ്നാട്ടിസം തുടങ്ങിയ സമ്പ്രദായങ്ങൾ സ്വീകാര്യങ്ങളാണു്. ഉപബോധനസമ്പ്രദായത്തെക്കുറിച്ചു് ഇതിനുപരി വിവ-

രിക്കുന്നുണ്ടു്. ഭയം ശിശുക്കളുടെ ഭാവിയെ നശിപ്പിക്കുന്ന ഒരു ദുശ്ശീലമാകയാൽ അതു് അങ്കുരിക്കാതിരിക്കാൻ കഴിയുന്നതും ശ്രമിക്കുന്നതാണു് നന്നു്. വളരെ ബുദ്ധിമുട്ടി ഭയം ദൂരീകരിച്ചാൽ പോലും അതു് വീണ്ടും ആവിർഭവിക്കുമെന്നാണു് പവ്ലോവു് അഭിപ്രായപ്പെടുന്നതു്. ഒരു ശിശുവിനു് മുയലിനോടു് തോന്നിയിരുന്ന ഭയം നിശ്ശേഷം വിട്ടുപോയി എങ്കിലും ഒരു മാസം ആശുപത്രിയിൽ താമസിച്ചിട്ടു് മടങ്ങിവന്നപ്പോൾ സർവ്വശക്തികളോടുംകൂടി അതു് പുനരാവിർഭവിച്ചുവത്രെ.

ഭയം അകററുവാൻ കാര്യകാരണസഹിതമായ യുക്തിവാദങ്ങൾകൊണ്ടു് വലിയ പ്രയോജനമൊന്നുമുണ്ടാകയില്ലെന്നും ചിലൎക്കു് അഭിപ്രായമുണ്ടു്. അവകൊണ്ടു് ചിലപ്പോൾ കൂടുതൽ ആപത്തിനുപോലും ഇടയാകുന്നതാണു്. ഭയശീലനായ ഒരു കുട്ടിയോടു് ഭയപ്പെടുന്നതുകൊണ്ടുള്ള അനൗചിത്യങ്ങളും മററും പ്രസംഗിക്കുകയാണെങ്കിൽ ഭയശീലം ലജ്ജാവഹവും നിന്ദ്യവുമാണെന്നുള്ള ഒരു ബോധംകൂടി അവനിൽ അങ്കുരിക്കുന്നതിനും അങ്ങനെ ഒരു വ്യാകുലതകൂടി കലൎന്നു് അവന്റെ നില കൂടുതൽ വഷളാകുന്നതിനും കാരണമായേക്കാം. നേരിട്ടുള്ള ഉപദേശങ്ങൾക്കു വലിയ സ്ഥാനമൊന്നും ഇക്കാര്യത്തിലില്ലാത്തതിനാൽ ഉപബോധനംകൊണ്ടു് ഇക്കാര്യം നേടുന്നതു് യുക്തതരമായിരിക്കുമെന്നാണു് ക്രൂവേ പ്രഭൃതികളുടെ വാദം. (ഉപബോധനമഹത്ത്വം നോക്കുക.)

ദുശ്ശീലങ്ങൾ അകററുന്നതിലും ഉത്തമശീലങ്ങൾ ആവിഷ്കരിക്കുന്നതിലും അപരിത്യാജ്യമായ ഒരു തത്ത്വ-

മാണ് ആവർത്തനം. പല പ്രാവശ്യം പ്രവർത്തിക്കുന്നതുകൊണ്ടുമാത്രമേ സിരാസന്ധികളുടെ പ്രജ്ഞാപ്രവാഹശക്തി അനർഗ്ഗളമായി പരിണമിക്കയുള്ളൂ. വിജയാങ്കുരം കണ്ടു പരിശ്രമം മതിയാക്കുന്നവർക്ക് അചിരേണ പരാജയത്തിന്റെ പ്രഭാവം ദൃശ്യമാകും.

ശീലദൃഢീകരണത്തിൽ ഒരു കാര്യം പ്രത്യേകം ഓർക്കേണ്ടതുണ്ടു്. ഉത്തമങ്ങളാണെങ്കിലും ചില ശീലങ്ങൾ ദൃഢീകരിക്കുന്നതു് പലപ്പോഴും പലവിധ അസൗകര്യങ്ങൾക്കും ഹേതുവാകുന്നതാണ്. പ്രത്യേകതരം ഭക്ഷ്യങ്ങളും പാത്രം തുടങ്ങിയ ഉപകരണങ്ങളുമില്ലെങ്കിൽ ഭക്ഷിക്കാൻ കഴിയാത്തവരുടേയും, പ്രത്യേക പരിതഃസ്ഥിതികളില്ലെങ്കിൽ വിസർജ്ജിക്കാൻ സാധിക്കാത്തവരുടേയും, പരിചയിച്ചിട്ടുള്ള മാതിരി മെത്തയും തലയണകളും മറ്റുമില്ലെങ്കിൽ ഉറങ്ങാൻ കഴിയാത്തവരുടേയും അവസ്ഥ എത്ര ദാരുണമാണ്!! അവരുടെ ശീലങ്ങളിൽ അന്തർഭവിച്ചിട്ടുള്ള തത്വങ്ങൾ അത്യുത്തമങ്ങളായിരിക്കാം. എന്നാൽ ഭാഗ്യവൈപരീത്യംകൊണ്ടോ മറ്റോ സ്ഥിതിഗതികൾ മാറി വന്നേക്കുകയാണെങ്കിൽ ഇമ്മാതിരി ദൃഢീകൃതശീലങ്ങൾ വരുത്തിവെയ്ക്കുന്ന വിനയുടെ വലിപ്പം എന്തായിരിക്കും? ഒന്നുരണ്ടു ദിവസത്തേക്കു സ്ഥലംമാറി താമസിക്കേണ്ടിവരുമ്പോൾ ചിലർ പ്രകടിപ്പിക്കുന്ന അസുഖങ്ങൾ ജുഗുപ്സാവഹമാണ്. ഏതേതുശീലങ്ങളുടെ രൂപവൽക്കരണത്തിൽ അയവു് ആവശ്യമുണ്ടെന്നും, ഏതെല്ലാം നല്ല മുറുക്കമുള്ളവയായിരിക്കണമെന്നും ബുദ്ധിയും ലോകപരിചയവും വിവേചനയും ഉപയോഗിച്ചു് പ്രായമായവർ തീരുമാനിക്കേണ്ടതാണ്.

ശിശുക്കളുടെ ഭാവിജീവിതരീതിയെക്കുറിച്ച് മാതാപിതാക്കന്മാൎക്ക് മിക്കപ്പോഴും ചില നിശ്ചയങ്ങളൊക്കെ ഉണ്ടായിരിക്കുന്നതും ഉണ്ടായിരിക്കേണ്ടതുമാണ്. പാരമ്പൎയ്യമനുസരിച്ചുള്ള തൊഴിലുകളിലോ ഗൃഹഭരണകാൎയ്യങ്ങളിലോ, രാഷ്ട്രീയപ്രവൎത്തനങ്ങളിലോ മററതെങ്കിലും വ്യാപാരങ്ങളിലോ പ്രവൎത്തിക്കുവാൻ അവരെ സമൎത്ഥരാക്കണമെന്നുള്ള ലക്ഷ്യംകൂടാതെ ഒരിക്കലും അവരുടെ ശീലം വേണ്ടവിധത്തിൽ രൂപവൽക്കരിക്കുവാൻ സാധിക്കുന്നതല്ല. ഓരോ തൊഴിലിനും ഓരോ പ്രത്യേകമാതിരി ശീലവിശേഷങ്ങളാണ് ആവശ്യമുള്ളത്. ഒരു വക്കീലിന് ആവശ്യമുള്ള ശീലങ്ങൾക്കും ഒരു നൎത്തകന് വേണ്ട ശീലങ്ങൾക്കും ഒരു ആശാരിക്കു വേണ്ട ശീലങ്ങൾക്കും തമ്മിലുള്ള അന്തരം ചിന്തനീയമാണ്. പാത്രവും സന്ദർഭവും നോക്കിമാത്രമേ ശീലദൃഢീകരണം പാടുള്ളു.

താൽകാലികമായ പ്രബലപ്രചോദനംകൂടാതെ ശിശുക്കളുടെ ശ്രദ്ധയേയും താൽപൎയ്യത്തേയും ഒന്നിലേക്കും കേന്ദ്രീകരിക്കുവാൻ കഴികയില്ലെന്നുള്ള മൗലികമനശ്ശാസ്ത്രതത്ത്വം ശീലരൂപവൽക്കരണത്തിൽ സുപ്രധാനമാണ്. കൂട്ടുകാരെല്ലാം കളിച്ചു രസിച്ചുകൊണ്ടിരിക്കുന്ന ശബ്ദം ചെവിയിൽ മുഴങ്ങിക്കൊണ്ടിരിക്കുമ്പോൾ എത്ര സമൎത്ഥനായ അദ്ധ്യാപകനായാലും അദ്ദേഹത്തിന്റെ അദ്ധ്യാപനശ്രമങ്ങളെല്ലാം പരാജയപ്പെടാനല്ലാതെ ഇടയുണ്ടോ? നേരേമറിച്ച് കളിയാണെന്നഭാവത്തിൽ ശിശുക്കളെ പഠിപ്പിക്കാൻ കഴിയുന്ന പദ്ധതികളുടെ (ലീലാപദ്ധതികളുടെ) വിജയം അതുല്യമായിരിക്കാനേ ഇടയുള്ളു. ശ്രദ്ധയെ

ആകൎഷിക്കേണ്ട മാൎഗ്ഗങ്ങൾ ഇനിയൊരദ്ധ്യായത്തിൽ വിവരിക്കുന്നുണ്ടു്. ചുരുക്കിപ്പറയുകയാണെങ്കിൽ ശാരീരികമോ മാനസികമോ ആയ ഏതെങ്കിലും ഒരു സുഖം ലഭിക്കുമെന്നുള്ള പ്രതീക്ഷയോടുകൂടി പ്രവൎത്തിപ്പിക്കുന്നതുകൊണ്ടേ ശിശുക്കളുടെ താൽപര്യവും ശ്രദ്ധയും ആകൎഷിക്കുവാൻ സാധിക്കുകയുള്ളൂ.

ശിശുക്കളുടെ പ്രവൎത്തനങ്ങളിൽ വിശിഷ്യ മാനസികപ്രവൎത്തനങ്ങളിൽ പ്രായമായവർ നിരന്തരമായി ഇടപെടുന്നതു് ആശാസ്യമല്ല. അതു് അവരുടെ സ്വാശ്രയശീലത്തെ ഹനിക്കുന്നതാണു്. എല്ലാ ശിശുക്കളിലും സ്വതമേവ തെററു തിരുത്താനും പരിഷ്കരിക്കാനുമുള്ള ശക്തി ലയിച്ചിരിക്കുന്നു. അതിനെ വളരാൻ അനുവദിക്കാതെ മുരടിപ്പിക്കുന്നതു് ശരിയല്ല. ശിശുക്കൾക്കു് അതു തീരെ ഇഷ്ടവുമല്ല. വിദ്യാലയങ്ങളിൽ പലപ്പോഴും, 'സാർ പറയണ്ട!,' 'ഞാൻ തനിയെ ചെയ്യാം', 'ഇനി ആരും പറഞ്ഞു തരണ്ട' എന്നെല്ലാം കൊച്ചുകുട്ടികൾ മുറവിളിക്കുന്നതു് കേൾക്കാവുന്നതാണു്. അനാവശ്യമായ വിശദീകരണങ്ങളും വ്യാഖ്യാനങ്ങളും നിർദ്ദേശങ്ങളും കൊടുത്തു് കുട്ടികളെ വിമ്മിട്ടപ്പെടുത്തുന്ന അദ്ധ്യാപകന്മാർ അവരുടെ സ്വതന്ത്രപ്രവൎത്തനാസക്തിയെ നിർദ്ദയം മർദ്ദിക്കുകയും അവരുടെ സ്വാതന്ത്ര്യചിന്താശക്തിയെ മുരടിപ്പിക്കയും മാത്രമാണു് ചെയ്യുന്നതു്. പക്ഷേ, ഇടപെടലും ഉപദേശവും കൂടാതെ ശിശുക്കളെ പഠിപ്പിക്കാനും സ്വതന്ത്രചിന്തനത്തിനു് പ്രേരിപ്പിക്കുവാനും കുറച്ചു വിഷമമുണ്ടു്. "ഇതൊക്കെ ശ്രദ്ധിച്ചു പഠിച്ചു"

യഥാവസരം പ്രയോഗിച്ചുകൊള്ളൂ!" എന്നോ അല്ലെങ്കിൽ 'ഈക്കാര്യം ചെയ്യാൻ ഇതാണ് എളുപ്പവഴി, ഞാൻ ചെയ്യുംപോലെ ചെയ്തുകൊള്ളൂ:' എന്നോ ആജ്ഞാപിച്ചാൽ സമയത്തിനും സാമഗ്രികൾക്കും മററും എത്ര മാത്രം ലാഭം പിടിക്കാൻ സാധിക്കുമെന്നാണ് ചിലരുടെ വാദം. പക്ഷേ സ്വതന്ത്രമായി ഏതെങ്കിലും ചിന്തിച്ച് കണ്ടുപിടിക്കുന്നപോലുള്ള യാഥാർത്ഥ്യബോധമോ ദാർഢ്യമോ അനുഗാഹിതത്വമോ അന്യോപദേശങ്ങൾ കേട്ടു പഠിക്കുന്നതുകൊണ്ട് ഒരിക്കലും ഉണ്ടാകുന്നതല്ല. ജീവിതത്തിൽ നമുക്ക് അനവധി സംഗതികൾ സ്വതന്ത്രമായി ചിന്തിക്കേണ്ടവയും പ്രവർത്തിക്കേണ്ടവയുമുണ്ട്. ഏതെങ്കിലും കാര്യങ്ങൾ നാം തനിയെ ചെയ്തുനോക്കുമ്പോഴേ നമുക്ക് അവയിലുള്ള അജ്ഞതയും അപ്രഗത്ഭതയും ബോധ്യമാകയുള്ളൂ. ഒരു ചിത്രം വരച്ചു നോക്കുക; അല്ലെങ്കിൽ ഒരു ചെറിയ പെട്ടി പണിതു നോക്കുക; അല്ലെങ്കിൽ ഒരു ഓടക്കുഴൽ എടുത്തു വായിച്ചു നോക്കുക; അപ്പോൾ മാത്രമാണ് സംഗതികളുടെ യാഥാർത്ഥ്യം നാം അറിയുന്നതു്. അതിൽ അറിഞ്ഞുകൂടാത്ത കാര്യങ്ങളെല്ലാം നാം തന്നെ തപ്പിത്തടഞ്ഞു് കണ്ടുപിടിക്കുകയാണെങ്കിൽ അനുഭൂതമാകുന്ന രസവും ആനന്ദവും എത്ര അപരിമിതമായിരിക്കും. ആരെങ്കിലും ഉപദേശിച്ചു തരികയാണെങ്കിലോ? തൃപ്തിയും നിർവൃതിയും തീർച്ചയായും അനേകമടങ്ങു കുറഞ്ഞു പോകയേ ഉള്ളൂ. ജീവിതത്തിലുള്ള പല പ്രധാനസരണികളിലും പുതിയ സംഗതികൾ കണ്ടുപിടിക്കാൻ കെല്പുള്ള യുവാക്കന്മാരെ സൃഷ്ടിക്കാനോ

സംഹരിക്കാനോ മാതാപിതാക്കന്മാൎക്കും അദ്ധ്യാപകന്മാൎക്കും അന്യാദൃശമായ അവസരങ്ങളാണുള്ളതു്. കണ്ടുപിടിക്കാനും പരീക്ഷിക്കാനും ശിശുക്കൾക്കുള്ള പ്രവണത നിരതിശയനീയമാണെന്നു് കണ്ടിട്ടാണു് കരകൗശലത്തിനും പ്രായോഗികശാസ്ത്രങ്ങൾക്കും വിദ്യാഭ്യാസ കരിക്കുലത്തിൽ മാന്യമായ ഒരു സ്ഥാനം നൽകേണ്ടതാണെന്നു് പണ്ഡിതന്മാരെല്ലാം അഭിപ്രായപ്പെടുന്നതു്. സ്വയമേവ സാധനങ്ങൾ നിൎമ്മിച്ചു നോക്കിയെങ്കിൽ മാത്രമേ എന്തെന്തു വിഷമങ്ങളാണു് ഓരോരോ സാധനങ്ങൾ ഉണ്ടാക്കുവാൻ ആളുകൾ അനുഭവിക്കുന്നതെന്നുള്ള ബോധം അവരിൽ ശരിയായി ജനിക്കയുള്ളൂ. സ്വതന്ത്രചിന്തനത്തിന്റെ കാൎയ്യവും ഇതിൽ നിന്നു് അല്പവും വ്യത്യസ്തമല്ല. ഇക്കാരണത്താൽ സ്വതന്ത്രമായ പ്രവൎത്തനവും ചിന്തനവും ശിശുക്കളുടെ ശീലമായിത്തീരുവാൻ കഴിവുള്ളതെല്ലാം പ്രായമായവർ ചെയ്യേണ്ടതാണു്.

പ്രായമായവരുടെ 'ഇടപെടലും തെററുതിരുത്തലും' സമ്പ്രദായംതന്നെ അനുചിതമാണെന്നു് പരീക്ഷണങ്ങൾ വ്യക്തമാക്കിയിട്ടുണ്ടു്. ആർതർഗേററ്സ് എന്ന പണ്ഡിതൻ രണ്ടുസംഘം കുട്ടികളെ ഏതാനും അക്ഷരങ്ങൾ പകൎത്തിഎഴുതുവാൻ നിയോഗിച്ചു. ഒരുസംഘം അദ്ധ്യാപകന്മാരുടെ നിൎദ്ദേശങ്ങൾ അടിക്കടി സ്വീകരിച്ചും ലിപികളുടെ മീതെ ഘനംകുറഞ്ഞ കടലാസ് വച്ചു വരച്ചു്, അവയിൽ കിട്ടുന്ന വടിവു് വേറൊരു കടലാസ്സിൽ പതിപ്പിച്ചു്, ആ അടയാളത്തിന്റെ മുകളിൽക്കൂടി എഴുതിയും പ്രതിദിനം അഞ്ചുമിനിട്ടു് വീതം പത്തൊമ്പതുദി

വസം പകത്തി. മറേറ സംഘമാകട്ടേ, നിർദ്ദേശങ്ങളോ നിയന്ത്രണങ്ങളോ കൂടാതെ ദിവസവും അഞ്ചുമിനിട്ടു വീതം പതിന്നാലു ദിവസം പകത്തി. രണ്ടാമത്തെ സംഘത്തിനാണ് ഒന്നാമത്തേതിനെക്കാൾ സ്പഷ്ടമായ പുരോഗതി സിദ്ധിച്ചതു്. പ്രായമായവരുടെ നിരന്തരമായ ഇടപെടലും ഉപദേശവും തെററുതിരുത്തലും മററും ഒരുമാതിരി ഉപദ്രവമായിട്ടേ ശിശുക്കൾ സാധാരണ സ്വീകരിക്കാറുള്ളു എന്നുള്ളതു് അവരെ സൂക്ഷിച്ചു നോക്കുന്ന ആൎക്കും ബോധ്യമാകുന്നതാണ്. പ്രായമായവരുടെ സാന്നിധ്യത്തെക്കുറിച്ചുള്ള ബോധം അവരിൽ അങ്കുരിപ്പിക്കാതെ രഹസ്യമായി അവരെ സൂക്ഷിച്ചു്, നയത്തിൽ നിയന്ത്രിക്കുന്നതാണ് ഏററവും ഉത്തമം.

ഇപ്പറഞ്ഞതിലെല്ലാം ശിശുക്കളെ ബോധിച്ചപോലൊക്കെ ചെയ്തുകൊള്ളുവാൻ വിട്ടേയ്ക്കണമെന്നല്ല വിവക്ഷ. യുക്താവസരങ്ങളിൽ അവൎക്കു വേണ്ട നിർദ്ദേശങ്ങൾ നൽകുകതന്നെവേണം. മുൻകൂട്ടിത്തന്നെ പൊതുവേയുള്ള നിർദ്ദേശങ്ങൾ നൽകിയിട്ട് കേവലം ഒരു അദ്ധ്യക്ഷന്റെ സ്ഥാനം പ്രായമായവർ സ്വീകരിക്കുന്നതു് സമുചിതമായിരിക്കുന്നതാണ്. മാണ്ടിസോറി പ്രസ്ഥാനത്തിൽ ഈ രീതിയാണല്ലോ സ്വീകരിച്ചുവരുന്നതു്. പ്രസിദ്ധമായ 'ഡാൾട്ടൺപദ്ധതി'യിലും ഈ സമ്പ്രദായംതന്നെ സ്വീകരിച്ചുവരുന്നു. നിരീക്ഷണസാമൎത്ഥ്യം ബുദ്ധികൂൎമ്മത, സ്വാശ്രയബോധം, പ്രതിബന്ധങ്ങളെ സ്വയമേവ തരണം ചെയ്യാനുള്ള തന്റേടം, പ്രായോഗികജ്ഞാനത്തിന്റെ തീക്ഷ്ണത, അവിചാരിതസന്ദർഭങ്ങളെ അഭിമുഖീകരിക്കാ

നുള്ള വൈഭവം തുടങ്ങിയ പല ശീലഗുണങ്ങളും സ്വാതന്ത്ര്യപ്രവർത്തനപദ്ധതിമൂലം ശിശുക്കളിൽ രൂപവൽക്കരിക്കുവാൻ കഴിയുന്നതാണ്.

'ഉപദേശത്തെക്കാൾ നന്ന് മാതൃകയാണ്' എന്ന തത്ത്വം ശീലരൂപവൽക്കരണത്തിലെന്നപോലെ മറെറാരിടത്തും യോജിക്കുന്നതല്ല. അച്ഛനമ്മമാർ വൃത്തികേടായിരിക്കയും കള്ളം പറയുകയും ചെയ്തിട്ട് വൃത്തിയായിരിക്കാനും സത്യംപറയാനും ശിശുക്കളോട് ഉപദേശിച്ചാൽ ഫലം എങ്ങനെയായിരിക്കുമെന്ന് പറയേണ്ട ആവശ്യമില്ലല്ലോ. ശിശുക്കൾക്ക സൂത്രവും കപടവുമൊന്നും ഗ്രഹിക്കാൻ കഴിവില്ലെന്നാണ് ഇവരുടെ ധാരണ. അനുചിതമായ പ്രവർത്തനങ്ങൾ അവർ കാൺകെയും കേൾക്കെയും ഇക്കൂട്ടർ ചെയ്യുന്നു. ഉപദേശത്തിന് വിപരീതമായ മാതൃകകൾ കാണുന്ന ഈ കുട്ടികൾ ആത്മവഞ്ചകരും പരവഞ്ചകരും കൂടിയായി വളരുന്നതിൽ ആശ്ചര്യമില്ല.

ശിശുക്കൾക്ക വലുതായ ആത്മാഭിമാനമുണ്ടെന്നും അതിനു ക്ഷതം തട്ടിക്കഴിഞ്ഞാൽ പിന്നെ അവരെ നിയന്ത്രണശൃംഖലകൊണ്ട് ബന്ധിക്കുവാൻ വളരെ വിഷമമാണെന്നുമുള്ള കാര്യം അവരുമായിടപെടുന്ന പലരും വിസ്മരിച്ചുകളയുന്നു. ഈ തത്ത്വം മനസ്സിലാക്കാത്ത അച്ഛനമ്മമാരും അധ്യാപകന്മാരുമാണ് കുട്ടികളെ പരസ്യമായി ആക്ഷേപിക്കയും ശകാരിക്കുകയും ശിക്ഷിക്കയും ചെയ്യാറുള്ളത്. ആ കുട്ടികളുടെ ഹൃദയം വിദ്വേഷത്തിന്റെ വിളനിലമായി രൂപാന്തരപ്പെടുത്തുന്നതു് വിസ്മയനീയമല്ല. നേരേമറിച്ച് കുററങ്ങൾ കണ്ടുപിടിച്ചുകഴിഞ്ഞാലും

അവയെ കഴിയുന്നതും പരസ്യമാക്കാതെ, കററക്കാരനെ മററുകുട്ടികളിൽനിന്നും പ്രായമായവരിൽനിന്നും അകററ നിറുത്തി, അവൻെറ നീതിബോധത്തെ സ്പർശിക്കത്തക്ക വിധം സൗമ്യമായും ശാന്തമായും ഉപദേശിക്കുകയോ ശിക്ഷിക്കുകയോ ചെയ്യുന്നതു് കൂടുതൽ ഗുണകരമായിരിക്കാനേ ഇടയുള്ളു. (കുററവും ശിക്ഷയും വിവരിച്ചിരിക്കുന്ന ഭാഗം അദ്ധ്യായം ൪൦ നോക്കുക)

യാതൊരു തെളിവുംകൂടാതെ തന്നെ ശിശുക്കളെ സംശയിക്കുകയും കുററം ചുമത്തുകയും ശിക്ഷിക്കുകയും ചെയ്യുന്ന ഒരു സമ്പ്രദായം ചിലർക്കുണ്ടു്. ഇപ്രകാരമുള്ള കഠിനമായ പെരുമാററങ്ങൾ പല ദുശ്ശീലങ്ങളും ശിശുക്കളിൽ വളർത്തുവാൻ പര്യാപ്തമാണു്. അവരുടെ ഹൃദയം അപ്രകാരമുള്ള ക്രൂരഹൃദയരിൽനിന്നു് ഒളിച്ചുവയ്ക്കുവാൻ അവർ കഴിവുള്ളിടത്തോളം ശ്രമിക്കും. അവരുടെ ചിന്താഗതി ഗ്രഹിക്കാതെ അവരെ ഏതു വിധത്തിലാണു് നന്നാക്കാൻ കഴിയുന്നതു്? ഇമ്മാതിരിയുള്ള പീഡനത്തിനു് പാത്രമായ 'ലോട്ടി' എന്ന ൧൧ൽ വയസ്സായ ഒരു കുട്ടിയുടെ ചരിത്രം 'മെലിററാ' വിവരിച്ചിട്ടുള്ളതു് ശ്രദ്ധേയമാണു്. കള്ളംപറയുക, കള്ളം പ്രവർത്തിക്കുക, തമ്മിൽ തല്ലിക്കുക തുടങ്ങിയ പല നീചകൃത്യങ്ങളും വീട്ടിലും സ്കൂളിലും ആ കുട്ടി ചെയ്യുന്നതിനിടയായതു് ക്രൂരമായ പെരുമാററത്തിൻെറ ഫലമാണെന്നാണു് കണ്ടുപിടിക്കാൻ കഴിഞ്ഞതു്.

ശീലങ്ങൾക്കു ജീവിതത്തിൽ വലിയ പ്രാധാന്യമാണുള്ളതെങ്കിലും ശീലങ്ങളുടെ അടിമയായി ജീവിക്കുവാൻ

ഇടയാകുന്നതു് അഭിലഷണീയമല്ല. ഇതുകൊണ്ടായിരിക്കണം റൂസോ "ഞാൻ പഠിപ്പിക്കാൻ ഉദ്ദേശിക്കുന്ന ഒററ ശ്ശീലം, യാതൊരു ശീലവും രൂപവൽക്കരിക്കാതിരിക്കാനുള്ള ശീലമാകുന്നു" എന്നു് അഭിപ്രായപ്പെട്ടതു്. എന്നാൽ ഇച്ഛ, ഭാവന തുടങ്ങിയ ഉജ്ജ്വലശക്തികളുടെ നിസ്തുലപ്രഭാവത്താൽ സന്ദർഭയുക്തമായ രൂപപരിവർത്തനങ്ങളും വ്യതിയാനങ്ങളും വരുത്തി ഏതു ശീലത്തേയും പ്രയോഗിച്ചുകൊള്ളുവാൻ മനുഷ്യമനസ്സിനു സാധിക്കുന്നതാണു്. സ്നേഹശീലനായ ഒരാൾ അമ്മയേയും, ഭാര്യയേയും, മകളേയും സ്നേഹിക്കുന്നതു് ഒരുപോലെയായിരിക്കയില്ലല്ലോ. ഉത്തമശീലങ്ങൾ രൂപവൽക്കരിക്കുന്നതു് യുക്തമല്ലെന്നുള്ള അഭിപ്രായം ഇക്കാരണത്താൽ ആദരണീയമാണെന്നു് തോന്നുന്നില്ല.

ഏതെങ്കിലും ഒരു നല്ല ശീലം ഉറച്ചുകഴിഞ്ഞാൽ മററുള്ള ഉത്തമശീലങ്ങളും പുറമേ വന്നുകൊള്ളുമെന്നും നേരേമറിച്ചു് ദുശ്ശീലങ്ങളിൽ ഒന്നുറച്ചാൽ ആ വ്യക്തി ദുശ്ശീലപരമ്പരകളുടെ കേന്ദ്രമായിത്തീരുമെന്നും ചിലക്കു് അഭിപ്രായമുണ്ടു്. ഇതിൽ ഏതാണ്ടുസത്യമില്ലാതില്ല. സൽപ്രവണത ജനിച്ചുകഴിഞ്ഞാൽ സത്തായ കാര്യങ്ങളുടെ നേക്കു കൂടുതൽ പ്രതിപത്തി കാണാനാണെളുപ്പം. പക്ഷേ; അത്യുത്തമശീലങ്ങളോടു ചേന്നു് പല നീച ശീലങ്ങളും ഉറച്ചിട്ടുള്ള പല വ്യക്തികളും ലോകത്തുണ്ടെന്നുള്ള കാര്യം മറക്കത്തക്കതല്ല.

ദുശ്ശീലങ്ങളിൽ പലതും നിസ്സാരമെന്നു് ആദ്യം ഗണിക്കപ്പെടുന്ന ചില പ്രവൃത്തികളിൽ നിന്നാണു് ഉത്ഭവി

ക്കാറുള്ളത്. കമ്പനി കൂടിയിരിക്കുമ്പോൾ ഒരു സിഗ്രററ് വലിക്കുന്നതു് സാരമില്ലെന്നു സമാധാനപ്പെട്ടുകൊണ്ടു് തുടങ്ങുന്നവരാണ് ഒടുവിൽ സിഗ്രററ് വായിൽനിന്നെടുത്താൽ ചുമ, ജലദോഷം, നീർവീക്കം, പനി തുടങ്ങിയ രോഗങ്ങൾക്ക് ഇരയാകുന്നവരായിത്തീരുന്നതു്. അതുകൊണ്ടു് ദുശ്ശീലങ്ങൾ ആരംഭിക്കുവാൻ സൌകര്യമുള്ള പരിതഃസ്ഥിതികളാണു് ശിശുക്കൾക്കു നൽകാതിരിക്കേണ്ടതു്. "ഒററപ്രവൃത്തി ഒരു ശീലത്തിനു കാരണമാകുകയും, ഒററശീലം ഒരുജീവിതഗതിയ്ക്കു നിദാനമാകുകയും ചെയ്യു"മെന്നു് വിചാരിച്ചു് യാതൊരു കാരണവശാലും മലിനമായ പ്രവൃത്തികളുമായി യോജിക്കാനുള്ള അവസരം ശിശുക്കൾക്ക് ഒരിക്കലും നൽകാതിരിക്കാൻ ശ്രമിക്കേണ്ടതാണു്. അതുപോലെതന്നെ "ഇന്നത്തേക്കുമാത്രം ചെയ്തുകൊള്ളൂ, ഇതിന്മേൽ പാടില്ല!" എന്നുള്ള നിർദ്ദേശം ഒരിക്കലും ശിശുക്കൾക്കു കൊടുക്കാവുന്നതുമല്ല.

ചില ഉറച്ച ദുശ്ശീലങ്ങൾ മാററുവാൻ ക്രമേണ അവയുടെ തോതു കുറച്ചാൽമതിയെന്നു് ചിലക്കു വിചാരമുണ്ടു്. ഒടുവിൽ അവ നിശ്ശേഷം മാറിപ്പോകുമെന്നു് അവർ വിശ്വസിക്കുന്നു. ദിവസംപ്രതി 50 സിഗ്രററ് വലിക്കുന്നയാൾ 40, 30, 20 എന്നീ ക്രമത്തിനു് കുറച്ചാൽ ഒടുവിൽ ഒന്നും വേണ്ടാതാക്കിത്തീർക്കാമെന്നാണ് ഇവരുടെ വാദം. എന്നാൽ ഇതു് വെറും തെററിദ്ധാരണയാണെന്നാണ് അനുഭവസ്ഥന്മാരുടെ അഭിപ്രായം. നിറുത്തണമെന്നുള്ള പക്ഷം പെട്ടെന്നു് ഒററ നിമിഷത്തിൽ നിശ്ശേഷം നിറുത്തേണ്ടതാണു്. ഇച്ഛാശക്തിയെ വല്ലാതെ

പിടിപ്പിച്ചാലേ ഇതു് സാദ്ധ്യമാകയുള്ളു. അല്ലാതെ യാതൊരു നിവൃത്തിയുമില്ലതന്നെ. അല്പമെങ്കിലും ഇളപ്പം അനുവദിച്ചുകൊടുക്കുകയാണെങ്കിൽ പരാജയമായിരിക്കും ഫലം. ശിശുക്കളുടെ ദുശ്ശീലങ്ങൾ മാററുന്നതിലും ഈ തത്വം പ്രായമായവർ പ്രയോഗിക്കേണ്ടതാണു്.

ശിശുക്കളുടെ ശീലങ്ങളിൽ അത്യനത്ഥകരമാണെന്നു് വിവരിച്ച കാമനയുടെ നിയന്ത്രണത്തെക്കുറിച്ചാണു് അടുത്തതായി ചിന്തിക്കേണ്ടതു്. വജ്ഗം പുലത്തിക്കൊണ്ടുപോകുന്നതിലയ്ക്കുള്ള പ്രകൃതിയുടെ പ്രധാനോപകരണമായ ലൈംഗികവാസനയുടെ പ്രഭാവം പ്രത്യേക പരിഗണനയ്ക്കു് പാത്രമാക്കിയപോലെതന്നെ, അതിന്റെ നിയന്ത്രണത്തേയും പ്രത്യേക വിശദീകരണത്തിനുതന്നെ വിധേയമാക്കുന്നു.

## അദ്ധ്യായം നവ

## ലൈംഗികവാസനാനിയന്ത്രണം.

ലൈംഗികവാസന ജനനം തുടങ്ങി ശിശുക്കളിലു ണ്ടെങ്കിലും അതു് വികസ്വരമാകുന്നതു് ഏകദേശം പന്ത്രണ്ടുമുതൽ പതിനാലു വയസ്സിനകമാണെന്നാണ് ശാസ്ത്രജ്ഞമതം. ഓരോ ഘട്ടത്തിലും പ്രായമായവർ ഏതേതു വിധത്തിലാണ് പെരുമാറേണ്ടതു് എന്നുള്ളതാണു് ചിന്തനീയം.

ഏററവും കൊച്ചുകുട്ടികളുടെ കാര്യത്തിൽ മാതാപിതാക്കന്മാരുടെ നിരന്തരമായ ശ്രദ്ധ, ജാഗ്രതയോടുകൂടി പ്രവർത്തിക്കേണ്ടതു് അനുപേക്ഷണീയമാണ്. ധാത്രികളും, പരിചാരികകളും, മററു കുട്ടികളും ശിശുക്കളോടു പെരുമാറുന്നതു് അവർ സദാ സൂക്ഷിക്കണം. കരച്ചിലോ ശാഠ്യമോ മാററുവാൻവേണ്ടി ശിശുക്കളുടെ ഗുഹ്യത്തിൽ താലോലിക്കുവാനോ ചുംബിക്കുവാനോ യാതൊരു കാരണവശാലും അനുവദിക്കരുതു്. കുട്ടികൾ എളുപ്പത്തിൽ അതിനു വഴിപ്പെട്ടേക്കുമായിരിക്കാം. എന്നാൽ അതു് അനാശാസ്യമായ ശീലം ജനിപ്പിക്കുവാൻ പര്യാപ്തമാണ്. ചില മാതാപിതാക്കന്മാരും ശിശുക്കളുടെ അരയിൽ താലോലിക്കാറുണ്ടു്. നിസ്സാരമെന്നു് പ്രഥമ

വീക്ഷണത്തിൽ തോന്നുമെങ്കിലും നാശഹേതുകമായ ഒരു ദുശ്ശീലമാണിതെന്നു് അല്പം ആലോചിച്ചാൽ വ്യക്തമാകും.

കാമാന്ധരും അജ്ഞാനജടിലരുമായ പരിചാരകർ പലപ്പോഴും കൊച്ചുകുട്ടികളോടു് അതിനീചമായ രീതിയിൽ പെരുമാറാറുണ്ടു്. ഒരിക്കൽ ഒരു ഉദ്യോഗസ്ഥൻെറ ഒന്നരവയസ്സായ കുഞ്ഞു് അകാരണമായി ശാഠ്യം പിടിച്ചു് അത്യുച്ചത്തിൽ ഇടവിടാതെ കരയാൻ ആരംഭിച്ചു. പലരും ശ്രമിച്ചിട്ടും കരച്ചിൽ നിന്നില്ല. അരിവയ്പുകാരൻ വാസു ഓടിച്ചെന്നു് "ഇങ്ങോട്ടു തരൂ കൊച്ചമ്മേ!" എന്നു പറഞ്ഞു് കുഞ്ഞിനെ കൈയിൽ വാങ്ങിച്ചുകൊണ്ടു് സ്റ്റോർമുറിക്കകത്തു കയറി വാതലടച്ചു; ഉടൻതന്നെ കുഞ്ഞിൻെറ കരച്ചിൽ നിൽക്കയും ചെയ്തു. ജിജ്ഞാസാഭരിതയായ കൊച്ചമ്മ ഒരു സ്ക്രൂ നീക്കിയിട്ടു് വെൻ്റിലേററിൽക്കൂടി അകത്തേയ്ക്കു നോക്കിയപ്പോൾ കണ്ട കാഴ്ച അവരെ സ്തംഭിപ്പിച്ചു പോയി. അങ്ങനെ ഒരു സന്ദർഭം ഉണ്ടാകുമെന്നു് അവൾക്കു് ഭാവിക്കാനേ കഴിഞ്ഞിരുന്നില്ല. വാതിൽ തട്ടിത്തുറപ്പിച്ചു്, വാസുവിനു് വേണ്ട സമ്മാനങ്ങളും കൊടുപ്പിച്ചു്, ഉടൻതന്നെ അവിടെനിന്നും പുറത്തിറക്കി സമ്മാനം വാങ്ങിക്കൊണ്ടിരിക്കവേ അവൻ പറഞ്ഞതു് അവൻ ജോലിക്കു് നിന്നിരുന്ന സ്ഥലങ്ങളിലുള്ള കുഞ്ഞുങ്ങളുടെയെല്ലാം കരച്ചിൽ അവൻ ആ വിദഗ്ദ്ധമാർഗ്ഗത്തിലാണു് തീർത്തിരുന്നതെന്നായിരുന്നു. പ്രായമായവരുടെ ലൈംഗികരഹസ്യങ്ങളറിവാൻ ഏററവും കൊച്ചുകുട്ടികൾക്കുപോലും വലിയ കൗതുകമുണ്ടു്. തങ്ങൾ

ക്കില്ലാത്ത വിശേഷവിധികൾ കാണുന്നതു് അവരെ ചിന്തിപ്പിക്കുന്നതിനും മുതലമായ ചിന്തകളെ സ്പർശിക്കുന്നതിനും ഇടയാകുന്നതാണു്. അവരുടെ ജിജ്ഞാസ തന്നെ തരമെന്നു വിചാരിച്ചു് അവരെ ദ്രോഹിക്കാൻ ഒരുമ്പെടുന്നവരെ കഠിനമായി ശിക്ഷിക്കതന്നെ വേണം.

ശിശുക്കളുടെ വിശിഷ്യ പെൺകുട്ടികളുടെ ഗുഹ്യം ഭംഗിയായി കഴുകി വൃത്തിയായി സൂക്ഷിക്കുകയും കഴിയുന്നിടത്തോളം ആച്ഛാദനം ചെയ്തുവയ്ക്കാൻ ശ്രമിക്കയും ചെയ്യേണ്ടതാണു്. വൃത്തിയില്ലാത്തപക്ഷം ചൊറിച്ചിലിനിടയാകയും ആ മേഖലയിൽ ചൊറിയുന്നതിലുള്ള സുഖത്തിനോടു ചേർന്നു് ലൈംഗികസുഖം ഇളക്കപ്പെടുകയും ചെയ്യാവുന്നതാണു്.

ആൺപെൺകുട്ടികൾ ഒരുമിച്ചു വളരുന്ന സ്ഥലങ്ങളിൽ ഒരിക്കലും കുട്ടികളെ നഗ്നമായി കളിക്കുന്നതിനും ഇടപെടുന്നതിനും അനുവദിച്ചുകൂടാ. വസ്ത്രം മുറുക്കി ധരിപ്പിക്കുക, എളിയിൽ ബെൽററു് മുറുക്കികെട്ടിക്കുക, മൃദുവായ ശയ്യോപകരണങ്ങൾ നൽകുക, ഉറങ്ങുമ്പോൾ കെട്ടിപ്പിടിക്കാൻ തലയണ കൊടുക്കുക, പരസ്പരം കെട്ടിപ്പിടിച്ചുകൊണ്ടു് ഉറങ്ങാൻ അനുവദിക്കുക, തുടകൾക്കിടയിൽ കൈവച്ചുകൊണ്ടു് കിടന്നുറങ്ങുവാൻ സമ്മതിക്കുക ഇവയെല്ലാം താൽക്കാലികമായും സ്ഥിരമായുമുള്ള ദോഷങ്ങൾ വരുത്തുവാൻ പററിയ ശീലങ്ങളാണു്. കഴിയുന്നതും ഉറക്കസമയമാകുന്നതുവരെ ശിശുക്കളെ ഉറക്കറയിലേക്കു് അയക്കരുതു്. മലശോധന വേണ്ടപോലെ ഇല്ലെങ്കിൽ മലം ദുഷിച്ചു് കുട്ടിയായി ലിംഗധമനികളെ ഉണർത്തി

യേക്കാനിടയുണ്ട്. ഭക്ഷണസംഗതിയിലും വളരെ നിയന്ത്രണം വേണം. കാഫി, തേയില തുടങ്ങിയ ഉദ്ദീപനങ്ങളായ പാനീയങ്ങൾ നാഡികൾക്കു ഉണർവുണ്ടാക്കുന്ന കൂട്ടത്തിൽ ലൈംഗികനാഡികളേയും ഉണർത്തുന്നുണ്ട്. മദ്യസേവ കഴിഞ്ഞാൽ ഉടൻ കാമന ഉദ്ദീപിതമാകുമെന്നു് മദ്യപന്മാരെല്ലാം സമ്മതിക്കുന്നു. അങ്ങനെയാണ് കണ്ടുവരുന്നതും. തേയിലയും മററും ചെറുതരം മദ്യങ്ങളാണെന്നുള്ളതിൽ സംശയിക്കാനില്ല. മീൻ, മുട്ട, ഇറച്ചി തുടങ്ങിയ ഭക്ഷ്യങ്ങൾക്കു് ലൈംഗികധമനികളെ ക്ഷോഭിപ്പിക്കാൻ വല്ലാത്ത ശക്തിയുണ്ടെന്നു് അനുഭവസ്ഥന്മാരെല്ലാം സമ്മതിക്കുന്നു. ബാല്യത്തിൽ മാംസാഹാരം ഉപയോഗിച്ചുവന്ന ഒരു സ്നേഹിതൻ പതിനാലുവയസ്സുമുതൽ മുപ്പതുവരെ അതു് നിശ്ശേഷം വർജ്ജിച്ചിട്ടു്, ൩൦-ാം വയസ്സിൽ വീണ്ടും അതു് സ്വീകരിക്കാനിടയായി. അപ്പോൾ ആദ്യമായി മാംസഭക്ഷണം വായിലിട്ടു് ചവയ്ക്കാനാരംഭിച്ച ഉടൻതന്നെ ലൈംഗികമായ ഒരു സ്പന്ദനം അനുഭൂതമായി എന്നു് വിശ്വാസ്യനായ അദ്ദേഹം പ്രസ്താവിക്കയുണ്ടായി. ചില പ്രത്യേക ഭക്ഷ്യങ്ങൾക്കു് നാഡികളെ ക്ഷോഭിപ്പിക്കാനോ ബലപ്പെടുത്താനോ, ക്ഷയിപ്പിക്കാനോ ശക്തിയുണ്ടെന്നുള്ളതു് ഭിഷഗ്വരസമ്മതമാണ്. ശിശുക്കളുടെ കാര്യത്തിലും ഇതിനു വലിയ വ്യത്യാസമൊന്നുമില്ല.

സംഭാഷണശക്തി ലഭിച്ചു കഴിയുന്നതോടുകൂടി ലൈംഗികമായ ജിജ്ഞാസാശമനത്തിനായി പല ചോദ്യങ്ങളും കുട്ടികൾ ചോദിച്ചു തുടങ്ങും. അവൻ എങ്ങനെ

ഉണ്ടായി? എങ്ങനെ പ്രസവിച്ചു? അമ്മയുടെ വയററിൽ കിടന്ന കുഞ്ഞു് എങ്ങനെയാണു് പുറത്തേക്കു വന്നതു്? തീണ്ടായിരി (ആർത്തവകാലത്തെ തീണ്ടൽ ആചരണം) എന്താണു്? അച്ഛനു് തീണ്ടായിരി ഇല്ലാത്തതെന്തു്? ഇത്യാദി ചോദ്യങ്ങൾക്കു് നിന്ദ്യവും ബീഭത്സവുമായ ഉത്തരങ്ങളാണു് ലഭിക്കുക പതിവു്. ഡാക്ടരുടെ സഞ്ചികളും, മലശോധനാസംരംഭങ്ങളും, കച്ചവട എടപാടുകളും മററും കൂട്ടിക്കലർത്തിയ ചില കെട്ടുകഥകൾ മുത്തശ്ശിമാരുടെ പൊതുസ്വത്തായിട്ടുണ്ടു്. അല്ലെങ്കിൽ ഭയജനകമായ ഒരു നോട്ടവും ഗൗരവമായ ഒരു താക്കീതും! ആ വിഷയം ഒന്നുകൊണ്ടും അവക്കു ചിന്തനീയമല്ലെന്നുള്ള ഒരു ബോധം അതു് അങ്കുരിപ്പിച്ചു കഴിയും. ഇമ്മാതിരി പെരുമാററങ്ങൾ കൊണ്ടുണ്ടാകുന്ന ദൂഷ്യങ്ങൾ ചില്ലറയൊന്നുമല്ല. കഥകളും മററും കള്ളത്തരമാണെന്നുള്ളതു് കേൾക്കുമ്പോൾ തന്നെ അവക്കു ബോധ്യമായിക്കഴിയും. എന്തെന്നാൽ ലൈംഗികമായ ഒരു ബോധം അവരുടെ ഉപബോധമനസ്സിൽ ദൃഢതരമായിരിക്കുന്നുണ്ടു്. ലോകപരിചയം കൊണ്ടോ, അനുഭവം കൊണ്ടോ സൂക്ഷ്മവിവരങ്ങൾ ലഭിക്കുവാൻ അവക്കു കഴിഞ്ഞിട്ടില്ലെന്നേ ഉള്ളു. പൈദാഹങ്ങൾ അറിയുന്നപോലെ ലൈംഗികബോധവും അവക്കുണ്ടു്. എന്നാൽ പൈദാഹശമനം പോലെ തൽകാലം അതിനെ ശമിപ്പിക്കാനുള്ള ശാരീരികമായ കെല്പു് തങ്ങൾക്കില്ലെന്നു് അവരറിയുന്നു; പ്രായമായവരും പക്ഷിമൃഗാദികളും എങ്ങനേയോ ലൈംഗികസംതൃപ്തി പ്രാപിക്കുന്നുണ്ടെന്നും അവർക്കു്

അറിയാം. അങ്ങനെയിരിക്കേ, സൂക്ഷ്മമായ സ്ഥിതിഗതികൾ അവരിൽനിന്ന് ഒളിച്ചുവയ്ക്കുന്നതിൻെറ ഔചിത്യമെന്താണ്? ഗ്രഹിപ്പിക്കാവുന്നിടത്തോളം കാര്യങ്ങൾ തുറന്നുപറയുന്നതുകൊണ്ട് എന്തു ദൂഷ്യമാണ് വരാനുള്ളത്? ഒളിച്ചുവച്ചാലുള്ള ഫലമോ? അവർ ജിജ്ഞാസാശമനത്തിനായി പരിചാരകരേയോ അനാശാസ്യരായ കൂട്ടുകാരേയോ സമീപിക്കും. അസത്യവും അശുദ്ധവുമായ പല വിവരണങ്ങളും അവർക്ക് ലഭിക്കുകയും പല ദുഷ്പ്രലോഭനങ്ങൾക്കും അതു് കാരണമാകുകയും ചെയ്യും. ഇതിൽനിന്ന് എത്രഭേദമായിരിക്കും യുക്തമായ നിയന്ത്രണത്തോടുകൂടി, മാതാപിതാക്കന്മാർ തന്നെ പറയാവുന്നിടത്തോളം സംഗതികൾ അവരെ വിവരിച്ചുകേൾപ്പിക്കുന്നതു്. അതുകൊണ്ട് ലൈംഗികരഹസ്യങ്ങളെല്ലാം പടിപടിയായി കുട്ടികൾക്കു മാതാപിതാക്കന്മാർ വിശദീകരിച്ചുകൊടുക്കണമെന്നല്ല വിവക്ഷ. ലൈംഗികവിഷയങ്ങളുടെ സമഞ്ജസമായ വിശദീകരണം ഇതരവിഷയങ്ങൾ മുഖേന ചെയ്യാവുന്നവയായി പല സന്ദർഭങ്ങളും ജീവിതത്തിൽ സമാഗതമാകാറുണ്ട്. അവയെ വേണ്ടവിധത്തിൽ ഉപയോഗിക്കുവാൻ മാതാപിതാക്കന്മാർ സന്നദ്ധരും സമർത്ഥരുമായിരുന്നാൽ ധാരാളം മതിയാകും. പക്ഷികൾ കൂടു കെട്ടുന്നതു്, ഇണചേരുന്നതു്, മുട്ടയിടുന്നതു്, കോഴി, പൂച്ച, പട്ടി തുടങ്ങിയ ഗൃഹ്യജന്തുക്കളുടെ ഏതദ്വിഷയകമായ പെരുമാററങ്ങൾ, കന്നുകാലികളെ തടുപ്പിക്കുന്ന സമ്പ്രദായം, ചെടികൾ പൂക്കുകയും കായ്ക്കുകയും ചെയ്യുന്ന രീതികൾ, ചിത്രശലഭങ്ങളുടെ ജീവിതം തുടങ്ങിയ ഏതെല്ലാം വിഷയങ്ങൾ എത്ര തന്മയത്വത്തോടുകൂടി

സംഭാഷണവിഷയമാക്കാവുന്നതാണ്. വർഗ്ഗം നിലനിറുത്തുന്നതിലേക്കുള്ള പ്രകൃതിമാതാവിന്റെ മഹനീയ സമ്പ്രദായങ്ങളുടെ മേന്മ ദുർവ്വികാരലേശംപോലും കലരാതേയും ജനിപ്പിക്കാതേയും, സരസമായും സാരബോധമായും വിവരിക്കാൻ തീർച്ചയായും സാധിക്കുന്നതാണ്. ജന്തുശാസ്ത്രം മുഖേന പല തത്വങ്ങളും വിഷമലേശം കൂടാതെ പ്രതിപാദിക്കാൻ കഴിയും. ജനനത്തിനുമുമ്പ് ഓരോ ജന്തുവും എത്ര മാസമാണ് മാതാവിന്റെ വയററിൽ കിടക്കുന്നതെന്നും, പക്ഷികൾ മുട്ട വിരിയിക്കുന്നതും ജന്തുക്കളും മനുഷ്യരും പ്രസവിക്കുന്നതും എങ്ങനെയാണെന്നും മററും പ്രയോജനകരമായ പല താരതമ്യപഠനങ്ങളും നടത്തിവിവരിക്കാവുന്നതാണ്.

കുറച്ചുകൂടി പ്രായമായി, ശാരീരികമായ വളർച്ചയും, ജനനേന്ദ്രിയവികസനവും, ലൈംഗികവാസനയുടെ പരിണതപക്വതയും സംജാതമാകുന്നതോടുകൂടി ആൺകുട്ടികൾക്കു പെൺകുട്ടികളുടേയും പെൺകുട്ടികൾക്ക് ആൺകുട്ടികളുടേയും മൈഥുനേന്ദ്രിയസംബന്ധമായ സംഗതികൾ അറിയണമെന്നുള്ള തീവ്രവും തീക്ഷ്ണവുമായ ആഗ്രഹം ജനിക്കുന്നതു് ഏററവും സ്വാഭാവികം മാത്രമാണ്. ഈ ഘട്ടം സമാഗതമാകുന്നതിനുമുമ്പുതന്നെ ശരീരശാസ്ത്രാദ്ധ്യാപനം മുഖേന ഈ മാററങ്ങളുടെ കാരണം അവരെ മനസ്സിലാക്കിയിരിക്കയും കാമനയുടെ സ്പർശലേശവും കൂടാതെ ഈ പരിണാമങ്ങളെ എതിരിടുന്നതിലേക്കുള്ള കെല്പ് അവർക്കു നൽകിയിരിക്കയും ചെയ്യേണ്ടതു് അവിളംബ്യമായ ഒരു ആവശ്യമാകുന്നു. പ്രകൃതിപാഠം,

ശരീരശാസ്ത്രം, ഭൗതികശാസ്ത്രം, ഗൃഹഭരണപാഠം തുടങ്ങിയ ശാസ്ത്രീയപാഠങ്ങൾക്ക പുറമേ സാഹിത്യവും ഇതര കലകളുംകൊണ്ടുപോലും ഈ കൃത്യം ഭംഗിയായി നിവ്വഹിക്കാവുന്നതാണു്. നേരിട്ടുള്ള ലൈംഗികതത്വപാഠങ്ങൾ നൽകുവാൻ അദ്ധ്യാപകന്മാക്കും സ്വീകരിക്കുവാൻ പഠിതാക്കൾക്കും ഒരു സങ്കോചം സ്വാഭാവികമായി കണ്ടേക്കാം. എന്നാൽ മററു ശാസ്ത്രപാഠങ്ങൾക്കിടയ്ക്കു ലൈംഗികതത്വങ്ങൾ കുട്ടികളത്തി യുക്തമായ സൂചനകളോടും ഉപബോധനകളോടും കൂടി നൽകപ്പെടുന്നതിൽ രണ്ടു വശത്തുനിന്നും ആക്ഷേപങ്ങളോ അസുഖങ്ങളോ ഉണ്ടായേക്കാനിടയില്ലല്ലോ. എന്നാൽ, ഇന്നു് ശരീരശാസ്ത്രം പഠിപ്പിക്കുന്ന അദ്ധ്യാപകന്മാർ രക്തചംക്രമണം, ദഹനം, ശ്വാസനം തുടങ്ങിയ വിഷയങ്ങളെല്ലാം പഠിപ്പിച്ചിട്ടു് ജനനേന്ദ്രിയഭാഗവിവരണങ്ങൾ നിശ്ശേഷം വിട്ടുകളയുകയാണു് ചെയ്യാറുള്ളതു്. ഒരു ബാലനോ ബാലികയോ തന്നിൽ കായികമായ വിപാകങ്ങളും വിശേഷവിധികളും ആവിർഭവിക്കുകയും അവയുടെ കാരണങ്ങളും ഉദ്ദേശ്യങ്ങളും അറിവാൻ പാടില്ലാതെ വിഷമിക്കുകയും അറിയാൻ ഉൽക്കടമായി ആഗ്രഹിക്കയുംചെയ്യുമ്പോൾ അവരിൽനിന്നു് അതെല്ലാം ഒളിച്ചുവയ്ക്കുകയും, തന്മൂലം അവക്ക ആപത്തിന്നു് ഇടയാക്കുകയും ചെയ്യുന്നതു് അവരുടെ ഉത്തേജനത്തിനും ഉദ്ധാരണത്തിനും കടപ്പെട്ട മാതാപിതാക്കന്മാരുടേയോ ഗുരുക്കന്മാരുടേയോ ധമ്മത്തിനും കത്തവ്യത്തിനും യോജിച്ചതാണോ? ശാരീരികവിഷയങ്ങൾ വിദ്യാലയങ്ങളിൽ പഠിപ്പിക്കുന്ന കൂട്ടത്തിൽ ജനനേന്ദ്രിയങ്ങളുടെ

വിശദവിവരണങ്ങളും അവയുടെ പ്രവൎത്തനങ്ങളും വ്യക്തമാക്കിയിരിക്കേണ്ടതാണ്. മാംസപിണ്ഡങ്ങളുടെ (Glands) പ്രവൎത്തനങ്ങൾ, ശുക്ലാണ്ഡാണുകങ്ങളുടെ സംയോജനവും വളൎച്ചയും, ആത്മദൂഷണം കൊണ്ടുണ്ടാകുന്ന വിപത്തുകൾ, ലൈംഗികമായ ആരോഗ്യം (ചാരിത്ര്യം) പാലിയ്ക്കേണ്ട ആവശ്യകത, വിവാഹത്തിന്റെ മഹത്വം തുടങ്ങിയ വിഷയങ്ങൾ പന്ത്രണ്ടും പതിന്നാലും വയസ്സിനു മുമ്പുതന്നെ പെൺകുട്ടികളേയും ആൺകുട്ടികളേയും പഠിപ്പിച്ചിരിക്കേണ്ടതു് അപരിഹാൎയ്യമാണെന്ന് ചിന്തകന്മാരെല്ലാം ഇന്നു് ഐകകണ്ഠ്യമായി സമ്മതിക്കുന്നുണ്ടു്.

ലൈംഗികവിഷയങ്ങൾ പഠിപ്പിക്കുന്നതിന് പ്രത്യേകപരിശീലനം സിദ്ധിച്ചിട്ടുള്ള അദ്ധ്യാപകന്മാരെ ചുമതലപ്പെടുത്തേണ്ടതാണ്. വിദ്യാഭ്യാസവും സംസ്കാരവും കൊണ്ടു് ഈശപരമഹത്വം മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുള്ളവനും വിവേകവും സംയമവുംകൊണ്ടു് വികാരങ്ങളേയും വാക്കുകളേയും നിയന്ത്രിക്കുവാനും വേണ്ടവിധം പ്രയോഗിക്കുവാനും കെൽപ്പുള്ളവനുമായ ഒരു മഹാനുഭാവനെയല്ലാതെ അടക്കിവച്ചിരിക്കുന്ന ആഗ്രഹങ്ങളേയും ദുൎവ്വികാരങ്ങളേയും എങ്ങനെയെങ്കിലും പ്രകടിപ്പിക്കാൻ വഴിനോക്കിക്കൊണ്ടിരിക്കുന്ന വല്ല അവിവാഹിത വയോധികന്മാരേയോ മററോ ഈ കൃത്യം ഭരമേൽപിച്ചാൽ സംഭവ്യമായ ദുൎഘടങ്ങൾ ഊഹ്യമാത്രങ്ങളാണ്.

മാതാപിതാക്കന്മാരേയും മററു പ്രായമായവരേയും ഈ വിഷയം സംബന്ധിച്ചുള്ള പ്രബന്ധങ്ങളും പ്രസംഗങ്ങളും കൊണ്ടു് ഉൽബുദ്ധരാക്കിയിരിക്കേണ്ടതും അനുപേ

ക്ഷ്യമാണു്. അവരുടെ സന്മനോഭാവവും സഹകരണവും കൂടാതെ അദ്ധ്യാപകന്മാൎക്കു് ഏതാദൃശവിഷയങ്ങളിൽ വലുതായൊന്നും ചെയ്വാൻ കഴിയുന്നതല്ല. ലൈംഗികവിഷയങ്ങൾ പഠിപ്പിക്കുന്നതുകൊണ്ടു് ലൈംഗികമായ ശ്രദ്ധയും താല്പൎയ്യവും ഉണരുമെന്നും തൽസംബന്ധമായ ആപത്തുകൾ വൎദ്ധിക്കുമെന്നും പലൎക്കും ധാരണയുണ്ടു്. എന്നാൽ ആ വക ശ്രദ്ധകൾ ശിശുക്കളിൽ ഉറങ്ങിക്കിടക്കുന്നവയല്ല, നേരെമറിച്ചു് അവ മറെറല്ലാ ശ്രദ്ധകളേയും പോലെതന്നെ ഉണൎന്നു് തെളിഞ്ഞു് തിളങ്ങിക്കൊണ്ടിരിക്കുന്നു. അതു കാണ്മാൻ കഴിയാത്തവരാണു് ഉറങ്ങുന്നതെന്നു സമൎത്ഥിച്ചു് ഇതിനു വിപരീതമായി നില്ക്കുന്നതു്. ഈ ധാരണയെ ധ്വംസിക്കേണ്ടതു് ഒരു സുപ്രധാനമായ കൃത്യമാണു്.

ലൈംഗികമായ താല്പൎയ്യം നിയന്ത്രിക്കുന്നതിനു് ലൈംഗികപീഡനം മൂലമുണ്ടാകുന്ന ആശങ്കകളിലും ആപത്തുകളിലും നിന്നു് പിന്തിരിപ്പിക്കുന്നതിനും അന്യവിഷയങ്ങളിലേയ്ക്കു ശ്രദ്ധതിരിച്ചുവിട്ടാൽ മതിയാകുമെന്നാണു് ചില ഫ്രായ്ഡിന്മാരുടെ അഭിപ്രായം. അവർ സകല വികാരങ്ങളുടേയും ഒരു പൊതു സംഭരണകേന്ദ്രം സങ്കല്പിക്കുന്നു. അവിടെനിന്നു് നാനാമുഖമായ പ്രവാഹങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കയാണു്; എന്നാൽ ഒരു നിമിഷത്തിൽ അവയിൽ ഒന്നുമാത്രമേ പ്രവൎത്തനക്ഷമമായിരിക്കുന്നുള്ളു. അതുകൊണ്ടു് ഏതെങ്കിലും ഒരു സരണിയിൽക്കൂടി വികാരശക്തി പ്രവഹിക്കുകയാണെങ്കിൽ ഇതര മാൎഗ്ഗങ്ങൾ നിശ്ചലവും ശാന്തവുമായിരുന്നു കൊള്ളുന്നതാണു്. ഇക്കാരണത്താൽ അനാശാസ്യഫലപ്രദമായ കാമനയെ

നിയന്ത്രിക്കുന്നതിലേക്ക് കായികപരിശീലനങ്ങളോ, വിദേശസഞ്ചാരങ്ങളോ, കായികമോ മാനസികമോ ആയ ഏതെങ്കിലും കഠിനജോലികളോ, കല, ശാസ്ത്രം, മതം മുതലായവയുടെ അഭ്യസനമോ ഇമ്മാതിരി പ്രവൎത്തനങ്ങളുടെയെല്ലാം സമീചീനമായ സമ്മേളനമോ മതിയാകുമെന്ന് അവർ വാദിക്കുന്നു. ഈ തത്വം അടിസ്ഥാനമാക്കി ചില മാതാപിതാക്കന്മാർ പ്രവർത്തിച്ചുവരുന്നതും നമുക്കു കാണാം. "വെറുതെ കുത്തിയിരുന്ന് ചീത്ത വിചാരങ്ങളുണ്ടാകണ്ട എന്ന് വിചാരിച്ച് തയ്യൽ പഠിപ്പിക്കയാണ്."; "വേലക്കാരെ നിയമിച്ചാൽ ഈ പെമ്പിള്ളേര് ജോലിചെയ്യാതിരുന്ന് വഷളുകളായിതീരും", എന്നീ ക്രമത്തിലുള്ള അഭിപ്രായങ്ങൾ മാതാപിതാക്കന്മാർ സാധാരണ പറയുന്നതു കേൾക്കാവുന്നതാണ്. ഈ സിദ്ധാന്തം ചിലർ എതിർത്തിട്ടുണ്ട്. മൗലികമായ ഒരു വികാരത്തിന്റെ പ്രചോദനശക്തിയെ നിയന്ത്രിക്കുവാനോ ക്ഷയിപ്പിക്കുവാനോ ആ വികാരവുമായി യാതൊരു ബന്ധവുമില്ലാത്ത മറ്റൊരു പ്രവൎത്തനം കൊണ്ട് സാദ്ധ്യമാണെന്ന് വിചാരിക്കുന്നത് മൗഢ്യമാണെന്നാണ് ഇവരുടെ വാദം. താൽക്കാലികമോ, കേവലം ഭാഗികമോ ആയ ഒരു ശമനം വരുത്താമെന്നുള്ളതിൽ കവിഞ്ഞ് ഇവയ്ക്കു കൂടുതലൊന്നും ചെയ്യാൻ കഴിയുന്നതല്ല. ആദിമവികാരവും തന്മൂലം ആ വ്യക്തിക്കുണ്ടാകുന്ന വിഷമവും കേവലം നൈമിഷികമാണെന്നുള്ളപക്ഷം ഈ മാർഗ്ഗത്തിന് ഏറെക്കുറെ ശക്തി കണ്ടേയ്ക്കും. എന്നാൽ ആദിമവികാരം ദൃഢവും ശാശ്വതവുമാണെ

ങ്കിൽ ഈ സമ്പ്രദായങ്ങളൊന്നും പററുകയില്ലതന്നെ. ഏതായാലും അലസൻെറ തലച്ചോറു പിശാചിൻെറ തൊഴിൽ ശാലയാണ് എന്ന പഴഞ്ചൊല്ല് ഈ ഘട്ടത്തിൽ സ്മരണീയമാണ്.

മാനസികമായ പല രോഗങ്ങൾ ഉൽപാദിപ്പിക്കുവാനും ഇതരസരണികളിലേക്കു തിരിച്ചുവിടുന്ന ലൈംഗികവികാരങ്ങൾ ഹേതുവായേക്കാമെന്ന് വിദഗ്ദ്ധന്മാർക്ക് അഭിപ്രായമുണ്ട്. അങ്ങനെ സാധാരണ കാണാറുമുണ്ട്.

നിരുദ്ധവികാരന്മാരെ പുറമേ കണ്ടാൽ വികാരരഹിതന്മാരെന്നു തോന്നിയേക്കാം. അതു കേവലം നാട്യം മാത്രമാണ്. ചാരംപൊതിഞ്ഞ കനൽപോലെ അവരുടെ അന്തർഭാഗം വികാരച്ചെന്തീയേററു നീറിക്കരിഞ്ഞു കൊണ്ടിരിക്കയാണ്. കാമവികാരം അശേഷവുമില്ലെന്ന് ബാഹ്യഭാവങ്ങൾകൊണ്ട് തോന്നിപ്പിക്കുന്ന ഭൂരിഭാഗം ജനങ്ങളുടേയും കഥ ഇതുതന്നെയാണ്. നിങ്ങൾ അവരോടടുത്ത് അവരുടെ വിശ്വാസം സമ്പാദിക്കുവാൻ ശ്രമിച്ചു നോക്കുക. അപ്പോളറിയാം അവരുടെ അന്തരാത്തിയുടെ ആഴം. ഉദാഹരണങ്ങൾ ദൈനന്ദിനജീവിതത്തിൽ എത്ര വേണമെങ്കിലും കാണാം. അധികമായ ആദർശ ഭാവങ്ങൾ കാണുമ്പോൾ എന്തോ അവതാളമുണ്ടെന്ന് ന്യായമായി പ്രതീക്ഷിക്കാവുന്നതാണ്. കുട്ടികളുമായി നല്ലപോലെ അടുത്തു പെരുമാറി, അവരുടെ വിശ്വാസം സമ്പാദിച്ച് അവരുടെ വിഷമങ്ങളുടെ സ്വഭാവം സശ്രദ്ധം പഠിച്ച്, ഏതുവിധം സഹായമാണ് അവക്ക് ആവശ്യമെന്ന് ബുദ്ധിപൂർവ്വകമായി ചിന്തിച്ച് പ്രവർത്തിക്കേണ്ടതു് അഭ്യുദയേച്ഛുക്കളുടെയെല്ലാം കടമയാകുന്നു.

 L 339

ഫ്രായിഡിയന്മാരിൽ ഒട്ടും അപ്രധാനനല്ലാത്ത ആഡ്ലരുടെ ഏതദ്വിഷയകമായ അഭിപ്രായവും ശ്രദ്ധേയമാണു്. ശിശുക്കൾക്കെല്ലാം ലൈംഗികമായ ഒരു അശക്തിബോധമുണ്ടെന്നും മാതാപിതാക്കന്മാരിലും മററു പ്രായമായവരിലും നിന്നു് ആകൃതിയിലും പ്രകൃതിയിലും തങ്ങൾക്കുള്ള ന്യൂനതകളെ സംബന്ധിച്ച ഈ ബോധം അവരിൽ അനാശാസ്യമായ ഒരു എളിമത്തം അങ്കുരിപ്പിക്കുമെന്നും, ഇതറിഞ്ഞു പെരുമാറുവാൻ പ്രായമായവർ ശ്രദ്ധിക്കാത്തപക്ഷം ശിശുക്കളുടെ സ്വഭാവത്തേയും ജീവിതത്തേയും അനഭിലഷണീയമായ വിധം അതു ബാധിക്കുമെന്നുമാണു് അദ്ദേഹത്തിൻെറ സിദ്ധാന്തം. പലരും ഇതിനെ എതിർത്തിട്ടുണ്ടെന്നു വരുകിലും, ഇതിൽ വളരെ സത്യമുണ്ടെന്നു് ശിശുക്കളെ സൂക്ഷിക്കുന്നവരെല്ലാം സമ്മതിക്കുന്നതാണു്. ഈ അഭിപ്രായത്തിൽ അടങ്ങിയിട്ടുള്ള തത്ത്വത്തെ (ക്ഷതിപൂരണസിദ്ധാന്തം) ശാസ്ത്രകാരന്മാർ സ്വീകരിച്ചു് ശിശുവിൻെറ സ്വഭാവരൂപവൽക്കരണത്തിൽ അതിനുള്ള മഹത്ത്വത്തെ സമ്മതിച്ചു വരുന്നുണ്ടെന്നുള്ളതു് മറക്കത്തക്കതല്ല. (സ്വഭാവരൂപവൽക്കരണം അദ്ധ്യായം ൪൦ നോക്കുക.)

പ്രായപൂർത്തിയിലേയ്ക്കു ത്വരിതഗമനം ചെയ്തുകൊണ്ടിരിക്കുന്നവരും ഉദൃത്തും ഉജ്ജ്വലത്തുമായ കാമവികാരത്തിൻെറ പ്രേരണയ്ക്കു വശഗതരുമായ കുട്ടികൾക്കു കാമപരമായ വിഷയങ്ങളെ ഔചിത്യത്തോടും, രസപ്രകർഷത്തോടും, അനാശാസ്യമായ വികാരപരതയ്ക്കു് വിധേയമാകാതേയും വിശദീകരിക്കുന്ന നോവലു

കളും നാടകങ്ങളും വായിക്കാൻ കൊടുക്കുന്നതും, ഉത്തമ നാടകങ്ങളും സിനിമകളും മററും കാണാൻ അവസരം കൊടുക്കുന്നതും, സാധിക്കുമെങ്കിൽ ഉത്തമ നാടകങ്ങൾ അഭിനയിക്കാൻ തന്നെ അവസരമുണ്ടാക്കിക്കൊടുക്കുന്നതും ഏററവും ഗുണകരമായിരിക്കുന്നതാണ്. പററിയ ഗ്രന്ഥങ്ങൾ തെരഞ്ഞെടുക്കുവാൻ വളരെ ഔചിത്യവും സാമർത്ഥ്യവും ആവശ്യമുണ്ട്. ഉത്തമ സാഹിത്യപരിചയത്തിൽനിന്ന് ലഭിക്കുന്ന "തത്സമവികാര"ങ്ങളുടെ ഉദ്ദീപനത്താൽ വികാരനിയമനവും നിയന്ത്രണവും സാധ്യമെന്നുള്ളതു് സഹൃദയസമ്മതമാണ്. മസൂരി തുടങ്ങിയ ഭയങ്കരരോഗങ്ങളെ തടയുന്നതിന്ന് കൃത്രിമമായി നിർമ്മിച്ചിട്ടുള്ള വാക്സിൻ ശരീരത്തിൽ പ്രവേശിപ്പിച്ച്, ചെറിയ തോതിലുള്ള ഒരു രോഗം സൃഷ്ടിച്ച്, രോഗനിരോധനശക്തി രക്താണുക്കൾക്കുണ്ടാക്കിക്കൊടുക്കുന്നപോലെ കൃത്രിമമായ ലൈംഗികവികാരങ്ങളെ സാഹിത്യഗ്രന്ഥങ്ങൾമൂലം സൃഷ്ടിച്ച് യാഥാർത്ഥ്യങ്ങളെ എതിൎക്കുവാനുള്ള ശക്തി പ്രദാനം ചെയ്യുവാൻ തീർച്ചയായും സാധിക്കും.

ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഒന്നുപോലെ പങ്കുകൊള്ളുവാനും മത്സരിക്കുവാനും സൗകര്യമുള്ള കളികളോ, പ്രവൃത്തനങ്ങളോ മറേറാ ഏർപ്പെടുത്തുന്നതും ആശാസ്യമായ ഫലം പ്രദാനംചെയ്യുന്നവയാണെന്നു് ചിലൎക്ക് അഭിപ്രായമുണ്ട്. സഹവിദ്യാഭ്യാസത്തിന്റെ മഹത്ത്വവും ചിലർ ഘോഷിക്കുന്നു. പക്ഷെ ഇവയിലെല്ലാം നല്ല ശേഷിയും ശേമുഷിയുമുള്ള ഉത്തമനിയന്താക്കളില്ലെങ്കിൽ ആപത്തുകൾ വർദ്ധിക്കാനാണെളുപ്പം.

ശിശുക്കളുടെ മനസ്സ് പൂർണ്ണമായി ഗ്രഹിക്കുവാൻ ആരംഭദശ മുതൽതന്നെ അവരുടെ സ്നേഹവും വിശ്വാസവും കരസ്ഥമാക്കുവാൻ ശ്രമിക്കേണ്ടതു് അനിവാര്യമാണ്. അമ്മാതിരി വികാരങ്ങളും വിഷമങ്ങളും എല്ലാപേർക്കും എതിരിടേണ്ടവയാണെന്നും തങ്ങൾക്കും അവയെല്ലാം അനുഭൂതമായിട്ടുണ്ടെന്നും, തങ്ങളുടെ അനുകമ്പയും ആനുകൂല്യവും അവയ്ക്ക് തീർച്ചയായും പ്രതീക്ഷിക്കാമെന്നുമുള്ള ഒരു മനോഭാവത്തോടുകൂടി അവരോട്ട് ഹൃദയം തുറന്നു് സംസാരിക്കയും പെരുമാറുകയും ചെയ്താൽ അവർ യാതൊന്നും നമ്മിൽനിന്നു് ഒളിച്ചുവയ്ക്കാൻ ഒരുമ്പെടുന്നതല്ല; അവരുടെ ഹൃദയഗതി മനസ്സിലാക്കി വേണ്ട പ്രതിവിധികൾ നമുക്ക് ചെയ്യാൻ കഴിയുന്നതുമാണു്.

എന്നാൽ, മനസ്സിൽ സ്നേഹം ഒളിച്ചു വച്ചിട്ട് പുറമേ കഠിനഭാവം പ്രദർശിപ്പിക്കുന്നതാണ് മേന്മയെന്നു് കരുതുന്ന മാതാപിതാക്കന്മാർക്കു് ശിശുക്കളെ മനസ്സിലാക്കാനോ അവരുടെ ഹൃദയം ഗ്രഹിക്കാനോ ഒരിക്കലും സാധിക്കുന്നതല്ല, വിശേഷിച്ചും കാമന തുടങ്ങിയ മൃദുലതരമായ വികാരങ്ങളെ അവർ ഒന്നുകൊണ്ടും പുറത്തുകാട്ടുകയില്ല. രോഗമറിഞ്ഞു് ചികിത്സിക്കാൻ കഴിയാത്ത ഭിഷഗ്വരനെപ്പോലെ പ്രായമായവരുടെ സകല പരിശ്രമങ്ങളും പരാജയത്തിൽ കലാശിക്കയും ചെയ്യുന്നതാണ്.

ഒരു ദിവ്യാത്മാവിൻെറ തിരുവായ്മൊഴികൾ ഉദ്ധരിച്ചു് ഈ അദ്ധ്യായം അവസാനിപ്പിക്കാം:—

"ഇന്ദ്രിയനിഗ്രഹത്തിന്റെ അഭാവത്താലാണ്. നമ്മുടെ രാജ്യത്തു് എല്ലാ സംഗതികളും നാശഗർത്തത്തിൻെറ

വക്കിൽ എത്തിയിരിക്കുന്നതു്. അലംഘിതമായ ബ്രഹ്മചര്യം അനുഷ്ഠിക്കുന്നതുകൊണ്ടു് സകല വിദ്യകളിലും അതിവേഗത്തിൽ പാരംഗതത്വം പ്രാപിക്കാവുന്നതാണു്. ഒരൊററ പ്രാവശ്യം കേൾക്കുകയോ, അറിയുകയോ ചെയ്യുന്ന കാര്യങ്ങൾ സ്മരിക്കുവാനുള്ള അമോഘശക്തി തന്മൂലം ലഭിക്കുന്നു. സുചരിതൻെറ മസ്തിഷ്കത്തിനു് ബൃഹത്തമമായ ഊൎജ്ജിതവും അതിമഹത്തായ ഇച്ഛാശക്തിയും ഉണ്ടായിരിക്കും. ചാരിത്ര്യമില്ലെങ്കിൽ ആദ്ധ്യാത്മികപ്രഭാവവും ലഭിക്കുന്നതല്ല. മനുഷ്യരെ നിയന്ത്രിക്കാനുള്ള അത്യത്ഭുതശക്തിയും സംയമംമൂലം സിദ്ധിക്കുന്നു. മനുഷ്യരുടെ ആദ്ധ്യാത്മികനേതാക്കന്മാരെല്ലാം സംയതചിത്തരായിരുന്നു; അതായിരുന്നു അവൎക്കുള്ള ശക്തികളെല്ലാം പ്രദാനം ചെയ്തിരുന്നതു്.

"ഓരോ ശിശുവിനേയും പരിപൂൎണ്ണമായ ബ്രഹ്മചര്യം അനുഷ്ഠിക്കാൻ അഭ്യസിപ്പിക്കേണ്ടതാണു്. അതൊന്നുകൊണ്ടുമാത്രമേ വിശ്വാസവും ശ്രദ്ധയും അവരിൽ ആവിഷ്കരിക്കാൻ കഴികയുള്ളൂ. ബ്രഹ്മചര്യം എന്നു പറയുന്നതു് വിചാരത്തിലും, വാക്കിലും, പ്രവൃത്തിയിലുമുള്ള ചാരിത്രമാകുന്നു. അശുദ്ധമായ ഭാവന, അശുദ്ധമായ പ്രവൃത്തിക്കു തുല്യം ദുഷ്ടമാണു്. ബ്രഹ്മചാരി ചിന്തയിലും, വാക്കിലും, പ്രവൃത്തിയിലും നിൎമ്മലനായിരിക്കേണ്ടതാകുന്നു."

സകല ശീലങ്ങളുടേയും നിയന്ത്രണത്തിൽ അതിപ്രധാനമായ ഒരു പങ്കു വഹിക്കുന്ന ഉപബോധമനത്തെക്കുറിച്ചാണു് അടുത്തതായി ചിന്തിക്കേണ്ടതു്.

# അദ്ധ്യായം നവ

## ഉപബോധനം.

ഉപബോധനത്തിൻെറ മഹത്വത്തെക്കുറിച്ചു് ഇതിനുമുമ്പു് പല പ്രാവശ്യവും സൂചിപ്പിച്ചിട്ടുണ്ടു്. ശീല നിയന്ത്രണത്തിൽ ഉപബോധനത്തിനു് വളരെ പ്രാധാന്യമാണുള്ളതെന്നും പറഞ്ഞുകഴിഞ്ഞു. ദൃഢീകൃതമായ പല ശീലങ്ങളേയും ഉപബോധനംകൊണ്ടു് മാററാൻ കഴിയുമെന്നാണു് കൂവേ പ്രഭൃതികളുടെ സിദ്ധാന്തം.

ഉപബോധനം എന്നു പറയുന്നതു് ബോധമനസ്സിനു് പീഡാലേശം പോലും കൂടാതെ പിന്നണിയിൽക്കൂടി ഉൽബോധനം നൽകുന്നതാകുന്നു. ലഘുവായ ഉപബോധനത്തിനുപോലും പ്രജ്ഞാധമനിവ്യൂഹത്തെ ഗാഢമായി സ്പർശിക്കുന്നതിനും വ്യതിചലിപ്പിക്കുന്നതിനും കഴിയുന്നതാണു്. മാത്രമല്ല ഉപബോധമനസ്സിനു് ശരിയായ ശിക്ഷണം നൽകി ബോധമനസ്സിനെ പ്രേരിപ്പിക്കത്തക്ക പ്രാഗത്ഭ്യം പ്രദാനം ചെയ്യാനും അതിനു് സാധിക്കും. എല്ലൻകീ (Ellen Key) എന്ന പണ്ഡിതൻെറ അഭിപ്രായം നോക്കുക. "കുട്ടികൾ തെററു ചെയ്തുകഴിഞ്ഞാൽ ഉടൻതന്നെ ഉൽബോധനങ്ങൾകൊണ്ടു് അതിനെ തിരുത്താൻ ശ്രമിക്കുന്നതു് സമർത്ഥമായ സമ്പ്രദായമല്ല. തൽക്കാലം മൗനം അവലംബിച്ചിട്ടു്, പിന്നീടു് പരോക്ഷമായ

സൂചനകൾകൊണ്ടു്, അവർ തനിയെ തെററുതിരുത്തത്തക്കവിധം കുററബോധം അവരിൽ ജനിപ്പിക്കേണ്ടതാണു്." പരോക്ഷമായ ഈ സൂചനതന്നെയാണു് ഉപബോധനം.

നൽകുന്ന ആളിൻെറ ഉറപ്പിലാണു് ഉപബോധനം സ്വീകരിക്കപ്പെടുന്നതു്; യുക്തിപൂർവ്വമായ ചിന്തയുടെ ഫലമായിട്ടല്ല അതിനു് സ്വാഗതം ലഭിക്കുന്നതു്. ശിശുക്കൾക്കു യുക്തിയുക്തമായ ചിന്താശക്തി കുറവായതിനാലും പ്രായമായവരുടെ ആകൃതിവലിപ്പം, ബുദ്ധിമഹത്വം തുടങ്ങിയവയിലുള്ള മതിപ്പിനാലും നിരവധി ഉപബോധനങ്ങൾ—ആശാസ്യമായും അനാശാസ്യമായും—പ്രായമായവരിൽനിന്നു് ലഭിച്ചുകൊണ്ടേ ഇരിക്കുന്നു. ഇവയിൽ ചിലവ ഒരു ജീവിതത്തെ പാടേ വ്യതിചലിപ്പിക്കത്തക്ക ശക്തിയുള്ളവയാണു്. പല ദൃഷ്ടാന്തങ്ങളും ഇതിനെ വിശദമാക്കിയിരിക്കുന്നു. "ഇപ്രകാരം ബാല്യത്തിൽ ദൃഢീകൃതമായിത്തീരുന്ന ശീലനിദർശനം ജീവിതം മുഴുവനും നിലനില്ക്കുകയും ഒരു വ്യക്തിയുടെ സ്വഭാവത്തേയും ജീവിതത്തേയും സമൂലപരിവർത്തനം ചെയ്യുവാൻ ശക്തമായിരിക്കയും ചെയ്യുന്നു" എന്നാണു് ആഡ്ലരുടെ അഭിപ്രായം.

നേരിട്ടുള്ള ഉപദേശങ്ങൾ ബോധമനസ്സിനെ പീഡിപ്പിക്കുന്നവയും ഇച്ഛാശക്തിയെ നേരിട്ടു ബാധിക്കുന്നവയുമാണു്. ഇതുകൊണ്ടാണു് എല്ലാപേരും വിശേഷിച്ചും കുട്ടികൾ—ഉപദേശങ്ങൾ വെറുക്കുന്നതു്. നേരേമറിച്ചു് ഉപബോധനത്തിൻെറ സഞ്ചാരസരണി ഭാവനയാകുന്നു. ഭാവനയുടെ ശക്തി നിസ്സീമവുമാണു്.

ഭാവിക്കുന്നതുപോലെ ആയിത്തീരുക പ്രകൃതിയുടെ ഒരു പ്രധാന നിയമവുമാകുന്നു. ഏതെങ്കിലും ഒരു രോഗമോ വേദനയോ ശരീരത്തിലുണ്ടെന്നു് നാം വെറുതേ ഭാവിക്കുകയാണെങ്കിൽ അചിരേണ ആ രോഗമോ വേദനയോ നമ്മെ ബാധിക്കാനിടയായാൽ നാം ഒട്ടും അത്ഭുതപ്പെടേണ്ട. പല രോഗങ്ങളുടേയും നിദാനങ്ങൾ പഠിക്കുന്ന വൈദ്യവിദ്യാർത്ഥികൾ പലപ്പോഴും ആവക രോഗങ്ങളിൽ ചിലവ തങ്ങൾക്കുമുണ്ടെന്നു ഭാവിക്കുന്നതിനും തന്മൂലം രോഗബാധിതരായി പരിണമിക്കുന്നതിനും ഇടയാകാറുണ്ടെന്നു് അനുഭവസ്ഥരായ ഡാക്ടർമാർ രേഖപ്പെടുത്തിയിട്ടുണ്ടു്. വൈദ്യശാലകളിൽനിന്നു് പരസ്യരൂപത്തിൽ പ്രസിദ്ധീകരിക്കുന്ന രോഗവിവരപ്പട്ടികകൾ വായിച്ചു് അവയിൽനിന്നു് ലഭിക്കുന്ന ദുരുപബോധനംമൂലം രോഗികളായി പരിണമിക്കുന്ന എത്രയോ ചെറുപ്പക്കാരെ കാണാം. നാടകങ്ങളിലുള്ള ചില പാത്രങ്ങളുടെ വേഷംകെട്ടി തന്മയത്വത്തോടുകൂടി ആ ഭാഗങ്ങൾ തുടർച്ചയായി അഭിനയിക്കുന്നതിൻെറ ഫലമായി കാലക്രമേണ ആ പാത്രങ്ങളുടെ സ്വഭാവങ്ങൾ തങ്ങളിലും കൃത്രിമമായി വളർത്താനിടയായിട്ടുള്ള നടീനടന്മാരുടെ കഥകൾ വിശ്വാസ്യകേന്ദ്രങ്ങളിൽനിന്നു് പ്രഖ്യാപനം ചെയ്തിട്ടുണ്ടു്. ആധുനികമനഃശാസ്ത്രീയ ചികിത്സാസമ്പ്രദായത്തിൽ ഭാവനയുടെ ഈ നിരതിശയപ്രഭാവത്തെ മൗലികാവലംബമായി സ്വീകരിച്ചിട്ടുണ്ടെന്നു് കാണാം. രോഗങ്ങളോ വേദനകളോ ശരീരത്തിലില്ലെന്നോ, അല്ലെങ്കിൽ ഉള്ളവ സാരമില്ലെന്നോ ഒരാളിനു് ഭാവിക്കാൻ കഴിയുമെങ്കിൽ ക്രമേണ അവ ശമിക്കുകയോ

ഇല്ലാതാകുകയോ ചെയ്യുന്നതു് സാധാരണമാണു്. ഉപബോധനപ്രസ്ഥാനംകൊണ്ടു് നാനാവിധ രോഗങ്ങളേയും ഭേദമാക്കിവരുന്നുണ്ടെന്നും ജലദോഷംതുടങ്ങിയ സാധാരണ രോഗങ്ങളെല്ലാം നിഷ്പ്രയാസം മാററാവുന്നവയാണെന്നും 'ബാൺജോർ' എന്ന വിദഗ്ദ്ധൻ പ്രഖ്യാപനം ചെയ്തിരിക്കുന്നു.

ഉപബോധനത്തിൻെറ ശക്തി വ്യക്തമാക്കുന്ന ഏതാനും ദൃഷ്ടാന്തങ്ങൾ കൂടി പറയാം.

ഒരിക്കൽ ഒരാൾ ആരുടേയോ വകയായ ഒരു വസ്ത്രക്കെട്ടു് അഴിച്ചുനോക്കുന്നതിനിടയായി. അല്പം കഴിഞ്ഞപ്പോൾ ആ കെട്ടു് ഒരു ത്വഗ്രോഗിയുടെ വകയാണെന്നു് അയാൾക്കു ബോദ്ധ്യപ്പെട്ടു. അചിരേണ അയാളുടെ ദേഹമാസകലം ഊൻകടി ആരംഭിക്കയും ത്വഗ്രോഗലക്ഷണങ്ങൾ അയാളിൽ പ്രകടിതമാകയും ചെയ്തു.

മരണശിക്ഷയ്ക്കു വിധിക്കപ്പെട്ട ഒരുവനോടു് ഒരു ശാസ്ത്രീയ പരീക്ഷണത്തിൻെറ ഫലമായിട്ടാണു് അവനെ കൊല്ലാൻ നിശ്ചയിച്ചിരിക്കുന്നതെന്നു് അധികാരികൾ പ്രതിപാദിച്ചു. പിന്നീടു് അവനെ ഒരു ഇരുട്ടു മുറിയ്ക്കകത്തു കിടത്തി, സാധാരണ പരിതഃസ്ഥിതികളിൽ അപകടകരമല്ലാത്ത ചെറിയ മുൾക്കുത്തുകൾ അവൻെറ കൈകാലുകളിൽ കൊടുത്തിട്ടു്, മുറിയ്ക്കകത്തുള്ള ഒരു പൈപ്പു് ശബ്ദം കേൾക്കത്തക്കവണ്ണം തുറന്നു വിടുകയും അതു് അവൻെറ ശരീരത്തിലുണ്ടാക്കിയ മുറിവുകളിൽനിന്നു് രക്തം പായുന്നതിൻെറ ഒച്ചയാണെന്നു് വിളിച്ചുപറയുകയും ചെയ്തു. പെട്ടെന്നു് അവൻ മരണാധീനനായിത്തീർന്നു.

നമ്മുടെ പ്രസിദ്ധ സാഹിത്യകാരനായ കേരളവമ്മ വലിയകോയിത്തമ്പുരാൻ ബാലനായിരുന്നപ്പോൾ അവിടുത്തെ ഒരു മാതുലൻ നളികപ്രയോഗത്തിലുള്ള സാമത്ഥ്യം പ്രകടിപ്പിക്കയും തദ്വിഷയകമായ പ്രഭാഷണം നൽകുകയും ചെയ്ത സമയത്ത് അവിടുന്നുകൂടി സന്നിഹിതനായിരുന്നു. പില്ക്കാലത്ത് തനിക്കു നായാട്ടിലും ജന്തുഹിംസയിലും ജനിച്ച അത്യാസക്തിക്കു ഹേതു ആ മാതുലൻ നൽകിയ ഉപബോധനമാണെന്ന് അവിടുന്നുതന്നെ രേഖപ്പെടുത്തിയിട്ടുണ്ട്.

മിസ്റ്റർ ജീ. യുടെ ബാല്യത്തിൽ വലതു തോളിൽ ഒരു കുരു വന്നതു മൂലം ശസ്ത്രക്രിയ ചെയ്യിക്കേണ്ടി വരുകയും ആ കൈയ്ക്കു അല്പം അസ്വാധീനം സംഭവിക്കയും ചെയ്തു. അതുകൊണ്ടു 25 വഷമായി വിഷമിക്കുന്ന അദ്ദേഹത്തെ അടുത്തകാലത്ത് വാഗ്മിയും വിശ്വാസ്യനുമായ ഒരു നാട്ടുവൈദ്യൻ പരിശോധിച്ചിട്ട് അനതിദൂരഭാവിയിൽ അദ്ദേഹം പക്ഷവാതരോഗബാധിതനാകുമെന്നു തനിക്കു സൂക്ഷ്മമായി അറിയാമെന്നു അഭിപ്രായപ്പെട്ടു. സാധു! അന്നുമുതൽ അതീവ ദുഃഖിതനും നാൾക്കുനാൾ ക്ഷീണിതനുമായി പരിണമിച്ചു. കാരണമറിയാതെ വിഷമിച്ച പിതാവ് അദ്ദേഹത്തിന് വിവാഹം നിശ്ചയിച്ചു. പക്ഷേ അദ്ദേഹം കാരണമൊന്നും പറയാതെ അതിനെ ബലമായി എതിത്തു എങ്കിലും പിതാവിൻേറയും മററും നിർബന്ധത്തിനു വിധേയനായിത്തീൎന്ന് അദ്ദേഹത്തിന് വിവാഹവേദിയിൽ കയറേണ്ടിവന്നു. അനന്തരം ഭാര്യാസമ്പക്കം അദ്ദേഹം മനഃപൂവ്വമായി വെടിയുകയും പാവപ്പെട്ട ആ

പെൺകുട്ടിയുടെ ജീവിതം നരകമാക്കിത്തീർക്കുകയും ചെയ്തു. ഒരു തുമ്പും കിട്ടാതെ എല്ലാപേരും വിഷമിച്ചു. രഹസ്യാന്വേഷണങ്ങൾ നടത്തിവരുമ്പോളാണ് വൈദ്യഹതകൻ ചെയ്ത ഉപബോധനദ്രോഹത്തിന്റെ ശക്തിയാണ് എല്ലാററിനും ഹേതു എന്നു മനസ്സിലായതു്. പ്രസിദ്ധരായ ഡാക്ടർമാരെക്കൊണ്ടു് അദ്ദേഹത്തെ പരിശോധിപ്പിച്ചതിൽ യാതൊരു രോഗവും ശരീരത്തിലില്ലെന്നാണ് അവരെല്ലാം അഭിപ്രായപ്പെട്ടതു്. പക്ഷെ, അവയ്ക്കൊന്നിനും അദ്ദേഹത്തിന്റെ രോഗഭയത്തെ മാററാൻ കഴിഞ്ഞില്ല. ശരീരം ദിനംപ്രതി ക്ഷീണിച്ചു വരുന്നതു് തനിക്കു നല്ലപോലെ അറിവാൻ കഴിയുന്നുണ്ടെന്നാണ് വിദ്വാൻ അഭിപ്രായപ്പെടുന്നതു്. ഇതെഴുതുന്ന സമയത്തു് വിവാഹം കഴിഞ്ഞു് മൂന്നുമാസം പോലുമായിട്ടില്ലാത്ത ആ സാധു, ഉദ്യോഗത്തിൽ നിന്നു് ഒഴിഞ്ഞു് തീർത്ഥയാത്ര ചെയ്വാൻ ഉദ്യമിക്കുന്നതായിട്ടാണറിവു്.

എമലേ ക്രൂവേ പറയുന്നു:—'ഒരു കുട്ടിയുടെ വിരൽ തട്ടുകയോ, കൈ ഉരയുകയോ ചെയ്യുമ്പോൾ വേദന ഉണ്ടായാലും ഇല്ലെങ്കിലും അവൻ കരയാനാരംഭിക്കും. അമ്മ ഓടിച്ചെന്നു് യാതൊരു സംഭ്രമപ്രകടനവും കൂടാതെ അവന്റെ ക്ഷതത്തിൽ (ഇല്ലെങ്കിൽ ആ സ്ഥലത്തു്) ഊതുകയും പതുക്കെ തടവുകയും ചെയ്തുകൊണ്ടു് "എല്ലാം പോയി!" "സാരമില്ല!" എന്നൊക്കെ സമാധാനം പറഞ്ഞാൽ അവൻ പുഞ്ചിരി തൂവുകയും ചിരിക്കാനാരംഭിക്കുയും ചെയ്യുന്നതാണ്. വേദന ഇല്ലെന്നുള്ള ഭാവന അവനുണ്ടാകുന്നതോടുകൂടി അതു് തീരെ

ഇല്ലാതായിത്തീരുന്നു. നേരേ മറിച്ച് മാതാവ് വെപ്രാളത്തോടുകൂടി, "അയ്യോ! എന്റെ കുഞ്ഞിനെന്തുപററി?!" എന്നു വിളിച്ചുകൊണ്ട് സംഭ്രമപൂർവ്വം ഓടിവന്നാലുള്ള ഫലം ഊഹ്യമാണല്ലോ?

ബാല്യകാലത്ത് ബോധമനസ്സിന്റെ ശക്തിക്കുറവുമൂലം ഉപബോധനങ്ങൾക്കു വളരെ എളുപ്പത്തിൽ ഉപബോധമനസ്സിനെ ബാധിക്കാൻ കഴിയുന്നു. ഒരു കുട്ടി 'ശീതകാലമെന്നാൽ എന്ത്?' എന്നു ചോദിക്കുമ്പോൾ 'നമുക്കു ജലദോഷം പിടിപെടുന്ന കാലം' എന്നോ മറേറാ ആരെങ്കിലും ഉൽബോധിപ്പിക്കയാണെങ്കിൽ അവന്റെ ഭാവിജീവിതം മുഴുവനും ശീതകാലമാകുമ്പോൾ ജലദോഷഭയവും ജലദോഷവുമുണ്ടായിക്കണ്ടാൽ അതിൽ ഒട്ടും ആശ്ചര്യപ്പെടാനില്ല. ഒരു മനുഷ്യന് പച്ചവെള്ളമുപയോഗിച്ചാൽ ഉടൻതന്നെ കണ്ഠം അടയ്ക്കുകയും അകാരണമായ ഭയബാധയുണ്ടാകയും പതിവായിരുന്നു. ഒടുവിൽ ഹിപ്നാട്ടിസം (സ്വാപനവിദ്യ) മൂലം അയാളെ പരിശോധിച്ചപ്പോൾ ബാല്യകാലത്ത് പച്ചവെള്ളമുപയോഗിച്ചപ്പോളുണ്ടായ ഭയാനുഭവങ്ങളും പില്ക്കാലത്തുണ്ടായ ജലദോഷപരമായ സ്വപ്നങ്ങളും വ്യക്തമായി. ഉപബോധമനസ്സിൽ ഉറച്ചിരുന്ന ആ ഓർമ്മകളെ മനസ്സിൽനിന്ന്, സ്വാപത്തിൽതന്നെ, ഉപബോധനങ്ങൾകൊണ്ട് അകററിയപ്പോൾ അയാൾ അമ്മാതിരി ഉപദ്രവങ്ങളിൽ നിന്ന് നിശ്ശേഷം വിമുക്തനായി.

ഉപബോധനങ്ങൾ ശിശുക്കളുടെ ജീവിതത്തെ ശക്തിപൂർവ്വം ബാധിക്കുമെന്നുള്ളതിനാൽ വളരെ സൂക്ഷി

ച്ചുമാത്രമേ അവർ കേൾക്കെ പ്രായമായവർ സംസാരിക്കാൻ പാടുള്ളൂ എന്നാണ് കോണിന്റെ അഭിപ്രായം. അവരുടെ സന്നിധിയിൽവച്ച് പാപകരമോ മലിനമോ, നീചമോ ആയ യാതൊന്നും സംസാരിക്കാൻപാടില്ല. മലിനാശയങ്ങളും അഭിപ്രായങ്ങളും ഉൾക്കൊള്ളുന്ന കഥകൾ പറയുക, അപ്രകാരമുള്ള നാടകങ്ങളോ സിനിമകളോ കാണുക, നീചസംഭാഷണങ്ങൾ ഉദ്ധരിക്കുക തുടങ്ങിയവയെല്ലാം ദുശ്ശീലശതങ്ങൾ അവരിൽ വേരുറപ്പിക്കുന്നതിന് കാരണമാകുന്നതാണ്.

എത്രയൊക്കെ സൂക്ഷിച്ചാലും പല മലിനസൂചനകളും അനാശാസ്യകേന്ദ്രങ്ങളിൽനിന്ന് ശിശുക്കളിൽ കടന്നുകൂടിയേക്കാൻ എളുപ്പമുണ്ട്. സ്നേഹപൂർവ്വമായ പെരുമാററംകൊണ്ട് അവരുടെ വിശ്വാസം സമ്പാദിച്ച്, അവയുടെ സ്വഭാവം മനസ്സിലാക്കുവാൻ പ്രായമായവർ മനഃപൂർവ്വം ശ്രമിക്കേണ്ടതാണ്. യാഥാർത്ഥ്യം സൂക്ഷ്മമായി മനസ്സിലാക്കാതെ ഒരിക്കലും പ്രതിവിധികൾ കല്പിക്കാൻ പാടില്ല. വിഷമകരമായി തോന്നുന്ന അവസരങ്ങളിൽ വിദഗ്ദ്ധന്മാരെ സമീപിക്കുന്നതാണ് നന്ന്. അപഗ്രഥനംകൊണ്ട് ദൃഢീകൃതമായ പല ദുഃസ്വഭാവങ്ങളുടെയും നിദാനം കണ്ടുപിടിക്കാനും അവയ്ക്കു വേണ്ട പ്രതിവിധികൾ ചെയ്യുവാനും കഴിയുന്നുണ്ട്. പാശ്ചാത്യരാജ്യങ്ങളിൽ അതിലേയ്ക്കു പല കേന്ദ്രങ്ങളും സ്ഥാപിതമായിട്ടുണ്ട്. പല അപഗ്രഥനസമ്പ്രദായങ്ങളും പലരും സ്വീകരിക്കുന്നുണ്ടെങ്കിലും അവയുടെയെല്ലാം ഉന്നം ഒന്നുതന്നെയാണ്. അതായത്, ശിശുക്കളുടെ ദുശ്ശീലങ്ങൾ മാററുക എന്നു

ങ്ങളു്. "ശിശുക്കളുടെ ഭാവിയെ ഇതുകൊണ്ടു് സുരക്ഷിത മാക്കുവാൻ സാധിക്കുന്നു. കുററവാളികളാകുമായിരുന്ന അനവധി ആളുകളെ സന്മാൎഗ്ഗത്തിലേക്കു് നയിക്കുവാനും ഇതുമൂലം കഴിയുന്നുണ്ടു്. എന്നാൽ കാലതാമസവും, അതിനനുസരിച്ച ധനവ്യയവും കൂടാതെ ഈ പ്രസ്ഥാനത്തിൽ വിജയം സിദ്ധിക്കുകയില്ല. വളരെ വിഷമകരമായി പരിണമിച്ചിട്ടുള്ള ചില കുട്ടികളെ പരിശോധിച്ച് വേണ്ട പ്രതിവിധികൾ കല്പിച്ചു് സ്വാഭാവികതയിലേക്കു് പ്രത്യാനയിക്കുവാൻ ചിലപ്പോൾ രണ്ടോ അതിൽ കൂടുതലോ വർഷങ്ങൾ ആവശ്യമായേക്കാം. എന്നാൽ ഈ പ്രസ്ഥാനം കൊണ്ടുള്ള വിജയം സുനിശ്ചിതമാണെന്നു് കരുതുമ്പോൾ ചെലവാകുന്ന പണം സാരമില്ലെന്നുതന്നെ പറയാം. അവൻ ഒരു കുററവാളിയായിത്തീൎന്നു് സമുദായത്തിനു് അപരിഹാൎയ്യമായ ദോഷങ്ങൾ വരുത്തിവച്ചശേഷം, ജയിലുകളിൽവച്ചു് അവനെ നന്നാക്കാനും സംരക്ഷിക്കാനുമായി ചെലവാക്കേണ്ടിവരുന്ന ധനത്തിനോടു് താരതമ്യപ്പെടുത്തി നോക്കുമ്പോൾ, ആപത്തുകൾക്കൊന്നും ഇടയാകാതെ അവനെ പരിശോധിച്ചു് ചികിത്സകൾ നടത്തുവാൻവേണ്ടി ചെലവഴിക്കുന്ന തുക തീരെ തുച്ഛംതന്നെയെന്നു കാണാം." എന്നാണു് ഒരു വിദഗ്ദ്ധൻ അഭിപ്രായപ്പെട്ടിട്ടുള്ളതു്.

എല്ലാ ദിവസവും ശിശുക്കളെക്കൊണ്ടു ചെയ്യിപ്പിക്കാവുന്ന ലഘുവായ ഒരുമാതിരി ആത്മോപബോധനോപായം എമലേ ക്രൂവേ പ്രതിപാദിച്ചിട്ടുള്ളതു് കൂടി ഇവിടെ പറയാം. ഉറക്കത്തിനു് അല്പംമുമ്പുള്ള ഘട്ടത്തിൽ

ബോധമനസ്സും ഉപബോധമനസ്സും കൂടി വളരെ അടുത്ത് ആശയവിനിമയം ചെയ്യുന്നുണ്ട്. (ഉണരുന്നതിന് അല്പം മുമ്പും ഇങ്ങനെതന്നെ). ഉറങ്ങാൻ കുട്ടികൾ കിടക്കുമ്പോൾ ദിവസവും, "ഞാൻ നല്ല കുട്ടി തന്നെയാണ്. എന്നിൽ നന്മയേ ഉള്ളൂ" എന്ന് ആവർത്തിപ്പിക്കുന്നതുകൊണ്ട് വളരെ ഗുണം കിട്ടുന്നതാണ്. കൊച്ചുകുട്ടികൾ ഉറങ്ങാൻ ഭാവിക്കുമ്പോഴും ഉണർന്നെഴുന്നേല്ക്കുമ്പോഴും മാതാപിതാക്കന്മാർ, എന്റെ കുഞ്ഞു വളരെ നല്ല കുട്ടിയാണ്. നിന്നിൽ നല്ലതു മാത്രമേ ഉള്ളൂ" എന്ന് ആവർത്തിച്ചു പറയുന്നതും വളരെ ഫലപ്രദമാണ്.

ശീലരൂപവൽക്കരണത്തിൽ ഉപബോധനത്തിന്റെ മഹത്ത്വം നാൾക്കുനാൾ ഉത്തരോത്തരം ജനസമ്മതി നേടി വരുന്നുണ്ട്. ഹിപ്നാട്ടിസം തുടങ്ങിയ ഇതിന്റെ പ്രവൃദ്ധരൂപങ്ങൾപോലും ഇന്ന് സുപ്രചാരത്തിൽ വന്നുകൊണ്ടിരിക്കുന്നു.

ഉപബോധനംപോലെതന്നെ ശിശുക്കളുടെ ജീവിതത്തെ ഗാഢമായി സ്പർശിക്കാൻ കഴിയുന്ന ഏകാഗ്രതാപരിശീലനത്തെക്കുറിച്ചുകൂടി നാം പരിഗണിക്കേണ്ടതാണ്.

## അദ്ധ്യായം നവർ

## ഏകാഗ്രതാപരിശീലനം

ശ്രദ്ധയെ ഏതെങ്കിലും ഒരു കൃത്യത്തിൽ തന്നെ കേന്ദ്രീകൃതമാക്കി നിലനിർത്തുന്നതിനെയാണ് ഏകാഗ്രത എന്നു വിളിക്കുന്നതു്. കൊച്ചുകുട്ടികളിൽപോലും ഈ ഏകാഗ്രതാശീലം കാണപ്പെടുന്നുണ്ടെന്നാണ് ശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം. ശിശുക്കൾക്കു മാനസികമായ അഭ്യുന്നതി ഉണ്ടാകണമെന്നു് ആശിക്കുന്ന എല്ലാ മാതാപിതാക്കന്മാരും അവരിൽ ശരിയായ ഏകാഗ്രതാശീലം അതിബാല്യത്തിൽ തന്നെ അങ്കുരിപ്പിക്കേണ്ടതാണ്. ഏകാഗ്രത കൂടാതെ ആർക്കുംതന്നെ മഹത്തായ യാതൊരു പ്രവൃത്തിയും ചെയ്‌വാൻ കഴിയുന്നതല്ല. ശിശുക്കളിൽ പ്രത്യക്ഷപ്പെടുന്ന ഏകാഗ്രതയുടെ സ്വഭാവത്തേയും അതിന്റെ പുലർത്തേണ്ട ആവശ്യകതയേയും കുറിച്ചു ശിശുഹൃദയാഭിജ്ഞരിൽ അഗ്രഗണ്യയായ മാണ്ടിസോറിയുടെ അഭിപ്രായം വളരെ പ്രാധാന്യം അർഹിക്കുന്നതാണ്. അവർ പറയുന്നു:—

“ * * * ഈ ഏകാഗ്രതാസ്വഭാവം ആദ്ധ്യാത്മികശക്തികൾകൊണ്ടു് അനുഗ്രഹിക്കപ്പെട്ട ചില വ്യക്തികളുടെ മനസ്സിനുമാത്രമുള്ളതല്ലെന്നു്, കൊച്ചുകുട്ടികൾ തന്നെ ഇതിനു വിധേയരാകുന്നതു കാണുമ്പോൾ വിശദമാകുന്നതാണ്. ഇതു് എല്ലാപേരുടെ മനസ്സിനുമുള്ള

ഒരു സ്വഭാവഗുണമാണെന്നു വരുകിലും പരിതഃസ്ഥിതികളുടെ പ്രാതികൂല്യത്താൽ പ്രായമായ ചില വ്യക്തികളിൽ മാത്രമേ സ്പഷ്ടമാകത്തക്കവണ്ണം വികസിതമായിരിക്കുന്നുള്ളു. എങ്കിലും ശിശുക്കളിൽ ഇതിന്റെ ഒരു മങ്ങിയ ഛായ കാണാവുന്നതാണു്. * * *

"ആദ്യമായി ഈ സ്വഭാവവിശേഷം ശിശുക്കളിൽ വീക്ഷിച്ചപ്പോൾ ഞാൻ അത്ഭുതാധീനയായി. ഒരു അപൂർവ്വ സംഭവത്തിന്റെ മുമ്പിലല്ലേ ഞാൻ നിലകൊള്ളുന്നതെന്നു സ്വയം ചോദ്യം ചെയ്തുപോയി * * * എന്റെ മുമ്പിൽ മൂന്നു വയസ്സുമാത്രം പ്രായമുള്ള ഒരു പെൺകുട്ടി അഗാധമായ ശ്രദ്ധയുടെ സ്പഷ്ടമായ ലക്ഷണങ്ങളോടുകൂടി, പല വലിപ്പത്തിലുമുള്ള സിലണ്ടറുകളെ, അവ ശരിയായി ചേരുന്ന കുഴലുകളിൽ അടയ്ക്കുവാൻ ഉററു ശ്രമിക്കുകയായിരുന്നു. അവൾ അവയെ അന്യൂനമായ അവധാനത്തോടുകൂടി കുഴലുകളിൽ അടച്ചു കഴിഞ്ഞ ഉടനെ വീണ്ടും അവയെ പുറത്തെയ്ക്കെടുത്തിട്ടു്, പിന്നേയും അകത്തേക്കു് അടച്ചു തുടങ്ങി. നിശിതമായ ഏകാഗ്രതയോടുകൂടി അവൾ ഇങ്ങനെ നിരന്തരമായി ആവർത്തിച്ചുകൊണ്ടിരിക്കുന്നതു കണ്ടാൽ അതിനൊരവസാനം ഉണ്ടാകുന്ന കാര്യം അസാദ്ധ്യമായി മാത്രമേ തോന്നുമായിരുന്നുള്ളു. ഞാൻ അവിടെ നിന്നു് എണ്ണിനോക്കി. അവൾ അതു് 40 പ്രാവശ്യത്തിൽ കൂടുതൽ ആവർത്തിച്ചു കഴിഞ്ഞപ്പോൾ ഞാൻ പിയാനോയുടെ സമീപത്തേയ്ക്കു പോയി. അതു് വായിച്ചുകൊണ്ടു്, മററു കുട്ടികളോടു് പാടുവാൻ ആവശ്യപ്പെട്ടു. എന്നാൽ അവൾ—ആ കൊച്ചുകുഞ്ഞു്—അവളുടെ അത്ഭുതഹിത

മെന്നു് തോന്നുന്ന ആവൎത്തനങ്ങൾ തുടൎന്നുകൊണ്ടും, അവളുടെ മേശയ്ക്കരികിൽ നിന്നു് അല്പമെങ്കിലും അനങ്ങാതേയും, ചുററുപാടുകളിൽ നിന്നു് പരിപൂൎണ്ണമായി പിൻവലിഞ്ഞു കഴിഞ്ഞതുപോലെ, ആ കൃത്യത്തിൽതന്നെ ഏകതാനമായ ജാഗരൂകതയോടുകൂടി സ്ഥിതിചെയ്തു. ഒടുവിൽ അവർ തന്നത്താനെ അതു് പെട്ടെന്നു് നിറുത്തി. ആനന്ദമന്ദസ്മിതാന്വിതം ആ ഉജ്ജ്വലനേത്രതാരങ്ങളെ അവർ ഉയൎത്തി. അവളുടെ ചുമലിൽ നിന്നു് ഒരു ഭാരം നീങ്ങിയിരുന്നതുപോലെ കാണപ്പെട്ടു. വിശ്രമം കഴിഞ്ഞു വരുന്നതുപോലെ അവർ സുപ്രസന്നയായിരുന്നു. സുഖനിദ്രകഴിഞ്ഞെഴുന്നീല്ക്കുമ്പോൾ ശിശുക്കൾ ചെയ്യാറുള്ളപോലെ അവർ പൂപ്പുഞ്ചിരി പൊഴിച്ചു.

"അതിനുശേഷം ഇതുപ്രകാരം ഞാൻ അനേകശതം പ്രാവശ്യങ്ങൾ വീക്ഷിച്ചിട്ടുണ്ടു്. ഈ മാതിരി ഏകാഗ്രതാപരിശീലനത്തിനുശേഷം വിശ്രമസുഖം അനുഭവിച്ചവരെപ്പോലേയും യഥാൎത്ഥശക്തി എവിടെ നിന്നോ ലഭിച്ചവരെപ്പോലെയും ശിശുക്കൾ കാണപ്പെടുന്നതു് സാധാരണമാണു്. അവരുടെ ആത്മാവിനുള്ളിൽ ഒരു പാത തുറന്നു്, അതുവഴി ഉജ്ജ്വലങ്ങളായ ശക്തിവിശേഷങ്ങൾ എവിടേയോ നിന്നു് പ്രവഹിക്കുന്നതുപോലെ തോന്നപ്പെടുന്നുണ്ടു്. അവർ പെട്ടെന്നു് സൎവ്വഭൂതദയാപരായണരായി പരിണമിക്കുന്നു. പരോപകാരപരമായ പ്രവൃത്തികളിൽ തൽപരരാകുന്നു. ഉത്തമ ജീവിതാസക്തിചിത്തപത്മങ്ങളിൽ തുളുമ്പുന്നവരായും പ്രത്യക്ഷപ്പെടുന്നു.

" * * * നിയമബോധം, മാനസികവികാസം, ബുദ്ധിപരവും വികാരപരവുമായ ജീവിതം ഇവയെല്ലാം

തിശ്ശബ്ദവും നിലീനവുമായ ആ അത്ഭുതതരംഗരികയിൽനി ന്നാവേണം പ്രചോദനം ലഭിക്കേണ്ടതെന്നു് ഞാനറിഞ്ഞു. അതിനുശേഷം ശിഷ്യരിൽ പ്രായോഗികമായ ഈ ഏകാഗ്രത കൈവരുത്തുവാൻ പര്യാപ്തമായ സാമഗ്രി കഠം കണ്ടുപിടിക്കുവാൻ എന്നാൽ കഴിയുന്നതെല്ലാം ഞാൻ ചെയ്തിട്ടുണ്ടു്. ആയതിലേക്കു് ഏറ്റവും പററിയ പരിതഃസ്ഥിതികഠം സൃഷ്ടിക്കുവാനും ഞാൻ കഴിയുന്ന തൊക്കെ ചെയ്തു. ഇതിൻെറയൊക്കെ ഫലമായിട്ടാണു് എൻെറ പ്രസ്ഥാനം ജനിക്കുന്നതിനിടയായതു്".

മനസ്സിനു് ഏകാഗ്രത കൈവരുത്തുന്ന ശീലം പുലർ ത്തുകയും അഭിവൃദ്ധമാക്കുകയും ചെയ്യുന്നതുപോലെ മഹ നീയമായ നേട്ടങ്ങഠം ഒരു ശിഷ്യവിനു് മറെറാന്നുമില്ലെന്നു് ഇന്നു് പല പാശ്ചാത്യശാസ്ത്രകാരന്മാരും അഭിപ്രായപ്പെ ട്ടു തുടങ്ങിയിട്ടുണ്ടു്. ഏകാഗ്രതാപരിശീലനത്തിൻെറ ഫല മായി ആത്മസ്വാപനസാമത്ഥ്യം സമ്പാദിക്കുവാൻ സാധിക്കുമെന്നും അതൊരു മഹത്തായ മാനസികനേട്ട മാണെന്നും പ്രൊഫസർ അബ്രാമൗസ്കി പല പരീക്ഷണ ങ്ങളും നടത്തിയശേഷം അഭിപ്രായപ്പെട്ടിരിക്കുന്നു. Auto-Hypnosis (സ്വയമേവ മയങ്ങുവാനുള്ള ശക്തി=സമാധി) ഒരു വ്യക്തിക്കു എത്രത്തോളമുണ്ടോ അത്രത്തോളം അയാ ഠംക്കു മാനസികപ്രഭാവവുമുണ്ടായിരിക്കുമെന്നാണു അദ്ദേ ഹത്തിൻെറ സിദ്ധാന്തം. ക്രൂവേയുടെ ആത്മോപബോധന പ്രസ്ഥാനത്തെക്കുറിച്ചു സൂചിപ്പിച്ചുകഴിഞ്ഞിട്ടുണ്ടു്. സ്വ യംസ്വാപനം പരിശീലിക്കുന്നവക്കു സകല ദുശ്ശീലങ്ങളും മാററിയിട്ടു് ഉത്തമശീലനിലയനങ്ങളായി പരിണമിക്കാ മെന്നാണു് അദ്ദേഹത്തിൻെറ അഭിപ്രായം.

ഏകാഗ്രതാശീലത്തേയും അതിൻെറ മഹത്തപത്തെയും കുറിച്ചു് ആധ്യാത്മികശക്തിയുടെ അപ്രതിമമൂത്തിയായ ഒരു ഭാരതീയയതീശ്വരൻ—ശ്രീവിവേകാനന്ദൻ പ്രതിപാദിച്ചിട്ടുള്ളതിൽനിന്നു് ഏതാനും ഭാഗങ്ങൾകൂടി ഉദ്ധരിച്ചുകൊള്ളുന്നു.

"ജ്ഞാനം സമ്പാദിക്കുവാൻ ഒരൊററ മാർഗ്ഗമേ ഉള്ളൂ. അതിൻെറ പേരു് ഏകാഗ്രതയാകുന്നു. വിദ്യാഭ്യാസത്തിൻെറ സാരസർവ്വസ്വം തന്നെ ഏകാഗ്രതയാണു്. ഏററവും താണപടിയിലുള്ള മനുഷ്യൻ തുടങ്ങി, അത്യുന്നതനിലയിൽ സ്ഥിതിചെയ്യുന്ന യോഗീശ്വരൻവരെയുള്ള സകല മനുഷ്യക്കും ജ്ഞാനം സമ്പാദിക്കണമെങ്കിൽ ഒരേ മാർഗ്ഗംതന്നെ സ്വീകരിക്കേണ്ടതാണു്. * * * എത്രത്തോളം ഏകാഗ്രതാശക്തി അഭിവൃദ്ധമായിട്ടുണ്ടോ അത്രത്തോളം ജ്ഞാനവും സമ്പാദിക്കാൻ കഴിയുന്നു * * * പണം സമ്പാദിക്കുന്നതിലോ, ഈശ്വരനെ സേവിക്കുന്നതിലോ, ഏതു തന്നെ പ്രവൃത്തിക്കുന്നതിലും എത്രത്തോളമാണോ ഏകാഗ്രതാശക്തി കൂടുന്നതു് അത്രത്തോളം ഭംഗിയായി ആ ജോലി നിർവ്വഹിക്കാം. ആ വിളി, ആ മുട്ടൽ അതൊന്നുമാത്രമാണു് പ്രകൃതിയുടെ വാതൽ തുറന്നു് പ്രകാശപൂരത്തെ പുറമേയ്ക്കു പായിക്കുന്നതു്. * * * എനിക്കു തത്ത്വങ്ങളുടെ സംഭരണമല്ല, മനസ്സിൻെറ ഏകാഗ്രതയാണു് വിദ്യാഭ്യാസത്തിൻെറ മൂലസത്തായിട്ടു തോന്നുന്നതു്. ഒന്നുകൂടി വിദ്യാഭ്യാസം ചെയ്യേണ്ടിവരുകയാണെങ്കിൽ ഞാൻ തത്ത്വങ്ങൾ ഒന്നുംതന്നെ പഠിക്കുകയില്ല. ഞാൻ എന്നിലുള്ള ഏകാഗ്രതാശക്തിയെ വികസിപ്പി

ച്ചിട്ട്, പ്രവീണമായ ആ ഉപകരണത്തിന്റെ പ്രഭാവ ത്താൽ ഇച്ഛയെല്ലാറ്റും തത്വങ്ങളെ ശേഖരിക്കുന്നതായി രിക്കും"

ഇത്ര മഹത്തമമായ ഏകാഗ്രതാശീലം ശിശുക്കളിൽ വികസിപ്പിക്കുവാൻ ചെയ്യുന്ന ശ്രമങ്ങളൊന്നും അസ്ഥാനസ്ഥിതമാകുവാൻ ഒരിക്കലും ഇടയില്ല.

---

## അദ്ധ്യായം ൩൧

---

## ശിശുവിന്റെ ഇച്ഛാശക്തി.

സുഖവും, നന്മയും, സൗന്ദര്യവും; അസുഖവും, തിന്മയും, അസൗന്ദര്യവും; ഇവയാണ് ലോകത്തിന്റെ ഘടകങ്ങൾ. ഇവയിൽനിന്ന് യുക്തംപോലെ തെരഞ്ഞെടുത്ത് സ്വാധീനമാക്കിക്കൊള്ളാനുള്ള സ്വാതന്ത്ര്യം മനുഷ്യമനസ്സിനുണ്ട്. ഈ തെരഞ്ഞെടുപ്പിന് അവനെ സഹായിക്കുന്നത് വിവേകമാകുന്നു. വിവേകത്തിന്റെ തെരഞ്ഞെടുപ്പു സംരംഭത്തിൽ ഒരു തീരുമാനത്തിലെത്തിച്ചേരുവാൻ സഹായിക്കുന്ന ശക്തിവിശേഷത്തിനെയാണ് 'ഇച്ഛ' എന്നു വിളിക്കുന്നത്. "അതല്ലനല്ലത്, ഇതാണ്" എന്നുള്ള ആജ്ഞയാണ് ഇച്ഛ പുറപ്പെടുവിക്കുക. ഇച്ഛിച്ചു കഴിഞ്ഞാൽ പിന്നെ സംശയമില്ല; അതുപോലെ പ്രവർത്തിക്കുകയായി.

ഇച്ഛ എന്ന പദത്തിന്ന് ആഗ്രഹം എന്നാണ് അൎത്ഥം പറയാറുള്ളതു്. എന്നാൽ ഇച്ഛ (സാങ്കേതികമായി) കേവലം ആഗ്രഹം മാത്രമല്ല. ഒരു ശിശു ഒരു ഓറഞ്ച് തിന്നുവാൻ ആഗ്രഹിക്കുന്നു. അതു് അവന്റെ ഇച്ഛയാണെന്നു് വ്യവഹരിച്ചു കൂട. അച്ഛൻ അവനെ ഒരു പഴക്കടയിൽകൊണ്ടുചെന്നു നിറുത്തിയിട്ടു് ഏതു പഴമാണ് വേണ്ടതെന്നു ചോദിക്കുന്നു. ഓറഞ്ച്, മാമ്പഴം, മാതളം പഴം, പൃഞ്ഞിപ്പുക്ക, വാഴപ്പഴം; ഇവയെല്ലാം അവൻ അനുഭവിച്ചിട്ടുള്ളവയാണു്. ഏതെങ്കിലും ഒന്നു വാങ്ങാനേ സമ്മതിക്കയുള്ളു എന്നു് അവനറിയാം. സ്മൃതിയുടെ സഹായത്തോടുകൂടി വിവേചനം എല്ലാം പരിശോധിക്കുന്നു. അവൻ ഒന്നൊന്നായി നിരസിച്ചിട്ടു്, (ഇതെല്ലാം അതിവേഗത്തിൽ നടക്കും) ഓറഞ്ചിൽ തീരുമാനം ഉറപ്പിക്കുന്നു. അതാണു് അവന്റെ ഇച്ഛ. ഇച്ഛയ്ക്കു തീർച്ചയായും പൂൎവ്വാനുഭവം (സ്മൃതിയുടെ സഹായം) കൂടിയേ തീരുകയുള്ളു.

ഇച്ഛാശക്തി ചെറിയ ശിശുക്കളിൽ കേവലം അങ്കുരാവസ്ഥയിലിരിക്കുന്നതേ ഉള്ളു. അവരുടെ അനുഭവപരിധി വളരെ സങ്കുചിതമാണല്ലോ. എങ്കിലും ആദ്യം മുതൽക്കു തന്നെ അവൎക്കീശക്തിയുണ്ടെന്നു് പറഞ്ഞുകഴിഞ്ഞിട്ടുണ്ടു്. പ്രായം കൂടുംതോറും അതു്. വികസിച്ചുവരുകയും പല രൂപപരിവൎത്തനങ്ങളും അതിനു സംഭവിക്കയും ചെയ്യുന്നു.

ബോധമനസ്സിനുണ്ടാകുന്ന പലവിധ അനുഭവങ്ങളുടെയും ഫലമായി ചില തത്വങ്ങളും ചില ആദൎശങ്ങളും അതു് രൂപവൽക്കരിക്കുന്നു. പല പഴങ്ങളും തിന്നിട്ടുള്ള

ഒരു കുട്ടി ഓറഞ്ചാണ് ഏററവും നല്ല പഴം എന്നൊരാദർശം സ്വീകരിച്ചു എന്നു വരട്ടെ. തൽഫലമായി അവന് അവസരം വരുമ്പോൾ താരതമ്യപ്പെടുത്തുവാനും തീരുമാനത്തിൽ എത്തിച്ചേരാനും കഴിയുന്നു. ഈ ആദർശത്തെ പുരസ്കരിച്ചാണ് അവൻെറ ഇച്ഛാശക്തി പ്രവർത്തിക്കുന്നതു്. അതുകൊണ്ടു് ബോധമനസ്സിൻെറ ഏററവും ഉൽകൃഷ്ടമായ ഒരു ഭാവനിദർശമാണ് ഇച്ഛാശക്തിക്കു നിദാനമായിരിക്കുന്നതെന്നു കാണാം.

മല്ലിടുവാൻ ഭാവന വരാതിരിക്കുന്നിടത്തോളം കാലം ഇച്ഛാശക്തിക്ക് തന്നെയാണ് മനുഷ്യൻെറ പ്രവൃത്തികളെയെല്ലാം തീരുമാനിക്കാനുള്ള ശക്തിയുള്ളതു്. മദ്യപൻെറ ഉദാഹരണം പറഞ്ഞുകഴിഞ്ഞിട്ടുണ്ടല്ലോ. ഭാവനയുടെ ഫലമായി അനാശാസ്യവികാരങ്ങളെല്ലാം ഉദ്ദീപിതമാകുകയും (നേരേമറിച്ചുമാകാം) അനുചിത സുഖാസക്തിയുടെ പ്രലോഭനംമൂലം ഇച്ഛാശക്തി പരാജിതമായിത്തീരുകയും തെററായ തീരുമാനങ്ങളിൽ മനസ്സ് എത്തിച്ചേരുകയും ചെയ്യുന്നു. നാലു് ഓറഞ്ചിലുള്ള ജീവകങ്ങൾ (Vitamins) ഒരു നെല്ലിക്കായിലുണ്ടെന്നും ഔഷധപരമായ മെച്ചവും നെല്ലിക്കായ്ക്കു കൂടുമെന്നും ഒരു ചക്രത്തിന് 20 നെല്ലിക്ക കിട്ടുമെങ്കിലും ഒരു ഓറഞ്ചിന് നാലണ വില കൊടുക്കണമെന്നും ഗ്രഹിച്ചിട്ടുള്ള ഒരു കുട്ടിക്കു നെല്ലിക്കയുടെ മഹത്വംമൂലം അതിനെക്കുറിച്ച് ഒരാദർശം മനസ്സിൽ സ്വരൂപിതമായിട്ടുണ്ടെന്നു വരുകില്ല, നെല്ലിക്കയോ ഓറഞ്ചോ രണ്ടിലൊന്നു തെരഞ്ഞെടുക്കുവാൻ പറയുമ്പോൾ രുചിക്കൂടുതലും മണക്കൂടുതലുംമൂലം ആകർഷിച്ചി

ട്ടുള്ള ഓറഞ്ചേ അവൻ സ്വീകരിക്കയുള്ളു. പഠിത്ത ത്തിന്റെ മഹത്വം നല്ലപോലെ അറിയാമെങ്കിലും കളിയുടെ സുഖമാണു് ശിശുക്കളെ കൂടുതൽ ആകർഷിക്കുക. ഇച്ഛാശക്തി വേണ്ടവിധം വികസിതമായിട്ടില്ലാത്തവ ക്കെല്ലാം സാന്മാർഗ്ഗികമായ പരാജയങ്ങൾ സംഭവിക്കുന്നതു് ഈ ക്രമത്തിലാണു്.

മനസ്സിനു് ഉച്ചവും നീചവുമായ രണ്ടു ഭാവങ്ങൾ ഉണ്ടെന്നു് നമ്മുടെ ഏതെങ്കിലും ഒരു തീരുമാനത്തെ സൂക്ഷ്മമായി പരിശോധിച്ചാൽ വ്യക്തമാകും. ഉച്ചഭാവം നീചഭാവത്തെ അമർത്തിക്കൊണ്ടു് സ്വപ്രഭാവം പ്രകടി പ്പിക്കുന്നതു തന്നെയാണു് ഇച്ഛയെന്നു പറയപ്പെടുന്നതു്. ഒരു വ്യക്തിക്കു സിദ്ധിക്കുന്ന വിജ്ഞാനവും സംസ്കാരവും അനുസരിച്ചു് അയാളുടെ ഇച്ഛാശക്തിയും ഉൽകർഷം പ്രാപിച്ചിരിക്കും. ഇച്ഛാശക്തിയെ വേണ്ടവിധം ദൃഢീകരി ക്കാത്തപക്ഷം അതു് ക്ഷയിച്ചു് ഭാവനയുടെ അടിമയായി പരിണമിക്കുന്നതാണു്.

ശിശുക്കളുടെ ഇച്ഛാശക്തി നിയന്ത്രിക്കുന്നതിൽ പല സംഗതികളും ശ്രദ്ധിക്കാനുണ്ടു്. ഉന്നതാദർശങ്ങളും മഹനീയമാതൃകകളും അവരുടെ മുമ്പിൽ ആവിഷ്കരിച്ചി രിക്കേണ്ടതു് അത്യാവശ്യമാകുന്നു. ആദ്യഘട്ടങ്ങളിൽ പ്രായേണ ശിശുക്കൾ അസംസ്കൃതവികാരങ്ങളുടെ വിളനി ലമായിരിക്കയാണു് പതിവു്. ഈ വികാരങ്ങളുടെ അടി മയായിട്ടേ ഇച്ഛാശക്തി പ്രവർത്തിക്കയുള്ളു. ക്രമേണ അനു ഭവസഹസ്രങ്ങൾ അവരുടെ വികാരങ്ങളുടെ പാരുഷ്യം കുറയ്ക്കുകയും സ്വാർത്ഥപരതയെ അല്പാല്പമായി തുത്തു

മാററി നിസ്സഹായതയെ അവരിൽ അടിയുറപ്പിക്കയും ചെയ്യുന്നു. ഇതിലേയ്ക്കുതകുന്ന അനുഭവങ്ങളും ആദർശങ്ങളും അവക്ക് നൽകുവാനാണ് രക്ഷാകർത്താക്കൾ ശ്രമിക്കേണ്ടത്. ദിനകൃത്യങ്ങളിലും, കളികളിലും, പാഠശാലയിലെ പെരുമാററങ്ങളിലും എല്ലാം അന്യരുടെ വശംകൂടി നോക്കി പെരുമാറാനുള്ള മനോഭാവം അവരിൽ അങ്കുരിപ്പിക്കാവുന്നതാണ്.

ആദ്യകാലങ്ങളിൽ കുട്ടികൾ പെട്ടെന്ന് തീരുമാനങ്ങളിൽ എത്തിച്ചേരുകയാണ് പതിവ്. പ്രായമായവരെ വിഷമിപ്പിക്കത്തക്ക എതിരഭിപ്രായങ്ങളുള്ള ഒരു പ്രശ്നം ആറേഴവയസ്സുള്ള ഒരു ശിശുവിൻെറ മുമ്പിൽ അവതരിപ്പിച്ചാൽ മിയ്ക്കപ്പോഴും അവൻ അതിന്ന് പെട്ടെന്ന് ഉത്തരം പറയുന്നതായിരിക്കും. അനുകൂലപ്രതികൂലങ്ങളായ വാദമുഖങ്ങളൊന്നും അവൻ പരിശോധിക്കാറില്ല. തൻെറ തീരുമാനത്തിന്ന് ഒരു എതിരുണ്ടാകാമെന്നുള്ള കാര്യമേ അവൻ ആലോചിക്കാറില്ല. ചിലപ്പോൾ ഒന്നുമേ ആലോചിക്കുന്നില്ലെന്നും വന്നേയ്ക്കാം. പ്രായമായവരുടെ കടമ എതിർവാദങ്ങളെ അവന്ന് രസപ്രദമായ രീതിയിൽ ആവിർഭവിപ്പിക്കയാകുന്നു. ജീവിതത്തിലുള്ള സകല പെരുമാററങ്ങളിലും എതിരാളിയുടെ വശത്തുനിന്നുകൊണ്ട് കാര്യഗതികളെ വീക്ഷിക്കാനുള്ള കെല്പ് അഭിലഷണീയമാണ്. അതിബാല്യത്തിൽതന്നെ ശീലമായി ദൃഢീകരിക്കാത്തപക്ഷം പ്രായമാകുമ്പോൾ ഈ സ്വഭാവം മനുഷ്യരിൽ നിശ്ശേഷം കാണുന്നതല്ല. സകലവിധകലാപങ്ങൾക്കും ഹേതു പരമതാസഹിഷ്ണുതയാണു

നുള്ളതുകൊണ്ട് ഈ മനോഭാവം ശിശുക്കളുടെ ശീലമാക്കിത്തീർക്കേണ്ടതാണ്. ഇച്ഛാശക്തിയുടെ മൂർഛ ഈ ശീലത്തെ ആസ്പദമാക്കിയേ ഇരിക്കുകയുള്ളൂ.

ന്യായമായ ഒരു തീരുമാനമുണ്ടായിക്കഴിഞ്ഞാൽ, അതിൽനിന്ന് അണുവും വ്യതിചലിക്കാതെ പ്രവർത്തിക്കാനുള്ള ശക്തിയും ശിശുക്കളിൽ വളർത്തേണ്ടതാണ്. അച്ഛനമ്മമാരുടെ മാതൃകയാണ് ഇതിന് പ്രധാനസഹായമായിരിക്കേണ്ടത്. ഒരു പിതാവ് മകൻെറ ജന്മനാൾ പ്രമാണിച്ച് വൈകുന്നേരം കുഞ്ഞുങ്ങളുമൊത്ത് അമ്പലത്തിൽ പോകണമെന്ന് തീരുമാനിച്ചു. വേണ്ട ഒരുക്കങ്ങളെല്ലാം ചെയ്തുകഴിഞ്ഞപ്പോൾ ഒരു സ്നേഹിതനും കുട്ടികളുമായി സിനിമയ്ക്കുപോകാൻ വരുന്നതു് അയാൾ കണ്ടു. പെട്ടെന്ന് ആദ്യനിശ്ചയം മാററി സിനിമയ്ക്കു പോകാൻ തന്നെ ആ പിതാവും തീരുമാനിച്ചു. ആ വിദ്വാൻെറ മക്കൾ ഒരുതരം "ആവണക്കെണ്ണ"കളായി വളർന്നുവരുന്നതിൽ ആശ്ചര്യപ്പെടാനുണ്ടോ? ഒന്നിലും ഒരു തീരുമാനവും വരുത്തുവാൻ കെല്പില്ലാത്ത പലരുമുണ്ട്. അവരുടെ ഇച്ഛാശക്തി ബാല്യത്തിൽതന്നെ മുരടിച്ചുപോയിട്ടുള്ളതാണ്. മാതാപിതാക്കന്മാർ ഈ മനോഭാവം പ്രകടിപ്പിക്കാതേയും അതു് ശിശുക്കളിൽ കണ്ടാൽ ഉന്മൂലനം ചെയ്യാൻ ശ്രമിച്ചും പെരുമാറുന്നപക്ഷം കാലക്രമേണ ശിശുക്കളുടെ ഇച്ഛാശക്തിയെ നിശിതവും സൂക്ഷ്മവും സുസമത്വവുമാക്കാവുന്നതാണ്.

ശിശുക്കളുടെ ഇച്ഛാശക്തിയെ ഇങ്ങനെ സുസമത്വമാക്കിത്തീർത്താൽ മാത്രമേ അവരുടെ ശ്രദ്ധയെ എത്രതെങ്കി-

ലും കാൎയ്യത്തിലേക്കു കേന്ദ്രീകരിക്കുവാൻ കഴികയുള്ളൂ. ശ്രദ്ധാവിരഹിതനായ ഒരുവന്റ് മാനസികമായ യാതൊരു ഉൽകൎഷവും പ്രാപിയ്ക്കാവുന്നതല്ല. ഇച്ഛാശക്തികൊണ്ടു് ശ്രദ്ധയെ കേന്ദ്രീകരിക്കുന്നതെങ്ങനെയെന്നും ശ്രദ്ധയുടെ മഹത്വമെന്താണെന്നുമാണ് അടുത്തതായി പരിശോധിക്കേണ്ടതു്.

---

## അദ്ധ്യായം ൩൩

---

## ശിശുവിന്റെ ശ്രദ്ധ

മനസ്സിന്റെ പ്രവൎത്തനം വിവരിച്ചപ്പോൾ അനേകം ചിന്തകളും വിവിധവികാരങ്ങളും മനസ്സിൽ കടന്നുകൂടുന്നുണ്ടെങ്കിലും അവയിൽ ഒന്നിന് എപ്പോഴും മററുള്ളവയെക്കാൾ പ്രാധാന്യമുണ്ടായിരിക്കുമെന്നു പറഞ്ഞുവല്ലോ. ബാഹ്യമോ ആഭ്യന്തരമോ ആയ നാനാവിധപ്രചോദനങ്ങൾ ലഭിച്ചുകൊണ്ടിരിക്കുന്നവയ്ക്കെല്ലാം ഒരേ സമയത്തുതന്നെ സമാധാനം നൽകുവാൻ മനസ്സിനു സാധിക്കുന്നതല്ല. അവയിൽനിന്നു് ഏതെങ്കിലും ഒന്നിനെ തെരഞ്ഞെടുത്തു് അതിനെ വേണ്ടവിധത്തിൽ ഉപചരിക്കുവാനാണ് മനസ്സ് യത്നിക്കുന്നതു്. ഈ തെരഞ്ഞെടുപ്പു് ഏതു് വിഷയത്തിലാണ് പതിയുന്നതു് അതിൽ നാം ശ്രദ്ധിക്കുന്നു എന്നു പറയപ്പെടുന്നു.

ഗ്ലോവർ (William Glover) എന്ന പണ്ഡിതൻ മനോഹരമായ ഒരു വിവരണംകൊണ്ടു് മനസ്സിന്റെ ശ്രദ്ധാസമ്പ്രദായം വിശദമാക്കിയിട്ടുണ്ടു്.

"നല്ല സൂര്യപ്രകാശമുള്ള ഒരു വെളിസ്ഥലത്തു് ഞാൻ മലർന്നു് കിടന്നു് വിശേഷിച്ചു് ഒന്നിനേയും കുറിച്ചു വിചാരിക്കാതെ വിശ്രമിക്കുമ്പോൾ എന്റെ ശ്രദ്ധ യാതൊന്നിലും ഏകാഗ്രമാകാതെ, നാനാമുഖമായിരിക്കുന്നു. എന്റെ ബോധത്തിൽ, കൃതജ്ഞതാജനകമായ ചൂടും, ആശ്വാസവും, സുഖവും, പാവകളുടെ കൂജനങ്ങളും, ആകാശത്തിന്റെ നീലിമയും, മററു പലതും എത്തുപെടുന്നുണ്ടു്. അതേ സമയത്തു് മനസ്സിന്റെ പശ്ചാത്തലത്തിൽ ഒരു പക്ഷേ, ഞാൻ ചെയ്തുകഴിഞ്ഞിട്ടുള്ള കൃത്യങ്ങളുടെ ഓർമ്മയും, വരാൻപോകുന്ന ആനന്ദജനകമായ അനദ്ധ്യായദിവസങ്ങളുടെ പ്രതീക്ഷയും കണ്ടേക്കാം. ഇവയും മററു പല ആശയങ്ങളും ഒത്തുചേർന്നു് എന്റെ പ്രജ്ഞയിൽ സ്ഥാനം പിടിച്ചിരിക്കുന്നു. എന്റെ ശ്രദ്ധ മുഴുവനും ഇവയിലെല്ലാററിലും കൂടി ചിന്നിച്ചിതറിക്കിടക്കുകയാണു്. ആ സമയത്തു് ഒരു വണ്ടു് പെട്ടെന്നു് എന്റെ കവിൾത്തടത്തിൽ കൊത്തിയെന്നിരിക്കട്ടേ. മററു സകല വിഷയങ്ങളിൽനിന്നും ശ്രദ്ധ പെട്ടെന്നു് പാഞ്ഞുവന്നു് ആ ഷട്പദദംശനത്തിലേക്കു് കേന്ദ്രീകരിക്കുന്നു."

ഇങ്ങനെ ശ്രദ്ധ ഒരു പ്രത്യേകവസ്തുവിലോ സംഭവത്തിലോ കേന്ദ്രീകരിക്കുവാൻ ശരിയായ കാരണങ്ങൾ ഏതെങ്കിലും ഉണ്ടായിരിക്കേണ്ടതാണു്. ഈ കാരണങ്ങളുടെ സ്വഭാവം നോക്കി, അവയെ ആസ്പദിച്ചു പ്രവർത്തിക്കാത്തപക്ഷം, ശിശുക്കൾക്കു മാനസികപോഷണത്തിനു് ഉപകരിക്കുന്ന യാതൊന്നുംതന്നെ നൽകുവാൻ പ്രായമായവർക്കു സാധിക്കുന്നതല്ല.

മൂന്നുവിധം ശ്രദ്ധയുണ്ടെന്നാണ് ശാസ്ത്രജ്ഞന്മതം
i ഇച്ഛയ്ക്ക് അനധീനമായ ശ്രദ്ധ; ii ഇച്ഛയ്ക്ക് അധീനമായ
ശ്രദ്ധ; iii അനായാസകമായ ഇച്ഛാനധീനശ്രദ്ധ.

i ഇച്ഛാനധീനശ്രദ്ധ—നമ്മുടെ ഇച്ഛ കൂടാതെ തന്നെ പലതും ശ്രദ്ധയിൽ കടന്നുകൂടുന്നുണ്ട്. പെട്ടെന്നുണ്ടാകുന്ന ശബ്ദങ്ങളും പുതുമയുള്ള കാഴ്ചകളും മനസ്സിനെ ബലാൽ ആകർഷിക്കുന്നു. മററു കൃത്യങ്ങളിൽ വ്യാപൃതരാണെങ്കിലും ഇവയെക്കൂടി ശ്രദ്ധിക്കാതിരിക്കാൻ നമുക്കു കഴിയുന്നില്ല. രാജപാതയ്ക്കു സമീപമുള്ള വിദ്യാലയങ്ങളിലെ അദ്ധ്യാപകന്മാർക്കും കുട്ടികൾക്കും ഇതു് എപ്പോഴും അനുഭവപ്പെടുന്നതാണു്. രസകരമായ ഒരു പാഠത്തിന്റെ മദ്ധ്യേ, വാദ്യഘോഷങ്ങളോടുകൂടിയ ഒരു കല്യാണസംഘം തെരുവിൽ കൂടി പോകുമ്പോൾ എല്ലാവരുടെയും ശ്രദ്ധ അങ്ങോട്ടു തിരിയാതിരിക്കുന്നില്ല.

ii ഇച്ഛാധീനശ്രദ്ധ—പരീക്ഷയ്ക്കു പഠിക്കുന്ന ഒരു വിദ്യാർത്ഥിയുടെ ശ്രദ്ധയ്ക്കുള്ള വിശേഷവിധികൾ ആലോചിച്ചു നോക്കുക. ഉണ്ടാകുന്ന തടസ്സങ്ങളിൽ നിന്നെല്ലാം അവൻ പ്രജ്ഞയെ ഇച്ഛാശക്തികൊണ്ടു് വശീകരിച്ച് നിറുത്തി പാഠങ്ങൾ പഠിക്കുന്നതിൽതന്നെ നിരതനായിരിക്കുന്നു. ഉദ്ദേശ്യം സഫലമാകുന്നതുവരെ ഈ ശ്രദ്ധ പ്രവർത്തിക്കുന്നുണ്ടാകും.

iii അനായാസമായ ഇച്ഛാനധീനശ്രദ്ധ—ഇച്ഛാധീനശ്രദ്ധയുടെ ഒരു രൂപാന്തരമാണിതു്. വളരെ വിഷമിച്ച്, ഇച്ഛാശക്തിയുടെ പീഡനത്തിന്റെ ഫലമായിമാത്രം സമ്പാദിക്കാൻ കഴിഞ്ഞിട്ടുള്ള ചില കാര്യങ്ങൾ, കാലാന്തരത്തിൽ രസപ്രകർഷമുള്ളവയായി പരിണമിക്കു-

L-339

യും, തന്മൂലം അവയെ ശ്രദ്ധിക്കുന്നതിലേയ്ക്കു് ആയാസം തീരെ ആവശ്യമില്ലാത്തതായിത്തീരുകയും ചെയ്യുന്നു. ഒരു പുതിയ തത്വം കണ്ടുപിടിക്കുന്നതിൽ ദത്താവധാനനായിരിക്കുന്ന ശാസ്ത്രകാരന്റെ മനോഗതി നോക്കാം. വിശപ്പും ദാഹവും കായികമായ അവസാദവും ഒന്നും അദ്ദേഹത്തെ തൽക്കാലം ബാധിക്കുന്നില്ല. ആ മുറിയ്ക്കകത്തു് അദ്ദേഹത്തിന്റെ ഭാര്യയോ കുഞ്ഞുങ്ങളോ കടന്നു വന്നാലും അദ്ദേഹത്തോടു വല്ലതുമൊക്കെ സംസാരിച്ചാലും അദ്ദേഹത്തിന്റെ ബോധത്തിൽ അതൊന്നും എത്തുപെട്ടില്ലെന്നു വന്നേക്കാം. എന്നാൽ അദ്ദേഹം ശാസ്ത്രപഠനം ആരംഭിച്ചകാലത്തു്—ഒരു വിദ്യാർത്ഥിയായിരുന്നപ്പോൾ—ഇന്നു കാണുന്ന മാതിരിയുള്ള തീക്ഷ്ണമായ ശ്രദ്ധയോ താൽപര്യമോ ആ വിഷയത്തിൽ അദ്ദേഹത്തിനു് ഉണ്ടായിരുന്നിരിക്കണമെന്നു് നിർബന്ധമില്ല. ഇച്ഛാശക്തിയെ വളരെ ആയാസപ്പെടുത്തിയായിരിക്കും ശാസ്ത്രപാഠങ്ങൾ അദ്ദേഹം പഠിച്ചിരുന്നതു്. കാലക്രമേണ കൂടുതൽ ശാസ്ത്രാഭ്യസനം നടത്തിയതോടുകൂടി അതു് രോചകതരമായി പരിണമിക്കയും തൽഫലമായി ചുററുപാടുകൾ പോലും മറന്നു്, അനായാസകമായി അതിൽ ലയിച്ചിരിക്കത്തക്ക മനോഭാവം ഉൽഭൂതമാകയും ചെയ്തിരിക്കണം.

ഈ മാതിരി അനായാസകമായ ഇച്ഛാനധീനശ്രദ്ധയാണു് മഹത്തമമെന്നുള്ളതു് തീർച്ചയാണല്ലോ. ഇതു് ശിശുക്കളിൽ ആവിർഭവിപ്പിക്കാനാണു് പ്രായമായവർ ഉദ്യമിക്കേണ്ടതു്.

ശിശുക്കളുടെ ശ്രദ്ധയ്ക്കുള്ള വിശേഷവിധികൾ എന്തെല്ലാമാണു്?

സാധാരണാവസരങ്ങളിൽ ശിശുക്കൾക്കു് ഒന്നിലും ഏകാഗ്രമായിരിക്കുവാൻ സാധിക്കുന്നില്ല. അവരുടെ

ശ്രദ്ധ സഹസ്രമുഖമാണെന്നുപറയുന്നതുപോലും അതി ശയോക്തിയാകയില്ല. ഏതുകപഥസഞ്ചാരം അതിനു അസാദ്ധ്യമാകുന്നു. അതിനെ വഴി തെററിയ്ക്കാനും അങ്ങോട്ടുമിങ്ങോട്ടും പിടിച്ചു വലിക്കാനും ആക്കും എന്തിനും സാധിക്കും. ഒരു പുതിയ സാധനം കണ്ടെച്ചാൽമതി മുമ്പും പിമ്പുമൊക്കെ അവൻ പെട്ടെന്നു് മറന്നുകഴിഞ്ഞു. ഒരു ഗ്ല്യാസ്സ്ട്ടെലറേറാ, ഒരു വാദ്യവിശേഷമോ, ഒരു പക്ഷിയോ, ഒരു മൃഗമോ, ഒരു കളിപ്പാട്ടമോ, എന്നുവേണ്ട ഇന്ദ്രിയങ്ങളെ ആകർഷിക്കുന്ന എന്തിനും അവൻെറ ശ്രദ്ധയെ വികീർണ്ണമാക്കുവാൻ സാധിക്കും. ഈ തത്വം ഗ്രഹിക്കാതെ ശിശുക്കളെ എന്തെങ്കിലും പഠിപ്പിക്കാൻ ഒരുങ്ങുന്നവരുടെ സംരംഭങ്ങൾ പരാജയത്തിലെ കലാശിക്കയുള്ളൂ. കുറേശ്ശക്കുറേശ്ശയായി, അപ്പോളപ്പോളായിട്ട് കൊടുക്കുകയല്ലാതെ ഒററ ഇരുപ്പിൽ മനസ്സു വീഴ്പ്പിക്കാനുള്ള ശ്രമത്തിൻെറ ഫലം വീർപ്പുമുട്ടിക്കുക മാത്രമായിരിക്കും.

എന്നാൽ ഇപ്രകാരമുള്ള ഇച്ഛാനധീനശ്രദ്ധയെ ശിശുവിൽ വച്ചു പുലർത്തണമെന്നല്ല വിവക്ഷ. പ്രായവും മാനസികപ്രഭാവവും നോക്കി, അതിനെ ഇച്ഛാധീനശ്രദ്ധയായി രൂപാന്തരപ്പെടുത്തുവാനും ക്രമേണ അതിനെ അനായാസകമായ ഇച്ഛാനധീനശ്രദ്ധയായി പരിണമിപ്പിക്കാനും ശ്രമിയ്ക്കേണ്ടതാണു്.

യാതൊരു പരിചയവുമില്ലാത്തവയും അക്കാരണത്താൽ ഭാവനയിൽ എത്തുപെടാത്തവയുമായ സംഗതികളിൽ ശ്രദ്ധപതിപ്പിക്കുവാൻ ശിശുക്കൾക്കും (പ്രായമായവർക്കും) സാധിക്കുന്നതല്ല. അവരുടെ മാനസികവിഭവങ്ങ

ളുടെ സ്വഭാവം സൂക്ഷ്മമായി പരിശോധിച്ചിട്ട്, പൂർണ്ണമായി ആവിഷ്കരിക്കുന്ന തത്വങ്ങൾ അവരിൽ ലീനമായിരിക്കുന്ന വിജ്ഞാനവുമായി യോജിച്ചു ചേരത്തക്ക വിധത്തിൽ വേണം അവരെ ഉൽബുദ്ധരാക്കേണ്ടതെന്നു പറയുന്നത് ഇക്കാരണത്താലാകുന്നു.

വിദ്യാലയങ്ങളിൽ ശിശുക്കളുടെ ശ്രദ്ധ ആകർഷിക്കുന്നതിലേയ്ക്കു പല സമ്പ്രദായങ്ങളും അനുവർത്തിക്കാറുണ്ട്. വിഷയങ്ങൾ മാററി പഠിപ്പിക്കുക, ഓരോ വിഷയത്തിനും സമയം ദീർഘിച്ചു പോകാതെ ക്ളിപ്തപ്പെടുത്തുക, വിഷമമുള്ള വിഷയങ്ങൾ ആരംഭഘട്ടങ്ങളിൽ പഠിപ്പിക്കുക, പറയുന്നതോടൊന്നിച്ച് ബോർഡിൽ എഴുതുക, പഠിപ്പിക്കുന്ന രീതിയിൽ വൈചിത്ര്യം വരുത്തുക, ശ്രദ്ധിക്കുന്നില്ലെന്നു തോന്നുന്ന കുട്ടികളോട് ചോദ്യങ്ങൾ ചോദിക്കുക, കഴിയുന്നിടത്തോളം എല്ലാ ഇന്ദ്രിയങ്ങളേയും സ്പർശിക്കത്തക്കവിധം (ചിത്രങ്ങൾ, സാധനങ്ങൾ മുതലായവ പ്രദർശിപ്പിച്ച്) വിശദീകരിക്കുക, ശരിയായി ഇരുത്തുക തുടങ്ങിയ വിദ്യകളെല്ലാം വളരെ ഗുണകരങ്ങളായി കാണപ്പെട്ടിട്ടുണ്ട്.

ഈ സമ്പ്രദായങ്ങളിൽ അവസാനത്തേതായി പറഞ്ഞ 'ശരിയായി ഇരുത്തുക' എന്ന ഉപാധിയെക്കുറിച്ചു രണ്ടു വാക്കു പറയാനുണ്ട്. ഏതിലെങ്കിലും ശരിയായ ഏകാഗ്രത വരണമെങ്കിൽ നിശ്ചലമായ ഒരു ഇരുപ്പ് (നില്പ്) അപരിഹാര്യമാണ്. ധ്യാനത്തിനു ആരംഭിക്കുമ്പോൾ സ്വീകരിക്കേണ്ട 'ആസന'ത്തെക്കുറിച്ച് ഒരു ദിവ്യഗുരു ഉപദേശിച്ചിരിക്കുന്നതു നോക്കുക:—

"സമം കായശിരോഗ്രീവം
ധാരയന്നചലം സ്ഥിരഃ
സംപ്രേക്ഷ്യ നാസികാഗ്രം സ്വം
ദിശശ്ചാനവലോകയൻ" ശരീരവും ശിരസ്സും കഴുത്തും നേരേ നിവൎത്തിപ്പിടിച്ചു്, ഇളക്കമില്ലാത്ത സ്ഥിരതയോടുകൂടി, സ്വന്തനാസികാഗ്രത്തിൽതന്നെ സൂക്ഷിച്ചു നോക്കിക്കൊണ്ടും, ദിക്കുകളെ വീക്ഷിക്കാതേയും ആസനസ്ഥനാകേണ്ടതാണെന്നാണു് ഇതിന്റെ അൎത്ഥം. വളഞ്ഞും പുളഞ്ഞും ചരിഞ്ഞും ഇരിപ്പു വശമാക്കുന്ന കുട്ടികൾക്കു് ശാരീരികമായ വൈരൂപ്യങ്ങൾക്കു പുറമേ, ഒരു കാൎയ്യത്തിലും ഏകാഗ്രത കൈവരുന്നതുമല്ല. ഇരിപ്പു് ശരിയാകുന്നതോടുകൂടി ശ്വാസഗതിയിലും രക്തചംക്രമണത്തിലും പല വ്യത്യാസങ്ങളും സംഭവിക്കുമെന്നും അവയെല്ലാം ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനു് സഹായകമെന്നല്ല അത്യന്താപേക്ഷിതമാണെന്നുമാണു് ശാസ്ത്രജ്ഞമതം. അലസമായ അംഗവിന്യാസത്തോടുകൂടി ഇരിക്കുകയോ നില്ക്കുകയോ ചെയ്യുന്ന കുട്ടികൾക്കു് ഒരിക്കലും ശ്രദ്ധയോടും ഏകാഗ്രതയോടുംകൂടി യാതൊന്നും ചെയ്യാൻ കഴിയുന്നതല്ല. നാം ഏതെങ്കിലും എഴുതിക്കൊണ്ടോ വായിച്ചുകൊണ്ടോ ഇരിക്കുമ്പോൾ ശ്രദ്ധ വഴുതിപ്പോകുന്നു എന്നു് ബോദ്ധ്യമായാലുടൻ ഇരിപ്പിന്റെ രീതി വ്യത്യാസപ്പെടുത്തേണ്ടതാണു്. പെട്ടെന്നു് ശ്രദ്ധ തിരിച്ചുകിട്ടും. കുട്ടികളുടെ കാൎയ്യത്തിൽ ഇതു് പ്രത്യേകം ഓൎക്കേണ്ട ഒരു തത്ത്വമാകുന്നു.

ശ്രദ്ധയെ വേണ്ടവിധത്തിൽ വികസിപ്പിക്കയാണെങ്കിൽ---ഇച്ഛാനധീനശ്രദ്ധയെ പല വിഷയങ്ങളിലുമുള്ള ആയാസരഹിതമായ ഇച്ഛാനധീനശ്രദ്ധയായി രൂപാന്തരപ്പെടുത്തുകയാണെങ്കിൽ—പല സിദ്ധികളും കൈവശപ്പെടുത്താവുന്നതാണു്. അഷ്ടാവധാനം, ദശാവധാനം തുടങ്ങിയ അത്ഭുതവിദ്യകൾ ചിലർ ചെയ്യുന്നതു ഈ വികസനസമ്പ്രദായത്താൽ മാത്രമാകുന്നു. നേരെമറിച്ചു് അവധാനരഹിതന്മാരായ ചില വ്യക്തികളേയും നമുക്കു് കാണാവുന്നതാണു്. ഈ അശക്തത വിചാരിച്ചു് ആരും ഖേദിക്കേണ്ട ആവശ്യമില്ലെന്നും ആ ഒരു കാരണത്താൽ മാത്രം മാനസികമായ അപ്രഗത്ഭതയുള്ളവരുടെ കൂട്ടത്തിൽ അവർ പെട്ടുപോകയില്ലെന്നുമാണു് വില്യം ജെയിംസ് ഇക്കൂട്ടരെ സമാശ്വസിപ്പിക്കുന്നതു്.

ശ്രദ്ധ അവിച്ഛിന്നവും നിരർഗ്ഗളവുമായിരിക്കണമെങ്കിൽ ശിഷ്യരെ ഉൽബോധിപ്പിക്കുന്ന വിഷയങ്ങളുടെ നേർക്കും രീതികളുടെ നേർക്കും ചിലപ്പോൾ ആളുകളുടെ നേർക്കും അവരുടെ താല്പര്യം ഉദ്ദീപിതമായിരിക്കേണ്ടതു് അത്യന്താപേക്ഷിതമാണു്. മുമ്പു പറഞ്ഞ മാർഗ്ഗങ്ങളെല്ലാം താല്പര്യം കൈവരുത്താനുള്ള ഉപകരണങ്ങൾ മാത്രമാകുന്നു. വിദ്യാലയങ്ങളിൽ ചില അദ്ധ്യാപകന്മാർ മേശപ്പുറത്തിട്ടിടിക്കുക, കൈകൊട്ടുക, ശുൽക്കാരങ്ങൾ പുറപ്പെടുവിക്കുക, "അത്യാവശ്യ സംഗതിയാണു്. നിങ്ങളൊക്കെ ശ്രദ്ധിച്ചേ തീരുകയുള്ളൂ" ഇത്യാദ്യപേക്ഷകൾ പുറപ്പെടുവിക്കുക തുടങ്ങിയ പല ഉപായങ്ങളും പരീക്ഷിച്ചുനോക്കി പരാജയമടയാറുണ്ടു്. കാരണം ശിഷ്യരുടെ

താൽപര്യം ഉദ്ദീപിപ്പിക്കുവാൻ പാഠങ്ങൾക്കോ അധ്യാപകന്മാർക്കോ കഴിഞ്ഞിട്ടില്ല എന്നുള്ളതുതന്നെയാണ്. താൽപര്യമില്ലെങ്കിൽ ശ്രദ്ധയുമില്ല എന്നുള്ള മനശ്ശാസ്ത്രതത്ത്വം അതിപ്രധാനമാകുന്നു. ശ്രദ്ധയുടെ അവിഭാജ്യഘടകമായ താൽപര്യത്തിന്റെ സ്വഭാവമാണ് കൂടുതലായി ചിന്തനീയം.

---

## അദ്ധ്യായം ൩൧

### താൽപര്യം

താൽപര്യം എന്നു പറയുന്നതു് മനസ്സിനു് വസ്തുസ്ഥിതികളോടു തോന്നുന്ന രസം തന്നെയാകുന്നു.

ഈ രസം രണ്ടുവിധത്തിൽ വരാം. സന്തോഷകരം; ദുഃഖകരം

ഒരു കുട്ടിയ്ക്കു് ഒരു ഓറഞ്ചു് കാണുമ്പോൾ സന്തോഷകരമായ താൽപര്യമാണു് ജനിക്കുന്നതു്; കയ്പനാക്കുട്ടി കാണുമ്പോൾ ദുഃഖകരമായ താൽപര്യവും. തൽഫലമായി അവനു് ഓറഞ്ചിനോടു് സന്തോഷകരമായ ശ്രദ്ധയും, കയ്പനയോടു് ദുഃഖകരമായ ശ്രദ്ധയും ഉൽഭൂതമാകുന്നു. താൽപര്യമുള്ളിടത്തെല്ലാം അതിനനുസരിച്ച ശ്രദ്ധയും വരുന്നുണ്ടെന്നു കാണാം.

താൽപര്യമുള്ളിടത്തെല്ലാം ശ്രദ്ധയുണ്ടെന്നു് വിചാരിച്ചു് ശ്രദ്ധയുള്ളിടത്തെല്ലാം താൽപര്യം വരണമെന്നില്ല.

തോട്ടം കിളയ്ക്കുന്ന ഒരു കൂലിക്കാരനെ നോക്കുക. ശ്രദ്ധിച്ച് ഓരോ ചെടിയുടെ ചുവട്ടിലും തടം പിടിക്കുക, വളമിടുക, തുടങ്ങിയ പണികളെല്ലാം അവൻ ചെയ്യുന്നുണ്ടെങ്കിലും അതിലേയ്ക്കുള്ള കൂലികിട്ടുക എന്നുള്ളതൊഴിച്ച് അവന്ന് ആ ജോലിയിൽ യാതൊരു താൽപര്യവുമില്ല. എന്നാൽ ആ തോട്ടം അവൻെറ സ്വന്തമാണെങ്കിൽ സ്ഥിതിഗതികൾക്കു വ്യത്യാസം സംഭവിക്കുന്നു. ചെടിവളർത്തുന്നതിൽ വാസനയുള്ളവനാണെന്നുവന്നാൽ താൽപര്യം വർദ്ധിക്കുന്നതാണു്. മമതാബോധമാണു് സാധാരണയായി താല്പര്യത്തിൻെറ മൗലികമായ പ്രചോദനഹേതുവെന്നു് ഏതുദാഹരണം പരിശോധിച്ചാലും വ്യക്തമാകുന്നതാണു്.

ഇച്ഛാശക്തി പ്രയോഗിച്ച് ഏതെങ്കിലും ഒരു വസ്തു തെരഞ്ഞെടുത്തു് അതിൽ തൽപരനായിത്തീരാനുള്ള മാനസികപ്രഭാവം ഒരു ശിശുവിനില്ല. അതുകൊണ്ടു് ആദിഘട്ടങ്ങളിൽ അവൻെറ താൽപര്യം കേവലം ഇച്ഛാനധീനമായിരിക്കുന്നതേ ഉള്ളൂ. പഞ്ചേന്ദ്രിയങ്ങളെ പ്രീണിപ്പിക്കുന്ന വസ്തുസ്ഥിതികളാണു് ആദിഘട്ടങ്ങളിൽ അവൻെറ താൽപര്യത്തെ ഉദ്ദീപിപ്പിക്കുന്നതു്.

കാലക്രമേണ ഹൃദ്യമല്ലാത്ത പല സംഗതികളിലും അവരുടെ ശ്രദ്ധയും താൽപര്യവും ഉറയ്ക്കേണ്ടതായിവന്നു ചേരുന്നു. കണക്കോ, ഭൂമിശാസ്ത്രമോ, പൗരധർമ്മമോ (ഇന്നു് വിദ്യാലയങ്ങളിൽ പഠിപ്പിക്കുന്നരീതിയിൽ) ഇഷ്ടപ്പെടുന്ന കുട്ടികൾ വളരെ ചുരുക്കമാണു്. പക്ഷേ, താല്പര്യമി

ല്ലെങ്കിലും അവർ അവയെല്ലാം ശ്രദ്ധിച്ചു പഠിക്കുന്നുണ്ട ല്ലോ. അതെന്തുകൊണ്ടാണു്? അദ്ധ്യാപകന്റെ വടിയേയോ അപ്രീതിയേയോ ഭയന്നോ, അല്ലെങ്കിൽ, അദ്ദേഹത്തിന്റെ സ്നേഹത്തേയോ സമ്മാനത്തേയോ അഭിലഷിച്ചോ മാത്ര മാണു്. ഇങ്ങനെ സ്വയമേവ താൽപര്യജനകങ്ങളല്ലാത്ത വസ്തുക്കളും സന്ദർഭങ്ങളും കൃത്രിമമാർഗ്ഗങ്ങൾ മുഖേന താൽ പര്യജനകമായി പരിണമിക്കുന്ന ഈ തത്വത്തിനു് ശിശുവിദ്യാഭ്യാസത്തിലുള്ള സ്ഥാനം അതിപ്രധാനമാകുന്നു. ഇതിനെ വിപുലമാക്കുന്ന പക്ഷം കാലക്രമേണ സകല വിഷയങ്ങളിലും ശിശുക്കളുടെ താൽപര്യവും ശ്രദ്ധയും ആവിഷ്കരിക്കാമെന്നാണു് ഹെർബാർട്ട് തുടങ്ങിയ പ്രശസ്ത ശാസ്ത്രകാരന്മാരുടെ അഭിപ്രായം.

സ്വാർത്ഥം പോലെ മനുഷ്യൻ ഇഷ്ടപ്പെടുന്ന മറെറാ ന്നുമില്ല. നിസ്സ്വാർത്ഥമെന്നു് കൊട്ടിഘോഷിക്കപ്പെടുന്ന സകല പ്രവൃത്തികളുടേയും പിന്നിൽ സ്വാർത്ഥത്തിന്റെ ഒരു മങ്ങിയ ഛായയെങ്കിലും നിഴലിക്കാതിരിക്കയില്ല. സർവ്വസംഗപരിത്യാഗിയായ യോഗീശ്വരന്റെ ഉന്നം മോക്ഷപ്രാപ്തിയല്ലേ? സത്യത്തിനു വേണ്ടി ആത്മബലി ചെയ്യുവാൻ മുതിരുന്ന രക്തസാക്ഷിയുടെ മോഹം സ്വർഗ്ഗ കവാടം നിഷ്പ്രയാസം കടക്കാമെന്നുള്ളതല്ലെന്നു് ആർക്കു പറയാം? സാധാരണ മനുഷ്യർക്കാർക്കും മമതപോലെ മതി മോഹനമായി മറെറാന്നുമില്ലെന്നു് തീർത്തു പറയാവുന്ന താണു്. ശിശുക്കളുടെ കാര്യം പിന്നെ പറയാനുമില്ല. ഏഴെട്ടു വയസ്സുവരെ സ്വാർത്ഥതന്നെയാണു് അവ രുടെ മനസ്സിലെ മൗലികഭാവം. ഇക്കാരണത്താൽ

സ്വാർത്ഥവുമായി, സ്വന്തം അഭ്യുദയവുമായി, സ്വകീയമായ ജീവിതപ്രശ്നങ്ങളുമായി സംഗതികൾക്കുള്ള പൊരുത്തം വ്യക്തമാക്കിക്കൊടുക്കുന്ന പോലെ ശിശുക്കളുടെ താൽപര്യത്തെ സജീവമാക്കുവാൻ മററു മാർഗ്ഗങ്ങളൊന്നുംതന്നെ ഇല്ല.

വിദ്യാലയങ്ങളിൽ അധ്യാപകന്മാർ പഠിപ്പിക്കുന്ന രീതിയിൽ പല പുതുമകളും കലർത്തിയും പ്രകടന സമ്പ്രദായത്തിൽ കൗതുകകരമായ കൗശലങ്ങൾ യോജിപ്പിച്ചും ശിശുക്കളുടെ ജിജ്ഞാസയെ ഉണർത്തുവാൻ ശ്രമിക്കേണ്ടതാണ്. എന്നും എല്ലാ പാഠങ്ങളും ഒരേരീതിയിൽതന്നെ പഠിപ്പിക്കാൻ തുടങ്ങിയാൽ ആ "വളിച്ചരീതി"യെ കുട്ടികളൊക്കെ വെറുക്കുകതന്നെ ഉള്ളൂ. വൈചിത്ര്യഭംഗി ആസ്വദിക്കാനുള്ള കെല്പ് ശിശുമനസ്സിന് അനല്പമായുണ്ട്. ഏകമാർഗ്ഗന്മാരെപ്പോലെ അവർ വെറുക്കുന്ന സാധനങ്ങൾ മറെറാന്നുംതന്നെ ഇല്ല.

ഉന്മേഷകരമായ പ്രവൎത്തനങ്ങളിൽ സ്വയംവ്യാപൃതരാകുവാൻ ശിശുക്കൾക്ക പ്രത്യേകം ആസക്തിയുണ്ട്. അതുകൊണ്ട് സ്വയമേവ പ്രവൎത്തിക്കുന്നതിന്റെ ഫലമായി തീരുമാനങ്ങളിൽ എത്തിച്ചേരുവാൻ അവൎക്ക് അവസരം നൽകുന്നതും അവരുടെ താൽപര്യത്തെ ഉദ്ദീപിപ്പിക്കാൻ പററിയ മാർഗ്ഗമാണ്. എന്നാൽ ഓരോ ശിശുവിനും ഓരോ പ്രത്യേകസരണിയിൽ—അവരുടെ ചുററുപാടുകളും മററും അനുസരിച്ച്—പ്രവൎത്തിക്കാനുള്ള സാമൎത്ഥ്യമേ സാധാരണ കാണുകയുള്ളൂ. ആ സരണി എന്താ

ണ്ടെന്നു് കണ്ടുപിടിക്കുന്നപക്ഷം, അതുമായി ബന്ധമുള്ള ഇതര സരണികളും മനസ്സിലാക്കാനും അങ്ങനെ ഒരു കേന്ദ്രത്തിൽനിന്നു് ചുററുപാടുകളിലേയ്ക്കു വ്യാപിക്കുവാനും അദ്ധ്യാപകന്മാർക്കു സാധിക്കുന്നതാണു്.

കായികമോ മാനസികമോ ആയ ക്ഷീണം എങ്ങനെയെങ്കിലും സംഭവിച്ചുപോയാൽ എത്ര രസകരമായ സംഗതിയായിരുന്നാലും ശിശുക്കൾ (എല്ലാപേരുംതന്നെ) അവയിൽ അഭിരമിക്കുകയില്ല. അല്പവും ഏറെയായാൽ ആ പത്തേ ജനിപ്പിക്കയുള്ളു.

താൽപര്യംകൊണ്ടു് ശ്രദ്ധ ജനിപ്പിക്കുന്ന പദ്ധതി ചിലരുടെ ആക്ഷേപത്തിനും പാത്രമായിട്ടുണ്ടു്. പ്രായേണ നീരസജനകങ്ങളായ ജീവിതയാഥാർത്ഥ്യങ്ങളെ അഭിമുഖീകരിക്കുവാനുള്ള കെല്പു് രസകരമായ അനുഭവങ്ങൾ മാത്രം പരിചയിച്ചുവരുന്ന ശിശുക്കളിൽ അസ്തമിച്ചുപോകാനിടയുണ്ടെന്നുള്ളതാണു് പ്രധാനമായ എതിർപ്പു്. പക്ഷേ രസം (താൽപര്യം) സുഖകരമോ, ദുഃഖകരമോ ആയിരിക്കാമെന്നു് പറഞ്ഞുകഴിഞ്ഞിട്ടുണ്ടു്. വിഷമകരമായ ഏതു പ്രവൃത്തിയോടും സന്തോഷജനകമായ ഒരു അനുഭവം കൂടി ഘടിപ്പിക്കുന്നപക്ഷം അതും സന്തോഷകരമായി പരിണമിക്കുന്നതാണു്. രസം—താൽപര്യം—എന്നു പറയുന്നതിൽ ആയാസം ഇല്ലെന്നു് അർത്ഥമില്ല. രസപ്രകർഷത്തോടുകൂടി സകല ശക്തികളും ഉപയോഗിച്ചു് അദ്ധ്വാനിക്കുന്ന ആളുകൾ ലോകത്തു് അനവധിയുണ്ടു്.

താൽപര്യമില്ലാത്ത സംഗതികളിൽ—താൽപര്യമാകുന്ന മധുരിമ പൊതിഞ്ഞിട്ടില്ലാത്ത കൃത്യങ്ങളിൽ—ശിശു

ക്കളെ പ്രവൎത്തിപ്പിക്കാനുള്ള ഉദ്യമം പല അനാശാസ്യമായ സ്വഭാവവിശേഷങ്ങളും അവരിൽ ആവിഷ്കരിക്കാനേ സഹായിക്കയുള്ളൂ. കൂട്ടുകാരെല്ലാം കളികളിൽ വ്യാപൃതരായിരിക്കുമ്പോൾ അദ്ധ്യാപകന്റെ മുമ്പിൽ കണക്കു ചെയ്യുവാൻ നിൎബ്ബന്ധിതനായിരിക്കുന്ന ഒരു ശിശുവിന്റെ മനസ്സിൽ എങ്ങനെയെങ്കിലും വല്ലതുമൊക്കെ കാട്ടിക്കൂട്ടിയിട്ട് അവിടെനിന്നു് കടക്കണമെന്നുള്ള വിചാരമല്ലാതെ നിഷ്കുളങ്കത അല്പമെങ്കിലും കാണ്മാനിടയുണ്ടോ? പലവിധത്തിലുള്ള കാപട്യങ്ങളും, ജോലികളുടെനേൎക്കു് പൊതുവെ വെറുപ്പും, അതു ചെയ്യിക്കുന്നവരോട് ദ്വേഷ്യവും, ആകപ്പാടെ വിഷാദാത്മകത്വവും ജനിപ്പിക്കുവാൻ പൎയ്യാപ്തമായ ഈ സമ്പ്രദായം ഏതുകൊണ്ടുനോക്കിയാലും ഉപേക്ഷണീയമാണെന്നു് കാണാം.

ശിശുക്കളുടെ താൽപൎയ്യം ഉണൎത്തുവാനും അവിച്ഛിന്നമായി നിലനിൎത്തുവാനും അതീവ ശക്തങ്ങളാണു് കളികൾ. ലീലാപ്രസ്ഥാനങ്ങൾ (Play Methods) ശിശുക്കളുടെ അദ്ധ്യാപനത്തിൽ അതിപ്രധാനമാണെന്നു് പലൎക്കും അഭിപ്രായമുണ്ടു്. താൽപൎയ്യവുമായി അച്ഛേദ്യബന്ധമുള്ള കളികളെക്കുറിച്ചുകൂടി നമുക്കു ചിന്തിക്കാം.

# അദ്ധ്യായം നവ്വ

## ശിശുവും കളിയും

ശിശുജീവിതത്തിലെ അതിപ്രധാനഘടകമാണ് കളി. ശിശുജീവിതം മുഴുവനുംതന്നെ കളിയാണെന്ന് ചിലക്ക് അഭിപ്രായമുണ്ട്. പ്രായമായവർ കാര്യമായി കരുതുന്ന പലതും കുട്ടികഠം കളിയായി ഗണിക്കുന്നതായിരിക്കണം ഈ അഭിപ്രായത്തിനു ഹേതു.

ഒരു പിതാവ് തൻെറ ഷാപ്പിലുള്ള ഏതാനും ടയറുകഠം അടുത്തുള്ള ഒരു പീടികയിലേക്കു ഉരുട്ടിക്കൊണ്ടുക്കൊടുക്കുവാൻ ഏഴു വയസ്സായ മകനോടു പറഞ്ഞു. അവൻ പെട്ടെന്ന് ഉത്സാഹാവേശത്തോടുകൂടി കുതിച്ചോടിച്ചെന്ന് ഒരു മൂളിപ്പാട്ടും പാടിക്കൊണ്ട്, ഒന്നും രണ്ടും വീതം ആ ടയറത്രയും അടുത്ത പീടികയിലേക്കു 'ചടചടേന്നു' ഉരുട്ടിക്കൊണ്ടുകൊടുത്തിട്ട് ഇനിയുമുണ്ടോ അച്ഛാ' എന്ന് ചോദിക്കയാണു് ചെയ്തതു്. ബാലൻെറ പക്ഷത്തിൽ ആ പ്രവൃത്തി ഒരു കളിമാത്രമായിരുന്നു. പിതാവിൻെറ പക്ഷത്തിൽ കാര്യവും. ഒരു കൂലിക്കാരനെക്കൊണ്ടാണ് അതു് ചെയ്യിച്ചിരുന്നതെങ്കിൽ കൂലിയും കൊടുക്കേണ്ടിവരുമായിരുന്നു. ഇങ്ങനെ ഒരേ പ്രവൃത്തിതന്നെ കളിയായും കാര്യമായും വരാമെന്നിരിയ്ക്കെ കളിയുടെ മാനദണ്ഡമെന്താണു്? പ്രവൃത്തിയുടെ സ്വഭാവമാണോ, പ്രവത്തിക്കുന്ന ആളിൻെറ മനോഭാവമാണോ പരിഗണനീയം?

ഒരേ പ്രവൃത്തിതന്നെ കളിയും കാര്യവുമായി വരുന്നതുകൊണ്ടു് പ്രവൃത്തിയുടെ സ്വഭാവമല്ല പരിഗണനീയമെന്നു് വരുന്നു. യാഥാർത്ഥ്യലോകത്തു് പ്രയോജനമില്ലാത്ത കാര്യങ്ങളെല്ലാമാണു് കളികൾ എന്നുള്ള അഭിപ്രായവും മുന്നുദാഹരണം ഖണ്ഡിക്കുന്നു. ടയറുകൾ അടുത്ത പീടികയിൽ കൊണ്ടുക്കൊടുക്കുന്നതു് അച്ഛനു് വലിയ പ്രയോജനം തന്നെ ആയിരുന്നു.

മാനസോല്ലാസജനകങ്ങളായ പ്രവൃത്തികളെല്ലാം കളികൾ; അല്ലാത്തവയെല്ലാം കാര്യങ്ങൾ എന്നാണു ചിലരുടെ അഭിപ്രായം. എന്നാൽ മാനസോല്ലാസത്തോടുകൂടി—താൽപര്യാതിരേകത്തോടുകൂടി—ഗുരുതരമായ എത്രയെത്ര പ്രവൃത്തികൾ ചെയ്യുന്നവരാണു് ലോകത്തുള്ളതു്. നേരംമെറിച്ചു് വൈരസ്യത്തോടുകൂടി കളികളിൽ ഏർപ്പെടാനിടയാകുന്ന ഘട്ടങ്ങളും ചിലപ്പോൾ സമാഗതമാകാറുണ്ടു്. പ്രവർത്തിക്കുന്ന വ്യക്തിയുടെ മനോഭാവത്തെ—രസവൈരസ്യങ്ങളെ—പുരസ്കരിച്ചു് കളിയും കാര്യവുംതമ്മിൽ അതിരു കല്പിച്ചുകൂടെന്നു തന്നെ വന്നുചേരുന്നു.

പരപ്രേരണകൂടാതെ, അയത്നകൃതമായി ആവിർഭവിക്കുന്ന പ്രവർത്തനങ്ങളാണു് കളികൾ എന്നുള്ള അഭിപ്രായത്തിനും എതിർപ്പുകളുണ്ടു്. അദ്ധ്യാപകന്മാരുടേയും മററും പ്രേരണ അനുസരിച്ചു് എത്രയോ കുട്ടികൾ കളിക്കാറുണ്ടല്ലോ. ഗുരുതരമായ ജീവിതപ്രശ്നങ്ങളിലുള്ള വികാരങ്ങളുടെ പോരാട്ടം കളികളിലില്ല എന്നാണു് ചിലരുടെ പക്ഷം. പക്ഷേ ഫുട്ബാൾ തുടങ്ങിയ കളികളിലെ വാശിയും മത്സരവും ചിലപ്പോൾ യഥാർത്ഥജീവിതപ്രശ്ന

ങ്ങളിൽ അഭിമുഖീകരിക്കേണ്ടവയെക്കാൾ അധികമായിരിക്കുന്നുണ്ട്. ഏതായിരുന്നാലും കളികളിൽനിന്ന് ജനിക്കുന്ന വികാരങ്ങൾ മൃദുലതരങ്ങളും ആനന്ദജനകങ്ങളുമായിരിക്കയേയുള്ളു. കളിച്ചു തോററാൽ വിഷാദവും വിഷമവും തോന്നിയേക്കാമെങ്കിലും "കളിതന്നല്ലോ! അതിലത്ര കുണ്ഠിതപ്പെടനൊന്തിരിക്കുന്നു!" എന്നൊരു സമാധാനം എപ്പോഴും മനസ്സിന്റെ പിന്നണിയിൽ നില്ക്കുന്നതു കാണാം. ഒരിക്കൽ തോററുപോയി എന്നു വിചാരിച്ച് ആരും കളി മതിയാക്കാറില്ല. എന്തെന്നാൽ തോൽവിയോ ജയമോ അല്ല കളിയുടെ ജീവൻ അവ നൽകുന്ന ഉന്മേഷവും ഉത്സാഹവും സന്തോഷവും സംതൃപ്തിയും ജീവിതത്തിലുള്ള മററാരു സംരംഭത്തിൽ നിന്നും ലഭിക്കുന്നില്ല. പ്രായമായവർക്കുപോലും ഇങ്ങനെയാണെങ്കിൽ കുട്ടികളുടെ കാര്യത്തിൽ എന്തു പറയാനിരിക്കുന്നു!

പ്രകൃതിമാതാവ് ശിശുക്കളിൽ ലീലോത്സുകതയോജിപ്പിച്ചിരിക്കുന്നതിന്റെ ഉദ്ദേശ്യം എന്തായിരിക്കും?

ഭാവിയിൽ ഭാഗഭാക്കുകളാകേണ്ട ജീവിതാഹവത്തിലെ വിവധങ്ങളായ ചടങ്ങുകൾക്കു വേണ്ട തന്റേടവും സാമർത്ഥ്യവും സമ്പാദിക്കാനുള്ള സൗകര്യം കളികളിലുള്ള ആസക്തി മുഖേന അവക്കു നൽകപ്പെട്ടിട്ടുള്ളതാണെന്ന അഭിപ്രായം പൗരാണികകാലം മുതൽക്കുള്ളതാണു്.

ഹെർബർട്ട് സ്പെൻസർ എന്ന പ്രസിദ്ധ ആംഗ്ലേയ ചിന്തകൻ പരിശീലനത്തെക്കാൾ പരിഹരണോദ്ദേശ്യമാണ് കളികൾക്കുള്ളതെന്നു് അഭിപ്രായപ്പെടുന്നു. പ്രായ

ക്കുറവും ദേഹബലക്കുറവും ശിശുക്കൾക്കുണ്ടെങ്കിലും പ്രായമായവർ ചെയ്യുന്ന പ്രവൃത്തികളെല്ലാം ചെയ്യണമെന്നുള്ള ഉൽക്കടമായ ആഗ്രഹം അവർക്കുണ്ടെന്നു മാത്രമല്ല, പല തീവ്രവികാരങ്ങളും അവരെ ബാധിക്കാറുമുണ്ട്. പ്രായമായവരുടെ തടസ്സവും തങ്ങളുടെ കായികമായ അപ്രാപ്തിയും മൂലമുണ്ടാകുന്ന വിഷമങ്ങളെ പരിഹരിക്കാനാണ് അവർ കളികളിൽ വ്യാപൃതരാകുന്നതു്. ഒരു പെൺകുട്ടി അമ്മയായിഭാവിച്ചു് പാവകളേയോ സങ്കല്പശിശുക്കളേയോ പോററുന്നതു് യഥാൎത്ഥലോകത്തു് അസാദ്ധ്യമായ കാര്യങ്ങൾ മൂലം ജനിച്ചിട്ടുള്ള വികാരങ്ങൾക്കു പരിഹാരമാൎഗ്ഗം തേടുകമാത്രമാകുന്നു.

ആഡ്‌ലരുടെ ക്ഷതിപൂരക സിദ്ധാന്തവും ഈ അഭിപ്രായത്തെ അനുകൂലിക്കുന്നു. വികാരങ്ങൾക്കോ ആശകൾക്കോ ക്ഷതം സംഭവിക്കയാണെങ്കിൽ അവയെ പരിഹരിക്കാൻവേണ്ടി ഭാവനകൊണ്ടു് ശിശുക്കൾ നിരവധി ദിവാസ്വപ്നങ്ങൾ സൃഷ്ടിക്കുമെന്നും തന്മൂലം അവൎക്ക് ആശ്വാസം ജനിക്കുമെന്നുമാണ് ഈ മഹാന്റെ അഭിപ്രായം. ദിവാസ്വപ്നങ്ങൾ യഥാൎത്ഥത്തിൽ ഭാവനാപരമായ കളികൾതന്നെയാകുന്നു.

ശിശുക്കളുടെ ഊൎജ്ജിതാധിക്യത്തിന്റെ പ്രകടനമാൎഗ്ഗമായിട്ടും, ആദിമകാലംമുതൽ മനുഷ്യനുണ്ടായിട്ടുള്ള പരിണാമഗതിയുടെ ഓരോ പടിയും വളൎന്നു വരുന്ന ശിശുവിന്റെ മാംസപേശികളിലും പ്രജ്ഞാധമനികളിലും ആവിൎഭവിക്കുന്നതിന്റെ ഫലമായി, അതിപുരാതനകാലം തുടങ്ങിയുള്ള മനുഷ്യരുടെ വാസനകളും സ്വഭാവ

വിശേഷങ്ങളും ലീലാരൂപത്തിൽ പടിപടിയായി പ്രസ്പഷ്ടമാകുന്നതായിട്ടും മററും പല അഭിപ്രായങ്ങളും കളികളുടെ ഉത്ഭവകാരണത്തെക്കുറിച്ചു് പ്രവൽകൃതമായിട്ടുണ്ടു്. ഉത്ഭവകാരണങ്ങൾ എന്തായിരുന്നാലും കളികൾപോലെ ശിശുക്കൾ ഇഷ്ടപ്പെടുന്ന മററു യാതൊന്നും കാണുന്നില്ലെന്നു് നിസ്സന്ദേഹമായി അഭിപ്രായപ്പെടാം.

ശിശുക്കളുടെ പ്രായവും പ്രവണതകളും നോക്കി കളികളുടെ സ്വഭാവം നിശ്ചയിക്കേണ്ടതാണു്. ഇന്ദ്രിയപരിശീലനപരമായ കളിക്കോപ്പുകളെക്കുറിച്ചു പറഞ്ഞുകഴിഞ്ഞിട്ടുണ്ടു്. പ്രായക്രമംതോറും കളികളുടെ സ്വഭാവവും വ്യത്യാസപ്പെടും. ഏകദേശം രണ്ടും നാലും വയസ്സിനിടയ്ക്കാണു് അനുകരണ ലീലകളിൽ ശിശുക്കൾ വ്യാപൃതരാകുന്നതു്. പ്രായമായവരുടെ പല ജീവിതസംരംഭങ്ങളേയും സൂക്ഷ്മമായി നോക്കി മനസ്സിലാക്കി, കളിപ്പാട്ടങ്ങളുടേയോ, കൂട്ടുകാരുടേയോ ഇവ രണ്ടുമില്ലെങ്കിൽ ഭാവനയുടേയോ സഹായത്താൽ പല രസകരമായ സന്ദർഭങ്ങളും സൃഷ്ടിച്ചു് അവർ കളിക്കുന്നു. എന്നാൽ കളിയായിട്ടു മാത്രമല്ല അനുകരണാസക്തി പ്രത്യക്ഷപ്പെടുന്നതു്. കൊച്ചുകുട്ടികൾപോലും യഥാർത്ഥജോലികൾ മാതാപിതാക്കന്മാർ ചെയ്യുന്നതുപോലൊക്കെച്ചെയ്യുവാൻ താൽപര്യപ്പെടുന്നു. പാത്രങ്ങൾ തുടയ്ക്കുക, മുറികൾ തൂക്കുക, ഭക്ഷണം വിളമ്പും മററും വൃത്തിയാക്കുക തുടങ്ങി കഴിവുള്ളതും കഴിവിൽ കഴിഞ്ഞതുമായ പലതും ചെയ്യാൻ അവർ പുറപ്പെടും. അതിനു സമ്മതിച്ചില്ലെങ്കിൽ അവക്കു വലിയ സങ്കടമാണു്. സമ്മതിക്കാമെന്നു് വാക്കുകൊ-

ട്ടത്തിട്ട് മറന്നോ മറ്റോ പോകുന്ന പക്ഷം സീമാതീതമായ വ്യഥയാണ് അതവക്ക് നൽകുന്നതു്. ഡാക്ടർ മാണ്ടിസോറി ഇപ്രകാരമുള്ള ഒരു കുട്ടിയുടെ തീവ്രവേദന ചിത്രീകരിച്ചിട്ടുണ്ടു്. "അവറം പാത്രം നിറഞ്ഞിരുന്ന രുചികരമായ ചുടുപലഹാരത്തിന്റെ മുമ്പിൽ, അതിൽ സ്പർശിക്കാൻ മനസ്സുണ്ടാകാതെ വിഷമിച്ചിരിക്കയായിരുന്നു. വിളമ്പാൻ സമ്മതിക്കാമെന്നുള്ള വാഗ്ദാനം അവർ മറന്നുപോയതായിരുന്നു അതിനു കാരണം. അവളുടെ വ്യഥാതിരേകം ശാരീരികാവശ്യങ്ങളെപ്പോലും അവഗണിക്കാൻ അവളെ പ്രേരിപ്പിക്കത്തക്ക പ്രഭാവമുള്ളതായിരുന്നു. അവളുടെ പിഞ്ചുഹൃദയം അവളുടെ വയററിനേക്കാറം അത്യുച്ചത്തിൽ പരിദേവനം ചെയ്യുകയായിരുന്നു." ലീലാരൂപത്തിൽ ശിശുക്കളെക്കൊണ്ടു് കഴിയുന്ന പണികറം ചെയ്യിക്കുവാൻ മാതാപിതാക്കന്മാർ ഒരുങ്ങേണ്ടതാണെന്നാണ് മാണ്ടിസോറി പ്രമുഖരുടെ അഭിപ്രായം.

അനുകരണലീലകറംക്കു വേറേയും ചില നല്ല വശങ്ങളുണ്ടു്. അന്യരുടെ ഭാവഭാഷണാദി സമ്പ്രദായങ്ങറം തങ്ങളിലേക്കു സംക്രമിപ്പിക്കാനുള്ള ഈ വാസന സാഹിത്യനടനാദികലാപ്രവീണതയ്ക്കു ബീജാവാപം ചെയ്യുന്നുണ്ടെന്നാണ് ചിലരുടെ അഭിപ്രായം. മിയ്ക്ക കുട്ടികളിൽനിന്നും ഈ സ്വഭാവവിശേഷം വിട്ടുപോയേക്കാം. എങ്കിലും ചിലർ അതിനെ ഭദ്രമായി സൂക്ഷിക്കുന്നുണ്ടത്രേ.

കൂട്ടർകൂടിയുള്ള കളികളിൽ പരസ്പരസഹയോജിപ്പു്, സൗഹാർദ്ദം, സമുദായബോധം തുടങ്ങിയ ഉത്തമഗുണങ്ങറം ശിശുക്കളിൽ വളത്താനുള്ള അവസരങ്ങറം ജനി

കുന്നുണ്ട്. പക്ഷേ പ്രായമായവരുടെ ശ്രദ്ധ അവരിൽ നിരന്തരമായുണ്ടായിരിക്കേണ്ടതാണ്. വഷളരായ കൂട്ടരിൽ നിന്ന് ശിശുക്കൾക്കുണ്ടാകാവുന്ന ആപത്തുകൾ അനവധിയാകുന്നു. പ്രായംകൂടിയ കുട്ടികളെ കൊച്ചുകുട്ടികളുമായി കളിക്കാൻ ഒരിക്കലും അനുവദിച്ചുകൂടാ. അവരതു് ഇഷ്ടപ്പെടുകയുമില്ല. ദുരുപദേശങ്ങൾ വരുത്തുന്ന ആപത്തുകൾ ആജീവനാന്തം നിലനില്ക്കുന്നവയാണു്. അതിഭയങ്കരമായ കായികോപദ്രവങ്ങൾ ചെയ്യാനും പല കുട്ടികളും മടിക്കയില്ല. പ്രാഥമികഘട്ടങ്ങളിൽ സ്വാതന്ത്ര്യത അധികരിച്ചിരിക്കുന്നതിനാൽ അന്യനെക്കുറിച്ചു് യാതൊരു കാരുണ്യവും കൂടാതെ അതിക്രൂരമായ വിധത്തിൽപോലും പെരുമാറാൻ അവർ സന്നദ്ധരാണു്. തല്ലാനോ, വെട്ടാനോ, കൊല്ലാനോ പോലും അവക്കു സംകോചമില്ല. ഇവയെല്ലാം ഉററുനോക്കിയിരുന്നു് കണ്ടുപിടിച്ചു്, അതിയായ നയവും സാമത്ഥ്യവും പ്രയോഗിച്ചു് നിരോധിക്കേണ്ടതാണു്. കൂട്ടുകാരനെ മാന്തിയ കുട്ടിയ്ക്കു് അതേ സ്ഥാനത്തുതന്നെ ഒരു നുള്ളു കൊടുത്തു് അന്യനുണ്ടായ വേദനയുടെ സ്വഭാവം മനസ്സിലാക്കിക്കുന്നതു് വളരെ ഗുണകരമായിരിക്കാനേ ഇടയുള്ളൂ. പ്രായം കൂടുംതോറും സദുപദേശങ്ങൾക്കു കൂടുതൽ സ്ഥാനം നൽകാം. ഉപദ്രവത്തിനുപകരം പ്രായശ്ചിത്തമെന്നമട്ടിൽ ഏതെങ്കിലും, സഹായങ്ങളോ ഉപകാരങ്ങളോ ചെയ്തുകൊടുക്കാൻ പ്രേരിപ്പിക്കുന്നതും നന്നാണു്. സാമുദായികബോധം ശിശുക്കൾക്കു ജനിപ്പിക്കുന്നതിൽ ഇമ്മാതിരി ലീലകൾക്കു വളരെ പ്രാധാന്യമുണ്ടു്.

പ്രായംകൂടുന്നതോടുകൂടി പലവിധം മത്സരക്കളികളിലും പങ്കുകൊള്ളുവാനുള്ള അവസരം കുട്ടികൾക്കുണ്ടാക്കിക്കൊടുക്കണം. നാലുകോട്ട, കിളിത്തട്ട്, ഓണപ്പന്ത് തുടങ്ങിയ നാടൻകളികളും വോളി, ബാഡ്മിന്റൻ, ഫുട്ബാൾ തുടങ്ങിയ പാശ്ചാത്യ കളികളും വളരെ സാംസ്കാരികമായ വിലയുള്ളവയാകുന്നു. അവയിലുള്ള നിയമങ്ങൾ നിശ്ചയ ദാർഢ്യത്തോടുകൂടി അനുസരിക്കുന്നതിന്റെ ഫലമായി ആത്മനിയന്ത്രണം, പ്രതിപക്ഷബഹുമാനം, സ്വപക്ഷ വിജയത്തിൽ അഭിമാനം, സ്വപക്ഷത്തിനു വേണ്ടി ആത്മത്യാഗം തുടങ്ങിയ പല നിസ്സ്വാർത്ഥഗുണങ്ങളും ശിശുക്കൾക്കുണ്ടാകുന്നതാണ്.

ദിഗന്തവിശ്രാന്തകീർത്തിയായ ബേഡൻപവ്വൽ എന്ന മഹാപുരുഷന്റെ ലീലാത്മകമായ സ്കൗട്ട്പ്രസ്ഥാനത്തിന്റെ മഹത്വം എല്ലാ രക്ഷാകർത്താക്കന്മാരും മനസ്സിലാക്കേണ്ടതും കുട്ടികളെ അതിലെ അംഗങ്ങളാക്കുന്നതിൽ അഭിമാനം കൊള്ളേണ്ടതുമാണ്. സംഘടനാബോധം, സമുദായസേവനബോധം തുടങ്ങിയ മഹനീയമായ ആദർശങ്ങൾ ശിശുക്കളിൽവളർത്തുവാൻ ഇതു തികച്ചും പര്യാപ്തമാണ്.

ഉദ്യാനനിർമ്മാണപരമായ കളികൾ സസ്യലോകത്തോടു ശിശുക്കൾക്കുള്ള സ്നേഹവും താല്പര്യവും വർദ്ധിപ്പിക്കുന്നവയാണ്. പാർക്കുകളിലേക്കു കുട്ടികളെ കൊണ്ടുപോകയും നല്ലവിത്തുകളും തൈകളും അവർക്കു വാങ്ങിച്ചു കൊടുക്കുകയും ചെയ്യുന്നതു് ഗുണകരമായിരിക്കും. പല പ്രകൃതിതത്വങ്ങളും സ്വയമേവ ഗ്രഹിക്കുന്നതിലേയ്ക്കും,

അണിനിരന്നു നില്ക്കുന്ന പൂച്ചെടികളും ഫലഭാരം പേറുന്ന തരുനികരങ്ങളും കണ്ടു് പ്രകൃതിസൗന്ദര്യം ആസ്വദിക്കാനുള്ള അവസരം സമ്പാദിക്കുന്നതിലേക്കും ഇതു് സഹായിക്കുന്നതാണു്.

ഗൃഹ്യജന്തുക്കളുമായുള്ള കളികൾ നന്നാണെന്നു് ചിലർക്കു് അഭിപ്രായമുണ്ടു്. പട്ടി, പൂച്ച, തത്ത, തുടങ്ങിയ ജന്തുക്കളെ വളർത്താനും അവയുമായിടപെടാനും കുട്ടികൾക്കു വലിയ താൽപര്യമാണു്. ജന്തുക്കളോടുള്ള സ്നേഹം, കാരുണ്യം തുടങ്ങിയ ഗുണങ്ങൾ വളർത്തുവാൻ ഇവയുമായുള്ള കളികൾ സഹായിക്കും. എന്നാൽ ജന്തുക്കളുമായി അധികം അടുക്കാനും അവയെ 'വിരവാനും' കുട്ടികളെ അനുവദിക്കുന്നതു് ആശാസ്യമല്ല.

വളരെ സാവധാനത്തിലും, കായികവും മാനസികവുമായ വളർച്ചയെ തടസ്സപ്പെടുത്താതെയും വേഗപ്പെടുത്താതെയും വേണം കളിക്കോപ്പുകളും മററു ലീലാപരിതഃസ്ഥിതികളും സജ്ജമാക്കിക്കൊടുക്കേണ്ടതു്. ഈ കൃത്യത്തിൽ മാതാവിനുള്ള സ്ഥാനം ഏററവും പ്രധാനമാണു്. ആവശ്യത്തിലധികം കളിക്കോപ്പുകൾ ശിശുക്കളുടെ മുമ്പിൽ നിരയ്ക്കുന്നതു് ശരിയല്ല. അതുകൊണ്ടു് നൈസർഗ്ഗികമായ ലീലാവാസന മന്ദീഭവിച്ചുപോകയേ ഉള്ളൂ. ശിശുക്കൾ കളികളിൽ ലയിച്ചു് മതിമറന്നിരിക്കുമ്പോൾ പെട്ടെന്നു് യാതൊരു മുന്നറിയിപ്പും കൂടാതെ അവരെ അതിൽനിന്നു് പിൻതിരിപ്പിക്കുന്നതും യുക്തമല്ല. ഭാവനാലോകത്തുനിന്നു് യാഥാർത്ഥ്യത്തിലേയ്ക്കുള്ള ഈ പാച്ചിൽ അവരുടെ മനസ്സിനെ ദോഷകരമായവിധം ക്ഷോഭിപ്പിക്കാൻ പര്യാപ്തമാണു്.

ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഒരേമാതിരി കളികളിലല്ല ആസക്തികണ്ടുവരുന്നതു്. പെൺകുട്ടികൾ സൗമ്യസ്വഭാവമുള്ള കളികളിൽ തൽപരരാണു്. ആൺകുട്ടികൾ നേരേമറിച്ചു് അപകടശങ്കയുള്ളവയും ക്ഷോഭജനകമായവയുമായ കളികളാണു് താൽപര്യപ്പെടാറുള്ളതു്. പാരമ്പര്യമായിരിക്കണം ഇതിന്റെ അടിസ്ഥാനം സാഹസപ്രവൃത്തികൾ ഉൾപ്പെടുന്ന കളികളിൽനിന്നു് ആൺകുട്ടികളെ പിന്തിരിപ്പിച്ചാൽ അപ്രകാരമുള്ള 'കാര്യങ്ങൾ' തന്നെ അവർ ചെയ്യേക്കുമെന്നും അതു് ആപത്തിനു ഹേതുവായിത്തീരുമെന്നുമാണു് ചിലർ വാദിക്കുന്നതു്.

യുദ്ധപരമായ ജിജ്ഞാസയും അഭിരുചിയും ഉദ്ദീപിപ്പിക്കുന്ന കളിക്കോപ്പുകൾ—തോക്കു്, പട്ടാളവേഷങ്ങൾ തുടങ്ങിയവ—ഒന്നും കുട്ടികൾക്കു കൊടുക്കാൻ പാടില്ലെന്നും അവ അനാശാസ്യമായ ജിഘാംസ, മാത്സര്യം തുടങ്ങിയ വികാരങ്ങൾ അവരിൽ അങ്കുരിപ്പിച്ചേക്കുമെന്നും ചിലർക്കു് അഭിപ്രായമുണ്ടു്. മററുചിലർ ഇവയെ ന്യായീകരിക്കാൻ ശ്രമിക്കുന്നു. ആത്മാഭിമാനം, സ്വരാജ്യസ്നേഹം തുടങ്ങിയ ഉത്തമഗുണങ്ങൾ പുലർത്തുവാൻ ഇവയുടെ ആവശ്യമുണ്ടെന്നും ദുരുപബോധങ്ങൾ ശിശുക്കൾക്കുണ്ടാകാതിരിക്കാൻ ശ്രദ്ധിച്ചാൽ മതിയെന്നുമാണു് ഇവരുടെ വാദം.

ഇന്നു് പലവിധത്തിലുള്ള യന്ത്രക്കളിക്കോപ്പുകൾ ശിശുക്കൾക്കു കൊടുത്തുവരുന്നുണ്ടു്. സ്പ്രിംഗുകളുടേയും ബാറററികളുടേയും സഹായത്താൽ പ്രവർത്തിക്കുന്ന പമ്പരങ്ങൾ, മോട്ടാറുകൾ തുടങ്ങിയ കളിപ്പാട്ടങ്ങൾ കുട്ടികളുടെ ബുദ്ധിയെ ഉത്തേജിപ്പിക്കുന്നവയല്ലെന്നു് ന്യായമായ ഒരു

എതിപ്പുണ്ട്. അത്ഭുതത്തോടുകൂടി കുട്ടികൾ അവയെ വീക്ഷിച്ചേക്കാം. എന്നാൽ അവയുടെ തത്വം ഗ്രഹിക്കാൻ അവക്കു കഴികയില്ല. അർത്ഥമറിയാത്ത വാക്കുകളുടെ പ്രയോഗംപോലെ അവരുടെ മനസ്സിനെ അധഃപതിപ്പിക്കുന്നതിനുകൂടി അവ ഹേതുവാകയില്ലേ എന്നു് ശങ്കിക്കേണ്ടിയിരിക്കുന്നു.

ശിശുക്കൾ ഏററവും ഇഷ്ടപ്പെടുന്ന ലീലകൾമുഖേന അവരെ സകലവിഷയങ്ങളും പഠിപ്പിക്കാൻ സാധിക്കുമെന്നാണു് കുക്ക് (caldwell cook) തുടങ്ങിയ അനുഭവസ്ഥന്മാരുടെ അഭിപ്രായം. ലീലാമാർഗ്ഗം സ്വീകരിച്ചാൽ ക്ലാസ്സ് നിയന്ത്രിക്കാൻ വളരെ വിഷമമാണെന്നും കുട്ടികൾ അദ്ധ്യാപകനെ ബഹുമാനിക്കാതിരിക്കാനിടയുണ്ടെന്നും മററും പല ആക്ഷേപങ്ങളും പുറപ്പെടുവിക്കാറുണ്ടു്. ഇതു് വെറും തെററിദ്ധാരണയെന്നാണു് പുതിയതരം ശിശുവിദ്യാലയങ്ങളിൽ പരിചയിച്ച ഒരു പ്രൊഫസർ രേഖപ്പെടുത്തിയിരിക്കുന്നതു്. ആരംഭത്തിൽതന്നെ ശിശുക്കളെ ഈ മാർഗ്ഗത്തിൽ പരിശീലിപ്പിക്കുന്ന പക്ഷം യാതൊരു വിഷമവും കൂടാതെ ക്ലാസ്സ് നിയന്ത്രണം സാധിക്കുമെന്നും മററു യാതൊരു പ്രായോഗികമായ ബുദ്ധിമുട്ടിനും ഇടയാകയില്ലെന്നുമാണു് അദ്ദേഹത്തിന്റെ അഭിപ്രായം. ശിശുക്കൾ വിഷമമായി സാധാരണ കരുതാറുള്ള കണക്കു വളരെ രസകരമായ കളികൾ മുഖേന അഭ്യസിപ്പിക്കാനുള്ള മാർഗ്ഗം നിർദ്ദിഷ്ടമായിട്ടുണ്ടു്. സാഹിത്യപാഠങ്ങളെന്നപോലെ തന്നെ ചരിത്രവും ഭൂമിശാസ്ത്രവുംമററും കളികളായി പഠിപ്പിക്കാവുന്നതാണു്. "ഉത്തരാസ്വയംവരം"

ലീലാമാൎഗ്ഗത്തിൽ അദ്ദേഹം പഠിപ്പിച്ചതു് വിവരിച്ചിട്ടുണ്ടു്. വിരാടരാജാവു് മക്കളുടെ കല്യാണക്ഷണപ്പത്രിക എഴുതാൻ തുടങ്ങുന്നിടത്താണു് പാഠം ആരംഭിച്ചതു്. പെട്ടെന്നു കുട്ടികളെല്ലാംകൂടി എഴുത്തെഴുതേണ്ട രീതികളെല്ലാം ചിന്തിച്ചുതുടങ്ങി. രാജാവു് എഴുതേണ്ട രീതി, വാക്യത്തിൽ സ്വീകരിക്കേണ്ട ഭംഗികൾ, അയക്കേണ്ട രാജാക്കന്മാരുടെ പേരുകൾ തുടങ്ങിയ പല കാൎയ്യങ്ങളും അവർ തന്നെ ആലോചിച്ചു കണ്ടുപിടിച്ചു. സംഭരണങ്ങൾ, അലങ്കാരങ്ങൾ, തുടങ്ങിയ പല സംഗതികളിലും അവരുടെ ശ്രദ്ധ പതിച്ചു. പാഠം കഴിഞ്ഞപ്പോൾ അവരുടെ പ്രായോഗിക ജ്ഞാനം അനേകമടങ്ങു വൎദ്ധിച്ചിരുന്നു. ലീലാമാൎഗ്ഗം പ്രകൃതിയുടെ മാൎഗ്ഗമാണെന്നും അതിനെ അനുകരിക്കുന്നതു് ഒന്നുകൊണ്ടും അനുചിതമായിരിക്കയില്ലെന്നുമാണു് അതിന്റെ ഉപജ്ഞാതാക്കൾ വാദിക്കുന്നതു്.

ലോകം മുഴുവനും സംസ്കാരസൗധത്തിന്റെ അടിസ്ഥാനമായ ശിശുവിനെ എങ്ങനെയെങ്കിലും സംസ്കാരമസൃണനാക്കുവാൻ, ഉജ്ജ്വലചിത്തനാക്കുവാൻ, ഉദ്യമിച്ചുകൊണ്ടിരിക്കുമ്പോൾ നാം നമ്മുടെ പങ്കു വേണ്ടവിധം അനുഷ്ഠിക്കാതിരിക്കുന്നതു് ഒരിക്കലും അഭികാമ്യമായിരിക്കയില്ല.

# അദ്ധ്യായം നൻ

## ശിശുവിൻെറ സ്വഭാവം

ഒരുവൻെറ സ്വഭാവം എന്നു പറയുമ്പോൾ അയാളുടെ പ്രവണതകൾ, അഭിരുചികൾ, വികാരങ്ങൾ, ഇവയെല്ലാം ആസ്പദമാക്കിയുള്ള അയാളുടെ ശീലങ്ങൾ സന്ദർഭംപോലെ ഇച്ഛാശക്തികൊണ്ടു് ആ ശീലങ്ങളെ നിയന്ത്രിച്ചുകൊണ്ടുള്ള അയാളുടെ പെരുമാററങ്ങൾ ഇതൊക്കെയാണു് നമുക്കു തോന്നാറുള്ളതു്. സംഗ്രഹിച്ചു പറയുകയാണെങ്കിൽ ഒരു വ്യക്തിയുടെ പെരുമാററങ്ങളാകുന്നു അയാളുടെ സ്വഭാവം. തനിയ്ക്കും അന്യർക്കും ഉപദ്രവകരങ്ങളല്ലാത്തവയും ഉപകാരകാരകങ്ങളായവയുമായ പെരുമാററങ്ങളെല്ലാം സൽസ്വഭാവത്തിൻെറ ലക്ഷണങ്ങളാണു്. നേരേമറിച്ചുള്ളവ ദുഃസ്വഭാവത്തിൻേറതും.

നല്ല ബുദ്ധിശക്തിയുള്ള ഒരുവനു് എളുപ്പത്തിൽ സമുദായമര്യാദകളെല്ലാം മനസ്സിലാക്കുവാനും അതിനനുസരിച്ചു് തൻെറ ശീലങ്ങൾ രൂപവൽക്കരിക്കുവാനും കഴിയുന്നതാണു്. എന്നാൽ ബുദ്ധിശക്തിയുള്ളവരെല്ലാം സൽസ്വഭാവസമ്പന്നരായിരിക്കണമെന്നു് നിർബ്ബന്ധമില്ല. നേരേമറിച്ചുള്ളവർ ധാരാളം വരും. ബുദ്ധിശക്തിയും വിദ്യാഭ്യാസവുമുള്ള മൂർഖന്മാരെ നമ്മുക്കെല്ലാപ്പോലെ ഭയപ്പെടണമെന്നാണു് പണ്ഡിതമതം. ബുദ്ധിശക്തിയല്ല സ്വഭാവനിയാമകമായ ഉപാധിയെന്നു് ഇതിൽനിന്നു് വ്യക്തമാകുന്നു.

സൂക്ഷ്മമാലോചിക്കുമ്പോൾ ഇച്ഛാശക്തിയാണു് സ്വഭാവത്തെ മസൃണമാക്കിക്കൊണ്ടിരിക്കുന്നതെന്നു് കാണാം. ഇച്ഛാശക്തി സ്വാധീനത്തിലുള്ള ഒരുവനു് ഏതു ശീലത്തേയും മാററിക്കളഞ്ഞിട്ടു് തൽസ്ഥാനത്തു് ഉത്തമ ശീലങ്ങൾ ഉറപ്പിക്കുവാൻ സാധിക്കുന്നതാണു്.

പാശ്ചത്യവാദക്കാരുടെ ഏതദ്വിഷയകമായ അഭിപ്രായഗതി വ്യക്തമാക്കിയിട്ടുണ്ടല്ലോ. അച്ഛനമ്മമാരുടെ സാന്മാർഗ്ഗികപ്രവണതകൾ പലപ്പോഴും ശിശുക്കളിൽ കണ്ടുവരാറുണ്ടു്. എന്നാൽ, ജന്മസിദ്ധമായ സ്വഭാവഗതികളും അവയുടെ പ്രകടനമാർഗ്ഗങ്ങളുമെല്ലാം പരിതഃസ്ഥിതികൾക്കനുസരിച്ചു് വ്യത്യാസപ്പെടുമെന്നുള്ള സിദ്ധാന്തമാണു് കൂടുതൽ സമഞ്ജസമായിട്ടുള്ളതു്.

സഹജവാസനകളും വികാരങ്ങളും പല കൃത്രിമവാസനകളോടും വികാരങ്ങളോടും യോജിച്ചു് തിരിച്ചറിയാൻ പാടില്ലാത്തവിധം നിലകൊള്ളുമെന്നു് പറഞ്ഞുവല്ലോ. ഈ തത്ത്വം സ്വഭാവ രൂപവൽക്കരണത്തിൽ വളരെ പ്രാധാന്യം അർഹിക്കുന്നതാണു്.

ഒരു ശിശുവിനു് ഭക്ഷണാദിത്തോടും ശാരീരികസുഖങ്ങളോടുമുള്ള സഹജസ്നേഹം ക്രമേണ അവ നൽകുന്നവരോടുള്ള സ്നേഹമായി രൂപാന്തരപ്പെടുന്നു. ആ വ്യക്തികളുടെ വീക്ഷണമാത്രത്തിൽതന്നെ ഭക്ഷണമോ ശാരീരിക സുഖങ്ങളോ ലഭിക്കുന്നപോലുള്ള ഒരു ആനന്ദം അവരിൽ ഉൽഭൂതമാകുന്നു. നേരെ വിപരീതമായ മനോഭാവങ്ങളും (വെറുപ്പു്, ദ്വേഷം തുടങ്ങിയവ) ഇങ്ങനെ തന്നെയാണു് സൃഷ്ടിക്കപ്പെടുന്നതു്. ഇങ്ങനെ സംജാതമാകുന്ന കൃത്രിമ

ഭാവങ്ങൾ പലപ്പോഴും അനാശാസ്യമായ പല ആദർശബോധങ്ങളും ശിശുക്കളിൽ അങ്കുരിപ്പിക്കാൻ ഇടയാകുന്നുണ്ട്. അവ അടിയുറച്ചുപോയാൽ, ജീവിതം മുഴുവനും അവയെ ആസ്പദമാക്കിയായിരിക്കും മനുഷ്യർക്കും സാധനങ്ങൾക്കും വില കൽപിക്കുവാൻ അവർ ഉദ്യുക്തരാകുന്നതു്. ഇങ്ങനെയാണു് ആശാസ്യമോ അനാശാസ്യമോ ആയ ചില ചായ്‌വുകൾ ചിലരുടെ സ്വഭാവത്തിനുണ്ടാകുവാനിടയാകുന്നതു്. അവ സ്വാഭാവികമാണെന്നു് തോന്നിപ്പോയേക്കാം. എന്നാൽ യാഥാർത്ഥ്യം അങ്ങനെയല്ല.

ഈ ആദർശരൂപവൽക്കരണസംരംഭം ബാല്യകാലം മുഴുവനും നിലനില്ക്കുന്നുണ്ടു് ഭാഷയും സാഹിത്യവും വശമാകുന്നതോടുകൂടി കൂടുതൽ കുഴപ്പങ്ങൾ സംഭവ്യമാകുന്നു. കേവലം വാക്കുകൾ മുഖേന ലഭിക്കുന്ന വിദ്യാഭ്യാസവും ലോകപരിചയവും കൊണ്ടു് പല വ്യക്തികളേയും സ്ഥിതിഗതികളേയും വെറുക്കുവാനോ സ്നേഹിക്കുവാനോ കുട്ടികൾ പഠിക്കുന്നുണ്ടു്. നേരിട്ടുപരിചയമോ ഇടപാടുകളോ ഇല്ലാത്ത എത്രയെത്ര വ്യക്തികളെയാണു് നാം കണ്ണടച്ചു് സ്നേഹിക്കുകയോ അതികഠിനമായി വെറുക്കുകയോ ചെയ്യാറുള്ളതു്! ഒന്നു കാണുകപോലും ചെയ്തിട്ടില്ലാത്ത എത്രപേർ നമ്മുടെ ആരാധനാവിഗ്രഹങ്ങളായി പരിലസിക്കുന്നു! എത്രയെത്ര തത്വങ്ങളേയും ആദർശങ്ങളേയും നാം ഹൃദയംഗമമായി ആദരിക്കയും അവയ്ക്കുവേണ്ടി ജീവത്യാഗം ചെയ്യാൻ പോലും സന്നദ്ധരാകുകയും ചെയ്യുന്നു!! നേരേമറിച്ചു് ലോകത്തിൽ ഏതോ കോണിൽ ജീവിച്ചിരുന്നവരും ജീവിക്കുന്നവരുമായ എത്ര

പേരാണ് നമ്മുടെ ദ്വേഷത്തിനും നിന്ദയ്ക്കും പാത്രമാകാനുള്ളതു്! ഇതെല്ലാം കേവലം—വാക്കുകൾ—ഭാഷസാഹിത്യം—ചെയ്യുന്ന വേലവല്ലേ? ഭാഷയുടെ ഈ ശക്തി യൗവ്വനത്തിലേക്കും അനന്തരഘട്ടങ്ങളിലേയ്ക്കുംപോലും വ്യാപിച്ചു ആശാസ്യവും അനാശാസ്യവുമായ ഫലങ്ങൾ പ്രദാനം ചെയ്തുകൊണ്ടു് നിലകൊള്ളുന്നതു് കാണാം.

വാക്കുകളെക്കാൾ അനേകമടങ്ങു ശക്തിയാണ് പ്രായമായവരുടെ പെരുമാററങ്ങൾക്കു ശിശുക്കളുടെ ആദർശരൂപവൽക്കരണത്തിനു നേക്കുള്ളതു്. സ്വഗൃഹത്തിലും അന്യഗൃഹങ്ങളിലും വിദ്യാലയങ്ങളിലും ജനസമ്മേളനങ്ങളിലും നിന്നു് കണ്ടും കേട്ടും പഠിക്കുന്ന സംഗതികൾ അനവധിയാണു്. പറയുന്നതിനു വിപരീതമായി അച്ഛനമ്മമാർതന്നെ പ്രവത്തിക്കുന്നതു് ഒരു ശിശുകണ്ടു കഴിഞ്ഞാൽ പിന്നെ അവൻെറ പ്രവത്തനങ്ങളുടെ സ്വഭാവം എന്തായിരിക്കും? അടിയും പിടിയും കടിയും ബഹളവും ചീറപ്പാടിനും സദാ കാണുന്ന ഒരു ശിശു അടിപിടിക്കാരനായും മദ്യപാനാസക്തിയുള്ളവനായും വളരുന്നതിൽ എന്താണത്ഭുതം?!

ശിശുക്കളുടെ സ്വഭാവവിശേഷങ്ങൾ പലതും കൃത്രിമസ്വഭാവവിശേഷങ്ങളുമായി കലന്നു് തിരിച്ചറിവാൻ പാടില്ലാത്തവയായിത്തീരുന്നതിനാൽ അവയെ മനസ്സിലാക്കാനും സമുചിതമായ പ്രതിവിധികൾ കണ്ടുപിടിക്കാനും വളരെ വിഷമങ്ങൾ ഉണ്ടാകുന്നുണ്ടു്. വിദ്യാലയങ്ങളിൽ രാവിലെ വളരെ മര്യാദക്കാരായും ശ്രദ്ധാലുക്കളായും കാണപ്പെടുന്ന ചില കുട്ടികൾ ഉച്ചകഴിയുമ്പോൾ മഴുത്ത

ണ്ണുണ്ടികളായും എളുപ്പത്തിൽ ക്ഷോഭിക്കുന്നവരായും അസ്വസ്ഥരായും പരിണമിക്കാറുണ്ടു്. കാരണം ഉൾപ്പെട്ടിണിയാണെന്നു് കണ്ടുപിടിക്കാൻ വളരെ വിഷമമാണു്. വിശപ്പാകുന്ന പ്രാഥമികവേഗത്തിൻെറ രൂപപരിവത്തനമാണു് ക്ഷോഭാദിവികാരങ്ങൾ. സഹവിദ്യാഭ്യാസം നടപ്പിലുള്ള വിദ്യാലയങ്ങളിൽ, കുട്ടികൾ, ഉള്ളതിൽ കൂടുതൽ ചൊടിയും പ്രസരിപ്പും രസികത്വവും ക്ലാസുമുറികൾക്കകത്തു് പ്രദശിപ്പിക്കാറുണ്ടു്. പ്രാഥമികവികാരം കാമനയാണു്. അതിൻെറ പ്രചോദനത്താലാണു് രസികത്വാദി ഭാവങ്ങൾ ബഹിഗ്ഗമിക്കുന്നതു്. അതു് അവർ അറിഞ്ഞുകൊണ്ടു് മനഃപൂവ്വം ചെയ്യുന്നതായിരിക്കയില്ല. അവരോടു് അങ്ങനെ—അതായതു് മനഃപൂവ്വം ചെയ്യുന്നതാണെന്നു്—അവരുടെ പ്രവൃത്തികളെ വ്യാഖ്യാനിച്ചു് നാം സംസാരിച്ചാൽ അവരുടെ ന്യായമായ കോപത്തിനും അപ്രീതിക്കും അതു് കാരണമാകും. ചുററുപാടുകൾ അവരെ ക്രമേണ അങ്ങനെ ആക്കിത്തീത്തിട്ടുള്ളതാണു്. കാലാന്തരത്തിൽ തങ്ങൾക്കുതന്നെ തിരിച്ചറിഞ്ഞുകൂടാത്തവിധം മൗലികവികാരങ്ങൾപോലും രൂപാന്തരപ്പെട്ടുപോകുന്നു.

പ്രസിദ്ധ ഇററാലിയൻ കുററശാസ്ത്രജ്ഞനായ ലോംബ്രോസാ, പ്രകൃത്യാ നീചമനഃസ്ഥിതിയുള്ള ചില കുട്ടികൾ ഉണ്ടെന്നും അവക്കു് ചില പ്രത്യേക ലക്ഷണങ്ങൾ ഉണ്ടായിരിക്കുമെന്നും അതുകൊണ്ടു് അവരെ തിരിച്ചറിഞ്ഞു് അതിനനുസരിച്ചു് അവരോടു പെരുമാറേണ്ടതാണെന്നും 19-ാം ശതകത്തിൻെറ അന്ത്യഘട്ടത്തിൽ ഒരു

ഭിപ്രായം സ്ഥാപിച്ചിരുന്നു. അസാധാരണ വളച്ച്വയുള്ള മോണയെല്ലുകൾ, വൃത്തികെട്ട ആകൃതിയോടുകൂടിയ ചെവികൾ, ഉന്തിനില്ക്കുന്ന താടിയെല്ലുകൾതുടങ്ങിയ ബാഹ്യരൂപങ്ങളും, വേദനസഹിക്കാനുള്ള ശക്തി, സന്മാർഗ്ഗിക ബോധത്തിൻെറ അഭാവം, അസാമുദായിക വികാരങ്ങൾ തുടങ്ങിയ ആന്തരഭാവങ്ങളും അവരുടെ ലക്ഷണങ്ങളായി അദ്ദേഹം പ്രഖ്യാപനം ചെയ്തു. പലവിധം കുററക്കാരുടെ നാനാ അവയവങ്ങളും അളന്നു ശരാശരിയെടുത്തും അവരുടെ സ്വഭാവവിശേഷങ്ങൾ താരതമ്യപ്പെടുത്തിയും മററും വളരെ ബുദ്ധിമുട്ടി അദ്ദേഹം സ്ഥാപിച്ച അഭിപ്രായങ്ങൾ ഇന്നു നിശ്ശേഷം ഖണ്ഡിക്കപ്പെട്ടിട്ടുണ്ടു്. ഇതൊന്നും ഒരു സാർവ്വത്രികനിയമമല്ലെന്നും യാതൊരു കുററവും ചെയ്തിട്ടില്ലാത്ത ചില ആളുകൾക്കുപോലും ഈ വക ലക്ഷണങ്ങൾ കണ്ടേയ്ക്കാമെന്നും, അപ്പോൾ അവരുടെ വിഷമത്തിനുകൂടി ഇതു് കാരണമാക്കിയേക്കാമെന്നുമാണു് എതിരാളികൾ വാദിച്ചിട്ടുള്ളതു്.

ദുഃസ്വഭാവികളായ ശിശുക്കളുടെ മനോഭാവത്തിന്റെ നിദാനങ്ങൾ കണ്ടുപിടിക്കാൻ ശ്രമിച്ചതിൻെറ ഫലമായി പല തത്ത്വങ്ങളും ഗവേഷകന്മാർക്കു ഗ്രഹിക്കാൻ കഴിഞ്ഞിട്ടുണ്ടു്. മദ്യപന്മാരുടെ മക്കളിലും സിഫിലിസ് തുടങ്ങിയ ഗുഹ്യരോഗബാധിതരുടെ സന്താനങ്ങളിലും നീചസ്വഭാവങ്ങൾ സ്വരൂപീകരിക്കുവാനുള്ള പ്രവണത കൂടുതലുള്ളതായിട്ടാണു് കാണപ്പെട്ടിട്ടുള്ളതു്. ഭക്ഷണക്കുറവും ദാരിദ്ര്യവും മററു കാരണങ്ങളാകുന്നു. രോഗങ്ങളുടെ ആക്ര

മണവും ചിലപ്പോൾ സ്വഭാവത്തെ ബാധിച്ചേയ്ക്കാം.
കുടുംബസംബന്ധമായ അനാശാസ്യസംഭവങ്ങൾ— വിശി
ഷ്യാ രക്ഷാകത്താക്കൾ തമ്മിലുള്ള കലഹങ്ങൾ—ഒരു പ്രധാ
ന കാരണമാണു്. ശിശുക്കളെ വേണ്ടവിധത്തിൽ നിയ
ന്ത്രിക്കാനറിഞ്ഞുകൂടാത്ത അച്ഛനമ്മമാരും അവരെ
ശാശ്വതമായ പല ദുഃസ്വഭാവങ്ങളുടേയും വിളനിലമാക്കി
ത്തീക്കാറുണ്ടു്. ഇഷ്ടമില്ലാത്ത പണികളിൽ വ്യാപൃതരാ
കേണ്ടിവരുന്ന കുട്ടികളും ദുഃസ്വഭാവങ്ങൾ പലതും കൈവ
ശമാക്കുന്നു. ചിലപ്പോൾ വിദ്യാലയങ്ങളിൽ അധ്യാപക
ന്മാരുടെ നയരഹിതമായ പെരുമാററം, ജന്മസിദ്ധമായ
അഭിരുചികളേയും സാമത്ഥ്യങ്ങളേയും പരിപുഷ്ടമാക്കുന്ന
തിനു് ഉപകരിക്കാത്ത അദ്ധ്യാപനവും പരിതഃസ്ഥിതി
കളും, ദുഷിച്ച കൂട്ടുകാർ ഇവയെല്ലാം ശിശുക്കളെ അധഃപ
തിപ്പിക്കാൻ പര്യാപ്തങ്ങളാണു്. സഹജമായ ബുദ്ധിശ
ക്തിക്കുറവു് മറെറാരു കാരണമാണു്. പക്ഷേ ബുദ്ധിശ
ക്തികൊണ്ടു് ദുഃസ്വഭാവങ്ങളേയും അവയുടെ ഫലമായു
ണ്ടാകുന്ന കുററങ്ങളേയും മറയ്ക്കുവാൻ പലപ്പോഴും സാധി
ക്കുന്നുണ്ടെന്നുള്ളതു് ഇക്കൂട്ടരുടെ മെച്ചമാണു്.

കുട്ടികൾ കാലമാകുന്നതിനുമുമ്പോ അല്ലെങ്കിൽ
കാലം താമസിച്ചോ പ്രായപൂത്തിയാകുന്നതുകൊണ്ടും പല
വിധത്തിലുള്ള സ്വഭാവവിശേഷങ്ങൾ രൂപവൽക്കരിക്കു
ന്നതിനു് ഇടയാകുന്നുണ്ടു്. ഒമ്പതോ പത്തോ വയസ്സാകു
മ്പോഴത്തേയ്ക്കു് ശാരീരികമായ വളർച്ചയോടുകൂടെ സ്ത്രീ
ത്വവുംകൂടി ആവിർഭവിക്കുന്ന ഒരു പെൺകുട്ടി അതാ
നമായിട്ടില്ലാത്ത സമവയസ്കരിൽനിന്നു് വ്യതിരിക്തമായ

വിധത്തിലല്ലേ ലൈംഗികവിഷയങ്ങളെക്കുറിച്ചു് ചിന്തിക്കാനിടയുള്ളു? അവരം അനിതരസാധാരണമായ സ്വഭാവവിശേഷങ്ങളുള്ളവരായി പരിണമിക്കുന്നതിൽ എന്താണത്ഭുതം? ചില ശരീരക്രൂരരുള്ള ആൺകുട്ടികളിലും ഇതേ വിശേഷവധികരം ആവിർഭവിക്കുന്നുണ്ടു്. ഏകദേശം പന്ത്രണ്ടു പതിമൂന്നു വയസ്സാകുന്നതോടുകൂടി പുരുഷത്വം പ്രാപിക്കുന്ന ഇക്കൂട്ടർ ലൈംഗികവിഷയങ്ങളിൽ ചില പരീക്ഷണങ്ങരംപോലും ചെയ്യേക്കാവുന്നതാണു്. തന്മൂലം സംഭവ്യമായ പരാജയങ്ങളും അസുഖങ്ങളും മററും പലപ്പോഴും ഭയാനകമായ ഫലങ്ങരം പ്രദാനം ചെയ്യുന്നവയാകുന്നു. അസുഖം പരിഹരിക്കുന്നതിനായി പുകയില, കറുപ്പു് ചാരായം തുടങ്ങിയ ലഹരിപദാത്ഥങ്ങളെ അഭയം പ്രാപിക്കുന്നതു് ഒട്ടും അസാധാരണമല്ല. ചിലർ ചിലപ്പോരം ആത്മഹത്യയ്ക്കുപോലും ഒരുങ്ങാറുണ്ടു് 'കഷ്ടം! നിസ്സാരമായ കാൎയ്യത്തിനു് അവൻ ഇങ്ങനെ ചെയ്തുകളഞ്ഞല്ലോ" എന്നേ പ്രായമായവക്കു തോന്നുകയുള്ളു. പക്ഷേ, കുട്ടികരക്കു് ആ കാൎയ്യങ്ങരം അതീവ ക്ഷോഭജനകങ്ങളും ഭയപ്രദങ്ങളുമാകാനാണെളുപ്പം.

പ്രബലമായ ഏതെങ്കിലും പ്രേരണകരം കൂടാതെ ശിശുക്കരം കുപഥസഞ്ചാരം ചെയ്യുവാൻ ഇടയില്ല. വിശപ്പു തുടങ്ങിയ മൗലികമായ ആവശ്യങ്ങരം സമ്പാദിക്കാനുള്ള ഉദ്യമങ്ങരം തക്കതായ പ്രേരണ നൽകിയേക്കാം. ചിലപ്പോരം അന്യരുടെ ക്രൂരതയായിരിക്കും അവരെ ദുഷിപ്പിക്കുന്നതു്. ഒമ്പതുവയസ്സായ ഒരു വിദ്യാത്ഥി ഒരു അദ്ധ്യാപകനെക്കുറിച്ചു് കാണുന്ന ഭിത്തികളിലെല്ലാം അന്യാ

യവും നിന്ദ്യവുമായ അപവാദങ്ങൾ എഴുതിക്കൊണ്ടു നടക്കുന്നതു് കണ്ടുപിടിക്കപ്പെട്ടു. അദ്ധ്യാപകൻെറ അതികർക്കശമായ പെരുമാററമാണു് അതിന്നു് പ്രേരകമായിരുന്നതെന്നു് അന്വേഷണത്തിൽ തെളിഞ്ഞു. ക്ലാസിൽവച്ചു് അദ്ദേഹത്തിൻെറ അധികാരത്തെ എതിർക്കാൻ ഭയന്ന ബാലൻ പകവീട്ടാൻ സ്വീകരിച്ച സമ്പ്രദായമായിരുന്നു അതു്. മാതാപിതാക്കന്മാരുടെ കാഠിന്യത്തെയും ശിശുക്കൾ പല രൂപത്തിലും എതിർക്കാറുണ്ടു്. മനഃപൂർവ്വം കള്ളം പറയുക, കള്ളത്തരങ്ങൾ പ്രവൃത്തിക്കുക, വീടുവിട്ടുപൊയ്ക്കളയുക തുടങ്ങി പല വേഷങ്ങളിലും ഇതു് പ്രകടിതമാകുന്നു.

താൽക്കാലികമായ ചില ആദർശങ്ങൾ സൃഷ്ടിച്ചു് അവയുടെ പ്രേരണയ്ക്കു വിധേയമായും ശിശുക്കൾ ചിലപ്പോൾ കുത്സിതവൃത്തികൾക്കു മുതിരുന്നതു കാണാം. ധനികനായ കൂട്ടുകാരൻെറ സാധനങ്ങൾ കട്ടെടുക്കുവാൻ ഒരു കുട്ടി ആഗ്രഹിക്കുന്നു എന്നുവരട്ടേ. അത്രയും താൻ മോഷ്ടിക്കുന്നതുകൊണ്ടു് അവൻെറ ധനാധിക്യത്തിന്നു് ഹാനിയൊന്നും തട്ടുകയില്ലെന്നും, തൻെറ നിർദ്ധനാവസ്ഥയ്ക്കു് ആ മോഷണം ഒരു വലിയ നേട്ടമായിരിക്കുമെന്നുള്ളതിനാൽ ന്യായവും പാപരഹിതവുമാണെന്നുള്ള ഒരാദർശമായിരിക്കും സൃഷ്ടിക്കപ്പെടുന്നതു്. ജന്മിയുടെ മകൻ കുടിയാനവൻെറ മകനെ പീഡിപ്പിക്കുമ്പോൾ, സ്വപിതാവിൻെറ സ്വത്തുക്കളെ ഉപജീവിക്കുന്ന അവനെ ഉപദ്രവിക്കുന്നതിൽ ദോഷമില്ലെന്നും, ധനികർക്കു സാധുക്കളുടെ മേൽ ദൈവദത്തമായ ചില അധികാരങ്ങൾ ഉണ്ടെന്നും

മററോ ആയിരിക്കും ചിന്തിക്കുക. ഇവയെല്ലാററിനും യാതൊരു അടിസ്ഥാനവും കാണുകയില്ലെന്നു മാത്രമല്ല, അവയുടെ നേരേ വിപരീതമായ ആദർശങ്ങൾ അവൻ തന്നെ കാലവിളംബമെന്യേ സ്വരൂപീകരിക്കുകയും ചെയ്യുന്നതാണ്. ഈ താൽകാലികാദർശസ്വീകരണസമ്പ്രദായം പ്രായപൂർത്തിയിലേയ്ക്കും അവിരളമായി തുടന്നു വരാറുണ്ടു.

മാനസികാപഗ്രഥനസമ്പ്രദായത്തിൻെറ ഫലമായി ദൃശ്യവും അദൃശ്യവുമായ പല കേന്ദ്രങ്ങളിൽ നിന്നും നാനാവിധമായ പ്രചോദനങ്ങളും ശിശുക്കൾക്കു ലഭിച്ചുകൊണ്ടിരിക്കുന്നു എന്നും സൂക്ഷ്മമായ പഠനത്തിൻെറ ഫലമായി മാത്രമേ അവയെല്ലാം സമഗ്രമായി മനസ്സിലാക്കുവാൻ കഴികയുള്ളൂ എന്നും വ്യക്തമായിട്ടുണ്ടു്. സൂക്ഷ്മാപഗ്രഥനം കൂടാതെ—സ്വഭാവത്തിൻെറ ഓരോ അംശത്തിനും ഇതരാംശങ്ങളുമായുള്ള ബന്ധങ്ങൾ നിശിതമായ വിശകലനവും താരതമ്യവിവേചനവും ചെയ്യാതെ പ്രതിവിധികൾ യാതൊന്നും കല്പിക്കാൻ പാടില്ല. ഉപദേശിപ്പിക്കുക, ഉപബോധനം നൽകുക, മുന്നറിവു കൊടുക്കുക, നിരുത്സാഹപ്പെടുത്തുക സാമദാനഭേദദണ്ഡങ്ങൾ അടിയ്ക്കടി ഓരോന്നായോ പാത്രോചിതമായോ പ്രയോഗിക്കുക, ആദർശങ്ങൾ ചുററിനും പ്രദർശിപ്പിച്ചു കൊടുക്കുക തുടങ്ങിയ പല സമ്പ്രദായങ്ങളും പ്രതിവിധികളായി സ്വീകരിക്കാവുന്നതാണ്. എന്നാൽ പ്രായമായവരുടെ ഉദ്യമംകൊണ്ടുമാത്രം ഒരിക്കലും ഒരു ശിശുവിൻെറ സ്വഭാവത്തിനു് സംസ്കാരം വരുത്താവുന്നതല്ല. എന്തെന്നാൽ ഈ പറഞ്ഞ നയങ്ങളൊന്നും സ്വീകരിക്കുവാൻ

ഒരു ശിശു സന്മനസ്സുള്ളവനല്ലെങ്കിൽ എന്തു ചെയ്യാൻ കഴിയും? പലപ്പോഴും അങ്ങനെയാണു് സംഭവിക്കാറുള്ളതു്. അനല്പമായ കെല്പും അതിസൂക്ഷ്മമായ ശ്രദ്ധയും കൊണ്ടുമാത്രമേ സമുചിതമായ മനഃസ്ഥിതി ശിശുക്കളിൽ അങ്കുരിപ്പിക്കാൻ സാധിക്കയുള്ളൂ. മാതാപിതാക്കന്മാർക്കും ഗുരുക്കന്മാർക്കും ഈ കൃത്യത്തിൽ വഹിക്കേണ്ട പങ്കു് ആത്യന്തികമായ പ്രാധാന്യമാണർഹിക്കുന്നതു്. എങ്ങനെയെല്ലാമാണു് സ്വഭാവസംസ്കരണം സാധിക്കേണ്ടതെന്നുകൂടി ചിന്തിക്കേണ്ടതു് അപരിഹാര്യമാകുന്നു.

---

## അദ്ധ്യായം ൪൦

---

## സ്വഭാവസംസ്കരണം

സ്വഭാവം ശീലമൂലകമാകയാലും, ശീലങ്ങൾ അതിബാല്യത്തിൽതന്നെ രൂപവൽകൃതമാകുന്നതിനാലും സ്വഭാവസംസ്കരണോദ്യമങ്ങളും അതിബാല്യത്തിൽതന്നെ നടത്തേണ്ടതാണു്. ഒരു ഇളംവള്ളിപോലെ തിരിച്ചുവിടുന്ന ശാഖയിലേക്കു കയറി പടന്നു് പൂത്തു് പരിശോഭിക്കുവാനുള്ള പ്രവണത ശിശുമനസ്സിനുണ്ടു്. പാത്രവും പ്രായവും പരിതഃസ്ഥിതികളും നോക്കി സമുചിതമാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിലാണു് പ്രായമായവരുടെ പ്രഗത്ഭത പ്രകടമാകേണ്ടതു്.

ഒരു ശിശു ദുഃസ്വഭാവിയായി പരിണമിക്കുന്നതു് മാതാപിതാക്കന്മാരുടെ നിർഭാഗ്യമെന്നേ പറയാനുള്ളൂ.

"പൊല്ലാമക്കളിലില്ലാ മക്കളിതെല്ലാവക്കും സമ്മതമല്ലോ" എന്നു് മഹാകവി പാടിയതു് എത്രയോ പരമാൎത്ഥമാണു്. അപ്രകാരമുള്ള കുട്ടികളെ, അവർ ജനിപ്പിക്കുന്ന സന്ദർഭങ്ങളെ, അവരെ സംബന്ധിക്കുന്ന പ്രശ്നങ്ങളെ എങ്ങനെയാണു് നേരിടേണ്ടതെന്നുള്ളതാണു് ചിന്തനീയം.

ഓരോ ശിശുവിനും ഓരോമാതിരി പ്രതിവിധിയാണു് ആവശ്യമെന്നുള്ളതു് സ്പഷ്ടമാണല്ലോ. ചില കുട്ടികൾക്കു ഗുണകരമായിരിക്കുന്ന മാൎഗ്ഗങ്ങൾ മററു ചിലൎക്കു നേരേ വിപരീതഫലങ്ങൾ പ്രദാനം ചെയ്യുന്നവയായി പരിണമിച്ചേക്കാവുന്നതാണു്. തന്റെ ദുഃസ്വഭാവം ലജ്ജാവഹമാണെന്നുള്ള ബോധം അങ്കുരിപ്പിക്കുന്നതു് ചിലൎക്കു വിഹിതമായ ഫലം പ്രദാനം ചെയ്യുന്നതിനു് പര്യാപ്തമാകും. നേരേമറിച്ചു് മററു ചിലരിൽ തങ്ങൾ നിന്ദ്യരാണെന്നുള്ള ഒരു എളിമത്തം ജനിപ്പിച്ചു് ക്രനിന്മേൽകുരുപോലെ അവരെ കൂടുതൽ വക്രരാക്കുവാൻ കാരണമാകുന്നതാണു്. ചില കുട്ടികളെ പശ്ചാത്താപഭരിതരാകത്തക്കവിധം ഉപദേശിക്കുന്നതു് നന്നായിരിക്കും, മററു ചിലരിൽ ഇതു് വിഷാദാത്മകത്വം അങ്കുരിപ്പിക്കുന്നതിനും നാസ്തികത്വം പുലത്തുന്നതിനും ഹേതുവായേക്കും. സൗമ്യവാക്കുകൾ ചിലരെ എളുപ്പത്തിൽ സ്പർശിക്കും. മററു ചിലരെ അതു ഉദ്ധതരാക്കിയേക്കും. പ്രതിവിധികൾ ഒന്നു മാറി ഒന്നു് എന്ന മട്ടിൽ പരീക്ഷണാൎത്ഥം പ്രയോഗിച്ചുനോക്കി ഒടുവിൽ യുക്തമായതിൽ എത്തിച്ചേരുന്നതിനേക്കാൾ, ഒരു വ്യക്തിയുടെ പ്രവണതകളും പരിതഃസ്ഥിതികളും മററും ഭംഗിയായി പഠിച്ചശേഷം ഒററമൂലികൊണ്ടു് നിശ്ശേഷം ഭേദമാക്കുന്ന നയമാണു് ആശാസ്യമായിട്ടുള്ളതു്.

ഒരു ശിശു വശമാക്കിയിട്ടുള്ള ഒരു ദുഃസ്വഭാവം മാററണമെങ്കിൽ, ഏകദേശം അത്ര കൈവശപ്പെടുത്തി ഉറപ്പിക്കുവാൻ ആവശ്യമായിരുന്നിടത്തോളം കാലദൈർഘ്യം വേണ്ടിവരുമെന്നു ചിലക്ക് അഭിപ്രായമുണ്ട്. അഞ്ചുവഷമായി കള്ളം പറകയും ചെയ്യുകയും ചെയ്തുവരുന്ന ഒരു കുട്ടിയുടെ അസത്യസ്വഭാവം മാററി സത്യശീലം ദൃഢീകരിക്കുന്നതിലേക്ക് ഏകദേശം അഞ്ചുവഷകാലം വേണ്ടിവരുമെന്നാണു് ഇതുകൊണ്ടു സിദ്ധിക്കുന്നതു്. എന്നാൽ, ഇതൊരു വെറും തെററിദ്ധാരണയാണെന്നു് പല പരീക്ഷണങ്ങളും വ്യക്തമാക്കിയിട്ടുണ്ടു്. ചില പ്രധാനജീവിതാവശ്യങ്ങളുടെ അപ്രാപ്യതയിലും, മൗലികവികാരങ്ങളുടെ അസംതൃപ്തിയിലും നിന്നു് ഉദ്ഭൂതമാകുന്ന ദുഃസ്വഭാവങ്ങളും അവയുടെ അനിവാര്യഫലമായ ദുഷ്പ്രവൃത്തികളും ആ വക ജീവിതാവശ്യങ്ങൾ നിറവേററിക്കഴികയോ വികാരങ്ങൾ സംതൃപ്തമാക്കപ്പെടുകയോ ചെയ്തുകഴിയുമ്പോൾ പെട്ടെന്നു് മാറിപ്പോകാറുണ്ടു്. വിശപ്പിൻെറ കാഠിന്യംകൊണ്ടു് മോഷ്ടാവായിട്ടുള്ള ഒരുവന്നു് വിശപ്പടക്കാനുള്ള ന്യായമായ മാർഗ്ഗങ്ങൾ ഉപാഗതമാകുന്നതോടുകൂടി മോഷണ സ്വഭാവം നിശ്ശേഷം അസ്തമിച്ചുപോകാവുന്നതാണു്. ദാരിദ്ര്യജമായ പല ദുഃസ്വഭാവങ്ങളും ധനാഗമത്തിൽ മാറിപ്പോകുന്നു. (ദാരിദ്ര്യം പുനരാവിർഭവിക്കയാണെങ്കിൽ ഒരു പക്ഷേ ദുഃസ്വഭാവങ്ങളും മടങ്ങിയേക്കാം.) അപഗ്രഥനസമ്പ്രദായംകൊണ്ടു് അനേകവഷമായി ഉറച്ചിട്ടുള്ള പല ദുഃസ്വഭാവങ്ങളേയും ഒന്നുരണ്ടു വഷത്തിനുള്ളിൽ ഭേദമാക്കാമെന്നു് കണ്ടിരിക്കുന്നു.

ഹിപ്പ്നോട്ടിസംകൊണ്ടു് ഏതാനും ദിവസങ്ങൾക്കുള്ളിൽ പലമാതിരി ദുർവ്വാസനസ്വഭാവവിശേഷങ്ങളേയും നിർമ്മാർജ്ജനം ചെയ്തുകളയാമെന്നാണു് വിദഗ്ദ്ധാഭിപ്രായം. അതുകൊണ്ടു് ഈ കാലഗണനാസമ്പ്രദായം അബദ്ധമാണെന്നു തന്നെ പറയേണ്ടിയിരിക്കുന്നു. ദൃഢീകൃതമാകാത്ത സ്വഭാവവിശേഷങ്ങൾ മാററുവാൻ, ദൃഢീകൃതമായ ചില ശീലങ്ങളെ മാററാൻ ആവശ്യമുള്ളിടത്തോളം സമയം വേണമെന്നില്ല എന്നോ മറേറാ ഒന്നു് സ്വരം താഴ്ത്തിപ്പറയുന്നതാണു് യുക്തിപൂർവ്വകമായിട്ടുള്ളതു്.

ദുഃസ്വഭാവങ്ങളിൽ നിന്നു് ശിശുക്കളെ പിൻതിരിപ്പിക്കുവാൻ ഇന്നു് അനുഷ്ഠിച്ചുവരുന്ന സമ്പ്രദായങ്ങളിൽ ഒട്ടും അപ്രധാനമല്ലാത്ത ഒന്നാണു് 'ബന്ധനം' "അട ചെയ്യുമ്പ്രകാരം അണ്ണൻതമ്പി ചെയ്കയില്ല." എന്ന ചൊല്ലു അച്ഛനമ്മമാരും ആശാന്മാരും ഇന്നും യാതൊരലംഭാവവും കൂടാതെ പ്രായോഗികമാക്കിവരുന്നുണ്ടു്. കുട്ടികൾ ഏതെങ്കിലും കുററം ചെയ്യുന്നതു് കാണുകയോ അല്ലെങ്കിൽ കേട്ടുകഴികയോ ചെയ്യുന്ന മാത്രയിൽ തന്നെ, അച്ഛനമ്മമാരുടേയും അദ്ധ്യാപകന്മാരുടേയും കോപം ജ്വലിച്ചു തിളങ്ങിക്കഴിയും. വികാരോന്മത്തരായിട്ടോ, അന്ധരായിട്ടോ ആണു് ശിക്ഷ നൽകുവാൻ ആരംഭിക്കുന്നതു്. വടി തരത്തിനു് കിട്ടിയില്ലെങ്കിൽ പ്രകൃതിദത്തമായ ബാഹുദണ്ഡങ്ങൾ കൊണ്ടുതന്നെ പ്രയോഗം 'ചടപിടേ'ന്നു് തുടങ്ങും. അതുകണ്ടാൽ കുററം ചെയ്തതുകൊണ്ടുണ്ടായ പക വീട്ടുകയാണെന്നേ തോന്നുകയുള്ളു. ദാരുണമായ അടികളും 'പിച്ചു'കളും മററു കായികപീഡനങ്ങളും മൂലം

അത്യുച്ചത്തിൽ നിലവിളിച്ചുപോകുന്ന കുട്ടികളുടെ വെപ്രാളങ്ങൾ പ്രായമായവരെ തണുപ്പിക്കുന്നതിനുപകരം തിളപ്പിക്കുന്നതിനാണ് പര്യാപ്തമാകാറുള്ളത്. "കരച്ചിൽ നിറുത്തു! ഇല്ലെങ്കിൽ കൊന്നുകളയും!" എന്നുള്ള നിലവിളികൾക്ക യാതൊരു പ്രയോജനവും ഉണ്ടാകാറില്ല. കൊല നടക്കുന്നതുവരെ—അല്ലെങ്കിൽ മോഹാലസ്യം ബാധിക്കുന്നതുവരെ—മുറവിളികൂട്ടുവാനേ കുട്ടികൾക്ക കഴികയുള്ളൂ. വിദ്യാലയങ്ങളിലെ—വിശിഷ്യ പ്രൈമറിവിദ്യാലയങ്ങളിലെ—സ്ഥിതി ഇതിൽനിന്ന് ഒട്ടുംതന്നെ മെച്ചമല്ല. ശിശുക്കളെന്താണെന്ന് യാതൊരു ബോധവുമില്ലാത്ത—ഉണ്ടെങ്കിൽ അതിനെ പ്രായോഗികമാക്കാൻ യാതൊരു കെല്പുമില്ലാത്ത—ചില അധ്യാപകഹതകന്മാർ അതിക്രൂരമായ പല കടുംകൈകളും അനുവർത്തിക്കാറുണ്ട്. മൂർഖന്മാരായ ആ കർക്കശന്മാരുടെ വിചാരം അവർ ഏതു ക്ലാസു നിയന്ത്രിക്കാനും സമർത്ഥരാണെന്നാണ്. എന്നാൽ ശിശുക്കളുടെ ഹൃദയം അവർ അണുവോളവും അറിയുന്നവരല്ല. കഠിനശിക്ഷ നൽകുന്നവരുടെ നേക്കു ശിശുക്കളുടെ വിരോധം മാത്രമേ ഉദ്ദീപിതമാകയുള്ളൂ. കായികമായ ശക്തിക്കൂടുതലുള്ള പ്രായമായവരുടെ ബന്ധനം താൽക്കാലികമായ കീഴടക്കമനോഭാവത്തോടുകൂടി കുട്ടികൾ സ്വീകരിച്ചേക്കുമെങ്കിലും അവരുടെ ഹൃദയാന്തർഭാഗത്ത് ശക്തിമത്തായ വെറുപ്പും വിദ്വേഷവും പ്രതീകാരവാഞ്ഛയുമാണ് അടിയുറയ്ക്കുന്നത്. ശിക്ഷകൾ ആവർത്തിക്കുംതോറും ഇമ്മാതിരി വികാരങ്ങൾ വർദ്ധിച്ചു വർദ്ധിച്ച് ഒടുവിൽ ക്രമേണ പല രൂപത്തിലും പുറത്തേക്ക പുറപ്പെട്ടു

ളുടങ്ങും. വിദ്യാലയങ്ങളിലാണ് അവരുടെ ദുർവ്വികാരപ്രകടനങ്ങൾക്ക കൂടുതൽ സൗകര്യങ്ങളുള്ളതു്. അദ്ധ്യാപകന്മാരുടെ ദൗർബ്ബല്യങ്ങളെ പുരസ്കരിച്ചു് പലവിധ ഉപദ്രവങ്ങളും അവർ ചെയ്യാനാരംഭിക്കും. ഭയജനകമായ ആകാരപുഷ്ടി അദ്ധ്യാപകന്മാർക്കില്ലെങ്കിൽ അവരുടെ നേർക്ക കൈ ചൊക്കാൻപോലും ചില കുട്ടികൾ മടിക്കുകയില്ല. ഗൃഹങ്ങളിൽ ഇത്രത്തോളം പ്രകടനസൗകര്യങ്ങളില്ലാത്തതിനാൽ അസ്പഷ്ടരൂപത്തിലാണ് ഈദൃശവികാരങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതു്. ശരീരത്തിൽ വിഷവീര്യപോലെ അവസരം കിട്ടുമ്പോൾ വീർത്തുകൂടിപ്പൊട്ടി, ബന്ധങ്ങളെല്ലാം തകർത്തുകൊണ്ടു് വല്ലാത്ത വിഷമങ്ങൾക്കെല്ലാം അവ അവസരമുണ്ടാക്കുന്നു. ഇതൊന്നും ഓർക്കാതെയാണു് മാതാപിതാക്കന്മാരും അദ്ധ്യാപകന്മാരും ശിശുക്കളെ നിർദ്ദയമായ മർദ്ദനത്തിനു് പാത്രമാക്കിത്തീർക്കാറുള്ളതു്.

ശിശുക്കൾ കുററം ചെയ്താലുടൻതന്നെ ശിക്ഷ നൽകുവാൻ സൗകര്യമുണ്ടെങ്കിൽ അതാണ് നന്നെന്നു് ചിലർക്ക് അഭിപ്രായമുണ്ടു്. ഇതിന് ഏതാണ്ടു് യുക്തി ഇല്ലാതില്ല. കൊച്ചുകുട്ടികളുടെ കാര്യത്തിൽ ഇതു് തികച്ചും ശരിയാണ്; എന്തെന്നാൽ കുററവും ശിക്ഷയുമായുള്ള ബന്ധം ഇതു് അവരിൽ ഉറപ്പിക്കുന്നതായിരിക്കും. ശിക്ഷയ്ക്കു കാലതാമസം നേരിടുകയാണെങ്കിൽ, ശിക്ഷിയ്ക്കുന്നവരും ശിക്ഷയുമായുള്ള ബന്ധമായിരിക്കും ശിശുവിൽ ദൃഢീകൃതമാകുന്നതു്. ഒരിക്കൽ ഒരു പിതാവു്, കുട്ടികളെ സ്ത്രീകൾ ശിക്ഷിക്കുന്നതുകൊണ്ടു് അവർ ചുണകെട്ടുപോകുമെന്നും,

അതുകൊണ്ടു് കുഞ്ഞുങ്ങളുടെ കുററങ്ങളെല്ലാം അയാാം ആഫീസിൽനിന്നു് മടങ്ങുന്ന സമയം ബോധ്യപ്പെടുത്തി ശിക്ഷിപ്പിച്ചുകൊള്ളണമെന്നും ആജ്ഞാപിക്കയും അതിൻപ്രകാരം അനുഷ്ഠിക്കാൻ ആരംഭിക്കയും ചെയ്തു. കാലക്രമേണ ആഫീസിൽനിന്നുള്ള പിതാവിൻെറ ആഗമനം കുട്ടികൾക്കു് (യാതൊരു കുററവും അവൻ ചെയ്തിട്ടില്ലെങ്കിലും) അതീവ സംഭ്രമജനകമായി പരിണമിച്ചു. ഇങ്ങനെ പിതാവിൻെറ നാമം കുട്ടികൾക്കെല്ലാം ഭയപര്യായമായി പരിണമിക്കുന്നതു് എത്രത്തോളം ബീഭത്സവും അനാശാസ്യവുമാണെന്നു് പറയേണ്ടതില്ലല്ലോ. എന്നാൽ പ്രായമായ കുട്ടികൾക്കു ശിക്ഷനൽകുന്നതിൽ കാലതാമസം നേരിടുന്നതുകൊണ്ടു് വലിയ തകരാറൊന്നും പററാനില്ല. സ്മരണയുടെ സഹായത്താൽ ആ കുററങ്ങളുടെ സ്വഭാവം അവരിൽ വളരെ എളുപ്പത്തിൽ പുനരാവിർഭവിപ്പിക്കാവുന്നതാണു്. കുററവും ശിക്ഷയും തമ്മിലുള്ള ബന്ധം മനസ്സിലാക്കാൻ കഴിയുന്ന പ്രായം അവക്കായിട്ടുള്ള പക്ഷം, അതു് സ്വവ്യക്തമാക്കിക്കൊടുക്കുന്നതു് ഏററവും നന്നു്. ഇന്ന ശിക്ഷ ഇന്ന രൂപത്തിൽ തനിക്കു ലഭിച്ചതു് ഇന്ന കുററത്തിനാണു് എന്നും, അതു് ന്യായവും, ഉചിതവും, ആവശ്യവുമാണെന്നും ഉള്ള ബോധം ഒരു ശിശുവിൽ ജനിപ്പിക്കുന്നതുപോലെ അവൻെറ സ്വഭാവത്തെ ഉത്തേജിപ്പിക്കാനുള്ള ഉത്തമമാർഗ്ഗങ്ങൾ വിരളമാണു്. അവൻെറ ഉത്തരവാദിത്വബോധത്തെ അതു് തീർച്ചയായും ഉദ്ദീപിപ്പിക്കതന്നെ ചെയ്യും. കുടുംബപരവും സമുദായപരവുമായ നിയമങ്ങളിലും മാതാപിതാക്കന്മാരുടേയും ഗുരുനാഥന്മാ

രുടേയും സ്നേഹാധിഷ്ഠിതമായ അധികാരത്തിലും അവൻ പരിപൂൎണ്ണമായി വിശ്വസിക്കാനാരംഭിക്കും. ഭാവിജീവിതം അടിതെററാത്ത അനുസരണബോധത്തോടുകൂടി അവൻ നയിക്കുകയും ചെയ്യും.

ശിശുക്കളെ ശിക്ഷിക്കുന്നതിനു് രണ്ടു് ഉന്നങ്ങളാണുണ്ടായിരിക്കേണ്ടതു്. കുററക്കാരനും മററുള്ളവൎക്കും ആ ശിക്ഷ ഒരു ആദൎശമായിരിക്കണമെന്നുള്ളതാണു് ഒന്നാമത്തെ ഉന്നം. മാതൃകാദണ്ഡനം എന്നു് ഇമ്മാതിരി ശിക്ഷകളെ വിളിക്കാം. രണ്ടാമത്തേതു് കുററക്കാരനെ നന്നാക്കണം എന്നുള്ളതാണു്. ദണ്ഡനസമ്പ്രദായംകൊണ്ടു് അവനു് വേണ്ട സംസ്കാരം നൽകി, തൽഫലമായി ഭാവിയിൽ അമ്മാതിരി കുററങ്ങൾ ചെയ്യാതിരിക്കത്തക്ക മനോഭാവം അവനിൽ ജനിപ്പിക്കുകയാണു് ഇതിൻെറ ഉദ്ദേശ്യം. സാംസ്കാരികദണ്ഡനം എന്ന നാമമാണു് ഇതിനു് ചേരുന്നതു്. ഈ രണ്ടു് ഉന്നങ്ങളോടും കൂടിയ ശിക്ഷകളല്ലാതെ ചെയ്തുപോയ കുററത്തിനു് പകവീട്ടുകയാണെന്നുള്ള മനോഭാവം ശിശുക്കളിൽ ജനിപ്പിക്കത്തക്ക ശിക്ഷകൾ നൽകുന്നതു് ഗുണകരമല്ലെന്നു മാത്രമല്ല ദോഷകരവുംകൂടിയാണെന്നാണു് ശാസ്ത്രജ്ഞമതം.

അനവധി കുട്ടികളുള്ള ഗൃഹങ്ങളിലും വിദ്യാലയങ്ങളിലും മാതൃകാദണ്ഡനമാണു് ഗുണകരമായിട്ടുള്ളതു്. അമ്മാതിരി ശിക്ഷ തങ്ങൾക്കും കിട്ടിയേക്കുമെന്നുള്ള ഭയത്താൽ പ്രേരിതരായി, മററു കുട്ടികൾ അതിനുശേഷം അതോ അതുപോലുള്ളതോ ആയ കുററങ്ങൾ ചെയ്യാൻ മുതിരുകയില്ലെന്നുള്ളതാണു് ഇതിൻെറ മെച്ചം. ശിക്ഷ

അനുഭവിക്കുന്നവക്കും അതൊരു പാഠമായിരിക്കുന്നതാണു്. എന്നാൽ അതുകൊണ്ടു് ജനിക്കുന്ന ഭയാന്തരീക്ഷം അനുചിതഫലപ്രദമാണെന്നാണു് പലരുടേയും അഭിപ്രായം.

സാംസ്കാരികദണ്ഡനമാണു് ഏററവും ഉത്തമമായിട്ടുള്ളതു്. ശിശുവിൻെറ കുററം ആവർത്തിക്കപ്പെടരുതെന്നും അവൻെറ സ്വഭാവത്തിനു് സമൂലപരിവത്തനം വന്നു് സമുദായത്തിലെ ഒരു ഉത്തമാംഗമായി അവൻ പരിണമിക്കണമെന്നുമുള്ള ഉന്നം ശിക്ഷിക്കുന്നവക്കു സദാ ഉണ്ടായിരിക്കേണ്ടതാണു്. അതിനനുസരിച്ച ദണ്ഡനസമ്പ്രദായങ്ങൾ മാത്രമേ പ്രയോഗിക്കുവാൻ പാടുള്ളൂ. ദേഹോപദ്രവകരമായ ശിക്ഷകൾ ഇതിനു നേരേ വിപരീതമായ ഫലങ്ങൾ പ്രദാനംചെയ്യുന്നവയാണു്. അത്യന്താപേക്ഷിതമാണെന്നു് തോന്നുന്ന ഘട്ടങ്ങളിൽ, തന്മൂലം ശിക്ഷയേല്ക്കുന്നവൻ നന്നാകുമെന്നു് ദൃഢവിശ്വാസമുള്ളപക്ഷം, തോതിൽ അല്പവും കൂടിപ്പോകാതിരിക്കാൻ അനല്പമായ നിഷ്ഠയോടുകൂടി, ദണ്ഡനം ഏല്പിക്കാമെന്നേ ഉള്ളൂ. വിവേചനാശക്തി വികസിച്ചിട്ടില്ലാത്തതുകൊണ്ടു് പരസ്പരബന്ധവിശദീകരണങ്ങൾ മനസ്സിലാക്കാൻ കെല്പില്ലാത്ത കൊച്ചുകുട്ടികൾ കുററംചെയ്താലുടൻ ദണ്ഡനമുണ്ടാകുമെന്നു് ബോധ്യമാകത്തക്കവിധം പ്രഹാരശിക്ഷ നല്കുന്നതിൽ വലിയ ദോഷം ഉണ്ടാകാനില്ല. പ്രായംക്കൂടുതലുണ്ടെങ്കിലും കാര്യകാരണസഹിതമായ വിവരണങ്ങൾ മനസ്സിലാക്കാൻ കഴിയാത്തവരാണെന്നു് ബോധ്യമായിട്ടുള്ള മറയന്മാക്കും പ്രഹാരാദിതന്നെയാണു് പററിയ ഔഷധം. ഏതായിരുന്നാലും ആ ദണ്ഡനസമ്പ്രദായംകൊണ്ടു് അവനും സമൂ

ദായത്തിന്നും തൽകാലമോ പിൽക്കാലമോ യാതൊരു ഹാനിയും സംഭവിച്ചു കൂടെന്നുമാത്രമല്ല ശരിയായ ഗുണം സംഭവിക്കേണ്ടതുമാണ് എന്നുള്ള ലക്ഷ്യം സകല വിധ ശിക്ഷകൾക്കും സദാ ഉണ്ടായിരിക്കേണ്ടതാണ്. ഇതി ലേക്കു പ്രഹാരാദികൾ തീരെ പററിയതല്ലെന്നും, പ്രതികാരമോ തത്തുല്യമായ തീവ്രവികാരങ്ങളോ ജനിപ്പിക്കാനേ അവ പര്യാപ്തമാകയുള്ളു എന്നും, ഗൃഹങ്ങളിൽനിന്നും അതിനെക്കാൾ അത്യാവശ്യമായി വിദ്യാലയങ്ങളിൽ നിന്നും അവയെ ബഹിഷ്കരിക്കേണ്ടതു് പരിഷ്കൃതജനങ്ങളുടെ കടമയാണെന്നുമാണ് പണ്ഡിതവരേണ്യന്മാരുടെ ഐകകണ്ഠ്യമായ അഭിപ്രായം.

എന്നാൽ, വിദ്യാലയങ്ങളിൽനിന്നും മററും അതിനെ നിശ്ശേഷം ബഹിഷ്കരിക്കുന്നതു് ബുദ്ധിപൂർവ്വകമല്ലെന്ന് ചിലർ വാദിക്കുന്നുണ്ടു്. സാമദാനഭേദങ്ങൾക്കു വഴിപ്പെടാത്ത ചില വികൃതിക്കുട്ടന്മാർ മിക്ക വിദ്യാലയങ്ങളിലേയും ഒഴിയാബ്ബാധകളായി, നിരന്തരോപദ്രവികളായി, കാണുക സാധാരണമാണ്. സാന്മാർഗ്ഗികനിയമങ്ങളേയും മററും എത്ര സദുപദേശങ്ങൾ നല്കിയാലും വകവയ്ക്കാതെ ധിക്കാരപൂർവ്വം പെരുമാറുന്ന അവക്കുവേണ്ടി ഹെഡ് മാസ്റ്ററുടെ അലമാരയിൽ ഒരു നല്ല ചൂരൽ കരുതിയിരിക്കേണ്ടതാണെന്ന് പറയുന്നതിൽ അപാകടമില്ല. എന്നാൽ കോപാന്ധരായ അധ്യാപകന്മാർ അക്രമമായി അടിശിക്ഷ നടത്തിക്കളെയുമെന്നുള്ളതുകൊണ്ടു് അതിനെ തീർച്ചയായും ശരിയായി നിയന്ത്രിക്കേണ്ടതാണു്. ആയതിലേക്കു പല നിയമങ്ങളും ഏർപ്പെടുത്തിയിട്ടുണ്ടെന്നുള്ളതും പ്രസ്താവ്യമാകുന്നു.

അടിശിക്ഷപോലെതന്നെ-അതിനെക്കാറം എന്നു പോലും പറയാം-ശിശുക്കളെ അധഃപതിപ്പിക്കുന്ന മറെറാരു ശിക്ഷാസമ്പ്രദായമാണു് ശകാരവും ആക്ഷേപവും. ശിശുക്കറംക്കു വളരെ മൃദുലമായ ഒരു ആത്മാഭിമാനമുണ്ടെന്നു് ഓക്കാതിരിക്കുന്നതിന്റെ ഫലമാണു് അതിനെ ക്ഷതപ്പെടുത്തുന്ന ഉപഹാസങ്ങറം പ്രായമായവർ പുറപ്പെടുവിക്കാറുള്ളതു്. വിദ്യാലയങ്ങളിലും സദസ്സുകളിലും മററും വച്ചു് അന്യർ, വിശേഷ്യ സമവയസ്കർ കേറംക്കേ, ആക്ഷേപിക്കുയോ നിന്ദിക്കയോ ചെയ്യുന്നതുപോലെ കുട്ടികറം വെറുക്കുന്ന സംഗതികറം മറെറാന്നുമില്ലെന്നുതന്നെ തോന്നുന്നു.

"കേട്ടുകൂടാത്ത വാക്കാമായുധം പ്രയോഗിച്ചാൽ
കർണ്ണങ്ങറംക്കകം പുക്കു പൂർണ്ണമാംമാലതുപിന്നെ
പൂർണ്ണമായ്ശമിക്കയില്ലൊട്ടുനാറം ചെന്നാൽപോലും"

കുട്ടികളുടെ കാര്യത്തിലാണു് ഈ തത്ത്വം അഭംഗുരമായി പ്രകടമാകുന്നതു്. പക വീട്ടാൻ അവർ അവസരം നോക്കിയിരിക്കും; സംശയമില്ല.

ചില മാതാപിതാക്കന്മാരും അദ്ധ്യാപകന്മാരും യാഥാർത്ഥ്യം അറിയുന്നതിനു മുമ്പുതന്നെ, കുട്ടികളിൽ കുററം ചുമത്തി, അവരെ നിന്ദിക്കാൻ ഒരുമ്പെടാറുണ്ടു്. ചിലർ അകാരണമായി കുട്ടികളെ "മടശ്ശിരോമണി" "ശുദ്ധകഴുത!", "പെരും കള്ളൻ!" തുടങ്ങിയ ബിരുദനാമങ്ങറം പറഞ്ഞു വിളിക്കുന്നതു് സാധാരണമാണു്. ഒരു ശിശുവിനു് തന്നെക്കുറിച്ചു് എന്തെങ്കിലും ഒരഭിപ്രായം തോന്നുന്നതു് അന്യർ അവനെക്കുറിച്ചു് പറയുന്ന ഗുണ-

ങ്ങളും ദോഷങ്ങളും ധരിക്കുന്നതിന്റെ ഫലമായിട്ടാണെന്നുള്ളതു് മനസ്സിലാക്കാത്തവരാണു് ഈ വൻപ്രമാദം പ്രവൎത്തിക്കുവാനിടയാകുന്നതു്. തന്നെക്കുറിച്ചുള്ള അന്യാഭിപ്രായങ്ങൾ ശ്രദ്ധിച്ചു കേൾക്കുവാൻ കുട്ടികൾ അതിവ കുതുകികളാകുന്നു. അവൻ സമൎത്ഥനാണെന്നും സത്യസന്ധനാണെന്നും അന്യർ—തന്നെക്കാൾ ലോകപരിചയവും ബുദ്ധിശക്തിയുമുള്ളവരായി അവൻ ഗണിക്കുന്ന പ്രായമായവർ—പറയുകയും, സമൎത്ഥനോടും സത്യസന്ധനോടും പെരുമാറുന്നപോലെ അവനോടു് പെരുമാറുകയും ചെയ്യുന്നതു കാണുമ്പോൾ, അവൻ സ്വയമേവ ഗുണവാനാണെന്നു് ഭാവിക്കയും, ഗുണവാനെപ്പോലെ പ്രവൎത്തിക്കയും, കാലാന്തരത്തിൽ ഗുണവാനായി പരിണമിക്കയും ചെയ്യും. നേരേമറിച്ചു്, മഠയനെന്നോ കുസൃതിയെന്നോ വിളിക്കയും, മഠയനോടോ കുസൃതിയോടോ എന്ന മട്ടിൽ അവനോടു് പെരുമാറുകയും ചെയ്യുന്നപക്ഷം അവൻ കാലക്രമേണ ഒരു മഠയനും കുസൃതിയുമായിത്തന്നെ രൂപാന്തരപ്പെടുമെന്നുള്ളതിൽ സംശയിക്കാനില്ല. വിദ്യാലയങ്ങളിലെ ഭൂരിഭാഗം 'ചട്ടമ്പി'മാരും അധികപ്രസംഗികളും ചില അദ്ധ്യാപകന്മാരുടെ മുൻകരുതലില്ലായ്മമൂലം സൃഷ്ടിക്കപ്പെടുന്നവരാണെന്നുള്ളതു് അവരുടെ ചരിത്രം സൂക്ഷ്മമായി അന്വേഷിച്ചാൽ ഉടൻ വ്യക്തമാകുന്നതാണു്. കുട്ടികൾ ജല്പിച്ചുപോകുന്ന വാക്കുകളെ ആസ്പദമാക്കി, "കള്ളൻ!" "പോക്രി!" തുടങ്ങിയ പദങ്ങൾ അന്യർ കേൾക്കെ പ്രഖ്യാപനം ചെയ്യുന്നതും മററും ഒരു ജീവിതത്തെ പാടെ പൊടിപററിക്കുവാൻ പൎയ്യാപ്തമാകുമെന്നുള്ളതു് എന്തൊരു ദാരുണമായ പരിണാമമാണു്.

അടുത്ത കാലംവരെ കുട്ടികളെ കഠിനമായി ശിക്ഷിക്കുന്ന സമ്പ്രദായങ്ങൾ നമ്മുടെ വിദ്യാലയങ്ങളിൽ നിലനിന്നിരുന്നു. അതിനീചമായി പ്രഹരിച്ചിരുന്നതിനു പുറമെ, കുനിച്ചു നിറുത്തി മുതുകിൽ കല്ലുകയററുക, ചുവരിൽ മുതുകുചേർത്തു്, കാൽ വളപ്പിച്ചു്, കസേരയിൽ ഇരിക്കുന്നപോലെ അനവലംബമായി ഇരുത്തുക, 'കള്ളൻ' തുടങ്ങിയ ബോർഡുകൾ എഴുതി മുതുകിലോ നെഞ്ചിലോ തൂക്കിയിടുക, തുടങ്ങിയ വികൃതസമ്പ്രദായങ്ങളുടെ അവശിഷ്ടങ്ങൾ ഇന്നും അങ്ങിങ്ങു കാണാവുന്നതാണു്. പഴയ ആശാന്മാർ, കണ്ണിൽ മുളകെഴുതുക, പുകയിൽ തൂക്കിനിറുത്തുക, കിണററിൽ താഴ്ത്തുക തുടങ്ങിയ ഭീകരശിക്ഷകൾ നൽകിയിരുന്നതായി പറഞ്ഞുകേട്ടിട്ടുണ്ടു്. നമ്മുടെ പൂർവ്വികന്മാർ ക്രൂരശിക്ഷകളൊന്നും തന്നെ അനുവദിച്ചിരുന്നില്ല. എല്ലാ ഉപായങ്ങളും നിഷ്ഫലമായാൽ മാത്രമേ കനം കുറഞ്ഞ ഒരു വടിയോ അല്ലെങ്കിൽ ഒരു കയറോ ഉപയോഗിക്കുവാൻ ഗുരുക്കന്മാർക്കു് അനുവാദമുണ്ടായിരുന്നുള്ളു. മററന്തെങ്കിലുംകൊണ്ടു് ശിഷ്യനെ പ്രഹരിച്ചാൽ ആ ഗുരുവിനെ രാജാവു് ശിക്ഷിക്കണമെന്നായിരുന്നു നിയമം. തല്ലുന്നതുതന്നെ പൃഷ്ഠഭാഗത്തിലെ ആകാമായിരുന്നുള്ളു. ഭീഷണിപ്പെടുത്തുക, തണുത്ത ജലത്തിൽ പ്രക്ഷാളനം ചെയ്യിക്കുക, ഗുരുസമക്ഷത്തിൽ നിന്നു് ബഹിഷ്കരിക്കുക തുടങ്ങിയ ശിക്ഷകൾ നടപ്പിലിരുന്നവയെ ആപസ്തംഭാചാൎയ്യൻ വിവരിക്കുന്നുണ്ടു്. തീരെ നിവൃത്തിയില്ലാതാകുമ്പോൾ കുട്ടികളെ വിദ്യാലയങ്ങളിൽ നിന്നു് ബഹിഷ്കരിക്കുന്ന സമ്പ്രദായം ഇന്നും സ്വീകരിച്ചു

വരാവുണ്ടല്ലോ. നീചമായ ശിക്ഷകൾ നീചസാമുദായിക മനഃസ്ഥിതിയെയാണ് വ്യക്തമാക്കുന്നതു്. ശിക്ഷകളുടെ മൂർച്ച നാം വളരെ കുറയ്ക്കേണ്ടതാണെന്നു് പറയുന്നതിൽ ഒട്ടുംതന്നെ അതിശയോക്തി കാണുകയില്ല.

കുട്ടികളുടെ ദുഃസ്വഭാവങ്ങളുടെ ഫലമായുണ്ടാകുന്ന കുററങ്ങൾക്കു് ശിക്ഷ നൽകുന്നപോലെതന്നെ അവരുടെ സൽസ്വഭാവങ്ങളുടെ ഫലമായുണ്ടാകുന്ന സൽപ്രവൃത്തികൾക്കു് പാരിതോഷികങ്ങൾ നൽകേണ്ടതും ആവശ്യമാകുന്നു. ദുഷ്പ്രവൃത്തികൾക്കെന്നപോലെ തന്നെ സൽപ്രവൃത്തികൾക്കും എപ്പോഴും ചില ഉന്നങ്ങളും ഉദ്ദേശ്യങ്ങളും ഉണ്ടായിരിക്കതന്നെ ചെയ്യും. തങ്ങൾക്കു് ഗുണങ്ങളില്ലെങ്കിൽ പോലും പ്രായമായവർ പ്രശംസിച്ചു് പറയുന്നതു്, കുട്ടികൾക്കു വലിയ ഇഷ്ടമാണു്. അങ്ങനെയിരിക്കെ, യഥാർത്ഥത്തിൽ ഗുണഭാഗങ്ങളുള്ളവ പ്രായമായവർ അംഗീകരിച്ചു് വേണ്ടിടത്തോളം പ്രശംസിച്ചു പറയാത്തപക്ഷം അവക്കു് വലിയ നിരാശയും തീവ്രമായ ഖേദവുമുണ്ടാകുന്നതു് നീതീകരിക്കത്തക്കതുതന്നെയല്ലേ? മിസ്റ്റുകുട്ടികളും കൂട്ടുകാരെ എങ്ങനെയെങ്കിലും അധഃകരിക്കണമെന്നു് ഉദ്ദേശ്യമുള്ളവരാണ്. തങ്ങളെക്കാൾ എന്തെങ്കിലും വിഷയത്തിൽ മെച്ചമായിരിക്കുന്നവരോടു് അസൂയയില്ലാത്തകുട്ടികളും ചുരുക്കമാകുന്നു. അസൂയയോടൊത്തു് ദ്വേഷവും കാണാതിരിക്കയില്ല. എങ്കിലും കൂട്ടരെ അധരീകരിച്ചിട്ടു് ഉയരണമെന്നുള്ള ആശ അചലചനീയമല്ലാത്തതിനാൽ അതിനോടൊത്തുവരുന്ന വികാരങ്ങൾ ക്ഷന്തവ്യങ്ങളാണ്. അതിനാൽ, കൂട്ടരെ

ക്കാറം കേമനാകണമെന്നുള്ള ഒരു കുട്ടിയുടെ ആഗ്രഹത്തെ പ്രായമായവർ തീച്ച്യയായും പ്രോത്സാഹിപ്പിക്കതന്നെ വേണം. യോഗ്യതകറം കാണുമ്പോറം കുറച്ചൊക്കെ പ്രശംസിക്കയും താരതമ്യപ്പെടുത്തി ഗുണാധിക്യത്തെ സ്തുതിക്കയും ഗുണകരമായിരിക്കയേ ഉള്ളൂ. ഇങ്ങനെ താരതമ്യപ്പെടുത്തുമ്പോറം മററുള്ളവരുടെ വികാരങ്ങളെ ക്ഷതപ്പെടുത്താതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണു്. സ്കൂളുകളിലാണ് ഇങ്ങനെ സംഭവിക്കാൻ കൂടുതൽ സൗകര്യം. ഏതായിരുന്നാലും കുട്ടികളെ പ്രശംസിക്കാൻ പാടില്ല എന്നുള്ള അഭിപ്രായത്തിന്നു് വലിയ അത്ഥമൊന്നുമില്ല. കുററങ്ങറം കാണുമ്പോറം ആക്ഷേപിക്കയും ശിക്ഷിക്കയും ചെയ്യാമെന്നുണ്ടെങ്കിൽ ഗുണങ്ങറം കാണുമ്പോറം പ്രശംസിക്കാൻ പാടില്ലെന്നു പറയുന്നതു് ധാമ്മികമായ അടിസ്ഥാനത്തിന്മേലല്ല എന്നുള്ളതു് നിസ്സന്ദേഹമാകുന്നു.

ഏതുരൂപത്തിലാണ് ശിശുക്കറംക്കു സമ്മാനങ്ങറം കൊടുക്കേണ്ടതു്? കളിപ്പാട്ടങ്ങളായോ, സുഖോപഭോഗങ്ങളായോ, ധനമായിത്തന്നെയോ എങ്ങനെയാണ് അതു നിവ്വഹിക്കേണ്ടതു്? ഗൃഹസീമകറംക്കകത്തു് ശിശുക്കറം വൃത്തിയായിരിക്കുക, സമയനിഷ്ഠ പാലിക്കുക, നിരന്തരമായി പരിശ്രമിക്കുക തുടങ്ങിയ സദ്ഗുണങ്ങറം പ്രകടിപ്പിച്ചാൽ അവയെ പ്രോത്സാഹിപ്പിക്കുവാനായി നല്ല കളിപ്പാട്ടങ്ങളോ, ചിത്രപുസ്തകങ്ങളോ, വിശേഷവസ്ത്രങ്ങറം, മധുരഭക്ഷ്യങ്ങറം തുടങ്ങിയ സുഖഭോഗകാരണ

ങ്ങളോ, ഇന്നിന്ന ഗുണത്തിലേക്കുവേണ്ടി നൽകപ്പെടുന്നതാണെന്നു് പറഞ്ഞുകൊണ്ടു് അവർക്കു നല്കേണ്ടതാണു്. നല്ല നാടകങ്ങളോ, സിനിമകളോ, സർക്കസ്സുകളോ, ഉത്സവങ്ങളോ കാണിക്കാൻ അവരെ കൊണ്ടുപോകുന്നതും പാരിതോഷികങ്ങളായി പരിഗണിക്കുവാൻ ആവശ്യപ്പെടാം. എന്നാൽ സമ്മാനങ്ങൾ ഏതെങ്കിലും ലഭിച്ചേക്കുമെന്നുള്ള പ്രതീക്ഷയോടുകൂടി പ്രവർത്തിക്കുവാൻ കുട്ടികളെ പരിശീലിപ്പിക്കുന്നതു് നന്നല്ല. സമ്മാനങ്ങൾ കിട്ടിയില്ലെങ്കിൽ സങ്കടവും, സമ്മാനം കിട്ടണമെന്നുള്ള പ്രതീക്ഷയിൽ സ്വാതന്ത്ര്യതയും ആവിർഭവിച്ചു് അവരുടെ സ്വഭാവത്തെ ദുഷിപ്പിക്കാനാണെളുപ്പം. കഴിയുന്നതും അവിചാരിതസന്ദർഭങ്ങളിൽ അവിചാരിതരൂപങ്ങളിൽ പാരിതോഷികങ്ങൾ നല്കുന്നതായിരിക്കും ആശാസ്യം.

വിദ്യാലയങ്ങളിൽ ഓരോ ഗുണവിശേഷത്തിൻെറ പ്രകടനത്തിനു് ഓരോ സമ്മാനം നൽകപ്പെടുന്നതാണെന്നുള്ളവിവരം മുൻകൂട്ടി ശിശുക്കളെ അറിയിച്ചിരിക്കുന്നതിൽ വലിയ ദോഷമൊന്നുമുണ്ടാകാനിടയില്ല. പക്ഷേ, അതു് നന്മ ചെയ്യാനുള്ള ഒരുതരം കൈക്കൂലിയുടെ രൂപം കൈക്കൊള്ളുമെന്നാണു് എതിർവാദം. ധനപരമായ സമ്മാനങ്ങളും ഇതേ അടിസ്ഥാനത്തിൽതന്നെ എതിർക്കപ്പെട്ടിട്ടുണ്ടു്. എന്നാൽ ഈ എതിർപ്പ് നിലനില്ക്കുന്നതല്ല കുട്ടികളും പ്രായമായവരുമെല്ലാം എന്തെങ്കിലും നിശ്ചിതമായി പ്രവർത്തിക്കുന്നതു് ശരിയായ ഒരുദ്ദേശ്യത്തോടുകൂടിയേ ആയിരിക്കയുള്ളു. ക്ലാസിൽചേർന്നു പഠിക്കുന്ന ഒരു കുട്ടിക്കു പരീക്ഷ ജയിക്കണമെന്നുള്ളതാണു്

ഉദ്ദേശ്യം; ഈ ഉദ്ദേശ്യം ഒരു കൈക്കൂലിയായി ഗണിയ്ക്കപ്പെടണമോ? വേണ്ടെന്നു തോന്നുന്നു. സമ്മാനം ലഭിക്കുമെന്നുള്ള പ്രതീക്ഷയും ഇതുപോലെതന്നെ വേറൊരുവിധത്തിൽ ഗണിക്കേണ്ട ആവശ്യമില്ല.

ശിശു വളർന്നു വരുന്തോറും പടിപടിയായി അവനു നൽകപ്പെടുന്ന വിദ്യാഭ്യാസത്തിന്റെ രീതിവിശേഷങ്ങളും അധ്യാപകന്മാരുടേയും അധ്യയനസമ്പ്രദായങ്ങളുടേയും വിദ്യാലയത്തിന്റെയും പ്രചോദനങ്ങളും അവന്റെ സ്വഭാവസംസ്കരണത്തിന്റെ സുപ്രധാനഘടകങ്ങളായിരിക്കുന്നതാണ്. സ്വഭാവസംസ്കരണത്തിനു പ്രയോജകീഭവിക്കുന്ന ആദർശവിദ്യാഭ്യാസപദ്ധതിയുടെ ഒരു സംക്ഷിപ്തവിവരണംകൂടി നൽകേണ്ടതു് അനുപേക്ഷണീയമാകുന്നു.

---

## അദ്ധ്യായം ൪൨

---

## വിദ്യാഭ്യാസം.

ഒരു മഹാൻ "വിദ്യാഭ്യാസം ദൈവത്തിനും മനു ഷ്യനും ഇടയ്ക്കുള്ള ഏണിയാണു്" എന്നു് പ്രതിപാദി ച്ചിട്ടുണ്ടു്. മനുഷ്യനെ സംപൂൎണ്ണനാക്കുന്നതു് ശരിയായ വിദ്യാഭ്യാസമാകുന്നു. വളൎന്നുവരുന്ന ശിശുവിനെ സ്വഭാവ സമ്പന്നനാക്കുവാൻ വിദ്യാഭ്യാസംപോലെ മററൊന്നും തന്നെ കാണുമെന്നു തോന്നുന്നില്ല. 'റൂസോ' അഭിപ്രായ പ്പെട്ടപോലെ, "ജനിക്കുമ്പോൾ നമുക്കില്ലാത്തവയും, എന്നാൽ പ്രായമാകുമ്പോൾ നമുക്കു് ആവശ്യമുള്ളവയു" മായ സൎവ്വവും വിദ്യാഭ്യാസം കൊണ്ടാണു് നാം സമ്പാദി ക്കേണ്ടിയിരിക്കുന്നതു്. ഇപ്രകാരം സ്വഭാവസൃഷ്ട്യുന്മുഖ മായ ഒരു വിദ്യാഭ്യാസപദ്ധതിയിൽ ഏതെല്ലാം ഘടകങ്ങ ളാണു് അടങ്ങുന്നതെന്നു് നമുക്കു പരിശോധിക്കാം.

വിദ്യാഭ്യാസം എന്നിവിടെ പറയുന്നതു് ഒരു ശിശു വിനെ എഴുതുവാനോ വായിക്കുവാനോ കണക്കു ചെയ്യു വാനോ പ്രാപ്തനാക്കിത്തീൎക്കുന്ന വിദ്യാഭ്യാസസമ്പ്രദാ യത്തെ മാത്രം ഉദ്ദേശിച്ചല്ല. അവനെ സമുദായത്തിലെ ഒരു അംഗമായി ജീവിക്കുവാൻ, ദൈനന്ദിനജീവിതവൃത്തി കളിൽ അവനെ സമൎത്ഥനാക്കിത്തീൎക്കുവാൻ, അവന്റെ ശാരീരികവും മാനസികവും ആദ്ധ്യാത്മികവുമായ അഭ്യുദ യത്തിനു് അടിസ്ഥാനമുറപ്പിക്കുവാൻ പൎയ്യാപ്തമായ വിജ്ഞാനവും വിവേകവും സാമൎത്ഥ്യവും അവനു്

പ്രദാനം ചെയ്യുന്ന വിദ്യാഭ്യാസസമ്പ്രദായത്തെയാണു് കൂടുതൽ പ്രധാനമായി കരുതുന്നതു്. ഈ വിദ്യാഭ്യാസത്തിൻെറ 'വിദ്യാരംഭം' ജനനനിമിഷത്തിൽതന്നെ സംഭവിക്കുന്നു. അതിന്റെ ഉന്നം 'പരിപൂർണ്ണജീവിതം' ആണു്. ഹെർബർട്ടു് സ്പെൻസർ എന്ന മഹാശയൻ പറഞ്ഞിട്ടുണ്ടു്:—"ശരീരത്തെ എങ്ങനെ സംരക്ഷിക്കണമെന്നും, മനസ്സിനെ എങ്ങനെ സൂക്ഷിക്കണമെന്നും, സ്വന്തകാര്യങ്ങൾ എങ്ങനെ അന്വേഷിക്കണമെന്നും, ഒരു കുടുംബം എങ്ങനെ പുലർത്തണമെന്നും, ഏതു വിധത്തിൽ പൗരത്വം പരിപാലിക്കണമെന്നും, ജീവിതസുഖങ്ങൾ എങ്ങനെ ആസ്വദിക്കണമെന്നും നമുക്കു് അറിയേണ്ടതായിട്ടുണ്ടു്. ഇതിലേയ്ക്കു പല കടമകളും, കൃത്യങ്ങളും നാം അനുഷ്ഠിക്കേണ്ടിയിരിക്കുന്നു. സ്വന്തകാര്യങ്ങൾക്കു പുറമേ, കുടുംബകാര്യങ്ങൾ, സാമുദായികവും രാഷ്ട്രീയവുമായ കാര്യങ്ങൾ തുടങ്ങിയ പല സംഗതികളിലും നമ്മുടെ ശ്രദ്ധയും പ്രവർത്തനങ്ങളും ചെല്ലേണ്ടതായിട്ടുണ്ടു്. എങ്കിൽ മാത്രമേ നമ്മുടെ ജീവിതം പൂർത്തിയാകയുള്ളു." ഇതിലേയ്ക്കുപകരിക്കുന്ന സ്വഭാവമഹത്വം, പ്രവർത്തനസാമർത്ഥ്യം ബുദ്ധിവൈഭവം ഇവ ഒരു വ്യക്തിയ്ക്കു പ്രദാനം ചെയ്യുന്ന വിദ്യാഭ്യാസസമ്പ്രദായത്തിനെയാണു് ഇവിടെ പരിഗണിക്കുന്നതു്. ശാരീരികം, മാനസികം, സാന്മാർഗ്ഗികം, ആദ്ധ്യാത്മികം എന്നു് നാലു ഘട്ടങ്ങളായി വിഭജിച്ചു് അവയിലോരോന്നിലും സ്വഭാവസംസ്കരണത്തിനു് സഹായിക്കുന്ന അംശങ്ങൾ ഏതെല്ലാമാണെന്നു കണക്കാക്കേണ്ടതാണു്.

ശാരീരികമായ വിദ്യാഭ്യാസത്തിൽ—തൽഫലമായുണ്ടാകുന്ന ഉത്തമശാരീരിക സംരക്ഷണത്തിൽ—ശ്രദ്ധ പതിയുന്നതുകൊണ്ടു മാത്രമേ സ്വഭാവരൂപവൽക്കരണത്തിനു പററിയ പശ്ചാത്തലം സൃഷ്ടമാകയുള്ളു. വെറുതെയല്ല "ശരീരമാദ്യാ ഖലു ധർമ്മസാധനം" എന്നു് മഹാന്മാർ പ്രതിപാദിച്ചിട്ടുള്ളതു്. ആരോഗ്യവും ഓജസ്സുമുള്ള കുട്ടികൾ സദാ സംതൃപ്തരും സന്തുഷ്ടരുമായി കാണപ്പെടുന്നു. ആനന്ദവും ആസ്തികത്വവും അവരെ വിട്ടുപിരിയുന്നില്ല. നേരേ മറിച്ചു് അനാരോഗ്യഫലമായി കോപശീലവും, മ്ലാനതയും വിഷാദാത്മകത്വവും പ്രായേണ നാസ്തികത്വവുമാണു് കുട്ടികൾ പ്രകടിപ്പിക്കുന്നതു്. ഇതു് ഒരു സാർവ്വത്രികനിയമമല്ലെന്നു വരികിലും പൊതുവെ ശാരീരികമായ സുഖാരോഗ്യങ്ങൾ മാനസികോല്ലാസത്തിനും, ബുദ്ധ്യുത്തേജനത്തിനും സ്വഭാവോൽക്കർഷത്തിനും ഹേതുകമാണു്.

ശാരീരികവൈകല്യങ്ങളും അവശതകളും സ്വഭാവരൂപവൽകരണത്തെ ബാധിക്കുന്നതെങ്ങനെയെന്നു് ആഡ്ലർ വിശദമാക്കിയിട്ടുള്ളതു് ശ്രദ്ധേയമാണു്. ഏതെങ്കിലും ഒരു കായികവൈകല്യമുണ്ടെങ്കിൽ തജ്ജന്യമായ ഹാനിയെ പൂരിപ്പിക്കാമെന്ന മട്ടിൽ മറെറാരു സ്വഭാവഗുണം പുലത്തുവാൻ ശിശുക്കൾ സന്നദ്ധരാകുമത്രേ. കൂട്ടരെ അപേക്ഷിച്ചു് മുണ്ടനോ, കരുമനോ, വിരൂപനോ ആണെന്നു ധരിച്ചിട്ടുള്ള ഒരു ശിശു മറേറതെങ്കിലും വിധത്തിൽ കൂട്ടുകാരെ തരംതാഴ്ത്തത്തക്ക മഹത്ത്വം തന്നിൽ അങ്കുരിപ്പിച്ചു് പുലത്തണമെന്നുള്ള വാശിയോടുകൂടി പ്രവ

ത്തിക്കുമെന്നും തൽഫലമായി പല അസാധാരണത്വങ്ങളും അതിസാധാരണത്വങ്ങളും അവനിൽ ആവിർഭവിക്കുമെന്നുമാണു് അദ്ദേഹത്തിന്റെ സിദ്ധാന്തം. ജന്മസിദ്ധമായ സൽപ്രവണതകളുള്ള കുട്ടികളിൽ ഇവയാണു് സാഹിത്യാദി കലാപരമായ സാമർത്ഥ്യാധിക്യം, കായികമത്സരക്കളികളിലുള്ള അത്ഭുതനേട്ടങ്ങൾ, ശരീരവൃത്തിയിൽ പതിപ്പിക്കുന്ന അനല്പശ്രദ്ധ തുടങ്ങിയ പല ഗുണങ്ങളായി രൂപാന്തരപ്പെടുന്നതു്. എന്നാൽ ദുഷ്പ്രവണതകളുള്ള കുട്ടികളിൽ ഇവ ദുസ്സാമർത്ഥ്യങ്ങളായിട്ടേ പരിണമിക്കാനിടയുള്ളൂ. ശക്തികുറവുള്ള കുട്ടികളെ ഉപദ്രവിക്കുക. 'ചട്ടമ്പിത്തനം' കാണിക്കുക, ശുണ്ഠിയായിരിക്കുക തുടങ്ങിയ പല കുത്സിതവൃത്തികളും ഇക്കൂട്ടരുടെ വിശേഷവിധികളുണ്ടു്.

മാനസികമായ ഹാനിപൂരണത്തിനു് ശിക്ഷകൾ മതിരുന്നതും ശ്രദ്ധേയമായ ഒരു സംഗതിയാകുന്നു. ബുദ്ധിക്കുറവുള്ള കുട്ടികളാണു് പ്രായേണ മധുരസ്വഭാവികളായി കാണപ്പെടാറുള്ളതു്. വിദ്യാലയങ്ങളിൽ കായികമത്സരങ്ങൾക്കു് അഗ്രിമരായിരിക്കുന്നതു് മിക്കപ്പോഴും, പഠിത്തക്കാര്യത്തിൽ പിന്നോക്കം നില്ക്കുന്നവരായിരിക്കും. ചിലപ്പോൾ ബുദ്ധിക്കുറവുണ്ടെന്നു ധരിപ്പിക്കപ്പെട്ടിട്ടുള്ള കുട്ടികൾ തീക്ഷ്ണമായ പരിശ്രമത്തിനു സന്നദ്ധരാകുന്നതും കാലക്രമേണ നല്ല പരിശ്രമശീലരായി പരിണമിക്കുന്നതും ഒട്ടും അസാധാരണമല്ല. എന്നാൽ, ദുർവ്വാസനമൂലമായി ബുദ്ധിക്കുറവിനെ പരിഹരിക്കുവാൻ കണ്ടെഴുതുക, പരീക്ഷാവേളകളിൽ പലവിധം ചതികളും കാണി

ക്കുക, പരീക്ഷകഴിഞ്ഞതിനുശേഷം അദ്ധ്യാപകരുടെ "കാലു പിടിക്കുക" തുടങ്ങിയ പല മലിനവൃത്തികൾക്കും അവർ വിധേയരാകാറുണ്ടു്. ചിലപ്പോൾ മാനസികശക്തികൾ വേണ്ടവിധം വികസിക്കുന്നതിനുമുമ്പ് കുട്ടികളെ രക്ഷാകർത്താക്കന്മാർ ശുപാർശചെയ്തു് ഉയർന്ന ക്ലാസുകളിൽകൊണ്ടു ചേർക്കുന്ന കുത്സിതനയം സ്വീകരിക്കാറുണ്ടു്. ആ സാധു കുട്ടികളുടെ അവസ്ഥ ആലോചിച്ചുനോക്കുക. കണക്കു ശരിയായി ചെയ്തില്ലെങ്കിൽ അദ്ധ്യാപകൻ അടിച്ചു ശരിപ്പെടുത്തിക്കളയും. ദണ്ഡപാണിയായിരിക്കുന്ന ആ ഉഗ്രമൂർത്തിയെ ഏറുകണ്ണിട്ടു കൂടെക്കൂടെ നോക്കിക്കൊണ്ടു് ആ സാധുകുട്ടി മൂന്നുനാലു ഡസ്കിനപ്പുറമുള്ള കൂട്ടുകാരുടെ ബുക്കിൽ നിന്നുപോലും 'കോപ്പി'ചെയ്യുവാൻ വിജയകരമായി പരിശ്രമിക്കുന്നു. ഇതും ഹാനിപൂരകതപത്തിന്റെ ഒരു വശം തന്നെയാണു്.

ശിശുക്കളുടെ ശാരീരികമായ വൈകല്യങ്ങളേയും, തജ്ജന്യമായ വിഷമങ്ങളേയും സൂക്ഷ്മമായി പരിശോധിച്ചു് സമുചിതസഹായങ്ങൾ അവക്കു ചെയ്തുകൊടുക്കാത്തപക്ഷം സ്വഭാവരൂപവൽകരണം ഒരിക്കലും അവികലമായി ഭവിക്കുന്നതല്ല.

മാനസികവിദ്യാഭ്യാസത്തിന്റെ ഉന്നം ശിശുക്കളെ വിജ്ഞാനസമ്പന്നരാക്കുകയാകുന്നു. വിജ്ഞാനം സമ്പാദിച്ചാൽമാത്രംപോരാ, അതിനെ ആവശ്യംപോലെ വിനിയോഗിക്കാനും അവരെ സമർത്ഥരാക്കിയിരിക്കണം. കൂടുതൽ പ്രായോഗികത വിദ്യാഭ്യാസത്തിനു് നൽകണമെന്നും ജീവനസമ്പാദനമാർഗ്ഗങ്ങൾ ശിശുക്കൾക്കു കരഗതമാക്കു

വാനാണ് വിദ്യാഭ്യാസം ഉന്നേണ്ടതെന്നുമുള്ള മുറവിളികൾ ഇന്നു നമ്മുടെ ഇടയിൽ ധാരാളം കേൾക്കാവുന്നതാണ്. അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മമൂലം ഉളവായിട്ടുള്ള ഈ ആക്രോശങ്ങൾക്കു സൂക്ഷ്മമാലോചിച്ചാൽ വലിയ അൎത്ഥമൊന്നുമില്ലെന്നു കാണാം. യഥാൎത്ഥവിദ്യാഭ്യാസത്തിൽ വളരെ ചെറുതായ സ്ഥാനംമാത്രമേ തൊഴിൽപരിശീലനത്തിനുള്ളൂ. തൊഴിൽ പഠിക്കുന്നതിനു് കൂടുതൽ സമയവ്യയം ചെയ്യുന്ന കുട്ടികൾ വിശാലവീക്ഷണമില്ലാത്തവരായും മന്ദബുദ്ധികളായും പരിണമിക്കാനാണ് കൂടുതൽ ഇടയുള്ളതു്. പഠിച്ചിട്ടുള്ള തൊഴിലുകളിൽ അവർ അതിസമൎത്ഥരായേക്കാം. പക്ഷേ പൊതുവെ നോക്കുകയാണെങ്കിൽ അവർ ലോകജീവിതത്തിനു പററാത്ത ഒരുതരം വിഡ്ഢികളായി കാണപ്പെടുന്നതാണ്. കൃഷ്ണദേവരായരുടെ സദസ്സിൽ ചെന്ന വിദ്വാന്മാരായ വിഡ്ഢികളുടെ കഥ ഓൎമ്മ വരുന്നു. ജീവിതത്തിൽ ഒരൊററ ജോലിയ്ക്കു മാത്രമല്ലാതെ മറെറാന്നിനും കൊള്ളരുതാത്തവരായി വളരുവാൻ ശിശുക്കളെ അനുവദിക്കുന്നതു് നന്നല്ല. സൎവ്വതോമുഖമായ സുവിശാലവിദ്യാഭ്യാസം—ശിശുവിൻെറ മാനസികമായ സകല അംശങ്ങളേയും വിഭവങ്ങളേയും വികസിപ്പിക്കുവാൻ ഉതകുന്നതു് നൽകുകയും, പലവിധം തൊഴിലുകളിൽ പ്രവൎത്തിക്കാനുള്ള പ്രവണതയും കെല്പും ഉത്സാഹവും ആ മാനസികവികാസത്തോടൊന്നിച്ചു് ലഭിക്കത്തക്ക പരിതസ്ഥിതികൾ കൂടി അതിനോടു യോജിപ്പിക്കയും ചെയ്യുന്നതുകൊണ്ട് പ്രായമാകുമ്പോൾ ബുദ്ധിയും വിവേചനയും ഉപയോ

ഗിച്ച് സമുചിതമായ ഒരു ഉപജീവനമാർഗ്ഗം സ്വീകരിക്കാനും അതിൽ പ്രവീണത സമ്പാദിക്കാനും ഇടയാകുന്നതാണ്.

സാന്മാർഗ്ഗികവിദ്യാഭ്യാസം എന്നു പറയുന്നതു് ധർമ്മാധർമ്മവിവേചനം ചെയ്തു്, സമുദായത്തിന്നു് ദോഷമുണ്ടാകാത്ത മാർഗ്ഗങ്ങളിൽക്കൂടി, തനിക്കു് ശ്രേയസ്സുണ്ടാകത്തക്കവണ്ണം പെരുമാറുന്നതിന്നു് വേണ്ട കെല്പു് ഒരു ശിശുവിന്നു് നൽകുന്ന വിദ്യാഭ്യാസമാകുന്നു. മാനസികവിദ്യാഭ്യാസംകൊണ്ടു് വികസിതമാകുന്ന ബുദ്ധി, ഭാവന, ഇച്ഛ തുടങ്ങിയ വിഭവങ്ങളുടെ സഹായം ഇതിലേക്കു് അത്യന്താപേക്ഷിതമാണ്. നേരിട്ടുള്ള ഉപദേശങ്ങൾ ശിശുക്കൾക്കു് അഹിതകരങ്ങളാകയാൽ കഥകൾമുഖേന സത്യസന്ധത, ഭൂതദയ, അനുസരണ തുടങ്ങിയ ഉത്തമഗുണങ്ങൾ ആവിഷ്കരിക്കുവാൻ മാതാപിതാക്കന്മാരും ഗുരുക്കന്മാരും ശ്രമിക്കേണ്ടതാകുന്നു. എന്നാൽ എത്രയൊക്കെ ആദർശങ്ങളും തത്വങ്ങളും ശിശുക്കളുടെ പഠനത്തിന്നു് പാത്രമായിരുന്നാലും അവയെ പ്രായോഗികമാക്കിക്കൊണ്ടുവരാൻ അവർക്കു വളരെ വിഷമമാണ്. അന്യായം ചെയ്തുകൂടെന്നു് നല്ലപോലെ അറിയാമെങ്കിലും അതു് ചെയ്താൽ കഠിനശിക്ഷ കിട്ടുമെന്നു് പൂർവ്വാനുഭവംകൊണ്ടും മാതൃകകൾ കണ്ടും നല്ല ബോദ്ധ്യമായിട്ടുണ്ടെങ്കിലും അവസരം കിട്ടിയാൽ അന്യായം ചെയ്യാത്ത കുട്ടികൾ അപൂർവ്വമാകുന്നു. ഇച്ഛാശക്തി വേണ്ടവിധം വികസിക്കാതിരിക്കുന്നതും ഭാവനാശക്തിയുടെ അന്യൂനമായ പ്രഭാവവുമാകുന്നു ഇതിന്നു കാരണം. പരീക്ഷയ്ക്കു് കണ്ടെ

ഴുതുന്ന കുട്ടികളിൽ ഭൂരിഭാഗവും തങ്ങൾ ചെയ്യുന്നതു് കുററകരമാണെന്നും കണ്ടുപിടിച്ചാൽ കഠിനശിക്ഷ തീർച്ചയായും കിട്ടുമെന്നും അറിഞ്ഞുകൂടാത്തവരല്ല. എങ്കിലും തരം കിട്ടിയാൽ അവർ കണ്ടെഴുതിപ്പോകുന്നു. കഴിയുന്നതും പ്രലോഭനങ്ങൾക്കുള്ള അവസരം നൽകാതിരിക്കുന്നതാണു് നന്നു്. ഉപദേശിക്കുന്നതിനോട്ടം ആദർശങ്ങൾ നൽകുന്നതിനോടും തുല്യമായി—അല്ല, അതിനെക്കാൾ—ശിശുക്കൾ ആപത്തുകളിൽ പതിക്കാതിരിക്കാൻ കണ്ണും കരളും കൊട്ടത്തിരിക്കുന്നതിനാണു് പ്രായമായവർ ഉദ്യുക്തരാകേണ്ടതു്.

ആദ്ധ്യാത്മികമായ വിദ്യാഭ്യാസത്തെ കുറിച്ചുകൂടി രണ്ടുവാക്കു് പറയാം. മനുഷ്യനു് ശരീരത്തിനും പുറമേ ഒരു ആത്മാവുകൂടി ഉണ്ടെന്നുള്ള കാര്യം ആരും വിസമ്മതിക്കുമെന്നു തോന്നുന്നില്ല. അതു് മനുഷ്യനിൽ ലീനമായിരിക്കുന്ന ഈശ്വരാംശമാണെന്നും അവനു് ലഭിക്കുന്ന സംസ്കാരത്തിന്റെ തോതനുസരിച്ചു് അതു് പ്രകാശിതമായിത്തീരുന്നു എന്നും മാനസികമായ സകല അഭ്യുന്നതികളും ഈ പ്രകാശത്തിനു് സഹായകമാണെന്നും പല വിദ്വാന്മാരും സമ്മതിക്കുന്നുണ്ടു്. എങ്കിലും ആത്മപ്രകാശത്തിനു് മതവിദ്യാഭ്യാസംപോലെ പററിയ മാർഗ്ഗങ്ങൾ മററില്ലെന്നാണു് ചിലരുടെ അഭിപ്രായം. എന്തെന്നാൽ, മതങ്ങൾ മനുഷ്യനും ഈശ്വരനുമായുള്ള ബന്ധത്തെ ലക്ഷ്യമാക്കിക്കൊണ്ടാണു് ലൗകികവ്യവഹാരങ്ങളെ വീക്ഷിക്കുന്നതു്. മററുവിഷയങ്ങളാകട്ടെ ഭൗതികമായ അഭ്യുന്നതിയെ ലക്ഷ്യമാക്കിക്കൊണ്ടു് പ്രവർത്തിക്കു

ന്നവയാകയാൽ ആദ്ധ്യാത്മികമായ ശ്രദ്ധ അവയിൽ കുറഞ്ഞിരിക്കാനേ ഇടയുള്ളൂ. എന്തായിരുന്നാലും മതപരമായ വിദ്യാഭ്യാസം നമ്മുടെ വിദ്യാലയങ്ങളിൽ നൽകപ്പെടുന്നില്ലെന്നോ, നൽകുന്നുണ്ടെങ്കിൽ തന്നേയും ഏററവും അനാശാസ്യമായ വിധത്തിൽ മാത്രമേ നിർവ്വഹിക്കപ്പെടുന്നുള്ളൂ എന്നോ പറയേണ്ടിയിരിക്കുന്നു. ഏററവും വിശാലതയോടുകൂടിയും, അന്യമതാവഹേളനപരമായ സൂചനകൾപോലും നൽകാതേയും, നേരേമറിച്ച് സാർവ്വത്രികമായ സഹിഷ്ണുത അങ്കുരിച്ചു വളൎന്നു വരത്തക്ക ഉപബോധനങ്ങളോടുകൂടിയും മതാദ്ധ്യാപനം നടത്താത്തപക്ഷം ആപത്തുകൾക്കേ ഇടയാകയുള്ളൂ. ബാല്യത്തിൽ ഉറച്ചുപോകുന്ന അനാശാസ്യമതബോധംപോലെ അപരാഭിപ്രായങ്ങളിൽ അസഹിഷ്ണുത വളൎത്തുന്ന മറെറാന്നും ലോകത്തുണ്ടെന്നു തോന്നുന്നില്ല. പുതിയ ആശയങ്ങളും ആദർശങ്ങളും സ്വീകരിക്കാനുള്ള കവാടം അതു് നിരുദ്ധമാക്കുന്നു. സങ്കുചിതദൃഷ്ടികളായ ചെറുപ്പക്കാരെ അതു് സൃഷ്ടിക്കയും ചെയ്യുന്നു.

മതപരമായ പല വിശ്വാസങ്ങളും കേവലം അന്ധവിശ്വാസങ്ങൾ മാത്രമാണെന്നുള്ള ബോധം കുട്ടികളിൽ ജനിപ്പിക്കേണ്ടതാണ്. അന്ധവിശ്വാസങ്ങളെ യാഥാർത്ഥ്യങ്ങളിൽനിന്നു് തിരിച്ചറിവാനുള്ള കെല്പ് ശിശുക്കൾക്കുണ്ടാക്കിക്കൊടുക്കുന്നപോലെ മഹനീയമായ നേട്ടം മറെറാന്നുംതന്നെ കാണുമെന്നു തോന്നുന്നില്ല. വിശ്വാസങ്ങൾ, യാഥാർത്ഥ്യങ്ങളായിരിക്കണമെന്നു് നിർബ്ബന്ധമില്ലെന്നുള്ള ബോധമാണ് അവരിൽ അങ്കുരിപ്പിക്കേണ്ടതു്.

ഇന്ദ്രജാലം കാണുമ്പോൾ അപരിഷ്കൃതർ അതു് യഥാൎത്ഥമാണെന്നു് വിശ്വസിക്കുന്നതുപോലെ മാത്രമേ പലവിശ്വാസങ്ങളേയും കരുതാൻ പാടുള്ളൂ എന്നു് അവരെ ഉൽബോധിപ്പിക്കേണ്ടതാണു്. വിശ്വാസങ്ങൾ വരുത്തി വയ്ക്കുന്ന ആപത്തുകൾ നിരവധിയാകുന്നു. ഒരു സർപ്പം മിഴുങ്ങിക്കളയുന്നതുകൊണ്ടാണു് ചന്ദ്രനു് ഗ്രഹണമുണ്ടാകുന്നതെന്നു് ഒരു കുട്ടി ദൃഢമായി വിശ്വസിക്കുന്നു എങ്കിൽ അവന്റെ മാനസികമായ നില ഒന്നാലോചിച്ചു നോക്കുക! അല്ലെങ്കിൽ, ഭൂമിയ്ക്കു് ഏകദേശം മൂവായിരം വയസ്സേ ആയിട്ടുള്ളൂ എന്നുള്ള ദൃഢവിശ്വാസം എന്തൊരു ഭയങ്കരമായ സങ്കുചിതത്വമാണു് ഒരു ശിശുവിന്റെ മനസ്സിൽ സൃഷ്ടിക്കുന്നതു് എന്നു നോക്കുക! അന്വേഷണപരവും വിവേചനാപരവുമായ ചിന്തനത്തിനു് ശിശുക്കളെ സന്നദ്ധരാക്കുകയല്ലാതെ, അനുചിതമായ വിധത്തിൽ മതതത്വങ്ങളും വിശ്വാസങ്ങളും കുട്ടികളിൽ കുത്തിച്ചെലുത്തുവാൻ പ്രായമായവർ ഒരിക്കലും ഉദ്യമിച്ചുകൂട.

മതവും സന്മാൎഗ്ഗവും സാധാരണ യോജിച്ചാണു് പോകുന്നതു്. മതം മനുഷ്യനും ഈശ്വരനുമായുള്ള ബന്ധം വിശദീകരിക്കെ, സന്മാൎഗ്ഗം മനുഷ്യനും മനുഷ്യനുമായുള്ള ബന്ധത്തെയാണു് വ്യക്തമാക്കുന്നതു്. സന്മാൎഗ്ഗത്തിൽ അടിയുറച്ച മതവും, മതത്തിൽ അടിയുറച്ച സന്മാൎഗ്ഗവും പോലെ സാംസ്കാരികമായ ഉത്തമോപകരണങ്ങൾ വേറെ ഇല്ല. ഇവയെ അടിസ്ഥാനമാക്കി സൎവ്വസമുദായ മൈത്രിയുടേയും ലോകസാഹോദൎയ്യത്തിന്റേയും ബീജങ്ങൾ

ശിശുക്കളിൽ അങ്കുരിപ്പിക്കുവാൻ അല്പമാത്രമായ ശ്രദ്ധ കൊണ്ടു് സാധിക്കുന്നതാണു്.

കലാപരമായ വിദ്യാഭ്യാസത്തിനും സാംസ്കാരികമായ വലിയ വിലയാണു് കല്പിക്കേണ്ടതു്. സാഹിത്യം, സംഗീതം, ചിത്രരഞ്ജനം, കൊത്തുപണി, നൃത്തനാട്യങ്ങൾ തുടങ്ങിയ ലളിതകലകൾ സൗന്ദര്യബോധം വികസിപ്പിക്കുകയും ജീവിതസുഖങ്ങളെ അവികലമായി ആസ്വദിച്ചു് ജീവിതത്തിന്റെ യഥാർത്ഥമൂല്യം മനസ്സിലാക്കുന്നതിനു് ഒരു വ്യക്തിയെ പ്രാപ്തനാക്കിത്തീർക്കുകയും ചെയ്യും. ഇക്കൂട്ടത്തിൽ സാഹിത്യത്തിന്റെ സ്ഥാനം നിസ്തുലമാകുന്നു. അതുകൊണ്ടുണ്ടാകുന്ന ആനന്ദം അപരിമേയമാണു്.

"അതുല, മമല, മാത്മരമ്യമാമ—
സ്സുഖ വിഹ കാവ്യകലൈകദേയമത്രേ" സാംസ്കാരികോപകരണങ്ങളിൽ അദ്വിതീയസ്ഥാനമർഹിക്കുന്ന അതിനെ ബഹിഷ്കരിച്ചിട്ടു് ജീവനസമ്പാദനമാർഗ്ഗങ്ങൾക്കു കൂടുതൽ പ്രാധാന്യം നൽകണമെന്നുള്ള മുറവിളികൾ അനുചിതങ്ങളാണെന്നുള്ളതു് ചിന്തകന്മാരെല്ലാം സമ്മതിക്കുന്നതാണു്.

പ്രകൃതിയിൽനിന്നു് ശിശുമനസ്സിനു് പല പ്രചോദനങ്ങളും ലഭിക്കേണ്ടതായിട്ടുണ്ടു്. ശിശു ജീവിക്കുന്ന അന്തരീക്ഷത്തിനു് അവന്റെ സ്വഭാവരൂപവൽക്കരണത്തിൽ അനന്യദൃശമായ പ്രാധാന്യമാണുള്ളതെന്നു് മഹാന്മാരെല്ലാം അഭിപ്രായപ്പെടുന്നു. "അതന്ദ്രമായി പ്രവൃത്തിച്ചുകൊണ്ടിരിക്കുന്ന ശിശുക്കളുടെ ഉപബോധമനസ്സു് ചുററുമുള്ള അന്തരീക്ഷത്തിൽനിന്നു് ഒരു വൃക്ഷമെന്നപോലെ ഭക്ഷ്യ

ങ്ങൾ സമ്പാദിക്കുവാൻ സമർത്ഥമാണു്. വിദ്യാഭ്യാസപദ്ധതികളേയും, നിയമക്രമങ്ങളേയും, ഉപകരണങ്ങളേയും, ക്ലാസ്സ് അദ്ധ്യാപനത്തേയും, പാഠ്യപുസ്തകങ്ങളേയുംകാൾ അവക്ക് അന്തരീക്ഷം നൽകുന്ന പ്രചോദനമാണ് മഹത്തമമായിട്ടുള്ളതു്" എന്നാണു് ഡാക്ടർ ടാഗ്ഗറിൻെറ വിലയേറിയ അഭിപ്രായം. ഗൃഹങ്ങളിലും വിദ്യാലയങ്ങളിലും അഭിരാമവും ആകർഷകവുമായ അന്തരീക്ഷങ്ങൾ സൃഷ്ടിക്കുവാൻ ശ്രമിക്കുന്നതുപോലെ അവരുടെ സ്വഭാവത്തെ ഉൽകൃഷ്ടതരമാക്കുവാൻ എളുപ്പമുള്ള ഉത്തമസരണികൾ വേറെ കാണുകയില്ല.

ഒരു ശിശുവിൻെറ സ്വഭാവരൂപവൽക്കരണത്തിനുണ്ടായിരിക്കേണ്ട പ്രധാന ഉന്നം അവനെ ഒരു ഉത്തമപൗരനാക്കിത്തീക്കണമെന്നുള്ളതാണു്. അവനു നൽകുന്ന സകലവിധ വിദ്യാഭ്യാസവും ഇതുതന്നെയാണു് ലക്ഷ്യമാക്കേണ്ടതു്. ഒരു ഉത്തമ വിദ്യാഭ്യാസപദ്ധതി ഒരു വ്യക്തിയുടെ ഉന്നമനത്തെക്കാൾ ആ വ്യക്തിയുടെ ഉന്നമനം കൊണ്ടു് സമുദായത്തിനു് അഭ്യുന്നതി ഉണ്ടാകണമെന്നു് ഉന്നേണ്ടതാണു്. ഓരോ ശിശുവിലും, താൻ സ്വസമുദായത്തിലേയും, സ്വരാജ്യത്തിലേയും, മാനവസമുദായത്തിലേയും ഒരു അവിഭാജ്യഘടകമാണെന്നും, തനിയ്ക്കു സമുദായത്തോടും മാതൃഭൂമിയോടും, മാനവസമുദായത്തോടും പല കടമകളും ഉത്തരവാദിത്വങ്ങളുമുണ്ടെന്നും, അവയെ സമ്പൂരിതമാക്കേണ്ടതു് സ്വജീവിതത്തിലെ പ്രധാന ഉദ്ദേശ്യമായിരിക്കണമെന്നും ഒരു ദൃഢബോധം അങ്കുരിപ്പിക്കാൻ കഴിയുന്നപോലെ മറെറാന്നും തന്നെ സ്വഭാവസംസ്കരണപരമായി അവനിൽ ചെയ്യേണ്ടതായിട്ടില്ല.

ഇങ്ങനെ സാമുദായികസേവനബോധം ശിശുക്കളിൽ വളർത്തണമെന്നു് പറഞ്ഞതുകൊണ്ടു്, വ്യക്തിപരമായ സംസ്കാരത്തെ വിഗണിക്കണമെന്നോ, തനിക്കു തന്നോടുതന്നെയുള്ള കടമകളേയും ഉത്തരവാദിത്വത്തേയും മറന്നുകളവാൻ ശിശുക്കളെ പരിശീലിപ്പിക്കണമെന്നോ അല്ല വിവക്ഷ. നേരെമറിച്ച് ഓരോ വ്യക്തിയിലും കഴിവുള്ളിടത്തോളം സാംസ്കാരികാഭിവൃദ്ധി വരുത്തി, അവനിലുള്ള സകല മാനസികഗുണങ്ങളേയും, ശക്തികളേയും, അഭിരുചികളേയും വികസിപ്പിച്ച്, അവ എല്ലാററിനേയും സമുദായോന്നമനത്തിന് വിനിയോഗിക്കുവാനുള്ള സന്നദ്ധത അവനിൽ അങ്കുരിപ്പിക്കുന്നതുപോലെ അഭികാമ്യമായി മറെറാന്നും തന്നെ സംജാതമാകാനില്ല.

ഈ വിദ്യാഭ്യാസപദ്ധതിയിൽ ഗുരുക്കന്മാരെക്കാൾ സ്ഥാനം അച്ഛനമ്മമാർക്കാണുള്ളതു്. നമ്മുടെ വിദ്യാലയങ്ങളിൽ നാൾക്കുനാൾ വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിച്ചു വരുന്നതുകൊണ്ടും, നിറഞ്ഞ ക്ലാസുകളെ വേണ്ടവിധം പഠിപ്പിക്കുന്നതിലേക്കുള്ള സൗകര്യങ്ങൾ അദ്ധ്യാപകന്മാർക്ക് ലഭിയ്ക്കാതിരിക്കുന്നതുകൊണ്ടും വ്യക്തിഗതമായ ശ്രദ്ധ പതിപ്പിക്കുവാൻ പ്രായേണ പ്രയാസമായിട്ടാണു് കണ്ടുവരുന്നതു്. എന്നാൽ വീട്ടുകളിലെ സ്ഥിതി അങ്ങനെയല്ലല്ലോ. കുട്ടികളെ പള്ളിക്കൂടത്തിലേയ്ക്കയച്ചു കഴിയുന്നതോടുകൂടി അവരുടെ വിദ്യാഭ്യാസപരമായും സംസ്കാരപരമായുമുള്ള സകല ചുമതലകളും തങ്ങളുടെ ചുമലിൽ നിന്നു് ഒഴിഞ്ഞുകഴിഞ്ഞു എന്നു വിചാരിക്കുന്ന അച്ഛനമ്മമാരുടെ മനോഭാവം തീരെ ആദരണീയമല്ല. നിരന്തരമായ ശ്രദ്ധയും നിയന്ത്രണവും അവർ—വിശേഷിച്ചും

മാതാവു്-കുട്ടികളിൽ പതിപ്പിച്ചുകൊണ്ടു ഇരിക്കേണ്ട താണു്. വിജ്ഞയും വിശാലഹൃദയയുമായ മാതാവിനെ ന്നപോലെ ശിശുവിന്റെ സ്വഭാവസംസ്കരണത്തിൽ മററാൎക്കുംതന്നെ ശരിയായി പ്രവൎത്തിക്കുവാൻ സാധിക്കു ന്നതല്ല. വെറുതെയല്ല,

ഉപാദ്ധ്യായാൻ ദശാചാര്യ,
ആചാര്യാണാം ശതം, പിതാ |
സഹസ്രന്തു പിതൃന്മാതാ,
ഗൗരവേണാതിരിച്യതേ ॥

എന്നു് മനു പ്രതിപാദിച്ചിട്ടുള്ളതു്. ആറായിരം ഗുരുവിന്നു് തുല്യമായ ഗൗരവമുള്ള മാതാവിന്റെ മഹത്വം എത്ര ഗരിഷ്ഠമാണെന്നുള്ളതു് ഊഹ്യമാത്രമാണു്.

ഇങ്ങനെ മാതാവിന്റേയും, പിതാവിന്റേയും ഗുരുക്കന്മാരുടേയും നിരന്തരനിയന്ത്രണത്തിനു് വിധേയ രായി ജീവിക്കുന്ന ശിശുക്കൾ, കായികവും മാനസികവും ആദ്ധ്യാത്മികവുമായ അഭിവൃദ്ധി പ്രാപിച്ചു്, അരോഗ ദൃഢഗാത്രരായി, അന്യൂനധിഷണാശാലികളായി, അനഘ സ്വഭാവവിഭവരായി, അത്യുത്തമസമുദായസേവകരായി വളൎന്നുവരുകയും, തങ്ങളുടേയും ലോകത്തിന്റേയും ശ്രേയസ്സിനെ ഒന്നായിക്കണ്ടു്, മനുഷ്യന്റേയും ഈശ്വര ന്റേയും ഉത്തമസന്താനങ്ങളായി പരിണമിക്കുന്നതിന്നിട യാകുകയും ചെയ്യുന്നതാണു്.

ശുഭം ഭൂയാൽ.

# ശുദ്ധിപത്രം

| പുറം | വരി | അബദ്ധം | സബദ്ധം |
|---|---|---|---|
| 2 | 15 | ആകാരം | ആകരം |
| 30 | 14 | അതിസൂക്ഷ്മമായ | കഴിഞ്ഞു 'ഞാമ്പുകളും' എന്നുകൂടി ചേർക്കണം |
| 32 | 20 | ജണ്ടാകുമ്പോൾ | മുണ്ടാകുമ്പോൾ |
| ടി | 21 | മുന്തുക്കൾ | ജന്തുക്കൾ |
| 44 | 21 | അപഗ്രാഥകൻ | അപഗ്രാഥകർ |
| 45 | 16 | സ്ഥാപനവിദ്യ | സ്വാപനവിദ്യ |
| 48 | 18 | ജനിപ്പിച്ചു് | ജനിപ്പിച്ചു. |
| 67 | 3 | ഓംക്ലിൻ | കാങ്ക്ലിൻ |
| 79 | 4 | ദ്വിതീയഘട്ടത്തിന്റെ | ദ്വിതീയഘട്ടത്തിൽ |
| 84 | 24 | അവർ | അവൻ |
| 95 | 21 | വടിവും | വടിവം |
| 104 | 5 | അറിവാമോ | അറിവാമോ |
| 111 | 11 | തോന്നും | തോന്നി |
| 125 | 18 | സക്കായിക്കുന്ന | സഹായിക്കുന്ന |
| 132 | 13 | അന്യോന്യമായ | അന്യൂനമായ |
| 145 | 11 | അന്തരതത്വങ്ങൾ | ആന്തരതത്വങ്ങൾ |
| 145 | 23 | എന്നാണു് | (ഈ പദം അവശ്യമില്ല) |
| 150 | 24 | വികാസനം | വികസനം |
| 153 | 7 | പര്യാപ്തമായ | പര്യാപ്തവുമായ |
| 166 | 1 | ഇതരയവ്യതിരിക്ത | ഇതരവ്യതിരിക്ത |
| 168 | 4 | കൊച്ചുകുട്ടികളുടെ | കൊച്ചുകുട്ടികളെ |
| 169 | 25 | നാം | നാനാ |

| പുറം | വരി | അബദ്ധം | സുബദ്ധം |
|---|---|---|---|
| 176 | 24 | കാണാൻ | കാണാം |
| 179 | 24 | ഇന്ദ്രിയ വേദനാപരം | ഇന്ദ്രിയവേദനപരം |
| 190 | 9 | ദ്വേഷ്യം | ദ്വേഷം |
| 191 | 12 | ഭയവികാര്യം | ഭയവികാരം |
| 203 | 6 | സിസ്സംശയം | നിസ്സംശയം |
| 211 | 11 | ന ജ്ജന നിന്ദ്യനാണു് | സജ്ജന നിന്ദ്യരാണു് |
| 249 | 10 | പ്രസവിക്കുന്നതു് | പ്രസവിക്കുന്നതും |
| 252 | 14 | നിയന്ത്രിക്കുന്നതിനു് | നിയന്ത്രിക്കുന്നതിനും |
| 266 | 2 | കോണിന്റെ | ക്രൂവേയുടെ |
| 293 | 10 | ദ്വേഷ്യവും | ദ്വേഷവും |
| 300 | 9 | അധികരിച്ചു് | അധികമായി |
| 309 | 2 | ഭാഷസാഹിത്യം | ഭാഷാ-സാഹിത്യം |
| 311 | 7 | ചെയ്തു് | ചെയ്തു |
| 314 | 9 | പ്രവൃത്തിക്കുക | പ്രവർത്തിക്കുക |
| 319 | 12 | അട | അടി |
| 341 | 7 | അന്യമാതാവഹേളനം | അന്യമതാവഹേളനം |
| 343 | 23 | പ്രവൃത്തിച്ചു് | പ്രവർത്തിച്ചു് |

L 339

Indic Digital Archive Foundation
gpura.org